
www.malankaralibrary.com



പീറ്റർ സി. അബ്രാഹം


www.malankaralibrary.com

www.malankaralibrary.com




www.malankaralibrary.com

www.malankaralibrary.com




www.malankaralibrary.com

www.malankaralibrary.com

# Snehayagam

A biography of Bl. Mariam Thresia

Author
Sri. Peter C. Abraham

Holy Family Publications
Holy Family Generalate, Mannuthy
Thrissur - Kerala - India

www.malankaralibrary.com

www.malankaralibrary.com

**Snehayagam**
Author - Peter C. Abraham
First Published on 03-06-2002
Published by Holy Family Publication
Price Rs. 60/-
Printed at St. Mary's Orphanage Press, Thrissur

## സമർപ്പണം

ഈ കൃതി രചിക്കാൻ
പ്രേരണയും അനുഗ്രഹവും നൽകി,
നിത്യതയിലേക്കു പറന്നുപോയ
എന്റെ പെങ്ങൾ,
ബഹു. സിസ്റ്റർ ശാലീത്താ S.I.C.യുടെ
മരിക്കാത്ത ഓർമ്മകൾക്കു മുമ്പിൽ.

www.malankaralibrary.com

www.malankaralibrary.com

# ആശംസ

1876-ൽ പുത്തൻചിറയിൽ ചിറമ്മൽ മങ്കിടിയാൻ തറവാട്ടിൽ ജനിച്ച് 1926-ൽ ഹോളിഫാമിലി സന്യാസിനീ സമൂഹത്തിന്റെ കുഴിക്കാട്ടുശ്ശേരിയിലെ ഭവനത്തിൽ വെച്ച് മരണമടഞ്ഞ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ജീവിതമാണ് 'സ്നേഹയാഗ'ത്തിലെ പ്രതിപാദ്യവിഷയം. യാദൃശ്ചികമായാണ് ഗ്രന്ഥകർത്താവ് വാഴ്ത്തപ്പെട്ട അമ്മയെ പരിചയപ്പെടാനിടവന്നതെങ്കിലും ആഴമായ ഒരന്വേഷണത്തിനു ശേഷമാണ് പുസ്തകം എഴുതാൻ ആരംഭിച്ചത്. ശ്രീ. പീറ്റർ. സി. അബ്രാഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ വാഴ്ത്തപ്പെട്ട അമ്മയുടെ ജീവിതം കടന്നുവന്നപ്പോൾ മഴവില്ലിന്റെ മനോഹാരിതയും വർണചാർത്തും ആ ജീവിതത്തിന്റെ ഓരോ കൊച്ച് അനുഭവത്തെയും വട്ടമിട്ടുനിൽക്കുന്ന ഒരു അനുഭൂതിയാണ് വായനക്കാരന് കൈവരുന്നത്.

അമ്മയുടെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളെയും അദ്ദേഹത്തിന്റെ തൂലിക പ്രതിപാദിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒറ്റ ഇരിപ്പിലിരുന്ന് വായിച്ചുതീർക്കാൻ വായനക്കാരനെ പ്രചോദിപ്പിക്കുന്ന ഒരു കാന്ത ശക്തി 'സ്നേഹയാഗ'ത്തിനുണ്ട്. വാഴ്ത്തപ്പെട്ട അമ്മയുടെ പീഡാനുഭവഭക്തി, മൗതികാനുഭവങ്ങൾ, മാതാവിനൊടും തിരുക്കുടുംബത്തോടുമുള്ള പ്രത്യേക ഭക്തി, പൈശാചിക പരീക്ഷണങ്ങൾ എല്ലാം തന്നെ ഭംഗിയായി അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിട്ടുണ്ട്.

ഞങ്ങളുടെ വാഴ്ത്തപ്പെട്ട അമ്മയെക്കുറിച്ച് ഇത്തരമൊരു കൃതി സ്നേഹപൂർവ്വം രചിച്ച ശ്രീ. പീറ്റർ സി. അബ്രാഹത്തോട് ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിനുള്ള കൃതജ്ഞതയും സ്നേഹവും അറിയിക്കുന്നു. ഇനിയും വാഴ്ത്തപ്പെട്ട അമ്മയെക്കുറിച്ചും മറ്റുവിശുദ്ധജീവിതങ്ങളെക്കുറിച്ചും എഴുതുന്നതിനും അതുവഴി ഇന്നത്തെ തലമുറയെ ആത്മീയതയിലേക്ക് നയിക്കുന്നതിനും ശ്രീ. പീറ്റർ സി. അബ്രാഹത്തിന് സാധിക്കട്ടെയെന്നാശംസിച്ചുകൊണ്ട് 'സ്നേഹയാഗം' വാഴ്ത്തപ്പെട്ട അമ്മയെ സ്നേഹിക്കുന്ന നിങ്ങൾക്ക് സമർപ്പിക്കുന്നു.

**Sr. Mary Pastor**
Superior General, Holy Family Generalate,
Mannuthy.

www.malankaralibrary.com

www.malankaralibrary.com

# അനുഗ്രഹം

നമ്മുടെ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുകയും, തങ്ങളെത്തന്നെ പരിത്യജിച്ച് കുരിശുമെടുത്ത് അവിടുത്തെ അനുഗമിക്കുകയും ചെയ്തവരാണ് തിരുസഭയിലെ വിശുദ്ധർ. മനുഷ്യജീവിതത്തെ അതിന്റെ സമഗ്രതയിൽ ദർശിക്കുവാനും,അതിനു തക്കവണ്ണം തങ്ങളുടെ ജീവിതത്തെ ദൈവികമായി ക്രമപ്പെടുത്തുവാനും ദൈവവചനത്തിന്റെ വെളിച്ചത്തിൽ അവർക്ക് സാധിച്ചു. മനുഷ്യന് അസാധ്യമെന്നു തെറ്റിദ്ധരിക്കപ്പെട്ടിരുന്ന പുണ്യജീവിതം ദൈവാശ്രയത്തിലും, ദൈവകൃപയുടെ നിറവിലും സാധ്യമെന്ന് അവർ തെളിയിച്ചു. ഏതു ജീവിതാവസ്ഥയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കും തിരുവചനാധിഷ്ഠിതമായ ജീവിതം വഴി അതു പ്രാപ്യമാണെന്ന് അവരുടെ ജീവിതം നമ്മെ പഠിപ്പിച്ചു. പുണ്യാത്മാക്കളുടെ മാദ്ധ്യസ്ഥ്യവും, അവരുടെ മാതൃകാപരമായ ജീവിതത്തിന്റെ സ്വാധീനവും സഭാത്മക്കളിൽ ധാരാളമായിട്ടുണ്ടാകുന്നതിനുവേണ്ടിയാണ് തിരുസഭ വിശുദ്ധരുടെ പട്ടിക അപൂർണ്ണമാണെങ്കിലും ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നത്. അവയിൽ നമ്മെ സംബന്ധിച്ചിടത്തോളം സന്തോഷം പകരുന്ന വസ്തുതയാണ് ഈ ഗണത്തിലേക്കു കടന്നു വന്നിട്ടുള്ള ഭാരതസഭാമക്കൾ. അതിലൊരാളാണ് തിരുകുടുംബ സന്യാസിനീസഭയുടെ സ്ഥാപകയായ വാഴ്ത്തപ്പെട്ട മദർ മറിയംത്രേസ്യ.

അനുഗൃഹീതവും, അനുകരണീയവുമായ ആ ജീവിതം പുതിയ തലമുറയ്ക്കു കൂടി പരിചയപ്പെടുത്തിക്കൊടുക്കത്തക്കവണ്ണം അവരുടെ ജീവചരിത്രം 'സ്നേഹയാഗം'

www.malankaralibrary.com

www.malankaralibrary.com



എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിന് മുൻകൈയെടുത്ത തിരുകുടുംബ സന്യാസിനീ സമൂഹത്തെയും, ഗ്രന്ഥരചന നിർവ്വഹിച്ച പ്രമുഖ സഭാസാഹിത്യകാരൻ ശ്രീ. പീറ്റർ സി. ഏബ്രഹാമിനെയും ഞാൻ അനുമോദിക്കുന്നു. മദർ മറിയം ത്രേസ്യയുടെ പുണ്യജീവിതം ഈ ഗ്രന്ഥത്തിലൂടെ അനേകരെ സ്വാധീനിക്കാനും, ദൈവത്തിന്റെ പക്കലേക്ക് ആനയിക്കാനും ഇടയാക്കട്ടെ എന്നാശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

# നന്ദി

വളരെ ആകസ്മികമായൊരു ദൈവിക നിയോഗത്തിന്റെ സാഫല്യമാണീ പുസ്തകം. എന്റെ പെങ്ങൾ ബഹു. സിസ്റ്റർ ശാലീത്താ S.I.C. മരണാസന്നയായി തിരുവനന്തപുരത്തുള്ള പാളയം ബഥനി മഠത്തിൽ കഴിയുകയായിരുന്നു. അവിടെ താമസിച്ച് ഗവേഷണ പഠനം നടത്തിയിരുന്ന ബഹു. സിസ്റ്റർ ലിസിറ്റാ C.H.F.,രോഗിണിയെ മിക്കവാറും വന്നുകാണുമായിരുന്നു. എന്റെ മറ്റൊരു സഹോദരിയായ ബഹു. സിസ്റ്റർ വിനീത S.I.C. ഞാനെഴുതിയ ചില പുസ്തകങ്ങൾ സിസ്റ്റർ ലിസിറ്റായ്ക്കു അന്ന് വായിക്കാൻ കൊടുത്തു. അതുവായിച്ചശേഷം ഇതേ ശൈലിയിൽ വാഴ്ത്തപ്പെട്ട അമ്മയെപ്പറ്റി എഴുതാമോ എന്ന് സിസ്റ്റർ ആരാഞ്ഞു. ബഹു. സിസ്റ്റർ അതിനുവേണ്ട അനുമതി സഭാധികാരിയിൽ നിന്നും നേടുകയും ബ. അമ്മയെപ്പറ്റിയുള്ള ഏതാനും ഗ്രന്ഥങ്ങൾ എനിക്കു തരികയും ചെയ്തു. അതിനുശേഷം ഞാൻ കുഴിക്കാട്ടുശ്ശേരിയിലെ തീർത്ഥാടന കബറിൽ എത്തി ബഹു. അമ്മയുടെ അനുഗ്രഹം യാചിക്കുകയും ചെയ്തു. അന്ന് ഭാഗ്യവശാൽ ബഹു. മദർ ജനറൽ മേരിപാസ്റ്റർ C.H.F.നെ അവിടെ വച്ച് കാണാനും ഈ ഗ്രന്ഥ രചനോദ്യമത്തിന് വേണ്ട അനുഗ്രഹം നേടാനും കഴിഞ്ഞു.

വളരെ തീക്ഷ്ണതയോടെ മറ്റു പല ബഹു. കന്യാസ്ത്രീകളും ചരിത്രപരമായ അറിവുകൾ പകർന്നുതന്ന് എന്നെ സഹായിക്കുകയുണ്ടായി.ഔദാര്യത്തോടെ ധാരാളം പുസ്തകങ്ങൾ തരികയും, ജോലിത്തിരക്കിനിടയിലും വളരെക്കാര്യങ്ങൾ പറഞ്ഞു തരികയും ചെയ്ത സി. സ്മിത കാവുങ്കലിനോടും, വളരെ ത്യാഗബുദ്ധ്യാ ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച സി. ആനി ഗ്രേയ്സിനൊടും ആത്മാർത്ഥമായി നന്ദി പറയുന്നു. ഇവരെയെല്ലാവരെയും ദൈവനാമത്തിൽ നന്ദിയോടെ ഓർത്തുകൊള്ളുന്നു.

www.malankaralibrary.com

www.malankaralibrary.com




കൂടാതെ, അനുഗ്രഹാശംസ എഴുതിത്തന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിനോടും ആശംസ എഴുതി നൽകിയ ബഹു. മദർ മേരീപാസ്റ്റർ C.H.F.നോടും എന്റെ അകമഴിഞ്ഞ നന്ദി. ബഹു. മദർ ജനറൽ ഇതിന്റെ കയ്യെഴുത്ത് റോമിലെത്തിച്ച് ബഹു. ജോർജ്ജ് നെടുങ്ങാട്ടച്ചന്റെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയപ്പെടുത്തുകയും ചെയ്തു. നല്ല നിർദ്ദേശങ്ങൾ നൽകി സഹായിച്ച ബഹു. നെടുങ്ങാട്ടച്ചനും നന്ദി.

ഈ കൃതി, ദൈവജനത്തിന്റെ കരങ്ങളിൽ തൊഴുതു സമർപ്പിച്ചുകൊണ്ട്

സ്നേഹപൂർവ്വം

പീറ്റർ സി.ഏബ്രഹം.



മറിയം ത്രേസ്യാ ഭവനം

www.malankaralibrary.com

www.malankaralibrary.com

# ഒന്ന്

മകൾ എവിടെപ്പോയെന്നറിയില്ല. കാപ്പിയും പലഹാരവും കൊടുത്ത് ഇറയത്ത് ഇരുത്തിയതാണ്. ആവിപാറുന്ന ചക്കരക്കാപ്പി ഓട്ടുമൊന്തയിൽ വച്ചിടത്തുതന്നെയുണ്ട്. ആകെയുള്ള രണ്ടുമുറികളിലും അടുക്കളയിലും പരതി. പിന്നെ പറമ്പിലും. രണ്ടേക്കർ നാല്പതു സെന്റുള്ള മങ്കിടിയാൻ കുടുംബപ്പറമ്പിൽ താണ്ടയുടെ പാദങ്ങൾ ധൃതിയോടെ ചലിച്ചു. വള്ളിപ്പടർപ്പിനുള്ളിലും പന്തലിച്ച ഓടൽച്ചെടിക്കീഴിലും ചെന്നു നോക്കി. നിശ്ശബ്ദതയുടെ കൂട്ടുകാരിയായ അവളെ ധ്യാനലീനയായി പലപ്പോഴും കണ്ടെത്തിയിട്ടുള്ളത് ഈ നികുഞ്ജങ്ങളിൽ നിന്നാണ്. എന്നാലിപ്പോൾ അവളുടെ കുരുന്നു പാദങ്ങളുടെ മുദ്രകൾ ഇവിടെങ്ങും കാണാനില്ല.

"മോളേ ...... ത്രേസ്യേ......" താണ്ടയുടെ സംഭ്രമദ്ധ്വനി മങ്കിടിയാൻ പറമ്പിന്റെ നാലതിരുകളും കവിഞ്ഞു ചിതറി. വെട്ടുക്കൽച്ചുമരുകളും കുടപ്പനയോലയുടെ മച്ചുമുള്ള വീടിന്റെ അകത്തളങ്ങളിലും ആ വിളി ചെന്നു തറച്ചു. പിന്നെ, തുറക്കപ്പെട്ട വാതിലുകളിലൂടെയും ജനാലകളിലൂടെയും ഒരു പ്രതിദ്ധ്വനിയായി താണ്ടയുടെ ചെവിക്കുടകളിലേക്കുതന്നെ അവ മടങ്ങിയെത്തി.

മുറ്റത്തു കളിച്ചുനിന്ന പൊറിഞ്ചുവും മറിയംകുട്ടിയും അമ്മയുടെ ആകുലതയ്ക്ക് പിന്തുണ നൽകി കളി നിർത്തി. ത്രേസ്യയുടെ മൂത്ത ആങ്ങളയും സഹോദരിയുമാണവർ. അനുജത്തിയുടെ തിരോധാനത്തെപ്പറ്റി അവർക്കും യാതൊന്നുമറിഞ്ഞുകൂടാ.

പറമ്പിന്റെ കിഴക്കും വടക്കുമായി രണ്ടിടവഴികളുണ്ട്. അവിടെങ്ങാനുമുണ്ടോ എന്നറിയാൻ തിരക്കിട്ടു നടന്ന താണ്ടയോട് തൊട്ടുകിഴക്കു താമസിക്കുന്ന മാളിയേക്കൽ വീട്ടിലെ കൂനൻ കുഞ്ഞിപ്പൈലൻ വിളിച്ചു പറഞ്ഞു.

"കൊച്ച് ആവഴീൽ നിക്കുന്നു." ഓടിച്ചെന്ന അമ്മയുടെ മിഴികൾ ആ കാഴ്ചയിൽ ആർദ്രമായിപ്പോയി. പലഹാരം ഓരോന്നും ഇടനിരത്തിലൂടെ വരുന്ന അഗതികൾക്ക് അവൾ വീതിച്ചുനൽകുന്നു. തിന്നാനൊന്നും കിട്ടാതെ അലഞ്ഞു തെണ്ടിനടക്കുന്ന ദരിദ്രർ ആർത്തിയോടെ

www.malankaralibrary.com

www.malankaralibrary.com



അതു വായിലാക്കി വിഴുങ്ങുന്നതു നോക്കി അഗതിസംഘവലയത്തിനു നടുവുൽ കരുണയുടെ പ്രകാശമിഴികളോടെ നിൽക്കുകയാണു ത്രേസ്യ. അവൾക്കും വിശപ്പുണ്ട്. എന്നാൽ ഈ പാവങ്ങളുടെ വയറുനിറയുമ്പോൾ മാത്രമെ അവളുടെ വിശപ്പുശമിക്കൂ.

അമ്മ അവളെ വാരിയെടുത്തു. നിർവൃതിയുടെ ചുംബനമുദ്രകൾ അവളുടെ കുരുന്നു കവിളിണകളിലർപ്പിച്ചു പറഞ്ഞു.

"അമ്മയ്ക്ക് തൃപ്തിയായി മോളെ......"

ദേഹം നന്നാകാനായി നെയ്യൊഴിച്ചുണ്ടാക്കിയ വിശിഷ്ടഭക്ഷണമാണവൾ കൊടുത്തുതീർത്തത്. എന്നാൽ മകളുടെ ഈ അസാധാരണത്വത്തിൽ താണ്ട ആശ്ചര്യപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, മകളുടെ ശൈശവം മുതലുള്ള വ്യതിരിക്തത തൊട്ടറിയുന്നവളാണീ അമ്മ.

കരയുന്നവരുടെ കണ്ണീരും വിലാപവും ആ കുഞ്ഞുമനസ്സിന് തീരാനോവായിരുന്നു. അതുകണ്ട് മനംതപിച്ച് ഏകാന്തതയിലൊതുങ്ങുവാനല്ല, പീഡിതരുടെ മുമ്പിലെത്തി ആവുംവിധം അവർക്കാശ്വാസമേകുവാനായിരുന്നു അവളുടെ വെമ്പൽ. ഏഴകളുടെ ശരണാർത്ഥനകളിൽ സേവനത്തിന്റെ സാന്ത്വന സാമീപ്യമാകാൻ തുടിക്കുന്ന ശൈശവം. കരയുന്നവരിലേക്കുള്ള ഈ കാന്തോന്മുഖ പ്രയാണം ഇവൾക്കെവിടെ നിന്നു കിട്ടി! പൈതൃകം എന്നു പറഞ്ഞുകൂട. അവൾക്കു മുതിർന്നവർ മൂന്നു പേരുണ്ടല്ലൊ. ഇട്ട്യാനവും പൊറിഞ്ചുവും മറിയംകുട്ടിയും. തോമയുടെ ആദ്യ വിവാഹബന്ധത്തിലുണ്ടായ ഇട്ടിയാനത്തിന്റെ കാര്യം മാറ്റി നിർത്താം തന്റെ ഉദരത്തിലുരുവായവരാണല്ലൊ മറ്റിരുവരും, ശാഠ്യക്കാരും ശണ്ഠക്കാരുമായ അവർക്കില്ലാത്ത ഈ പുണ്യാഭിനിവേശം തന്റെ മൂന്നാം പ്രജയായ ഇവൾക്കുമാത്രം എങ്ങനെയുണ്ടായി! തമ്പുരാന്റെ തിരുമുമ്പിൽ രാപകൽ തൊഴുതുകരഞ്ഞ തനിക്കുള്ള പുണ്യസമ്മാനമെന്നല്ലാതെ ഈ സഹനപുത്രിയെ എങ്ങനെ വിശേഷിപ്പിക്കും.!

ലഹരിപാനീയത്തിന്റെ കാട്ടുവഴികളിൽപ്പെട്ടുപോയ ഭർത്താവിനെ വിവേകത്തിന്റെ പ്രകാശപഥത്തിലേക്കാനയിക്കാനാണല്ലോ തന്റെ കണ്ണീർപ്രാർത്ഥനകൾ. തൊറൂര് മംഗലിത്തറവാട്ടിന്റെ പടികളിറങ്ങി ചിറമ്മൽ അരിക്കാടൻ മങ്കിടിയാൻ വീട്ടിലെ പൊറിഞ്ചു കുഞ്ഞിത്തോമന്റെ ജീവിതത്തിലേക്കു പദമൂന്നിയപ്പോൾ പ്രതീക്ഷകൾ മാത്രമായിരുന്നു മനംനിറയെ. സമ്പന്നവും അഭിജാതവുമായ ഞാറയ്ക്കൽ മേനാച്ചേരി തറവാട്ടിൽ നിന്നായിരുന്നല്ലോ ആദ്യഭാര്യയും.

അഭിമാനികളും ധനാഢ്യരുമായ മംഗലിത്തറവാട്ടുക്കാർക്കു യോഗ്യമായ ബന്ധമാണിതെന്നുകരുതിപ്പോയി. സന്യസ്തജീവിതങ്ങളുടെ ധന്യതയാൽ അലകൃതമായ ചിറമ്മേൽ കുടുംബത്തിന്റെ ഒല്ലൂർ താവഴിയിൽപ്പെട്ട ശാഖയാണല്ലോ പുത്തൻചിറ ഗ്രാമത്തിലുള്ള ഈ മങ്കിടിയാൻ കുടുംബം. എന്നാൽ അതിന്റെ സാമ്പത്തിക ഭദ്രത ഭ്രമിച്ചുതുടങ്ങുകയായിരുന്നു. നാലഞ്ചു സഹോദരികളുടെ കല്യാണച്ചെലവുകൾ സ്വയം വഹിച്ചപ്പോഴേക്കും കുഞ്ഞിത്തോമന്റെ കാൽക്കീഴിൽ നിന്നും മണ്ണും അർത്ഥവുമെല്ലാം ഒലിച്ചുപോവുകയായിരുന്നു. ഈ വിഷമസന്ധിയിൽ ആശ്വാസദായകനായി അദ്ദേഹത്തെ മാടിവിളിച്ചതോ, ലഹരിപാനീയത്തിന്റെ നരയുന്ന അലമാലകൾ. അന്നുമുതൽ ഈ സാധ്വിയുടെ കരിദിനങ്ങൾ പിറന്നു. ആത്മതാപമെല്ലാം സർവ്വേശ്വരനിലർപ്പിച്ച് കേഴുകമാത്രമെ പിന്നെ കരണീയമായിരുന്നുള്ളു. നിരാലംബയായ ഈ അമ്മയുടെ പ്രാർത്ഥനഞ്ജലികളും കണ്ണീർപ്പൂക്കളും കണികണ്ടുണരുകയും കണ്ടുറങ്ങുകയും ചെയ്തവളാണീ കൊച്ചുത്രേസ്യ.

ഭൗമബന്ധങ്ങളിൽ സമാശ്വാസത്തിന്റെ നേർത്ത കണംപോലും കാണാതായപ്പോൾ കുരിശ് തന്റെ ശക്തിയും കൊന്ത തന്റെ ആശ്രയവുമായി മാറുകയായിരുന്നു. ഇവയെല്ലാം വിടർന്ന മിഴികളാൽ കൊത്തിയെടുത്ത് ഹൃദയത്തിൽ അമൂർത്ത മുദ്രകളാക്കിത്തീർക്കുകയായിരുന്നു ഈ കുഞ്ഞ്. ഈശോയുടെ തകർക്കപ്പെട്ട പുണ്യഗാത്രത്തിന്റെ പ്രതീകമാണിവൾക്കു കുരിശ്. ഏകജാതന്റെ സഹനപാരമ്യത്തിനും മുമ്പിൽ കരളിൽ അരുതായ്മകളുടെ മൂർച്ചവാൾക്കുത്തേറ്റു പിടയുന്ന പരിശുദ്ധ കന്യാമറിയത്തിന്റെ പരോക്ഷ ദൃശ്യമാണവൾക്കു കൊന്ത. ശൈശവനാൾ മുതൽ ഇവ രണ്ടും ആയുധമാക്കിയ ഈ പുത്രിയുടെ ചുവടുവയ്പ് ഓരോന്നും ആരെയാണമ്പരിപ്പിക്കാത്തത്!

അവളുടെ ജ്ഞാനസ്നാനം മെയ് മാസത്തിലെ ഒരു ബുധനാഴ്ചയിൽ; ആയിരത്തി എണ്ണൂറ്റി എഴുപത്താറിലെ മെയ് മാസം മൂന്നാം നാളിൽ. മെയ്മാസവും ബുധനാഴ്ചയും കന്യാമറിയത്തെ വണങ്ങുവാൻ പ്രത്യേകം നീക്കിവയ്ക്കപ്പെട്ട വേളകൾ; അന്നവൾക്കു പേരിട്ടു. ത്യേസ്യ, ആവിലായിലെ വിഖ്യാത വിശുദ്ധയായ അമ്മത്രേസ്യയുടെ നാമം.

അമ്മയുടെ വിരൽത്തുമ്പിൽ വലിഞ്ഞ് ത്രേസ്യ വീട്ടിലെത്തി. അമ്മയ്ക്ക് ഗൃഹവേലകളിൽ മുഴുകാൻ തോന്നുന്നില്ല. ഉള്ളിൽ, മകളുടെ ദൈവോന്മുഖ ജീവിതപ്രഭാവം. അതുതെളിച്ചെടുക്കേണ്ട ദൗത്യം തനിക്കുണ്ട്. താണ്ട, തിണ്ണയിലെ വാതിൽപ്പടിയിൽ താണിരുന്നു. മടിയിൽ മകളുണ്ട്. അവിടിരിക്കുമ്പോൾ ഉൾമുറിയിലെ മേശമേൽ



www.malankaralibrary.com

www.malankaralibrary.com



"പിയാത്താ" യുടെ ചെറുപ്രതിമകാണാം. സ്വഭവനം വിട്ട് ഇവിടേക്കു പോരുമ്പോൾ താണ്ട കരുതിയെടുത്ത ഏക വസ്തുവാണീ വെൺകളിശില്പം. മരിച്ച ഒറ്റപ്പുത്രനെ മടിയിൽക്കിടത്തി വിഷാദപരകോടിയിൽ തളർന്നമരുന്ന പരിശുദ്ധ കന്യാമറിയം. അമ്മയും മകളും ആ ദുഃഖശില്പത്തിന് ആത്മാവിൽ ജീവൻ പകരത്തക്കവിധം നിർന്നിമേഷതയുടെ ഏകാഗ്രതയിൽ ആണ്ടുപോവുകയാണ്.

അമ്മയുടെ ഉള്ളിൽ ഉടൻ തുളുമ്പിയതൊരു കാവ്യഭാവം. ഈ പുത്തൻചിറയുടെ മണ്ണിലിരുന്ന് ഒന്നര നൂറ്റാണ്ടു മുമ്പ് 'ഏർൺസ്ത് ഹാൻക്സ് ലൈഡൻ' എന്ന ഈശോ സഭാ വൈദികനായ സാക്ഷാൽ അർണ്ണോസ് പാതിരി രചിച്ച പുത്തൻപാനയിലെ പന്ത്രണ്ടാം പാദത്തിലെ കാവ്യഭാവമാണ് ഉള്ളിൽ പതഞ്ഞുയരുന്നത് .

ആയിരത്തെറുന്നൂറ്റി തൊണ്ണൂറ്റൊൻപതിൽ ഇവിടെയെത്തിയ അർണ്ണോസ് പാതിരി പുത്തൻചിറയിൽ വന്നു പാർത്തത് ആർച്ചുബിഷപ് ജോൺ റിബ്വേരായുടെ കാര്യനിർവ്വാഹകനായിട്ടായിരുന്നല്ലോ. കൊടുങ്ങല്ലൂർ അതിരൂപതയുടെ ആസ്ഥാനം അന്ന് പുത്തൻചിറയായിരുന്നതാണു കാരണം. ഒരാൾക്കു കഷ്ടിച്ചു നിന്നുതിരിയാൻ ഇടമുള്ളൊരു ചെറ്റക്കുടിലിൽ താമസിച്ച ഈ വിദേശപുരോഹിതൻ ഈശോയുടെ ദാരിദ്ര്യാരൂപിയിലേക്കും സഹന മൂർദ്ധന്യതയിലേക്കും കടക്കുകയായിരുന്നു. മുപ്പത്തിമൂന്നു വർഷങ്ങൾക്കുശേഷം പഴൂർ പള്ളിയിൽ മരിച്ച് അവിടെത്തന്നെ നിമഞ്ജിതനായ അദ്ദേഹത്തിന്റെ പ്രധാന കർമ്മദേശമായിരുന്ന ഈ പുത്തൻചിറയിലിരുന്ന് പുത്തൻപാനയിലെ പന്ത്രണ്ടാംപാദം ചൊല്ലുമ്പോൾ താണ്ടയുടെ നെഞ്ച് അഗ്നിനാളങ്ങളാൽ വലയപ്പെടുന്ന അനുഭവം. അതു തന്റെ പുത്രിയിലേക്കും സംക്രമിച്ചുകൊള്ളട്ടെ. ആയിരത്തെണ്ണൂറിൽപരം വരികളുള്ള പുത്തൻപാനയിൽ താണ്ടയ്ക്ക് ഏറ്റവും ആത്മസ്പർശിയായി അനുഭവപ്പെട്ട പാദമാണത്. ആകെയുള്ള പതിന്നാലു പാദങ്ങളിൽ ദ്രുതകാകളി വൃത്തത്തിലല്ലാതെ നതോന്നതയിൽ എഴുതപ്പെട്ട ഏകപാദവും അതുതന്നെ.

ചേതനയറ്റു മടിയിലമരുന്ന പ്രിയപുത്രനെ ഉറ്റുനോക്കി ഇടനെഞ്ചു തകർന്ന കന്യാമറിയത്തിന്റെ വ്യാകുലോക്തികളാണിവിടെ പ്രമേയം. മനമുരുക്കുന്ന ആ പദാവലി താണ്ട ചൊല്ലിക്കരഞ്ഞു.

"ഉള്ളിലുള്ള വൈരമോടെ, യൂദർനിന്റെ തലയിന്മേൽ
മുള്ളുകൊണ്ടു മുടിവച്ചു തറച്ചോ പുത്ര!
ചോരയാൽ നിൻ ശരീരത്തിൽ പറ്റിയ കുപ്പായമപ്പോൾ



ക്രൂരമോടെ വലിച്ചവർ പറിച്ചോപുത്ര!
ആണിയിന്മേൽ തൂങ്ങി നിന്റെ ഞരമ്പെല്ലാം വലിയുന്ന
പ്രാണവേദനാ സകലം സഹിച്ചോ പുത്ര!
സർവ്വലോക നാഥനായ നിന്മരണം കണ്ടനേരം
സർവ്വ ദുഃഖം മഹാദുഃഖം സർവ്വതും ദുഃഖം.

അക്കൊടും ദുഃഖത്തിന്റെ ചുഴിയിലേക്കാഴ്ന്നു പോവുകയാണു ത്രേസ്യ. ക്രൂശിതന്റെ പാരവശ്യം ഇളം തനുവിൽ ആവഹിക്കുവാൻ ത്രസിക്കുകയാണാ ഹൃദയം. അവൾക്കും ദാഹമാണ് -ലോകപാപ പരിഹാരാർത്ഥം കുരിശിൽ നിണമൊഴുക്കി പിടഞ്ഞു മരിച്ച ലോകരക്ഷകനെ സ്വന്തമാക്കുവാനുള്ള ദാഹം.

www.malankaralibrary.com

www.malankaralibrary.com

## രണ്ട്

"എടീ... മുത്തീ......"

പറമ്പിൽ തിമർത്തുകളിക്കുന്ന പിള്ളേർ ത്രേസ്യയെ ആക്ഷേപിച്ചു. അവൾ തിണ്ണയിൽ സ്വസ്ഥമായിരിക്കുകയാണ്. ജപമാലയിലെ മുത്തുകൾ പ്രാർത്ഥനയുടെ ആരോഹണത്തിനൊത്ത് അവളുടെ കരമലരുകളിൽ എണ്ണപ്പെട്ടുകൊണ്ടിരിക്കുന്നു. ചുണ്ടുകൾ ചലിക്കുന്നില്ല. തുറക്കപ്പെട്ട മിഴികളിൽ പരിസര ദൃശ്യങ്ങൾ പതിയുന്നില്ല. തിനിക്കെതിരെ കൊഞ്ഞനം കാട്ടുന്ന "കരുമാടി"കളുടെ നെറികേടുകൾ. അതിനാൽ കാണാതെപോകുന്ന കാഴ്ചയും കേൾവിയും ഇപ്പോൾ ശക്തീകരിക്കുന്നത് അന്തരംഗത്തിലാണ്. ധ്യാനനിമിഷങ്ങളുടെ വളർച്ചയ്ക്കൊത്ത് പ്രാർത്ഥനയുടെ അലമാലകൾ കരുത്താർജ്ജിച്ച് സ്വർഗ്ഗത്തോളം നുരഞ്ഞുയരുന്ന അനുഭവം. ദൈവസ്തുതിയുടെ മഹാരവമല്ലാതെ യാതൊന്നും കേൾക്കാനവാത്ത മഹാനുഭൂതി. ഈ ഭജനമുഹൂർത്തത്തിൽത്തന്നെ കളിക്കാൻ വിളിക്കുന്ന ഉല്ലാസ സംഘത്തെ പിന്നെങ്ങനെ ശ്രവിക്കും?

ഭജനാനുഭവത്തിന്റെ കൂടാരത്തിൽ ചിരഞ്ജീവിയാകുവാനാണവൾക്കും ദാഹം. ഈശോയുടെ പീഡാസഹന പ്രയാണമാണ്, ജപമാലയിലൂടെ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഏകജാതന്റെ സഹനവഴികളിൽ മനം തകർന്നനുഗമിക്കുന്ന വിലാപ മൂർത്തിയായ ദിവ്യമാതാവിന്റെ ദുസ്സഹ സ്മൃതികളാണീ പ്രാർത്ഥനകൾ. ഈശോയുടെ ഉൺമയിലേക്കുള്ള ലയനമാണവൾക്കു പ്രിയങ്കരം. മൂന്നരവയസ്സിൽ സ്വീകരിച്ച തീരുമാനമാണത്. ഇറച്ചിയും രുചികരമായ ഭക്ഷണവും ഒരിക്കലും ആഹരിക്കില്ലെന്നു വ്രതം ചെയ്തു. അമ്മ വിളമ്പുന്ന സ്വാദിഷ്ടഭോജ്യത്തിൽ രഹസ്യമായി കയ്പുചേർത്തു കഴിച്ചു. മുൾമുടിയേറ്റ് നിണച്ചാലുകൾ നിറഞ്ഞ ഉടലോടെ പിടയുന്ന രക്ഷകനായിരുന്നു ഉള്ളു നിറയെ. അപ്പോൾ, തിന്നുകുടിച്ചുല്ലസിച്ചാഹ്ലാദിക്കാനവൾക്കാകുമോ? രക്ഷകന്റെ സഹനമോർത്ത് വ്രണം വന്നു വിങ്ങുന്ന ചുമലിൽ കനത്ത ഒരു കരിങ്കല്ലുവെച്ച് കൈകാൽമുട്ടുകളിൽ അന്നിഴഞ്ഞു. അപ്പോൾ സംഭവിച്ചതെന്താണ്? കോൾമയിർ അണിയിക്കുന്നൊരു മധുരസ്മൃതിയാണ



വൾക്കത്. ചുമലിൽ, കല്ലിന്റെ സ്ഥാനത്ത് ശൈശവ പ്രായനായ ഇശോ! ആനകളിക്കാൻ ഈ അബലബാലികയുടെ ചുമൽ സ്വീകരിച്ച ദൈവപുത്രനെ ഗളം തിരിച്ച് അവൾ ആവോളം ആസ്വദിക്കേ പയ്യെപ്പയ്യേ ആ പുണ്യഗാത്രം അന്തരീക്ഷത്തിൽ വിലയംകൊള്ളുകയായിരുന്നില്ലേ. നരനായ ഈശ്വരനാണ് ഈശോയെന്നും വിളിച്ചാൽ ഓടിവരുന്ന കളിത്തോഴനാണവിടുന്നെന്നും അനുഭവിച്ച ധന്യനിമിഷം.

ഇതുപോലുള്ള ഗാഢബന്ധമാണവൾക്ക് ഈശോയുടെ അമ്മയോടും. അതിനുമുണ്ടൊരു കാരണമുഹൂർത്തം. അമ്മ കൊന്ത ജപിക്കുമ്പോൾ അതുപോലെ പ്രാർത്ഥിക്കാൻ ആശിച്ചിട്ടുണ്ട്. പക്ഷേ, പ്രാർത്ഥനകൾ വായിക്കാനോ ചൊല്ലാനോ അറിയില്ല. എങ്കിലും കൊന്തയേന്തി ഏകാന്തതയിൽ ഒരിക്കൽ ഇരിക്കവേ ചാരത്തൊരു പ്രകാശത്തിന്റെ അഭിഷേചനം. ഭയന്നു മിഴിക്കവേ, ഉള്ളിൽ ആ തങ്കപ്രകാശം കന്യാമറിയത്തിന്റെ രൂപമായി പരിണമിക്കുകയായിരുന്നു. സാന്ത്വന സ്പർശത്തോടെ ആ ദിവ്യാംബിക കൊന്തയുടെ രഹസ്യവും ശക്തിയും ജപവചസ്സുകളും പറഞ്ഞുതന്നു. അതു തന്റെ ബോധത്തിൽ നിത്യമുദ്രകളായി ശേഷിച്ചിരിക്കുന്നു. ആ ജ്ഞാനേശ്വരിയെ തന്റെ ഗുരുനാഥയായി അന്നു കൈക്കൊണ്ടതാണ്.

പറമ്പിൽ നിന്നും കളിപ്പിള്ളേരുടെ ആക്രന്ദനം അപ്പോഴും പന്തലിക്കുകയാണ്. അവർക്കൊപ്പം കളിക്കാൻ കൂട്ടാക്കാതെ ജപധ്യാനങ്ങൾക്കായി ഉൾവലിയുന്ന ത്രേസ്യയെ അവരെങ്ങനെ ആക്ഷേപിക്കാതിരിക്കും. "മുത്തി" എന്ന മറുപേരാണവൾക്കുള്ള അവരുടെ സമ്മാനം. ആ പദത്തിന്റെ അർത്ഥം മുത്തശ്ശി, വയസ്സി എന്നൊക്കെ. കാരണമെന്തെന്നോ? എന്നും അവൾ പള്ളിയിൽപോകും. മഴയ്ക്കൊ, കൊടുശൈത്യമാർന്ന പ്രഭാതങ്ങൾക്കൊ, ദേഹപീഡകൾക്കോ ഈ ആരാധനനോദ്യമങ്ങളിൽ നിന്നും അവളെ പിന്തിരിപ്പിക്കാനായില്ല. പുത്തൻചിറയിലെന്നല്ല എല്ലായിടത്തും ഇത്തരം ആരാധനൗത്സുക്യം മുത്തശ്ശന്മാർക്കും മുത്തശ്ശിമാർക്കും മാത്രമെ ഉണ്ടാകാറുള്ളൂ. "മുത്തീ" എന്ന പരിഹാസ വിളികേട്ട് ഒരിക്കൽ അമ്മപോലും അവളോടുപറഞ്ഞു.

"എന്നാൽ മോളിനി എല്ലാദിവസവുമുള്ള പള്ളീൽപോക്ക് നിർത്ത്. നിനക്ക് അതിനുള്ള പ്രായമൊന്നുമായിട്ടില്ലല്ലോ." അവൾ പക്ഷേ, അമ്മയുടെ നേർക്ക് തിരിഞ്ഞു യാചിച്ചു. "അങ്ങനെ പറയല്ലെ അമ്മേ. ദൈവത്തെ സ്നേഹിക്കാൻ പ്രായം വേണ്ട. അതിനാൽ ഇനിമുതൽ രാവിലെ മാത്രമല്ല, ഉച്ചയ്ക്കും എനിയ്ക്കു പള്ളിയിൽ വരണം. ഉച്ചനമ

www.malankaralibrary.com

www.malankaralibrary.com




സ്ക്കാരത്തിനായി അമ്മ പള്ളിയിൽ പോകുമ്പോൾ കളരിയിൽ വന്ന് എന്നെകൂടി കൂട്ടികൊള്ളണേ അമ്മേ."

അവളോടുള്ള പലരുടെയും അപ്രിയത്തിനു മറ്റൊരു കാരണവും ഉണ്ട്. പുത്തൻചിറപ്പള്ളിവികാരി മാളിയേക്കൽ കൂനൻ പൗലോസച്ചന് ത്രേസ്യയോടു വളരെ ഇഷ്ടം. അവൾക്കു മാമ്മോദീസാ നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ഈ മമത. ദൈവവിഷയങ്ങളിൽ എരിയുന്ന കരളുള്ളവളാണിവൾ. അവളിലെ ജ്ഞാന നാളങ്ങളുടെ തീക്ഷ്ണത തൊട്ടറിയാൻ കഴിഞ്ഞിട്ടുമുണ്ട്. വേദപഠനത്തിന് അവൾ സമർത്ഥ. അതിനാൽ പൗലോസച്ചനും മറ്റദ്ധ്യാപകരും ചോദ്യങ്ങൾ അവളോടുമാത്രം ചോദിക്കില്ല. ഇതിൽ പരിതപിച്ച് നല്ലകാര്യംപറയാനുള്ള ഈ അവസരം തനിക്കു കിട്ടുന്നില്ല എന്നവൾ പറഞ്ഞിട്ടുപോലുമുണ്ട്. അതിനാൽ, പ്രായക്കുറവു ഗണിക്കാതെ മതാദ്ധ്യാപകരുടെ ഉപരിഗണത്തിലേക്ക് ഈ ബാലികയെ അദ്ദേഹം കൈപിടിച്ചുയർത്തുകയായിരുന്നു. വിധേയത്വത്തിന്റെ നേർവഴിവിട്ട് തന്തോന്നിത്തം കാട്ടി നടക്കുന്നവർക്ക് ഇതും ദുസ്സഹമായി. കാരണം, തങ്ങളെക്കാൾ പ്രായക്കുറവുള്ള ത്രേസ്യയാണ് അവരുടെ പുതിയ മതാദ്ധ്യാപിക.

ക്രീഡാസംഘത്തിന്റെ പരിഹാസ വിളികേട്ട് അടുക്കളയിൽ നിന്നും അമ്മ ഇറങ്ങിവന്നു. ധ്യാനത്തിന്റെ വൽമീകത്തിലേക്ക് അമർന്നിരിക്കുന്ന ത്രേസ്യയുടെ മുമ്പിൽ സ്മൃതിയുടെ പിൻവഴി ചവിട്ടുന്ന ചിന്തകളോടെ അമ്മ നിന്നുപോയി. ഭൂമിയിലാണെങ്കിലും അഭൗമതലത്തിലേക്കു സദാ പറന്നകലാനാണവൾക്കിഷ്ടം. അവളുടെ ചിന്തയും വയസ്സും കർമ്മവുമെല്ലാം ആത്മീയതയുടെ പാരമ്യത്തിലേക്കുള്ള ചവിട്ടുപടികളായിരുന്നു. മാറിലണച്ച് അവളെ അന്നു പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയായിരുന്നു അമ്മ. ഉടനവൾ ജിജ്ഞാസയോടെ ആരാഞ്ഞു : "ആരാണമ്മേ ഈ ബാവായും പുത്രനും റൂഹാദക്കുദിശായുമൊക്കെ? വാക്കുകൾ കൂട്ടി ചൊല്ലാൻ തുടങ്ങിയിട്ടേയുള്ളു. അപ്പോഴേക്കും ദൈവിക പദങ്ങളുടെ പൊരുളു തിരയുന്ന ജിജ്ഞാസുവായിത്തീർന്നിരിക്കുന്നു ഈ ജ്ഞാന ബാലിക. പണ്ഡിതാനായ വി. അഗസ്തീനോസിനെപ്പോലും കുഴക്കിയ ഈ സൂക്ഷ്മഭാവം എങ്ങനെ പറഞ്ഞിവളെ ബോദ്ധ്യപ്പെടുത്തും എന്നാണമ്മയുടെ ഖിന്നത.

ഇത്തരം ചോദ്യവലികളുടെ വാതായനങ്ങൾ ഓരോന്നും തുറന്ന് ജ്ഞാലോകത്തേക്കു പറന്നുയരാനായിരുന്നു ഈ മാടപ്പിറാവിന്റെ വെമ്പൽ. കിടക്കുന്നതു കൂർത്ത ചരലുവിരിച്ച പായയിൽ. പാതിരാവിൽ





വാഴ്ത്ത. മറിയം ത്രേസ്യ മാമോദീസാ സ്വീകരിച്ച പുത്തൻച്ചിറ ദേവാലയം. അതിന്റെ മുമ്പിൽ കരിങ്കല്ലിൽ തീർത്ത ഇരട്ടകുരിശ്

www.malankaralibrary.com

www.malankaralibrary.com



നിദ്രവിട്ടെണീറ്റ് ചരൽപ്പായയിൽ മുട്ടുകുത്തി കരങ്ങൾ വിരിച്ച് പ്രാർത്ഥ നാശില്പമായിത്തീരുന്ന അവളെക്കണ്ട് വിസ്മയിച്ചു നിന്നിട്ടുണ്ടീ അമ്മ! കരങ്ങൾ തളർന്നാലും പിന്മാറില്ല. കൈകളിൽ ഓരോ കയറുകെട്ടി അവ യുടെ അപരാഗ്രം മുകളിലുള്ള ഉത്തരത്തിൽ കെട്ടി വീണ്ടും അതേ നില്പിൽ യാമങ്ങൾ നീളുന്ന ഭജനം.! തലയിണ ഒരു കരിങ്കല്ല്. വാസ്ത വത്തിൽ അന്നുമുതൽ മകളെപ്പറ്റി അഭിമാനത്തേക്കാൾ ഭയമാണ് വളർന്നുവന്നത്.

ഇത്തരം അസാധാരണത്വത്തിലൂടെ ഒരു പെൺകിടാവിനു പുല രാനാവുമോ! സന്യസ്തജീവിതത്തിലേക്കുപോയാൽപോലും അവിടെയും ഈ ശൈലി പൊരുത്തപ്പെടുമോ! ഇതൊക്കെയായിരുന്നു അമ്മയുടെ ഭയാത്മകമായ ചിന്തകൾ. അതിനാൽ മകളെ ഉടൻ കുലുക്കി ഉണർത്തി. വിണ്ണിൽ നിന്നവൾ മണ്ണിലെത്തി. ഗൃഹാങ്കണത്തിനടുത്തുള്ള തരിശുപറമ്പിൽ മേളിക്കുന്ന പിള്ളേരെ ചൂണ്ടി അമ്മ അവളോടുപ റഞ്ഞു

“നീയും കുറച്ചുനേരം അവരോടൊപ്പം പോയി കളിക്കുമോളെ” “എന്നെ ഇനിയും അമ്മ മനസ്സിലാക്കിയിട്ടില്ലല്ലോ” എന്ന മട്ടിൽ അവൾ സ്വമാതാവിനെ ഒന്നു നോക്കി. എന്നിട്ടു പറഞ്ഞു.

“അമ്മേ, നമ്മുടെ ദൈവം എപ്പോഴും ദുഃഖിതനായിരിക്കുമ്പോൾ ഞാനെങ്ങനെ കളിച്ചുല്ലസിക്കും? എനിക്കവിടത്തെ ആശ്വസിപ്പിക്കണ മമ്മേ....”

## മൂന്ന്

ത്രേസ്യയ്ക്കൊരനുജൻ പിറന്നിരിക്കുന്നു. ഔസേഫ് എന്നവൻ നാമ കരണം ചെയ്യപ്പെട്ടിരിക്കുന്നു. അസ്ഥികൾ നുറുക്കുന്ന ഭവനവേല കൾക്കിടയിൽ കുഞ്ഞിനെ പോറ്റാൻ വിഷമിക്കുകയാണ് താണ്ട. അതി നാൽ കുഞ്ഞനുജന്റെ മേൽനോട്ടം ത്രേസ്യ സ്വയം ഏറ്റെടുത്തു. അവ നിപ്പോൾ ഉറങ്ങുകയാണ്. അപ്പോഴേക്കും ഗൃഹാങ്കണത്തിൽ സതീ ർത്ഥ്യരും സമപ്രായക്കാരുമായ മൂന്നുപേരെത്തി. കരുമാലിക്കൽ പച്ച വാറുണ്ണിയുടെ മകൾ റോസ, മാളിയേക്കൽ കൂനൻ ഇട്ടീരായുടെ പുത്രി കൊച്ചുമറിയം, മാളിയേക്കൽ കൂനൻ കുഞ്ഞുവറീതിന്റെ മകൾ താണ്ട എന്നിവർ. കളിരിയിൽ മിടുക്കിയായ ത്രേസ്യയ്ക്കൊപ്പം അഭിമാന ത്തോടെ നിലകൊണ്ടവർ. അസൂയാലുക്കളുടെ പരിഹാസവിളികളിൽ ത്രേസ്യയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചവർ. പക്ഷെ, ത്രേസ്യക്ക് പ്രശം സകളല്ല ആക്ഷേപങ്ങൾ തന്നെയാണ് വേണ്ടതെന്നവർ തിരിച്ചറിഞ്ഞു.

അപ്പൻ കുഞ്ഞിത്തോമൻ ആളുകൾ കൂടുമ്പോൾ ത്രേസ്യയെ ശ്ലാഘിച്ചു സംസാരിക്കും. ഈ പുകഴ്ത്തലാണവൾക്ക് അസഹ്യം. ക്ഷണത്തിൽ അവൾ അനിഷ്ടമായതെന്തെങ്കിലും കാട്ടിക്കൂട്ടും. താനൊരു കൊള്ളരുതാത്തവളാണെന്നു മാത്രമെ ഏവരും കരുതാവൂ എന്നവൾക്കു നിഷ്ഠയുള്ളതുപോലെ.

കൂട്ടുകാരികൾ എത്തിയതു വെറുതെയല്ല. പള്ളിയിലെ അൾത്താര യിലേക്കുള്ള പൂക്കൾ എത്തിക്കുന്ന ദൗത്യം ത്രേസ്യയ്ക്കാണ്. അൾത്താ രയിൽ കാലുകുത്താൻ മാതൃകാബാലകരെ മാത്രമെ പൗലോസച്ചൻ അനുവദിക്കുകയുള്ളൂ. പൂക്കളിറുത്ത് ഈശോയുടെ ബലിവേദി അല ങ്കൃതമാക്കാനുള്ള ത്രേസ്യയുടെ ഉത്സാഹത്തിനു മുമ്പിൽ ശങ്കചിന്ത വേണ്ടിവന്നില്ല, വികാരിയച്ചന്.

പൂക്കളിറുക്കുന്നത് കിഴക്കൻ മലങ്കാട്ടിൽ നിന്നാണ്. ഇക്കാര്യത്തിൽ അവളെ സഹായിക്കാനാണ് കൂട്ടുകാരിയുടെ വരവ്. അനുജന്റെ കാര്യം മറിയംകുട്ടിയെ ഏൽപ്പിച്ച് ത്രേസ്യ പൂവട്ടിയുമായി ഇറങ്ങി.

വിസ്തൃത വയലേലയുടെ അരികു ചേർന്നു നീളുന്ന ഒറ്റയടിപാത യിലൂടെ നടന്നു. വിളഞ്ഞുപഴുത്ത കതിർക്കുലകൾ നിറഞ്ഞ

www.malankaralibrary.com

www.malankaralibrary.com



നെൽപ്പാടം. മുശിയും വരാലും പരൽമീനും പുളയ്ക്കുന്ന കുളിർത്തോടുകൾ. നെടുമാമരങ്ങളും നികുഞ്ജങ്ങളും മുഖം നോക്കുന്ന പ്രകൃതിയുടെ കണ്ണാടിയായി ചെറുകുളങ്ങളും. പക്ഷേ, പ്രപഞ്ചത്തിന്റെ മുഖസൗന്ദര്യത്തിൽ ത്രേസ്യയുടെ മിഴികൾ ഉടക്കുന്നില്ല. വേനൽച്ചൂടിൽ വീശിത്തണുപ്പിക്കുന്ന ഇളംകാറ്റിനോടവൾക്ക് പ്രിയം തോന്നിയുമില്ല. ചൂടും വിശപ്പും പരിഹാസവും പൈദാഹവുംമൊക്കെയാണവൾക്കു ഹൃദ്യം. കാടുപിടിച്ച ഒരു ചെറുകുന്നിൽ അവൾ കയറിത്തുടങ്ങി. ആരും ഗൗനിക്കാത്ത കണ്ണാന്തളിയും കാക്കപ്പൂവും കല്ക്കിപ്പൂവും മുക്കുറ്റിയും തുമ്പയും പോലും അവൾ നുള്ളിക്കൂട്ടി. ചെടിച്ചട്ടിയിൽ പോറ്റുന്ന പരിഷ്ക്കാരപ്പൂക്കളേക്കാൾ നിസ്സാരങ്ങളായ ഈ കാട്ടുപൂക്കളാണ് ഈശോയ്ക്കു സ്വീകാര്യം എന്നവൾക്കുറപ്പുണ്ട്. അല്ലെങ്കിൽ തന്നെപ്പോലൊരു എളിയവളുടെ ജീവിതം ഈശ്വര സവിധത്തിൽ എങ്ങനെ പ്രിയങ്കരമാവും! ലോകദൃഷ്ടിയിൽ മുത്തിയും ദരിദ്രയും മദ്യപ പുത്രിയുമാണെങ്കിലെന്ത്? ലോകസ്രഷ്ടാവിന്റെ ദൃഷ്ടിയിൽ പ്രിയസുതയായിത്തീർന്നാൽ മാത്രം മതി തനിക്ക്.

മലകയറിക്കൊണ്ടിരിക്കേ സതീർത്ഥ്യരോടവൾ മറ്റൊരു മലയെപ്പറ്റി പ്രഘോഷിക്കുകയായിരുന്നു. തന്റെ ആത്മനാഥനെ കുരുശിൽത്തറച്ചുകൊന്ന ഗാഗുൽത്താമലയെപ്പറ്റി. അതു മൊഴിയുമ്പോൾ അവളുടെ മിഴികൾ നിറഞ്ഞൊഴുകുകയായിരുന്നു. കുരിശുപേറി മലകയറുന്ന ഈശോയുടെ പിന്നിൽ ജീവച്ഛവങ്ങളായി ചലിക്കുന്ന കന്യാമറിയവും മഗ്ദലനാമറിയവും വേറോനിക്കായുമൊക്കെയായി പരിണമിക്കുകയായിരുന്നു ഈ സതീർത്ഥ്യഗണം.

അതിനിടയിൽ കനത്ത ഒരു മുൾച്ചെടി ത്രേസ്യയുടെ കണ്ണിൽപ്പെട്ടു. അതിന്റെ ഭീതിദങ്ങളായ മുള്ളുകൾ അവളെ നോക്കി മന്ദഹസിക്കുകയല്ലേ? മാടിവിളിക്കുകയല്ലേ? ചരലും ഞെരിഞ്ഞിലും വിരിച്ച പായയിൽ കിടക്കാൻ കൊതിയ്ക്കുന്ന ത്രേസ്യയ്ക്ക് ഈ മുൾച്ചെടിയെ ഉപേക്ഷിക്കാനാവുമോ? അവൾ മുന്നോട്ടാഞ്ഞു. കൂർത്ത ദംഷ്ടകൾ നിറഞ്ഞ മുൾവടി ഒടിച്ചെടുത്തു.

"എന്തിനാ ത്രേസ്യാ ഈ മുൾക്കമ്പ്?" സതീർത്ഥ്യരുടെ ശങ്ക.

ഉടൻ അവൾ മറുപടികൊടുത്തു. നാവുകൊണ്ടല്ല, കർമ്മംകൊണ്ടു തന്നെ. മുൾവടി വലം കയ്യിലുയർത്തി ചുമൽ ലക്ഷ്യമാക്കി സ്വയം ആഞ്ഞൊരു അടി. വെളുത്ത കുഞ്ഞുടുപ്പിൽ ചുവന്ന നിണബിന്ദുക്കളുടെ ദീർഘ നിര!



"യ്യോ!" സ്നേഹിതർ ഭയന്നുപോയി. ത്രേസ്യ അവരെ ആശ്വസിപ്പിച്ചു.

"ഈശോ നമ്മുടെ പാപങ്ങൾക്കു പരിഹാരമായി എപ്പോഴും കുരിശിൽ കിടന്നു പിടയുകയാണ്. ആ വേദന നമ്മളാണു കുറച്ചുകൊടുക്കേണ്ടത്. സഹനത്തിലൂടെയേ അതു സാധിക്കൂ."

കൂട്ടുകാരികൾ മിഴിച്ചുനിന്നു.

പൂക്കൾ തുളുമ്പിയ ചൂരൽച്ചെപ്പുമായി ത്രേസ്യ കുന്നിറങ്ങി. വീട്ടിൽ കയറിയില്ല. തെക്കോട്ടുള്ള വഴിയിലൂടെ നടന്നു. പള്ളിയാണു ലക്ഷ്യം.

വീടിനടുത്താണു പള്ളി. ജീർണ്ണിച്ച പള്ളിയുടെ വിശാലാങ്കണത്തിൽ അവൾ ഓടിയെത്തി. വികാരിയായ പൗലോസച്ചൻ പടിഞ്ഞാറെ കൽപ്പടവിൽ വായനയിൽ ലയിച്ചമരുന്നു. പള്ളിയുടെ വിശരിയായി വിസ്തൃത നെൽപ്പാടത്തു നിന്നെത്തുന്ന ശീതക്കാറ്റിൽ അദ്ദേഹത്തിന്റെ വെള്ളക്കുപ്പായവും പുസ്തകതാളുകളും ഇളകിപ്പറക്കുന്നു.

അച്ചനെ കാണുമ്പോഴെല്ലാം അവൾ ഓടി അടുത്തെത്തും. താമരമൊട്ടുപോലുള്ള കൂപ്പുകൈ അവൾ സമർപ്പിക്കും. "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്നുമൊഴിയും. അചന്റെ അനുഗ്രഹസ്പർശത്തിൽ അവൾ ആനന്ദിക്കും. ആ നില്പിൽ തൊഴുതപേക്ഷിക്കാൻ കുറേനാളുകളായി അവൾക്കൊരു വിഷയമുണ്ടായിരുന്നു.

"എനിക്കു കുമ്പസാരിക്കണം അച്ചോ" പക്ഷെ, മറുപടി ഒരുക്കിലും അവൾക്കനുകൂലമായിരുന്നില്ല.

"നീ കൊച്ചുകുട്ടിയല്ലേ മോളെ. പന്ത്രണ്ടു വയസ്സാകട്ടെ അപ്പോൾ കുമ്പസാരിക്കാം."

"അങ്ങനെ പറഞ്ഞെന്നെ ഉപേക്ഷിക്കരുതേ അച്ചോ." അവൾ നെഞ്ചുരുകിക്കേണു. അവളുടെ അനന്യസിദ്ധമായ ദൈവിക ദാഹമറിഞ്ഞ് അച്ചൻ ആശ്ചര്യപ്പെട്ട നിമിഷം. അപ്പോഴും അവളുടെ തളിരധരങ്ങളിൽ നിന്നും പുണ്യപദാവലികളുടെ നറുമലരുകൾ പൊഴിഞ്ഞുകൊണ്ടിരുന്നു.

ആത്മാവിന്റെ ദാഹത്താൽ അവൾ പരവശയായിത്തീർന്നു. അമ്മയും സഹായത്തിനെത്തി. പല വൈദികരുടേയും മുമ്പിൽ ചെന്ന് മകൾക്കു വേണ്ടി യാചിച്ചു. അവർ ആശ്വസിപ്പിച്ചു.

"കുമ്പസാരത്തിനുള്ള സമയം ദൈവം തന്നെ നിശ്ചയിച്ചുതരും. കുഞ്ഞ് പ്രാർത്ഥിച്ച് ഒരുങ്ങിയിരുന്നുകൊള്ളുക."

www.malankaralibrary.com

www.malankaralibrary.com



"എന്റെ കർത്താവേ , ആ സമയം ഇപ്പോൾത്തന്നെ ആകണമെ" ത്രേസ്യ മോഹിച്ചു.

ദൈവമനുഷ്യലയത്തിനായി എരിപൊരിക്കൊള്ളുന്ന ആത്മാവിന്റെ യാചനകൾക്കും വാദങ്ങൾക്കും മുമ്പിൽ പൗലോസച്ചൻ ഇങ്ങനെ ആരാഞ്ഞു.

"ആരാണു കുഞ്ഞേ ഇക്കാര്യങ്ങളെല്ലാം നിന്നെ പഠിപ്പിച്ചത്?' 'അമ്മ എന്നായിരിക്കും മറുപടി യെന്നു നിനച്ച വികാരിയച്ചൻ കേട്ടത്, മനോദൃഢതയുടെ ഈ മൃദുസ്വനം.

"ദൈവം തന്നെ."

# നാല്

രാത്രി, ഉറങ്ങാനുള്ളതാണോ? ഒരിക്കലും അല്ല; ത്രേസ്യയെ സംബന്ധിച്ച്. നിശ്ശബ്ദ നിശീഥിനിയിൽ ആത്മ രസനയാൽ ഈശോയുമായി സംസാരിച്ചിരിക്കാമല്ലോ. പ്രാണവേദനയുടെ പാരമ്യത്തിൽ നിന്നുയരുന്ന ക്രൂശിതന്റെ വിലാപം കേൾക്കാമല്ലോ. മനോദൃഷ്ടികളാൽ പീഡിതന്റെ കൊടുംയാതനാ വദനം ഇമയിളക്കാതെ നോക്കിക്കിടക്കാമല്ലോ.

ക്രൂശിൻ ചുവട്ടിൽ, അതിദാരുണമായ പീഡാസഹനത്തിനു മൂകസാക്ഷിയായി തളർന്നുകിടക്കുന്ന മാതാവിന്റെ പിഞ്ചിപ്പോയ നെഞ്ചും തനിക്കീ ഇരവിൽ മനനം ചെയ്യാമല്ലോ. രാപ്പകൽ ഉറക്കമില്ലാതെ കുരിശിൽ തറയ്ക്കപ്പെട്ട് തന്റെ പ്രാണനാഥൻ സഹനത്തിന്റെ മഹാപർവ്വമാകുമ്പോൾ ഇവൾക്കെങ്ങനെ മയങ്ങാനാവും?

കരങ്ങൾ വിരിച്ച് യാമങ്ങളോളം നിന്ന് കൊന്ത ചൊല്ലുമ്പോഴും അതിലേറെ പരിഹാരകർമ്മങ്ങൾക്കായി അവളുടെ മനം ത്രസിക്കുകയായിരുന്നു. ആത്മദണ്ഡന ബാഹുല്യത്താൽ മുൾവടി ഒടിഞ്ഞപ്പോൾ ഒരായുധം സ്വയം മെനഞ്ഞു; കയറു പിണച്ചുള്ള ചാട്ട. ക്രൂര ഭടന്മാർ ഈശോയുടെ താരിളം മെയ്യിൽ ഭീകരതാഡനം ചെയ്ത ചാട്ട അവൾക്കും ഒഴിവാക്കാനാവില്ല. അതിന്റെ അടികളേറ്റ് പുളഞ്ഞാനന്ദിക്കുകയാണവൾ.

വീട്ടുകാരുടെ ഉച്ചസ്ഥായിയായ ശ്വസനശബ്ദത്തെയും അതിരുകടക്കുന്ന മൂളലോടെ ചാട്ടവാർ പലതവണ ഉയർന്നുതാണു. തന്റെ കർമ്മാനുശഷ്ഠാനങ്ങൾ ആർക്കും സ്വൈരതടസ്സമാകാതിരിക്കാനാണ് അമ്മയുടെ മുറിയിൽ നിന്നും ഈ ചെറിയ മുറിയിലേക്ക് കിടപ്പു മാറ്റിയതു തന്നെ. പക്ഷേ, സ്വരം കേട്ട് അമ്മ ഉണർന്നു. ജനൽ തുറന്നു നോക്കി അമ്മ നേരം ഗണിച്ചു. സകലരും സുഖസുഷുപ്തിയാലാഴേണ്ട നേരം . മകളുടെ മുറിയിൽ മൺവിളക്കിന്റെ അരണ്ടവെട്ടംകണ്ട് അമ്മ സ്വയം പറഞ്ഞു.

"ഇവൾക്കിന്നും ഉറക്കമില്ലേ!"

പനമ്പു കതകുതള്ളി അമ്മ അവളുടെ മുറിയിലെത്തി. ചരലും സ്ഫടിക ചീളുകളും മുള്ളും നിരത്തിയ പായ, അതിൽ മുട്ടുകുത്തി.

www.malankaralibrary.com

www.malankaralibrary.com



ഒരു കയ്യിൽ കൊന്തയും മറുകയ്യിൽ ചമ്മട്ടിയുമായി നിൽക്കുകയാണ് ത്രേസ്യ.

"മോളേ!" പരിഭ്രമാധിക്യത്താൽ വിളിച്ചുപോയി. അവൾ നാകലോകത്തുനിന്നും ഭൂമിയിൽ തിരിച്ചെത്തി; കൺതുറന്നു. ഖിന്നയായ അമ്മ അവളെ അടിമുടിനോക്കി. ഉറക്കമൊഴിവാൽ നീരുപിടിച്ചു വീർത്ത കൺതടങ്ങൾ. എണ്ണപൂശാനോ ഒതുക്കി വയ്ക്കാനോ നിഷ്ഠയില്ലാതെ പാറുന്ന മുടിനാരുകൾ. ഞരമ്പെഴുന്ന് ശോഷിച്ച കൈകാലുകൾ; ചടച്ച ദേഹം.

ഈയിടെ ഇവൾ ദിനംതോറും ഒരു നേരത്തെ ഭക്ഷണമുപേക്ഷിച്ച് ഉപവസിക്കുകയുമാണല്ലോ. രാത്രിയിൽ ഉറക്കവുമില്ല. ഈ സ്ഥിതി തുടർന്നാൽ ഇവളെങ്ങനെ ജീവിക്കും! ഭ്രാന്തിയായിത്തീരില്ലേ! മരിച്ചുപോവില്ലേ!!

ഭയാശങ്കകളോടെ അമ്മ ശാസിച്ചു.

"ഞാനറിയുന്നില്ലെന്നു കരുതിയോ നിന്റെ ഈ ഉറക്കമിളപ്പ്? അതുകൊണ്ട് ഇനിമേലിൽ നീ രാത്രിയിൽ എന്റെ കൂടെ കിടന്നാൽ മതി." അമ്മയോടവൾ വിനയാന്വിതയായിപ്പറഞ്ഞു.

"അങ്ങനെ പറയരുതേ അമ്മേ. അമ്മയുടെ കൂടെ കിടന്നുറങ്ങേണ്ട പ്രായമാണോ എനിക്ക്?"

അവളെ ഇങ്ങനെ സ്വതന്ത്രയാക്കാൻ പക്ഷേ, അമ്മയ്ക്കാവില്ല. അതിനാൽ അമ്മ സ്വരമുയർത്തി.

"പറയുന്നതനുസരിച്ചോണം. ഞാൻ നിന്റെ തുണയല്ലേ?"

"ദയവായി ഇക്കാര്യത്തിൽ മാത്രം അമ്മ എന്നെ നിർബന്ധിക്കരുത്."

"എന്താ ഇതിൽ നിനക്കിത്ര വാശി?"

"എന്റെ ആത്മീയപിതാവ് പറഞ്ഞിട്ടുണ്ട് ഇനി ഞാൻ ഒറ്റയ്ക്കു കിടന്നാൽ മതിയെന്ന്." ആരാണ് ആത്മീയ പിതാവെന്നൊന്നും തിരക്കാൻ അമ്മ മിനക്കെട്ടില്ല. അതിനാൽ അവസാനം ഇങ്ങനെ പറഞ്ഞു.

"നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ. എന്നാൽ ഒരു കാര്യം; രാത്രിയിൽ നീ ഉറക്കമിളയ്ക്കരുത്."

ഇനിയെങ്കിലും മകൾ മറുത്തുപറയില്ലെന്നു കരുതിയ അമ്മയ്ക്കു വീണ്ടും പിഴച്ചു. അവൾ വിഷാദ തീവ്രതയോടെ ആരാഞ്ഞു.

"എന്നോടുറങ്ങണമെന്ന് അമ്മ പറഞ്ഞല്ലോ? നമ്മുടെ കർത്താവിന് ഉറക്കമുണ്ടായിരുന്നോ അമ്മേ?"



തൽക്ഷണം ചില തിരുവചനങ്ങൾ അമ്മയുടെ സ്മരണയിലുണർന്നു. മരണത്തോളം എന്റെ ആത്മാവു ദുഃഖാർദ്രമായിരിക്കുന്നു. എന്നോടൊപ്പം ഒരു മണിക്കൂറെങ്കിലും ഉണർന്നിരിക്കാൻ നിങ്ങൾക്കാവുമോ എന്ന് മരണത്തലേന്ന് സ്വശിഷ്യരോടു കേണുയാചിക്കുന്ന യേശു ഒരു വിഷാദഛവിയായി അമ്മയുടെ ഉള്ളിൽ പടർന്നു. യേശു നാഥന്റെ അപേക്ഷ നിരസിച്ച് ഗത്സമനിത്തോട്ടത്തിൽ കിടന്നുറങ്ങിപ്പോയ ശിഷ്യരുടെ കടമകൂടി ത്രേസ്യ ഏറ്റെടുക്കുകയാണെന്നു തോന്നിപ്പോകും.

തരളിതാത്മാവോടെ അമ്മ വിസ്മയിച്ചു.

"ആരാ മോളേ നിന്നെ ഈ യുക്തിയൊക്കെ പഠിപ്പിച്ചത്?"

ഞാനിനി നിന്നോടൊന്നും പറയാൻ നിൽക്കുന്നില്ല. നിഗൂഢതകളുടെ നിലയമായ മകളെ തനിച്ചാക്കി താണ്ട മുറിവിട്ടിറങ്ങി.

അമ്മയുടെ ഊഹം പിഴച്ചില്ല. കഠിനതപോനിഷ്ടകൾ അവളുടെ ദേഹ സ്വാസ്ഥ്യത്തെ തകർക്കുകയായിരുന്നു.

ജ്വരത്തിന്റെ ലക്ഷണം. കനൽപോലെ ചൂടാർന്ന ഉടൽ. നിലയ്ക്കാത്ത വിറയൽ. ജലപാനംപോലും വയ്യ. മിഴികൾ ഉറയ്ക്കാതെ മറിഞ്ഞുരുളുന്നു.

അമ്മയുടെ ആധി പെരുകി. സർവ്വകാര്യങ്ങളിലും അമ്മയുടെ കൈകൾ ചലിക്കണം. പറമ്പുതരിശ്ശായിക്കിടക്കുകയാണ്. രണ്ടു പണിക്കാരെ നിർത്തി അതൊന്നും കൊത്തിക്കിളച്ച് വല്ലതും നട്ടാൽ വീട്ടുവകയ്ക്കുള്ളതെങ്കിലും കിട്ടും. പക്ഷേ ഇതൊക്കെ ആശിക്കാനല്ലാതെ താണ്ട ഒറ്റയ്ക്ക് എന്തു ചെയ്യാൻ!

ത്രേസ്യ പറഞ്ഞു.

"എനിക്കൊരു മരുന്നും വേണ്ടാ. ഞാനിപ്പോൾ മരിച്ചുപോവുകയൊന്നുമില്ല. ഇതു ദൈവം തന്നതാണ്. ദൈവം തന്നെ മാറ്റിക്കൊള്ളും." എങ്കിലും അമ്മയ്ക്ക് അടങ്ങിയിരിക്കാനാവുമോ? തനിക്കാവും വിധം മകളെ ശുശ്രൂഷിക്കുകയാണ്. അറിയാവുന്ന മരുന്നുകളെല്ലാം നൽകി. നില വഷളാവുകയാണ്. വേഗം വൈദ്യനെ വരുത്തി. അയാൾ ചികിത്സിക്കാമെന്നേറ്റു. പക്ഷേ ഏറെ പണചെലവുണ്ടാകും. ഈ സ്ഥിതിയിൽ താണ്ട നിസ്സഹായ.

www.malankaralibrary.com

www.malankaralibrary.com



അവളുടെ ഉള്ളിൽ ഒരു പരിഹാരമുദിച്ചു. സ്വന്തം തറവാട്ടിലേക്ക് അവളെ കൊണ്ടുപോവുക. പണം അവിടൊരു പ്രശ്നമല്ല. ഉദാരമതികളായ അപ്പനും ആങ്ങളയും അവളെ ശ്രദ്ധിച്ചുകൊള്ളും.

അങ്ങനെ അവർ യാത്രയായി, ഇരുപതു മൈൽ ദൂരത്തുള്ള കാലടിക്കടുത്തുള്ള തുറവൂർ മംഗലിത്തറവാട്ടിലേക്ക്. കുണ്ടുവഴികളിലൂടെയുള്ള ക്ലിഷ്ട ദീർഘമായ കാളവണ്ടിയാത്ര മൂലം ത്രേസ്യയുടെ ക്ഷീണമിരട്ടിച്ചു.

മംഗലിത്തറവാട്ടിന്റെ നടുമുറ്റത്തു വന്നുനിന്ന കാളവണ്ടിയിൽ നിന്നും അവളെ താങ്ങിയെടുക്കാൻ ഓടിയെത്തിയവർ വല്യപ്പനും താണ്ടയുടെ ആങ്ങളയായ ഔസേപ്പും അയാളുടെ മക്കൾ കുരിയപ്പുവും വർക്കിയും മറ്റും. അവർ അവളെ താങ്ങിയെടുത്ത് മുറിക്കുള്ളിലെ പശുപശുത്ത കട്ടിലിൽ കിടത്തി.

ത്രേസ്യയെ അമ്മ വീട്ടുകാർ കണ്ടിട്ട് ഏറെക്കാലമായി. പണത്തിനു വേണ്ടി താണ്ട ഇവിടെ പലപ്പോഴും വന്നിരുന്നു. പക്ഷെ കൂടെ വരാൻ നിർബ്ബന്ധിച്ചിട്ടും ത്രേസ്യ വഴിപ്പെട്ടില്ല. കാരണം മംഗലിവീട്ടിൽ കഴിക്കാൻ രുചിയേറിയ അനേക തരം ഭക്ഷണവിഭവങ്ങളുണ്ട്. കിടക്കാൻ സുഖകരമായ മെത്തയുണ്ട്. ഇതൊന്നും അവൾക്കു പിടിക്കില്ല. സുഖത്തിൽ നിന്നും സ്വസ്ഥതകളിൽ നിന്നും രുചിയിൽ നിന്നും ഉറക്കത്തിൽ നിന്നുമെല്ലാം ഓടിയൊളിക്കാൻ ബദ്ധപ്പെടുകയാണവൾ. അതിനാലാണ് ഉറ്റവരുടെ വിവാഹാഘോഷങ്ങളിൽപോലും പോകാതിരുന്നത്. മേൽത്തരം ഉടയാടകൾ ഉപേക്ഷിച്ചത്. വീട്ടുകാരും ബന്ധുക്കളും സതീർത്ഥ്യരുമെല്ലാം ഇക്കാര്യത്തിൽ തന്നെ വെറുക്കുന്നുണ്ടാവും. കൂടെപ്പിറപ്പുകളോടു പ്രിയമില്ലാത്തവൾ എന്ന ദുഷ്പേരു സ്വന്തമായിട്ടുമുണ്ടാവും. എന്നാൽ ഈ അകൽച്ചകളെല്ലാം സകലലോകബാന്ധവനായ ഈശോയിലേക്ക് സർവ്വരെയും അടുപ്പിക്കുവാനുള്ള എളിയ ശ്രമമാണെന്ന് ആരും അറിയുന്നില്ലല്ലോ! അതാണവളുടെ ദുഃഖം.

വൈദ്യന്റെ മേൽനോട്ടത്തിൽ വേലക്കാർ മരുന്നു കൊത്തിയരിഞ്ഞു കഷായക്കലത്തിലാക്കി. ചികിത്സയാരംഭിച്ചു. ഏതു ജ്വരവും അജീർണ്ണതയും ശമിപ്പിക്കുവാനുള്ള സിദ്ധൗഷധക്കൂട്ട്. പക്ഷേ, യാതൊരു ഫലവും കാണുന്നില്ല. വിഖ്യാത വൈദ്യന്റെ ജീവിതത്തിൽ ഇങ്ങനൊരനുഭവം ആദ്യത്തേത്.

ത്രേസ്യ പഴയനിർദ്ദേശം ആവർത്തിച്ചു.

"ഞാൻ പറഞ്ഞില്ലേ അമ്മേ, എന്റെ ദീനം ദൈവം മാററും. ഈ ചികിത്സ ഒന്ന് അവസാനിപ്പിച്ചാൽ മാത്രം മതി." അനിഷ്ടത്തോടെ വീട്ടുകാർ പറഞ്ഞു.



"സ്വയം നശിക്കാൻ നിശ്ചയിച്ചാൽ പിന്നെന്തുചെയ്യും?

എന്നാൽ നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ. ചികിത്സ നിർത്തിയേക്കാം."

ത്രേസ്യ പുഞ്ചിരിച്ചു. ദൈവം അവിടുത്തെ ഭുജത്തിന്റെ ശക്തി ഇവരുടെ മുമ്പിൽ വച്ചുതന്നെ പ്രകടിപ്പിക്കുമെന്നവൾക്കുറപ്പുണ്ട്. അതു തന്നെ സംഭവിച്ചു.

ക്ഷീണം മാറിത്തുടങ്ങി. ഭക്ഷണം കഴിക്കാമെന്നായി. എഴുന്നേറ്റ് നടക്കാനും കഴിഞ്ഞു. എങ്കിലും ദേഹം പുഷ്ടിപ്പെടാൻ കുറച്ച് നെയ്യ് വൈദ്യനിൽ നിന്നും അമ്മ വാങ്ങി വച്ചു. അതുകഴിക്കാൻ അമ്മയുടെ നിർബ്ബന്ധം വീണ്ടും. 'അനുസരണം കെട്ടവൾ' എന്നു പറയിപ്പിക്കാതിരിക്കാൻ തൽക്കാലം അമ്മയ്ക്കു കീഴ് വഴങ്ങി.

നെയ്സേവയുടെ നാലുദിനങ്ങൾ കഴിഞ്ഞതേയുള്ളൂ. താമസിയാതെ ഫലം കണ്ടുകയും ചെയ്തു. വിപരീതഫലം! വീണ്ടും പഴയ രോഗത്തിന്റെ അസ്വാസ്ഥ്യലക്ഷണങ്ങൾ. പരിഭ്രാന്തമുഖങ്ങൾനോക്കി ത്രേസ്യ തുറന്നു പറഞ്ഞു.

"ഞാൻ മരിച്ചുപോയിരുന്നെങ്കിൽ ചികിത്സിക്കാൻ പറ്റുമായിരുന്നോ? ദൈവമാണ് എന്റെ ദീനം മാറ്റിത്തന്നത്; അല്ലാതെ മരുന്നല്ല എന്നിട്ടും നിങ്ങളെല്ലാം അതു മനസ്സിലാക്കാതെ മരുന്നിൽ ആശ്രയിച്ചു. നെയ്യ് കുടിപ്പിച്ചു. ദൈവ വിരോധം കാണിച്ചു. ഇനിമേലിൽ എനിക്കുള്ള മരുന്ന് ദൈവശരണം മാത്രമാണ്. കേട്ടോ അമ്മേ..."

അമ്മ കട്ടിലിലേക്കു ചാഞ്ഞ് മകളെ കെട്ടിപ്പിടിച്ചു കേണു.

"ന്റെ കുഞ്ഞേ, നിന്റെ ഈ ധൈര്യം അമ്മയ്ക്കില്ലാതെ പോയല്ലോ,"

www.malankaralibrary.com

www.malankaralibrary.com

## അഞ്ച്

വിശപ്പു സഹിക്കാൻ വയ്യ. ദാഹത്താൽ എരിപൊരിക്കൊള്ളുകയാണ്. മാംസം കഴിക്കാനാണ് വിശപ്പ്. വെറുക്കപ്പെട്ട അറവുശാലയിലെ മൃഗമാംസമല്ല ത്രേസ്യയെ സംബന്ധിച്ച് ഭക്ഷ്യം. ഈശോയുടെ തിരുശരീരമായി രൂപാന്തരപ്പെടുന്ന പരിശുദ്ധ കുർബ്ബാനയാണവൾക്കു വേണ്ടത്. വിശ്വ രക്ഷാർത്ഥം ക്രൂശിതൻ ചിന്തിയ ചോരത്തുള്ളികളായി പരിണമിക്കുന്ന മുന്തിരിച്ചാറാണവൾക്കനിവാര്യം. ആറാം വയസ്സുമുതൽ കൊതിക്കുകയാണിവയ്ക്കായി. പക്ഷേ, ആരും അനുവദിക്കുന്നില്ല. പ്രായമില്ല എന്ന ന്യായം ചൊല്ലി വൈദികർ തിരിച്ചയയ്ക്കുകയാണ്. പ്രാണപ്രിയനായ ഈശോയെ ഭക്ഷ്യപാനീയങ്ങളായി ആവാഹിക്കുന്നതുവരെ അവൾക്കാശ്വാസമില്ല. പോയ നാലാണ്ടുകളായി ഈ ഒരാശ്വസത്തിനായി നോമ്പുനോറ്റുകഴിയുകയായിരുന്നു. ഇനി കാത്തിരിക്കുക വയ്യ. പൗലോസച്ചനെ കണ്ടു സങ്കടം പറഞ്ഞു. അവളുടെ കുമ്പസാരക്കാരൻ അദ്ദേഹമാണല്ലോ. ആദ്യകുമ്പസാരത്തിനുശേഷം മാസംതോറും അവളെ അദ്ദേഹം കുമ്പസാരിപ്പിക്കുമായിരുന്നു. എന്നാൽ പത്താംവയസ്സിൽ ദിവ്യഭക്ഷണം നൽകാൻ സഭാനിയമം അനുവദിക്കുന്നില്ല. പൗലോസച്ചൻ അവളെ ആശ്വസിപ്പിച്ചു.

"രണ്ടു കൊല്ലം കൂടി കാത്തിരുന്നേ പറ്റൂ. പന്ത്രണ്ടു വയസ്സാകാതെ വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ പാടില്ല."

സഭാ നിയമം അതാണ്. ആൺകുട്ടികൾക്കു പതിന്നാലും പെൺകുട്ടികൾക്കു പന്ത്രണ്ടും. വയസ്സെത്താതെ ഈ കൂദാശ കൈക്കൊള്ളാനാവില്ല.

അന്നു രാവിൽ കണ്ണീർപ്രാർത്ഥനയിൽ അവൾ മുങ്ങിനിന്നു. ഉള്ളിലൊരു പോവഴി തെളിഞ്ഞു. നാലുമൈൽ ദൂരെയുള്ള അമ്പഴക്കാട്ടു കൊവേന്തയിലേക്കു പോവുക. അവിടെ വൈദികരുണ്ട്. സന്യാസവൈദികർ. അവരുടെ മുമ്പിൽ തന്റെ പരിദേവനങ്ങൾ സ്വീകാര്യമാകാതിരിക്കില്ല.

എന്നാൽ വഴിയറിയില്ല. അമ്പഴക്കാട്ട് ആശ്രമത്തെപ്പറ്റി അമ്മയിൽ നിന്നും കേട്ടിട്ടേയുള്ളൂ. അമ്മ കരഞ്ഞു പാടാറുള്ള പുത്തൻപാനയുടെ കർത്താവ് അർണ്ണോസുപാതിരി സംസ്കൃതം പഠിച്ചത് അമ്പഴക്കാട്ട്



കർമ്മലീത്ത ആശ്രമത്തിൽ പാർത്തുകൊണ്ടായിരുന്നു. അത്രമേൽ പഴക്കമുള്ള സന്യാസ നിലയമാണത്.

അതിരാവിലെ അവൾ അമ്മയെ ഉണർത്തി, കാര്യമുണർത്തിച്ചു. വീട്ടുവേലകളുടെ തിരക്കുണ്ടെങ്കിലും മകളുടെ അപേക്ഷകേട്ട് അമ്പഴക്കാട്ടേക്കുപോകാൻ താണ്ട തയ്യാറായി.

നേരം പുലർന്നപ്പോഴേക്കും അമ്പഴക്കാട്ട് എത്തി. ആശ്രമം എവിടെയെന്ന് അമ്മയ്ക്കറിയാം. ഈശോയുടെ പിറവിത്തിരുന്നാളിനോടനുബന്ധിച്ചുള്ള ഇരുപത്തഞ്ചു നോമ്പിൽ ആണ്ടുതോറും നാല്പതു മണി ആരാധന ഇവിടെ നടത്തപ്പെടുന്നുണ്ടല്ലോ. പലപ്പോഴും താണ്ടയും അതിൽ പങ്കെടുത്തിട്ടുണ്ട്.

നേരെ ആശ്രമത്തിലേക്ക്. സ്പെയിനിലെ ആവിലായിൽ പിറന്ന പരമവിശുദ്ധയായ അമ്മത്രേസ്യയുടെ നാമത്തിലുള്ള കർമ്മലീത്താ ആശ്രമമുറ്റത്തു നിന്നപ്പോൾ ത്രേസ്യയുടെ ഹൃദയം തരളിതമായി. നവീകരിക്കപ്പെട്ട കർമ്മലസഭയുടെ സ്ഥാപകയായ ആവിലായിലെ വലിയ ത്രേസ്യയെപ്പറ്റി ഓർത്തപ്പോൾ ആത്മാവു ധ്യാനലീനമായി. ആ സുകൃതിനിയുടെ നാമധാരണിയല്ലോ താൻ! അവൾ ആത്മഹർഷമണിഞ്ഞു.

ചരടുവലിച്ച് ഓട്ടുമണിമുഴക്കി.

പ്രാതൽ കഴിച്ചുകൊണ്ടിരുന്ന വൈദിക സന്യസി പുറത്തുവന്നു. കനത്ത വെള്ളച്ചരടിൽ അരകെട്ടിയ, കാപ്പിപ്പൊടിനിറമുള്ള നീണ്ടകുപ്പായം ധരിച്ച ഒരു വൃദ്ധ പുരോഹിതൻ.

"ന്താ മക്കളേ?"

അമ്മ വിവരം പറഞ്ഞു.

ദീർഘനടത്തയിൽ വിയർത്തുക്ഷീണിച്ചവശരായ അവരോട് അച്ചൻ പറഞ്ഞു.

"നിങ്ങൾ മുഖംകഴുകി വന്നു പ്രാതൽ കഴിക്ക്." പിന്നെ നമുക്ക് ചിന്തിക്കാം."

അതിനുള്ള മറുപടി ത്രേസ്യയുടേത്.

"ക്ഷമിക്കണമച്ചോ. യേശുവിനെ സ്വീകരിക്കുന്നതുവരെ എനിക്കു പവാസമാണ്."

ആ ബാലികയുടെ ദൃഢമൊഴിയിൽ അച്ചൻ വിസ്മയിച്ചു നിന്നു. ദേഹക്ഷീണം വകവയ്ക്കാതെ ആത്മാവിന്റെ വിശപ്പൊടുക്കുക എന്ന ഏകലക്ഷ്യത്തോടെ വന്നുനിൽക്കുന്ന ആ ചെറു ഭിക്ഷാംദേഹിയെ അദ്ദേഹം

www.malankaralibrary.com

www.malankaralibrary.com





വാഴ്ത്ത. മറിയം ത്രേസ്യ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച
അമ്പഴക്കാട് പള്ളി



ഉദ്വേഗത്തോടെ നോക്കി. പ്രാതൽ മുഴുമിക്കാതെ കൈകഴുകി അവളെ അരികിലണച്ച് അച്ചൻ പലതും ആരാഞ്ഞു.

മറുപടിയുടെ ഓരോപദത്തിലും വിശുദ്ധിയുടെ മുഴക്കമുണ്ടായിരുന്നു. അതൊരു കുമ്പസാരംതന്നെയായിരുന്നു.

അച്ചൻ അവളെയുംകൂട്ടി പള്ളിയിൽ കയറി. അവളുടെ നിത്യ വിശപ്പുശമിപ്പിക്കാനുള്ള പുറപ്പാടാണ്.

ത്രേസ്യ മെഴുകുതിരിപോലെ ദേവാലയത്തിന്റെ മൂലയിൽ നിന്നെരിഞ്ഞു. അവളുടെ കരളു തുടിക്കുകയാണ്. തിരുവസ്ത്രമണിഞ്ഞ് പുരോഹിതൻ അൾത്താരയിലേക്കു പദം വച്ചു. സക്രാരി തുറന്ന് കാസാപീലാസകളിൽ കുടിയിരിക്കുന്ന ഈശോയുടെ ശരീരവും രക്തവുമാകുന്ന അപ്പവും വീഞ്ഞും കരങ്ങളിലേന്തി മദ്ബഹായുടെ പടികളിറങ്ങി ത്രേസ്യയിലേക്ക് അടുക്കുകയാണച്ചൻ.

കാൽമുട്ടുകളിൽതന്നെ അവൾ മുന്നോട്ടിഴഞ്ഞ് നാവുനീട്ടി. ''നമ്മുടെ കർത്താവീശോ മിശിഹായുടെ തിരുശരീരം ഉത്തമ വശ്വാസിനിക്ക് പാപമോചനത്തിന് ഉതകട്ടെ'' അച്ചൻ പ്രാർത്ഥനാപൂർവ്വം നൽകി. അവളതു നാവിലേറ്റു അത് ഉള്ളിലേക്കവൾ ആവാഹിച്ചു.

ഒരതുല്യാനന്ദം ആത്മാവിൽ പതഞ്ഞുയരുകയാണ്. തന്റെ ആത്മനാഥനെ തൊട്ടറിഞ്ഞ ധന്യനിമിഷമാണിത്. ദൃശ്യവിസ്മയത്തിന്റെ മഹാനുഭൂതിയായിരുന്നു. പിന്നെ സത്യംസത്യമായി അവളിലേക്ക് ദൈവപുത്രൻ ഇറങ്ങിവന്നു. പണ്ട് കല്ലെടുത്തുമാറ്റി തന്റെ പുറത്തിരുന്ന് ആന കളിച്ച ഉണ്ണിയായ ഈശോ തന്നെ. ആത്മ ചക്ഷുസ്സിലല്ല തന്റെ നഗ്ന നേത്രങ്ങളിൽതന്നെയല്ലേ ഈ ദൃശ്യമഹിമ! കഴുത്തിൽ കരങ്ങൾ ചുറ്റിപ്പിടിച്ച് ഉടലിൽ തൂങ്ങിക്കിടക്കുകയാണ് ഉണ്ണി! കഴുത്തിൽ നിന്നും ഒരു കൈ അയച്ച് തന്റെ മൂക്കിലും കവിളിലും നെറ്റിത്തടത്തിലുമൊക്കെ തൊട്ടുതലോടി ഇക്കിളിപ്പെടുത്തുകയാണ്. ഉടലാകെ കോൾമയിരണിഞ്ഞു. വിനോദങ്ങളെ വെറുക്കുന്നതുകൊണ്ടാണോ അവാച്യമായ ഈ അനുഭൂതികളിലേക്ക് പ്രാണനാഥൻ ഇങ്ങനെ ആനയിക്കുന്നത്! മുടിച്ചുരുളുകളിൽ പേലവകരാംഗുലികൾ പിടിമുറുക്കി മേളിച്ചപ്പോൾ ഭാരം തീരെ കുറഞ്ഞ് വിണ്ണിലേക്ക് താൻ കരേറ്റപ്പെടുന്നതു പോലെ . ഇതാണു സ്വർഗ്ഗം; എന്റെ ആത്മനാഥന്റെ ഈ സാമിപ്യാവസ്ഥയാണെന്റെ സ്വർഗ്ഗം എന്നുറക്കെ വിളിച്ചുപറയണമെന്നുതോന്നി. പക്ഷേ, തങ്കപ്രഭ ചുഴ്ന്നു നിന്ന ആ ദിവ്യശിശു ഒരു മഴവില്ലുപോലെ സാവധാനം മാഞ്ഞുപോവുകയായിരുന്നു; ഉയിരിൽ അലിഞ്ഞുചേരുകയായിരുന്നു.

www.malankaralibrary.com

www.malankaralibrary.com

# ആറ്

ശയ്യാവലംബയായ അമ്മ; നിസ്സഹായതയുടെ കരിന്തിരികത്തുന്ന ദൈന്യമിഴികളോടെ കിടന്നു. മുറി നിറയെ ഉറ്റവർ. അകാലത്തിൽ ചിറ കൊടിഞ്ഞു വീണ തള്ളപ്രാവിന്റെ ചുറ്റും നിന്നുരുകുന്ന മക്കൾ. കയർക്കട്ടിലിന്റെ അരികിൽ നിരന്നു കരയുന്ന അവരെ മാറിമാറി നോക്കി വിതുമ്പുകയാണമ്മ.

മക്കളെല്ലാം വന്നുകഴിഞ്ഞു. ആദ്യപുത്രൻ പൊറിഞ്ചു മേലൂരിൽ നിന്നും വന്നു. കൂത്തോട്ടുങ്ങൽ തച്ചിൽ വീട്ടിൽ കെട്ടിച്ചുവിട്ട മറിയം കുട്ടിയും എത്തിയിട്ടുണ്ട്. മംഗലിത്തറവാട്ടിൽ നിന്നും ഒരു വില്ലുവണ്ടി നിറയെ ഉറ്റവരും.

ത്രേസ്യ, രണ്ടുവയസ്സു തികയാത്ത കുഞ്ഞനുജത്തി ഇറ്റ്യാനത്തെ മടിയിലേറ്റി അമ്മയുടെ കട്ടിൽത്തന്നെ ഇരിപ്പുണ്ട്. ആദ്യവിവാഹത്തിലെ ഏകപുത്രിയായ ഇട്ട്യാനവും ഞാറയ്ക്കൽ വാഴപ്പിള്ളി വീട്ടിൽ നിന്നു വന്നു.

ഇളകിമറിയുന്ന മിഴികളാൽ താണ്ട എല്ലാവരേയും ഒരിക്കൽ കൂടി നോക്കി . നോട്ടം നിശ്ചലമായത് ത്രേസ്യയിൽ. അമ്മയുടെ ചിന്തയിൽ തീപടർത്തുന്നത് ത്രേസ്യയെപ്പറ്റിയുള്ള ഓർമ്മകളാണ്, അവൾക്കിപ്പോൾ പ്രായം പതിന്നാല്. അവളുടെ ഈ പ്രായത്തിൽ താൻ വിവാഹിതയായി.

നല്ല ചില കല്യാണാലോചനകൾ ഇവൾക്കു വന്നതാണ്. എന്നാലവൾ സമ്മതിക്കേണ്ടേ! കല്യാണം എന്ന പദം കേൾക്കുമ്പോൾത്തന്നെ അവൾ തറപ്പിച്ചു പറയും,

“എന്റെ വിവാഹം എന്നേ കഴിഞ്ഞു.”

അതുകേട്ടു മിഴിച്ചു നിന്ന തന്നോടവൾ വ്യക്തമാക്കി;

എന്റെ മണവാളൻ ഈശോയാണമ്മേ. ഞാനാ മഹാപ്രഭുവിന്റെ മണവാട്ടിയാണ്. എന്റെ ഉടലും ഉയിരുമെല്ലാം ഞാനവിടുത്തെ തിരുമുമ്പിൽ സമർപ്പിച്ചുകഴിഞ്ഞു.”

ദൈവകുമാരന്റെ നെഞ്ചിൽ പറ്റിച്ചേർന്നിരിക്കാനുള്ള ഈ തപോകന്യകയുടെ ഉൽക്കടാവേശത്തിനു മുമ്പിൽ താൻ തോൽക്കുകയായിരുന്നു. എങ്കിലും അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ഇങ്ങനെ ഗുണദോഷിച്ചു.



“ഇപ്പോൾ നീ ഇതൊക്കെപ്പറയും. എന്നാൽ ഒരു കാലത്ത് നിന്നെ നോക്കാനും സംരക്ഷിക്കാനും ആരുമുണ്ടാകത്തില്ല.”

വീണ്ടും അവളുടെ ദൃഢമൊഴികളുയർന്നു.

“നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചാലും എന്റെ ആത്മ മാതാവ് എന്നെ ഉപേക്ഷിക്കുകയില്ല. ഇക്കാര്യത്തിൽ എനിക്കു വളരെയേറെ ഉറപ്പും ശരണവുമുണ്ടമ്മേ.”

അവളെ നോക്കിക്കിടക്കുമ്പോൾ അമ്മയുടെ ഉള്ളിൽ ഇങ്ങനെയുണരുന്നത് എത്രയോ ദീപ്തസ്മരണകൾ. അമ്മ കരഞ്ഞു. ഒട്ടിയ കവിളുകളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീര് ത്രേസ്യ കൈനീട്ടി തുടച്ചു.

അമ്മയുടെ അരികിൽ അവളീ ഇരിപ്പുതുടങ്ങിയിട്ട് ദിനരാത്രങ്ങൾ പലതായി. അഞ്ചുമക്കളെ പെറ്റുപോറ്റിയ അമ്മയാണ്. ഒരു കുടുംബത്തിന്റെ വലിയഭാരം ഒറ്റയ്ക്കു വഹിച്ച് തളർന്നു വീണവൾ. ഈ അമ്മയുടെ മടിത്തട്ടായിരുന്നു. ത്രേസ്യയുടെ പാഠശാല. അതിനാൽ അമ്മയെ എത്ര ശുശ്രൂഷിച്ചാലും അവൾക്കു മതിയാവുകയില്ല.

ഇറ്റ്യാനത്തെ പ്രസവിച്ചതോടെ ക്ഷീണിതയായി ഭക്ഷണമോ മരുന്നോ പരിരക്ഷയോ അറ്റുപോയ ദിനങ്ങൾ എന്നിട്ടും ഗൃഹജോലികളുടെ ഭാരച്ചുമടുകൾ തനിച്ചു പേറേണ്ടി വന്നു.ഒരേ ഒരു കൈത്താങ്ങ് ത്രേസ്യ മാത്രം. പൊള്ളുന്ന നെഞ്ചിൽ ഒരു തുള്ളി ഹിമജലമായിരുന്നു അവൾ.

“മോളേ... നാവുവരളുന്നു....” അമ്മയുടെ ഞരക്കം. കോട്ടിയ പ്ലാവിലയിൽ പൊടിയരിക്കഞ്ഞിവെള്ളം കോരി അമ്മയുടെ ചുണ്ടിലേക്കവൾ അടുപ്പിച്ചു. ചുണ്ടും നാവും ഒന്നു നനഞ്ഞുകാണും. പെട്ടെന്നു ശ്വസനതാളം മുറുകി. അസ്വാസ്ഥ്യം പെരുകി. അമ്മയുടെ ഇരുകരങ്ങളും ചേർത്തു അതിൽ തന്റെ ജപമാല അവൾ പിടിപ്പിച്ചു. പിന്നെ പ്രാർത്ഥിച്ചു;

“ഈശോ-മറിയം യൗസേപ്പേ, ഈ ആത്മാവിനു കൂട്ടായിരിക്കേണമേ.” മുറിയിലുള്ളവരെല്ലാം അതാവർത്തിച്ചുചൊല്ലി. എന്തോ പറയാൻ അമ്മയുടെ ചുണ്ടുകൾ വീണ്ടും തുടിച്ചു.

“ന്റെ ദൈവമേ..... എന്റെ കുഞ്ഞുമക്കളെ അങ്ങയെ ഞാനേൽപ്പി

www.malankaralibrary.com

www.malankaralibrary.com



ക്കുന്നു. പരിശുദ്ധഅമ്മേ, അവരെ നീ കാത്തുകൊള്ളണമേ.."

നാവിന്റെ സ്പന്ദനം നിലച്ചു. മിഴികളടഞ്ഞു. ദേഹം ചലനരഹിതവും. പറക്കമുറ്റാത്ത കുഞ്ഞങ്ങളെ കന്യാമറിയത്തിന്റെ കരങ്ങളിലേൽപ്പിച്ച് അമ്മയുടെ പ്രാണൻ പറന്നുപോയി. വിഹ്വലതയുടെ ഒരു നിമിഷം ത്രേസ്യയിൽ നിറഞ്ഞു. പെറ്റതള്ളയുടെ മരവിച്ച നെഞ്ചിലേക്കവൾ ചാഞ്ഞു. വാരിപ്പുണർന്നു. അടഞ്ഞ കണ്ണുകളിൽ ഒരുമ്മ. കണ്ണീർപ്പൂവർഷത്തിന്റെ ഒരു വിങ്ങിപ്പൊട്ടൽ. അലമുറയിടുന്നവരുടെ നടുവിൽ അവൾ പിന്നെ എഴുന്നേറ്റു. തന്റെ ചെറിയ മുറിയിൽ മൗനശില്പം പോലിരുന്നു. നൊമ്പരങ്ങളുടെ മഹാമൂർത്തിയായ കന്യാമറിയത്തിന്റെ ചിത്രത്തിൽ അവളുടെ നോട്ടം കത്തിനിന്നു. ദൈവമാതാവു തന്നെ നോക്കി ആശ്വസിപ്പിക്കുകയല്ലേ? ഒരു മഹാ സാന്ത്വനത്തിന്റെ മിഴിസ്പർശമായിത്തീരുകയല്ലേ ആ നോട്ടം. വെന്തുരുകിയ നെഞ്ചിൽ അതൊരു കുളിരായി. ചിറകറ്റുവീണ മാടപ്പിറാവിനു ചിറകു തരുന്ന മാന്ത്രിക സ്പർശമായിരുന്നില്ലേ ആ നോട്ടം. തകർച്ചകളിൽ നീട്ടപ്പെട്ട ശക്തഹസ്തമായ ആ ദിവ്യജനനിയുടെ മുമ്പിൽ ത്രേസ്യ തൊഴുതു. ക്രമേണ ഉള്ളിൽ ഒരു ദൃഢപ്രതിജ്ഞയുടെ മുഴക്കം.

"ഈശോയുടെ അമ്മേ, ഇനിമേൽ എന്റെ അമ്മ അവിടുന്നാണ്. എന്റെ അഭയവും ആശ്രയവും അവിടുന്നാണ്."

അന്നുമുതൽ ത്രേസ്യ ഈ അദൃശ്യ മാതാവിന്റെ ദൃശ്യസാന്നിദ്ധ്യം നുണയുകയായിരുന്നു. "പൊന്നുമോളേ" എന്ന മധുരവിളിയാൽ ഈ അമ്മ വാരിപ്പുണരുന്ന അനുഭവമായിരുന്നു.

പെറ്റമ്മയുടെ വിയോഗശൂന്യതയിലേക്കു ഒഴുകിനിറയുകയാണീ കന്യാമാതാവ്. ഒരു വ്യാഴവട്ടക്കാലം നീണ്ട കൊന്തജപസദ്യയുടെ സാഫല്യമല്ലേ ഈ അവതാരം! പെറ്റതള്ളയുടെ നെഞ്ചിലെ ചൂടും ചൂരും ഇനി നുകരുന്നത് ഈ പോറ്റമ്മയിലൂടെ. നാളെയുടെ ഞെരിഞ്ഞിൽപ്പാതകളിൽ പാദരക്ഷയാണീ പുണ്യമാതൃത്വം. സഹനത്തിന്റെ വെയിൽത്തീയിൽ തണൽക്കുടയും; തീമഴകളിൽ ആശ്വാസത്തിന്റെ കൂടാരവും. വീഴ്ചകളിൽ താങ്ങും പീഡാനുഭവങ്ങളുടെ അഗ്നിപ്പടർപ്പിൽ കുളിർജലത്തിന്റെ സമൃദ്ധധാരയും.

ഗൃഹാന്തരീക്ഷം കലുഷമാവുകയാണ്. ഇളയ ആങ്ങള ഔസേപ്പിന്റെ കല്യാണമാണ് പുതിയ പ്രശ്നങ്ങൾക്കു വഴിമരുന്നായത്. പുത്തൻചിറയിൽ തന്നെയുള്ള നങ്ങിണിവീട്ടിലെ റോസയാണ് ഔസേപ്പിലേക്ക് ചുറ്റിക്കയറിയത്. പക്ഷേ, ഒരു പിടി പണപ്രശ്നങ്ങളുടെ മുൾവള്ളിയാണ്



അതോടെ മങ്കിടിയാൻ കുടുംബത്തിന്റെ നെഞ്ചിൽ പടർന്ന് ചുറ്റിയത്. ദിനം പ്രതി ശണ്ഠ. സ്ഥലകാല പ്രജ്ഞയറ്റ് അന്തിയിൽ തിരിച്ചെത്തുന്ന അപ്പനും വഴക്കിന്റെ ചെളിക്കുണ്ടിൽ വീണുപുളയ്ക്കും. ഭയാനകതയുടെ രാപ്പകലുകൾ ത്രേസ്യയെ വിഹ്വലയാക്കി. ഏകാഗ്രത അന്യം നിന്ന പിൻമുറിയിൽ അവൾ ശോകമൂകയായി.

അതേസമയം ഋതുക്കൾ അവളെ മനോഹരിയാക്കുകയായിരുന്നു. യൗവനത്തിന്റെ മധുരഭാവങ്ങൾ അവളിൽ വർണ്ണചിത്രമെഴുതിക്കൊണ്ടിരുന്നു. യൗവനത്തിന്റെ ഈ നിറച്ചാർത്തുകാണാൻ അവളുടെ അക്ഷികൾക്കു പക്ഷേ ആകാംക്ഷയില്ല. കണ്ണാടിയുടെ മുമ്പിൽ ഒരിക്കൽപോലും സ്വവദനം നോക്കി നിന്നിട്ടില്ല. ആരെങ്കിലും തന്നെ ചൂണ്ടി "നല്ല ശാലീനയായ കുട്ടി " എന്നോ മറ്റോ പുകഴ്ത്തിയാൽ അവൾക്ക് ആധി വളരുകയായി. ഇടംകണ്ണിന് ജന്മനാലുള്ള ലേശം പൊരുത്തക്കേട് കൂടുതൽ വിരൂപമാക്കാനാവും അവളുടൻ ശ്രമിക്കുക.

ഇവൾക്കു കോങ്കണ്ണുണ്ടായിരുന്നോ!! എന്നവരെക്കൊണ്ടു ദുഷിപ്പിക്കുകയാണവളുടെ ലക്ഷ്യം. പ്രശംസയുടെ സ്പന്ദനംപോലും അവൾക്കരോചകമാണ്, ഭയാനകമാണ്. ലോകം മുഴുവൻ തന്നെ വെറുക്കുകയും ശപിക്കുകയും ചെയ്യുമ്പോഴാണവൾക്കാശ്വാസം. അവളുടെ ചുണ്ടിണയിൽ ഒരു ചെറുപുഞ്ചിരി വിരിയുന്നത് അപ്പോൾ മാത്രമാണ്.

വീട്ടിൽ ഇനി കഴിയാൻ വയ്യെന്ന വീർപ്പുമുട്ടലിൽ അവൾ ഞെരുങ്ങി. ഏകാഗ്രത അന്യം നിന്നുപോയി. ആരും സ്വസ്ഥത തരുന്നില്ല. ഈശോയെ വിളിച്ചുവരുത്തുവാൻ സാഹചര്യമില്ല. ഈശോയുടെ മധുരവാണികൾ കൊത്തിവിഴുങ്ങി ഹൃദയം നിറയ്ക്കാൻ കൊതിക്കുകയാണ്. ആ പ്രാണനാഥന്റെ കരതലത്തിൽ കിടന്ന് സ്വർഗ്ഗനിർവൃതിയിൽ ലയിക്കാൻ നെഞ്ചുപിടയ്ക്കുകയാണ്. എന്താണിതിനൊരു മാർഗ്ഗം? രാപ്പകൽ ചിന്തിച്ചു. ഒരു വെളിപാടിന്റെ നൂൽവെട്ടം പൊടുന്നനെ തിളങ്ങി.

"വീടു വിട്ടുപോവുക"

അതിനെപ്പറ്റി ഏറെയൊന്നും ആലോചിച്ചില്ല. കാരണം ഈശോയ്ക്കു നടുനിവർക്കാൻ ഒരു മൺത്തരിപോലും സ്വായത്തമായിരുന്നില്ല. അപ്പോൾ തനിക്കെന്തിന് വീടും കിടക്കയും! എവിടെയായാലും ഈശോയുടെ തിരുമുഖം തനിക്കു കണ്ടുകൊണ്ടിരിക്കണം. അവിടുന്നനുഭവിച്ച കൊടും യാതനകളുടെ ഒരംശമെങ്കിലും തനിക്കാസ്വദിക്കണം. അതുവഴി തന്റെ നാഥന്റെ അഴലെഴുന്ന ആഴിയിൽ ഒരു മുങ്ങാംകുഴിയിടണം. അതു മാത്രം മതി.

www.malankaralibrary.com

www.malankaralibrary.com



വീടുപേക്ഷിച്ചെവിടെപോകും എന്നായി പിന്നെ. ആവിലായിലെ അമ്മത്രേസ്യയുടെ പുണ്യജീവിതത്തിലേക്ക് മനസ്സുപറന്നെത്തി. തന്റെ നാമഹേതുകയായ അമ്മയുടെ ജിവിതം അനുവർത്തിക്കാനാണുത്സാഹം.

ആവിലായിലെ ത്രേസ്യയ്ക്കന്ന് ഏഴുവയസ്സ്. വീട്ടിൽ നിന്നവൾ ഒളിച്ചോടി. അന്വേഷിച്ചുചെന്ന ഇളയപ്പനോട് അവൾ സധൈര്യം പറഞ്ഞു.

"എനിക്കു ദൈവത്തെകാണണം. അതിനു മരിച്ചേപറ്റൂ എന്നെനിക്കറിയാം. മൂർദേശത്തുചെന്നാൽ രക്തസാക്ഷിയായി മരിക്കാം എന്നു കേട്ടിട്ടുണ്ട്. അങ്ങനെ എത്രയും വേഗം മരിച്ച് ദൈവത്തെ കാണാനായി കൊതിയോടെ ഇറങ്ങിയതാണു ഇളയപ്പാ"

എന്തായാലും വിജന സ്ഥലമാണു ത്രേസ്യയുടെയും ലക്ഷ്യം. കൊടുംവനത്തിൽ ആജീവനാന്തം കഴിഞ്ഞ തപസ്വികളെപ്പറ്റി കേട്ടിട്ടുണ്ട്. വനവാസം തന്റെ ലക്ഷ്യത്തിനും അനുയോജ്യം തന്നെ. അവിടെ കാട്ടുപഴങ്ങളും കിഴങ്ങുകളും കഴിക്കാമല്ലോ. പുഴവെള്ളം കുടിക്കാമല്ലോ. ഇനി അതൊന്നും കിട്ടിയില്ലെങ്കിൽത്തന്നെ പ്രയാസപ്പെടാനില്ല. മരണം തനിക്കു പരമസുഖമല്ലേ!

വീട്ടുവളപ്പിൽ നിന്നു കിഴക്കോട്ടു നോക്കിയാൽ വിദൂരതയിൽ രണ്ടു മലകൾ കാണാം. കൊടുംകാടുചൂഴ്ന്ന ഹരിതാഭമായ മലകൾ. വീട്ടിലെ വേലക്കാരിയായ വള്ളോത്തിയെ വിളിച്ച് ത്രേസ്യ തെരക്കി. വള്ളോത്തി പറഞ്ഞു.

"തമ്പാട്ടീ.... അതാണു കോടശ്ശേരിമലയും മലയാറ്റൂർ മലയും." അമ്മയുടെ ജന്മനാടായ കാലടി അടുത്താണു മലയാറ്റൂർമലയെന്നു ത്രേസ്യക്കറിയാം. അതിനാൽ പറഞ്ഞു.

"അപ്പോൾ പത്തിരുപതു മൈൽ ദൂരം കാണും അല്ലേ?"

"കാണും തമ്പാട്ടീ......"

വനവാസ മോഹവുമായി ത്രേസ്യ കാത്തിരുന്നു. പതിനഞ്ചുകൊല്ലം പാർത്ത വീടുപേക്ഷിക്കാൻ മടിയില്ല. എങ്കിലും നാലുവയസ്സുമാത്രം പ്രായമുള്ള ഇറ്റ്യാനത്തിനെ ആരുനോക്കും എന്നോർത്തു വിഷമിച്ചു. എങ്കിലും ദൈവം നോക്കികൊള്ളുമെന്നാശ്വസിച്ചു.

ഇനി തന്റെ തിരോധാനത്തെപ്പറ്റി ആരോടെങ്കിലും സൂചിപ്പിക്കേണ്ടേ? തന്റെ ഹൃദ്ഭാവങ്ങൾ പലപ്പോഴും പങ്കുവച്ചിട്ടുള്ള കൂട്ടുകാരികളോടു



തന്നെ പറയാനവൾ നിശ്ചയിച്ചു. അവർ എന്നും വീട്ടിലെത്തും. ഇവിടെ വന്ന് ആത്മീയ സാരഥിയായ ത്രേസ്യയോടൊപ്പമാണവർ പള്ളിയിൽ പോവുക. അൾത്താരപ്പൂക്കൾ നുള്ളിക്കൂട്ടാനും അയൽപക്കങ്ങളിലുള്ള രോഗാതുരരെ സന്ദർശിച്ചാശ്വസിപ്പിക്കാനും ത്രേസ്യ കാംക്ഷിച്ചിരുന്നതും ഇവരുടെ സാന്നിദ്ധ്യം തന്നെ.

അന്നും അവരെത്തി. പതിവില്ലാത്തൊരു പ്രസന്നതയും ഉത്സാഹചടുലതയും ത്രേസ്യയിൽ പൂത്തുനിന്നു ദൈവപുത്രന്റെ വിഷാദ ഭാവം സ്വ മുഖത്ത് പടർത്താൻ വെമ്പുന്ന ത്രേസ്യയുടെ ഭാവപ്പകർച്ചയിൽ സഹകാരിണികൾക്ക് ആശ്ചര്യം.

മാളിയേക്കൽ കൂനൻ താണ്ട ആരാഞ്ഞു.

"എന്താത്രേസ്യാ, നിനക്കിന്നിത്ര വലിയ ഉത്സാഹം?"

"വരു പറയാം"

പറമ്പിലെ ഓടൽപ്പടർപ്പിലേക്ക് അവളവരെ ആനയിച്ചു. മിഴികളടച്ച് ദൈവ മുഖം കാണാൻ അവരീ നികുഞ്ജത്തിലെ കൽത്തളത്തിൽ മിക്കവാറും ചെന്നിരിക്കാറുണ്ടല്ലോ.

ത്രേസ്യ സതീർത്ഥ്യരെ ചേർത്തു പിടിച്ചറിയിച്ചു.

"ഞാൻ നിങ്ങളോടു യാത്ര പറയുകയാണ്."

ഓർക്കാപ്പുറത്തേറ്റ അടിയായിരുന്നു അവർക്കത്. ത്രേസ്യ ഇല്ലാത്ത ഒരു ദിനത്തെപ്പറ്റി അവർക്കാലോചിക്കാൻ പോലും വയ്യ.

"നീ എങ്ങോട്ടു പോകുവാ?" ആശ്ചര്യ വിഷാദങ്ങളോടെ

മാളിയേക്കൽ കൂനൻ കൊച്ചുമറിയം തെരക്കി. ഒപ്പം കരുമാലിക്കൽ മറിയത്തിന്റെ പരിഭവവും.

"ഞങ്ങളെ പിരിയുന്നത്കൊണ്ടാണോ നിനക്കിത്ര വലിയ സന്തോഷം?"

"ഞാൻ പോകുന്നത് ഈശോയെ കൂടുതൽ തെളിമയോടെ കാണാനാണ്."

അതിന്റെ പൊരുളവർക്കു സുഗ്രഹമായില്ല.

ത്രേസ്യ എല്ലാം തുറന്നു പറഞ്ഞു.

"ഞങ്ങളും കൂടെ വരട്ടെ."

"വേണ്ട." ഏകാന്ത തപസ്സാണു ഞാനാശിക്കുന്നത്. എനിക്കൊത്തിരി സ്വകാര്യങ്ങൾ ഈശോയോട് പറയാനുണ്ട്. ഈശോയ്ക്കും

www.malankaralibrary.com

www.malankaralibrary.com



എന്നോടുപറയാൻ വളരെയേറെക്കാര്യങ്ങൾ കാണുമായിരിക്കും. അതു കൊണ്ട് നിങ്ങളീ പാപിനിയെ ഓർത്ത് ഇടമുറിയാതെ പ്രാർത്ഥിച്ചു കൊണ്ട് ഇവിടിരുന്നാൽ മതി.''

ഓടൽച്ചെടിക്കീഴിൽ നിന്നും അവർ പുറത്തുവന്നു. ഇറ്റ്യാനം ഓടി അവരുടെ അടുത്തെത്തി.

''നിന്റെ ചേട്ടത്തി കാട്ടിൽപ്പോയാൽ നിനക്കു സങ്കടമില്ലേ മോളേ? കൂട്ടുകാരികൾ അവളോടു തെരക്കി. ഇറ്റ്യാനം മിഴിച്ചുനിന്നു. കൂട്ടുകാരികൾ കാര്യങ്ങൾ വ്യക്തമാക്കി. അവൾ ഓടി വീട്ടിൽക്കടന്ന് ഈ സംഭ്രമ വാർത്തയുടെ ചുരുൾ നിവർത്തി.

അതറിഞ്ഞ് നാത്തൂൻ ശകാരമിഴികളോടെ ത്രേസ്യയെ നേരിട്ടു.

''മങ്കിടിയാൻ കുടുംബത്തിനു പണക്കുറവേ ഉള്ളൂ. അഭിമാനക്കുറവില്ല. അതും നശിപ്പിക്കാൻ ഓരോ വഴി കണ്ടുപിടിച്ചുകൊള്ളും. അപ്പൻ പണം തുലച്ചു. മോൾ അഭിമാനവും നശിപ്പിക്കാനാവും പുറപ്പാട്.'' പറമ്പിൽ വാഴയ്ക്കു തടമെടുത്തുനിന്ന ഔസേപ്പിന്റെ ചെവിയിൽ ഈ പരിഹാസം ചെന്നു തറച്ചു. ഭാര്യയുടെ അനിഷ്ടഭാവവും കൂടി കണ്ടപ്പോൾ അവൻ ശബ്ദിച്ചു.

''എന്താടീ കാര്യം?

''ദാ...... നിങ്ങളുടെ പുന്നാരപ്പെങ്ങൾ കാടുകേറാൻ പോകുന്നു. ദൈവത്തെ വിളിക്കാൻ കാട്ടിൽ പോയാലെ പറ്റൂ എന്നുണ്ടോ?''

ഒറ്റശ്വാസത്തിൽ റോസ പരിഭവിച്ചു.

പണിനിർത്തി ഔസേപ്പ് ഓടിവന്നു. കാര്യങ്ങളറിഞ്ഞു. നല്ല പല കല്യാണാലോചനകളും പെങ്ങൾക്കു വരുന്നുണ്ട് പക്ഷേ, പണക്കുറവു മൂലം ആലോചനകൾ ഉറയ്ക്കാതെ പിൻവാങ്ങുന്നു. ഒരു നെടുവീർപ്പോടെ അവൾ വീടിന്റെ മൺചുമരിൽ ചാഞ്ഞ് ഉൾമുറിയിലേക്കു നോക്കി നിന്നു. ഒരു മാലഖയെപ്പോലെ പ്രശാന്ത മുഖിയായ തന്റെ പെങ്ങൾ ഉമ്മറത്തേയ്ക്ക് ഇറങ്ങിവരികയാണ്. ഔസേപ്പിന്റെ രൗദ്രഭാവത്തെ ത്രേസ്യയുടെ നിർമ്മലത്വം ഒരു നിമിഷത്തേക്കെങ്കിലും ശാന്തമാക്കി. ഒരു ബാല്യകാലസംഭവത്തിന്റെ ഓർമ്മ അവനിൽ തികട്ടി.

ത്രേസ്യയുടെ കയ്യിലിൽ അന്നൊരു പരുവുണ്ടായി. അതു ക്രമേണ വളർന്നു. കരിഞ്ചിലന്തി പറ്റിയമാതിരി അതു പഴുത്തു വീർത്തു. നില വിളിച്ചു പോകുന്നത്ര വേദന. നിദ്ര നിശയിങ്കൽപ്പോലുമില്ലാതെയായി. ചെറുമുറിയിലെ പായയിൽ കിടന്നു ഞെളിപിരികൊണ്ടു.



അപ്പൻ നിർദ്ദേശിച്ചു.

''ഉമ്മറത്തുവന്നിരിക്ക് നല്ല കാറ്റുകിട്ടും.''

ത്രേസ്യ ഉമ്മറത്ത് വന്ന് കുരണ്ടിയിലിരുന്നു.

ഔസേപ്പും കൂട്ടുകാരും മുറ്റത്തു കല്ലേറുകളിക്കുകയായിരുന്നു. അവൻ ആഞ്ഞെറിഞ്ഞ ഒരു കരിങ്കൽചീള് സ്ഥാനം തെറ്റി വന്ന് തറച്ചത് ത്രേസ്യയുടെ പരുവിൽ. പ്രജ്ഞയറ്റു വീണുപോയി. വേഗം മുഖത്തു ജലം തളിച്ചു. പതുക്കെ അവൾ കണ്ണുതുറന്നു. മോഹാലസ്യം മാറി. അപാരവേദന കടിച്ചിറക്കിയിരുന്നു. കലിപൂണ്ട അപ്പൻ ഔസേപ്പിന ഓടിച്ചിട്ടു പിടിച്ചു. വലിച്ചിഴച്ച് ഉമ്മറത്തുകൊണ്ടുവന്നു. വാരിയിൽ തിരുകിയിരുന്ന കനത്തചൂരൽ വലിച്ചൂരി കയ്യിലുയർത്തി ആഞ്ഞു.

''അപ്പച്ചാ അടിക്കല്ലേ......'' ഉറക്കെ അപേക്ഷിച്ചതു ത്രേസ്യയായിരുന്നു. അവൾ തുടർന്നു.

അവനെ തല്ലിയാൽ എന്റെ വേദന കുറയുമോ അപ്പച്ചാ? അവനോടു ക്ഷമിക്കണമേ.'' ആറേഴു വയസ്സുമാത്രമുള്ള മകളുടെ ക്ഷമായാചന കേട്ട് അപ്പൻ അവനെ വെറുതെവിട്ടു.

നിഷേധിയും താന്തോന്നിയും വഴക്കാളിയുമൊക്കെയായി താൻ വളർന്നപ്പോഴും തനിക്കുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുകയായിരുന്നു ഈ പെങ്ങൾ എന്നവനറിയാം. അതോർത്ത് ഔസേപ്പ് ത്രേസ്യയുടെ മുമ്പിൽ ഒരു നിമിഷം മൗനിയായി. എങ്കിലും പറഞ്ഞു.

''പെങ്ങളേ, കാട്ടിലും മേട്ടിലുമൊന്നുംപോയി തുലയരുത്. കല്യാണാലോചനകൾ പലതും വരുന്നൊണ്ട്. അതുവരെ പേരുദോഷമൊന്നും കേപ്പിക്കരുതേ.''

www.malankaralibrary.com

www.malankaralibrary.com

# ഏഴ്

യുവത്വം തനിക്കൊരു ഭാരമാകാതിരിക്കട്ടെ. അതിനാലാണ് ആഭരണങ്ങൾ പണ്ടേ അഴിച്ചുമാറ്റിയത്. അമ്മ തന്റെ പ്രിയപുത്രിക്കു ബാല്യത്തിൽ സമ്മാനിച്ച കമ്മലും മാലയും തിരിച്ചറിവിന്റെ ആദ്യനാളിൽത്തന്നെ ഊരി തിരികെക്കൊടുത്തു. അമ്മ ചൊടിച്ചില്ല.

ദരിദ്രനായ ഈശോയുടെ പിന്നാലെ ഓടിയെത്താനുള്ള ബദ്ധപ്പാടിൽ എല്ലാ ഭാരവും അഴിച്ചെറിയുകയായിരുന്നല്ലോ അവൾ. യാതൊരു ആഘോഷങ്ങളിലും പങ്കെടുക്കുകയില്ല. കല്യാണാഘോഷങ്ങളിൽ തീരെയും. വിലയേറിയ ഉടയാടകൾ ആരുതന്നാലും നിരാകരിക്കും. അമ്മയുടെ വീട്ടിൽ നിന്നുമായാൽപ്പോലും.

എന്നാലിപ്പോൾ കമ്മലും മാലയും അണിയാൻ വീട്ടുകാർ ശഠിക്കുന്നു. പെണ്ണുകാണാൻ വരുന്നവരുടെ മുമ്പിൽ ആഭരണ വിഭൂഷിതയായി നിൽക്കണമത്രെ. അതു തനിക്കു സാദ്ധ്യമല്ല. പക്ഷെ, തന്റെ പ്രതികരണത്തെ ആരു മാനിക്കുന്നു.! ഈശോയ്ക്ക് മുമ്പിൽ സമർപ്പിതയായ ഈ കന്യകയുടെ അഭൗമ ദർശനങ്ങൾക്ക് ആരു വിലനിൽകുന്നു. ബാലിശം, തോന്ന്യാസം എന്നീ പര്യായങ്ങൾ നൽകി ഇവളുടെ മുന്നേറ്റത്തെ അപഹസിക്കുകയല്ലേ വീട്ടുകാർപോലും. ആത്മീയ പ്രണയ പ്രളയത്തിൽ പാഞ്ഞൊഴുകുന്ന തന്റെ ആത്മാവിന് ലക്ഷ്യം ഈശോയുടെ പാദാന്തികം മാത്രം. അവിടെത്തുവാനുള്ള തടസ്സം തന്റെ യൗവനമോ പ്രസരിപ്പോ മുഖശ്രീയോ വാർമുടിയോ? ഈ തടസ്സങ്ങളെ മറികടക്കണം. ലോക ദൃഷ്ടിയിൽ താനൊരു ചോദ്യചിഹ്നമാകണം. അതിനായി ആദ്യം അറുത്തെറിയേണ്ടത് തഴച്ചു നീണ്ട ഈ തലമുടി. സ്വയം അവളതു കത്രിച്ചു കളഞ്ഞു. ഇനിയെന്ത് എന്നായി അവളുടെ ചിന്ത. കാതുകളിലെ ദ്വാരങ്ങളുള്ളതുകൊണ്ടാണല്ലോ കമ്മൽ അണിയാൻ നിർബന്ധിതയാകുന്നത്. കാതിന്റെ കീഴ്ഭാഗം വലിച്ചുകീറിയാൽ നന്നായിരുന്നു. തടിച്ച നൂൽ സുഷിരങ്ങളിൽ കടത്തി നൂലിന്റെ അഗ്രങ്ങൾ ചേർത്തുപിടിച്ച് താഴേക്ക് ആഞ്ഞുവലിച്ചു. കാതുകീറി, ചോര ചീറി; നോവേറ്റുപുളഞ്ഞുപോയി. പക്ഷേ, ആഭരണങ്ങൾ അണിഞ്ഞുനിൽക്കുമ്പോഴുള്ളത്ര മനോവേദന ഇപ്പോഴില്ലല്ലോ എന്നവൾ ആശ്വസിച്ചു. ഈ



യാതന കൂടെപ്പിറപ്പുകളുടെയും അപ്പന്റെയും ശുദ്ധീകരണത്തിനായി അവൾ സമർപ്പിച്ചു.

കരുതിക്കൂട്ടിയുള്ള ചെയ്തികളല്ലിവയൊന്നും. ലോകത്തിന്റെ ഒഴുക്കിനെതിരെ നീന്താനുള്ള സ്വാഭാവികാവേശം. ദൈവത്തെ മാത്രം ഭജിച്ച് ആയുഷ്ക്കാലം മുഴുവൻ കഴിയണം. അതിന് ഏകാന്തത അനിവാര്യമാണ്. വനവാസത്തെ പഴിക്കുന്ന വീട്ടുകാരെ വിഷമിപ്പിക്കാനും വയ്യ. എന്നാൽ പകരം ഒരു തപോനിലയം കണ്ടെത്തിയേതീരൂ.

അതിനായി നേരെ നടന്നു. അമ്പഴക്കാട്ടു മഠത്തിലേക്ക് സന്യാസിനിയാകാൻ. പക്ഷേ, ഒരു തടസ്സമുണ്ട്. സന്യാസാർത്ഥിനി അഞ്ഞൂറു രൂപ മഠത്തിലേല്പിക്കണം. ഇത്രവലിയ തുക അവൾക്കു സ്വപ്നം കാണാൻപോലും പറ്റുമോ! ഏതാണ്ടു മുപ്പത്തഞ്ചു പവൻ സ്വർണ്ണത്തിന്റെ തുക. എങ്കിലും ത്രേസ്യ ഉത്സാഹത്തോടെ നാലുമൈൽ നടന്നെത്തി. പുണ്യപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചൻ ആയിരത്തി എണ്ണൂറ്റി അറുപത്തിയാറിൽ സ്ഥാപിച്ച കർമ്മലീത്താ മഠത്തിലെ ഒരു ശാഖയാണിത്. മഠാധിപയെ അവൾ കണ്ടു പറഞ്ഞു.

"അമ്മേ എന്നെ ഇവിടുത്തെ ഒരു വേലക്കാരിയായി നിയമിച്ചാൽ വലിയ ഉപകാരമായിരുന്നു."

തേടിയവള്ളി കാലിൽ ചുറ്റിയല്ലോ എന്നോർത്ത് മഠാധിപയുടെ മുഖമൊന്നുണർന്നു. കാരണം കൊള്ളാവുന്ന ഒരു വേലക്കാരിയെ തെരയുകയായിരുന്നു അവർ. മഠാധിപ അവളെ അടിമുടി ഒന്നുനോക്കി. പക്ഷേ, ഒരു വേലക്കാരിയുടെ യാതൊരു മട്ടും ഭാവും അവൾക്കില്ല. നല്ല ഐശ്വര്യമുള്ള മുഖം. നിൽപ്പും വർത്തമാനവും കുലീനയ്ക്കനുയോജ്യം. നോട്ടവും മുഖഭാവവും പരിശുദ്ധം. എങ്കിലും ആരാഞ്ഞു.

"കൊച്ചിന്റെ പേരെന്താ?"

"ത്രേസ്യ" മഠാധിപ ഒരു നിമിഷം നിശ്ബദയായി. തങ്ങളുടെ കർമ്മലീത്താ സഭയുടെ മദ്ധ്യസ്ഥയും ഒരു ത്രേസ്യയാണല്ലോ.

"എവിടുന്നാ വരുന്നേ? വീട്ടുപേരെന്നാ പറയും?"

"പുത്തൻചിറേലാ വീട്. ചിറമ്മേൽ മങ്കിടിയൻ വീട്ടിലെ തോമയുടെ മകളാ."

"ചിറമ്മേലേയോ! ഏതു ചിറമ്മേലേ? അച്ചന്മാരൊക്കെയുള്ള ചിറമ്മേലെയാണോ?"

"അതെ." അവൾ ഗൃഹചരിതം വ്യക്തമാക്കി.

www.malankaralibrary.com

www.malankaralibrary.com



മഠാധിപ മൂക്കിൽ വിരൽ ചേർത്തു പറഞ്ഞു.

"കുഞ്ഞേ, കുലമഹിമയുള്ള നിന്നെ വേലയ്ക്കു നിർത്താനോ! അതു സാദ്ധ്യമല്ല."

അതുകേട്ടവൾ സ്ഫടികം തകരും പോലൊരു വിങ്ങിപ്പൊട്ടൽ.

കരച്ചിൽ കേട്ട് മറ്റു കന്യാസ്ത്രീകളും ഇറങ്ങി വന്നു. ത്രേസ്യ തൊഴുതു പറഞ്ഞു.

"എന്റെ ദൈവത്തെ എനിക്കെപ്പോഴും കണ്ടുകൊണ്ടിരിക്കണം. അതിനെന്നെ സഹായിക്കാൻ ആരുമില്ലേ?"

മഠാധിപ മുറ്റത്തേക്കിറങ്ങിവന്നു. അവളുടെ ആശയും തടസ്സങ്ങളും ഗ്രഹിച്ചു. എല്ലാ കേട്ടശേഷം ആശ്വസിപ്പിച്ചു.

"നിന്റെ കാര്യത്തിൽ ഞങ്ങൾക്ക് താല്പര്യമുണ്ട്. ബന്ധപ്പെട്ടവരുമായി ഞങ്ങളൊന്നാലോചിക്കട്ടെ. എന്നിട്ടറിയിക്കാം. തൽക്കാലം കൊച്ച് വീട്ടിലേക്ക് ചെല്ല്."

അവൾ മടങ്ങി.

കന്യാസ്ത്രീകൾ വാക്കുപാലിച്ചു. ജോൺമേനാച്ചേരി തിരുമേനിയോട് കത്തിലൂടെ ഇക്കാര്യം ഉണർത്തിച്ചു. തൃശ്ശൂർ രൂപതയുടെ മെത്രാനായ അദ്ദേഹം അതെപ്പറ്റി സഗാഢം ചിന്തിച്ചു.എന്നിട്ടു മറുപടി എഴുതി.

"അവൾക്കു പത്രമേനിയുടെ കാര്യത്തിൽ ഇളവു കൊടുക്കാം അഞ്ഞൂറിന്റെ സ്ഥാനത്ത് നൂറ്റമ്പതു രൂപാ വാങ്ങി മഠത്തിൽ ചേർക്കുക."

ഇതറിഞ്ഞിട്ടും ത്രേസ്യയുടെ മ്ലാനത മാറിയില്ല. കാരണം നൂറ്റമ്പതു രൂപയും അവൾക്ക് അപ്രാപ്യമായിരുന്നു. അപ്പനോടൊ ആങ്ങളയോടൊ ഇക്കാര്യം പറഞ്ഞിട്ടും പ്രയോജനമില്ല. അപ്പന്റെ മദ്യാസക്തി ആങ്ങളയിലേക്കും പടർന്നു കഴിഞ്ഞിരിക്കുന്നു. ഇരുവരും കടത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്നു. എങ്കിലും ഔസേപ്പിനോട് ത്രേസ്യ ആവശ്യപ്പെട്ടു.

തൊറൂരുവരെ എന്റെ കൂടൊന്നു വരാമോ?

ഇരുപതുമൈൽ നടന്ന് പെങ്ങൾക്കു കൂട്ടുപോകാൻ അയാൾ എതിർത്തില്ല.

അങ്ങനവർ മംഗലിവീട്ടിലെത്തി.

പൂമുഖത്തു ചാരുകസേരയിൽ നിവർന്നു കിടന്ന കാരണവർ അവളെ കണ്ടു വിസ്മയത്തോടെ ചോദിച്ചു.



"ആരാ ഇത്? ത്രേസ്യക്കൊച്ചോ! നീ ഈ വഴിയൊക്കെ അറിയുമോ?"

പണ്ടിവൾ രോഗാവസ്ഥയിൽ ഇവിടെ വന്നു മടങ്ങിയതാണ്. പിന്നെ തറവാട്ടിൽ നടന്ന വിവാഹങ്ങൾക്കൊന്നിലും പങ്കുകൊണ്ടിട്ടില്ല.

ത്രേസ്യ ഉമ്മറത്തേക്കുകയറി. അമ്മാച്ചന്റെ മുമ്പിൽ നിന്നു. ദീർഘവഴി താണ്ടി എത്തിയ അവൾ വിയർപ്പിൽ മുങ്ങിയിരുന്നു. ഓട്ടുപാത്രത്തിൽ മുളകും ഇഞ്ചിയും കറിവേപ്പിലയും ചതച്ചിട്ട സംഭാരവുമായി അമ്മായി വന്നു. അവരുടെ കുശലാമ്പേഷണത്തിന് അവളുടെ സാന്ദ്രമധുരമറുമൊഴികൾ.

അവൾ കാര്യം തുറന്നറിയിച്ചു.

"അമ്മാച്ചാ, എനിക്കു മഠത്തിൽ ചേരണമെന്നാണാശ."

അവളുടെ ഗൃഹസ്ഥിതി അദ്ദേഹത്തിനു നന്നായറിയാം. അവിടിവൾക്കു വഴികാട്ടുവാൻ ഇന്നാരുമില്ല. അതിനാൽ ഇക്കാര്യത്തിൽ തന്റെ അഭിപ്രായവും അനുവാദവുമാവാം ഇവളുടെ പ്രതീക്ഷ. അതിനാൽ പ്രതികരണം സൂക്ഷ്മതയോടെ വേണം.

അമ്മാച്ചൻ നീരസത്തോടെയാണ് പ്രതികരിച്ചത്.

"അതൊക്കെ വല്യപ്രയാസമുള്ള ജീവിതാമാ കൊച്ചേ. ഇപ്പോഴത്തെ ഓരാവേശത്തിന് അങ്ങനൊക്കെ തോന്നും. പിന്നീട് വിഷമത്തിനിടയാക്കും."

"നല്ലൊരു കന്യാസ്ത്രീയാകാനുള്ള കൃപയെനിക്കു ദൈവം തരുമമ്മാച്ചാ. അതോർത്താരും വിഷമിക്കേണ്ട. മറ്റൊരു കാര്യം പറയാനാ വന്നത്."

"എന്താ അത്?"

"മഠത്തിൽ ചേരണമെങ്കിൽ പണംവേണം. അഞ്ഞൂറാ വേണ്ടത്. എന്നാൽ മെത്രാച്ചൻതിരുമേനി ഇടപെട്ട് നൂറ്റമ്പതു രൂപയായി ഇളച്ചു തന്നിട്ടുണ്ട്

ഇപ്പറഞ്ഞതു തീരെ രസിച്ചില്ല അമ്മാച്ചന്. മെത്രാന്മാരുടെ മുമ്പിലും മറ്റും തങ്ങളുടെ പ്രൗഢി മന്ദീഭവിക്കുന്നത് വലിയമാനക്കേടല്ലേ. ആരുടെയും ദയയ്ക്കും ഇളവിനും തന്റെ വംശജർ വിധേയപ്പെട്ടുകൂടാ എന്ന ധാർഷ്ട്യഭാവമാണയാൾക്ക്.

"അത്തരം സഹായം നമുക്കുവേണ്ടാ കൊച്ചേ. നിന്നെക്കൂടി പുലർത്താനുള്ള മുതലൊക്കെ ഇവിടുണ്ട്. ഒരു രാജകുമാരിയെപ്പോലെ

www.malankaralibrary.com

www.malankaralibrary.com



നിനക്കിവിടെ കഴിയാം. നിനക്കു വിവാഹ ജീവിതം വേണ്ടെങ്കിൽ വേണ്ടാ. ന്താ?.''

അതു കേട്ടപ്പോൾത്തന്നെ അവളുടെ മനസ്സു കയ്ചു. ദൈവത്തിന്റെ മുമ്പിൽ സദാ സ്തുതിപാടുന്ന ഒരു വാനമ്പാടിയാകാനാണു കൊതി. പക്ഷേ, തന്റെ ഈ മോഹങ്ങൾ ആരറിയുന്നു? അതിനാൽ വേദന യോടെ അവൾ അറിയിച്ചു.

''പണവും സുഖവും മോഹിച്ചല്ലാമ്മാച്ചാ ഞാനിത്രയും ബുദ്ധിമുട്ടി ഇങ്ങോട്ടു വന്നത്. സമാധാനത്തോടെ ദൈവത്തെ സ്നേഹിച്ച് ആരാ ധിച്ചു ജീവിക്കണം. അതിനുള്ള വഴി ദൈവംതന്നെ കാണിച്ചുതരും. ഞാനിറങ്ങുന്നു.''

ത്രേസ്യ ഉടൻ പടിയിറങ്ങി. പുത്തൻചിറയിലേക്കു തിരിച്ചുനടന്നു. ആങ്ങളയുമായുള്ള വഴിയാത്രയിൽ നിശ്ശബ്ദയായിരുന്നു. വീട്ടിലെത്തി യിട്ടും ആരോടും ഉരിയാടിയില്ല. തന്റെ നിനവുകളും മൊഴികളും ആരും മനസ്സിലാക്കുന്നില്ല. അതിനാൽ ഇനി ആരുടെയും അഭിമതം തേടേണ്ട തില്ല. ശരിയെന്നുറപ്പുള്ളതു ചെയ്യുകതന്നെ. വനവാസത്തെ എതിർത്തതു വീട്ടുകാരാണ്. അതിനാൽ പിന്തിരിയേണ്ടിവന്നു. എന്നാൽ ഇപ്പോഴും ആ മോഹം ശക്തമാണുള്ളിൽ. മലങ്കാടിന്റെ ഏകാന്തഹൃ ദന്തം ദൂരെനിന്നു മാടിവിളിക്കുകയാണിപ്പോഴും. ദൈവവുമായുള്ള ലയ നത്തിനു തടസ്സമുണ്ടാക്കുന്ന ഈ കലുഷാന്തരീക്ഷത്തിൽ നിന്നും ഓടി പ്പോകാൻ മനസ്സു ദാഹിക്കുകയാണ്. എന്നാൽ ഇത്തവണ രഹസ്യമായി വേണം പോകാൻ. ആരുമറിയാതെ രാത്രിയിൽ സ്ഥലം വിടുക.

കാനനവാസം ദുഷ്ക്കരമായിരുക്കും. എന്നാൽ ഈശോ നുകർന്ന ദുരിതവുമായി താരതമ്യപ്പെടുത്തിയാൽ അതെത്രയോ നിസ്സാരം. ആഹാ രമൊന്നും കിട്ടിയെന്നു വരില്ല അപ്പോൾ കാട്ടിലകൾ പറിച്ചു തിന്നുക. ഇവിടവശേഷിക്കുന്ന ദിനങ്ങളിൽ അതു പരീക്ഷിക്കാൻ തീരുമാനിച്ചു. വീട്ടിൽ നിന്നും ഭക്ഷിച്ചില്ല. മൂന്നുനേരവും ഭക്ഷണ പച്ചിലയാക്കി. പച്ചി ലച്ചാറു കുടിച്ചു അങ്ങനെ മൂന്നു ദിവസങ്ങൾ.

അന്നു രാത്രിയിലും ഉറങ്ങിയില്ല. വീട്ടുകാർ ഗാഢനിദ്രയിലാണ്. രാത്രിയുടെ കറുത്തകയത്തിൽ മുങ്ങിനിൽക്കുന്ന വനത്തിൽ നിന്നും സ്വാഗതസന്ദേശവുമായി ഒരുശീതക്കാറ്റുവന്ന് ത്രേസ്യയെ മുട്ടി വിളിച്ചു.

കെടുത്താതിട്ടിരുന്ന അടുപ്പുതീയിൽ നിന്നും ചെറിയ തകരവിളക്കി ലേക്കു നാളം കൊളുത്തി, പിൻവാതിൽ തുറന്ന് ഇരുൾവഴിയിലേക്കു ഇറങ്ങാനാണു പദ്ധതി. കാട്ടുപക്ഷികളും പാതിരാകോഴികളും മത്സ



രിച്ചു കൂവി നേരമറിയിക്കുന്നുണ്ട്.

ഇനി അമാന്തിക്കരുത്. സ്വച്ഛവിജനതയിൽ ദൈവപ്രീതിക്കായി സ്വയം ഒരു ബലികുടീരമാകാൻ ഉള്ളു തുടിക്കുകയാണ്. ആ ധ്യാന നികുഞ്ജത്തിലേക്കു പറന്നിറങ്ങുന്ന സ്വർഗ്ഗനാഥന്റെ കരംഗ്രഹിച്ച് വിസ്തൃത വനഭൂമിയിലൂടെ വിഹരിക്കാനുള്ള ഉൽക്കടാഭിവാഞ്ഛ.

വേഗം എഴുന്നേൽക്കണം. അവൾ മുന്നോട്ടാഞ്ഞു. പക്ഷേ, കിടക്ക യിൽ താൻ ബന്ധിക്കപ്പെട്ടതുപോലെ. കയറുകൊണ്ടാരോ ദേഹം മുഴു വൻ കെട്ടിവരിഞ്ഞതാണോ? അനങ്ങാൻ വയ്യ. കൈകാലുകളിളക്കാൻമേ ലാ. ഇതെന്തു പുതുമ! അവൾ വിസ്മയിച്ചു. കിടക്കുവോളം യാതൊരു പ്രശ്നവുമില്ലായിരുന്നു. പിന്നെന്തുകൊണ്ടാണീ നിശ്ചലാവസ്ഥ. പതി നഞ്ചു വയസ്സിനുള്ളിൽ തളർച്ചയുടെ ആദ്യാനുഭവം. ഒരു പക്ഷേ, ഈ വനജീവിതമോഹം തന്റെ സ്വാർത്ഥചിന്തയാണോ? ദൈവത്തിന്റെ ഇഷ്ടം തന്റെ ഉയിരിൽ നിവൃത്തിയാകുവാൻ മാത്രമെ ഇന്നോളം മോഹി ച്ചിട്ടുള്ളൂ. എന്നാലീ ചിന്ത ദൈവേഷ്ടത്തിനെതിരായിരിക്കുമോ? എങ്കിൽ അതെത്രവലിയ അപരാധമായിരിക്കും. കുറ്റബോധത്തിന്റെ നിറമിഴിക ളോടെ പ്രാർത്ഥിച്ചു.

''എന്റെ കർത്താവേ, കാട്ടിൽ പോകാനുള്ള ആഗ്രഹം അങ്ങേയ്ക്കി ഷ്ടമല്ലെങ്കിൽ ഇതാ ഈ നിമിഷംതന്നെ ഞാനതു തള്ളിക്കളഞ്ഞേ ക്കാം. എന്നെ എഴുന്നേൽപ്പിക്കണമെ.''

അത്ഭുതം! ഇപ്പോൾ കരചരണങ്ങളിളക്കാം മരവിപ്പില്ല. മന്ദതയില്ല. ഉന്മേഷത്തോടെ ചരൽപ്പായയിൽ നിവർന്നെഴുന്നേറ്റു. കർത്തൃസ്തുതി യുടെ ചുണ്ടിണകളുമായി പുലരുവോളം ഭജനമിരുന്നു.

www.malankaralibrary.com

www.malankaralibrary.com

# എട്ട്

നാൽക്കവലയുടെ നടുവിലാണ് താൻ. ലക്ഷ്യത്തിലേക്കുള്ള വഴിയേത്? പലവഴികളും പണ്ടേ വെറുക്കപ്പെട്ടവ. വിവാഹജീവിതത്തിന്റെയും ഭൗതികോൽക്കർഷത്തിന്റെയും വഴികളാണവ. കൺമുമ്പിൽ പിന്നെ തെളിഞ്ഞത് മഠാംഗത്തന്റെ പരിത്യാഗവഴി. എന്നാൽ അവിടെയും വിഘ്നങ്ങൾ. കേവലം നൂറ്റമ്പതു രൂപയുടെ ഇല്ലായ്മയായിരുന്നു, തടസ്സം. അമ്മയുടെ വീട്ടിൽ നിന്നും നിരാശയോടെ തിരിച്ചിറങ്ങിയപ്പോൾ ഉള്ളിൽ മറ്റൊരു പോംവഴി തെളിഞ്ഞിരുന്നു. ഭിക്ഷതെണ്ടി നൂറ്റമ്പതു രൂപാ സ്വരൂപിക്കുക. അനുവാദത്തിന് വികാരിയച്ചനെ കണ്ടു. പക്ഷേ, വികാരിയച്ചന്റെ പ്രതികരണം ആ വഴിയും അടച്ചുകളഞ്ഞു.

"അതൊന്നും വേണ്ടാ നിന്റെ കാരണവന്മാർ അതിനു സമ്മതിക്കത്തില്ല. നീ ഒന്നുമോർത്തു വിഷമിക്കേണ്ട".

ഒരു പക്ഷേ, വീട്ടിൽത്തന്നെ കഴിയാനായിരിക്കും ദൈവേഷ്ടം. ത്രേസ്യ നിരാശയായില്ല. കാരണം അവൾക്ക് ആശയുണ്ടായിരുന്നില്ല. ഉള്ളതെല്ലാം ദൈവത്തിന്റെ സ്വന്തം. സ്വന്തം ഉണ്മയെ പൂജ്യത്തോളം തരംതാഴ്ത്തി സ്രഷ്ടാവിന്റെ തിരുമുമ്പിൽ അടിയറവുവ്ക്കാനാണവൾക്കു മോഹം. ആത്മനാഥന്റെ കരവലയത്തിൽ വിലയംകൊള്ളുകയാണവൾക്കു സായൂജ്യം.

നിഴൽപോലെ തന്നെ അനുഗമിക്കുന്ന കൂട്ടുകാരികളോട് ഈ മനോഗതിയോടെ ത്രേസ്യ പറഞ്ഞു.

"എനിക്കു ലോകബഹുമാനം കൊണ്ടാവശ്യമില്ല. പരലോകബഹുമാനം കിട്ടണമെന്നാണു വലിയ ആഗ്രഹം."

ഭൂമിയിലുള്ളതെല്ലാം അവളുടെ കണ്ണിൽ ഈശോയുടെ സഹന പ്രതീകങ്ങൾ. കയറോ കല്ലോ ആണിയോ മുള്ളോ മരമോ കണ്ടാൽ ഉടനവൾ നിശ്ചലയാകും. ശാന്തഹൃത്തിൽ പാരവശ്യത്തിന്റെ ഓളങ്ങൾ ഉയരും. ആർത്തലച്ചുഴിയെ മുക്കുന്ന മഹാപ്രളയ വീചികളായി അതുക്ഷണത്തിൽ വിജൃംഭിതമാകും.

നിഷ്ക്കളങ്കനായ ഈശോയെ കെട്ടിയിട്ടവയാണ് എല്ലാ കയറും;



അവളെ സംബന്ധിച്ച്. കല്ലുകണ്ടാൽ, ഗോഗുൽത്തായിലേക്കുള്ള ഈ വഴിയിൽ തന്റെ ദിവ്യനാഥൻ പദംതട്ടിവീണു നിണം ചിന്തിയ ഓർമ്മകൾ അവളെ ചൂഴ്ന്നുനിൽക്കും. ആണികളെല്ലാം തൃപ്പാണികളിലും പദദ്വയങ്ങളിലും അടിച്ചു കയറ്റിയവതന്നെ. എല്ലാ മരങ്ങളിലും ഈശോ വിലാപമൂർത്തിയായി തൂങ്ങിക്കിടന്നു പിടയുകയാണ്. രക്ഷകന്റെ ശിരസ്സിൽ പിണച്ചു തറച്ച മുൾമുടിയാണ് ഓരോ മുൾച്ചെടിയും. ചോരയും വേർപ്പും പൂഴിയും കുഴഞ്ഞ കൂടിയ തിരുവദനം വെള്ളത്തൂവാലയാൽ തുടയ്ക്കാൻ ഈശോയുടെ മുമ്പിൽ തള്ളിക്കയറിയ വേറോനിക്കായായി ത്രേസ്യ അനുരൂപപ്പെടുകയായിരുന്നു.

അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസീസ് 'ഈശോ' എന്ന പദത്തിന്റെ ഉച്ചാരണമാത്രയിൽ ചുണ്ടിൽ തേൻ കിനിയുന്ന അനുഭൂതിയോടെ ആ മധുരം നാവിലേറ്റി നുണഞ്ഞിറക്കുകയായിരുന്നല്ലോ. അതുപോലൊരു ആത്മീയപ്രഭാവ ചുഴികളിലേക്ക് ആഴ്നിറങ്ങുന്ന മഹാനുഭവമാണ് ഈ പതിനാറുകാരിക്കും.

അയസ്ക്കാന്തത്തിലേക്കു സൂചിയുടെയും സ്വകാന്തനിലേക്കു സാധ്വിയുടേയും ആകർഷണം എങ്ങനെയോ അതുപോലയാണ് ഈശ്വരനിലേക്ക് ഭക്തിഭരിതമായ ഹൃദയത്തിന്റേയും തീവ്രഗതി എന്നാരാണ് പറഞ്ഞത്? അവൾക്കറിയില്ല. പക്ഷേ, അതവൾ അനുനിമിഷം അനുഭവിക്കുകയാണ്.

ലോകവ്യഗ്രതകളുടെ നിസ്സാരതകളിൽ നിന്നും മനസ്സ് സമൂലം പിഴുതെടുത്തു. ഏകാഗ്രചിത്തയായി മറ്റെല്ലാം മറന്ന് തേൻ നുകരാൻ പൂവുമാത്രം ലക്ഷ്യം വച്ചു പറക്കുന്ന തേനീച്ചയാണു താൻ. ഈശോ, ഒഴികെ മറ്റെല്ലാം മനഃക്ലേശകാരണം. തമ്പുരാന്റെ മുമ്പിലുള്ള കേവല സമർപ്പണ മല്ല; സമ്പൂർണ്ണ സമർപ്പണമായിരുന്നു ലക്ഷ്യം. മറ്റനേകം ഭൗമഭാവങ്ങൾക്കു മുമ്പിലും അർപ്പിച്ചതിനുശേഷമുള്ള ഉച്ഛിഷ്ടസമർപ്പണമായിരുന്നില്ല അത്. ആറ്റരികിലെ മരംപോലെ തഴയ്ക്കണം; ഈ സമർപ്പിത ജന്മം. ഫലസമൃദ്ധിയുടെ തണൽമരമായി ദീനസഹജർക്കു മുമ്പിൽ പന്തലിക്കണം. അതിനായി ദൈവകൃപയുടെ ഈ തീർത്ഥ ജലധാരയിലേക്ക് ആത്മാവിന്റെ തായ്‌വേര് ഇറങ്ങിച്ചെല്ലുകയാണ്. തായ്‌വേരിന്റെ ഈ ശീഘ്രഗതിക്കു മുമ്പിൽ ഭീകര വിഘ്നങ്ങളായി പാറക്കെട്ടുകൾ! അതിന്റെ വരണ്ട നെഞ്ചുകീറിപ്പോകേണ്ടിവന്നു. അങ്ങനെ ദിവ്യജലധാരയുടെ അനർഗ്ഗള പ്രവാഹത്തെ തൊട്ടറിഞ്ഞപ്പോൾ അനുഭവിച്ച ആത്മീയപാരവശ്യം എങ്ങനെ വർണ്ണിക്കും? ദേവാ

www.malankaralibrary.com

www.malankaralibrary.com



ലയം തന്റെ സ്വർഗ്ഗാരോഹണത്തിനുള്ള പറക്കുംതളികയായിരുന്നു. സഭയും പുരോഹിതരും സ്വർഗ്ഗത്തിലേക്കുള്ള ചൂണ്ടുപലകകളും. പള്ളി മണിയുടെ മുഴക്കത്തിൽ ചിന്താനിമഗ്നമാവുകയാണു മനം. ധൂർത്തപുത്രിയെന്നു സ്വയം കരുതുന്ന അവളുടെ അപഥഗതിയെപ്പറ്റി ഉടൻ ഓർത്തുകരയും. അപ്പോൾ മുതൽ ക്രൂശിതന്റെ മിഴിവാർന്ന സഹന മുഖം ഉള്ളിൽ ജ്വലിക്കും. കാൽവരിയിലെ ക്രൂശിതബലിയാണവൾക്ക് കുർബ്ബാന. അതിൽ പങ്കുപറ്റാൻ മണിമുഴക്കം കേട്ടാലുടൻ പള്ളിയിലേക്കു പായും. തൊട്ടടുത്താകയാൽ വീട്ടിൽ നിന്നും ഒരു കുതിപ്പിനു പള്ളിയിലെത്താം. പള്ളിയിൽക്കടന്നാൽ ആദ്യകർമ്മം സാഷ്ടാംഗപ്രണാമമാണ് വൈകിയേ നിവരൂ. ഒരു പ്രാർത്ഥനാമൊഴി അപ്പോൾ ചുണ്ടിലുണരും.

ഈശോയുടെ പീഡാനുഭവവും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിച്ചരുളണമേ. അരുമഗുരുവിന്റെ സഹന പാരമ്യം ഉള്ളിൽ മായാമുദ്രയാക്കുകയാണീ പ്രാർത്ഥനയുടെ ലക്ഷ്യം.

ബലിയർപ്പണത്തിന്റെ അനന്തര മുഹൂർത്തം ഓരോന്നും നിഗൂഢ വ്യാഖ്യാനങ്ങളുടെ കലവറ തുറക്കുകയാണവളുടെ ഉള്ളിൽ. ഓരോ പരികർമ്മത്തിനും സ്വന്തം വ്യാഖ്യാനങ്ങൾ നൽകി ആത്മീയ ലയന സായൂജ്യത്തിലേക്ക് ആഴ്ന്നുപോവുകയാണ്.

ആദ്യം വൈദികൻ ബലിപീഠത്തിൽ കുനിഞ്ഞു ചുംബിക്കുന്നു. തൽക്ഷണം അവളിലുണരുന്നത് ചതിയുടെ ചുംബനം ഗുരുമുഖത്തു പകരുന്ന നീചനായ യൂദായുടെ ക്രൗരമുഖം. ആ ചിന്തയിൽത്തന്നെ അരുമനാഥനെ വരിഞ്ഞുകെട്ടുന്നു. കാർക്കിച്ചു തുപ്പുന്നു, ചാട്ടയടിയേറ്റു നിലത്തു വീഴുമ്പോൾ ചവിട്ടുന്നു തൊഴിക്കുന്നു.

ആരാധനയിൽ അടുത്തകർമ്മം സുവിശേഷവായന. അതുവരെ അവളുടെ ധ്യാനവിഷയം, അന്നാസിന്റെയും കയ്യാപ്പാസിന്റെയും വിചാരണയ്ക്ക് ഇരയായ ഈശോയുടെ നിർമ്മല മുഖം. വായിക്കപ്പെടുന്ന തിരുവചനങ്ങൾക്കനുസരിച്ചാണോ തന്റെ ജീവിതം എന്നാവും ഉടൻ അവളിലുണരുന്ന നിശിതചിന്ത

വിശ്വാസപ്രമാണത്തിന്റെ പ്രതിജ്ഞാ വേളയിൽ ഈശോ കമിഴ്ന്നു വീഴുന്ന ദൃശ്യമാണുള്ളിൽ. മരക്കുരുശിന്റെ പെരു ഭാരത്തിനിടിയിൽ നിണം വാർന്നു പിടയ്ക്കുകയാണാരാദ്ധ്യൻ.

പൂജാദ്രവ്യങ്ങളുടെ കാഴ്ചസമർപ്പണമാണിനി. അപ്പോൾ ത്രേസ്യയ്ക്കും കാഴ്ചവയ്ക്കാനുണ്ടു പലതും. സ്വന്തം ദുരിതങ്ങളല്ല



അവളുടെ കാഴ്ചവസ്തുക്കൾ. പിന്നെയോ, ശുദ്ധീകരണസ്ഥലത്തുള്ള സകല സഹനാത്മക്കളുമാണ്. അനിവാര്യമായ പരിശുദ്ധി നേടാതെ മരിച്ചുപോയവരുടെ ആത്മാക്കൾക്ക് സ്വർഗ്ഗഭാഗ്യമനുഭവിക്കാനുള്ള അഗ്നിശോധനയുടെ ഇടത്താവളമാണവിടം. അവിടെക്കിടന്നു പിടയുന്ന ആത്മാക്കളുടെ നിലവിളി ത്രേസ്യ കേട്ടിട്ടുണ്ട്. പലരുടെയും മുഖങ്ങളും വെളിവാക്കപ്പെട്ടിട്ടുണ്ട്. പാതിരാവിൽ കരംവിരിച്ചു ജപമാല ചൊല്ലവേയാണ് ഭയാനാകമായ ഈ സഹന സ്ഥലത്തിന്റെ ദർശനം ആദ്യമായുണ്ടായത്. അതിനുശേഷം അവൾ പലരോടും പറഞ്ഞു. " അരനിമിഷമെങ്കിലും ഈ കാഴ്ച കാണുന്നവൻ, മേലിൽ പാപം ചെയ്യുകയില്ല." ആരാധാനയ്ക്കിടയിൽ ശുശ്രൂഷകൻ കൈമണിക്കിലുക്കം. അതവൾക്കു വെറും മണിനാദമല്ല. തന്റെ പ്രാണപ്രിയന്റെ കൈകാലുകളിൽ ആണികൾ അടിച്ചുകയറ്റുന്ന ചുറ്റികയുടെ ആക്രന്ദനമാണ്. ഈ പീഡകൾക്കെല്ലാം കാരണം സ്വപാപങ്ങളാണെന്ന തിരിച്ചറിവിൽ അവളുടെ കരളു നുറുങ്ങുകയാണ്. ബലിമദ്ധ്യേ അതോർത്തവൾ നെഞ്ചുലഞ്ഞു കേഴും.

അന്ത്യപാദത്തോടടുക്കുകയാണു ബലി. ഗോതമ്പപ്പവും മുന്തിരിനീരും പുരോഹിതന്റെ കർമ്മഫലമായി ഈശോയുടെ മാംസരക്തങ്ങളായി പരിണമിക്കുന്നു. അവ നിറയുന്ന കാസാ, പീലാസ എന്നിവ കരങ്ങളിലെടുത്ത് ജനാഭിമുഖമായി പുരോഹിതൻ ഇതാ ഉയർത്തുന്നു. സകല മനുഷ്യരുടെയും സ്വർഗ്ഗപ്രാപ്തിക്കായി വിശ്വ ബലിയായിത്തീർന്ന ഈശോ അപ്പോൾ ത്രേസ്യയുടെ ഉള്ളിൽ കുരിശിൽ തറയ്ക്കപ്പെട്ട് കാൽവരിഗിരിയുടെ നെറുകയിൽ ഉയർത്തപ്പെടുകയാണ്. ഓർക്കാനുള്ള ശേഷി ഇതോടെ അവളിൽ മരവിച്ചു കഴിഞ്ഞു. സകല ലോകപാപവും പാപരഹിതനായ തന്റെ രക്ഷകനിൽ വന്നു നിറയുന്നതു കാണാനുള്ള ത്രാണി അവൾക്കില്ല. ആ മദ്ധ്യാഹ്നത്തിൽ ലോകമാകെ അന്നിരുട്ടുനിറഞ്ഞു. അതുപോലെ, പീഡാധ്യാനത്തിന്റെ മൂർദ്ധന്യതയിൽ അവളുടെ ഉള്ളിലും പൊതിയുകയാണന്ധകാരം. അങ്ങനവൾ തളർന്നുവീഴും. കുമ്പിട്ടു ദീർഘനേരം കിടക്കും.

പീലാസയിൽ നുറുക്കപ്പെട്ട മാംസം എടുത്തുയർത്തുമ്പോൾ നിലത്തു നെറ്റി ഇടിച്ച് ത്രേസ്യ കേഴും.

"എനിക്കുവേണ്ടി ക്രൂശിലേറിയ കർത്താവേ, എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. എന്നെ രക്ഷിക്കേണമെ."

പിന്നെ കാസയിൽ തിരുനിണം എടുത്തുയർത്തുമ്പോഴും വിലാപം

www.malankaralibrary.com

www.malankaralibrary.com



ഉയരും.

"എനിക്കായി ചിന്തപ്പെട്ട തിരുരക്തമേ, എന്റെ പാപക്കറ കഴുകി ശുദ്ധീകരിക്കണമേ എന്റെ ദാഹം തീർക്കണമെ. എന്റെ കുടുംബത്തിനു വേണ്ടുന്ന ദൈവാനുഗ്രഹം വർഷിക്കണമെ. ലോകജനത മുഴുവനും സത്യവേദമറിഞ്ഞു രക്ഷപ്പെടണമെ. തിരുസഭയെ കാത്തുകൊള്ളണമെ. സഭയെ നയിക്കാനുള്ള ദൈവകൃപ പരിശുദ്ധ മാർപ്പാപ്പാ തിരുമേനിക്കു നൽകണമെ."

എന്റെ പിഴ.. എന്റെ പിഴ എന്നുറക്കെച്ചൊല്ലി, പുരോഹിതൻ നെഞ്ചിൽ ഇടിക്കുന്നതു കേൾക്കുമ്പോൾ മാത്രമാണെഴുന്നേൽക്കുക. അതവൾക്കും അനുകരിക്കണം.

ജനമദ്ധ്യത്തിലാണുനിൽക്കുന്നതെന്ന ചിന്ത തീരെയില്ല. ഈശോയല്ലാതെ മറ്റൊന്നും ചിന്തയിൽപ്പെടാത്ത അവൾക്ക് എന്താശങ്ക! മുഷ്ടി ഉയർത്തി അതിശക്തിയോടെ നെഞ്ചിലേക്കവൾ ഇടിച്ചിറക്കും. മദ്ബഹായിലെ ബലിവേദിയിൽ നിൽക്കുന്ന പുരോഹിതന്റെ കാതുകളിൽപ്പോലും ഈ ഇടിയുടെ അനുരണനം മുഴങ്ങുന്നുണ്ടാവും.

തീക്കട്ടയും തീജ്ജ്വാലയുമാകുന്ന ബലിസ്തുക്കൾ നാവിലേറ്റുമ്പോൾ സകലതും പൂർത്തിയായ നിർവൃതിയിൽ മുങ്ങിത്താഴും. വിശ്വപ്രകാശമായ ഈശോയാണു തന്നിലേക്കിറങ്ങിവന്നു ജ്വലിക്കുന്നത്. നാലുപാടും പടർന്ന്കത്തുന്ന പ്രകാശപ്രളയമായി വളരുകയാണത്. പ്രകാശത്തിന്റെ ഈ സ്പർശനാനുഭൂതി മറ്റുള്ളവരിലേക്കു പകാരനുള്ള ശക്തിയും വെമ്പലുമാണിപ്പോൾ അവളിൽ തുളുമ്പുന്നത്. പരസേവനത്തിന്റെ ഈ തീവ്രാഭിലാഷം മാത്രം.

# ഒൻപത്

ആരോ മുന്നോട്ടു തള്ളിവിടുകയാണ്; ഏകാന്തതയുടെ വിജനപഥത്തിൽ നിന്നും ജനപദങ്ങളുടെ വിഹാരവീഥികളിലേക്ക്. ചെയ്യേണ്ടതെന്തെന്നറിയില്ല. തള്ളിവിട്ട മഹൽശക്തി തന്നെ കർമ്മപദ്ധതിയും പറഞ്ഞുതരട്ടെ. പ്രേരണയുടെ തിരത്തള്ളൽ പിന്നിൽ നിന്നല്ല; ഉള്ളിൽ നിന്നുതന്നെ.

"നമ്മളെങ്ങോട്ടാണു ത്രേസ്യാ?"

ഈ സേവനപ്രയാണത്തിലും സതീർത്ഥ്യർ മൂവരുമുണ്ട്. ത്രേസ്യ വിളിച്ചു. അവരിറങ്ങിവന്നു. അതിൽകൂടുതലൊന്നും അവർക്കറിഞ്ഞുകൂടാ. ത്രേസ്യ പറഞ്ഞു.

"ദൈവം വഴികാണിച്ചുതരും. ചെയ്യേണ്ടതെന്തെന്നു പറഞ്ഞു തരും. നമ്മൾ അതനുസരിക്കുകമാത്രമെ വേണ്ടൂ."

വീടും പള്ളിയും ആശാന്റെ കളരിയും മാത്രമെ അവർക്കു പരിചയമുള്ളു. അതിനു പുറത്തുള്ള ലോകം അവർക്കന്യമാണ്. പെൺകിടാങ്ങൾക്ക് മറ്റെല്ലാം അന്യമാകുകതന്നെ വേണം; പ്രത്യേകിച്ച് ഇവരെപ്പോലെ യൗവനയുക്തകൾക്ക് . എന്നിട്ടും ത്രേസ്യ പാരമ്പര്യത്തിന്റെ അതിർവരമ്പുകൾ കടന്നുപോവുകയാണ്. അവൾ പറഞ്ഞു.

"നിങ്ങൾക്കറിയാമല്ലോ, ഞാൻ കുരുത്തതു തീയിലാണ്."

"അറിയാം ത്രേസ്യാ. നിനക്ക് അമ്മയില്ല. അപ്പൻ ഉള്ളതും ഇല്ലാത്തതും ഒരു പോലെയാണ്. ആങ്ങളെയെകൊണ്ടും സമാധാനമില്ല."

അവരുടെ നിഗമനത്തെ ത്രേസ്യ ശരിവച്ചു.

"ധനശേഷിയുണ്ടായിരുന്ന മങ്കിടിയൻ കുടുംബത്തിൽ ഇന്ന് അഷ്ടിക്കുപോലും വകയില്ലെന്നു നിങ്ങൾക്കറിയാമോ?

അവളുടെ സ്വരമിടറി. മനം മൗനത്തിലാഴ്ന്നു. പക്ഷേ, അവൾ കരഞ്ഞില്ല. അഗ്നിയിൽ മുളച്ച ഈ ശക്തിജന്മം കരളുറപ്പോടെ നടന്നു. പുത്തൻചിറയിലാകെ അവൾ ആരെയൊക്കെയോ പരതുകയാണ്. ദുരിതജന്മങ്ങളുടെ കദന കഥ കേൾക്കാൻ, വിശക്കുന്നവരുടെ നിലവിളിക്കു കാതോർക്കാൻ, മദ്യപന്മാരുടെ കലഹക്കെടുതി തൊട്ടറിയാൻ,

www.malankaralibrary.com

www.malankaralibrary.com



അശരണശിശുക്കളിലെ ദൈന്യത വായിച്ചറിയാൻ, ദുരിതനാരീജന്മങ്ങളുടെ നൊമ്പരത്തിന്റെ തീരാചരിതം ആവഹിക്കാൻ, നിരക്ഷരതലമുറയുടെ ഇരുൾജന്മത്തിലൂടൊന്ന് ഊളിയിടാൻ, രോഗപീഡകളുടെ അസഹനീയതകളിൽ കിടന്നു പിടയുന്നവരെ ഒരു നോക്കു കാണാൻ, ഒരു പിടി ചോറുതേടുന്നവരുടെ കർമ്മയോഗമറിയാൻ, ആത്മീയപാപ്പരത്വത്തിൽ നിപതിച്ചവരുടെ അധോതലത്തിലേക്ക് താഴ്ന്നിറങ്ങാൻ, അവർക്കു ദൈവോന്മുഖതയുടെ കൗദാശിക പഥം ചൂണ്ടിക്കാട്ടാൻ അവൾ നടക്കുകയാണ്.

തീരാവേദനയുടെ കയ്പുനീർ കുടിച്ചവർക്കുമാത്രമെ സഹജരുടെ ദുരിതങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനാവൂ. അവർക്കുമാത്രമെ ആ സഹനജന്മങ്ങളുമായി താദാത്മ്യപ്പെടാനാവൂ. അവർക്കുമാത്രമെ കണ്ണീർ തുടയ്ക്കുവാനാകൂ; സഹായത്തിന്റെ ചെറുകയ്പുകൾ സമർപ്പിക്കാനാവൂ. ആദ്യമായാണ് ഇങ്ങനെയൊരു യാത്ര. വയൽവരമ്പുകളിലൂടെ, തുരുത്തുകളിലൂടെ ഓരം ചേർന്നു നടന്നു. കായൽ നികത്തിയ തെങ്ങിൻതോപ്പിലെ തണുപ്പിലിരുന്നു ക്ഷീണംതീർത്തു. കാട്ടുവഴികൾ കടന്നു. ചെറുകുന്നുകൾ കയറി നടന്നു.

ഉല്ലാസയാത്രയല്ല; അശരണരിലേക്കുള്ള തീർത്ഥാടനം. കരയുന്ന ഈശോയുടെ തിരുമുഖം ദുരിതജനങ്ങളിൽ കണ്ടറിയുവാനുള്ള പുറപ്പാട്. അതിനാൽ മാർഗ്ഗമദ്ധ്യേ സംസാരമില്ല; പൊട്ടിച്ചിരികളില്ല. എങ്കിലും മുമ്പിൽ നടക്കുന്ന ത്രേസ്യയുടെ ചുണ്ടുകൾ ശബ്ദിച്ചുകൊണ്ടേയിരിക്കുന്നു. സതീർത്ഥ്യർ അതേറ്റു ചൊല്ലുന്നു. ക്രമേണ, കയ്യിലുയർത്തിയ ജപമാലയിലെ മുത്തുകൾ ഓരോന്നും തൊട്ടുപിൻതള്ളുന്നു. അങ്ങനെ ജപമാലപ്രാർത്ഥനയുടെ ഒരാവർത്തിയല്ല, മൂന്നാവർത്തി പൂർത്തിയാവുന്നു. ദൈവമാതാവായ പരിശുദ്ധ കന്യാമറിയത്തിന്റെ ജീവിതമാണല്ലോ ഈ കൊന്തജപത്തിലൂടെ ഉണർത്തപ്പെടുക. ആ ദിവ്യാംബികയുടെ സന്തോഷത്തിനും സന്താപത്തിനും മഹത്വത്തിനും നിദാനമായ രഹസ്യസ്മൃതികളാണ് ഈ ആവർത്തന പ്രാർത്ഥനയിലൂടെ പുനരവതരിക്കുന്നത്. ഇതാണ് നൂറ്റമ്പത്തിമൂന്നുമണിജപം. അതായത് നന്മ നിറഞ്ഞമറിയമേ... എന്ന പ്രാർത്ഥന നൂറ്റിയമ്പത്തിമൂന്നു തവണ ചൊല്ലും. അപ്പോൾ കിട്ടുന്ന സ്വാസ്ഥ്യവും ജ്ഞാനവും ത്രേസ്യയെ സംബന്ധിച്ച് അപാരമായിരുന്നു. അബലയായ അവളെ ശക്തീകരിക്കുന്ന മണിമുത്തുകളായി അവ പരിണമിച്ചിരുന്നു.

കാട്ടുവഴികളുടെ ഓരത്തുള്ള കുടിലുകളിൽ കയറി. ചട്ടയും മുണ്ടും ധരിച്ച ഈ നാലുയുവതികൾ കുടിൽവാസികൾക്കൊരു വിസ്മയദൃ



ശ്യമായിരുന്നു. കറുത്ത ചരടിൽ കഴുത്തിൽ കൊരുത്തിട്ട കാശുരൂപമല്ലാതെ ആഭരണം തീരെയില്ല. ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയുടെ സ്നിഗ്ദ്ധതയും മിഴികളിൽ തുളുമ്പുന്ന അലിവിന്റെ ആർദ്രതയും.

ഇവരെക്കണ്ട് ചിലർ കുടിലുകളിൽ നിന്നിറങ്ങി ഓടി. അവർ പറയരും പുലയരും കുറവരും മറ്റും. കാഴ്ചയിൽ ത്രേസ്യയും കൂട്ടരും അവർക്കു മേൽജാതിക്കാർ. തങ്ങൾ അധഃസ്ഥിതരും. മേലാളന്മാരുടെ ദൃഷ്ടിയിൽപോലും തങ്ങൾ പെട്ടുപോകരുത്. ശിക്ഷ ഭയങ്കരമായിരിക്കും. ഈ കുന്നിനു ചുറ്റുമുള്ള കാട്ടു പാതകളിൽ അവർ തമ്പടിച്ചതിനു കാരണം അതാണ്. പക്ഷെ, ത്രേസ്യയും കൂട്ടുകാരികളും അവരുടെ പിന്നാലെ പാഞ്ഞു. ഓടിച്ചിട്ടു പിടിച്ചു. ആ സ്പർശത്തിൽ അവർ അന്തംവിട്ടു നിന്നു വിറച്ചു. അരുതേ എന്നു തൊഴുതപേക്ഷിച്ചു. പിന്നെപ്പിന്നെ ആ തീണ്ടലിന്റെ കുളിർമ്മ അവർ ഗ്രഹിച്ചു. സ്നേഹമൊഴികളുടെ തേൻകണങ്ങൾ ആദ്യമായി അവർ ആത്മാവിൽ നുകർന്നു. കുടിലുകളിൽ തിരികെ വന്ന് ദുരിതമാറാപ്പുകൾ നവാഗതരുടെ മുമ്പിൽ അഴിച്ചുവച്ചു. അയിത്തഭ്രാന്തിന്റേയും കൊടിയ ദാരിദ്ര്യത്തിന്റേയും കരളുരുക്കുന്ന തീരാചരിതങ്ങൾ! നൈരാശ്യത്തിന്റെ ആത്മഹത്യാമുനമ്പിലെത്തി രക്ഷപ്പെടലിന്റെ ഏകപോംവഴി തെരയുന്ന ഗതികെട്ട പേക്കോലങ്ങൾ. അവരിൽ ത്രേസ്യ ദൈവത്തിന്റെ തിരുമുഖം കണ്ടു. പക്ഷേ, അവർക്കു നൽകാൻ ഒന്നുമുണ്ടായിരുന്നില്ല; "നിങ്ങൾക്കു ദൈവമുണ്ട്; എളിയവരായ ഞങ്ങളുണ്ട്" എന്ന സാന്ത്വനമല്ലാതെ.

ദീനരുടെ വിലാപമായിരുന്നു മനം നിറയെ. അതിനനിവാര്യമായ പരിഹാരവഴികൾ തെരയുന്ന രാപ്പകലുകൾ. അതിരാവിലെ ആരാധനാലയത്തിലേക്ക്. പുതിയ കർമ്മ നിയോഗത്തിന്റെ അനുദിന വിവരണം വികാരിയച്ചനു നൽകും. മാർഗ്ഗനിർദ്ദേശമാരായും. ബലിയർപ്പണാനന്തരം നേരെ വീണ്ടും ശരണാർത്ഥ കുടീരങ്ങളിലേക്ക്. അവർക്കു നൽകാൻ കയ്യിലൊന്നുമില്ലെന്ന ചിന്തയാണലട്ടുന്നത്. പരിഹാരം സ്വയം കണ്ടെത്തി. സേവനത്തിന്റെ ഈ മാലാഖ അങ്ങനെ പറന്നെത്തിയത് ധനിക ഗൃഹാന്തരങ്ങളിൽ. ഇടവക പ്രമാണിമാരായ അവർക്ക് ത്രേസ്യ ചിരപരിചിത. അവരുടെ സൽക്കാര ക്ഷണങ്ങളിൽ നിന്നും വഴുതിമാറി. പകരം ഭിക്ഷായാചനയുടെ കരം നീട്ടി. ധനിക നേത്രങ്ങളിൽ വിസ്മയം. ത്രേസ്യയ്ക്കവർ പിൻബലമരുളി. അരിയും തുണിയും പണവും ഭിക്ഷാസഞ്ചിയിലേറ്റി കൂട്ടുകാരികൾക്കൊപ്പം ദരിദ്രരിലേക്ക് അവൾ പറക്കുകയായിരുന്നു; പദങ്ങളിൽ കാറ്റിന്റെ വേഗതയോടെ, ആത്മാവിൽ അഗ്നിയുടെ തീക്ഷ്ണതയയോടെ.

www.malankaralibrary.com

www.malankaralibrary.com



തീറ്റയുമായി പറന്നെത്തുന്ന തള്ളപ്പക്ഷിയുടെ വരവു കാത്തിരിക്കുന്ന കിളിക്കുഞ്ഞുങ്ങളെപ്പോലെ ത്രേസ്യയുടെ വരവിനായി പുത്തൻചിറയിലെ ദീനവർഗ്ഗം ദാഹിച്ചു. ഭിക്ഷാവസ്തുക്കൾ ദരിദ്രരിലേക്കവൾ പകർന്നു. മുഴുപ്പട്ടിണിക്കാരുടെ മുമ്പിൽ ദൈവം ചോറുരുളകളായി അവതരിക്കുന്ന അനുഭവം. ഉടുതുണിക്ക് മറുതുണിയില്ലാത്തവർ അവൾ കൊടുത്ത ഉടയാടകളണിഞ്ഞ് ഇളകിയാടി. ചക്രത്തുട്ടുകളുടെ മുമ്പിൽ ദിരദ്രസഞ്ചയം നമസ്ക്കാരാഞ്ജലിയായിത്തീരുകയായിരുന്നു.

അവർക്കവളെ സദാ കണ്ടുകൊണ്ടിരിക്കണം. കാരണം അവർ പരിത്യക്തരായിരുന്നു. ഒരു കുടുലിൽ ഒരു വയസ്സനും വയസ്സിയും മാത്രം. തിരിഞ്ഞുകിടക്കാനുള്ള ശേഷിപോലുമില്ലാതെ കിടക്കയിൽ അടിപ്പെട്ടുപോയവർ.

"മറ്റാരുമില്ലേ ഇവിടെ?" ത്രേസ്യയുടെ അന്വേഷണം.

നെഞ്ചു തകർന്ന ഒരുൽക്കടരോദനം വൃദ്ധനിൽ ഉയർന്നു.

"എന്താ ? എന്താ അപ്പച്ചാ? " ത്രേസ്യ അയാളുടെ നരച്ച ശിരസ്സിൽ തലോടി ചോദിച്ചു.

"മക്കളൊക്കെ ബല്യാ പത്രാസുകാരായിപ്പോയി. അവർക്കു ഞങ്ങളിപ്പോൾ അധികപ്പറ്റായി. ഒത്തിരി വസ്തുവും വകയുമൊക്കെയൊണ്ടാരുന്നു. എല്ലാം അവരുടെ പേരിൽ എഴുതിക്കൊടുക്കണമെന്ന് പറഞ്ഞു വഴക്കുണ്ടാക്കി. ഞനെഴുതിക്കൊടുത്തു. അതോടെ ഞങ്ങൾ പുറത്തായി. ഈ പുറമ്പോക്കിൽ അന്നു മുതൽ കഴിയുവാ മോളേ."

ത്രേസ്യ അവരുടെ മകളായി മാറി. അവരിലേക്കവൾ ആഴ്ന്നിറങ്ങി. അവർക്കൊരുപാടു പറയാനുണ്ടായിരുന്നു. ക്ഷമയോടവൾ അതെല്ലാം കേട്ടു. നരച്ചു മങ്ങിയ അവരുടെ സായന്തനവഴികൾ പെട്ടെന്നു വർണാഞ്ചിതമാവുകയായിരുന്നു.

കൊയ്ത്തുപാടത്തു മേളിക്കുന്ന കരുമാടിക്കുട്ടന്മാർക്ക് അവളാരാദ്ധ്യ. കാരണം കർക്കശക്കാരായ അപ്പനമ്മമാരുടെ മുറിപ്പെടുന്ന അടികളിൽ നിന്നും സ്നേഹശാസനത്തിന്റെ മെരുക്കുവിദ്യയുമായി വന്നവളാണിവൾ. പൊന്തവഴിയുടെ അങ്ങേ വളവിൽ ത്രേസ്യയുടെ ശിരസ്സു തെളിഞ്ഞാൽ മതി, കിടാങ്ങൾ കളിനിർത്തും. പിന്നെ ആ ബാലപ്പട അവളുടെ ചുറ്റും വിന്യസിക്കും. പുല്ലാഞ്ഞി പടർന്നുകയറിയ കുന്നിൻ ചെരിവിൽ ചെന്നിരുന്ന് വേദപുസ്തക കഥകളവൾ അവർക്കു പകർന്നു നൽകും. അതവർക്കു ശർക്കര മിഠായിയേക്കാൾ മധുരതരം. പിന്നെ,



ഓരോ വീട്ടിലേയും ദുരിതങ്ങൾ അവരാണ് ത്രേസ്യയെ അറിയിക്കുന്നത്. പ്രത്യേകിച്ച് രോഗികളുടെ കാര്യം മരണാസന്നരുടെ കാര്യം. അവിടേക്കെല്ലാം വഴിതെളിച്ചാനയിക്കുന്നതും ഈ കരുമാടികൾ തന്നെ.

അങ്ങനെ തൊട്ടറിഞ്ഞ വിലാപപ്പൊരുളുകൾ എത്രയെത്ര! തുടയ്ക്കപ്പെട്ട നിറമിഴികൾ എത്രയെത്ര! പുത്രിയായ്, അമ്മയായ്, സോദരിയായ്, സ്നേഹിതയായ് സ്വയം രൂപാന്തരപ്പെട്ട അപൂർവ്വാനുഭവങ്ങൾ എത്രയെത്ര! മരിക്കാറായവരെക്കുറിച്ചായിരുന്നു, ഏറെ കരുതൽ. അന്ത്യനിമിഷത്തിലെങ്കിലും അനുതപിക്കാതെ മരിച്ചുപോയാൽ ആത്മാവിനെന്തു ഭവിക്കുമെന്നവൾക്കറിയാം. നരകത്തിന്റെ ഭയാനക അഗ്നിപ്രളയം ഒരിക്കൽ തന്റെ ജ്ഞാനബോധത്തിൽ തെളിഞ്ഞു കണ്ടു. തീപ്പൊയ്കയിൽ ദേഹം വെന്ത് നിലവിളിക്കുന്ന പരിചിതാത്മാക്കളെ കണ്ട് അന്നു താൻ നടുങ്ങിപ്പോയില്ലേ! അന്നു മുതലാണ് മരണാസന്നരിലേക്കുള്ള ഈ ഓട്ടം തുടങ്ങിയത്. വലതുഭാഗത്തു ക്രൂശിക്കപ്പെട്ട കള്ളന്റെ കഥ എന്താണു പഠിപ്പിക്കുന്നത്? അന്ത്യനിമിഷത്തിലെങ്കിലും രക്ഷകനിലേക്കു വിശ്വാസത്തോടെ തിരിഞ്ഞതിനാൽ സ്വർഗ്ഗഭാഗ്യത്തിലേക്കവൻ ഉയർത്തപ്പെട്ടു. ഇടതുവശത്തെ കള്ളനോ, അനുതപിക്കായ്കയാൽ നരകത്താഴ്‌വരയിലേക്ക് വലിച്ചെറിയപ്പെട്ടു.

അതിനാലാണ് ഈ വൃദ്ധരോഗിണിയുടെ വീട്ടിലേക്കും അവൾ പാഞ്ഞു ചെന്നത്. സകലരാലും വെറുക്കപ്പെട്ട ഒരു തള്ള. കാരണം അവളുടെ പിൻവഴികൾ ദുഷ്ക്കർമ്മത്തിന്റേതായിരുന്നു. കടിഞ്ഞാൺ അഴിച്ചുവിടപ്പെട്ട വികാരത്തിരമാലകളുടെ നിമ്നോന്നതങ്ങളിൽ കിടന്നു ചാഞ്ചാടിയവൾ. പിഴകളിൽ പിടിക്കപ്പെട്ട അവൾ ഒറ്റപ്പെട്ടു. ഉറ്റവർപോലും അവരുടെ അഭിമാനക്കുപ്പായത്തിൽ ചെളിതെറിക്കാതിരിക്കാൻ അവളെ വിട്ടകന്നു. ഇപ്പോൾ വൃദ്ധയുടെ അരികിൽ ത്രേസ്യ മാത്രം. എങ്കിലും ദീനവും ഏകാന്തതയും ബന്ധുക്കളുടെ ഉപേക്ഷയും വയസ്സിയെ നൈരാശ്യഗർത്തത്തിലേക്കാഴ്ത്തിക്കളഞ്ഞിരുന്നു. സകലരോടും അവർക്കു വെറുപ്പാണ്., പകയാണ് അടുത്തിരുന്നു പരിചരിക്കുന്ന ത്രേസ്യയോടുപോലും. ഒരു ഭ്രാന്തിയെപ്പോലെ അവൾ ത്രേസ്യയെ നോക്കി പ്രാകി. സമാധാന മരണത്തിനായി ഈ സംഭ്രമചിത്തയെ ഒരുക്കുകയാണു ത്രേസ്യ. ഈശോ, മറിയം, യൗസേപ്പേ ഈ ആത്മാവിനു കൂട്ടായിരിക്കേണമേ എന്നുരുവിടുന്ന ഒരാത്മാവും നരകത്തിൽ പതിക്കില്ലെന്നും ത്രേസ്യയ്ക്കുറപ്പുണ്ട്. പക്ഷേ, പകരം വൃദ്ധയുടെ നാവിൽ കായ്ക്കുന്നത് സഭ്യേതര ദൂഷണങ്ങളുടെ വിഷവിത്തുകൾ. ദിനങ്ങളോളം പണിപ്പെട്ടിട്ടും വിഫലം. പക്ഷെ, ത്രേസ്യ പിന്തി

www.malankaralibrary.com

www.malankaralibrary.com



രിയില്ല. അവൾ കഴുത്തിൽക്കിടന്ന കൊന്ത ഊരി കയ്യിലേന്തി കരം വിരിച്ചു പ്രാർത്ഥനയാരംഭിച്ചു. വൃദ്ധയുടെ മാനസാന്തരം കാണാതെ ജലപാനംപോലുമുപേക്ഷിച്ചു. ലോകപാപങ്ങൾക്കുവേണ്ടി ജീവനർപ്പിച്ച ഈശോയെ വിളിച്ചവൾ മാറത്തടിച്ചു കരഞ്ഞു. യാമങ്ങൾ പലതു കഴിഞ്ഞു.

തള്ളയുടെ രൂക്ഷഭാവം മെല്ലെ മാഞ്ഞു തുടങ്ങി. അനുതാപത്തിന്റെ വിങ്ങലോടെ നരച്ച കണ്ണുകളിൽ ജലസമൃദ്ധി. ത്രേസ്യ ഇറങ്ങി ഓടി; ആനന്ദാവേശത്തിന്റെ കൗദാശികാനുഭവം വയസ്സിയിൽ ആദ്യമായി നിറഞ്ഞു. പരിശുദ്ധ കുർബ്ബാന അവൾ ഭക്തിയോടെ കൈക്കൊണ്ടു. അവർ നോക്കി നിൽക്കേ വൃദ്ധയുടെ ശ്വസനതാളം മുറുകി. ത്രേസ്യ അപ്പോഴും തിരുകുടുംബസ്ഥരായ ഈശോയേയും കന്യാമറിയത്തേയും യൗസേപ്പുപിതാവിനെയും വിളിച്ചപേക്ഷിച്ചുകൊണ്ടിരുന്നു. ഭീകരചേഷ്ടകളോടെ അനുതപിക്കാതെ അലറിപ്പിടഞ്ഞുമരിക്കേണ്ട വൃദ്ധ, ശാന്തമുഖയായി ത്രേസ്യ വിരിച്ച കരങ്ങളിൽ എന്നേക്കുമായി ചാഞ്ഞുറങ്ങി.

എന്നാൽ ഈ അഗതിസേവനം സ്വീകരണങ്ങൾ ഏറ്റുവാങ്ങിയുള്ള ഘോഷപ്രയാണമായിരുന്നില്ല. ആത്മതാപത്തിന്റെ സഹനയാത്ര തന്നെയായിരുന്നു. വിശ്രമമില്ല, നിദ്രയില്ല, ആഹാരമില്ല. മറ്റുള്ളവർ ഉണ്ണുമ്പോഴാണ് തന്റെ വിശ്രമം. ഈ കഷ്ടതകളൊന്നും അവൾക്കു പുതുമയല്ല; അസഹ്യമല്ല. അഥവാ ഈ നുകം തനിക്കുള്ളതാണ്. എന്നാൽ കൂടുതൽ സഹനം ദൈവം ആവശ്യപ്പെടുന്നുവോ! അല്ലെങ്കിൽ തന്റെ ഈ അഗതി സേവനം തെറ്റിദ്ധരിക്കപ്പെടുമായിരുന്നോ! പ്രശസ്തയാകാൻ കാട്ടിക്കൂട്ടുന്ന കുതന്ത്രങ്ങളായി തന്റെ പ്രവർത്തനങ്ങളെ അവർ ദുർവ്യാഖ്യാനം ചെയ്യുമായിരുന്നോ!

എന്തൊക്കെയാണാരോപണങ്ങൾ? താൻ അയിത്തം ലംഘിക്കുന്നു. അന്തസ്സും ആഭിജാത്യവും മറന്ന് സകലരോടും ഒരുപോലെ ഇടപെടുന്നു. ഇതൊക്കെ പിഴകളാണോ? പല തട്ടുകളിൽ മനുഷ്യരെ നിക്ഷേപിച്ച് കീഴ്ജാതിയെന്നും മേൽജാതിയെന്നുമുള്ള ദുഷ്ടവിവേചനം കല്പിച്ചിരിക്കുന്നു. വെളുത്തവനും കറുത്തവനുമെന്ന അന്തരം സൃഷ്ടിച്ചിരിക്കുന്നു. ഉള്ളവനും ഇല്ലാത്തവനുമെന്ന ഭേദം പടർത്തിയിരിക്കുന്നു. ഇതു ദൈവനീതിയാണോ? അയിത്തം, തന്നെ സംബന്ധിച്ച് ഒന്നിനോടു മാത്രം ; പിശാചിനോടും അവന്റെ സ്വഭാവമായ പാപത്തോടും. നല്ല അയൽക്കാർ എന്ന ഉപമയിൽ ഈശോ എന്താണരുളുന്നത്. യഹൂദനും ശമറായനും തമ്മിലുള്ള ഭായനകമായ അയിത്തബോധത്തെ ഈശോ തച്ചുടയ്ക്കുകയല്ലേ? യഹുദന്റെ ദീന വിലാപത്തിലേക്ക് സ്നേഹകർമ്മമായി കടന്നുചെല്ലുന്നു അധഃസ്ഥിതനായ ശമറായനെ ചൂണ്ടി ഈശോ സാക്ഷിക്കുന്നു. ഇവനാണു നല്ല അയൽക്കാരൻ. സ്വയത്തെപ്പോലെ അയൽക്കാരനേയും കരുതുന്ന ഈ ശമറായനെപ്പോലുള്ളവർക്കാണ് ദൈവരാജ്യം എന്നു വെളിപ്പെടുത്താനാണു ദൈവപുത്രൻ ഇതുപറഞ്ഞുതരുന്നത്.



ഈ കഥ പള്ളിയിൽപ്പെട്ടമേലാളന്മാർ എത്രയോ തവണ കേട്ടിരിക്കുന്നു. അനുഭവതലത്തിലേക്ക് ഈ പ്രബോധനങ്ങൾ പറിച്ചു നടുവാൻ അവർക്കു പക്ഷേ, കഴിയാതെ പോവുന്നു. അതാണവളുടെ ദുഃഖം.

സ്വന്തം വീട്ടുകാരെങ്കിലും തനിക്കനുകൂലമാകുമെന്നു കരുതി. എന്നാലവരും ധിക്കാരിയെന്ന മുദ്രയാണു തന്നിൽ കുത്തുന്നത്.

" തറവാട്ടിൽ പിറന്ന പെമ്പിള്ളേര് ഇങ്ങനെ അന്യവീടുകൾതോറും കയറിയിറങ്ങുമോ? അവർ മൂക്കിൽ വിരൽ തൊട്ടു പഴിച്ചു.

അപ്പറയുന്നതിൽ കാര്യമില്ലേ? സ്വഭവനത്തിന്റെ നാലതിരുകൾക്കപ്പുറത്തേക്ക് ഇന്നാട്ടിലെ ഏതു യുവതിയാണ് കടക്കാൻ ഒരുമ്പെടുക! പ്രത്യേകിച്ചും കല്യാണപ്രായമായവൾ ! അവർ അരിശപ്പെട്ടില്ലെങ്കിലേ ത്രേസ്യയ്ക്കത്ഭുതമുള്ളൂ. കാരണം ഒരു പുരുഷന്റെ ഏകാന്ത വസതിയിൽ താനൊരു ദിവസം കയറിചെന്നു. കെട്ടിയ പെണ്ണുമായി പിണങ്ങിക്കഴിയുകയായിരുന്നു അയാൾ. പെൺപണം മുഴുവനും തരാതെ ഇനി തന്റെ വീട്ടിൽ കാലുകുത്തരുതെന്നാണ് പെണ്ണിനോടുള്ള ഭർത്തൃശാസനം! അവളുടെ ചുടുകണ്ണീർ വീണു പൊള്ളിയതു ത്രേസ്യയുടെ കരളിലാണ്. പണമില്ലെന്നതുമാത്രമാണ് ഭാര്യയുടെ പോരായ്മ ത്രേസ്യ ചിന്തിച്ചു. ആ പാവം പെണ്ണിന്റെ നിഷ്ക്കളങ്കത ഒരു മുതൽകൂട്ടല്ലേ? അവളുടെ ദൈവദാനമായ ലാവണ്യത്തിനും വിലയില്ലേ? പുഞ്ചിരി അനർഘമല്ലേ? ദൈവാശ്രയത്വം വിലതീരാത്തതല്ലേ? എളിമ അവഗണിക്കാനാവുമോ? ഗൃഹവേലകളിലുള്ള നൈപുണ്യത്തിനു വിലയില്ലേ? അതിഥിസ്വീകരണ സന്നദ്ധതയ്ക്കും മൂല്യമില്ലേ?

ത്രേസ്യ അയാളുടെ വീട്ടിൽ ഒറ്റയ്ക്കായിരുന്നു. അയാളുടെ ലാഭക്കൊതിക്കുമുമ്പിൽ അവൾ പ്രതിരോധം തീർത്തു. ആദ്യം വഴക്കുപറഞ്ഞിറക്കിവിട്ടു. വീണ്ടു ചെന്നു അയാളുടെ ദുഷ്ടഹൃത്തിനു മുമ്പിൽ അവസാനം തൊഴുതു കേണു. അയാളുടെ മനക്കല്ലുരുകി. പാറ ചേറാകുന്നതുപോലെ ഉള്ളിൽ ബോധോദയത്തിന്റെ വെളിച്ചം നിറഞ്ഞു. സ്ത്രീയുടെ ധനം വേണ്ടാ, സ്ത്രീയായ ധനം മതി എന്ന മനോനിലയുടെ ബോധോദയം!

www.malankaralibrary.com

www.malankaralibrary.com



പക്ഷേ, അഴിഞ്ഞാടി നടക്കുന്നവളെന്ന ദുഷ്കീർത്തിയാൽ താൻ മുദ്രിതയായിരിക്കുന്നു. തന്റെ യാത്രാവഴികളുടെ ഇരുപുറവും ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്ഷേപധ്വനികൾ.

വീട്ടിൽചെന്നാലും വഴക്ക്. അപ്പന്റെ മദ്യാസക്തി ഔസേപ്പിലേക്കും പടർന്നുകഴിഞ്ഞിരുന്നു. മാരകമായിത്തന്നെ കാണുന്ന മാത്രയിൽ ത്രേസ്യയുടെ നേർക്കവൻ കയർക്കും. കുഴഞ്ഞ നാവിൽ നിന്നും തെറിക്കുന്ന ക്രൂരപദങ്ങളാൽ അവളാകെ മുറിവേറ്റു നിൽക്കും.

"തോന്നുമ്പോൾ തോന്നുമ്പോൾ വരാനും പോകാനും ഇതെന്താടീ? സത്രമാണോ?" അവരുടെ സംയുക്തഗർജ്ജനം.

"പാതിരാത്രിയിൽ വന്നു കേറിയിരിക്കുന്നു; മനുഷ്യരെക്കൊണ്ടു പറയിക്കാൻ"

"വീട്ടിലെങ്ങാനും അടങ്ങി ഒതുങ്ങി വല്ലോം സഹായിക്കേണ്ടതിനു പകരം അലഞ്ഞു തിരിഞ്ഞു നടക്കുന്നു." റോസയുടെ ശാസനം.

ഉച്ചഭാഷണം കേട്ട് തൊട്ടുപടിഞ്ഞാറുള്ള കണ്ണമ്പുഴ കാളിയാട്ടിൽ വീട്ടുകാരും കിഴക്കുവശത്തു പാർക്കുന്ന മാളിയേക്കൽ കൂനൻ കുഞ്ഞിപ്പൈലനും അതിരിലെത്തി ശ്രദ്ധിച്ചു.

ഈ പതിവു വക്കാണത്തിൽ തലയിടാൻ അവർക്കാർക്കും തീരെ താല്പര്യമില്ല. അതു കേട്ടില്ലെന്ന മട്ടിൽ അവർ ഉടൻ അവരവരുടെ ഇടങ്ങളിലേക്ക് ഉൾവലിഞ്ഞു കളയും.

എട്ടുവയസ്സുകാരി ഇറ്റ്യാനം മാത്രം ത്രേസ്യയെ കെട്ടിപ്പിടിച്ച് വിതുമ്പും.

ഇതൊക്കെയാണ് ഈയിടെയായി മങ്കിടിയൻ കുടുംബാങ്കണത്തിലെ സാന്ധ്യ ദൃശ്യങ്ങൾ.

അതിനാൽ അപ്പനും ആങ്ങളയും കുഴഞ്ഞുവീഴുന്നതുവരെ ത്രേസ്യ പറമ്പിലെങ്ങാനും ചെന്നിരിക്കും.

പക്ഷേ, ആരോടും പരിഭവപ്പെട്ടില്ല. സ്വയം ന്യായീകരിക്കാനും തുനിഞ്ഞില്ല. പകരം പരിഹാസത്തെ മുൾക്കിരീടമായി കരുതി. ക്രൂരപ്പടയുടെ ആക്ഷേപാക്രോശങ്ങളളേറ്റ് പീലാത്തോസിന്റെ മുമ്പിൽ മൗനമൂർത്തിയായി നിന്ന ഈശോയായിരുന്നു അപ്പോൾ മനം നിറയെ. മുപ്പതു വെള്ളിക്കാശിന്റെ നിസ്സാരതയ്ക്കു വിറ്റു തുലയ്ക്കപ്പെട്ട അരുമഗുരുവിന്റെ തപ്തഹൃദയമായിരുന്നു അപ്പോൾ മാതൃക. യരുശലേം നഗരത്തിലൂടെ പരിഹാസ്യനായി കുരിശെടുത്തു നടന്നുപോയ ഈശോയെ വിളിച്ച് സഹനശക്തിക്കായി അവൾ അർത്ഥിക്കുകയായിരുന്നു.

# പത്ത്

പുത്തൻചിറപ്പള്ളിയിൽ വാർഷികധ്യാനം. ഈശോയുടെ പന്ത്രണ്ടു ശിഷ്യരിൽപ്പെട്ട മാർതോമാശ്ലീഹായുടെ പദസ്പർശമേറ്റ ഈ മണ്ണിൽ വലിയനോമ്പിലുള്ള ആത്മനവീകരണത്തിന്റെ പുണ്യദിനങ്ങൾ. പീഡകളിലേക്കുള്ള ഈശോയുടെ പ്രവേശത്തിനു വഴിതെളിക്കുന്ന നോമ്പുകാലം. പ്രായശ്ചിത്തത്തിന്റെ ചാക്കുടുത്തും ചാരംപൂശിയും പൂർവ്വസൂരികൾ ധ്യാനനിമഞ്ജരായി പുലർന്ന അൻപതു രാപ്പകലുകൾ..

പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിയുടെ നാമത്തിലുള്ള പള്ളിയാണിത്. പ്രസിദ്ധമായ ഭദ്രാസന ദേവാലയവും അതിന്റെ മഹിമയും അനന്യതയും പടിഞ്ഞാറെ മുറ്റത്തുയർന്നു നിൽക്കുന്ന ഇരട്ടക്കുരുശിൽ പ്രകടം. നാലാംനൂറ്റാണ്ടു മുതലുള്ള പഴമപ്പെരുമ ആ ശിലാശില്പത്തിൽ മുദ്രിതം.

ഏറെപ്പഴകിയ പള്ളി; പക്ഷേ, ചെറുത്. മേൽക്കൂരയിൽ ജീർണ്ണത. തീർത്ഥാടകരെ ഉൾക്കൊള്ളാനുള്ള ഇടം ഉള്ളിലില്ല അതിനാൽ പള്ളിയുടെ വിസ്തൃതാങ്കണത്തിൽ വലിയ പന്തലുയർന്നു. വൻ ജനപ്പരപ്പാണ് അതിലേക്ക് ഒഴുകി നിറയുന്നത്. പുത്തൻചിറയ്ക്കു പുറത്തുനിന്നുള്ള ജനവുമുണ്ട്. കൊറ്റനെല്ലൂർ, താഴെക്കാട്, വടമ, വടക്കുഭാഗം എന്നീദേശസ്ഥർ മാത്രമല്ല സേവീയൂർ, കടപ്പുക്കര, തൂമ്പൂർ, കുതിരത്തടം എന്നിവിടങ്ങളിൽ നിന്നുള്ളവരും.

മനമിളക്കുന്ന അനുതാപ പ്രസംഗങ്ങൾ കേൾക്കാനുള്ള കൊതിയും വെമ്പലും അവരുടെ മുഖനിരകളിൽ സ്ഫുരിക്കുന്നുണ്ട്. ഉള്ളിലെ പാപച്ചെളി, കുമ്പസാരത്തിലൂടെ കഴുകിക്കളയാനും തിരക്കുകൂട്ടുന്നവർ അനേകം. തീർത്ഥാടകരെ സ്വീകരിക്കാൻ കർമ്മനിരതരായ സംഘാടകർ. വഴിവാണിഭക്കാരുടെ വളയും മഷിയും വാങ്ങാൻ തിങ്ങിക്കൂടുന്നവർ. പക്ഷേ, ത്രേസ്യ ബഹളങ്ങളിൽ നിന്നൊഴിഞ്ഞ് സ്വസ്ഥയായിരിക്കുകയാണ്.

അന്ന് ആയിരത്തിത്തൊള്ളായിരത്തിരണ്ടാമാണ്ട് ഏപ്രിലിന്റെ നാലാം ദിനം.

ധ്യാനപ്രസംഗത്തിന്റെ നേർത്ത അലമാലകൾ ഏറ്റുപദേശിമാരിലൂടെ

www.malankaralibrary.com

www.malankaralibrary.com




യിട്ടും ത്രേസ്യയുടെ കുമ്പസാരം തീരാത്തതെന്തെന്നാണ് അവരുടെ വിസ്മയം. അവൾ തന്റെ സഹനജീവിതത്തിന്റെ ഒരു നേർത്ത പരിച്ഛേദം തന്നെയാണിവിടെ സമർപ്പിച്ചത്. എന്നിട്ടിങ്ങനെ അപേക്ഷിക്കുകയും ചെയ്തു.

"അങ്ങയെ എന്റെ ആത്മപിതാവായി കൈക്കൊള്ളുവാൻ കർത്താവെന്നോടാവശ്യപ്പെടുന്നു. ഈ ദാസിയുടെ യാചന നിരസിക്കരുതെ" ഈശോയുടെ പാടുപീഡകളിൽ ഉറ്റിരുന്ന് കരംകൂപ്പി എരിഞ്ഞുരുകുന്ന അവളെ അദ്ദേഹത്തിന്റെ മനക്കണ്ണിൽ കാണാം നിഗൂഢതകൾ കെട്ടുപിണയുന്ന അവളുടെ അസാമാന്യജന്മം കൂർമ്മബുദ്ധിയായ അദ്ദേഹത്തിനു സുഗ്രഹമാണ്. ഓരോരുത്തനിലുമുള്ള ആത്മാവിനെ വിവേചിച്ചറിയാനുള്ള സിദ്ധിയും പരിശുദ്ധിയും നിറഞ്ഞ വിതയത്തിലച്ചന് ത്രേസ്യയുടെ ആത്മാവിനെ വ്യക്തമായി കാണാം. പക്ഷേ, അദ്ദേഹം പറഞ്ഞു.

"മകളുടെ ആഗ്രഹപ്രകാരം വർത്തിക്കാൻ എനിക്കു താല്പ്പര്യമാണ്. എന്നാൽ ഞാൻ മാളപ്പള്ളിയിലെ വികാരിയാണ്. ആത്മീയ പിതാവു ദൂരെയായിരിക്കുന്നതുകൊണ്ടു ഫലമില്ലല്ലോ."

അന്നുമുതൽ ത്രേസ്യയുടെ പ്രധാന പ്രാർത്ഥനാനിയോഗം ഇതായിരുന്നു. പുത്തൻചിറയിലേക്കുള്ള ആത്മതാതന്റെ സ്ഥിരവാസം. വൈദികവൃത്തിയിൽ എട്ടുകൊല്ലം മാത്രം പഴക്കമുള്ളൊരു കൊച്ചച്ചനാണ്. അതിനാൽ തൃശ്ശൂർ രൂപതയിൽപ്പെട്ട ഏതു പള്ളിയിലേക്കും അദ്ദേഹത്തിനു മാറ്റം കിട്ടാം പുത്തൻചിറയിലേക്കു തന്നെ ആകണമെന്നില്ല. മാളയിൽ നിന്നും അദ്ദേഹത്തെ സ്ഥലം മാറ്റുമെങ്കിൽപോലും അതുടൻതന്നെ ആവണമെന്നുമില്ല. ചിലപ്പോൾ വർഷങ്ങൾ തന്നെ വേണ്ടി വന്നേക്കാം. ആരുടെയും ശിപാർശകൾ ചെവിക്കൊള്ളാത്ത ഗൗരവക്കാരനായ മേനാച്ചേരി യോഹന്നാൻ തിരുമേനിയുടെ മുമ്പിൽ തൊഴുതപേക്ഷിച്ചാലും കാര്യമുണ്ടാകുകയില്ലെന്നും അറിയാം. എന്നാൽ മിഴിനീരിൽ മുഴുകി ത്രേസ്യ ദൈവത്തോട് അർത്ഥിച്ചാലോ? എങ്കിൽ അസാധ്യതകൾ സാധ്യതകളായി പരിണമിക്കും. അങ്ങനെ കേവലം പത്തു ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ. സഭാധികാരിയിൽ നിന്നുള്ള കല്പന മാളയിലുള്ള വിതയത്തിലച്ചനു കിട്ടി. പുത്തൻചിറപ്പള്ളിയിലേക്ക് ഉടൻ സ്ഥലം മാറുക.

ഓർക്കാപ്പുറത്തുള്ള ഉത്തരവാണെങ്കിലും അതദ്ദേഹത്തെ വിസ്മയിപ്പിച്ചില്ല. കുമ്പസാരകൂട്ടിലെ അനന്യ തേജസ്വിയിലേക്ക് തന്റെ നിനവു



ഫാ. ജോസഫ് വിതയത്തിൽ

www.malankaralibrary.com

www.malankaralibrary.com



കൾ തൽക്ഷണം പറക്കുകയായിരുന്നു. ഇനിമേൽ തന്റെ കർമ്മ മാർഗ്ഗവും വിസ്മയപരമ്പരകളാൽ നിറയുമെന്ന് ആ ദീർഘ ദർശിക്കറിയാം.

പുത്തൻചിറപ്പള്ളിയിലേക്കുള്ള സ്ഥാനചലനം അഭിമാനകരം തന്നെ. ഇന്ത്യയുടെ അപ്പസ്തലനായ മാർ തോമാശ്ലീഹായുടെ പുണ്യപദസ്പർശത്താൽ അനുഗ്രഹിക്കപ്പെട്ട മണ്ണാണത്. അദ്ദേഹം ആദ്യത്തെ പള്ളി സ്ഥാപിച്ചതു കൊടുങ്ങല്ലൂരിലാണെങ്കിലും അവിടെ നിന്നും നേരെ കിഴക്കോട്ട് ആറുമൈൽ മാത്രം ദൂരത്തുള്ള പുത്തൻചിറയിൽ അതിനു മുമ്പേ വന്ന് ഒരു ചെറിയ കുരിശുപള്ളിക്ക് അടിസ്ഥാനമിട്ടെന്നും വിശ്വസിക്കുന്നുണ്ട്. ശ്ലീഹാ അങ്കമാലിയിലും മലയാറ്റൂരിലുമൊക്കെ പോയത് പുത്തൻചിറയിലൂടെ ആയിരിക്കാനേ തരമുള്ളൂ.

പണ്ടുമുതൽ പ്രഖ്യാതമായ പള്ളിയാണത്. ആയിരത്തിഅഞ്ഞൂറു കൊല്ലങ്ങളുടെ പാരമ്പര്യം അതിനുണ്ട്. കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാനായി ആയിരത്തി എഴുന്നൂറ്റൊന്നിൽ വാഴിക്കപ്പെട്ട ജോൺ റിബേരാ തിരുമേനിയാണ് പുത്തൻചിറയിൽ താമസിച്ചു ഭരിച്ചു തുടങ്ങിയത്. പതിനഞ്ചു വർഷത്തെ ഭരണശേഷം കബറടങ്ങിയ അദ്ദേഹത്തിന്റെ ശവകുടീരം പുത്തൻചിറപ്പള്ളിയുടെ ബലിപീഠത്തിനരികിൽ ഇന്നുമുണ്ട്. കൊടുങ്ങല്ലൂർ ഭദ്രാസനത്തിന്റെ അനന്തരമെത്രാന്മാർ മൂന്നു പേരും അടക്കപ്പെട്ടതും ഇവിടെതന്നെ. മാർ അന്തോണി പിമന്റൽ, മാർ യോഹന്നാൻ ലൂയിസ് വാസ്ക്കോൺസൽ, മാർ സാർവദോർ റോസ്സു റെയിസ് എന്നിവർ. ഇവരിൽ അഗാധ ബുദ്ധിശാലിയായിരുന്ന മാർ അന്തോണി പിമന്റലാണ് "ബുദ്ധിമെത്രാൻ" എന്ന പേരിൽ പ്രഖ്യാതനായത്. മലയാളത്തിൽ പണ്ഡിതാഗ്രനായിരുന്ന ഈ വിദേശി "പുത്തൻപാന" "ലത്തീൻ-സംസ്കൃതവ്യാകരണം" എന്നീ കൃതികളുടെ രചനയിൽ അർണ്ണോസ് പാതിരിക്ക് വലിയ സഹായമായിരുന്നു. പോർത്തുഗീസ്- മലയാളം നിഘണ്ടു എഴുതിയതും ഈ ബുദ്ധി മെത്രാൻ തന്നെ.

ഇങ്ങനനേകം ശ്രേഷ്ഠ പിതാക്കളുടെ തിരുശേഷിപ്പുകൾ പേറുന്ന പുത്തൻചിറയിലേക്കാണു താൻ പറിച്ചു നടാൻ പോകുന്നത്. എന്നാൽ അതിലുപരി ആനന്ദദായകമായൊരു പദവി തന്നെ കാത്തിരിക്കുന്നു. സകലലോക രക്ഷകനിലേക്കു വളരാൻ ത്രസിക്കുന്ന ഒരാത്മപുത്രിക്ക് വിവേചനത്തിന്റെ നേർവെട്ടമാകുവാൻ. തമ്പുരാൻ കൽപിച്ചു തന്ന അനുഗൃഹീത പദവി. അതേ, ത്രേസ്യയുടെ ആത്മീയപിതാവ് എന്ന അനർഘ പദവി.

# പതിനൊന്ന്

ആരോടും തുറന്നുപറയാനാവാത്ത അഗ്രാഹ്യതകളുടെ രഹസ്യ അറയാണു സ്വഹൃദയം. പൊരുളറിയാത്ത സ്വപ്നങ്ങളും വ്യക്തമാകാത്ത ദർശനങ്ങളും സഹനാനുഭവങ്ങളുടെ നിഗൂഢതകളും കെട്ടുപിണഞ്ഞ അന്തരാളം. അവ പുറത്തറിയിച്ചാൽ വിപരീതമായ പ്രതികരണമാവും ഫലം. ഇപ്പോൾതന്നെ അപര ദൃഷ്ടിയിൽ താൻ കള്ളിയും പിശാചുബാധിതയും ഭ്രാന്തിയും. എന്നാൽ ഈ ആത്മഭാവം തന്റെ സത്വമാണ്. ആത്മാവിന്റെ അമാവാസിയിൽ തനിക്കു വെളിച്ചമാകേണ്ട അനർഘ മുത്തുകളാണീ ആത്മസത്ത അവ ആദ്യമായി പുറത്തെടുക്കാൻ അവസരമുണ്ടായത് ഇപ്പോൾ മാത്രം. അവയുടെ മൂല്യം തിരിച്ചറിയാൻ കെല്പുള്ള ആത്മതാതന്റെ മുമ്പിൽ മാത്രം അവ തുറന്നു വയ്ക്കുകയാണ്; സമർപ്പിക്കുകയാണ്.

ത്രേസ്യയുടെ ജീവിതത്തിന്റെ കടിഞ്ഞാൺ ഇനി മേൽ അദ്ദേഹത്തിന്റെ വലംകയ്യിൽ അതിനാൽ ദിനചര്യയുടെ ഒരു നിയതരൂപം അവൾക്കെഴുതിക്കൊടുത്തു. ഉഗ്രതപസ്വിനിക്കുമാത്രം പാലിക്കാനാവുന്ന കാർക്കശ്യമായ നിത്യ കർമ്മക്രമം. അല്പാഹാരവും നിദ്രാരഹിതരാവുകളും പണ്ടേ ശീലമാക്കിയ ഇവൾക്ക് ഈ അനുശാസനക്രമം കഠിനമാകില്ലെന്ന് അദ്ദേഹം ആശ്വസിച്ചു.

ആത്മതാതൻ അവൾക്ക് ഈശോയുടെ പ്രതിനിധിയാണ്. അതിനാൽ ഓരോ പദവിന്യാസവും അദ്ദേഹത്തിന്റെ ശിക്ഷണപ്രകാരമാകണമെന്നവൾക്കു നിഷ്ഠയുണ്ടായിരുന്നു.

"നിനക്കു പറയാനുള്ളതെല്ലാം പറഞ്ഞുകൊള്ളൂ."

വൈദിക വസതിയിലെ കസേരയിലിരിക്കുന്ന ജ്ഞാന താതന്റെ ആജ്ഞ.

അനുമതിയുടെ ആ തീക്ഷ്ണസ്വരം ത്രേസ്യയെ കുളിരണിയിച്ചു. കാരണം ഉറ്റവരിൽ നിന്നുപോലും അവൾ കേട്ടിട്ടുള്ളത് ഇതുമാത്രം; "മിണ്ടരുത്. നിന്റെ കാര്യങ്ങൾ ഞങ്ങൾക്കു കേൾക്കുകയേവേണ്ടാ." അഥവാ വെയിലേറ്റ ഹിമപർവ്വതംപോലെ അവൾ ഉരുകുകയായിരുന്നു. ഇന്നോളം ഉറഞ്ഞു കൂടിയ ആത്മീയതകളുടെ ഉത്തുംഗഭാവങ്ങൾ ഒരു

www.malankaralibrary.com

www.malankaralibrary.com



മഹാജലപ്രവാഹമായി ഉരുകി നിറയുകയായിരുന്നു. ആഴമളക്കാനാവാത്ത ആത്മീയ മഹാസമുദ്രമായി അതു വളരുകയാണ്. അതിൽ രണ്ടാളുകളുള്ള ഒരു വഞ്ചി. ഒരാൾ അമരക്കാൻ. അപരയോ സഹായാത്രികയും. അവർ വിതയത്തിൽ ജോസഫച്ചനും മങ്കിടിയൻ ത്രേസ്യയുമല്ലാതെ മറ്റാരാണ്! സ്വർഗ്ഗീയാനുഭൂതികളുടെ ചുഴികൾ നിറഞ്ഞ പാരവാരത്തിന്റെ മറുകരയാണായാത്രികരുടെ ലക്ഷ്യം. അവിടെത്തുംവരെ ഈ യുവതിയിൽ ഉദ്വേഗത്തിന്റെ ഉൾത്തുടിപ്പ്.

ദിവ്യാനുഭവങ്ങളുടെ രഹസ്യചെപ്പ് അവൾ തുറക്കുകയാണ്. കൂർത്ത ഏകാഗ്രതയോടെ കേൾക്കുകയാണദ്ദേഹം. ഇടയ്ക്കിടയ്ക്ക് ആ ജ്ഞാന നേത്രങ്ങളിൽ വിസ്മയത്തിന്റെ വികാസം. അവളുടെ പരിഭ്രാന്തിയെ ശമിപ്പിക്കത്തക്കവിധം ഇതിനിടയിൽ പൊഴിക്കുന്ന ലോലസാന്ദ്രമായ ഹൃസ്വമൊഴികൾ.

അവളുടെ മൊഴികളിലെ സത്യവും വിശുദ്ധിയും വിവേചിച്ചറിയാൻ അദ്ദേഹത്തിനു വിഷമമില്ല. ഇവിടെ വന്നശേഷം താൻ ആദ്യമായി ചെയ്തതുതന്നെ ഇവളെപ്പറ്റിയുള്ള പൊതുജനാധാരണ രഹസ്യമായി സ്വരൂപിക്കുകയായിരുന്നല്ലോ. ഈ നാടിന്റെ പൊന്നോമനയെന്ന പ്രകീർത്തനം അവരുടെ നാവുകളിൽ നിന്നുയർന്നു. ഇടവാകാതിർത്തിയിലെ വീടുകൾ പുതിയ വികാരി എന്ന നിലയിൽ താൻ സന്ദർശിക്കയായിരുന്നു. അപ്പോഴാണ് ഇവളുടെ സേവനത്യാഗത്തിന്റെ ആഴവും പരപ്പും ഗ്രഹിക്കാനായത്. പുത്തൻചിറഗ്രാമത്തിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന പേരാണ് ത്രേസ്യ.

ദരിദ്ര ജനശതങ്ങൾക്ക് ചെറുപ്പക്കാരിയായ അവൾ ആശ്വാസത്തിന്റെ അമ്മ. അവർക്കിവൾ എങ്ങനെ ആരാദ്ധ്യയാകാതിരുക്കും? ആശുപത്രിയുടെ നിഴൽപോലുമില്ലാത്ത ഈ കുഗ്രാമത്തിൽ പച്ചമരുന്നുമായി കുടുലുകൾതോറും അവൾ ചെല്ലുന്നു; കണ്ടാലറയ്ക്കുന്ന ദീനരെ വാരിയെടുത്തു പരിചരിക്കുന്നു. ദീനനെന്നോ ധനികനെന്നോ ഭേദമില്ല. മരണാസന്നർക്കൊപ്പം രാപ്പകൽ കാവലിരുന്നു പ്രാർത്ഥിക്കുന്നു. അവരിൽ പലരും അവളെ ശപിച്ചിട്ടുണ്ട്. മരണനേരത്ത് ആത്മാവിൽ കുടിയേറുന്ന പിശാചുക്കളുടെ പരോക്ഷശാപം. എത്രയും കൂടുതൽ ആത്മാക്കളെ നരകത്തിലേക്കു നേടുകയാണു പിശാചിന്റെ ലക്ഷ്യം. എന്നാൽ തടസ്സമാകുന്നതു ത്രേസ്യ. "പോടി കള്ളി..." എന്നു വിളിച്ചവർ ആട്ടി. എന്നാൽ അവൾ വിട്ടില്ല. പതറിയില്ല. പ്രാർത്ഥന നീട്ടി, പരിത്യാഗങ്ങൾ പെരുക്കി.



പാവപ്പെട്ടവന്റെ മുമ്പിൽ ഭിക്ഷാടനത്തിന്റെ ചില്ലിക്കാശുമായി അവതരിച്ചവളും മറ്റാരുമല്ല. നിസ്വാർത്ഥമായ ഈ ക്രിസ്തീയസ്നേഹത്തിനു മുമ്പിൽ സംശയാലുക്കളായിരുന്ന പല അക്രൈസ്തവ സത്യാന്വേഷികളും ജ്ഞാനസ്നാന ദാഹികളായി മാറി. പരസ്നേഹത്തിന്റെ വശ്യത! മാമോദീസാ കൈക്കൊള്ളാൻ ആശിക്കാത്ത ആരേയും അവൾ പ്രേരിപ്പിച്ചുമില്ല.

പുത്തൻചിറപ്പള്ളിയുടെ ശ്മശാനത്തിൽ ഇടവകക്കാരല്ലാത്ത എത്രയോ പാവങ്ങളാണ് അങ്ങനെ നിത്യനിദ്രകൊള്ളുന്നത്. ആരോരുമില്ലാതെ തെരുവിൽ മരിച്ചു വീണ പലരും അക്കൂട്ടത്തിലുണ്ടായിരുന്നല്ലോ.

" അവിവാഹിത നാടിനു ശാപം" എന്നാണവർ ശഠിച്ചിരുന്നത്. എന്നാലിവർ "ശാപം" എന്ന പദസ്ഥാനത്ത് "ഭാഗ്യം" എന്നു തിരുത്തുന്നു. കാരണം കെട്ടുപ്രായം കടന്നുപോയ നിരവധി ദരിദ്രയുവതികളുടെ കല്യാണത്തിന് വഴിതെളിച്ചവൾ, അവിവാഹിതയായ ത്രേസ്യ! എങ്കിലും ആക്ഷേപാസ്ത്രങ്ങൾ അവൾക്കെതിരെ തൊടുത്തുവിടുകയാണ് അസൂയപക്ഷം.

"പത്തു മുപ്പതു വയസ്സായില്ലേ അച്ചോ ഇവൾക്ക്. അടങ്ങിയൊതുങ്ങി ഇവിടെങ്ങാനും ഇരിക്കരുതോ?" അത് മറ്റാരിൽനിന്നുമല്ല; സ്വഭവനാംഗങ്ങളിൽ നിന്നും. അപ്പന്റെയും ആങ്ങളയുടെയും മനോനില അച്ചനറിയാം. എങ്കിലും ശാസനയോടെ ചേദിച്ചു.

"ഇവൾക്കീ വീട്ടിൽ താമസിക്കാനുള്ള അന്തരീക്ഷം ആരാ നശിപ്പിച്ചത്?"

"ക്ഷമിക്കണം അച്ചോ. ഞാനിങ്ങനെയായിപ്പോയി. ഇവിടിവൾക്കു താമസിക്കാനിഷ്ടമില്ലേൽ "മംഗലി"യിൽ പോയി നിക്കരുതോ? അവർ ഇവൾക്കു പ്രത്യേകം വീടുവരെ പണിയിച്ചു കൊടുക്കാമെന്നു പറഞ്ഞതാ. അവൾ കേക്കത്തില്ല." അപ്പൻ ന്യായീകരിച്ചു.

"ദൈവത്തിന്റെ ഇഷ്ടം അതല്ലെന്നവൾക്കു നിശ്ചയം കാണും." കുമ്പസാരക്കൂട്ടിലിരുന്ന് ' ദൈവത്തിന്റെ ഇഷ്ടവും എന്റെ ഇഷ്ടവും ഒന്നാകണമേ എന്നാണച്ചാ എന്റെ പ്രാർത്ഥനമുഴുവൻ' എന്നവൾ ആദ്യവേളയിൽ പറഞ്ഞത് അച്ചൻ ഓർക്കുകയായിരുന്നു.

"ഓ! ദൈവത്തിന്റെ ഇഷ്ടം."

ഔസേപ്പിന്റെ പുച്ഛസ്വരം.

www.malankaralibrary.com

www.malankaralibrary.com



പെട്ടന്നൊരാശയം കിട്ടിയ മട്ടിൽ അപ്പൻ വീണ്ടും വാദിച്ചു.

"രാത്രി മുഴുവൻ ഇവൾ അന്യവീടുകളിൽ കഴിയുന്നതും ദൈവത്തിന്റെ ഇഷ്ടമാണോ അച്ചോ?"

മദ്യപന്മാരേയും ആഭാസന്മാരേയും ഭാര്യയിൽ നിന്നും പിണങ്ങി അകന്നു കഴിയുന്നവരെയുമൊക്കെ അവൾ സന്ദർശിക്കുന്നു. രോഗികളും മരണാസന്നരുമുള്ള വീടുകളിൽ രാത്രിമുഴുവൻ കഴിയുന്നു. അവരുടെ ഭാഷയിൽ ഇതു തന്തോന്നിത്തമാണ്. ധിക്കാരമാണ്. സ്വഭാവദോഷമാണ്.

അച്ചന്റെ അധികാരസ്വരമുയർന്നു.

"അവൾ എവിടെയായാലും എപ്പോഴായാലും എല്ലാവർക്കും നന്മയല്ലേ ചെയ്യുന്നുള്ളു. അതു നിങ്ങൾക്കും നന്നായറിയാമല്ലോ. അപ്പോൾ പിന്നെ അവളെ ഒറ്റയ്ക്കു വിടാതെ കൂടെ നിങ്ങളിൽ ആർക്കെങ്കിലും പോകാമല്ലോ.

കൂടെപ്പിറപ്പുകൾക്ക് അവളുടെ നന്മകളെപ്പറ്റി ബോദ്ധ്യമില്ലാഞ്ഞല്ല. പക്ഷേ, ഈ അസാധാരണത്വത്തെ ഗ്രഹിക്കാനുള്ള ത്രാണി അവർക്കില്ലാതെപോയി. മറ്റുള്ളവരുടെ കുത്തുവാക്കുകൾ കേൾക്കാൻ ശക്തി പോരാത്തതാണ്.

വികാരിയുടെ കല്പന കാക്കാൻ എന്നിട്ടും അവർക്കു തോന്നിയില്ല. എന്നാൽ ഇപ്പോൾ അവൾക്കൊപ്പം രാത്രി തോറും അപ്പനോ ഔസേപ്പോ കൂട്ടുപോകാറുണ്ടത്രേ. അതിനൊരു കാരണസംഭവമുണ്ടായി.

ഊർദ്ധ്വശ്വാസത്തിൽ കിടന്ന ഒരശരണരോഗിണിയുടെ കൂടെയായിരുന്നു അന്നവൾ. അന്തിയോളം പരിചരിച്ചു കുഴഞ്ഞപ്പോൾ ത്രേസ്യ വീട്ടിലേക്കു പോയി. മരണാസന്നയ്ക്ക് വേണ്ടവ കരുതി രാത്രിയിൽ തിരിച്ചിറങ്ങവേ അപ്പന്റെ ശകാരം.

നീ ഈ രാത്രിയിലെങ്ങോട്ടാ? ആളുകൾ അതുമിതും പറയുന്നതു കേട്ടുമടുത്തു. കേറിപ്പോ അകത്ത്. കേണപേക്ഷിച്ചിട്ടും അപ്പന്റെ നെഞ്ചലിഞ്ഞില്ല. അവൾ വിഷണ്ണയായി മുറിക്കുള്ളിലൊതുങ്ങി.

പാതിരാവിൽ അവൾ ആ കാഴ്ചകണ്ട് ഉറക്കെ കരഞ്ഞുപോയി. ആസ്ത്രീ മരിച്ചു കഴിഞ്ഞു. തീപ്പടർപ്പിൽപ്പെട്ട അവളുടെ ആത്മാവ് ത്രേസ്യയുടെ മുമ്പിൽ നിലവിളിച്ചു.

"എന്നേക്കുമായി ഞാൻ നശിച്ചുപോയി. ഈ ആത്മാവ് ശരീരത്തെ



പിരിയുന്ന നേരത്ത് നീ എന്താ വരാതിരുന്നത്? വന്നിരുന്നെങ്കിൽ എനിക്കീ ദുർഗ്ഗതി വരുമായിരുന്നോ?"

അതവൾക്ക് താങ്ങാവുന്നതിലധികമായിരുന്നു. അപ്പന്റെ മുമ്പിൽ അവൾ ഓടിയെത്തി കരഞ്ഞു.

"അപ്പച്ചൻ ഒരാത്മാവിനെ നരകത്തിലെറിഞ്ഞ് കൊന്നുകളഞ്ഞല്ലോ"

തോമ്മാ ഒന്നു വിരണ്ടു. പള്ളി തീണ്ടാത്തവനാണെങ്കിലും ദൈവിക കാര്യങ്ങളെ അയാൾ തള്ളിപ്പറഞ്ഞിട്ടില്ല.അതിനാൽ മകൾ പറഞ്ഞ കഥ കേട്ട് അയാളുടെ മനം പിടഞ്ഞു. അന്നു തീരുമാനിച്ചു.

ഇനി രാത്രികളിൽ അവൾക്കു കൂട്ടുപോവുക തന്നെ. ആ പതിവ് തുടരുകയും ചെയ്തു.

ദുരൂഹമായ തന്റെ ജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ ദീർഘമൊഴിയായി പെയ്തൊഴിയുകയായിരുന്നു. ഘനഭാരം നീങ്ങിയമട്ടിൽ അവൾ ആശ്വാസ നിശ്വസനമുതിർത്തു. കാർമേഘം നീങ്ങിത്തെളിഞ്ഞ വാനം പോലെ മുഖമുണർന്നു.

നിരവധി പരിശുദ്ധരുടെ ചരിതങ്ങൾ വിതയത്തിലച്ചൻ വായിച്ചിട്ടുണ്ട്. അവരുടെ അവ്യാഖ്യേയമായ ജീവിതപ്പൊരുളുകൾ ത്രേസ്യയിലൂടെ പുനരവതരിക്കുകയാണെന്നദ്ദേഹത്തിനു തോന്നി. അതിന്റെ തെളിവാകാം അദ്ദേഹത്തെ ചൂഴ്ന്നു നിന്ന ദീർഘമൗനം

ചിന്തയുടെ മുറുക്കും ക്രമേണ അയഞ്ഞപ്പോൾ അദ്ദേഹം നിർദ്ദേശിച്ചു.

"ബാല്യകാലം മുതലുള്ള നിന്റെ ജീവിത സംഭവങ്ങൾ എനിക്കു കുറിച്ചുതരണം."

പിതാവേ അതുകൊണ്ടെന്തു പ്രയോജനം? അവിടുന്നല്ലാതെ മറ്റാരും ഇവ അറിയരുതെന്നാണ് ആഗ്രഹം.

"ദൈവത്തിന്റെ ആഗ്രഹം മറിച്ചാണെങ്കിലോ?" ആത്മപഥത്തിന്റെ വിദൂര സാദ്ധ്യതകൾ അറിയാവുന്ന അച്ചൻ വാദിച്ചു.

എങ്കിൽ തീർച്ചയായും അതിനു ഞാൻ കീഴടങ്ങും.

പക്ഷെ എഴുത്തും വായനയും എനിക്കത്ര വശമില്ല പിതാവേ.

"അതോർത്തു വിഷമിക്കേണ്ട. കഴിവുള്ളതുപോലെ എഴുതിത്തന്നാൽ മതി. മെത്രാനച്ചന്റെ കല്പന കൂടിയാ ഇത്."

തൃശ്ശൂർ മെത്രാൻ മാർ യോഹന്നാൻ മേനാച്ചേരി തിരുമേനിയുടെ

www.malankaralibrary.com

www.malankaralibrary.com



നിശിത ചിന്തയിലും താൻ വിഷയീഭവിച്ചതോർത്ത് അവർ വിഹ്വലയായി. അശരണർക്കു താൻ തുണയായത് സഭാധികാരികളുടെ ശ്രദ്ധനേടാനായിരുന്നില്ല. അത്തരം ഖ്യാതിയാണു തനിക്കു ഭയാനകം. കർമ്മതീക്ഷ്ണതയെ കെടുത്തിക്കളയുന്നതും ഈ പ്രശംസ തന്നെ.

ഒരു പക്ഷേ തിരുമേനിയുടെ മുമ്പിൽ തന്നെപ്പറ്റിപറഞ്ഞത് ഈ ആത്മീയ പിതാവു തന്നെയാണെങ്കിലോ! ത്രേസ്യ ഊഹിച്ചു.

അവൾ അനുസരിച്ചു. സന്ധ്യയുടെ മുഖം ഇരുണ്ടു തുടങ്ങി. കറുക്കും മുമ്പ് വീട്ടിലേക്ക് തിരിക്കണം. വീട്ടിൽ ചെന്ന് ആങ്ങളയെ കൂട്ടി പീഡിതരുടെ അരികിലെത്തണം

അവൾ യാത്രാനുമതി തേടി.

അച്ചൻ ഒരു കാര്യകൂടി അവളോടാവശ്യപ്പെട്ടു.

"ആർക്കും വഴിപ്പെടാത്ത ഒരു പാപിയെ നിന്റെ കയ്യിലേല്പിക്കുകയാണ്. അയാളെ മാനസാന്തരപ്പെടുത്താൻ നിനക്ക് കഴിയും."

"അതാരാണു പിതാവേ?"

"നിന്റെ വീടിന്റെ കിഴക്കു വശത്തുള്ള ഒരാൾ.

ത്രേസ്യ പലതവണ സന്ദർശിച്ചിട്ടുള്ള ആളാണ്. ഇരുപതു കൊല്ലത്തിലേറെയായി അയാൾ പള്ളിയിൽ കയറാതായിട്ട് ദൈവത്തെപ്പറ്റി കേൾക്കുന്നതുപോലും വെറുപ്പാണ്. കടുത്ത നിരാശൻ. ഇന്നൊരു ഭ്രാന്തനെപ്പോലെ.

പിതാവേ, അദ്ദേഹം പഠിപ്പുള്ളവൻ. പ്രായമുള്ള ആളും, എന്നെ അദ്ദേഹം വകവയ്ക്കുമോ?

"നിന്നിൽ ദൈവമുണ്ട് ത്രേസ്യ. നിനക്കയാളെ നേർവഴിക്കു നടത്താവും നിനക്കു മാത്രം."

# പന്ത്രണ്ട്

രാത്രി എട്ടുമണിയായിട്ടുണ്ടാവും. വിതയത്തിലച്ചന്റെ മുറിക്കുള്ളിൽ എണ്ണവിളക്കിന്റെ നേർത്ത വെട്ടം. ഇടംകൈ തലയിൽ താങ്ങി തെല്ലു കുനിഞ്ഞിരുന്നെഴുതുകയാണദ്ദേഹം. കലതിയുടെ കായ് പിഴിഞ്ഞ ചാറിൽ എഴുത്തുകോലിന്റെ പിത്തളമുന മുക്കിയെടുത്ത് എഴുതിത്തുടങ്ങി.

"...ഇവൾക്ക് ഓർമ്മവച്ചതിൽപിന്നെ ഇവൾ കഴിച്ചുവന്ന ജീവിതത്തെപ്പറ്റിയും സംഭവിച്ചിട്ടുള്ള സംഭവങ്ങളെപ്പറ്റിയും എഴുതിക്കൊണ്ടു വരണമെന്ന് ആത്മപിതാവു കല്പിച്ചിരുന്നതിനെ പലപ്പോഴും ഒഴിവ് അപേക്ഷിച്ചെങ്കിലും കല്പനയ്ക്ക് കീഴ്‌വഴങ്ങി പ്രവർത്തിച്ചു വന്നിരുന്നു."

അത്രയും എഴുതിയപ്പോഴെക്കും അച്ചന്റെ ഉള്ളിൽ ചില ഓർമ്മകളുണർന്നു. അതു ത്രേസ്യയെപ്പറ്റിത്തന്നെ. തന്റെ കല്പനയാൽ അവൾ ആത്മകഥകുറിച്ചു തന്നിരിക്കുന്നു. നാലു ഭാഗങ്ങളായി തിരിച്ച് ബദ്ധപ്പെട്ടെഴുതിയ പതിനെട്ടു പുറങ്ങൾ. അക്ഷരപ്പിഴവും വ്യാകരണതെറ്റും വിലക്ഷണഭാഷയും ആവാം. എന്നാൽ അതിനുള്ളിലെ നിർമ്മലത്വവും വിധേയത്വവും വളരെ ആകർഷണീയം. ഭംഗിയുള്ള കൈപ്പടയല്ലായിരിക്കാം. എന്നാൽ കഴിയുന്നിടത്തോളം സുന്ദരമാക്കാനുള്ള ശ്രമം ഓരോ കുറിപ്പിലുമുണ്ട്.

ഇന്നു രാവിലെ ദിവ്യബലിയർപ്പണത്തിനവൾ പള്ളിയിലെത്തിയപ്പോൾ തന്നതാണീ ആത്മക്കുറിപ്പ്. അനുഭവപരമ്പരകൾ ഇനി തുടർച്ചയായി അറിയിക്കുകയും ചെയ്യും. അവയെല്ലാം കൃത്യമായി കുറിച്ചു സൂക്ഷിക്കാനുള്ളതാണീ പുസ്തകം.

ആദ്യലിഖിതത്തിനു പിന്നിൽത്തന്നെ ഒരത്യപൂർവ്വ പശ്ചാത്തലമുണ്ട്. പാടുപെട്ടവളെഴുതി വച്ച കടലാസ്സുകൾ പെട്ടെന്നു കാണാതായി. ഇടുങ്ങിയമുറിയിൽ മറ്റാരും കടന്നിട്ടില്ല. കാറ്റടിച്ചു താഴെയെങ്ങാനും വീണോ എന്നറിയാൻ പരതുമ്പോഴാണ് ഒരലർച്ച മുഴങ്ങിയത്. പെട്ടെന്നു തിരിഞ്ഞ ത്രേസ്യ ആ കാഴ്ചകണ്ടു നടുങ്ങിപ്പോയി. ഒരുപറ്റം പിശാചുക്കൾ. അവരുടെ ദുഷ്ടഹസ്തങ്ങളിൽ ചെറുകഷണങ്ങളായി

www.malankaralibrary.com

www.malankaralibrary.com



ചീന്തിക്കളഞ്ഞ തന്റെ ആത്മലിഖിതം. ആത്മതാതൻ തന്നിരുന്ന കടലാസ്സിലാണതെഴുതിയത്. വീണ്ടുമെഴുതാൻ കടലാസ്സ് ഇനിയില്ല.

"അതിവിടെ തരു." ത്രേസ്യ കൈ നീട്ടി മുന്നോട്ടാഞ്ഞു. പകരം കാതടപ്പിക്കുന്ന ആക്ഷേപാട്ടഹാസം. അവൾ അവിടെനിന്നിറങ്ങി ഓടി, തന്റെ പക്കലേക്ക് അപ്പോൾ ഇങ്ങനൊരു കുറിപ്പെഴുതി അവൾക്കു നൽകി തിരികെ വിട്ടു.

"ഹേ പിശാചേ. ദൈവനാമത്തിൽ നിന്നോടു കല്പിക്കുന്നു തട്ടിപ്പറിച്ച കുറിപ്പുകൾ തിരികെ കൊടുത്തുകൊള്ളണം. മേലാൽ ഇത്തരം ദ്രോഹങ്ങൾ അവളോടു ചെയ്തുപോവുകയുമരുത്."

അതവൾ മുറിയിൽ ഭദ്രമായി വച്ചു. ദൈവത്തിന്റെ ഭയാനകദ്ധ്വനിയായി സാത്താനത് അനുഭവപ്പെട്ടു.

പൂർവ്വനിലയിലാക്കിയ പതിനെട്ടു താളുകളും പിശാചുക്കൾ തിരികെ നൽകി. അങ്ങനെയതു തന്റെ കയ്യിലെത്തുകയും ചെയ്തു. അതുപുസ്തകത്താളിൽ പകർത്തിക്കൊണ്ടിരിക്കുമ്പോൾ എങ്ങനെ കോൾമയിരണിയാതിരിക്കും!

പള്ളിക്കാര്യങ്ങൾക്കായി പുറത്തെവിടെയെങ്കിലും പോയി മടങ്ങുമ്പോഴേക്കും രാത്രി എട്ടുമണിയെങ്കിലുമാകും. പിന്നെ ആദ്യത്തെ കർമ്മം തന്റെ ജ്ഞാനപുത്രി അന്നന്ന് അറിയിക്കുന്ന രഹസ്യവിശേഷങ്ങൾ ഗ്രന്ഥത്താളിൽ പകർത്തുകയാണ്. അരമണിക്കൂറോളം നീളും. പിന്നെ മാത്രമാണ് കുളിയും ആഹാരവും. രാത്രി പതിനൊന്നിനുറങ്ങുന്നതുവരെ ജ്ഞാനപുത്രി തന്നെയാണ് തന്റെ പ്രാർത്ഥനയിലെ ധ്യാനപ്പൊരുൾ.

പതിവുപോലെ അന്നും കിടക്കാനൊരുങ്ങുകയായിരുന്നു. ഉടൻ പുറത്തു മണിയടി നാദം. പള്ളിയോടുചേർന്നുള്ള ചെറുവസതിയുടെ ദ്രവിച്ച വാതിൽ അച്ചൻ തുറന്നു. വർദ്ധിതാഹ്ലാദത്തോടെ കൺമുമ്പിൽ തന്റെ ജ്ഞാനപുത്രി.

"നീ. ഈ അസമയത്ത്! "

"പിതാവുടനെ മാളിയേക്കൽ വീട്ടിലോട്ടു വരണം. അന്തോണിചേട്ടൻ അനുതപിച്ചു. കുമ്പസാരിക്കണമെന്നു പറഞ്ഞു."

അച്ചന്റെ കൂടെക്കഴിയുന്ന കപ്യാര് തെറ്റയിൽ ഔസേപ്പ് ലോനപ്പൻ ഇറങ്ങിവന്നു പുലമ്പി.

ഈ പാതിരായ്ക്കു തന്നെ വേണോ കുമ്പസാരം? രാവിലെ ആയാലോക്കത്തില്ല്യേ?



ത്രേസ്യ അതു കേട്ടു ചൊടിച്ചു.

"ഈ രാത്രിയിൽ അദ്ദേഹം മരിച്ചുപോയെന്നു കരുതുക. അനുതാപകൂദാശ കൈക്കൊള്ളാതെ മരിക്കുന്നവരുടെ ആത്മാവിന് എന്തു സംഭവിക്കുമെന്ന് കപ്യാർക്ക് അറിയാമോ?

ലോനപ്പൻ നിശ്ശബ്ദയായി.

അവളുടെ ആനന്ദത്തിന്റെ പൊരുളെന്തെന്ന് അച്ചനറിയാം. അച്ചനും പള്ളി പ്രമാണിമാരും ആഞ്ഞുശ്രമിച്ചു തോറ്റുപിൻവാങ്ങിയ സ്ഥാനത്താണ് ഈ നിരക്ഷരപുത്രിയുടെ ഉദ്യമസാഫല്യം.

ഇരുപതു ദിനങ്ങളുടെ ത്യാഗകർമ്മമാണ് അതിനായി അവൾ സമർപ്പിച്ചത്. ഇരുപതല്ല ഇരുന്നൂറുവേണ്ടിവന്നാലും അവൾക്കു മടുപ്പില്ല. കാരണം, അവളെ സംബന്ധിച്ച് ഒരാത്മാവിന്റെ നിത്യരക്ഷയേക്കാൾ മഹോന്നതമായി യാതൊന്നുമില്ല. ഭൂമിയിൽ.

ത്രേസ്യയുടെ വിജയകാരണം വളരെ ലളിതമായിരുന്നു പലരും അന്തോണിയെ ഉപദേശിക്കുവാനാണു തുനിഞ്ഞത്. ലോകവിവരമുള്ള ഈ നിരീശ്വരവാദി വിട്ടുകൊടുക്കുമോ. അങ്ങനെ വാദപ്രതിവാദം ശണ്ഠയുടെ വക്കിലെത്തുകയായിരുന്നു. പക്ഷേ ത്രേസ്യ ഒരു മകളെപ്പോലെ ഇടപഴകി. കുറ്റപ്പെടുത്തിയില്ല. കർക്കശമായ ഉപദേശമില്ല. പകരം, ഉള്ളിൽതൊടുന്ന ചില സ്നേഹശീലുകൾ, അവളുടെ ഭൗമവിജ്ഞാനക്കുറവിനേക്കാൾ അയാൾക്കു ശ്രദ്ധേയമായത് അവളിലെ ആത്മജ്ഞാന നിറവ്. ഈശോയുടെ നിണം ചിന്തുന്ന തിരുഹൃദയത്തിനു മുമ്പിൽ ത്രേസ്യ സമർപ്പിക്കുകയായിരുന്നു ഈ മനുഷ്യനെ. അതുകൊണ്ടും മതിയാക്കിയില്ല. ആത്മപിതാവിനെ ചെന്ന് കണ്ട് അപേക്ഷിച്ചു.

"അന്തോണിച്ചേട്ടനുവേണ്ടി പള്ളിയിൽ പൊതുവായി തിരുഹൃദയത്തിന്റെ നൊവേന കഴിക്കണം."

അച്ചൻ അനുവദിച്ചു.

തനിക്കുവേണ്ടിയുള്ള മതാനുഷ്ഠാനുങ്ങളെപ്പറ്റി അറിഞ്ഞ് അന്തോണി ക്രുദ്ധനായി. അസഭ്യം തുപ്പി ഭ്രാന്തനെപ്പോലെ പുലമ്പുകയും തലതല്ലുകയും ചെയ്തു. സാവധാനം ശാന്തനായി. തിരിച്ചറിവിന്റെ വെളിവു കിട്ടിത്തുടങ്ങി. പശ്ചാത്താപവിവശനായി; കുമ്പസാരിക്കാൻ ധൃതികൂട്ടി.

www.malankaralibrary.com

www.malankaralibrary.com



അതിനാലാണീ നടുരാവിൽ ത്രേസ്യ പള്ളിയിലേക്കു പാഞ്ഞത്. അച്ചൻ അവൾക്കൊപ്പം വേഗമിറങ്ങി. യാത്രയിലുടനീളം ആത്മപിതാവിന്റെ ജ്ഞാനവചസ്സുകൾ പൊഴിഞ്ഞുകൊണ്ടിരുന്നു.

“ത്രേസ്യ കേട്ടിട്ടുണ്ടോ വിശുദ്ധ ഫ്രാൻസീസ് അസീസിയെപ്പറ്റി?” “ഉവ്വ്. അമ്മ പറഞ്ഞുതന്നിട്ടുണ്ട്. ഈശോയ്ക്കുവേണ്ടി ലോകത്തിനു മുമ്പിൽ സ്വയം ഭ്രാന്തനായ പുണ്യാളനല്ലേ? ഭ്രാന്തനെപ്പോലെ തെരുവിലലഞ്ഞ അദ്ദേഹത്തിന്റെ കൂടെ ഇറങ്ങിത്തിരിച്ച പണക്കാരിയായ ക്ലാരയുടെ കഥയും കുറച്ചൊക്കെ അറിയാം പിതാവേ.”

“ആ ഫ്രാൻസീസിന്റെയും ക്ലാരയുടെയും ദൈവവിളിയല്ലേ ത്രേസ്യ നമുക്കുള്ളത്? പൊളിഞ്ഞു കിടക്കുന്ന എന്റെ പള്ളികൾ നീ പുതുക്കുക എന്നതായിരുന്നു ഫ്രാൻസിസിനു ലഭിച്ച ആദ്യത്തെ ദൈവസന്ദേശം.”

“മനുഷ്യരാകുന്ന ദേവലായങ്ങളെപ്പറ്റിയല്ലേ പിതാവേ?”

“മനുഷ്യാത്മക്കളുടെ കൂട്ടിന് നീയുണ്ടല്ലോ. എന്നാൽ ഞാനീയിടെയായി ചിന്തിക്കുന്നത് പൊളിഞ്ഞു നിലം പൊത്താറായ നമ്മുടെ പള്ളിയെപ്പറ്റിയാണ്. ഒരു വലിയ പള്ളി പുത്തൻചിറയ്ക്കു കൂടിയേ തീരൂ.”

“എല്ലാം ദൈവനിശ്ചയംപോലെ നടക്കും പിതാവേ. പിതാവിനെ ഇവിടേക്കു ദൈവം കൊണ്ടുവന്നത് എന്റെയും ഈ നാടിന്റെയും രക്ഷയ്ക്കാണ്.”

“നമ്മുടെ പള്ളിയുടെ ചരിത്രത്തെപ്പറ്റി നിനക്കെന്തൊക്കെ അറിയാം?”

“ആയിരത്തഞ്ഞൂറു കൊല്ലം പഴക്കമുണ്ടെന്നറിയാം”

“അതെ. അതു പണിതത് സിറിയായിൽ നിന്നും ഇവിടെ കുടിയേറിയ കനായിത്തൊമ്മനും കൂട്ടരുമാണ്. കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന ചേരമാൻ പെരുമാളിൽ നിന്നും കിട്ടിയ അനുമതിയോടെയാണു പണിതത്. എന്നാലത് മതപീഡകർ തകർത്തു കളഞ്ഞു. പിന്നെ വളരെക്കാലത്തേക്ക് ഇവിടെ പള്ളിയില്ലായിരുന്നു.”

“പിന്നെവിടെപ്പോയാണ് ജനങ്ങൾ ആരാധിച്ചിരുന്നത്? സത്യത്തിലും ആത്മാവിലുമുള്ള ആരാധനയുടെ പൊരുൾ ത്രേസ്യയ്ക്കറിയാം. എങ്കിലും ദേവാലയത്തിൽ പോകാതിരിക്കുക അവളെ സംബന്ധിച്ച് അചിന്ത്യമാണ്.

“അമ്പഴക്കാട്ടു പള്ളിയിൽ. പുത്തൻചിറയിൽ വീണ്ടും പള്ളി പണിതത് പോർട്ടുഗീസുകാരാണ്. അന്ന് കൊടുങ്ങല്ലൂർ അതിരൂപതയുടെ അതിഭദ്രാസനപ്പള്ളിയും അതിമെത്രാസന അരമനയും ആയിരുന്നു പുത്തൻചിറപ്പള്ളി.”



“ആ പള്ളിയാണോ പിതാവേ ഇന്നുള്ളത്?”

“അല്ല. മൈസൂർ കടുവാ എന്നു കേട്ടിട്ടുണ്ടോ? അതായത് ടിപ്പു സുൽത്താൻ. പോർട്ടുഗീസുകാർ നിർമ്മിച്ച പള്ളി അയാൾ നിലംപരിശാക്കി.”

“ഇപ്പോഴുള്ള പള്ളി പണിയാൻ ആരാ ശ്രമിച്ചത്?”

“മാളിയേക്കൽ കുനൻ ഇട്ടീര പൗലോസ് കത്തനാർ.”

“ദൈവകൃപയുള്ളവർക്കേ ഇത്ര വലിയ ത്യാഗങ്ങൾ ഏറ്റെടുക്കാനാവൂ. അല്ലേ പിതാവേ?”

“വലിയ പണച്ചെലവുണ്ടാകും. വളരെ ക്കൊല്ലങ്ങൾ വേണ്ടിവരികയും ചെയ്യും. എല്ലായിടത്തും പോയി യാചിക്കേണ്ടിയും വരും.”

“പിതാവനുദിച്ചാൽ ഞാനും കൂട്ടുകാരികളും പോയി, കിട്ടുന്നതൊക്കെ പിരിച്ചു തരട്ടേയോ?”

“സമയമാകട്ടെ. അതുവരെ നീ ഇക്കാര്യത്തിനുവേണ്ടിയും മുട്ടിപ്പായി പ്രാർത്ഥിച്ചുകൊള്ളണം”.

www.malankaralibrary.com

www.malankaralibrary.com

## പതിമൂന്ന്

ഉള്ളുലയ്ക്കുന്ന ഭയങ്കരതകളുടെ പകലിരവുകൾ. ആത്മധൈര്യം ചോർത്തിക്കളയുന്ന ആക്രന്ദനഭേരികൾ. മാംസക്കൊതിയോടെ ചീറിപ്പറക്കുന്ന കഴുകപ്പടയെപ്പോലെ, കരിഞ്ചിറകുകളുള്ള ദുഷ്ട സത്വങ്ങൾ പറന്നുതാഴുമ്പോൾ ചുഴലിക്കൊടുങ്കാറ്റിന്റെ മരണമുഴക്കം. പിശാചുക്കൾ എത്രയെന്ന് ത്രേസ്യയ്ക്ക് എണ്ണാനാവുന്നില്ല.

അഹന്തയുടെ അഴുക്കിൽ തലകുത്തി വീണുപുളയ്ക്കാൻ വെമ്പിയ ഒരുപറ്റം ദേവഗണങ്ങളാണീ അസുരപ്പട. സ്വർഗ്ഗത്തിൽ നിന്നും അടിച്ചു പുറത്താക്കപ്പെട്ടവർ. നാശത്തിന്റെ പരകോടിയിലും അവർക്കു ശക്തിയുണ്ട്. ആ ശക്തിയിൽ, ദൈവാശ്രയരായ മനുഷ്യരെ നരകപ്പാതാളത്തിലേക്കു വലിച്ചു താഴ്ത്താൻ നഖമുനകളെഴുന്ന വൃത്തികെട്ട കരങ്ങൾ ഭൂമിയിലാകെ വിന്യസിപ്പിക്കുന്നു. വിശപ്പിന്റെ അലമുറയുമായി ഇര വിഴുങ്ങാൻ എട്ടുദിക്കുകളിലേക്കും അവ വീശിപ്പറക്കുന്നു.

ക്രുദ്ധസത്വങ്ങളുടെ ഇര കളങ്കരഹിതയായ ത്രേസ്യയാണ്. ഹൃദയഭേദ്യങ്ങളുടെ അഗ്നി പ്രളയത്തിലും വെണ്ണീറാകാതെ നടന്നു കരേറിയവളാണിവൾ. കർത്താവിന്റെ മണവാട്ടിയാണവൾ. അവിടുത്തെ തിരുബലിപീഠത്തിൽ കാഴ്ചയർപ്പിക്കപ്പെട്ട ശോശന്നപ്പൂവാണവൾ. പൊന്നും പുടവയും നൽകി മാലചാർത്തി ഇവളെ അവിടന്ന് സ്വന്തമാക്കും മുമ്പ് നരകഗർത്തങ്ങളിലേക്ക് ഇവളെ വലിച്ചുതാഴ്ത്തണം.

മരണമുഴക്കത്തിന്റെ ചിറകടിയോടെ സാത്താന്മാർ അവളെ മൂടി. കറുത്ത കൂടാരത്തിൽപ്പെട്ട് വെളിച്ചത്തിന്റെ ഒരു ചീളിനായി അവൾ നിലവിളിച്ചു. നരകാധിപൻ അവളെ ഇരുകരങ്ങളും വിരിച്ച് വാരിപ്പുണർന്നു. നരകത്തീപ്പൊയ്കകയുടെ ഉഷ്ണവും മരണത്തണുപ്പും ഒരേ നേരം അവളിൽ നിറഞ്ഞു. കർതൃബലിപീഠത്തിൽ നിന്നും നിർമ്മലയായ ഈ വെള്ളപ്പൂവിനെ കടന്നെടുത്തു കശക്കിക്കളയുകയാണു തന്ത്രം.

ആദ്യമായാണവൾ അപരസ്പർശം ഏൽക്കുന്നത്. സ്വകരങ്ങൾ പോലും ഇക്കാര്യത്തിൽ നിയന്ത്രിക്കപ്പെട്ടിരുന്നു. സഹിക്കാൻ വയ്യാത്ത ദേഹവേദനയിലും കാലുകളുടെ പുളപ്പിലും അവിടെ തടവാനോ ഔഷധം പുരട്ടാനോ സ്വന്തം കൈകളെപ്പോലും വിലക്കിയിരുന്നു. തടവാൻ വന്ന കൂട്ടുകാരികളെ പിന്തിരിപ്പിക്കുകയായിരുന്നു. വസ്ത്രത്തിനു



മുകളിൽപോലും ആരും തൊടാതിരിക്കാൻ ശ്രദ്ധ വച്ചിരുന്നു. പള്ളിയിൽ തിരക്കുള്ളിടത്തു നിൽക്കില്ല. കൂട്ടപ്രദക്ഷിണത്തിൽ ആരുടെയും സ്പർശമേൽക്കാതിരിക്കാൻ കരുതലുണ്ടായിരുന്നു.

ദേഹം നശിച്ചാൽ ദേഹിയും തകരുമെന്നവൾക്കറിയാം. തുറക്കപ്പെട്ട വാതായനങ്ങളാണു പഞ്ചേന്ദ്രിയങ്ങൾ. അതിലൂടെ ശുദ്ധവായുവിനെയാണ് കടത്തിവിടേണ്ടത്; വിഷവാതകത്തെയല്ല.

ത്രേസ്യ ശക്തിയോടെ കുതറി. പിശാചിന്റെ കരങ്ങൾ അതിലേറെ കരുത്തോടെ അവളെ വരിഞ്ഞു. പിന്നെ അവളുടെ ഉടയാടകളിലൂടെ അവന്റെ ദുഷ്ടാംഗുലികൾ പരന്നുനടന്നു. ഞെരിഞ്ഞുപിരിയുന്ന അവളുടെ പ്രരോദനം ദുർമൂർത്തികളുടെ കൂട്ടച്ചിരിയിൽ പിഞ്ചിപ്പോയി.

അരിശം മൂത്ത തലവൻ എരിയുന്ന വായ് തുറന്നലറി.

"എടീ, എന്റെ ആജ്ഞ നീ കേൾക്ക്. നിനക്കാശ്വാസം കിട്ടും. നീ ഇത്രയും നാൾ ദൈവത്തെ സേവിച്ചിട്ട് വല്ല പ്രയോജനവും കിട്ടിയോ? നിന്നെ ദൈവത്തിനു പോലും വെറുപ്പാണെടി. എന്റെ കൂടെ വാ. നിനക്കു ഞാൻ ദേഹരക്ഷതരാം.

മുത്തും പവിഴവും തങ്കത്തളികയിൽ നിറച്ച് അവൾക്കവൻ സമ്മാനിച്ചു. മുൾപ്പടർപ്പിൽപ്പെട്ടുപോയ ആ പൈങ്കിളി ഈ ക്ഷണപ്രഭാചാഞ്ചല്യങ്ങൾക്കു നേരെ മിഴികൾ മുറുക്കിയടച്ചു. സാത്താന്റെ കോപം ആളി. പാറപോലുറച്ച കൈപൊക്കി അവളുടെ കവിളിൽ അവൻ ആഞ്ഞൊരടി! അണപ്പല്ലുകൾ ചോരക്കൊഴുപ്പോടെ നിലത്ത് തെറിച്ചു. ദുഷ്ടാരൂപികളുടെ വ്യൂഹവലയത്തിൽ അവൾ കുഴഞ്ഞു വീണു. എന്നിട്ടും പിശാചിന്റെ കോപം നുരഞ്ഞുയരുകയായിരുന്നു. അവളെ തരിപ്പണമാക്കാതെ പിന്മാറില്ലെന്ന വാശി. കാരണം നരകത്തിലേക്കു പറക്കേണ്ട ദേഹികൾ പലതും ഇവൾ മൂലം ദേവലോകത്തേക്കു ഗതി തിരിക്കുന്നു.

ഇവൾ ഇന്നൊരു വ്യക്തിമാത്രം . നാളെ ഒരു പ്രസ്ഥാനമായി പന്തലിച്ചേക്കാം അപ്പോൾ നരകത്തിലെ അംഗപ്പെരുക്കത്തിന് അതു തടസ്സമാകും.

സേവനത്തിന്റെ സംഘാത ദൗത്യവുമായി ഇവൾ ഗ്രാമന്തരങ്ങളിൽ ചുറ്റിസഞ്ചരിക്കുന്നു. പുത്തൻചിറപ്പള്ളിയിൽപ്പെട്ട അന്തോണിയുടെ ആത്മഗതി തിരിച്ചു വിട്ടത് ഇവളാണ്. കവിൾ വാർപ്പു ദീനത്താൽ അവൻ മരണാസന്നൻ. നരകത്തിലേക്കുള്ള അവന്റെ വരവ് ഉറപ്പായിരുന്നു. അത്രമേൽ വഴിപിഴച്ചവൻ. ചാരായത്തിന്റെ അടിമ. അതു കുടിക്കാൻ കാശുവേണം. അതിനവൻ ഒരു വഴികണ്ടെത്തി. മാരകദീന

www.malankaralibrary.com

www.malankaralibrary.com



ക്കാർക്കു കൂട്ടു കിടക്കുക. നാടെങ്ങും വസൂരിയുടെ മാരക വിഷാണുക്കൾ പടർന്നുവാഴുന്ന കാലം. ദീനം പിടിപ്പെട്ടവരെ ഉപേക്ഷിച്ച് വീട്ടുകാർപോലും ദൂരേയ്ക്കകലുകയാണ്. കാരണം വസൂരി കയറിപ്പിടിച്ചാൽ മരണം അത്യാസന്നം. എന്നാൽ വിതയത്തിലച്ചനിതു കണ്ടു നിൽക്കാനാവുമോ? നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുവാൻ പഠിപ്പിച്ച ഈശോയുടെ പ്രതിനിധിയല്ലേ അദ്ദേഹം. ആരും തുണയില്ലാത്ത വസൂരിവാഹകരുടെ പരിരക്ഷയ്ക്ക് അദ്ദേഹം നിയോഗിച്ചത് അന്തോണിയെ. എന്നാൽ പള്ളിയിൽ നിന്നും കിട്ടുന്ന കാശിൽമാത്രമായിരുന്നു അവന്റെ ദൃഷ്ടി. അതുമുഴുവൻ വാറ്റുചാരായത്തിനു കൊടുക്കും. പിന്നെ ചെയ്തുകൂട്ടാത്ത കൊള്ളരുതായമകളില്ല. രാത്രിയിൽ രോഗികളെ ഒറ്റയ്ക്കാക്കി കക്കാൻ പോകും വേദന സഹിക്കാൻ വയ്യാതെ നിലവിളിക്കുന്ന രോഗികളുടെ വായിൽ അയാൾ തുണി തിരുകിവയ്ക്കും. കാവലിരുന്നു മടുത്തപ്പോൾ രോഗികളിൽ പലരേയും അയാൾ ജീവനോടെ പായയിൽ തെറുത്ത് കുഴിച്ചു മൂടിയിട്ടുണ്ട്. അത്തരമൊരു ദയനീയരംഗത്തിനു സാക്ഷിയാണു ത്രേസ്യ. കൊന്തജപത്തിൽ മുഴുകി അന്നവൾ വീട്ടിലിരിക്കുകയായിരുന്നു. പെട്ടെന്നൊരുൾവിളി. സ്ഥലവും സന്ദർഭവും ഉള്ളിൽ വ്യക്തമാക്കപ്പെട്ടു. അങ്ങനയവൾ ഓടിച്ചെന്നത് ഒരു കുടിലിൽ. അതു വിജനം. പുറത്തൂണിൽ കുത്തിച്ചാരി വച്ചിരിക്കുന്ന തെറുത്ത ഒരു പായ കണ്ണിൽപ്പെട്ടു. അതിനകത്തുനിന്നുയരുന്ന ഞരക്കം കേട്ടു. വേഗം കയർക്കെട്ടഴിച്ചു പായയുടെ ചുരുൾ നിവർത്തി. ഉള്ളിൽ മരണശ്വാസത്തിൽ താണുകൊണ്ടിരുക്കുന്ന ഒരു പുലയിയുടെ വ്രണങ്ങൾ നിറഞ്ഞ ശുഷ്ക്കദേഹം.പകരുന്ന മഹാവ്യാധിയായ വസൂരിയാണു രോഗം. അവൾ വേദനയോടെ ചുറ്റും തെരഞ്ഞു. പുരയിടത്തിൽ പുതിയൊരു ശവക്കുഴി അതിനരികിൽ ചാരായ മയക്കത്തിൽ കിടക്കുന്ന അന്തോണി. പായ്ച്ചുരുളിൽ വരിഞ്ഞുകെട്ടിയ ദീനക്കാരിയെ ജീവനോടെ കുഴിച്ചു മൂടാനുള്ള ശ്രമത്തിലാണ്. പുലയിയിൽ മരണത്തിന്റെ നിഴൽ പരന്നു. അവൾക്കു വേണ്ട സിദ്ധൗഷധം ഇറ്റിക്കാനുള്ള തിടുക്കത്തിലാണവൾ ത്രേസ്യ; ആത്മരക്ഷാർത്ഥമുള്ള പ്രാർത്ഥനയുടെ സിദ്ധൗഷധം.

അവസാനം അന്തോണിയും കിടപ്പിലായി. രോഗം കവിൾ വാർപ്പ്. കർമ്മദോഷം അയാളെ വേട്ടയാടുകയായിരുന്നു. ആരും അയാൾക്കൊപ്പം ഇല്ലാതെയായി. ദേഹം ഉണങ്ങി, അസ്ഥി തെളിഞ്ഞു. നാവിന്റെ അവസാന ചലനശേഷിയും സ്വരുക്കൂട്ടി അയാൾ ലോകത്തെ മുഴുവൻ ശപിച്ചു. ഭ്രാന്തനെപ്പോലെ വിലപിച്ചു. വിവരമറിഞ്ഞ് ഓടിയെത്തിയത് ഒരാൾമാത്രം; ത്രേസ്യ അശരണന്റെ മുമ്പിൽ ആ മാലാഖ മുട്ടുകളിൽ



വീണു കൊന്ത ജപിച്ചു. അന്തോണി, അവളെയും ചീത്തവിളിച്ചു. ജപമാലസ്തുതികളുടെ ആവർത്തനാരവം അയാൾക്കസഹ്യമായി. കഫം കാർക്കിച്ച് അവളുടെ നേർക്ക് ആഞ്ഞു തുപ്പി. തന്റെ രക്ഷകനായ ഈശോയ്ക്ക് ലോകം നൽകിയതും ഇതുതന്നെയായിരുന്നല്ലോ എന്നോർത്തവൾ ആശ്വസിച്ചു. തന്നെ കുരിശിലേറ്റിയവർക്കു മാപ്പു നൽകുവാൻ പരമപിതാവിനോടപേക്ഷിക്കുന്ന രക്ഷകപുത്രനെപ്പോലെ അവളും അയാൾക്കുവേണ്ടി പ്രാർത്ഥിച്ചു. അത് അന്തോണിയുടെ കരാളാന്തരത്തെ അലിയിച്ചു. തുടങ്ങി. അത്ഭുതകരമായൊരു ഭാവമാറ്റം അയാളിൽ പടർന്നു. അനുതാപത്തിന്റെ വിതുമ്പലോടെ; സമാധാന ചെറുചിരിയോടെ അയാൾ മരണതീരത്തേക്ക് സ്വച്ഛ ശാന്തമായി നീന്തുകയായിരുന്നു.

നരകത്തിന്റെ തമോഗർത്തങ്ങളിൽ വീഴാനിരുന്ന ഇത്തരം എത്രയോ ദേഹികളെയാണ് ത്രേസ്യ താങ്ങി നിർത്തിയത് പിശാചുക്കൾക്ക് കലിയിളകാൻ പിന്നെന്തമാന്തം!

അവളുടെ ചെവികളിൽ സാത്താൻ തുപ്പിനിറയ്ക്കുന്നത് അശ്ലീല ഭാഷണങ്ങൾ. കാതുപൊത്താൻ അവൾ കൈകളുയർത്തി. പിശാച് അവളുടെ ലോലപാണികൾ പിരിച്ചൊടിച്ചു. കണ്ണുകളിൽ മ്ലേച്ഛ ദൃശ്യങ്ങളുടെ ഒഴിയാത്തിരകൾ. കണ്ണടയ്ക്കാൻ അവൾ വെമ്പി. അരിശം മൂത്ത പിശാച് അവളുടെ വായ് വലിച്ചുപൊളിച്ചു. തിളച്ചവെള്ളം പിന്നെ വായിലേക്കൊഴിച്ചു. അതിവേദനയാൽ അവൾ പുളഞ്ഞു. പനമ്പുമുറിക്കുള്ളിൽ അവളുടെ ദീനഞരക്കം ശ്വസനതാളത്തിനൊത്ത് ഉയരുന്നുണ്ടായിരുന്നു. പിന്നെ അതും നിലച്ചു. കൊടുംനോവാൽ കണ്ണുകളിൽ കൂരിരുൾ. ദേഹമാസകലം മരവിപ്പ്. അബോധത്തിലേക്കവൾ കൂപ്പുകുത്തി. മരണവെപ്രാളത്തോടെ അവൾ നിലത്തുവീണു പിടഞ്ഞു. കൂടെയുള്ള സഖിമാരും ഭയന്നു. മുറിയിൽ വീട്ടുകാരും അയൽക്കാരുമുണ്ട്.

''ഉടൻ പോയി അച്ചനെ വിളിച്ചോണ്ടു വാ'' സഖിമാർ തിടുക്കം കൂട്ടി. അതുകേട്ട ഉടൻ ദേവസ്സി പള്ളിയിലേക്കോടി. കരിമാലിക്കൽ മറിയത്തിന്റെ അനുജനാണവൻ.

രാത്രിയാണ്. എങ്കിലും അച്ചൻ വേഗമിറങ്ങി. മരണാസന്നയ്ക്കു ജീവാന്ത്യത്തിൽ നൽകേണ്ട കർമ്മങ്ങൾക്കുവേണ്ടിയാണ് അച്ചനെ വിളിപ്പിച്ചത്. അതിനാൽ പ്രാർത്ഥിച്ചു വാഴ്ത്തിയ തിരുജലവും എടുത്തിട്ടുണ്ട്. അച്ചന്റെ കൂടെ കല്ലേലി ഔസേപ്പ് ലോനപ്പൻ എന്ന പത്തു വയസ്സുകാരനും ഉണ്ട്. അവൻ അച്ചന്റെ മുമ്പിൽ തീച്ചൂട്ടു വീശി വഴികാട്ടി. അച്ചന്റെ സഹായിയും പള്ളിക്കപ്യാരുമാണവൻ.

www.malankaralibrary.com

www.malankaralibrary.com


ഓലപ്പുരയ്ക്കുള്ളിൽ അച്ചൻ കടന്നു. ആളുകൾ ആദരവോടെ നിന്നു. ത്രേസ്യ വിമ്മിട്ടത്തിന്റെ മൂർദ്ധന്യതയിലായിരുന്നു. കിടക്കാനാവുന്നില്ല. അപ്പോൾ എഴുന്നേൽക്കും. പക്ഷേ, നിൽക്കാനും വയ്യ. വീണ്ടും കിടക്കാൻ തുനിയും. ഇതായിരുന്നു അവസ്ഥ. അവളുടെ ഭാവം ഭയാനകമായിരുന്നു. സ്വരം മറ്റാരുടേതുപോലെയും.

അച്ചൻ ഒരു നിഗമനത്തിലെത്തി. അവൾ ഭൂതാവേശിതയാണ്. നീല ഊറാല അഴിച്ച് ത്രേസ്യയുടെ കഴുത്തിൽ ചുറ്റിപ്പിടിച്ച് അച്ചൻ ആജ്ഞാപിച്ചു.

"നീ ആരാകുന്നു?"

മറുപടിയില്ല. പകരം പാരവശ്യനിശ്വാസം; ഭയാനകമായ നോട്ടം. ആത്മതാതന്റെ ആജ്ഞ വീണ്ടും മുഴങ്ങി.

ത്രേസ്യയിലെ സത്വങ്ങൾ അപ്പോൾ മുരണ്ടു.

"ഞങ്ങൾ പിശാചുക്കളാണ്"

"എന്തിനു നിങ്ങൾ ഇവളിൽ കയറി?"

"ഇവളെ പരീക്ഷിക്കാൻ. ദൈവത്തിൽ നിന്നും അതിനുള്ള അനുവാദം ഞങ്ങൾ നേടിയിട്ടുണ്ട്"

"നിങ്ങൾ എത്രപേരുണ്ട്?"

"ആയിരത്തിലേറെയുണ്ട്!"

"ബലഹീനയായ ഈ പെൺകുട്ടിയെ പരീക്ഷിക്കാൻ ഇത്രയേറെപ്പേരോ?"

"ഇവളെ ഞങ്ങൾക്കു തകർക്കണം. എന്നേക്കുമായി നശിപ്പിക്കണം. അതിനുവേണ്ടിയാണ് ഞങ്ങളൊന്നിച്ച് വന്നുകൂടിയത്"

"സാദ്ധ്യമല്ല. ഈ ക്ഷണത്തിൽ ഇവളെ നിങ്ങൾ വിട്ടുപോകണം"

"ഇല്ല! ഇല്ല! വന്യമായ കൂട്ട അലർച്ച."

"ഒരു മണിക്കൂർ നേരത്തെങ്കിലും ഇവളിൽ നിന്നും നിങ്ങൾ മാറിയേ പറ്റൂ."

അവൾക്ക് അന്ത്യകൂദാശ നൽകാനുള്ള സമയപരിധിയാണ് ആവശ്യപ്പെട്ടത്.

"ഇല്ല. നിർബന്ധമാണങ്കിൽ അരമണിക്കൂർ നേരത്തേക്കു മാത്രം ഞങ്ങൾ ഒഴിഞ്ഞുതന്നേക്കാം."

പിശാചിന്റെ ഭയങ്കര വ്യൂഹം അവളെ നിലത്തിട്ട് ഉരുട്ടി.

നഖമുനകളാൽ ചട്ടയും മുണ്ടും കീറി. പിന്നെ അല്പനേരത്തേക്ക് അവളിൽ നിന്നും അകന്നു നിന്നു.

# പതിനാല്

1904 ഓഗസ്റ്റ് പതിനഞ്ചിന്റെ രാത്രി. ശയനമുറിയിൽ ത്രേസ്യ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. വിതയത്തിലച്ചനും അവൾക്കരികിലുണ്ട്. മുറി നിറയെ ജനം. വീട്ടുകാരും കൂട്ടുകാരികളും അയൽക്കാരും മെഴുകുതിരിവെട്ടത്തിൽ എല്ലാവരും പ്രാർത്ഥിക്കുകയാണ്. നിമിഷങ്ങൾ ഓരോന്നായി കൊഴിഞ്ഞു തുടങ്ങി. കാത്തിരിപ്പിന്റെ ഉദ്വേഗമുഹൂർത്തങ്ങൾ! ഇന്നു രാത്രിയിൽ വരാമെന്നാണവിടുന്നു വാക്കുതന്നത്. അതു കൃത്യമായി പാലിക്കപ്പെടുമെന്ന് ത്രേസ്യയ്ക്കുറപ്പുണ്ട്. അതുകൊണ്ടാണ് മറ്റാളുകളെയും കൂട്ടിയത്.

മുറിയുടെ പുറത്തും ആളുകൾ.

നമ്മുടെ ഉറക്കമിളപ്പ് വെറുതെയാകുമെന്നാ തോന്നുന്നത്. ചിലർ പരിഹസിച്ചു. എങ്കിൽ അവർക്ക് പറഞ്ഞുപരത്താൻ ഒരു വിഷയം കൂടിയാകും. പക്ഷെ, ത്രേസ്യ കരളുറപ്പോടെ കാത്തിരുന്നു. ആ തിരുമുഖദർശനത്തിനായി അവളുടെ നെഞ്ചിളകുകയാണ്. പലപ്പോഴും കാണപ്പെടുന്ന രക്തധാരിയായ മുഖത്തോടെയാവുമോ ഇപ്പോൾ പ്രത്യക്ഷപ്പെടുക? അതോ പിഞ്ചോമനയുടെ രൂപത്തിലോ? അതോ കിരീടധാരിയായ രാജാധിരാജന്റെ ഗംഭീരാകാരത്തോടെയോ?

ഏതു രൂപത്തിലായാലും അവിടുന്നു തന്റെ പ്രാണനാഥനാണ്. അതുകൊണ്ടല്ലേ ഈ ആഗമന മുഹൂർത്തം മുൻകൂട്ടി അറിയിച്ചിരുന്നത്. മാത്രമല്ല, ഈ നിമിഷത്തിനായി ഏറെ ത്യാഗത്തോടെ ഒരുങ്ങിയിരിക്കണമെന്നും കല്പിച്ചു. മണവാട്ടിയെപ്പോലെ സർവ്വാഭരണഭൂഷിതയാവണം താനെന്നാവാം അവിടുത്തെ ഇച്ഛ. പക്ഷെ, ഭൂഷണങ്ങൾ പൊന്നും പതക്കങ്ങളുമല്ലെന്നു മാത്രം. പ്രാർത്ഥനയും സഹനസുകൃതങ്ങളും തന്നെ. അതിനാലല്ലേ ഇക്കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ പച്ചവെള്ളമൊഴികെ മറ്റൊന്നും കഴിക്കരുതെന്നും അവിടുന്നു കല്പ്പിച്ചത്. ആത്മപിതാവും വീട്ടുകാരും തത്സമയം മുറിയിലുണ്ടാവണമെന്നും കല്പിച്ചിരുന്നു. അതിനാൽ ദൈവപുത്രന്റെ തന്നിലേക്കുള്ള ഈ ആഗമനം വലിയ പ്രത്യേകതകളുള്ളതാണെന്നു വ്യക്തം.

വാഗ്ദത്ത നിമിഷത്തിൽത്തന്നെ ഒരു കൊടുങ്കാറ്റിന്റെ മുഴക്കം. മാലാ

www.malankaralibrary.com

www.malankaralibrary.com



ഖകളുടെ ചിറകടിയൊച്ചയാണോ അത്? മുറിയിൽ തൽക്ഷണം പ്രകാശത്തിന്റെ പ്രളയം. ത്രേസ്യയുടെ മിഴികളിൽ അസുലഭദർശനാനുഭൂതി. അസംഖ്യം മാലാഖകളുടെ നടുവിൽ പറന്നിറങ്ങുന്ന ഈശോയും കന്യാമറിയവും. വിശുദ്ധിയിൽ നിന്നും അതിവിശുദ്ധിയിലേക്കു പദമൂന്നിനിൽക്കുന്ന പ്രിയപുത്രിയിൽ ഈശോയുടെ ദർശനാനുഗ്രഹം. ലോകപ്രശംസയും സമ്മാനങ്ങളും ത്യജിച്ച ഈ നിർമ്മലപുത്രിക്ക് ഒരതുല്യ പാരിതോഷികം നൽകണം. തുടർ പ്രയാണത്തിന് ഇത് ഇന്ധനശക്തിയാവുക തന്നെ ചെയ്യും.

പെട്ടെന്ന് പ്രകാശത്തിന്റെ തീവ്രതയേറി. അപ്പോൾ ത്രേസ്യ ആ കാഴ്ചകണ്ടു.

മഞ്ഞിന്റെ വെൺമ നിറഞ്ഞ കുപ്പായം ധരിച്ച ഈശോയുടെ കരങ്ങളിൽ ചോര ഊറുന്ന ഒരു ഹൃദയം അതിന്റെ മൃദുലവൃത്തത്തിൽ നഖങ്ങളാഴ്ത്തി ചുറ്റിവരിഞ്ഞിരിക്കുന്ന മുൾവള്ളി. മുൾമുനയേൽപ്പിച്ച തുളകളിലൂടെയാണ് നിണത്തുള്ളികൾ ഒലിക്കുന്നത്. ആ ഹൃദയത്തിൽ നിന്നും കണ്ണെടുക്കാനായില്ല.

"ഈശോയുടെ തിരുഹൃഹയമല്ലേ ഇത്!" വർദ്ധിതാനന്ദപാരവശ്യാൽ ത്രേസ്യ തിരിച്ചറിഞ്ഞു. ഉടൻ ഈശോയുടെ മധുരവാണികൾ മുഴങ്ങി.

"അതെ. എന്റെ ഈ ഹൃദയം നിനക്കു ഞാൻ തരുന്നു. പകരം നിന്റെ ചങ്ക് ഞാനെടുക്കുകയും ചെയ്യും."

അവളതെങ്ങനെ വിശ്വസിക്കും! മർത്ത്യഹൃദയം പാപപങ്കിലമാണ്. എത്ര തീക്ഷ്ണതയോടെ തപം നോറ്റാലും അതു കന്മഷാവൃതം തന്നെ. അതിനാൽ അതെങ്ങനെ ഈശോയ്ക്കനുയോജ്യമാകും!അതുപോലെ, ഈശോയുടെ തിരുഹൃദയം ഈ മഹാപാപിനിക്ക് എങ്ങനെ ഇണങ്ങും?

അവ്യക്തതയുടെ പുകയിൽപ്പെട്ട സംഭീതാവസ്ഥയിലായിരുന്നു അവൾ. അപ്പോൾ ഗുരുവാണികൾ വീണ്ടും. അതിൽ ഒരുപാധിയുടെ അനുരണനം.

"എന്നാൽ പീഡാസഹനത്തിൽ നീ പരാജയപ്പെട്ടാൽ അപ്പോൾത്തന്നെ ഞാനെന്റെ ഹൃദയം നിന്നിൽ നിന്നും തിരിച്ചെടുക്കും." മറുപടി പറയാനവൾക്കാവില്ല. ബോധം മറഞ്ഞ ദേഹം കിടക്കയിൽ വീണു. പാരവശ്യാനുഭൂതികളുടെ ദർശനഘോഷയാത്രയാണ് ആത്മനേത്രങ്ങൾക്കു മുമ്പിൽ.

അന്നുമുതൽ അതികഠിനമായ തപശ്ചര്യകളിൽ അവൾ മുഴുകി.



അങ്ങനെ ഡിസംബർ മാസം പിറന്നു. പള്ളിയിൽ മൂന്നുദിവസം നീളുന്ന ധ്യാനയോഗമുണ്ട്. ദിവ്യമാതാവിനെ അമലോത്ഭവ എന്നു കത്തോലിക്കാ സഭ പ്രഖ്യാപിച്ചിട്ട് അൻപതാണ്ടുകൾ തികയുന്നതിന്റെ അനുസ്മരണാഘോഷങ്ങൾ.

എന്നാൽ ത്രേസ്യ ദുഃഖിതയാണ്. അവൾക്കു പള്ളിയിൽ പോകാൻ കഴിയുന്നില്ല. തുണിയില്ലാത്തുതു തന്നെ കാരണം. പിശാചുക്കളുടെ അക്രമണത്തിൽ ആകെയുണ്ടായിരുന്ന ഒരു ജോഡി മുണ്ടും ചട്ടയും കീറിപ്പോയി. മാത്രമല്ല., പിശാചിന്റെ അടിയേറ്റ് കവിൾത്തടങ്ങൾ കരിവാളിച്ചു വീർത്തിരിക്കുന്നു. അണപ്പല്ലിളകിയിട്ടുണ്ട്. അതിനാലാണ് തുപ്പുമ്പോൾ ചോരവരുന്നത്. തിളച്ച വെള്ളമൊഴിച്ചുവെന്ത വായ് ഇപ്പോഴും തുറക്കാൻ വയ്യ.

നരകത്തിന്റെ കരിദിനം എന്നൊന്നുണ്ടെങ്കിൽ അതാണ് അമലോത്ഭവത്തിരുന്നാൾ. പാപം തീണ്ടാത്ത ഒരേ ഒരു സ്ത്രീയുടെ മഹാദിനം. പാപലോകത്തിനു ശാപമോക്ഷം കൈവന്നത് ഈ പാപരഹിതയിലൂടെയാണ്. ഈശോയും മറിയവും ജന്മകർമ്മപാപങ്ങൾ ഏശാതെ ആത്മരക്ഷയുടെ കവാടമായിത്തീർന്നു. ഈ പ്രവേശനമാർഗ്ഗമാണ് നരകസ്ഥരുടെ ചതുർത്ഥി. അതടച്ചുകളയാൻ സകല അടവുകളും പയറ്റിതോറ്റു പിന്തിരിയേണ്ടിവന്നു. അതിനാൽ രക്ഷകന്റെയും സഹരക്ഷകയുടെയും സ്മരണാഘോഷങ്ങളിൽ ത്രേസ്യയെ അയയ്ക്കരുതെന്നാണ് നരകത്തലവന്റെ ആശ. പാപക്കറയില്ലാതെ ഇവളും അനേകരുടെ മനോരക്ഷയ്ക്കു മാർഗ്ഗമായിത്തീരും. അതനുവദിച്ചുകൂടാ. ഇവളുടെ മനോനില അവതാളത്തിലാക്കണം.

അന്നു മുതൽ കൊടുംപീഡകളുടെ എരിതീയിലേക്കവൾ വലിച്ചെറിയപ്പെടുകയായിരുന്നു. കേവലം സ്വപ്നമോ, സംഭീതകനവുകളോ ആയിരുന്നില്ല ആ ദുരിതമാരി. അനുനിമിഷം അസഹ്യതയുടെ പരകോടി താണ്ടുന്ന യാഥാർത്ഥ്യം തന്നെ.

അവളുടെ ചെറ്റമുറിയിൽ പിശാചുക്കൾ തിങ്ങി. ഏകാന്തത എന്തെന്നറിയാത്ത സംഭ്രമദിനങ്ങൾ. ഇടം തീരെ പോരാത്ത മുറിയിൽ ചരൽ വിതറിയ പായ മാത്രമേയുള്ളു,. ഇപ്പോൾ എരിയുന്ന ഒരഗ്നിക്കസേരയും.

ആയിരം ചെകുത്താൻമാരുടെ തലവാനായ ലൂസിഫറിന്റെ ഇരിപ്പിടമാണിത്. പിശാചുക്കൾക്ക് ഒരു ലക്ഷ്യം മാത്രം. ത്രേസ്യയിൽ നിന്നും വിനയവും എളിമയും പിഴുതെറിയുക. അവളെ നിഗളിയാക്കുക. ഇവ

www.malankaralibrary.com

www.malankaralibrary.com



ളെക്കാൾ വലിയ സുകൃതികളായിരുന്നില്ലോ അവരും. ദൈവത്തെ പ്പോലെയാകുവാൻ ശ്രമിച്ച ഒരു ഗണം മാലാഖമാർ. അഹങ്കാരമാണ വരെ ഈ നിലയിലാക്കിയത്. സകലരും ഈ നാശഗതി പിൻപറ്റണമെ ന്നാണിവരുടെ ആഗ്രഹം.

വെറുക്കപ്പെട്ട പാപാവസ്ഥകളിലേക്കവൾ വലിച്ചിഴക്കപ്പെടുന്നു. മുറി യിൽ നിന്നും പിടിച്ചിറക്കി വെറിക്കൂത്തുകാരുടെ അനാവൃതശരീരങ്ങ ളിലേക്ക് എറിയപ്പെടുന്നു. കഴുത്തു പിരിച്ചു ശ്വാസം മുട്ടിക്കുന്നു. തുണി താഴെയിട്ട് വയറിൽക്കയറി ഇരുന്ന് നെഞ്ചിടിച്ചു തകർക്കുന്നു. ഒരു ദിവസം കുതറിഓടി. പിന്നിൽ, പിശാചിന്റെ കല്ലേറ്. തലപൊട്ടി വഴി യിൽ വീണു. പിന്നിൽ പിശാചിന്റെ അലർച്ച.

"ഇന്നലെ നിന്നെ ഞങ്ങൾ എറിഞ്ഞ കല്ല് എവിടാടീ? അതിപ്പോൾ ഞങ്ങൾക്കു തിരിച്ചുതരണം."

"ആ കല്ല് ആത്മപിതാവിനെ ഏല്പിച്ചു കഴിഞ്ഞു."

"ങ്ഹാ! എന്നാൽ ഈ കല്ലുകൂടി നിന്റെ കത്തനാർക്ക് കൊണ്ടുപോയി കൊടുക്കടീ"

വീണ്ടും ഏറ്; ഇടനെഞ്ചിൽത്തന്നെ.

"ന്റീശോയെ......, അങ്ങേയ്ക്കു ആശ്വാസമുണ്ടാകട്ടെ. എനിക്ക് യാതൊരാശ്വാസവും ആവശ്യമില്ല. കർത്താവേ, കൂടെക്കൂടെ നിന്റെ കഷ്ടതകൾ എനിക്കു തരണമേ. ഞാൻ അനുഭവിച്ചുകൊള്ളാം. എന്റെ മനസ്സല്ല; അവിടുത്തെ തിരുമനസ്സുപോലെയാവട്ടെ."

വീഴ്ചയിൽ ഇങ്ങനെ നൊന്തു പ്രാർത്ഥിച്ചുപോയി. അതുകേട്ട് ദുഷ്ടാ രൂപികളിൽ രോഷാഗ്നി ആളി. അവർ ഒന്നടങ്കം ചീറിയടുത്തു. അവളെ എടുത്തുയർത്തി എവിടേയ്ക്കോ പാഞ്ഞു.

ബോധം തെളിഞ്ഞപ്പോൾ ഒരു കൊടു വനത്തിൽ. പെരുമഴയുടെ ദിനങ്ങളായിരുന്നു. വിജന വനാന്തരത്തിൽ ഒറ്റയ്ക്കു നിർത്തി ഭയാനക ഭേരിയുണ്ടാക്കി വിരട്ടി. പിന്നെ സിംഹങ്ങളുടെ ഗുഹാന്തരത്തിലേക്ക് എടുത്തൊരേറ്. അലറിയടുത്ത സിംഹങ്ങൾ പക്ഷേ, പിൻതിരിഞ്ഞു പോയി. സിംഹവേഷമെടുത്തതു മാത്രം പിശാചുക്കൾക്കു മിച്ചം.

ഇങ്ങനെ പീഡകളുടെ മുൾമലയേറ്റമായിരുന്നു അമലോത്ഭവത്തി രുന്നാൾ എത്തുന്നതുവരെ. രാത്രിയിൽ മുറിയിൽ നിന്നും വിളിച്ചിറക്കി വിദൂരങ്ങളിലേക്കു നടത്തി നടുക്കടലിൽ മുക്കിത്താഴ്ത്തിക്കൊ ല്ലാൻപോലും ദുരാത്മക്കൾ തുനിഞ്ഞു. അപ്പോഴെല്ലാം മരണവക്ത്ര



ത്തിൽ നിന്നും രക്ഷപ്പെടുത്തിയത് തിരുക്കുടുംബമായിരുന്നു. പ്രത്യേ കിച്ച്, തിരുകുടുംബനാഥനായ യൗസേപ്പിപിതാവിന്റെ ശക്തമായ സാന്നിദ്ധ്യം വ്യക്തമായി അവൾ കണ്ടു. തീവേനലിൽ പിഴുതെറിഞ്ഞ താമരവള്ളിപോലെ തളർന്നവശയായിക്കിടക്കുന്ന അവളെ തോളിലേ റ്റി, വിദൂരതകൾ താണ്ടി മുറിയിൽ കിടത്തുകയായിരുന്നു. വിശുദ്ധയൗ സേപ്പ്.

കുറച്ചു നാൾ മുമ്പും യൗസേപ്പുപിതാവിന്റെ ദർശനം തനിക്കുണ്ടാ യതോർത്ത് ത്രേസ്യ കുളിരണിഞ്ഞു. അന്നൊരു വയസ്സന്റെ രൂപത്തിൽ. അവിടുന്നു തനിച്ചായിരുന്നില്ല. കൂടെ ഒരു ചെറുപ്പക്കാരനും സ്ത്രീയും. ചെറുപ്പക്കാരന്റെ ഉടൽ നിറയെ ചോര. തോളിലെ മരക്കുരിശിന്റെ കനം അദ്ദേഹത്തെ കൂനനാക്കിയിരിക്കുന്നു. അവിടുത്തെ കടാക്ഷം ത്രേസ്യയിൽ മാത്രം തറച്ചു നിൽക്കുന്നു. ആ ദിവ്യോഷ്ഠങ്ങൾ ആശ്വാ സാമൃതം ചൊരിയുകയാണ്.

"നിന്റെ പീഡകൾ വളരെ വലുതാണ്. എന്നാൽ അവ എന്റേതിനോട് താരതമ്യം ചെയ്തു നോക്ക്. അപ്പോൾ അതു നിസ്സാരമായിരിക്കും സക ലതും നീ ക്ഷമയോടെ സഹിച്ചുകൊള്ളണം."

ത്രേസ്യയുടെ ഉള്ളിൽ ആനന്ദത്തിന്റെ തിരത്തള്ളലാണ്. പ്രത്യക്ഷ നായ ജീവനാഥന്റെ ദിവ്യവാണിയിൽ മതിമറക്കുകയാണ്. ആ സുഭഗ രൂപനിൽ മനവും മിഴികളും സമർപ്പിതമാണ്. പക്ഷേ, അവൾ ഒരക്ഷരം ഉരിയാടിയില്ല. അവളിൽ കനത്ത മൗനത്തിന്റെ പൊരുളെന്തന്നറിയാൻ കന്യാമറിയം അവളുടെ തോളിൽ പിടിച്ച് ആരാഞ്ഞു.

മോളേ ത്രേസ്യാ, നീ എന്താ ഞങ്ങളോടൊന്നും മിണ്ടാത്തത്?

നിന്റെ കുമ്പസാരക്കാരന്റെ വിലക്കുണ്ട്; അല്ലേ?

മൂന്നുനാൾ നീളുന്ന മൗനവ്രതം ആത്മതാതൻ അവൾക്കു വിധിച്ചിരി ക്കുകയാണ്. ദൈവത്തിന്റെ പ്രതിപുരുഷനായ അദ്ദേഹത്തിന്റെ കല്പ നയെ ശിരസ്സാവഹിക്കുകയാണവൾ. പക്ഷേ, ത്രേസ്യയിൽ പെട്ടന്നൊരു ശങ്ക. ആ മൂവർ യഥാർത്ഥ തിരുകുടുംബാംഗങ്ങൾ തന്നെയോ? അതോ, കപടവേഷധാരികളായ പിശാചുക്കളോ?

പിശാചുക്കൾ മൃഗങ്ങളുടേയും മനുഷ്യരുടെയും രൂപത്തിൽ വന്ന് കബളിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ കന്യാമറിയത്തിന്റെയും യൗസേപ്പു പിതാവിന്റെയും വേഷത്തിലെത്തി കയർത്തു.

"അൾത്താര അലങ്കരിക്കാൻ വേണ്ടി പൂക്കളുമായി നീ മദ്ബഹയിൽ

www.malankaralibrary.com

www.malankaralibrary.com



കയറാറില്ലേ? മേലാൽ അതാവർത്തിച്ചു പോകരുത്. പെണ്ണുങ്ങൾ അവിടെ കയറരുതെന്നു നിനക്കറിയില്ലേ?'' ത്രേസ്യ മിണ്ടാതെ തല താഴ്ത്തിനിന്നു. വീണ്ടുമവർ ക്രുദ്ധപദങ്ങൾ തുപ്പി.

അതുപോലെ, നീ കുർബ്ബാന കൈക്കൊള്ളുന്നതും ദൈവത്തിനിഷ്ടമല്ല. അതിനെന്തു യോഗ്യതയാടീ നിനക്കുള്ളത്? അവരുടെ പദപ്രയോഗങ്ങളിൽ സംശയചിത്തയായ ത്രേസ്യ ധൈര്യത്തോടെ തിരുജലം നിറച്ച തളിക അവർക്കുനേരെ നീട്ടി ആവശ്യപ്പെട്ടു.

''ആശീർവദിച്ച ഈ വെള്ളം തൊട്ട് നിങ്ങളൊന്നു കുരിശുവരയ്ക്ക്.'' അക്ഷണം അവരുടെ പൊയ്മുഖങ്ങൾ ചീന്തപ്പെട്ടു. വാലിളക്കി, പല്ലിളിച്ച് സത്വങ്ങൾ അലറിഓടി.

തന്റെ നാമഹേതുകയായ ആവിലായിലെ അമ്മത്രേസ്യയ്ക്കിതുപോലെ അനേകം അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതായി വിതയത്തിലച്ചൻ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ വിശുദ്ധയുടെ മുമ്പിൽ ഈശോ പ്രത്യക്ഷനായി. മുടിയും വടിയും കിരീടവും ധരിച്ച രാജാധിരാജനായ ഈശോ. ആനന്ദമൂർച്ഛയ്ക്കുപകരം പക്ഷേ, ഭയമാണപ്പോൾ വിശുദ്ധയിൽ പടർന്നത്. അതിനാൽ ആ രൂപത്തെ അവൾ സശ്രദ്ധം നോക്കി. എങ്ങും കുരിശുകാണാനില്ല. കുരിശില്ലാത്ത ഈശോയോ? അവൾ വേഗം ആജ്ഞാപിച്ചു.

''സാത്താനേ, പുറത്തുപോകു.''

ഇതുപോലെ ഈ തിരുക്കുടുംബദർശനവും കപടമാണോ എന്നവൾക്കു നേരിയ ശങ്ക.

അവൾ തിരുജലം അവർക്കു മേൽ തളിച്ചു.

കന്യാമറിയം ഉടൻ സ്നേഹശാസനയോടെ മൊഴിഞ്ഞു.

നീ ഞങ്ങളെയും പരീക്ഷിക്കുന്നോ?.

യൗസേപ്പ് പിതാവും ഉടൻ ഓടിയെത്തി അലൗകികാനന്ദം നൽകി, അവളുടെ ശങ്കകൾ ദൂരീകരിക്കുകയായിരുന്നു. അവഗണിക്കപ്പെട്ട ഈ ഏഴയുടെ മുമ്പിൽ ആശ്വാസദായകനായി അവതരിച്ച യൗസേപ്പ് പിതാവിനവൾ നന്ദിചൊല്ലി.

എങ്കിലും നാളെ പള്ളിപ്പെരുന്നാളിനുപോകാൻ അവൾക്കു കഴിയില്ല. മുറിയിൽ തീക്കനൽ വിതറി ചുട്ടുപൊള്ളിച്ചതും മുളകരച്ചു കണ്ണിൽ തേച്ചതുമല്ല കാരണം. നട്ടെല്ലിനേറ്റ നൊമ്പരം തന്നെ. തന്നെ കുനിച്ചു നിർത്തി കഴുത്തും കാലും ചേർത്തുകെട്ടി പുരയുടെ കൂരയിൽ പിശാചുക്കൾ കെട്ടിത്തൂക്കി. പിടഞ്ഞുകേണപ്പോൾ പെട്ടെന്നു നിലത്തിട്ടു. വീഴ്ചയിൽ ഗോവണിപ്പടിയിൽ നട്ടെല്ലു തട്ടി. ഇപ്പോൾ നടക്കാൻ വയ്യാത്തത്ര വേദനയും പുളച്ചിലും.



ഇനി ആരോഗ്യം വീണ്ടെടുത്താലും പള്ളിയിൽ പോകാനാവുമോ? മുണ്ടും ചട്ടയും ഇല്ല. ഇട്ടിരിക്കുന്നവ സാത്താൻ കീറി നശിപ്പിച്ചവയാണ്. പകരമൊന്നില്ലാതെ പുറത്തിറങ്ങാനാവാത്ത ദുരവസ്ഥ! അപ്പനോടും ആങ്ങളയോടും തൊഴുതു യാചിച്ചു അടുത്ത ഒരു കോപ്പ കള്ളിനുള്ള പണം എവിടെ നിന്നു കിട്ടും എന്നു ശങ്കിച്ചിരിക്കുന്ന അവർ അതെങ്ങനെ ഗൗനിക്കാൻ. അതിനാൽ പിന്നെ അയൽക്കാരോടിരന്നു. തന്നെ കാണാനെത്തുന്നവരോട് അപേക്ഷിച്ചു. അവർക്കു പക്ഷേ അതെല്ലാം ഒരു ഭ്രാന്തിപ്പെണ്ണിന്റെ ജല്പനം മാത്രം.

അവൾക്ക് കടുത്ത ഇച്ഛാഭംഗമായി. കാരണം മുണ്ടും ചട്ടയുമില്ലാതെ പള്ളിയിൽ പോകാനാവാതിരുന്ന പലർക്കും താനതു ദാനം ചെയ്തിട്ടുള്ള കാര്യം അവളോർത്തു. അന്നു നാലു ചട്ടയ്ക്കുള്ള തുണി തന്നത് വിതയത്തിലച്ചനാണ്. അദ്ദേഹം പറഞ്ഞു.

''നീ ഈ തുണി ആവശ്യക്കാർക്ക് വിറ്റ് പണം എന്നെ ഏൽപ്പിക്കണം.''

അവൾ തയ്ച്ചു. പക്ഷേ, ചട്ട ഇല്ലെന്ന കാരണത്താൽ പള്ളിയിൽ പോകാൻ കഴിയാതിരുന്ന നാലുപാവങ്ങൾക്ക് അവളത് എടുത്തു കൊടുത്തു. പണം പിന്നാലെ തരാമെന്നവർ വാക്കുപറഞ്ഞെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും പണം കിട്ടിയില്ല. ത്രേസ്യ ഇക്കാര്യം ആത്മതാതനെ അറിയിച്ചു.

''സാരമില്ല. അവർ തരുമ്പോൾ തരട്ടെ.''

തിരികെ വീട്ടിലെത്തി പെട്ടിതുറന്നപ്പോൾ കണ്ട കാഴ്ച അതിശയകരമായിരുന്നു. അഞ്ചു ചട്ടയ്ക്കുള്ള തുണി അതിലിരിക്കുന്നു!

ഇതും പിശാചിന്റെ പരീക്ഷണ വികൃതിയാണെങ്കിലോ? ത്രേസ്യ സംശയിച്ചു. അപ്പോഴും ആത്മതാതൻ നിർദ്ദേശിച്ചു.

''സംശയിക്കേണ്ട ദൈവമാണ് ചട്ടത്തുണി വച്ചത്.''

അവയും നീ തയ്ച്ച് പാവങ്ങൾക്കു കൊടുത്തുകൊള്ളുക. എന്നാൽ ഇന്ന് ഒരു കീറു തുണിക്കുവേണ്ടി താൻ ആരോടെല്ലാം ഇരന്നു. ആരുടെയെല്ലാം മുമ്പിൽ നാണംകെട്ടു.

എങ്കിലുമവൾ അടങ്ങിയിരുന്നില്ല. ദേഹപീഡ വകവയ്ക്കാതവൾ

www.malankaralibrary.com

www.malankaralibrary.com



മുറിക്കു പുറത്തിറങ്ങി. പറമ്പിലൂടെ ഉറക്കെ കരഞ്ഞു പ്രാർത്ഥിച്ച് അങ്ങോട്ടുമിങ്ങോട്ടും നടന്നു.

കീറത്തുണിയെടുത്ത് വെയിലിൽ വിയർത്ത് പറമ്പിലൂടെ ദ്രുതഗതിയിൽ നടന്നു. പെട്ടെന്നെന്തോ ആലോചിച്ചു. ഉടൻ നടത്തം നിർത്തി മുറിയിലേക്കു പാഞ്ഞുവന്നു. ഒരു കടലാസ്സുകീറും കുറ്റിപ്പെൻസിലും എടുത്തു. അത്ര ചന്തമല്ലാത്ത കൈപ്പടയിൽ വേഗം കുറിച്ചു.

"എന്റെ ആങ്ങളേ,

എനിക്കൊരു മുറിയും ചട്ടയും കിട്ടുന്നതിന് വളരെ ആവശ്യമുണ്ട്. അതെന്റെ അപ്പനോട് കുറേ ദിവസമായി ചോദിച്ചു തുടങ്ങിയിട്ട്. ഇതുവരെയും വാങ്ങിത്തരുന്ന ഭാവമില്ല.. ഇനി എന്താണു വേണ്ടതെന്നു ചിന്തിക്കുന്നു."

കത്ത്, കൂട്ടുകാരികൾ പള്ളിയിലെത്തിച്ചു. അച്ചൻ മൂന്നണ കൊടുത്തു വിട്ടു. ചാലക്കുടി അങ്ങാടിയിൽ പോയിവരുന്ന വാണിഭക്കാരെ അവൾ തുകയേൽപ്പിച്ചു. രണ്ടുദിവസങ്ങൾക്കുള്ളിൽ അവ കിട്ടി; ഒരു വെൺപിറാവിനെപോലെ ദേവാലയത്തിലേക്കു പറക്കാൻ വേണ്ടുന്ന വെളുവെളുത്ത മുണ്ടും ചട്ടയും.

# പതിനഞ്ച്

"ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി. മനസ്താപത്താൽ തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല."

ഇതു സങ്കീർത്തകന്റെ പ്രലാപരാഗം. ഈ അർത്ഥത്തിൽ പരമപിതാവിന് ത്രേസ്യയെക്കാൾ പ്രീതികരമായൊരു ബലി വേറെയുണ്ടോ? സ്വയം ദൈവത്തിനർപ്പിക്കപ്പെട്ട യാഗമായിരുന്നില്ലേ അവൾ! നാമമാത്ര യാഗമല്ല; സമ്പൂർണ്ണ ദഹനയാഗം!

പള്ളിയിലെ ഓരോ യാഗാർപ്പണവും അവൾക്ക് ആത്മബലിയാണ്. കാൽവരിയിൽ കുരലറുക്കപ്പെട്ട ദൈവകുഞ്ഞാടിന്റെ യാഗാനുസ്മരണമാണ്. ആ കുഞ്ഞാടിനൊപ്പം തന്റെ കഴുത്തും ബലിക്കത്തിയുടെ മൂർച്ചയിലേക്കവൾ നിവർത്തിപ്പിടിക്കുന്നു. പ്രാണഞരമ്പ് അറുക്കപ്പെട്ട് ഒരു നിലവിളിയോടെ നശ്വരജന്മം പിടഞ്ഞൊടുങ്ങുമ്പോൾ അവൾ ആനന്ദിക്കുന്നു. ഈ ഹോമയാഗം പാപത്തിന്റെ ശിരസ്സിൽ പരിഹാരതാണ്ഡവമാടുകയാണ്. അനശ്വരമായ വിജയ നൃത്തം ചവിട്ടുകയാണ്.

ബലിവേദിയിൽ നിന്ന് ദിവ്യാരൂപികളുമായി സംവദിക്കുകയാണ് ത്രേസ്യ. കുരുശിൽ പിടയുന്ന ഈശോ അവളെ ദീനനായി നോക്കി കരയുകയാണ്.

"എന്റെ പുത്രീ എന്നെ സ്നേഹിക്കുന്ന ഒരാളുമില്ലീ ലോകത്ത്."

അവൾക്കതു സഹിക്കാനാവില്ല.

"ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ, നിന്നെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ."

ഉൾക്കരത്തിൽ കൊന്തമുറുക്കി ഉൾക്കരുത്തിനായി ഈ ആവർത്തന മന്ത്രം ജപിക്കുകയും ചെയ്തു.

മറിയമേ നീ വലിയ രാജ്ഞിയാകുന്നു. നല്ല അമ്മേ, അവിടുന്നെന്റെ ആശ്രയമാകുന്നു.

ഇത്തരം സ്നേഹമന്ത്രങ്ങളാൽ ഈശോയ്ക്കും കന്യാമറിയത്തിനും കിരീടവും മോതിരവും അണിയിക്കുകയാണവൾ.

ഇതേ അരൂപിയിൽ കൂട്ടുകാരികളോടും അവൾ ഉപദേശിക്കുന്നു.

www.malankaralibrary.com

www.malankaralibrary.com



"നിങ്ങൾ കുർബ്ബാന കൈക്കൊള്ളാൻ പോകുമ്പോൾ നിങ്ങളുടെ ഹൃദയം മാതാവിനു കൊടുക്കുകയും മാതാവിന്റെ ഹൃദയം നിങ്ങൾ സ്വീകരിക്കുകയുംവേണം."

ഒരു തുള്ളി ജലം പോലുമിറക്കാതെയാണവൾ ബലിയർപ്പണത്തിനെത്തുക. കഠിനവ്രതാനുഷ്ഠാനങ്ങളും പരിഹാരദണ്ഡനങ്ങളും തപോവിശുദ്ധിയും നിറഞ്ഞ ത്യാഗ സുരഭിലജന്മം! ജീവിതം മണ്ണിലാണെങ്കിലും വിണ്ണിനെപ്പറ്റിയായിരുന്നു ചിന്ത. അത്രമേൽ അവർണ്ണ്യമായൊരു അനുഭൂതിയിലാഴുകയായിരുന്നു അവൾ. ശിശുവായ ഈശോയെ കയ്യിലേന്തി ഒരിക്കൽ കന്യാമറിയം അവൾക്കു പ്രത്യക്ഷയായതും ഇതുപോലൊരു ധ്യാനവേളയിൽ. കുഞ്ഞിന്റെ കൈകളിൽ അനവദ്യപുഷ്പങ്ങളാൽ കൊരുത്തൊരു കിരീടം. അതു ത്രേസ്യയുടെ തലയിൽ വച്ച് ഭാവഗാംഭീര്യത്തോടെ ഉണ്ണി പറഞ്ഞു, "നിന്നെ ഞാൻ കൊണ്ടുപോവുകയാണ്."

തൽക്ഷണം ലോകാവസ്ഥ അവളിൽ അറ്റുപോവുകയായിരുന്നു. ദേഹം വിട്ടു പറന്നുയരുന്ന ദേഹിപോലെ. നിലയറ്റ് ദേവാലയത്തിൽ വീണുകിടന്ന അവളുടെ ചുറ്റും സ്തബ്ധജനാവലി. മരിച്ചെന്നോർത്തവർ നടുങ്ങി. കാരണം ഹൃദയസ്പന്ദനവും നാഡിമിടിപ്പും നിലച്ചിരുന്നു. അവൾ പക്ഷേ, ദർശനാനുഭൂതിയുടെ പരകോടികളിലേക്ക് പറന്നുയരുകുയായിരുന്നു. പ്രകാശത്തിന്റെ പ്രളയവിഹായസ്സായിരുന്നു അത്. അവിടെ സൂര്യകോടികളുടെ ജ്വലനതീവ്രതയിൽ ദൈവത്തിന്റെ തിരുമുഖം. ശുദ്ധാത്മാക്കളുടെ സ്തുത്യാരവം അലയിളകുന്ന സ്വർഗ്ഗലോകം. അവിടെത്ര നാഴിക ചെലവിട്ടെന്നവൾക്കറിയില്ല. ഒരായിരം ജന്മത്തിന്റെ സുകൃതാനുഭൂതിയോടെയാണവൾ മിഴി തുറന്നത്.

അപ്പോഴും അവൾ ആശിച്ചതൊന്നുമാത്രം; ഇക്കാര്യങ്ങളൊന്നും പരസ്യമാകാതിരുന്നെങ്കിൽ. ജനത്തിന് ഈ അനന്യാനുഭവങ്ങൾ അഗ്രാഹ്യമാണെന്നവൾക്കറിയാം. ആക്ഷേപിക്കാൻ തരം പാർത്തമരുകയാണു പലരും. അപ്പോൾ അനർഘമായ ഈ മുത്തുകൾ അക്രമോത്സുകരായ പന്നികൾക്കു മുമ്പിൽ എന്തിനു വിരിക്കണം?

ഒരിക്കൽ ഇക്കാര്യത്തെപ്പറ്റി ആത്മതാതനോടു പറയുകയും ചെയ്തു. വിശുദ്ധ കുർബ്ബാന സ്വീകരിച്ചാലുടൻ തന്റെ മുഖം പ്രകാശാവൃതമാകും. ഈ കാഴ്ചയ്ക്കായി പള്ളിയുടെ പിന്നിലുള്ളവർപോലും തിക്കിത്തിരക്കി താൻ നിൽക്കുന്ന മുൻനിരയിലേക്കു വരും. അതു കണ്ടവർ തന്നിൽ ദിവ്യത്വം വച്ചുകെട്ടുന്നു. ഇതു തനിക്കസഹ്യമായി. ധ്യാനത്തിന്റെ ഏകാഗ്രത മുറിക്കപ്പെടുകയാണ്. അതിനാൽ വിതയത്തിലച്ചനോട് അപേക്ഷിച്ചു.



"പിതാവേ, ഇനി മുതൽ ജനങ്ങളെല്ലാം പള്ളി വിട്ടു പോയതിനുശേഷം വിശുദ്ധകുർബ്ബാന കൈക്കൊള്ളാൻ എന്നെ അനുവദിക്കണം."

എന്നാൽ ജ്ഞാനഗുരുവിന്റെ സ്വരമുയർന്നു.

"വേണ്ടാ. തീവ്രപ്രകാശത്തെ മൂടിവയ്ക്കുന്നതു പാഴ്വേലയാണ്." ഇതെല്ലാം കണ്ട് അരിശപ്പെട്ടുറഞ്ഞുതുള്ളുകയാണ് പേപ്പിശാച്.പള്ളിക്കുള്ളിൽപ്പോലും അവർ തള്ളിക്കയറി. പക്ഷേ, ആർക്കും സംശയമേശാത്തവിധം ഒരച്ചന്റെ വേഷത്തിൽ, കുമ്പസാരക്കൂട്ടിലാണിരിപ്പ്. പാപപ്പൊറുതിക്കെത്തുന്നവരെ ചിന്താക്കുഴപ്പത്തിലാക്കുക്കുകയാണു തന്ത്രം. എന്നാൽ ത്രേസ്യയുടെ ജ്ഞാനമിഴികളിൽ സത്വത്തിന്റെ സ്വത്വം വ്യക്തമാക്കപ്പെട്ടു.

"വേഗം ഇറങ്ങിപ്പോകു." അവൾ പുറത്തേക്കു വിരൽ ചൂണ്ടി ശാസിച്ചു. പക്ഷേ, പുറത്തുപോയിക്കിടന്നത് ഒരു കറുത്ത പട്ടിയുടെ രൂപത്തിൽ. ദിവസങ്ങളോളം പള്ളിവാതുക്കൽ അതുകിടന്നു; വാതുറന്ന്, നാവുനീട്ടി, ഭയാനകമായി കുരച്ച്, പൈശാചിക നോട്ടത്തോടെ. പക്ഷേ, ത്രേസ്യ മദ്ബഹായുടെ വഴിയിലൂടെ ചെന്ന് തിരുജലം കൈക്കുടന്നയിൽ നിറച്ച് ശ്വാനരൂപന്റെ മേൽ "പോ പിശാചേ" എന്നുച്ചരിച്ച് ആഞ്ഞു കുടഞ്ഞു. ഉടൻ ഭയാനകഭേരിയോടെ അതെങ്ങോട്ടോ നിഷ്ക്രമിച്ചു.

ഒരബലനാരിയുടെ മുമ്പിൽ പരാജയപ്പെടേണ്ടി വരുന്ന പിശാചുക്കളിൽ അരിശം നുരഞ്ഞുയരുകയാണ്. അവർ അരൂപികളായാണ്. ഇത്തവണ പള്ളിയിൽ നുഴഞ്ഞുകയറിയത്, അവളെ കുർബ്ബാനയിൽ നിന്നുകറ്റുകയാണ് ലക്ഷ്യം. അതിന് ഒരു വഴി കണ്ടെത്തി. ഇവളെ അന്ധയും മൂകയുമാക്കുക.

കാസാപീലാസകളിൽ ബലിവസ്തുക്കൾ അച്ചൻ എടുത്തുയർത്തിയ നിമിഷത്തിൽ ത്രേസ്യയുടെ കാഴ്ചശക്തി നശിച്ചു. അവളാകെ ഭ്രമിച്ചു. മിണ്ടാനും വയ്യാതായപ്പോൾ വിഭ്രമം പെരുകി. ത്രേസ്യ ഒഴികെ മറ്റെല്ലാവരും കുർബ്ബാന സ്വീകരിച്ചു കഴിഞ്ഞു. ബലിവസ്തുക്കൾ ഉൾക്കൊള്ളാതെയുള്ള കുർബ്ബാനയർപ്പണം അവൾക്കസാദ്ധ്യമാണ്. അതിനാൽ ശങ്കയോടെ അച്ചൻ ആരാഞ്ഞു.

"എന്തുപറ്റി ത്രേസ്യാ?"

www.malankaralibrary.com

www.malankaralibrary.com



സ്വരമുയർന്നിടത്തേക്ക് അവൾ തിരിച്ചു.കണ്ണിലും ചുണ്ടിലും തൊട്ട് ആംഗ്യംകാട്ടി.

ബലിവസ്തുക്കൾ മേശമേൽവച്ച് ഹൈക്കലായുടെ പടികളിറങ്ങി അച്ചൻ അവളുടെ അരികിലെത്തി.

ഹന്നാൻ വെള്ളം കൊണ്ടു വരു.

കപ്യാർലോനപ്പനോട് ആവശ്യപ്പെട്ടു. തിരുജലപ്പാത്രവുമായി അവൻ ഓടിയെത്തി. തിരുജലം തൊട്ട തള്ളവിരൽ കാഴ്ചയറ്റ മിഴികളിലും മിണ്ടടങ്ങിയ ചുണ്ടുകളിലും കുരിശടയാളത്തിന്റെ സ്പർശമായി. തൽക്ഷണം അവളുടെ മിഴികളുണർന്നു, ചുണ്ടുകളിളകി.

ഇതുകൊണ്ടൊന്നും പരാജയപ്പെട്ടു പിൻതിരിയുന്നവനല്ല കരുത്തനായ നരകാധിപൻ. അവന്റെ വിഷച്ചിന്തയിൽ ഇപ്പോൾ പിറക്കുന്നത് മറ്റൊരു ക്രൂരമാർഗ്ഗം.

ജോസഫ് വിതയത്തിലച്ചൻ ചെറുപ്പക്കാരനാണ്. മുപ്പതുകാരിയായ ത്രേസ്യ അവിവാഹിതയും. ആത്മീയതയുടെ ഈ പിതൃപുത്രീബന്ധം ലോകത്തിന്റെ കണ്ണിൽ തെറ്റിദ്ധരിപ്പിക്കുക തന്നെ. ആളിപ്പടരുന്ന അപവാദ കഥകളുടെ അഗ്നി പ്രളയത്തിൽ അച്ചനും അവളും ഭസ്മാശരായിത്തീരണം. രക്ഷപ്പെടാൻ പഴുതുകളില്ലാത്ത ആ അഗ്നി വ്യൂഹത്തിൽ അവസാനം ഒരു പിടി ചാരമായി ഇരുവരും എരിഞ്ഞമരണം. അതാണ് പിശാചുക്കളുടെ ഉന്നം.

ഇപ്പോൾത്തന്നെ പലരും സംശയദൃഷ്ടിയോടെയാണ് ഇവരെ കാണുന്നത്. എല്ലാവരും കുമ്പസാരിച്ചു മടങ്ങിയാൽ മാത്രമെ അവൾ കുമ്പസാരിക്കാൻ ചെല്ലുകയുള്ളു. അവിടെ നിന്നിളകാൻ ഇഷ്ടമില്ലാത്തമട്ടിൽ ദീർഘനേരം മുട്ടുകുത്തി ഒരു നില്പാണ്, പിന്നെ കുമ്പസാരക്കാരന്റെ സൂക്ഷ്മശ്രോത്രത്തിലേക്ക് അവൾ ഓതിനിറയ്ക്കുന്ന രഹസ്യമായ ഈ ദീർഘഭാഷണം എന്താണാവോ!

മിക്ക ദിനങ്ങളിലും അവൾ കത്തെഴുതി അച്ചന്റെ പേർക്ക് കൊടുത്തുവിടാറുണ്ട്. എഴുത്ത് കിട്ടുന്ന സന്ധ്യകൾതോറും അദ്ദേഹം അവളുടെ വീട്ടിൽ കൃത്യമായി ചെല്ലാറുമുണ്ട്. മങ്കിടിയൻ തോമായാകട്ടെ രാവേറെ വൈകിമാത്രമെ വീട്ടിലെത്താറുമുള്ളൂ. ഇരുവരെയും സമൂഹത്തിനുമുമ്പിൽ അപവാദവിധേയരാക്കാൻ ഇതിൽപരം എന്തു സാഹചര്യമാണു പിശാചുക്കൾക്ക് വേണ്ടത്! ദുഷ്ടസത്വങ്ങൾ അതിനുള്ള വലവിരിച്ചു കാത്തിരുന്നു.

# പതിനാറ്

ഇവളെ ഇനിമുതൽ മറിയത്തിന്റെ ത്രേസ്യ എന്നു വിളിക്കണം. പറയുന്നതു ത്രേസ്യയുടെ ചുണ്ടുകൾ തന്നെ. പക്ഷേ, മറ്റാരുടേയോ സ്വരത്തിൽ. അവൾ പാരവശ്യത്തിലമർന്ന ദിവ്യ ദർശനങ്ങളുടെ ലോകത്താണ്. ആ സ്വരം കേട്ട വിതയത്തിലച്ചന് അതാരുടേതെന്ന് തിരിച്ചറിയാം. മുമ്പും ഈ ദിവ്യവാണി കേൾക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. അതേ; പരിശുദ്ധ കന്യകാമറിയത്തിന്റേതുതന്നെ. ഉടൻ കരം കൂപ്പി മുട്ടുകുത്തി. അപ്പോൾ വീണ്ടും അതേ സ്വരം.

നിങ്ങൾക്കു ഞാൻ ആശീർവ്വാദം തരുന്നു. അവളുടെ ബോധമുണർന്നു. എന്താണു സംഭവിച്ചതെന്നവൾക്കറിഞ്ഞുകൂടാ. എങ്കിലും ആത്മതാതന്റെ ഭാവാന്തരം കണ്ട് ഊഹിച്ചു. കൂടെയുള്ള വൈദികരിലും മഹാദർശനത്തിന്റെ വിസ്മയത്വം. ത്രേസ്യ ഉണർന്ന് അവരെ പ്രണമിച്ചു. അനുഗ്രഹത്തിനു തലകുനിച്ചു. പിന്നെ വിവരങ്ങൾ ആരാഞ്ഞു . അതറിഞ്ഞ് അവൾക്ക് അതിരറ്റ ആനന്ദം. കാരണം, ഇനിമേൽ തന്റെ നാമം മറിയം ത്രേസ്യ.

മറിയം തന്റെ അമ്മയാണ്. പെറ്റമ്മയുടെ അകാലമരണ മുഹൂർത്തത്തിൽ തന്റെ ഉയിരിൽ അവരോധിച്ചാദരിച്ച അമ്മ. പരിപാവനമായ ആ അമ്മയുടെ പേരിനൊപ്പം തന്റെ പേരു ചേർക്കുന്ന ദൈവാനുഗ്രഹമോർത്ത് അവളുടെ ആനന്ദം കവിഞ്ഞൊഴുകുകയാണ്. പിറന്ന നാൾ മുതൽ ദിവ്യമാതാവിന്റെ രക്ഷാഹസ്തങ്ങളിലായിരുന്നു താൻ. കൊന്ത ചൊല്ലുവാൻ പഠിപ്പിച്ചു. അൾത്താര അലങ്കരിക്കാൻ മദ്ബഹായിൽ കടന്നപ്പോൾ മാതാവു കൈ നീട്ടി പൂക്കൾ വാങ്ങി അനുഗ്രഹിച്ചു. അലങ്കരിക്കുന്നതിൽ സഹായിച്ചു. നിരക്ഷരയായ തന്നെ പ്രാർത്ഥനാപ്പുസ്തകം വായിക്കാൻ പഠിപ്പിച്ചു. കുറച്ചുനാൾ മുമ്പ് ഇമ്പമാർന്നൊരു ഗാനവും അഭ്യസിപ്പിച്ചു. വിശുദ്ധ കുർബ്ബാന വൈദികൻ എടുത്തുയർത്തുമ്പോൾ പാടാനുള്ള നാലു നിർത്തുള്ള ഒരു മനോഹരഗാനം. പാട്ടുകുർബ്ബാനയിൽ ഗായകർ വാദ്യോപകരണങ്ങൾ മീട്ടി പാടുന്നുണ്ടായിരുന്നു. അപ്പോൾ സ്വർഗ്ഗമാലാഖകളും അലൗകിക ഗാനമുതിർക്കുന്നത് അവൾക്ക് കാണാമായിരുന്നു. ദൈവത്തെ എപ്പോഴും വാഴ്ത്തിപ്പുകഴ്ത്തുന്ന ഒരു മാലാഖയാകാൻ അവൾ പ്രാർത്ഥിച്ചുകൊ

www.malankaralibrary.com

www.malankaralibrary.com



ണ്ടിരുന്നു. അന്നാണു മാതാവ് കരളുരുകുന്ന ഈ അതുല്യ സംഗീതം അവളുടെ അധരയുഗ്മങ്ങളിൽ ആരചിച്ചത്.

ഓരോ തിരുബലിയർപ്പണത്തിലും അവൾപാടി; മാതാവഭ്യസിപ്പിച്ച നാലു നിർത്തുള്ള സ്വർഗ്ഗസംഗീതം. ആ ആലാപനം ദേവാലയത്തെ സ്വർഗ്ഗത്തിന്റെ ഒരു പതിപ്പാക്കുകയായിരുന്നു. ആരാധകർക്കത് ഉൾപ്പുളകമായി. ഗാനസിദ്ധിയില്ലാത്ത അവളുടെ സംഗീതത്തേൻമഴയേറ്റ് വിസ്മിതരാണാളുകൾ. പക്ഷേ, കീർത്തി അവൾക്കു വൈരിയാണല്ലോ. അതിനാൽ പിന്നവൾ ആ ഗാനം കേവലം ആത്മശീലുകളാക്കി മാറ്റി.

ശേഷിച്ച പലദിനങ്ങളും ദിവ്യമാതാവിന്റെ ശക്തമായ ഇടപെടലുകളാൽ സമ്പുഷ്ടം. ആറായിരത്തിലേറെ യുദ്ധപ്പിശാചുക്കളോട് ഒറ്റയ്ക്ക് പൊരുതുന്ന ത്രേസ്യയെ ശക്തമാതാവ് ഉറ്റുനോക്കി. ഭയങ്കരന്മാരോടുള്ള ഈ ഏകാംഗനയുടെ കുരിശുയുദ്ധത്തിൽ അമ്മ തൃപ്തയാണ്. അതിദാരുണമായ ഞെരുക്കങ്ങളിൽ നിന്നും അതിനാൽ ഈ സ്വാധിയെ രക്ഷിക്കേണ്ടതുണ്ട്.

ദിവ്യമാതാവിന്റെ അവതാരലക്ഷ്യം നരകശക്തിയുടെ വിഷപ്പാമ്പിനെ കാൽക്കീഴിലമർത്തി അതിന്റെ തല ചതയ്ക്കുക തന്നെ. ത്രേസ്യയ്ക്കൊപ്പമുള്ള ആ അമ്മയുടെ സഹവാസം പിശാചുക്കൾക്ക് അസഹ്യമായി. നേരിടാൻ കെല്പില്ലാതെ അവർ ക്രമേണ നിഷ്ക്രമിച്ചു തുടങ്ങി. അമലോത്ഭവത്തിരുന്നാളായപ്പോഴേക്കും പിന്നെ അവൾക്കൊപ്പം ശേഷിച്ചത് ഏഴു ദുരാത്മക്കൾ മാത്രം. അവർ പക്ഷേ, വിട്ടുപോകാൻ ഭാവമില്ല. ദിവ്യമാതാവ് എതിർത്തുമില്ല. കാരണം ഇവളുടെ ശുദ്ധീകരണത്തിന് ദുരിതഞെരുക്കങ്ങൾ അനിവാര്യമത്രേ.

നരകപ്പടയുടെ ശക്തി ശോഷിച്ചതിൽ ത്രേസ്യയ്ക്കാശ്വാസം. ഇതുവരെ അവരോടേറ്റുമുട്ടി വിലപ്പെട്ട നേരം പാഴായിപ്പോയി. ഇനി പ്രാർത്ഥനയിൽ മുഴുകാമല്ലോ; പാവങ്ങളുടെ കണ്ണീർച്ചുഴികളിലേക്ക് ഊളിയിടാമല്ലോ: മരണതീരത്തണഞ്ഞവരെ സ്വർഗ്ഗപ്രവേശത്തിന് ഒരുക്കാമല്ലോ. ഈ ആശ്വാസത്തിനു കാരണക്കാരി പരിശുദ്ധ അമ്മയാണ്. അതിനാൽ അമ്മയ്ക്കെന്തു പ്രത്യുപകാരം ചെയ്യും എന്നാണവളുടെ ചിന്ത.

ഇത് അമലോത്ഭവത്തിരുന്നാൾ. അതിനനുബന്ധമായി പുത്തൻചിറപ്പള്ളിയിൽ മൂന്നു ദിനധ്യാനം തുടങ്ങുകയാണ്.

തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ പോലും അതിൽ പങ്കുകൊള്ളുന്നുണ്ട്. വരവ് ഔദ്യോഗിക ഇടവകസന്ദർശനാർത്ഥം. ഗംഭീര സ്വീകരണപരിപാടിയാണ്, ഒരുക്കിയിട്ടുള്ളത്.

പള്ളിയിൽ മദ്ബഹായ്ക്കും ഹൈക്കലായ്ക്കുമിടയിൽ പരിശുദ്ധ



മാർ ജോൺ മേനാച്ചേരി

www.malankaralibrary.com

www.malankaralibrary.com



അമ്മയുടെ മുഗ്ദ്ധലാവണ്യശില്പം പ്രതിഷ്ഠിച്ചിട്ടുണ്ട്. അമ്പഴക്കാട്ടു മഠത്തിലെ കന്യാസ്ത്രീകൾ ആ രൂപം അതിമനോഹരമായി അലങ്കരിച്ചു കഴിഞ്ഞു. എങ്കിലും ത്രേസ്യയ്ക്കൊരാശ. ആ മാതൃരൂപത്തിൽ നല്ല രണ്ടുമൂന്നു മാലചാർത്തണം. കുടമുല്ലപ്പടർപ്പിലെ വാസനപ്പൂക്കളെ റുത്ത് വാഴനാരിൽ കൊരുത്ത് അവൾ കനമുള്ള മൂന്നുഹാരങ്ങളൊരുക്കി. പക്ഷെ, എന്തുചെയ്യുന്നതിനും മുമ്പ് മേലാളരിൽ നിന്നു അനുമതി വേണമെന്നവൾക്കു നിർബ്ബന്ധം. ഇവിടെ, ഏറ്റവും വലിയ അധികാരി മേനാച്ചേരി തിരുമേനിയാണ്. പ്രതിമയിൽ മാലചാർത്താനുള്ള അനുവാദം അദ്ദേഹത്തോടുതന്നെയാണ് യാചിക്കേണ്ടത്.

തിരുമേനിക്ക് ഇവളെപ്പറ്റി അറിവുകൾ പലതുണ്ടുതാനും. അതെല്ലാം കേട്ട് ഗാഢചിന്തയിലാഴുകയായിരുന്നു അദ്ദേഹം. പെട്ടെന്നു പ്രതികരിക്കില്ല. ഗൗരവചിത്തനാണ്. പണ്ഡിതനാണ്. ദൈവമേല്പിച്ച ഉത്തരവാദിത്വത്തോടു വിട്ടുവീഴ്ചകാട്ടാത്തവനാണ്. എങ്കിലും വിതയത്തിലച്ചനോട് അദ്ദേഹം ഒരിക്കൽ ആവശ്യപ്പെട്ടത്രേ;

"ആ പെൺകുട്ടിയെ എനിക്കൊന്നു കാണണം."

ആ കൂടിക്കാഴ്ചക്കുള്ള അവസരമാവാം ഇതെന്നു ത്രേസ്യാ കരുതി. അതിനായി തിരുമേനിയെ തിരക്കി. അവിടുന്ന് തിരക്കാർന്ന ചർച്ചകളിൽ മുഴുകി പള്ളിക്കുള്ളിലാണ്. പുരോഹിതരും ഗ്രാമീണരുമാണ് ചുറ്റും. ഈ തിരക്കിൽ എങ്ങനെ മുഖം കാണിക്കും? ത്രേസ്യ ശങ്കിച്ചു. അവൾ വാതിൽക്കൽ വളരെ നേരം കാത്തുനിന്നു. എന്നാൽ തിരക്ക് കൂടികൊണ്ടിരുന്നു. അവൾ പൂമാലകളും കയ്യിൽതൂക്കി വിഷാദത്തോടെ നടന്നു. അങ്കണത്തിന്റെ പ്രവേശനകവാടത്തിൽ ചെന്നു നിന്നു. തിരുമേനിയെ സ്വീകരിക്കാൻ അവിടെ ഇരുവശവും കുഴിച്ചുവച്ച രണ്ടു കുലവാഴകൾ. അവയുടെ നീട്ടിയ കൈകൾപോലെ നിൽക്കുന്ന വാഴക്കുലകളിൽ ത്രേസ്യ മാലകൾ ചാർത്തി ആശ്വസിച്ചു.

സ്വീകരണാഘോഷങ്ങളിൽ പങ്കുകൊള്ളാൻ അവൾക്കു തോന്നിയില്ല. കൂട്ടുകാരികൾ പള്ളിപ്പരിസരത്തു കാണും.അവരോടുപോലും പറയാതെ ത്രേസ്യ മുഖം താഴ്ത്തി നടന്നു. തന്റെ ധ്യാനമുറിയിലേക്ക്. അമലോത്ഭവയുടെ മുഖാംബുജമായിരുന്നു അകം നിറയെ. അതൊരു ധ്യാനവിഷയമായി അവളുടെ ആത്മാവിൽ രാപ്പകൽ എരിയുകയായിരുന്നു.

രാവേറെയായപ്പോഴാണൊന്നു മയങ്ങിയത്. അടഞ്ഞ കൺപോളകൾക്കു മീതെ ഉടൻ ഒരു പ്രകാശിതരൂപത്തിന്റെ പ്രത്യക്ഷീകരണംപോലെ. വേഗം അവൾ മിഴിതുറന്നു. ഉള്ളിലെ തേജോരൂപം ഇതാ



കൺമുമ്പിൽ! പള്ളിക്കുള്ളിലെ പ്രതിമയായല്ല; ചിരിക്കുന്ന, കരംനീട്ടിയാശ്ലേഷിക്കാനടുക്കുന്ന തന്റെ കന്യാമാതാവ് ! അത്ഭുതം! ആ അമ്മയുടെ കഴുത്തിൽ ഒരു പൂമാല. കരങ്ങൾ തോറും ഓരോ പുഷ്പഹാരവും. മണമെഴുന്ന ആ മാലകളിലേക്കവൾ സൂക്ഷിച്ചുനോക്കി നിൽക്കേ അമ്മയുടെ ചോദ്യം

"മോളേ, ഈ മാലകൾ നീ കൊരുത്തതല്ലേ?"

"അതെ അമ്മേ. അമ്മയ്ക്കുവേണ്ടി ഞാൻ കെട്ടിയതാണ്."

"ഞാനിവ സ്വീകരിച്ചിരിക്കുന്നു മോളെ. എന്താ? സന്തോഷമായില്ലേ?"

ആനന്ദപാരവശ്യത്തിൽ നിന്നുപോകെ അമ്മ വീണ്ടും.

"ഞാനിനി വളരെ അപൂർവ്വമായി മാത്രമെ നിനക്കു പ്രത്യക്ഷപ്പെടൂ. ഞെരുക്കങ്ങൾ അവസാനശ്വാസംവരെ നിന്നോടൊപ്പമുണ്ടാകും. യാതൊരു ശരണക്കേടുമുണ്ടാകാതെ എല്ലാം സഹിച്ചുകൊള്ളണം."

ഇനിയും ഞെരുക്കങ്ങളോ! ഓർക്കാൻ പോലുമാവാത്ത ഭയങ്കരതയാണത്. എങ്കിലും ദൈവഹിതവും സ്വഹിതവും ഒന്നാകുവാനോണാഗ്രഹം ദൈവത്തോടനുവാദം ആരാഞ്ഞിട്ടല്ലാതെ തന്റെ ഉടലിൽ തൊടാൻപോലും ദുർമൂർത്തികൾക്കാവുകയില്ലെന്നവൾക്കറിയാം. തന്റെ ജന്മം ഈ അഗ്നിശുദ്ധീകരണത്തിനു വിധേയപ്പെട്ടേപ്പറ്റൂ. ദൈവത്തിനു തന്നിലൂടെ എന്തൊക്കെയോ സാക്ഷാത്ക്കരിക്കാനുണ്ടാകും. അതിനാൽ ഇത്രനാളും പൊരുതി.ശേഷി നശിച്ച് നിരാശപ്പെട്ട്, സഹനജീവിതം വെറുത്ത്, നശ്വര ജന്മത്തിന്റെ ക്ഷണികസുഖങ്ങളിലേക്ക് താൻ കടക്കുമെന്നു കണക്കുകൂട്ടിയ നരകാധിപന് തെറ്റിപ്പോയി. ബലം കുറഞ്ഞ് പാതാളാഗ്നിയിലേക്കു തോറ്റു നിഷ്ക്രമിച്ചത് പിശാചുക്കളാണ്. മുറിയുടെ ഒരു മൂലയിൽ പെടുന്നനെ രൂപപ്പെട്ട പിളർപ്പിലേക്ക് പരാജിത ദുരാത്മക്കൾ വീണുതാഴുന്നതു താൻ കണ്ടതാണ്.

ഇപ്പോൾ ഇതാ ദുഷ്കൃതരുടെ എണ്ണം ഏഴായി ചുരുക്കപ്പെട്ടിരുക്കുന്നു. എന്നിട്ടും, സംഭീതമാണവസ്ഥ. സഹനക്കേടിന്റെ വക്കോളം വലിച്ചിഴയ്ക്കുകയാണവർ. കഴുത്തുമുതൽ കണങ്കാലുവരെ കയറുകെട്ടി വരിഞ്ഞു. പെരുംഭാരം നെഞ്ചിൽ കയറ്റി. കരിങ്കല്ലുയർത്തിയിടിച്ചു. മുൾപ്പടർപ്പിലൂടെ വലിച്ചിഴച്ചു. കനത്ത കമ്പു ചുഴറ്റി ആഞ്ഞടിച്ചു. ചെറ്റക്കതകടച്ച മുറിക്കുള്ളിലാണാക്രമണങ്ങളേറെയും. ഉരുക്കുപാളിയേക്കാൾ കരുത്തോടെ ആ പനമ്പു കതക് അടഞ്ഞുകിടന്നിരുന്നു. മുറിക്കുള്ളിലെ ഇടിയുടെ ശബ്ദം പുറത്തുനിൽക്കുന്നവർക്കു കേൾക്കാം. ക്ഷമയുടെ പരകോടിയിലെത്തിയ അവൾ അതിവേദന കടിച്ചിറക്കുകയായിരുന്നു. ആക്രമണഭേരികേട്ട് പുറത്തുനിന്നു ചിലർ പനമ്പു മറ തള്ളി അകത്തു

www.malankaralibrary.com

www.malankaralibrary.com



കടക്കാൻ ആഞ്ഞു. എന്നാൽ തുറക്കാനാവാത്തത്ര ബലം! ഉള്ളിൽ നിന്നാരോ തള്ളിപ്പിടിച്ചമാതിരി. ഉടൻ അവരുടെ ഉദ്വേഗനേത്രങ്ങൾ പനമ്പു മറയുടെ വിടവുകളിലൂടെ അകത്തേക്കു നോക്കി. തകരവിള ക്കെരിയുന്നുണ്ടെങ്കിൽപോലും യാതൊന്നും ഗോചാരമാകാത്ത അത്ഭു താവസ്ഥ! എന്നാൽ അവളുടെ ആത്മതാതൻ വന്നാലോ? നേർത്ത സ്പർശം മാത്രം മതി, വാതിൽപ്പാളി മലർക്കെ തുറക്കപ്പെടും. അച്ചൻ മുറിക്കുള്ളിൽ കടന്നാലുടൻ കതകു താനേ അടയുകയും ചെയ്യും. ആരോ ഉള്ളിൽ നിന്നും സാക്ഷ ഇടുകയും ഊരുകയും ചെയ്യുന്നതുപോ ലുള്ള ലാഘവത്വം. രാത്രി ഒൻപതു മണിയോടെ വിതയത്തിലച്ചൻ പള്ളി യിലേക്കു മടങ്ങും. പിശാചുക്കളുടെ ഉത്സവ വിളയാട്ടമാണു പിന്നെ.

ഇവളെ ആക്രമിക്കാൻ പിശാചുക്കൾ ചിലപ്പോൾ പതിയിരിക്കുന്നത് അപ്പന്റെയും ആങ്ങളയുടെയും നാത്തൂന്റെയും ഉള്ളിൽ. അവൾക്കു നേരെ അവർ ക്രോധാഗ്നി തുപ്പും. സ്വന്തം വീട്ടുകാര്യങ്ങളിൽ മുഴുകാതെ അന്യഭവനങ്ങളിൽപോയി സേവനം ചെയ്യുന്നതാണ് ആക്ഷേപം. അതിൽപ്പിന്നെ ഏറെ ക്ഷീണിച്ചു മടങ്ങിവന്നാലും വീട്ടുജോലികൾ ഏറ്റെടുക്കും. കഞ്ഞിയും കറിയും വയ്ക്കും.

"ഇതിനുപ്പില്ല്യോടീ?"

"ഇതെന്തൊരു നശിച്ച എരിവാ?"

"ഈ കൂട്ടാൻ നാക്കേൽ വയ്ക്കാൻ കൊള്ളത്തില്ലോടീ"

വീട്ടുകാരുടെ ദുഷ്പ്രതികരണം.

ഇതുപോരാതെ, അവളുണ്ടാക്കിയ കഞ്ഞിയിൽ പിശാചുക്കൾ ചെളിയും ചരലും വാരിയിട്ടു. പിന്നെ പലപ്പോഴും മനുഷ്യവിസർജ്ജ്യം പോലും ഭക്ഷണത്തിൽ ചേർത്തു. അതറിയാതവൾ വീട്ടുകാർക്കു വിള മ്പി.

അപ്പൻ ശപ്തവാക്കോതി അടിക്കാൻ കൈയോങ്ങി ചാടിയെഴുന്നേ ൽക്കുക പോലുമുണ്ടായി.

എല്ലാം കൺകുളിർക്കെ കണ്ട് മറഞ്ഞിരുന്നു ചിരിക്കുകയായിരുന്നു സാത്താൻ.

അവൾ പൈശാചികാക്രമണങ്ങൾ നേരിടുന്നത് ആത്മത്യാഗത്തി ലൂടെ. ഉപവസിക്കുമ്പോഴാണവൾ കരുത്തയാകുന്നത്. എല്ലാം വെടിയു മ്പോഴാണവൾ സമ്പന്നയാകുന്നത്. അതിനാൽ ശരീരത്തെ കൂടുതൽ ഞെരുക്കാൻ തുടങ്ങി. ഉടനീളം മുൾമുനകളെഴുന്ന ഇരുമ്പരഞ്ഞാണം പണിതുവാങ്ങി അരക്കെട്ടിൽ മുറുക്കി. ദേഹത്തു തറയ്ക്കത്തക്കവിധം ചട്ടയ്ക്കുലള്ളിൽ കമ്പിമുനകൾ തയ്ച്ചു ധരിച്ചു. പീഡകളുടെ പാരമ്യ



ത്തിൽ അവൾ ആത്മപിതാവിനെഴുതി.

എന്റെ പിതാവേ, എനിക്കുള്ള വേദന ഏതിവിധമാണെന്നും ഏതു സ്ഥലമാണെന്നും പറഞ്ഞറിയിക്കാൻ എനിക്കറിഞ്ഞുകൂടാ.

കടലിളകിയാൽ എങ്ങനെയോ അതുപോലെയാണെന്റെ വേദന. ദൈവം എനിക്ക് ഈ വിധം തിരുമനസ്സായി .ദൈവാനുഗ്രഹത്താൽ ഞാനീ വേദനകളെ സന്മനസ്സോടും സംതൃപ്തിയോടും സന്തോഷ ത്തോടും കൂടെ കൈക്കൊണ്ടിരിക്കുന്നു. പിതാവിന്റെ സദുപദേശ മോർത്ത് ഞാൻ വളരെയധികം സമാധാനിക്കുന്നു. മനസ്സറിവോടു കൂടെ വേദനയെപ്പറ്റി യാതൊരു വിധത്തിലും ഞാൻ ആവലാതിപ്പെട്ടിട്ടില്ല. ദൈവതിരുമനസ്സും എന്റെ മനസ്സും ഒന്നാകുവാൻ അപേക്ഷിക്കണമേ.

അവളയയ്ക്കുന്ന കത്തുകളും ഭദ്രമായി അടുക്കി വച്ചിരിക്കുകയാണു വിതയത്തിലച്ചൻ. പുസ്തകത്താളുകളിലേക്കു നിഷ്ഠയോടെ പകർത്തു കയും ചെയ്യുന്നുണ്ട്. കൂടെക്കൂടെ വിവരങ്ങളെല്ലാം മേനാച്ചേരി തിരുമേനിയെ അറിയിക്കുന്നുമുണ്ട്. ഇതിനായി കത്തുകളിലൂടെയും നേരിട്ടും തൃശ്ശൂർ അരമനയുമായി ആത്മതാതൻ നിരന്തര സമ്പർക്ക ത്തിലുമാണ്.

മെത്രാന്റെ വിമർശനബുദ്ധിയിൽ കുറേക്കാലമായി ത്രേസ്യയുണ്ട്. എന്നാൽ പലരും പറയുന്നതുപോലെ അവളെ ഒരാത്ഭുതപ്രതിഭാസ മായി കാണാൻ അദ്ദേഹം തയ്യാറല്ല. പുണ്യത്തികവായി അവളെ ഗണിക്കാനും ഒരുക്കമല്ല. അവളുടെ ദിവ്യദർശനങ്ങളെ അംഗീകരി ക്കാനും താൽപര്യമില്ല. കാരണം ഏതു വിഷയത്തിന്റെയും തലനാരു കീറി ശാസ്ത്രീയമായി അപഗ്രഥിക്കാതെ യാതൊരഭിപ്രായവും പറ യുകയില്ലെന്ന വാശി. പ്രഗത്ഭനായ വിതയത്തിലച്ചന്റെ സാക്ഷീകരണ ത്തിനു മുമ്പിൽപോലും ഇങ്ങനെ തുറന്നുപറയാനാണ് മെത്രാനച്ചൻ തുനിഞ്ഞത്.

"ഇതൊക്കെ ദുർബ്ബലമനസ്സിന്റെ വിഭ്രാന്തികളാണ്. ആഹാരവും ഉറ ക്കവും ഇല്ലാത്തവർക്കൊക്കെ ഇത്തരം തോന്നലുകൾ സാധാരണമാ ണ്."

ഡോക്ടർ ബിരുദധാരിയായ താൻ വിദ്യാവിഹീനയായ ഒരുവളുടെ അനന്യാനുഭൂതികളെ എങ്ങനെ ദിവ്യദർശനങ്ങൾ എന്നു പ്രകീർത്തിക്കും? സ്വർഗ്ഗനരകങ്ങളും അതിലെ നിവാസികളും അവളുടെ ബാഹ്യാക്ഷികളിൽ തെളിഞ്ഞിരുന്നത്രേ! ദൈവശാസ്ത്രത്തിന്റെ ഗിരി മകുടം ചവുട്ടിയ സഭാധികാരിക്കു പക്ഷേ, അതു വ്യാജമൊഴിയായ ല്ലാതെ എങ്ങനെ കാണാൻ കഴിയും?

www.malankaralibrary.com

www.malankaralibrary.com

## പതിനേഴ്

വെള്ളിയാഴ്ച അവൾക്കു തലമുണ്ടു കൊടുക്കുന്നതിന് അനുവദിച്ചിരിക്കുന്നു. അതിനോടുകൂടെ മഠത്തിൽ നിന്നും കൊടുത്തയച്ചിട്ടുള്ള വലിയ വെന്തിങ്ങാ വെഞ്ചിരിച്ചു ധരിച്ച് കർമ്മലീത്താ മൂന്നാംസഭയിൽ ചേർക്കുന്നതിനും അനുവദിച്ചിരിക്കുന്നു.

എന്ന് തൃശ്ശൂർ അരമനയിൽ നിന്ന്

1905 മാർച്ച് ഒന്നാം തിയ്യതി.

ഇത് മനുഷ്യരുടെ ആഗ്രഹപ്രകാരമല്ല. വിതയത്തിലച്ചന് വെളിവാക്കപ്പെട്ട ദൈവമാതാവിന്റെ നിശ്ചയത്താലാണ്. അതിനാൽ മെത്രാനച്ചനോട് അദ്ദേഹം അപേക്ഷിച്ചെഴുതി. അതിനുള്ള മറുപടിയാണിപ്പോൾ കിട്ടിയിരിക്കുന്നത്. മറിയം ത്രേസ്യയെ കർമ്മലീത്താ മഠത്തിന്റെ മൂന്നാം സഭയിൽ ചേർക്കുവാനും ശിരോവസ്ത്രം നൽകുവാനുമുള്ള അനുമതിക്കത്ത്.

അൽമായ സ്ത്രീകൾക്കുള്ളതണീ മൂന്നാംസഭ. എന്നാൽ ശിരോവസ്ത്രം ധരിക്കാൻ അവർക്കനുവാദമില്ല. സമൂഹമായി താമസിക്കുന്ന മഠാംഗങ്ങൾക്കു മാത്രമുള്ള പുണ്യപരിവേഷമാണിത്. എങ്കിലും മറിയം ത്രേസ്യയ്ക്കുവേണ്ടി ഈ കർശന നിയമം ഇവിടെ ഇളയ്ക്കപ്പെടുന്നു. നിയമത്തിന്റെ കാവൽക്കാരനായ മാർ മേനാച്ചേരിതിരുമേനി ഇത്രമേൽ ഉദാരവാനാകുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നില്ല.

അന്ന് മാർച്ച് പന്ത്രണ്ട്. മാസാദ്യവെള്ളിയാഴ്ച. അതിരാവിലെ വിശുദ്ധ കുർബ്ബാനാനന്തരം ആത്മതാതൻ അവൾക്ക് ഉത്തരീയം നൽകി. അവളതു ധരിച്ചു.മെത്രാനച്ചൻ തൊട്ടനുഗ്രഹിച്ച വെന്തിങ്ങാ കറുത്ത ചരടിൽ കൊരുത്ത് കഴുത്തിലണിഞ്ഞു. മുണ്ടും ചട്ടയും ഉത്തരീയവും ധരിച്ച അവൾക്ക് ഒരു വെൺപിറാവിന്റെ ശുദ്ധിയും ചാരുതയും. ജനാവലിയുടെ ദൃഷ്ടികളിൽ അവളൊരു ദൃശ്യപ്പൊലിമ. മുൾപ്പടർപ്പിനുള്ളിൽ വിരിഞ്ഞ വെളുത്ത ലില്ലിപ്പൂവിനെ അവർ കൺവിടർത്തിക്കണ്ടു.

കർത്താവിന്റെ മണവാട്ടിയായി രൂപാന്തരപ്പെട്ട അനുഭൂതിയായിരുന്നു അവൾക്ക്. "വരൂ.. വരൂ..." എന്നവിടുന്ന് എപ്പോഴും വിളിക്കുകയല്ലേ!



ആത്മമണവാളനായ ഈശോയുടെ കരവലയത്തിൽപ്പെട്ട് ആ നെഞ്ചിൽ ചാഞ്ഞുറങ്ങാൻ കൊതിക്കുകയാണുള്ളം.

അന്നുമാത്രമെ വിശ്രമിക്കാനാവൂ. ആ വിശ്രമത്തിലെത്താൻ ഇവിടെ എല്ലുനുറുങ്ങി പണിയെടുക്കണം. അതിനാൽ മരണാസന്നരേയും പതിതരെയും തേടി പുത്തൻചിറഗ്രാമത്തിന്റെ അതിരുകൾ കടക്കുകയാണവൾ. നടന്നു വലയുമ്പോഴും വിശന്നലയുമ്പോഴും ദേഹപീഡകളേറുമ്പോഴും ഈശോയുടെ ഈ മധുരവിളികളായിരുന്നു കരൾ നിറയെ; "വരൂ..... വരൂ......"

അവൾക്കു പിറ്റേന്നു പള്ളിയിൽപോകാൻ വയ്യ! എഴുന്നേൽക്കാനാവാത്തത്ര ക്ഷീണവും തളർച്ചയും. ദേഹം ഈയൽപോലെ വിറയ്ക്കുന്നു. കിടന്നുകൊണ്ടവൾ ഈശോയെ വിളിച്ചു കരഞ്ഞു. തിരുബലിയിലൂടെ അവിടുത്തെ സാന്നിദ്ധ്യത്തിനായി ദാഹിച്ചു.

അവളുടെ നിലവിളി ഈശോയ്ക്കു കേൾക്കാതിരിക്കാനാവില്ല. കാരണം അവളിൽ നിക്ഷേപിച്ച തിരുഹൃദയം അവിടുത്തേതാണ്. അവളുടെ നിലവിളിയുയരുന്നത് ആ ഹൃദയാന്തരത്തിൽ നിന്നാണ്. ഹൃദയം ഒരിടത്തും ശരീരം മറ്റൊരിടത്തുമായിരിക്കാൻ അവിടുന്നിഷ്ടപ്പെടുന്നില്ല. എപ്പോഴും അവളോടൊപ്പം കഴിയുവാനാണ് അവിടുന്നാഗ്രഹിക്കുന്നത്. അവളുടെ നിലവിളിക്കു മുമ്പിൽ ഉടലോടെ അവതരിക്കുവാനാണവിടുത്തെ ഇച്ഛ!

അവൾക്കതു സ്വർഗ്ഗീയാനുഭൂതിയായി. ദേവാലയത്തിലെ ബലികർമ്മങ്ങളെല്ലാം ത്രേസ്യയുടെ ചെറുമുറിക്കുള്ളിൽ അനുവർത്തിച്ചു തുടങ്ങി. ശുശ്രൂഷാസഹായിയായി ഒരു മാലാഖയും. കാൽവരിക്കുന്നിലെ കുരിശിൽ സ്വയം യാഗമായിത്തീർന്ന ഈശോ വീണ്ടും കുരലറുക്കപ്പെടുകയാണവളുടെ മുറിയിൽ. ബലിയിലുടനീളം അവൾ നെഞ്ചുപൊട്ടിക്കേഴുകയായിരുന്നു.

ചോരയിൽ മുക്കിയ സ്വന്തം മാംസക്കഷണം ഈശോ അവളുടെ നാവിലർപ്പിച്ചു. അതവൾക്കു വീഞ്ഞിൽ മുക്കിയ അപ്പമായിരുന്നില്ല; ചോര ഊറുന്ന മാംസംതന്നെ. ചോരയുടെ ഗന്ധവും പച്ചയിറച്ചിയുടെ രുചിയും അവൾ അനുഭവിക്കുകയായിരുന്നു. ആനന്ദപാരവശ്യത്തിലവൾ ആഴുമ്പോൾ മാലാഖയോട് ഈശോ കല്പിക്കുന്നതവൾ കേട്ടു.

കുന്തമെടുത്ത് അവളുടെ ചങ്കിൽ ആഞ്ഞുകുത്തുക

അവൾ ഭയന്നുറക്കെ അലമുറയിട്ടില്ല. കാരണം തന്റെ ഉള്ളിലിരിക്കുന്ന ചങ്ക് ഈശോയുടെതാണ്. ലോകാത്മാക്കളുടെ ശുദ്ധീകരണ

www.malankaralibrary.com

www.malankaralibrary.com



ത്തിനായി ഹൃദയവ്യഥയനുഭവിക്കുന്ന ഈശോയ്ക്ക് ഇതു പരപീഢനമല്ല; ആത്മപീഡനം തന്നെ. തന്റെ ശരീരത്തെ സ്വന്തമായി ഈശോ ഗണിക്കുന്നതിൽ ത്രേസ്യ ആനന്ദിക്കുകയായിരുന്നു.

മാലാഖ അനുസരിച്ചു. കുന്തം വലംകയ്യിലുയർത്തി രണ്ടടി പിന്നോട്ടു മാറി ത്രേസ്യയുടെ ചങ്കിനു നേരെ ഉന്നംനോക്കി മുന്നോട്ടു കുതിച്ച് ആഞ്ഞൊരു കുത്ത്. ഈർക്കിൽ മുനയിൽ കുത്തിപ്പിടിച്ച പുഴുപോലെ അവൾ പിടഞ്ഞുചുരുണ്ടു. ചുമൽ തുരന്നു പുറത്തു ചാടിയ കുന്തമുന മാലാഖ വലിച്ചൂരി. പഴുതിലൂടെ ഒഴുകിയ ചുടു നിണം ഉടലാകെ കൊഴുത്തു. കുന്തമുനയിൽ കട്ടച്ചോരയും ചങ്കിന്റെ പൊടിച്ചീളുകളും മാംസത്തുണ്ടും.

അന്നു രാത്രിയിൽ ഞെരിഞ്ഞിൽ വിതറിയ പുൽപ്പായയിൽ തളർന്നു കിടക്കുകയായിരുന്നു. മുറിയിൽ മറ്റാരുമില്ല. മന്ദ്രമധുരമായ അലൗകിക സ്വരത്തിൽ ആരോതൊട്ടുവിളിക്കുന്നതുപോലെ. തിടുക്കത്തിൽ തെരയുമ്പോൾ കൺമുമ്പിൽ കാണാൻകൊതിച്ച ആത്മപ്രിയൻ. ഇന്നവിടുന്ന് കുരിശേന്തി തളർന്ന ക്ഷീണമുഖനല്ല. രാജഭാവമെഴുന്ന കോമളാനനൻ. പുഞ്ചിരി അവിടുത്തെ ചുണ്ടിണകളിൽ. വലം കയ്യിലെ വിരലുകളിൽ അനർഘ രത്നം പതിച്ചൊരു തങ്കമോതിരം. അതിന്റെ വർണ്ണരശ്മികൾ ഇരുൾ മുറിയിൽ പ്രഭാപൂരം വർഷിക്കുന്നു. അതു തന്റെ നേരെ നീട്ടി പ്രഭുകുമാരൻ മാടിവിളിക്കുകയാണ്.

ത്രോസ്യാ .... ഇതു നിന്റെ വിരലിൽ ഞാനണിയിക്കട്ടെ.

ഈ സഖിത്വത്തിനുവേണ്ടിയായിരുന്നില്ലേ കഴിഞ്ഞ ദിവസം കുന്തം കൊണ്ടുള്ള പീഡനം!

സ്വർണ്ണമോ രത്നക്കല്ലുകളോ തീരെ ഇഷ്ടമല്ല. എന്നാലിപ്പോൾ ഇവ സമ്മാനിക്കുന്നത് പ്രാണപ്രിയനാണ്. അതിനാൽ അവ കൈക്കൊള്ളാൻ കൊതിച്ചു. പക്ഷേ, തൊട്ടടുത്ത നിമിഷത്തിൽ ശങ്കിച്ചു. സർവ്വാധികാരിയായ അവിടുന്നിക്കാര്യത്തിൽ എന്തിനാണ് അനുമതി തേടുന്നത്! തന്റെ ഇംഗിതം അറിയുന്നവനാണല്ലോ അവിടുന്ന്. തന്റെ ഉള്ളിൽ കുടിയിരിക്കുന്നതു പോലും അവിടുത്തെ തിരുഹൃദയമല്ലേ! പകരം അവിടുന്നു ഏറ്റെടുത്തിരിക്കുന്നത്. ഈ പതിതയുടെ ചങ്കും. ദൈവപുത്രനും ഈ മനുഷ്യപുത്രിയും തമ്മിലുള്ള അന്തരത്തെപ്പറ്റി ചിന്തിച്ച് അന്തം വിട്ടു നിൽക്കുകയായിരുന്നു അപ്പോൾ. അതൊരു മോഹാലസ്യത്തിലേക്കല്ലേ വഴിനടത്തിയത്. പിന്നീടൊന്നുമറിയാത്ത അബോധാവസ്ഥയിലായിരുന്നു ത്രേസ്യ.



ഉണർന്നപ്പോൾ മുറി ശൂന്യം. എന്നാൽ രത്നമോതിരത്തിന്റെ ജ്വലനം അപ്പോഴും പ്രസരിക്കുന്നു. അതവളുടെ ലോലാംഗുലിയിൽ അലംകൃമായിരുക്കുന്നു. ആത്മപ്രിയന്റെ ഈ സ്നേഹസമ്മാനത്തെ അവൾ കുനിഞ്ഞു ചുംബിച്ചു.

ചോര ഇറ്റിറങ്ങി ദേഹം വിളർത്തു. കഞ്ഞിയും ചോറും കഴിക്കാനാവുന്നില്ല. ദ്രാവകാഹാരമല്ലാതെ മറ്റൊന്നും ഇറങ്ങുന്നില്ല. ഇങ്ങനെ തുടർന്നാൽ മരണത്താഴ്വരയിലേക്കുള്ള പ്രയാണമാവും ഈ ജിവിതം. തന്നെ കാത്തുകിടക്കുന്ന മരണാസന്നർക്കും അഗതികൾക്കും സേവനത്തിന്റെ സാന്നിദ്ധ്യം അങ്ങനെ നഷ്ടമാകും. ദൈവം അതാണിച്ഛിക്കുന്നതെങ്കിൽ ഈ ഇരുപത്തൊമ്പതാം വയസ്സിൽത്തന്നെ അതു സംഭവിച്ചുകൊള്ളട്ടെ. എന്നാൽ തിരുഹിതം മറിച്ചാണെങ്കിലോ? കഞ്ഞിയും ചോറും കഴിക്കാൻ വയ്യാത്തതിനാൽ പിന്നെന്തുചെയ്യും? കുറച്ചു നാളത്തേക്കെങ്കിലും ഇത്തിരി പാലും റൊട്ടിയും കഴിച്ചാലോ.

വീട്ടിലെ പയ്യിന്റെ കറവ തീർന്നു. കൂട്ടുകാരികൾ അരുടെ വീടുകളിൽ നിന്നും പാൽകൊണ്ടുവന്നു. ഇടവകക്കാരിൽ ഒരാളിന് റൊട്ടിക്കച്ചവടമുണ്ട്. അയാൾ ദിനംതോറും ഒരോ റൊട്ടിയും കൊടുക്കാമെന്നേറ്റു. ഇതു പലരുമറിഞ്ഞു. അവളുടെ ഖ്യാതിയിൽ അസൂയപ്പെട്ടവർക്ക് അതൊരു ചൂടുവാർത്ത. അവർ അതിനു ദുർവ്യാഖ്യാനം നൽകി. കവലപ്രചരണം നടത്തി.

"നിങ്ങളറിഞ്ഞില്ലേ? ആ മങ്കിടിയാൻ ത്രേസ്യയില്ലേ? അവളൊരു കള്ളിയാ."

"ന്താ കാര്യം?"

അവളത്ര പാവമൊന്നുമല്ല. ചെരിപ്പും മാലയുമൊന്നുമില്ലാതെ തലമുണ്ടും ധരിച്ചു നടക്കുന്നതെന്തിനാണെന്നറിയാമോ? മനുഷ്യരെ കാണിക്കാനാ. വീട്ടിലോട്ടൊന്നു ചെന്നുനോക്ക്. അവൾ തിന്നുന്നത് എന്തൊക്കയാണെന്ന് അപ്പോൾ കാണാം.

"എന്തോക്കെയാ? കഞ്ഞിം ചമ്മന്തിയുമാണെന്നാ ഞങ്ങൾ കേട്ടിട്ടുള്ളത്."

"അയ്യോ അല്ല"

ഏഷണിക്കാര് പൈശാചികമായി പരിഹസിച്ച് തുടർന്നു.

"വല്യ പണക്കാരുടെ ആഹാരമേ ഇപ്പോൾ അവൾക്കു പിടിക്കു."

"ഒന്നു തെളിച്ചു പറ. ന്താ കഴിക്കുന്നേ?"

www.malankaralibrary.com

www.malankaralibrary.com



"റൊട്ടീം വെണ്ണേം പാലുമൊക്കെയാ"

അവരിൽ ചിലർ ഈ വാർത്തയുമായി തൃശ്ശൂരിലും ചെന്നു. അരമനയിലെത്തി മേനാച്ചേരി തിരുമേനിയെ കണ്ടു. ചൂടുവാർത്ത വിളമ്പി. അദ്ദേഹമതു വിശ്വസിച്ചു. കാരണം അവളുടെ അപ്പൻ മദ്യപാനി. ആങ്ങളയും വ്യത്യസ്തനല്ല. അവരുടെ പാരമ്പര്യത്തിൽ നിന്നും അവൾക്കും വ്യതിചലിക്കാനവില്ല. സ്വത്വം മറച്ചുവച്ച മുഖംമൂടിക്കാരിയാവാം അവൾ. അതിനാൽ അവൾക്ക് കർശന വിലക്കുകൾ വേണം. ഇല്ലെങ്കിൽ അനേകരെ ഈ കപടരൂപിണി വഴിതെറ്റിക്കും. അതിനാൽ കല്പിച്ചു

"നിങ്ങൾ പോയി വിതയത്തിൽ കത്തനാരോട് നമ്മുടെ ശാസന അറിയിക്കു. അവൾ പാലും റൊട്ടിയും ഭക്ഷിച്ചു പോകരുത്. സാധാരണയാവന മാത്രമെ അവൾ ഭക്ഷിക്കാൻ പാടുള്ളൂ."

ശത്രുപക്ഷത്തിനാഹ്ലാദം. വിതയത്തിലച്ചന്റെ മുമ്പിൽ ധാർഷ്ട്യത്തോടവർ തിരുമേനിയുടെ വിലക്ക് അറിയിച്ചു.

ത്രേസ്യയുടെ ദീനക്കിടക്കരികിലെത്തി അദ്ദേഹം വിവരമറിയിച്ചു. അവൾക്കു പേടി തോന്നിയില്ല. വിലക്കു പാലിക്കാൻ മടിയുമില്ല. കാരണം, മരണത്തിന്റെ കരിനിഴൽ പലതവണ കണ്ടിട്ടുണ്ട്.

ഭക്ഷിക്കാനാവാതെ മരിക്കാനാണു മെത്രാനച്ചനിലൂടെയുള്ള ദൈവകല്പനയെങ്കിൽ അതവൾക്കനുഗൃഹീതമാണ്. അങ്ങനെ പാലും റൊട്ടിയും ഉപേക്ഷിച്ചു. ചോറും കഞ്ഞിയും കഴിക്കാൻ വയ്യ. കഞ്ഞിവെള്ളമെങ്കിലും അല്പാല്പം കുടിക്കാൻ പാടുപെട്ടു. നെഞ്ചോളം അതു താഴ്ന്നിറങ്ങുമ്പോഴേക്കും കലശലായ ഓക്കാനം. കഴിക്കാൻ കഞ്ഞിവെള്ളത്തേക്കാൾ എളുപ്പമുള്ളത് എന്താണ്. പച്ചവെള്ളം മാത്രം. പിന്നീട് അതായി ആഹാരം.

ദേഹം ഏറെ വിളർത്തു. നാഡിമിടിപ്പു കുറഞ്ഞു. അസ്ഥികളെല്ലാം എഴുന്നു. ഞരമ്പുപടലം തെളിഞ്ഞു. ദേഹപാർശ്വം തളർന്നതുപോലെ. മിഴികൾ ആഴക്കുഴികളിൽ തളർന്നുകിടന്നു ഇടയ്ക്കിടെ ബോധം മറഞ്ഞു.

അന്നു ഡിസംബർ എട്ടാംതിയ്യതി. കഴിഞ്ഞ വർഷം ഇതേ ദിനത്തിലാണ് അവൾ മറിയത്തിന്റെ ത്രേസ്യ എന്നു വിളിക്കപ്പെട്ടത്. തീരെ അവശതയിലാണെങ്കിലും അവൾക്കാദിവസത്തെപ്പറ്റി ഓർമ്മയുണ്ട്. അന്നു രാത്രിയിൽ അവൾ ആ കാഴ്ചകണ്ടു. തിരുക്കുടുംബം ആശ്വാസവചസ്സുകളുതിർത്ത് പറന്നിറങ്ങുന്നു. ചേർപ്പില്ലാത്ത കുപ്പായം ധരിച്ച ഈശോ നേരെ വന്ന് അവളുടെ അരികിലിരുന്നു. ശോഷിച്ച കൈകൾ



കുത്തി അവൾ എഴുന്നേൽക്കാൻ പിടഞ്ഞു. അവൾക്കതിനുള്ള ശേഷിയില്ലാതെ പായയിലേക്കു മറിഞ്ഞു. ഈശോ അവളെ താങ്ങിയിരുത്തി. അവൾക്കുന്മേഷം തോന്നി. സ്വർഗ്ഗപുത്രന്റെ സാന്നിദ്ധ്യത്തിൽ അവൾ സ്വയം മറന്നുപോയി. ഈശോ, അവളെ നോക്കിചിരിച്ചു. അത്യപൂർവ്വമായി മാത്രം പീഡിതനിൽ വിരിയുന്ന സുന്ദര മന്ദഹാസം. അറുപത്തിനാലു കളങ്ങളുള്ള ചതുരംഗപ്പലകയുമായാണ് രാജപുത്രന്റെ വരവ്. മനോവേദനയുടെ ആഴങ്ങൾ താണ്ടുന്ന തന്റെ പ്രിയാംഗനയുടെ മനസ്സുണർത്തുകയാണ് അവിടുത്തെ ലക്ഷ്യം.

ചതുരംഗപ്പലക അവളുടെ മുമ്പിൽ വച്ചു. ആന, കുതിര, തേര്, കാലാൾപ്പട എന്നീ കരുക്കളും നിരത്തി. പിന്നെ, കളിക്കാനുള്ള സ്നേഹക്ഷണം.

അവൾ ആശ്ചര്യത്തോടെ മെല്ലെ എഴുന്നേറ്റു. കാരണവന്മാർ ഇതു കളിക്കുന്നതുകണ്ടിട്ടുണ്ട്. പക്ഷേ, ഗൗനിച്ചിട്ടില്ല. കളിവിനേദങ്ങളോട് ചെറുപ്പം മുതൽ വെറുപ്പായിരുന്നു. എന്നാലിപ്പോൾ ക്ഷണിക്കുന്നതു പ്രാണപ്രിയൻ. നിരസിക്കാനാവില്ല. അതിനാൽ കരുക്കൾ നീക്കി. മണിക്കൂറുകൾ ദീർഘിച്ച ചതുരംഗക്കളി. ആദ്യ തവണ അവൾ തോറ്റു. അവൾ സന്തോഷിച്ചു. സ്വയം പരാജിതയാകാനും ശൂന്യപ്പെടാനുമാണാഗ്രഹം. വിജയമകുടമണിയേണ്ടത് ഈശോ തന്നെയാണ്. ഈ കളിയിൽ മാത്രമല്ല ജീവിതത്തിലുടനീളവും. അതിനാൽ വീണ്ടും കളിച്ചു. കരുക്കളുടെ നീക്കത്തിൽ വീണ്ടും പിഴച്ചു. ദൈവപുത്രന്റെ മുമ്പിൽ വീണ്ടും വീണ്ടും തോൽക്കാൻ ഉത്സാഹമാണപ്പോഴും. എങ്കിലും കളി തുടരാൻ തോന്നിയില്ല. ഗുരുമുഖം നോക്കിയിരിക്കാനാണവൾക്കിഷ്ടം. അതിൽ നിന്നുരുവാകുന്ന പരമാനന്ദത്തിനുമുമ്പിൽ എല്ലാ വിനോദരസവും തുലോം തുച്ഛം. അതിനാൽ ശേഷനിമിഷങ്ങൾ അവൾക്ക് വിരസങ്ങളായി. എന്നാൽ ഈശോ കരുക്കൾ വീണ്ടും ചതുരക്കളങ്ങളിൽ നിരത്തി ഒരു മൂന്നാം അങ്കത്തിനു മുതിരുകയാണ്. ഇത്തവണ, കരുനീക്കത്തിന്റെ സൂക്ഷ്മാംശങ്ങൾ അവിടുന്നവളെ പഠിപ്പിച്ചു. ആത്മജ്ഞാനനിറവുള്ള ആത്മാവിൽ ഭൗമവിജ്ഞാനത്തികവേകുന്ന പ്രബോധനം. ജയത്തിലേക്കുള്ള ചുവടുവയ്പ്പുകളിപ്പോൾ വ്യക്തം. പറഞ്ഞുകൊടുത്ത പ്രകാരം കരുക്കൾ നീക്കി. ചുവടുകളൊന്നും പിഴച്ചില്ല. വിജയമുനമ്പിലെത്തിയത് ഇത്തവണ ത്രേസ്യ. ഈശോ അവൾക്കൊരു വിജയസമ്മാനമേകി; മതിമയക്കുന്നൊരു മന്ദഹാസം.

www.malankaralibrary.com

www.malankaralibrary.com

# പതിനെട്ട്

മാർച്ച് പത്തൊൻപതാണിന്ന്; ആയിരത്തിത്തൊള്ളായിരിത്തി ആറാം ആണ്ടിന്റെ ഈ ദിനം. അവൾക്കതിപ്രധാനം. തിരുക്കുടുംബക്കാരണവരായ യൗസേപ്പുപിതാവിന്റെ മരണദിവസമാണിന്ന്. സൽമൃത്യുവിന്റെ മദ്ധ്യസ്ഥനാണല്ലോ അവിടുന്ന്. അന്ത്യശ്വാസത്തിലെങ്കിലും ഈ നൽമരണമദ്ധ്യസ്ഥനെ വിളിച്ചപേക്ഷിക്കുവാൻ ഓരോ മരണാസന്നനെയും പ്രേരിപ്പിച്ചവളാണു ത്രേസ്യ. നരച്ചുചുരുണ്ട മുടിയും താടിയുമായി പലപ്പോഴും പ്രത്യക്ഷനാകുന്ന ആ യോഗീന്ദ്രന്റെ മരണദിവസം വളരെ വിലപ്പെട്ടതാണ്. കഠിനോപവാസവും ദേഹപീഡനവും മൂലം തൽദിനത്തെ അവൾസമ്പന്നമാക്കും. എന്നാൽ ഇത്തവണ ദീനക്കിടക്കയിലായിപ്പോയി. ഈ സ്ഥിതിയിലുള്ള ഒരുദണ്ഡനം ഒരു പക്ഷേ, ആത്മഹത്യക്കു വഴിയായെങ്കിലോ! അതിനാൽ മറ്റു ചില പുണ്യകർമ്മങ്ങളിലേക്കു മനം തിരിച്ചു.

ഇന്നിവിടെ വരാൻ മൂന്നുപാവങ്ങളോട് മുൻകൂട്ടി നിർദ്ദേശിച്ചിട്ടുണ്ട്. അവർ ഒരു വൃദ്ധനും തള്ളയും ബാലനും. പട്ടിണിക്കോലങ്ങൾ ! അവർക്കെന്തെങ്കിലും കൊടുക്കണം. ആഹാരവും തുണിയും. എന്നാൽ അതിനവൾക്കാവതില്ല. ആത്മതാതനോടപേക്ഷിച്ചു. സന്തോഷത്തോടെ അദ്ദേഹം അവളെ തുണിയും എണ്ണയും ഏൽപ്പിച്ചു.

ത്രേസ്യ ഉള്ളുനൊന്തു പ്രാർത്ഥിച്ചു. പെട്ടെന്ന് അതിനുത്തരവുമുണ്ടായി.

"ഞങ്ങൾ മൂവരും നിന്റെ വീട്ടിലേക്കു വരികയാണ്. നീ വേഗം ചെന്ന് ഞങ്ങൾക്കായി തീൻമേശ ഒരുക്കണം.

ആ ദിവ്യസ്വരം ആരുടേതെന്നവൾ തിരിച്ചറിഞ്ഞു. അവൾ പരിഭ്രമിച്ചു. പെട്ടെന്നെങ്ങനെ ഭക്ഷണമൊരുക്കും! അവ വിളമ്പാൻ നല്ല പാത്രങ്ങളുണ്ടോ! നിരത്തിവയ്ക്കാൻ നല്ലൊരു മേശയുണ്ടോ?

ഇക്കഴിഞ്ഞ ഡിസംബർ ഇരുപത്തിയഞ്ചിന് ഈശോ വന്ന് ത്രേസ്യയുടെ മുറിയിൽ മേശ ഒരുക്കിയില്ലേ? പള്ളിയിൽ പോകാനാവാതെ ദീനക്കിടക്കയിലായിരുന്നു അന്ന്. ദേഹപീഡകളെക്കാൾ ദിവ്യബലി കാണാനാവാത്തതിലുള്ള ആത്മവേദനയായിരുന്നു, ഏറെ. അമ്പഴക്കാട്ടുള്ള ആശ്രമത്തിൽ മൂന്നുദിവസം തുടർച്ചയായി നടന്നുപോയതാണു ദീനം കൂടാൻ കാരണം. അവിടെ വർഷങ്ങളായി ക്രിസ്തുമസ്സ് കാലത്ത് നല്പതുമണി ആരാധനയുണ്ട്. ഇതുവരെ അതിൽ പങ്കെടുക്കാനായില്ല. വയ്യെങ്കിലും ഇക്കുറി പോകണമെന്നാശിച്ചു. ഒന്നരമണിക്കൂർ നടത്തമുണ്ടവിടേക്ക്. അങ്ങനെ മൂന്നുദിവസങ്ങളിലും പോയി. രാത്രി വിശ്രമത്തിന് പന്തലുണ്ടായിരുന്നു ആശ്രമമുറ്റത്ത്. മെടഞ്ഞ ഒരു കീറ് ഓല പുൽപുറത്തിട്ട് അതിൽ കിടക്കാമായിരുന്നു. എന്നാൽ സ്വന്തം കൊച്ചുമുറിയിൽ ചേക്കേറുവാനാണ് ഇഷ്ടം. രാത്രിയിൽ ആരുമറിയാതെ പരിഹാരക്രിയകളിൽ മുഴുകാമല്ലോ. അങ്ങനെ നടന്നു തളർന്നു രോഗമിളകി. കർത്താവിന്റെ ജന്മനാളിൽ പാതിരാക്കുർബ്ബാനയ്ക്കു പള്ളിയിൽ പോകാനാകാതെ കിടപ്പിലായി.



എന്നാൽ അവളുടെ മനോനില അറിയുന്നവനാണ് ഈശോ. പാതിരാവിൽ അവിടുന്നവളുടെ മുറിയിലെത്തി. ആത്മീയഭക്ഷണം നൽകി; നല്ല മാംസമായ തിരുക്കുർബ്ബാന. പിന്നെ ഉദരഭോജനം. പൊരിച്ച ഇറച്ചിയും പഴങ്ങളും. സ്വാദേറുന്ന നിരവധി ഭോജ്യങ്ങളാൽ മേശ നിറഞ്ഞുകൊണ്ടിരുന്നു. പക്ഷേ, ഭക്ഷണകാര്യത്തിൽ അന്നുമെത്രാച്ചന്റെ വിലക്കുണ്ടായിരുന്നു. അതിനാൽ കർത്ത്യമുമ്പിൽ തൊഴുതപേക്ഷിച്ചു.

"പൊന്നുനാഥാ, അവിടുന്നെനിക്കുവേണ്ടി ഒരുക്കിവച്ച ഈ യാവനകളെ ഭക്ഷിക്കാൻ എനിക്കനുവാദമില്ലല്ലോ. മെത്രാച്ചന്റെ വിലക്കുണ്ട്. ഞാനുടനെ ആളയച്ചു അച്ചനോട് അനുവാദം ചോദിച്ചോട്ടെ?

ഈശോയുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരിപൂത്തു. സ്വർഗ്ഗാധികാരിയായ താൻ ഭൂമിയിൽ നിയോഗിച്ച പ്രതിനിധികളായ പുരോഹിതരെ അത്യധികം ആദരിക്കുന്ന ത്രേസ്യയോട് ഏറെ പ്രീതി തോന്നി.

ത്രേസ്യ പെൻസിലെടുത്ത് കഴിയുന്നത്രവേഗം എഴുതി. കടലാസ് ആങ്ങളയെ ഏൽപ്പിച്ചു. അയാൾ അതനുസരിച്ചു. അച്ചന്റെ മറുപടിയുമായി വേഗം തിരിച്ചെത്തി. അവൾ അതു നിവർത്തി ഉദ്വേഗത്തോടെ വായിച്ചു.

"ഇന്നത്തെ ദിവസം ഒരു വിശേഷ ദിവസമാണ്. ഇന്നു മനുഷ്യർ അസാധാരണ യാവന കഴിക്കുക പതിവാണ്. അതുകൊണ്ടു കർത്താവ് ആസ്തമാക്കിയിരിക്കുന്ന യാവനകളെ ഭക്ഷിക്കാം. അതിൽകുറച്ച് എനിക്കുവേണ്ടിയും ചോദിച്ചു മേടിക്കണം."

അതുവായിച്ച് അവൾ ആശ്വസിക്കുന്നതുകണ്ട് ഈശോ ആരാഞ്ഞു.

"എന്താ? നിനക്കീമേശയിലുള്ളതെല്ലാം തിന്നാമോ?"

www.malankaralibrary.com

www.malankaralibrary.com



അവിടുന്നു തിരുമനസ്സായാൽ എനിക്കതിനു കഴിയും നാഥാ.

ഓരോ ഭോജ്യവും ഈശോ അവൾക്കെടുത്തുകൊടുത്തുകൊണ്ടിരുന്നു. അവൾ അതാസ്വദിച്ചു കഴിഞ്ഞ് കുറെ എടുത്ത് ആത്മീയ പിതാവിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തു.

ഭക്ഷണനേരത്ത് ഈശോയുടെ ജ്ഞാനഭക്ഷണം അവളിൽ വീണു തുളുമ്പി. അതവളെ പാരവശ്യത്തിലേക്കാനയിച്ചു.

ഈശോ മാഞ്ഞുപോവുകയും ചെയ്തു.

ഇത്ര ഗംഭീരമായി സൽക്കരിച്ചവനാണു തിരുക്കുടുംബത്തിന്റെ ഇതരാംഗങ്ങളുമായി ഇന്നീമുറിയിലേക്ക് വരാൻ തീരുമാനിച്ചിരിക്കുന്നത്! ഓർക്കാപ്പുറത്തുള്ള ഈ ഉത്തരവിൽ അവൾ എങ്ങനെ ഭ്രമചിത്തയാകാതിരിക്കും!

"സാരമില്ല തത്ക്കാലം ഒക്കുന്നതുകൊണ്ട് നീ മേശ ഒരുക്ക്"

പിന്നമാന്തിച്ചില്ല. ഓടിച്ചെന്ന് നാത്തൂനോടപേക്ഷിച്ചു. കുറച്ചു കാപ്പിപ്പൊടിയും ചക്കരയും കിട്ടി. ഭരണിയിലിരുന്ന മാവുണ്ടയും അവലോസുപൊടിയും പിഞ്ഞാണത്തിലാക്കി. വെള്ളം തീയടുപ്പിൽ വച്ചു. ഇത്തിരി അരിമാവ് അപ്പക്കല്ലിലൊഴിച്ചുപരത്തി. പായയിൽ നിന്നും ചരലും കുപ്പിച്ചില്ലും തൂത്തുക്കൂട്ടി. പായചുരുട്ടി മൂലയിൽ കുത്തിച്ചാരി. ഞെരിഞ്ഞിൽത്തലയിണയും മാറ്റിവച്ചു. വീട്ടുകാരെ വാർത്തയറിച്ചു. അകത്തളത്തിൽ പൊളിഞ്ഞു തുടങ്ങിയ മേശയുണ്ട്. അതിന്റെ ഒരു വശത്തു ത്രേസ്യ പിടിച്ചു. മറുവശത്ത് സഹായിയായി അപ്പനും. ഇപ്പോൾ അപ്പനും ആങ്ങളയും അവൾക്കുനേരെ കയർക്കാറില്ല. ലോകത്തിനു മൃതതുല്യയായ അവളെ അവർ തീർത്തും ഉപേക്ഷിച്ചമട്ടാണ്. അവരുടെ കണ്ണിൽ അവളൊരു മുഴുഭ്രാന്തി; ഒരിക്കലും ശരിപ്പെടാത്തവൾ. പിന്നെന്തിനു ശണ്ഠപ്പെടണം. എന്തായാലും രക്തബന്ധിയായിപ്പോയില്ലേ? അടിച്ചിറക്കാനൊക്കുമോ? അതുകൊണ്ടവൾ പറയുന്നതൊക്കെ കഴിവുള്ളിടത്തോളം സാധിച്ചു നൽകുക.

ഇരുവരും മേശപൊക്കി മുറിയിൽ വെച്ചു. തടിപ്പെട്ടി തുറന്ന് വെളുത്തകട്ടിപ്പുതപ്പ് പുറത്തെടുത്തു. കൊടുംതണുപ്പകറ്റാൻ രോഗിണിയായ അവൾക്ക് ആത്മതാതൻ സമ്മാനിച്ചതാണ്ത്. മേശപ്പുറത്ത് വിരിച്ച് കാപ്പിയും പലഹാരങ്ങളും എടുത്തുവച്ചു. എന്നിട്ടവൾ ചെറുമുറിയുടെ കതകടച്ചു. കർത്താവു വരട്ടെ. അപ്പോൾ തുറക്കാം. സ്വയം പറഞ്ഞു.



ഉടൻ ഒരു ശബ്ദം.

"തമ്പാട്ടീ...... അടൃങ്ങളെത്തിയേ."

വയസ്സനും വയസ്സിയും ബാലനും. കിണറ്റരികിലേക്കു ചൂണ്ടി ത്രേസ്യ പറഞ്ഞു.

"അതാ വെള്ളം അവിടെ കോരിവച്ചിട്ടുണ്ട്. നിങ്ങൾ പോയി കുളിച്ചിട്ടു വരൂ."

ത്രേസ്യ അവരുടെ കൈവെള്ളയിൽ എണ്ണ ഒഴിച്ചു. അവരതു തലയിൽ പൊത്തി. വേഗം കുളിച്ചുതോർത്തി തിണ്ണയിൽ വന്നു

അകത്തെ മുറിയിൽ അവരെ ഇരുത്തി അപ്പവും കറിയും കൊടുത്തു. പാവങ്ങൾ കൊതിയോടെ തിന്നു. വെള്ളമുണ്ടും വാങ്ങി അവർ താണുതൊഴുതു മടങ്ങി. അപ്പോൾ അവളിൽ ഒരു വേദവാക്യത്തിന്റെ അനുരണനമുയർന്നു.

ഈ ചെറിയവരിലൊരുവനു നിങ്ങൾ എന്തുചെയ്തപ്പോഴും അതെനിക്കാണു ചെയ്തത്. ഈശോയുടെ തിരുമൊഴിയാണിത്. ഇങ്ങനെ പാവങ്ങൾക്കായി സ്വജീവിതം എരിഞ്ഞു തീരണമെന്നാണവളുടെ ആഗ്രഹം.

അവൾ കതകു തുറന്നു വീണ്ടും സ്വമുറിയിലേക്കു കടന്നു. അതിൽ നിറഞ്ഞിരുന്ന ദിവ്യപ്രകാശത്തിൽ അവൾ കുളിച്ചു നിന്നു. അക്കാഴ്ച അവളെ കോൾമയിരണിയിച്ചു. നെഞ്ചിൽ ആനന്ദ വീചികൾ പതഞ്ഞലയടിച്ചുയരുകയാണ്. ഒരു ശിശുവിനെപ്പോലെ മതിമറന്നവൾ തുള്ളിച്ചാടി. തിരുക്കുടുംബാംഗങ്ങൾ മേശയ്ക്കു ചുറ്റും ഇരുന്നു കഴിഞ്ഞു. അപ്പനും അമ്മയും ബാലനും കുറച്ചുമുമ്പ് പടിയിറങ്ങിപ്പോയവരുടെ മറ്റൊരു പതിപ്പ് ഒരുക്കിവച്ച പഴവും പലഹാരങ്ങളും ബാലനായ ഈശോയുടെ കൈകളിൽ എടുത്തുകൊടുക്കുകയാണ് അപ്പനമ്മമാർ. പലഹാരം നീട്ടി ഈശോ അവളെയും തീൻമേശയിലേക്കു ക്ഷണിച്ചു. അതനുസരിക്കുമ്പോൾ സ്വർഗ്ഗീയാനന്ദത്തേൻ കടലിൽ അവൾ നീന്തിത്തുടിക്കുകയായിരുന്നു.

മേശമേൽ ഓട്ടുമൊന്തയിൽ നിറയെ ചെറുചൂടുള്ള പാലുണ്ട്. എന്നാൽ അതു പകർന്നെടുക്കാൻ കയിലില്ല. അവൾ ചുറ്റു പരതി. അപ്പോഴേക്കും ഉണ്ണിയീശോ നാൽക്കാലിയിൽ നിന്നും ചാടിയിറങ്ങി അടുക്കളയിലേക്കൊരു പാച്ചിൽ. ഞൊടിയിടയിൽ കയിലുമായി മടങ്ങിയെത്തി ചെറുവയർ നിറയുംവരെ പാൽ കോരിക്കുടിച്ചു.

www.malankaralibrary.com

www.malankaralibrary.com



അവൾ അതു കണ്ടാസ്വദിച്ചിരുന്നു. വലിയൊരു റൊട്ടിയിലായി ബാല നീശോയുടെ അടുത്ത ശ്രദ്ധ. അതു മുറിച്ചു. നേർപകുതി അവളുടെ നേരെ നീട്ടി. അവൾ വിതുമ്പിപ്പറഞ്ഞു.

"എന്റീശോയെ, റൊട്ടി കഴിച്ചുപോകരുതെന്ന് മെത്രനച്ചന്റെ ആജ്ഞ യൊണ്ട്."

"എങ്കിൽ ഈ പലഹാരം നിന്റെ ആത്മപിതാവിനും നിന്റെ മൂന്നു കൂട്ടുകാരികൾക്കും കൊടുക്കണം.തൽക്ഷണം പ്രത്യക്ഷാരൂപികൾ അദൃ ശ്യരായി.

പിന്നീടുള്ള ദിനങ്ങൾ ദുസ്സഹപീഡകളുടേതായിരുന്നു. ഇന്നോളം രുചിട്ടിട്ടില്ലാത്ത കൊടുംയാതനകളുടെ കാസാപാനം. പ്രത്യേകിച്ചും വെള്ളിയാഴ്ചയിലാണ് അതിന്റെ മൂർദ്ധന്യം - ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ. ഈശോയുടെ മരണ മുഹൂർത്തമാണത്. ദുഃഖവള്ളിയിലെ മൂന്നു മണിനേരം രണ്ടായിരമാണ്ടുകൾക്കിപ്പുറവും മറിയം ത്രേസ്യയി ലൂടെ പുനരവതരിക്കുകയാണ്. അപ്പോൾ നെഞ്ചു കീറുന്ന വേദന. ഞരമ്പു പടലം വലിഞ്ഞു മുറുകും. ദേഹം മരവിക്കും. പിന്നീടാരോ കിടക്കയിൽ നിന്നും വലിച്ചറിയുന്നതുപോലെ. ചെന്നു തറയ്ക്കുന്നത് മൺചുമരിൽ.

അമ്പതുനോമ്പിന്റെ അഞ്ചാം വെള്ളിയിലാണ് ഇതാദ്യം അനുഭവി ച്ചത്. അതായത് ആയിരത്തിത്തൊള്ളായിരത്തി ആറ് മാർച്ച് മുപ്പതിന്. ഈശോയുടെ മരണവും ഉയിർപ്പും ഓർത്തു മനം തപിക്കുന്ന അമ്പ തുനോമ്പ്. ഈ ദിനങ്ങളിൽ വെറും പച്ചിലച്ചാറായിരുന്നു മുഖ്യാഹാ രം.

കരങ്ങൾ ഇരുവശത്തേയ്ക്കും വലിച്ചു നീട്ടിയ വിധത്തിലാണ് ചുമ രിൽ പതിച്ചുനിൽക്കുക. ക്രൂശിതനായ ഈശോയുടെ കൈകൾപോ ലെ. പക്ഷേ, അവൾക്കപ്പോൾ തെല്ലും ബോധമില്ല. എന്നിട്ടും നിലതെ റ്റാത്തതത്ഭുതം! കാൽപ്പാദങ്ങൾ നിലത്തു തൊടുന്നുമില്ല! തറയിൽ നിന്നും ഒരടി ഉയരത്തിലാണവൾ. ഇതാണു കൂട്ടുകാരികളെയും വീട്ടു കരെയും ചകിതാരക്കിയത്. കഴുത്തു തളർന്നു പിരിഞ്ഞ് വലതുവശ ത്തേക്കു ചാഞ്ഞുകിടക്കുന്നു. വെളുത്ത ശിരോവസ്ത്രം തലയിൽ നിന്നി ളകാറായി താഴേക്ക് കിടക്കുന്നു. തുറന്ന ജനൽപ്പാളികളിലൂടെ വന്ന വയൽക്കാറ്റിൽ അതു കൊടിക്കൂറപോലെ ഇളകിപ്പറക്കുന്നു.

കണ്ടു നിൽക്കാനാവാതെ പലരും കരഞ്ഞ് പള്ളിയിലേക്കോടി. വിത യത്തിലച്ചനെ കൂട്ടി വേഗം മടങ്ങി. അച്ചൻ അവളെ കുലുക്കി വിളിച്ചു



അനക്കമില്ല. മിഴികൾ അടഞ്ഞുതന്നെയിരുന്നു. ബോധം മറഞ്ഞും. ചുമ രിൽ പതിക്കപ്പെട്ട കൈകൾ പറിച്ചെടുക്കാൻ ശക്തിയോടെ ശ്രമിച്ചു. പക്ഷേ, വിഫലം. പിന്നെ, അവളുടെ ചെവികളിൽ അദ്ദേഹം പ്രാർത്ഥ നപോലെ മൊഴിഞ്ഞു. അതവളുടെ അബോധങ്ങളെ പ്രകമ്പിതമാക്കി യിരിക്കാം. അതുകൊണ്ടല്ലേ അപ്പോൾ മാത്രം അവളുടെ ചുണ്ടുകൾ ഇളകിത്തുടങ്ങിയത്!

ഭാവതീവ്രതയോടെ അതേ കിടപ്പിൽ അവൾ പറഞ്ഞു.

പിതാവേ, ഇതാ തൊട്ടുമുമ്പിൽ കർത്താവും മാലാഖയും വന്നു നിൽക്കുന്നു. മാലാഖയുടെ കയ്യിൽ എന്താണെന്നു കണ്ടോ? കൂർത്ത മുനയുള്ള കുറേ വലിയ ഇരുമ്പാണികൾ. അവരെന്താണു ചെയ്യുന്ന തെന്നു കാണാമോ? എന്റെ കൈകളിലും കാലുകളിലും ആണികൾ അടിച്ചു തറയ്ക്കുകയാണ്. എന്റെ ഈ വേദന ഞാനെങ്ങനെ പറഞ്ഞ റിയിക്കും പിതാവേ!..

അടഞ്ഞ കൺപോളകൾക്കിടയിലൂടെ കണ്ണീർ വീഴുന്നുണ്ടായിരു ന്നു. ദേഹം പുളയുന്നുണ്ടായിരുന്നു. കടിച്ചിറക്കുന്ന വേദനയോടെ വീണ്ടും പറയാൻ ശ്രമിച്ചു.

എന്റെ ഞരമ്പുകളെല്ലാം ആരോ വലിച്ചു മുറുക്കുന്നു. എന്റെ ചങ്ക് വലിച്ചു കീറുന്നു. കർത്താവിന്റെ സാന്നിദ്ധ്യത്തിലാണ് മാലാഖ ഈ പങ്കപ്പാട് എന്നോട് ചെയ്തത്. ഭയങ്കരവേദനമൂലം കർത്താവിന്റെ തിരു മുഖം നോക്കാൻ എനിക്കാവതില്ലല്ലോ എന്നാണു പിതാവേ എന്റെ അതിവേദന.

www.malankaralibrary.com

www.malankaralibrary.com

# പത്തൊൻപത്

ആധിയും വ്യാധിയും പെരുകുകയാണ്. നിരന്തരം അലറിവരുന്ന തിരമാലകൾ പോലെ ജീവിതത്തെ അവ പ്രക്ഷുബ്ധമാക്കുന്നു. അതിൽ നിന്നോടിമാറാൻ അവൾക്കാവില്ല. കാരണം, എപ്പോഴും കൺമുമ്പിൽ പീഡിതനായ ഈശോയാണ്. ഭാരിച്ച കുരിശെടുത്ത ഇടവഴികളിലൂടെ ഇടറിവരികയാണവിടുന്ന്. വഴി വക്കിൽ നിന്ന് ആക്ഷേപിക്കുന്നവരുണ്ട്. കൂവിയാർക്കുന്നവരുണ്ട്. നെഞ്ചുപൊട്ടിക്കരയുന്നതു ത്രേസ്യ മാത്രം.

അവൾ ചോദിച്ചു.

"കർത്താവേ, അങ്ങയുടെ പീഡകൾക്കു കാരണം എന്റെ പാപങ്ങളല്ലേ?"

അല്ല ത്രേസ്യാ, ലോകത്തിന്റെ പാപങ്ങളാണു കാരണം

"കർത്താവേ, അങ്ങുചുമക്കുന്ന ഈ കുരിശ് എന്റെ ചുമലിലേറ്റിത്തരൂ. ഇനി ഞാൻ ചുമന്നുകൊള്ളാം.

"ഞാൻ തരുന്ന കുരിശ് ആവലാതി കൂടാതെ ചുമക്കാൻ നിനക്കാവുമോ?"

ലേശവും ശങ്കയില്ലാതവൾ ദൃഢമായി മറുമൊഴി നൽകി.

"ഞാൻ ചുമന്നുകൊള്ളാം.

തീരാവേദന തുളുമ്പിനിൽക്കുന്ന തിരുഹൃദയം ഈശോയിൽ നിന്നും കടംകൊണ്ടവളാണു ത്രേസ്യ. അന്നുമുതൽ ഈശോയുടെ ഉൽക്കടദാഹം അവളിലും ആളുകളായിരുന്നു.

അവൾ പരവശയാകുകയായിരുന്നു. ഈശോയുടെ ശേഷിക്കുന്ന വ്യാകുലഭാരവും പേറാൻ അവൾ വീണ്ടും കൊതിക്കുകയാണ്.

അവളുടെ മറുപടിയിൽ ഈശോ അതിശയിച്ചില്ല. അതിനുള്ള ആത്മബലം അവൾക്കുണ്ടെന്നവിടുന്നു അറിയുന്നു. അതിനാൽ അനുഗ്രഹ കടാക്ഷത്തോടെ മൊഴിഞ്ഞു.

"എങ്കിൽ നീ ഈ കുരിശുചുമന്ന് എന്റെ ഭാരം കുറച്ചുതരൂ"



ഉടൻ അവളുടെ ചങ്ക് പിളർന്നു കീറുന്ന അനുഭവം. നിലവിളിക്കാതിരിക്കാൻ കഴിഞ്ഞില്ല. കുരിശിന്റെ കനത്ത ഭാരം ചുമലിലമർന്നു. അവൾ വളഞ്ഞുതാണു. ഇഴഞ്ഞു നീങ്ങി.

എന്നിട്ടും കുരിശുപേക്ഷിക്കാൻ മുതിരാതെ അവൾ ആവർത്തിച്ചു.

"ഞാനങ്ങയുടെ കുരിശുചുമന്നുകൊള്ളാം. എനിക്കങ്ങയുടെ കൃപ മാത്രം മതി"

തീരാവേദനയുടെ ക്രൂരവ്യാഘ്രങ്ങൾ അവളുടെ ഉയിരിൽ കടിച്ചുതൂങ്ങിക്കിടക്കുന്നു. അവ എപ്പോഴും മാംസത്തുണ്ടുകൾ കടിച്ചു കുടയുന്നു.

എങ്കിലും അന്നവൾ പള്ളിയിൽപ്പോയി. എങ്ങനെ പോകാതരിക്കും! യരുശലേം നഗരിയിൽ രണ്ടായിരമാണ്ടുകൾക്കു മുമ്പ് ആരാധ്യനായ സർവ്വശക്തന് ജനലക്ഷങ്ങൾ ഓശാന പാടിയതിന്റെ അനുസ്മരണ ദിനമാണന്ന്. വേദനയോടെ അവൾ പള്ളിയിലിരുന്നു. ആണ്ടുകുമ്പസാരത്തിനു വരുന്നവരെ അരികിലണച്ച് അവൾ ആത്മോപദേശം നൽകി.

തുടർന്നുള്ള ദിവസങ്ങളോരോന്നും അവൾക്കേറ്റം മഹത്തരം. പെസഹാവ്യാഴവും ദുഃഖവെള്ളിയും ഉയിർപ്പുഞായറും. ലോകജനതയ്ക്ക് ഒരിക്കലും വിശക്കാത്ത രക്ഷണ്യഭക്ഷണമായി, സ്വശരീരത്തെ ഈശോ കാഴ്ചവച്ചതാണു പെസഹാ. രണ്ടുസഹസ്രാബ്ദങ്ങൾക്കു മുമ്പ് ഈശോ സെഹിയോൻ മാളികയിൽ അനുഷ്ഠിച്ച ഈ പെസഹായാണു കുർബ്ബാന. ഈ പെസഹാ കഴിക്കുവാൻ ആത്മശുദ്ധി വേണം. അതിന്റെ പ്രതീകമായി ഈശോ പന്ത്രണ്ടു ശിഷ്യരുടെയും പങ്കിലപാദങ്ങൾ കഴുകിത്തുടച്ചു. അതിന്റെ അനുസ്മരണകർമ്മം ഇത്തവണയും പുത്തൻചിറപ്പള്ളിയിലുണ്ട്. പന്ത്രണ്ടു ബാലകരെ അതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അരയിലൊരു വെൺകച്ചചുറ്റി ഒരു താലത്തിൽ ജലവുമായി അവരുടെ പാദാന്തികത്തിൽ വിതയത്തിലച്ചൻ മുട്ടുകുത്തും. അവരുടെ കാലുകളിൽ തലതാഴ്ത്തി നിറുത്തും. പിന്നെ കഴുകിത്തുടയ്ക്കും.

ഈ കുട്ടികൾക്ക് അത്താഴം അന്നു പള്ളിയിലാണ്. ഇവർക്കു ഭക്ഷണമൊരുക്കാൻ ആരോടാവശ്യപ്പെടും? അച്ചൻ ആലോചിച്ചു. പണമുള്ളോർ ധാരാളമുള്ള ഇടവകയാണ്. എന്നാൽ ഈ സൽക്കർമ്മത്തിനായി അദ്ദേഹം നിയുക്തനാക്കിയത് ത്രേസ്യയെ.

അവൾ ദേഹപീഡകൾ മറന്നു. രാപകൽ പാടുപെട്ട് കുട്ടികൾക്കാ

www.malankaralibrary.com

www.malankaralibrary.com



ഹാരമൊരുക്കി സതീർത്ഥ്യരുടെ സഹായത്താൽ പള്ളിയിലെത്തിച്ചു.

അന്നുരാത്രി ഒൻപതുവരെ അവൾ പള്ളിയിലിരുന്നു. തുടർന്നിരിക്കാനാവാത്തത്ര വിഷമാവസ്ഥ. വേഗം വീട്ടിലേക്കു മടങ്ങി. കിടക്കയിലമർന്നു. സന്ധിബന്ധങ്ങളിൽ ആണിത്തറച്ചാലുള്ളത്ര വേദന. ഉറങ്ങാൻ വയ്യ. വെളുക്കുവോളം പുളഞ്ഞു. പീഡാസഹനം സാദ്ധ്യമായത്. തന്റെ ബോധത്തിൽ ഒരു മാലാഖ കുഴിച്ചുനാട്ടിയ വലിയ മരക്കുരിശു ഉറ്റുനോക്കിയാണ്. അതിൽ സർവ്വാംഗം മുറിഞ്ഞു ചതഞ്ഞ അരുമനാഥന്റെ തിരുശരീരം. ഇളകി മറിയുന്ന മിഴികൾ ക്രൂശിതനിൽ തൊടുത്തു നിർത്താൻ കഷ്ടപ്പെടുകയായിരുന്നു ത്രേസ്യ.

ഇടവിട്ടുള്ള മണിമുഴക്കം പള്ളിയിൽ നിന്നതിരാവിലെ കേട്ടു; മരണമണിമുഴക്കം. ദുഃഖവെള്ളിയിലെ ആ ദീനമണിനാദം പ്രാണനാഥന്റെ മരണ വിളംബരമാണെന്നറിഞ്ഞ് അവൾപിടഞ്ഞു. അതിവേദന മറന്നു. എഴുന്നേറ്റിരുന്നു. തുള്ളിവെള്ളം പോലുമിറക്കാതെ പള്ളിയിലേക്കിഴഞ്ഞു. എന്നാൽ സർവ്വകർമ്മങ്ങളും തീരുംമുമ്പേ മടങ്ങേണ്ടി വന്നു. വേദന അത്രത്തോളം ഉടലാകെ പടർന്നിരുന്നു. നെഞ്ചിലാണു തീരാവേദന. കൈകൾ രണ്ടും നെഞ്ചിലമർത്തി കിടന്നുരുണ്ടു. ശ്വാസം മുട്ടുകയാണ്. മൂക്ക് ആരോ പൊത്തിയോ! ശ്വാസകോശത്തിൽ ആരോ പിടിമുറിക്കിയോ! വിമ്മിട്ടത്തോടെ എഴുന്നേൽക്കാൻ ശ്രമിച്ചു. ശ്വാസം കിട്ടാതെ കണ്ണുതുറിച്ചു. കൂട്ടുകാരികൾ ഭയന്നു പള്ളിയിലേക്കോടി. വീട്ടുകാരും നാലുപാടും പാഞ്ഞു.

ദുഃഖവെള്ളിയിലെ ദീർഘകർമ്മങ്ങൾ കഴിഞ്ഞ് ധ്യാനിച്ചിരുന്ന വിതയത്തിലച്ചന്റെ മുമ്പിൽ അവർ വിവരമറിയിച്ചു. അദ്ദേഹം മങ്കിടിയാൻ വീട്ടിൽ ഓടിയെത്തുമ്പോൾ അവളിൽ ജീവന്റെ അവസാനത്തുടിപ്പു മാത്രം. നടുങ്ങിപ്പോയ അച്ചൻ തിടുക്കത്തിൽ ചോദിച്ചു.

"തൈലാഭിഷേകം തരട്ടെ ത്രേസ്യാ?"

മരണത്തോടെ ആത്മാവിന്നു മോക്ഷം നൽകുന്ന ഈ ശുശ്രൂഷ അനിവാര്യമായിരിക്കുന്ന അവസ്ഥ!

അവൾക്കു പ്രത്യുത്തരിക്കാൻ വയ്യ. പകരം തലയാട്ടി ആശ അറിയിച്ചു. മരണത്തെ അവൾ അടുത്തുകാണുകയാണ്. ചുറ്റും നിന്നവരുടെ അലമുറ. അവളുടെ മരണത്തിനു സാക്ഷികളാകാൻ മുറ്റത്തുനിന്നവരും മുറിയിലേക്കു തള്ളിക്കയറി. പുസ്തകം തുറന്ന് ഇടറിയ സ്വരത്തിൽ അച്ചൻ പ്രാർത്ഥന ചൊല്ലിത്തുടങ്ങി. കണ്ണീർമറ കാഴ്ച തടസ്സമാക്കിയപ്പോൾ കണ്ണുതുടച്ച് പ്രാർത്ഥന തുടർന്നു.



ത്രേസ്യ അപ്പോൾ ആ കാഴ്ച കണ്ടു. തീക്കട്ടപോലെ ചുവന്നുജ്ജ്വലിച്ച മൂർച്ചമുനയുള്ള നീളൻകുന്തം തന്റെ ചങ്കിനുനേരെ ഓങ്ങി ഒരു മാലാഖ ചീറി വരുന്നു. ചങ്കിൽത്തന്നെ അതു ആഞ്ഞുതറഞ്ഞു. മരണവെപ്രാളത്തോടെ അവൾ ഞരങ്ങിപ്പുളഞ്ഞു. "എന്റീശോയെ...." എന്ന രോദനം മാത്രം ഒരു ഞരക്കമായി ഉയർന്നുകൊണ്ടിരുന്നു.

ഉച്ചകഴിഞ്ഞ് മൂന്നുമണിനേരമാണപ്പോൾ പിന്നവൾക്കൊന്നും ഓർമ്മയില്ല. ശരീരം ശവതുല്യമായി. ശ്വാസത്തുടിപ്പുപോലും നിലച്ചു. പ്രാർത്ഥന തീർത്ത് അച്ചൻ അവളുടെ കിടക്കയിലിരുന്നു. അദ്ദേഹത്തിന് ഇനി ഒന്നേ ചെയ്യാനുള്ളൂ. ആത്മമോക്ഷത്തിനുവേണ്ടവ അന്ത്യശ്വാസത്തോളം മൊഴിയുക.

പെട്ടെന്നവളുടെ ദേഹമിളകി. വളരെ സാവകാശം പറഞ്ഞു. "പിതാവേ, എനിക്കിപ്പോൾ കുമ്പസാരിക്കണം. ഞാൻ താമസിയാതെ മരിച്ചുപോകും. ദൈവം തിരുമനസ്സാകുന്നെങ്കിൽ ഇതിലും ശക്തിയായിട്ടുള്ള വേദനകൾ തന്നുകൊള്ളട്ടെ. ഞാനതെല്ലാം ദൈവത്തിൽ ശരണപ്പെട്ട് സഹിച്ചുകൊള്ളാം. എങ്കിലും പിതാവേ, എനിക്കു സഹിക്കാൻ വയ്യാത്തത്, ഈ നേരത്തു പിശാചുക്കൾ പറയുന്ന ആക്ഷേപങ്ങളും ദൈവദൂഷണങ്ങളുമാണ്."

എന്നാൽ ഭയപ്പെട്ടതുപോലൊന്നും സംഭവിച്ചില്ല. ക്രമേണ ശ്വാസം ക്രമീകൃതമായി.

ഈ മുപ്പതാം വയസ്സിൽ അവളെ തിരിച്ചുവിളിക്കാൻ ദൈവം ആശിച്ചില്ല. നിറവേറ്റപ്പെടേണ്ട നിരവധി ദൗത്യങ്ങൾ അവളിലുണ്ട്. അതുവരെ വേദനകളുടെ ഞെരിഞ്ഞിൽപ്പൊന്തകളിലൂടെ ഇങ്ങനെ വലിച്ചിഴക്കപ്പെടണം.

പീഡാരഹിതമായ ഒരു നിമിഷം പോലും ഓർക്കാനില്ല. ശൈശവബാല്യകൗമാരം മാത്രമല്ല. ഈ യൗവനവും സഹന വക്ത്രത്തിൽതന്നെയായിരുന്നു. ബാല്യംമുതലുള്ള പീഡകളിൽ ഒന്ന് ഇപ്പോൾ ഇരട്ടിച്ചിരിക്കുന്നു; ഉദരവ്യാധി. അതിന്റെ പഴക്കം അവൾക്കറിയാം. പന്ത്രണ്ടാണ്ടുകളായിരിക്കുന്നു. മഹോദരരോഗമെന്നു വൈദ്യശാസ്ത്രം വിളിക്കും. ഇതിപ്പോൾ രൂക്ഷമാകാൻ ഒരു കാരണമുണ്ടായി.

ഈയിടെ എറണാകുളത്തുള്ള വാപ്പിലശ്ശേരിവരെ പോകേണ്ടി വന്നു. വിതയത്തിലച്ചന്റെ ഇളയപെങ്ങളായ മറിയയെ കാണാനാണു പോയത്. അവൾക്കു വയറിൽ നീരും കടുത്ത പനിയും. വൈദ്യന്മാരെല്ലാം കയ്യൊഴിഞ്ഞു. പ്രാർത്ഥന മാത്രമാണ്, തന്നിൽനിന്നും വിതയത്തില

www.malankaralibrary.com

www.malankaralibrary.com



ച്ചൻ ആവശ്യപ്പെട്ടത്. എന്നാൽ രോഗിണിയുടെ ചാരത്തിരുന്ന് ശുശ്രൂഷിക്കാനാണ് ത്രേസ്യപുറപ്പെട്ടത്. ഈ നിയോഗത്തിനായി പ്രാർത്ഥിക്കാൻ അമ്പഴക്കാട്ടു മഠത്തിലെ കന്യാസ്ത്രീകളോടും അപേക്ഷിച്ചിട്ടാണവൾ ഇവിടേക്കു പുറപ്പെട്ടത്. ഇരുപത്താറു വർഷം മുമ്പ് അകാലത്തിൽ മരിച്ച മൂത്തപെങ്ങൾ, അച്ചാരുണ്ണിയുടെ ഗതി ഇളയപെങ്ങൾക്കും വരാതിരിക്കാൻ വിതയത്തിലച്ചൻ അതിയായി ആഗ്രഹിച്ചു.

ത്രേസ്യ നാലുദിവസത്തെ സേവനത്തിനുശേഷമാണവിടെ നിന്നു മടങ്ങിയത്. മറിയത്തിന്റെ രോഗം പ്രാർത്ഥനാശക്തിയാൽ സ്വന്തം ശരീരത്തിലേക്ക് ആവാഹിച്ചുകൊണ്ടാണവൾ മടങ്ങിയത്. മറിയം സുഖപ്പെട്ടു. പക്ഷേ, അവളുടെ ഉദരരോഗം ത്രേസ്യയിലേക്കു പകർത്തപ്പെട്ടു. അതോടെ ത്രേസ്യയുടെ വയർ വീർത്തു തുടങ്ങി. അതു കനം വച്ചു തുടങ്ങി. അടിവയറ്റിലും മേൽവയറ്റിലുമായി വേദന കലശലാകുകയാണ്. ചിലപ്പോൾ മോഹാത്സ്യം പോലുമുണ്ടായി.

നോവാൽ യാതൊന്നും തിന്നാൻമേലാ. ദഹനരസം വയറ്റിലൂറിക്കൂടി എരിയുകയാണ്. ഉടൻ വെള്ളം കുടിക്കും. കിണർ ജലം നിറച്ചു വച്ചിരിക്കുന്ന മൺകുടം ഇങ്ങനെ വേഗം ശൂന്യമായികൊണ്ടിരുന്നു. ജലം സംഭരിക്കുന്ന വലിയ തോൽക്കുടമായിത്തീരുകയായിരുന്നു അവളുടെ ഉദരം. വയർ മുന്നോട്ടു തള്ളി വരികയാണ്. കിടക്കാനോ നിൽക്കാനോ നടക്കാനോ പരസഹായം ആവശ്യമാണിപ്പോൾ. എങ്കിലും പള്ളിയിൽ പോകാതിരിക്കാൻ അവൾക്കാവില്ല. ഇരുവശത്തുമുള്ള കൂട്ടുകാരികളുടെ തോളിൽ ഊന്നിയാണ് യാത്ര.

വിചിത്ര ജീവിയായി അവളെ ഗണിക്കുന്നവർക്ക് ഇപ്പോൾ ഏറെ ചിരിക്കാനുള്ള വകയായി. കൈ വായിൽ പൊത്തി അവർ അടക്കിച്ചിരിച്ചു. ചിലർ പെരുവയറിനു വ്യാഖ്യാനങ്ങൾ കുശുകുശുത്തു. മറ്റു ചിലർ ഉറക്കെ ആക്ഷേപിച്ചു. പുത്തൻചിറയുടെ ഗ്രാമാതിർത്തികൾക്കും അപ്പുറത്തേക്ക് ഈ ഉദരഭൂഷണം കത്തിപ്പടർന്നു. അതവളുടെ ബന്ധുക്കളിലേക്കും എത്തി.

കെട്ടുപ്രായം കഴിഞ്ഞു നിൽക്കുന്ന ത്രേസ്യയെ പരിഹസിച്ചവരാണീ ചാർച്ചക്കാരിലേറെയും. ഏഴ് അമ്മായിമാരണവൾക്കുള്ളത്. അവരിൽ പലരും ഈ അപഖ്യാതി കേട്ട് വാർത്ത സ്ഥിരീകരിക്കാനെത്തി. നെഞ്ചു കീറുന്ന ഭാഷയിലാണ് ഒരമ്മായി അവൾക്കെഴുതിയത്.

"നീ വയറ്റിലുണ്ടാക്കി കുടുംബത്തിനു ചീത്തപ്പേരുണ്ടാക്കി വച്ചല്ലോ പെണ്ണേ!"



ആ കത്തു വായിച്ചവൾ വിങ്ങിപ്പൊട്ടി. അവിഹിതഗർഭം പേറുന്നവളെന്നെ ആക്ഷേപത്തിൽ പുത്തൻചിറയിലെ ഈ മാലാഖയുടെ സേവനപ്പെരുമ നിലം പൊത്തുകയായിരുന്നു. കവലച്ചർച്ചകളിൽ ആളുകൾ അതുമിതും പുലമ്പി.

"ഇപ്പോൾ പിടികിട്ടിയോ, ഇവൾ വീടുതോറും കയറിയിറങ്ങുന്നനതെന്തിനാണെന്ന്?"

"എന്റെ വീട്ടിലെങ്ങാനമാരുന്നേൽ ചൂലെടുത്ത് അവളെ അടിച്ചിറക്കി വിട്ടേനേ. പെഴച്ചുപെറും മുമ്പേ അവളെ കുഴിച്ചു മൂടുകയാവേണ്ടത്."

ഈ പരിഹാസാരവം അവളിലും വന്നുനിറയുന്നുണ്ട്. ദേഹവേദനയേക്കാൾ ഇപ്പോൾ ആത്മപീഡകളാണു ഭയങ്കരം.

ഇത്തിരി ആശ്വാസം തേടി അവൾ ആത്മപിതാവിനെഴുതി. തീരാവേദനകളിൽ ഏക ആശ്രയം അവിടുന്നുമാത്രം. തന്റെ ഉള്ളിലെ ഈശോയുടെ തിരുഹൃദയം അദ്ദേഹത്തിനു വ്യക്തമായിക്കാണാം. ഹൃദയനിനവുകൾപോലും അദ്ദേഹം ഗ്രഹിക്കുന്നുണ്ട്. എല്ലാ പ്രതിസന്ധികളിലും ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുന്ന ആത്മതാതനുവേണ്ടി ഈ കത്തിലൂടെ അവൾ പ്രാർത്ഥിക്കുകയാണ്.

"എന്റെ പിതാവേ, ഒരു പാപിയെ സന്മാർഗ്ഗത്തിലേക്കു തിരിക്കുകയും ആരുവോരുമില്ലാത്തവരെയും ദരിദ്രരെയും സഹായിക്കുകയും ചെയ്യുന്നവർക്ക് ഓടുക്കത്തോളമുള്ള നിലനിൽപ്പും ആത്മശക്തിയും ശരീരസുഖവും ദൈവം നൽകും. അവർക്കും അവരുടെ കുടുംബത്തിനും ദൈവകാരുണ്യവും അനുഗ്രഹവും ലഭിക്കും എന്നുതന്നെ എന്റെ ശരണം."

കത്തുകിട്ടിയ ഉടൻ അവളെത്തേടി ആത്മതാതൻ വന്നു. അദ്ദേഹം അറിയാത്ത യാതൊരു രഹസ്യവും അവളിലില്ല. അവളുടെ രഹസ്യമൊഴികളുടെ ഒരു നേർത്ത കിരണം പോലും പുറത്തുപോകാതെ ഹൃദയചെപ്പിലിട്ട് അദ്ദേഹം പൂട്ടിവച്ചിരിക്കുന്നു. അതിനാലാവാം അത്യാവശ്യങ്ങൾക്കല്ലാതെ അദ്ദേഹം ചുണ്ടുകൾ തുറക്കാത്തത്. മൗനത്തിന്റെ കനത്ത മൂടുപടമിട്ട ആ ക്രാന്തദർശി വാചാലനാകുന്നത് ത്രേസ്യയുടെ ഏകാന്തസാന്നിദ്ധ്യത്തിൽ മാത്രം.

ഭൂമിയിൽ തനിക്കാശ്രയമായി ദൈവം അയച്ചുതന്ന ആത്മതാതനോട് അവൾ വയറുവേദനയുടെ വിശദാംശങ്ങൾ അറിയിച്ചു. അച്ചൻ

www.malankaralibrary.com

www.malankaralibrary.com


ഒരു നിമിഷം ധ്യാനനിമഗ്നനായി. എന്നിട്ടൊരു പോംവഴി പറഞ്ഞു.

"നിനക്ക് ഈശോ പ്രത്യക്ഷനാകാറുണ്ടല്ലോ. ഇനി കർത്താവിനെ കണ്ടാലുടൻ ഓടിച്ചെന്ന് അവിടുത്തെ കയ്യിൽ മുറുക്കെപ്പിടിക്കണം. ദീനം മാറ്റാതെ പിടിവിടത്തില്ലെന്നു കരഞ്ഞു പറയണം"

അവൾ അതുപരീക്ഷിച്ചു. കൈപിടിച്ചു വലിച്ചു കരയുന്ന ത്രേസ്യയെ ഈശോ സാകൂതം നോക്കി. ശിശുവിന്റെ നിർമ്മലത്വത്തോടെ വാശി പിടിക്കുന്ന ആത്മസഖിക്ക് അവിടുന്നൊരു തേൻപുഞ്ചി രി വിരിയിച്ചു നൽകി. എന്നിട്ടാരാഞ്ഞു.

"എന്താ നിന്റെ ആഗ്രഹം? സുഖപ്പെടണമെന്നാണോ?

"അതെ കർത്താവേ, എല്ലാവരും എന്നെ ആക്ഷേപിക്കുന്നു."

"അതിൽ നീ പരിഭ്രമിക്കുന്നുവോ

"കർത്താവെന്റെ കൂടെയുണ്ടെങ്കിൽ എനിക്കു യാതൊരു പേടിയുമില്ല."

ഈശോ വലതുകൈ നീട്ടി അവളുടെ പെരുവയറിൽ കുരിശാകൃതിയിൽ തലോടി.

തൽക്ഷണം അതിദുസ്സഹവേദന മാഞ്ഞു. ഉദരം ചുരുങ്ങിത്തുടങ്ങി. മണിക്കൂറുകൾക്കുള്ളിൽ ചുരുങ്ങിച്ചുരുങ്ങി സാധാരണ നിലയിലായി. കണ്ടുനിന്നവരിൽ ആശ്ചര്യത്തിന്റെ വേലിയേറ്റം. ത്രേസ്യയുടെ ഉള്ളിൽ കൃതജ്ഞതാസ്തോത്രത്തിന്റെ നിറവ്. ചുണ്ടുകളിൽ സ്തുതികീർത്തനത്തിന്റെ മധുരാരവം.

# ഇരുപത്

ജീവിതത്തിന്റെ സമവാക്യം അവൾക്ക് ഈശോയാണ്; ഈശോ മാത്രം. പ്രേമത്തിന്റെ അപാരതകളിലേക്ക് അവിടുന്നവളെ കൂട്ടിക്കൊണ്ടുപോകുമെന്നുറപ്പുണ്ട്. അവിടുത്തെ സഹനപാത്രത്തിൽ നിന്നും ചുണ്ടുകളെടുക്കാത്തത് അതുകൊണ്ടാണ്. തിരുക്കുമാരന്റെ നിണമൊഴുകിയ വഴികളിലൂടെ നിരന്തരം കുരിശെടുത്തു നടക്കുന്നതും അതിനാലാണ്. കൊടുംയാതനകളിലേക്കും മരണത്തിലേക്കുമുള്ള യാത്രയാണിതെന്നും അറിയാം.

ഇന്നും അനുഭവം വ്യത്യസ്തമല്ല. ആയിരത്തിത്തൊള്ളായിരിത്തിആറിലെ ഒക്ടോബർ ഇരുപത്തിമൂന്നാണിന്ന്. ഉച്ചകഴിഞ്ഞ് മൂന്നുമണിയായിക്കാണും. വെള്ളിയാഴ്ചയാകയാൽ ആത്മപിതാവും വന്നിട്ടുണ്ട്. ദിവ്യദർശനങ്ങളുടെ കലവറയാണല്ലോ തന്റെ ഓരോ വെള്ളിയാഴ്ചയും.

ആത്മതാതൻ മുറിക്കുപുറത്തായിരുന്നു. എന്നാൽ അവളുടെ മുറിയിൽ നിന്നൊരു നിലവിളികേട്ടു. വേഗമെഴുന്നേറ്റ് കതകുതള്ളി മുറിക്കുള്ളിലേക്കു പാഞ്ഞു. അച്ചന്റെ നഗ്നനേത്രങ്ങളിൽ അക്കാഴ്ച ഭയാനക വിസ്മയമായി. അവളുടെ വശങ്ങളിൽ ഓരോ മാലാഖ പറന്നിറങ്ങി നിൽക്കുന്നു. ഒരു മുൾക്കിരീടം അവളുടെ തലയിൽ വയ്ക്കുന്നു! അവൾ മുട്ടുകുത്തി നിൽക്കുകയാണ്; മിഴികൾ പൂട്ടി തൊഴുകരങ്ങളോടെ. ആ മുൾമുടിയിൽ വീണ്ടും നോക്കാനുള്ള ത്രാണി അവൾക്കില്ല. കാരണം. അവൾക്കറിയാം; ഈശോയുടെ ശിരസ്സിൽത്തറച്ച മുൾക്കിരീടമാണത്.

അതു തലയിൽ അടിച്ചുകയറ്റുകയാണു മാലാഖാമാർ. കനത്ത ഒരു മരത്തുണ്ടുയർത്തി മുൾവലയത്തിൽ പലതവണ അവർ ആഞ്ഞടിച്ചു. വെളുത്ത ഉത്തരീയത്തിലൂടെ തലയോട്ടിയോളം മുൾമുനകൾ തുളഞ്ഞു കയറി. ചുടുനിണത്തുള്ളികൾ ഒലിച്ചിറങ്ങി. പിന്നവൾക്കൊന്നുമറിഞ്ഞുകൂടാ. പിന്നിലെ മൺഭിത്തിയിലേക്കവൾ ചാഞ്ഞു. ഒരു തളിക അവളുടെ തലയ്ക്കു താഴെ നിലത്തുവച്ച് മാലാഖകൾ പറന്നകന്നു. ചോരത്തുള്ളികൾ അതിൽ വീണു പടർന്നു. മുറിയിൽ ചോരയുടെ ഗന്ധം

www.malankaralibrary.com

www.malankaralibrary.com



നിറഞ്ഞു.

അച്ചൻ അവളെ താങ്ങിയെടുത്തു കിടത്തി. ഉടൻ മുറിവിട്ടിറങ്ങി. എന്തോ ആലോചിച്ചുറച്ചതുപോലെ ആ കർമ്മധീരൻ പള്ളിയിലേക്കു നടന്നു. ഒരു ദൂരെയാത്രയ്ക്കുവേണ്ടി ആ പാദങ്ങൾ വെമ്പുകയായിരുന്നു.

യാത്ര തൃശ്ശൂരിലേക്ക്. ഇപ്പോൾതന്നെ പുറപ്പെട്ടാൽ ഞായാറാഴ്ചക്കുള്ളിൽ തിരിച്ചെത്താം അവിടെച്ചെല്ലുമ്പോൾ അരമനയിൽ മെത്രാച്ചൻ ഉണ്ടായിരുന്നാൽ മതിയായിരുന്നു. മറിയം ത്രേസ്യയെപ്പറ്റി പല തവണ അദ്ദേഹത്തോടുണർത്തിച്ചിട്ടുണ്ട്. അവളുടെ അതീന്ദ്രിയാനുഭവങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. പക്ഷേ, അവളെ അംഗീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. അവൾക്കുണ്ടായ എല്ലാ ദിവ്യദർശനങ്ങളും താനും നേരിൽ കണ്ടിട്ടില്ല. പലതും ത്രേസ്യയിൽ നിന്നറിഞ്ഞവയാണ്. മറ്റാളുകളിൽ നിന്നും പറഞ്ഞുകേട്ടവയാണ്. പ്രാർത്ഥനയിലൂടെ ബോദ്ധ്യപ്പെട്ടവയാണ്. എന്നാൽ അവളുടെ തലയിൽ മാലാഖമാർ മുൾക്കീരിടം അടിച്ചു കയറ്റിയതിന് താൻ ദൃക്സാക്ഷിയാണ്. അതു കണ്ടുനിന്നപ്പോൾ നുകർന്ന അതുല്യാനുഭൂതി അപാരമായിരുന്നു അതീന്ദ്രീയാനുഭവങ്ങളിലൂടെ അനുനിമിഷം മുന്നേറുന്ന മറിയം ത്രേസ്യയുടെ ആത്മീയോൽക്കർഷം ആർക്കളക്കാനാവും! അതിനാൽ സഭയുടെ പൊതുസ്വത്തായി ഇവൾ ഗണിക്കപ്പെടണം. അതിനൊരു നിമിഷം പോലും ഇനി വൈകരുത്. ഇക്കാര്യത്തിനുവേണ്ടിയാണ് തൃശ്ശൂർ മെത്രാസന മന്ദിരത്തിലേക്ക് ആത്മതാതന്റെ യാത്ര.

വിതയത്തിലച്ചൻ പ്രായത്തിലുപരി പക്വമതിയാണ്. ബുദ്ധിശാലിയും ദൈവാനുഭവസമ്പന്നുമാണ്. സൂഷ്മനിരീക്ഷണത്താൽ സമചിത്തനായി എല്ലാകാര്യങ്ങളെയും സമീപിക്കുന്നവനാണ്. ധ്യാന ഗുരുവും മികച്ച സംഘാടനകനുമാണ്. സഭാധികാരികൾക്കും സഹവൈദികർക്കും ആദരണീയനും പ്രിയങ്കരനുമാണ്. പക്ഷേ, ത്രേസ്യയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രകീർത്തനങ്ങൾക്കെതിരെ മാർ മേനാച്ചേരി തിരുമേനി തിരിഞ്ഞു. കസേരയിൽ നിന്നെഴുന്നേറ്റ് അനിഷ്ടത്തോടെ അദ്ദേഹം സ്വാകാര്യമുറിയിലേക്കു പാഞ്ഞു.

അച്ചൻ വിഷണ്ണനായി പൂമുഖത്തുനിന്നു.

ഗൗരവത്തോടെ തിരിച്ചുവന്ന മെത്രാച്ചന്റെ കയ്യിൽ ഒരു തുണ്ടുകടലാസ്. അതു വിതയത്തിലച്ചന്റെ നേരെ നീട്ടി കയർത്തു.

"അവൾക്കു പിശാചിന്റെ ശല്യമാണ്. കർത്താവിന്റെയും മാതാവിന്റെയും യൗസേപ്പുപിതാവിന്റെയും മലാഖാമാരുടെയും രൂപത്തിൽ അവൾ കാണുന്നത് പിശാചുക്കളെയാണ്.



അവളിൽ നിന്നും പിശാചുക്കളെ ഓടിക്കാനാണു നോക്കേണ്ടത്. ഇത്തരം കാര്യങ്ങൾ അച്ചൻ ഇനി കണ്ടാൽ ഉടൻ വടിയെടുത്ത് അവളെ ശക്തമായി അടിക്കണം.

ഇപ്പോൾ അടിയേറ്റത് വിതയത്തിലച്ചനാണ്. അദ്ദേഹത്തിന്റെ തല താണുപോയി. നിർഭയനായ അദ്ദേഹത്തിന്റെ നെഞ്ചുലഞ്ഞു. കണ്ണുകളിൽ നോവിന്റെ ഉറവ. മെത്രാച്ചൻ കയ്യിലേൽപിച്ച കടലാസിലേക്ക് ആ നിറമിഴികൾ ജിജ്ഞാസയോടെ നോക്കി. അതൊരാജ്ഞയായിരുന്നു. - ദുസ്സഹമായ ആജ്ഞ.

"പിശാചുക്കളുടെ താവളമായ മങ്കിടിയാൻ ത്രേസ്യയിൽ നിന്നും പിശാചുക്കളെല്ലാം ഒഴിഞ്ഞുപോകണമെന്ന് ഇതിനാൽ തൃശ്ശൂർ മെത്രാനായ നാം ദൈവനാമത്തിൽ കല്പിക്കുന്നു."

അച്ചന്റെ കണ്ണുകളിൽ ഇരുട്ടു തിങ്ങി. സ്തബ്ധ വിഷാദ മൂർത്തിയായി അദ്ദേഹം നിന്നുപോയി. ആ നില കണ്ടിട്ടും മെത്രാൻ അയഞ്ഞില്ല. പകരം, ത്രേസ്യയെപ്പറ്റി പുത്തൻചിറയിൽ നിന്നെത്തിയ ചിലർപറഞ്ഞ ദോഷാരോപണങ്ങൾ അയവിറക്കുകയായിരുന്നു. അവർ പറഞ്ഞു.

"തിരുമേനീ, ആ മങ്കടിയാൻ ത്രേസ്യ ഒരഴിഞ്ഞാട്ടക്കാരിയാ. അന്യവീടുകളിൽ നിന്നിറങ്ങാനവൾക്കു നേരമില്ല. സ്വന്തം വീട്ടിൽ ചെന്നു കേറുന്നതു പാതിരായ്ക്കും മറ്റുമാ"

അവർ വീണ്ടും ഏഷണികൂട്ടി

"അവൾ മനുഷ്യരെ കാണിക്കാൻ വേണ്ടിയാ എല്ലാ ദിവസോം പള്ളീൽ പോകുന്നതും കുർബ്ബാന കൈക്കൊള്ളുന്നതും. ഇതുകേട്ട് അവർക്കിങ്ങനെ വാക്കുകൊടുത്തിരുന്നു.

"ശരി നിങ്ങൾ പൊയ്ക്കൊള്ളൂ. നാം അവളെ നിയന്ത്രിച്ചുകൊള്ളാം.

ഈ നിയന്ത്രണം പാലിക്കാനുള്ള നല്ല അവസരമാണിതെന്ന് മെത്രാച്ചൻ കരുതി.

അതിനാൽ വിതയത്തിലച്ചനോടു കല്പിച്ചു.

"എഴുതിത്തന്ന ഈ കല്പന അവളുടെ മുറിയിൽ പതിച്ചുകൊള്ളണം. കൂടാതെ അവൾ ഇനിമേൽ എല്ലാ ദിവസവും വിശുദ്ധ കുർബ്ബാന

www.malankaralibrary.com

www.malankaralibrary.com



സ്വീകരിക്കാൻ പാടില്ല. ആഴ്ചയിൽ ഒരിക്കൽ മാത്രമേ പാടുള്ളൂ. ഞാൻ വിശ്രമിക്കാനായി അമ്പഴക്കാട്ടു മഠത്തിൽ വരുമ്പോൾ അവൾവന്ന് എന്നെ മുഖം കാണിക്കാൻ പറയണം"

ഇനി ഏറെ നേരം നിന്നാൽ കൂടുതൽ വിലക്കുകല്പനകൾ കേൾക്കേണ്ടിവരും. അതിനാൽ മെത്രാച്ചന്റെ കരം മുത്തി അരമനപ്പടികൾ തിരിച്ചുചവിട്ടി വേഗം മടങ്ങി.

യാത്രയിലുടനീളം തന്റെ ജ്ഞാനസുതയെപ്പറ്റിയായിരുന്നു ചിന്ത. അവളെത്രയോ പാവമാണ്. പരിശുദ്ധയാണ്. നാടിന്റെ വരദാനമാണ്. ക്രീസ്തീയതയുടെ കാതലാണ്. പക്ഷേ, ഇതൊക്കെ ആരറിയുന്നു. അനേകരുടെ കണ്ണിൽ അവളൊരു മദ്യപന്റെ മകൾ. മദ്യപന്റെ പെങ്ങൾ. കല്യാണയോഗമില്ലാത്ത ശപ്ത.

ഈശോയ്ക്കുവേണ്ടി സ്വയം ഹോമിച്ച ഇത്തരം നിർമ്മല കന്യകകൾ എക്കാലവും പരിഹാസ്യരായിരുന്നതായി വിതയത്തിലച്ചനിറിയാം. എത്രയോ സുകൃതിനികളുടെ ദിവ്യചരിതങ്ങൾ പാരായണകുതുകിയായ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. അവയിൽ ജോവാൻ ഓഫ് ആർക്കിന്റെ ചരിത്രം പലതവണ വായിച്ചിട്ടുണ്ട്. ഫ്രാൻസിന്റെ രക്ഷകയും പൊന്നോമൽ പുത്രിയുമായിരുന്നു ജോവാൻ. ത്രേസ്യായെപ്പോലെ ദിവ്യദർശനങ്ങളാൽ സമ്പുഷ്ടമായ ജന്മം. ഫ്രാൻസിന്റെ പടയാളികൾ ഇംഗ്ലീഷു സൈന്യവുമായി ഏറ്റുമുട്ടി തോറ്റോടിയപ്പോൾ വീരനായികയായി രംഗത്തുവന്നവൾ. പടക്കുതിരമേൽ അവൾ ചാടിക്കയറി.

രണവീര സംഘത്തിന്റെ മുൻനിരപ്പോരാളിയായി. ശത്രുപക്ഷത്തെ തോല്പിച്ചു തുരത്തി. പ്രതിഫലസമ്മാനം എന്തായിരുന്നെന്നോ? രാജ്യരക്ഷക എന്ന കീർത്തിമുദ്ര ചാർത്തുകയല്ല ചെയ്തത്. പകരം രാജ്യമൊന്നാകെ അവളുടെ നേർക്കലെറി!

"ധീരരായ പടനായകന്മാർക്കുപോലും കഴിയാതെ പോയ ഈ വിജയം നിനക്കു സാദ്ധ്യമായതിന്റെ കാരണം ഞങ്ങൾക്കറിയാം. നീ ദുർമ്മന്ത്രവാദിനിയാണ്. നീ ഭൂതാവേശിതയാണ്. അതിനാൽ നീ ശിക്ഷാർഹയാണ്.

അവർ ജോവാൻ ഓഫ് ആർക്കിനെ ചാടിപ്പിടിച്ചു. കൈകൾ പിന്നിൽ കെട്ടി. എന്നിട്ട് ശത്രുക്കളായ ഇംഗ്ലീഷ് സൈന്യത്തിന്റെ പാളയത്തിലേക്ക് ഓടിച്ചു. അവളോടുള്ള കൊടുംപകയാൽ ശത്രുക്കൾ എരിയുകയായിരുന്നു. അവർ അവളെ ഒരു കുരിശിൽ കെട്ടിത്തൂക്കി. ദേഹം



മുഴുവനും തുണിവരിഞ്ഞു. പിന്നെ എണ്ണയിൽ കുളിപ്പിച്ചു. തീ കൊളുത്തി. അവൾ ആളിയെരിഞ്ഞു. മരണപ്പിടച്ചലിൽപ്പോലും അവൾ പ്രകാശം പരത്തുകയായിരുന്നു.

ഇതുതന്നെയല്ലേ ത്രേസ്യയുടെ നിലയും! ആത്മതാതൻ വേദനയോടെ ഓർത്തു. പുത്തൻചിറപ്പള്ളിയിലെത്തിക്കഴിഞ്ഞിട്ടും അച്ചന്റെ ഉള്ളിൽ നീറിപ്പുകയുകയായിരുന്നു ഈ ചിന്തകൾ.

രാവേറെയായി. വർദ്ധിച്ച യാത്രക്ഷീണം. എന്നിട്ടും പള്ളിയിൽക്കടന്ന് ദീർഘനേരം പ്രാർത്ഥിച്ചു. പിന്നെ മുറിയിൽചെന്ന് കുറിപ്പുപുസ്തകം തുറന്നു. മുന്നൂറ്റമ്പതോളം പുറങ്ങൾ കഴിഞ്ഞിരിക്കുന്നു. എല്ലാം തന്റെ ജ്ഞാനപുത്രിക്കുണ്ടായ ദിവ്യാനുഭൂതികൾ; അതുല്യ ദർശനങ്ങൾ, സഹനങ്ങൾ!

ഇനി എന്താണ് അവളെപ്പറ്റി എഴുതേണ്ടത്? ഇന്നെഴുതേണ്ടത് സഭാധികാരിയുടെ അധിക്ഷേപങ്ങളെപ്പറ്റിയാണ്. എന്നാൽ. അത് അവളെക്കുറിച്ചുള്ള തന്റെ അവസാനകുറിപ്പായിരിക്കും. ഇത്രനാളും സവിസ്തരം എഴുതിവച്ചത് ഇവളുടെ ധന്യജീവിതം സഭയ്ക്ക് ചൈതന്യമാകട്ടെ എന്നു കരുതിയാണ്. ലോകത്തിന് ഇതൊരു വലിയ പ്രേരണയാകട്ടെ എന്നു വിചാരിച്ചതാണ്. എന്നാൽ അഭിവന്ദ്യ സഭാധികാരിക്കുപോലും ഇവൾ ഒരു പിശാചുബാധിത. അതിനാൽ ഇനിമേൽ ത്രേസ്യ ഈ പുസ്തകക്കുറിപ്പുകളിലുണ്ടായിരിക്കുകയില്ല; തന്റെ നെഞ്ചിൽ മാത്രമായിരിക്കും. അവളെക്കുറിച്ചുള്ള തന്റെ ഹൃദയക്കുറിപ്പുകൾ ഒരിക്കലും ഇനി ലോകത്തിനു മുമ്പിൽ താൻ തുറന്നു വയ്ക്കുകയില്ല. ആയിരം താഴിട്ടു പൂട്ടപ്പെട്ട രഹസ്യരത്നഭണ്ഡാരമായിരിക്കും. ഇനിമേൽ സ്വഹൃദയം! വിലമതിക്കാനാവാത്ത അവളുടെ ജീവിതം ലോകത്തിനു സ്വീകാര്യമാകുന്ന നിമിഷത്തിൽ മാത്രമേ ഇനി ഈ തീരുമാനത്തിനു മാറ്റമുള്ളൂ.

അങ്ങനെ അവസാനക്കുറിപ്പെഴുതി.

"....ഇവളിൽ പിശാച് ആവസിച്ചിട്ടുണ്ടെന്നും അതിനാൽ പിശാചിനെ പുറത്താക്കണമെന്നും ആ സമയം ഇവളെ വടികൊണ്ട് അടിക്കണമെന്നും അമ്പഴക്കാട്ടു കർമ്മലീത്ത മഠത്തിൽ ഇവൾ ഇന്ന സമയത്ത് വരുന്നതിനായി പറയണമെന്നും മെത്രാൻ തന്നെ അവളുടെ ആത്മപിതാവിനോട്......

അപൂർണ്ണതയിൽ ആ വാക്യം നിന്നുപോയി. പൂരിപ്പിക്കാൻ തോന്നിയില്ല. എന്നെങ്കിലും ആരെങ്കിലും ഈ കുറിപ്പുകൾ കാണുന്നപക്ഷം

www.malankaralibrary.com

www.malankaralibrary.com



അവർ അപൂർണ്ണതയിലൊടുങ്ങിയ ഈ അന്ത്യവാക്യത്തിന്റെ പൊരുളെന്തെന്നു ചിന്തിച്ചുകൊള്ളട്ടെ.

ആത്മഭാരത്തോടെ അച്ചൻ കിടക്കിയിലമർന്നു. അപ്പോഴും കണ്ണുകൾ കവിഞ്ഞൊഴുകുകയായിരുന്നു.

## ഇരുപത്തൊന്ന്

ഈ കല്പന കാണുമ്പോൾ അവൾ നിലവിളിച്ചുപോകും. പൂർണ്ണാവബോധത്തോടെ ദൈവത്തെ പിൻചെല്ലുന്ന അവളെ ഭ്രാന്തിയെന്നു ഭൂതാവേശിതയെന്നും വിളിക്കുമ്പോൾ അവൾക്കതു ഹൃദയഭേദകമാകും. ഈ ആക്ഷേപം, അവൾ ഏറ്റവും ആദരിക്കുന്ന മെത്രാച്ചനിൽനിന്നാണെന്നറിയുമ്പോൾ അവൾ തകർന്നടിയും.

അതിനാൽ ദുഃഖത്തോടെയാണ് ഈ കല്പനക്കടലാസ്സ് അവളുടെ നേരെ നീട്ടിയത്.

അവളതുവാങ്ങി. അതിന്റെ പൊരുളും പശ്ചാത്തലവും തിരിച്ചറിഞ്ഞു. ഒരു നറും പുഞ്ചിരി അവളിൽ വിരിഞ്ഞു.

"ഇതെന്റെ ഭാഗ്യപ്പെട്ട സമ്മാനമാണ്". ആ ചുണ്ടുകൾ ഉല്ലാഷിച്ചു. പിന്നെ തലതാഴ്ത്തി ആ കല്പനയിൽ ചുംബിച്ചു.

അപ്പോഴേക്കും അച്ചൻ അടുത്ത കല്പന കൂടി അറിയിച്ചു. നിത്യകുർബ്ബാനാനുഭവത്തിൽ നിന്നുള്ള വിലക്കുകല്പന.

അതു കേട്ടുകൊണ്ടാണവൾ മുഖമുയർത്തിയത്. അപ്പോൾ ചുണ്ടിണകളിൽ പുഞ്ചിരി വറ്റിപ്പോയിരുന്നു. പകരം കനത്ത ആധിയാൽ അവ വിറയ്ക്കുന്നു. മിഴികൾ കവിഞ്ഞൊഴുകി.

ആക്ഷേപം അവൾക്കു ഹൃദ്യമാണ്. ഇത്തരം കുരിശുകൾക്കായി അവൾ ദാഹിക്കുകയായിരുന്നു. ഇവ കൂടാതെ ക്രൂശിതനെ പിഞ്ചെല്ലുന്നതെങ്ങനെയാണ്! എന്നാൽ, ദിവ്യകാരുണ്യാനുഭവത്തിൽ നിന്നും തടഞ്ഞുനിർത്തുന്ന കല്പന സഹിക്കാനാവില്ല. ജലത്തിൽ നിന്നെടുത്തറിയപ്പെട്ട മത്സ്യത്തെപ്പോലാവില്ലേ തന്റെ സ്ഥിതി.

അവൾ വിങ്ങിപ്പൊട്ടി.

"പിതാവേ, ഞാനിവയെല്ലാം അനുസരിച്ചുകൊള്ളാം". മുടക്കുകല്പന, കിടക്കയുടെ ശിരോഭാഗത്തുള്ള ചുമരിൽ ആത്മതാതൻ പതിച്ചു.

വേദനയോടെ പടിയിറങ്ങിയപ്പോൾ ത്രേസ്യ പിന്നിൽ നിന്നപേക്ഷിച്ചു.

www.malankaralibrary.com

www.malankaralibrary.com



"പിതാവേ, ഞായറാഴ്ച നമ്മുടെ പള്ളിയിൽ കൂടുന്ന ആളുകളെയും ഈ കല്പന വായിച്ചുകേൾപ്പിക്കണമേ. പിന്നെ ഇതിന്റെ വേറൊരു പകർപ്പെടുത്ത് പള്ളിയുടെ വാതിലിൽ എല്ലാവരും കാണത്തക്കവിധം പതിച്ച് പരസ്യപ്പെടുത്തണമേ"

"വേണ്ടാ", അച്ചന്റെ ദൃഢമൊഴി. അദ്ദേഹം നടന്നകന്നു.

കല്പന പാലിക്കുന്നതിൽ ജാഗ്രചിത്തയായിരുന്നു അവൾ. അങ്ങനിരിക്കേ അമ്പഴക്കാട്ടു കൊവേന്തയിൽ മെത്രാനച്ചനെത്തി. പതിവു വിശ്രമത്തിനെത്തിയതാണ്. എല്ലാ വേനൽക്കാലുത്തും ബംഗ്ലാവിൽ വിശ്രമിക്കാൻ എത്താറുണ്ടല്ലോ. ത്രേസ്യ, തിരുമേനിയുടെ മുമ്പിലെത്തി. ആത്മതാതന്റെ പ്രേരണ അതിനു പിന്നിലുണ്ടായിരുന്നു.

അവരുടെ ആദ്യത്തെ കൂടിക്കാഴ്ച. അവൾ ആദരവോടെ കരം കൂപ്പി നമിച്ചു. പിന്നെ അധികാരമുദ്രയുടെ വിരൽ മോതിരത്തിൽ കുനിഞ്ഞു നെറ്റിമുട്ടിച്ചു. അതിവിനയത്തോടെ നിൽക്കുന്ന അവളെ നോക്കി 'ആരാണിവൾ' എന്നദ്ദേഹം ശങ്കിച്ചില്ല. കാരണം, വിതയത്തിലച്ചനിൽനിന്നും കിട്ടിയ വാങ്മയരൂപം ഇവളിൽ പൊരുത്തപ്പെടുന്നുണ്ടായിരുന്നു. ഭൂഷണരഹിതമായ കാതും കഴുത്തും. വിലതാണ മുണ്ടും ചട്ടയും. ആത്മീയോത്സാഹത്തിന്റെ പ്രഫുല്ലഭാവം. ദേഹചലനത്തിന്റെ പരിശുദ്ധമായ നിയന്ത്രണം. ജപമാല വലംകരത്തിൽ ചുറ്റപ്പെട്ടിരിക്കുന്നു. ചെരുപ്പില്ലാത്ത പാദദ്വയങ്ങൾ.

'നീയല്ലേ മറിയം ത്രേസ്യ?' എന്നാരായാൻ ചുണ്ടിളക്കും മുമ്പേ സ്വീകരണമുറിയിൽ കൂടിനിന്ന കന്യാംഗനകൾ അവളെ പരിചയപ്പെടുത്തി. അവളുടെ സേവനങ്ങൾ ശ്ലാഘിച്ചു.

നിധിപോലെ കയ്യിൽ ഒതുക്കിപ്പിടിച്ച കടലാസ് അവൾ മെത്രാച്ചനെ കാണിച്ചു. ആ കടലാസ് തിരിച്ചറിയാൻ അദ്ദേഹത്തിനു താമസമുണ്ടായില്ല; അതു ദ്രവിച്ചും നിറം മങ്ങിയും നാശോന്മുഖമായിരുന്നെങ്കിലും.

"പിതാവേ, അവിടുന്നെനിക്കു മുമ്പു തന്ന വിലക്കുകല്പനയാണിത്. ഇതിന്റെ കുറെഭാഗങ്ങൾ പാറ്റ കരണ്ടുപേയി. പിതാവേ, ആയതിനാൽ വന്ദ്യപിതാവ് തിരുമനസ്സുണ്ടായി അടിയന് ഇതിന്റെ ഒരു പുതുക്കിയ രൂപം തരണമേ."

അതിവിനയത്തിന്റെ ആ മധുര ഭാഷണത്തിൽ തിരുമേനിയുടെ ഹൃദയം തരളമായി. അവളുടെ കയ്യിൽ നിന്നും കടലാസ്സ് തിരിച്ചു വാങ്ങി. അതു നാലായി കീറി ചുരുട്ടി മേശമേൽ ഇട്ടുകൊണ്ട് മാർ മേനാച്ചേരി തിരുമേനി കല്പിച്ചു.



"ഇനി ഇതിന്റെ ആവശ്യമില്ല"

എങ്കിലും ത്രേസ്യക്കു ചിലതു പറയുവാനുണ്ടായിരുന്നു. ഒരു പിടി പരിദേവനങ്ങൾ, ദൈവത്തെ നിരന്തരം ആരാധിക്കുന്നതിനുള്ള തടസ്സങ്ങളായിരുന്നു അവളുടെ സങ്കടം.

കൂർമ്മചിത്തനായി അവളുടെ ആത്മവേദന കേട്ട് മെത്രാച്ചൻ കല്പിച്ചു.

"ക്ലാരപുണ്യവതിയുടെ മഠം കരുവന്നൂരിലുമുണ്ടല്ലോ. അവിടെ കഴിയാനുള്ള ദൈവവിളി നിനക്കുണ്ടോ എന്നറിയാൻ ദിവ്യകുർബ്ബാനയുടെ മുമ്പിലിരുന്ന് നീ ഇപ്പോൾ നന്നായി പ്രാർത്ഥിക്ക്"

ത്രേസ്യയെപ്പറ്റി താൻ കേട്ടതെല്ലാം സത്യമാണെങ്കിൽ അവളെ ക്ലാരമഠത്തിലേക്ക് ആനയിക്കാനാണ് മെത്രാച്ചന്റെ ഇഷ്ടം. കാരണം, ക്ലാരപുണ്യവതിയും പൈശാചിക പരീക്ഷണങ്ങളുടെ തീക്കടൽ നീന്തിക്കയറിയവളാണ്. കർത്താവിന്റെ പീഡകളോർത്ത് രാത്രിമുഴുവൻ കരഞ്ഞുരുകുന്ന ക്ലാരയുടെ ജീവചരിതം. മാർ മേനാച്ചേരിയിൽ ഉണരുകയായിരുന്നു. സുമുഖിയും പ്രഭുകുമാരിയും ആയിരുന്ന ക്ലാര ഉപവസിച്ചു. ഉറക്കമിളച്ചു, ദേഹത്തെ കൊന്നുകൊണ്ടിരുന്നു. ഒരു രാത്രിയിൽ പിശാച് അവളുടെ മുമ്പിൽ സൗമ്യബാലന്റെ പ്രച്ഛന്ന വേഷത്തിലെത്തി പ്രലോഭിപ്പിച്ചു.

"നീ കരയുന്നോ ഈ കണ്ണുനീരിന്റെ അർത്ഥമെന്താണ്? ഇതു തുടർന്നാൽ നിന്റെ തലച്ചോറു ദ്രവിച്ചുപോകും.

"നീ ഭ്രാന്തിയും വിരൂപയും ആകും."

ക്ലാരയുടെ മറുപടി ഉടനുയർന്നു.

"എന്റെ കർത്താവിന്റെ പീഡാസഹനങ്ങളെ ഓർത്താണു ഞാൻ കരയുന്നത്. എന്റെ കർത്താവ് കൂടെയുള്ളിടത്തോളം കാലം ഈ സൗന്ദര്യവും നിലനിൽക്കും."

ഇത്രമേൽ ദൈവാസക്തയായ ക്ലാരയുടെ പേരിൽ പതിനേഴുവർഷം മുമ്പു സമാരംഭിച്ച സമൂഹം ഇന്ന് ദേശാന്തരങ്ങളിൽ പടർന്നു കഴിഞ്ഞിരിക്കുന്നു. അതിലൊരു ശാഖയാണ് ഇവിടെ കരുവന്നൂരിൽ പണിതുകൊണ്ടിരിക്കുന്ന ക്ലാരാമഠം. അതിലേക്കാണ് അവളെ പ്രേശിപ്പിക്കാൻ മെത്രാച്ചൻ ശ്രമിക്കുന്നത്.

ത്രേസ്യ അനുസരിച്ചു. മഠത്തോടു ചേർന്നുള്ള ദേവാലയത്തിൽ

www.malankaralibrary.com

www.malankaralibrary.com



കടന്നു. ധ്യാനനിരതയായി. പെട്ടന്നവളുടെ ജ്ഞാനബോധം തുറക്കപ്പെട്ടു. ആത്മീയ ദൃശ്യങ്ങൾ തെളിഞ്ഞുണർന്നു. പാരവശ്യനിമിഷങ്ങൾ. അവൾ കണ്ടത് നിലയില്ലാക്കയത്തിൽ ഇന്നലെ വീണ് ശ്വാസം മുട്ടി മരിച്ച ഒരു ബാലന്റെ ആത്മാവ്! അമലോത്ഭവ മാതാവിന്റെ നാമത്തിലുള്ള ആശ്രമത്തിൽ താമസിച്ചു പഠിക്കുകയായിരുന്നു അവൻ. അവൻ അനന്തതയിൽ നിന്നും തന്റെ ബോധത്തിലേക്കു വന്നു. എന്നിട്ട് ആശ്വാസത്തോടെ പറഞ്ഞു.

"ദൈവമാതാവിന്റെ സഹായത്താൽ ഇന്നലെ ഞാൻ മരിക്കും മുമ്പ് പാപപ്പൊറുതി നേടി. എന്റെ ആത്മാവിനു സ്വർഗ്ഗഭാഗ്യം കിട്ടി. ഇക്കാര്യം മെത്രാച്ചനോടു പറയണമേ"

ബാലന്റെ ആത്മാവ് അതുപറഞ്ഞ് അതിവിദൂരങ്ങളിലേക്കു പറന്നു മറഞ്ഞു. ത്രേസ്യ ഉണർന്നു.

മെത്രാച്ചനെ തിരഞ്ഞു. അദ്ദേഹം അവളുടെ മറുപടിക്കായി കുമ്പസാരക്കൂട്ടിൽ കാത്തിരിക്കുന്നു.

ത്രേസ്യക്ക് പറയാനുള്ളത് സാധാരണ വിഷയങ്ങളല്ല. അവളുടെ ഓരോ പദത്തിലും നിഗൂഢതകളുടെ ധാരാളിത്തമുണ്ടായിരുന്നു. ലോകഭാഷണങ്ങളിൽ നിന്നും അവ തുലോം വ്യത്യസ്തം. അതിനാൽ പറയുന്നോൾക്കും കേൾക്കുന്നോനും ഏകാന്തത അഭികാമ്യമെന്നു തോന്നി. കൗദാശികപരിവേഷത്തിന്റെ ഈ കുമ്പസാര കൂട്ടിൽ മെത്രാച്ചൻ വന്നിരുന്നത് അക്കാരണത്താൽ.

കുമ്പസാരക്കാരന്റെ പാർശ്വത്തിൽ ത്രേസ്യ മുട്ടുകുത്തി. പ്രാർത്ഥനയിലൂടെ അവൾക്കു ബോദ്ധ്യപ്പെട്ട ദൈവാഹ്വാനം എന്തെന്നറിയാൻ മെത്രാച്ചന്റെ ചെവിക്കുട ചാഞ്ഞു. പക്ഷേ, കാതുകളിൽ പതിച്ചത് ക്ലാരമഠവുമായി ബന്ധപ്പെടാത്തവ. പകരം, കുത്തൊഴുക്കിൽപ്പെട്ട് മരിച്ചു പോയ ആത്മാവിന്റെ രക്ഷണീയ കഥ.

മെത്രാച്ചൻ ഒരു നിമിഷം തരിച്ചിരുന്നുപോയി. പിന്നെ ചില പ്രാർത്ഥനകൾ പറഞ്ഞുകൊടുത്തു. ഉപദേശങ്ങളും. മാലയുടെ അഗ്രത്തിലെ കുരിശുയർത്തി ആശീർവ്വദിച്ചു. ഇങ്ങനെ ആശ്വസിപ്പിച്ചയക്കുയും ചെയ്തു

"ത്രേസ്യാ, നീ എപ്പോഴും ദൈവമാതാവിന്റെ അടിമയായിരുന്നു കൊള്ളണം."

വീണ്ടും വീട്ടിലേക്ക്. അതിനുള്ളിലെ കൊച്ചുമുറി അവളുടെ രൂപാ



ന്തരീകരണത്തിന്റെ അഗ്നിശാലയായിരുന്നു. ഒരു കനക വിഗ്രഹം ആ മൂശയിലൂടെ രൂപപ്പെടണം. ഒരു പക്ഷേ, അതിനിനിയും സമയം വേണ്ടി വന്നേക്കും. സഹനപാരമ്യത്തിലൂടെയാണെങ്കിലും കടന്നുപോയേ മതിയാകു. ക്രൂശിതനുമായുള്ള രൂപസാമ്യത്തിലെത്തുന്നതുവരെ ഈ സഹനയാത്ര തുടരണം. ആഴമായ അഞ്ചുമുറിവുകളേറ്റ് കുരിശിൽ മരിച്ച ഈശോയാണ് ഈ സഹനയാത്രികയുടെ പരമമാതൃക. ഒരു പക്ഷേ, ആ പീഡിതാവസ്ഥയിലേക്ക് അവൾ വലിച്ചിഴക്കപ്പെടുകയാണോ എന്ന ശങ്ക. ഇതുവരേയും ഈശോയെപ്പോലെ അടികളേറ്റു, കുരിശുപേറി, മുൾമുടിയണിഞ്ഞു. എന്നാലിന്ന് ആയിരത്തിത്തൊള്ളായിരത്തി ഒൻപത്, ജനുവരി ഇരുപത്തേഴിന്റെ ബുധനാഴ്ചയിൽ മരണകരമായ സംഭ്രമാവസ്ഥ! ഒരിക്കലും നുകരാത്ത തീരാവേദന! പാതിരാ കഴിഞ്ഞതോടെ അതു രൂക്ഷമായി.

ആശ്വാസമായി ആത്മപിതാവ് അരികിലുണ്ട്. അവൾ ധ്യാനത്തിലായിരുന്നു. ഈശോ അവൾക്കപ്പോൾ ദൃശ്യനായി. അതിദാരുണരൂപൻ. തോളിൽ കനത്ത മരക്കുരിശ്, ശിരസ്സിൽ മുൾമുടി, ഉരുക്കുചങ്ങലകൾ നെഞ്ചിൽ മുറുകിക്കിടക്കുന്നു. ദേഹമാസകലം നിണച്ചാലുകൾ. അഞ്ചുതിരുമുറിവുകളും അവൾക്കു വ്യക്തമാകത്തക്കവിധം അവിടുന്നു മുമ്പിൽ നിന്നു. എന്നിട്ടു പറഞ്ഞു.

"നീയെന്നെ കാണുന്നില്ലേ? ലോകപാപങ്ങളാൽ ഞാൻ പീഡിപ്പിക്കപ്പെടുകയാണ്. ഞാനനുഭവിക്കുന്ന പാടുപീഢകൾക്ക് ഒരാശ്വാസം നീ വരുത്തിത്തരിക"

"കർത്താവേ, അവിടുന്നു തിരുമനസ്സാകുന്നുവെങ്കിൽ നീ അനുഭവിക്കുന്ന പാടുകളെല്ലാം എനിക്കനുഭവിക്കാൻ തരിക."

അതു പറഞ്ഞുതീർന്നപ്പോൾ ശക്തമായ ചിറകടി ശബ്ദം. രണ്ടുമാലാഖകൾ മുറിയിൽ പറന്നിറങ്ങി; അവളുടെ ഇരുവശങ്ങളിലും നിന്ന് അവർ അവളെ പൊക്കിയെടുത്ത് ചുമരിലേക്ക് ആഞ്ഞെറിഞ്ഞു. പാദങ്ങൾ തറയിൽ നിന്നും വളരെ ഉയരത്തിലാണ്. ചവിട്ടി നിൽക്കാൻ ഒന്നുമില്ല.

എന്നിട്ടും പറിച്ചെടുക്കാനാവാത്ത ഉറപ്പിൽ അവൾ ചുമരിൽ തറഞ്ഞുകിടന്നു. ഓരോ കയ്യും മാലാഖമാർ വലിച്ചുയർത്തി കുരിശാകൃതിയിലാക്കി. കൈക്കുടന്നയിൽ വലിയ ഓരോ ആണി ചുറ്റികയാൽ അടിച്ചുറപ്പിച്ചു. കുങ്കുമരശ്മികൾപോലെ നാലുംപാടും ചീറ്റിയ ചോര ആത്മതാതന്റെ തൂവെള്ളകുപ്പായത്തിലും മുഖത്തും പതിച്ചു. കൊന്ത

www.malankaralibrary.com

www.malankaralibrary.com



മുറുകെപ്പിടിച്ച് പ്രാർത്ഥനയിൽ എരിഞ്ഞുനിൽക്കുകയാണദ്ദേഹം.

മാലാഖമാർ പിന്നെ പിത്തളക്കമ്പിയാൽ അവളെ വരിഞ്ഞു. ഇപ്പോൾ പ്രാണശ്വാസത്തിനായി പിടയുകയാണവൾ, മുൾമുടി ഉറപ്പിച്ചു. ചാട്ടയാലടിച്ച് ഉൾപൊളിച്ചു. പിന്നെ, മേൽക്കുമേൽ വച്ച പാദങ്ങളിൽ ഒരാണി അടിച്ച് ചുമരിൽ തറച്ചു. ഇപ്പോൾ നാലു വലിയ മുറിവുകൾ. ഇരുകരങ്ങളിലും പാദങ്ങളിലും. പക്ഷേ, അതുപോരല്ലോ. ഈശോ പഞ്ചക്ഷതധാരിയാണ്. അതിനാൽ ഒരു മാലാഖ കുന്തവുമായി ചീറിപ്പറന്ന് ഇടം നെഞ്ചിനു താഴെ ആഞ്ഞെറിഞ്ഞു. മറുപുറം വരെ തറഞ്ഞുകയറിയ കുന്തമുന വലിച്ചൂരി. ചോര ഇരച്ചൊഴുകി. വെള്ളമുണ്ടും ചട്ടയും ചോരയിൽ ചുവന്നുകുതിർന്നു. അവൾ പിടയുകയായിരുന്നു. അവളുട ചുണ്ടുകളിൽ അന്യഭാഷകൾ നൃത്തം വച്ചു. അതു ഹീബ്രുവോ, അരമായയോ, ലത്തീനോ!

അച്ചൻ പരിഭ്രമിച്ചു. പെട്ടെന്നവൾ സാധാരണനിലയിലാകാൻ പ്രാർത്ഥിച്ചു. എന്നാൽ മൂന്നുമണിക്കൂർ അങ്ങനെ കിടക്കാനായിരുന്നു ദൈവനിശ്ചയം.

ഈശോയുടെ രക്ഷാകര പീഡകളിൽ പങ്കുചേരാൻ കൊതിച്ചവരിൽ ചിലർക്കൊക്കെ ഈ പഞ്ചക്ഷതാനുഭവം ഉണ്ടായതായി അച്ചനറിയാം. ആയിരത്തി ഇരുന്നൂറ്റി ഇരുപത്തിനാലിലെ വസന്തകാലത്ത് അൽവേർണ്ണാ പർവ്വതത്തിൽ ധ്യാനനിരതനായിരുന്ന ഫ്രാൻസിസ് അസ്സീസിക്ക് തിരുമുറിവുകൾ കിട്ടിയതായി വായിച്ചിട്ടുണ്ട്.

ത്രേസ്യ പാരവശ്യത്തിൽ നിന്നുണർന്നു. അപ്പോഴും മുറിവുകൾ വ്യക്തം. ചോരയുടെ ഉറവ മുറിവുകളിൽ നിന്നിറ്റിറങ്ങുന്നുണ്ടായിരുന്നു. എന്നാൽ മറ്റാളുകളിൽ നിന്നും ഇതു മറയ്ക്കാൻ അവൾ പണിപ്പെട്ടു. അതിനാൽ അന്നുമുതൽ കൈപ്പത്തി രണ്ടും ഓരോ കൈലേസാൽ ചുറ്റി. നീളമുള്ള മുണ്ടുള്ളതിനാൽ പാദങ്ങളിലെ മുറിവുകൾ പെട്ടെന്നു കണ്ണിൽപ്പെടില്ല. പലപ്പോഴും മുറിവുകളിൽ ചോരപൊടിക്കും. ചെരിപ്പില്ലാത്തതിനാൽ ഒരോ ചുവടു വയ്പിലും രക്തമുദ്രകൾ തറയിൽ പതിക്കും. മണ്ണും ചരലും കയറി മുറിവിന്റെ നോവ് പെരുകും. കയ്യിലെ മുറിവുകൾ മൂലം ഭക്ഷണം കഴിക്കാൻ പ്രയാസം. എങ്കിലും സഹജീവികൾക്കുവേണ്ടിയുള്ള ഈ സഹനം അവൾക്കാനന്ദമായിരുന്നു, ആവേശമായിരുന്നു.

ഇതിനുപുറമേയായിരുന്നു മാരകമായ രോഗം; വസൂരി കുരുക്കൾ ശരീരത്തിൽ നിറഞ്ഞു. ഇതവളിലേക്കു പടർന്നതല്ല. രോഗവാഹക



നോട് ഇരന്നുനേടിയതാണ്.

നാടെങ്ങും വസൂരി അതിദ്രുതം വ്യാപിച്ചപ്പോൾ അവൾക്കു കണ്ടുനിൽക്കാനായില്ല. പുത്തൻചിറപ്പള്ളിയിൽപ്പെട്ട അറുപതാളുകൾ വസൂരിമൂത്തു മരിച്ചു. മറ്റുള്ളവരും അനേകം. ത്രേസ്യക്കറിയാം അഹങ്കൃത മനുഷ്യരുടെ പാപമാണീ ദൈവകോപത്തിന്റെ അടിസ്ഥാനമെന്ന്. അതിനാൽ അവൾ ഉപവാസമാരംഭിച്ചു. തന്റെ തപശ്ചര്യയിലൂടെ ആ ക്രോധാഗ്നിയിൽ ജലമിറ്റിക്കാൻ പാടുപെടുകയാണവൾ. കർത്താവ് അവളോട് പറഞ്ഞു.

"മനുഷ്യരുടെ തിന്മകണ്ട് എനിക്കു സഹിക്കാൻ മേലാ. ഞാനനുഭവിക്കുന്ന ദുഃഖത്തിനും പരിഹാസത്തിനും ആരു പരിഹാരം ചെയ്യും?"

"തിരുമനസ്സുണ്ടെങ്കിൽ ഞാൻ പരിഹാരം ചെയ്തുകൊള്ളാം."

"ഇനി പത്തൊൻപതു ദിനങ്ങൾക്കൂടി ഈ ജനത രോഗദുരിതമനുഭവിക്കണമെന്നാണ് എന്റെ നിശ്ചയം. ഇത്രയും ദിവസങ്ങളിലും നീ കഠിന വേദന അനുഭവിക്കേണ്ടിവരും. തയ്യാറാണോ?"

"ഞാൻ സഹിച്ചുകൊള്ളാം."

അവൾ വിധേയപ്പെട്ട നിമിഷത്തിൽതന്നെ രോഗാണുക്കൾ ആ ഗ്രാമത്തിൽ നിന്നകന്നു. പിന്നീടാർക്കും വസൂരി പിടിപ്പെട്ടില്ല; ആരും വസൂരിയാൽ മരിച്ചുമില്ല. പകരം ത്രേസ്യയുടെ ഉടലിൽ ഭീകരരോഗത്തിന്റെ താണ്ഡവം. അപരരുടെ പാപപരിഹാർത്ഥം ഈ നൊമ്പരങ്ങൾ ഏറ്റെടുക്കുന്നതിൽ അവൾക്കാനന്ദമായിരുന്നു.

* * * * * * *

ജോസഫ് വിതയത്തിലച്ചനിപ്പോൾ മുഖ്യമായും രണ്ടുധർമ്മങ്ങളാണുള്ളത്. പള്ളിക്കാരുടെ ആത്മീയോത്തരവാദിത്വവും ത്രേസ്യയുടെ ആദ്ധ്യാത്മ പിതൃത്വവും. മൂന്നാമതൊരു ഭാരിച്ച ദൗത്യവും ചുമക്കാൻ പോവുകയാണദ്ദേഹം. ഒരു വലിയ പണിയുടെ നിർമ്മാണഭാരം. വികാരിയായി ഇവിടെ വന്നനാൾ മുതൽ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കുകയായിരുന്നു. തന്റെ ജ്ഞാനപുത്രിയുമായി ഇതിനെക്കുറിച്ച് പലതവണ ചർച്ചചെയ്തിട്ടുമുണ്ട്. ഈ ഏഴുകൊല്ലങ്ങളായി അവൾ അതിനുവേണ്ടി ഉള്ളുതുറന്നു പ്രാർത്ഥിച്ചു. അതുകൊണ്ടാവാം, ഈ ക്ലിഷ്ടവേലക്ക് മുന്നിട്ടിറങ്ങാൻ പ്രേരിതനാകുന്നത്.

കല്ലും മരവും ഉപയോഗിച്ചു കെട്ടിപ്പൊക്കുന്ന ആലയമല്ല ദൈവ

www.malankaralibrary.com

www.malankaralibrary.com



ത്തിനു പ്രീതീകരം എന്നറിയാം. വിശ്വാസികളേവരുമാണു ദൈവാലയങ്ങൾ. എങ്കിലും സഭാംഗങ്ങളുടെ എണ്ണം പെരുകുകയാണ്. അവർക്ക് ഒരുമയോടെ വന്നിരുന്ന് ദൈവത്തെ സ്തുതിക്കാൻ തീർച്ചയായും ഒരാലയം വേണം. ഇപ്പോഴുള്ള ചെറിയ പള്ളിയിൽ പകുതിപ്പേർക്കുപോലും നിൽക്കാനിടമില്ല. അതു ദ്രവിച്ചുനിലംപൊത്താറുമായി. അതിനാൽ വിശാലമായ അങ്കണത്തിൽ ദീർഘഭാവിയെ മുന്നിൽക്കണ്ട് വലിയൊരു പള്ളിതന്നെ പണിയണം.

ദേവാലയ പദ്ധതിയിൽ ജ്ഞാനപുത്രിക്ക് അതിരറ്റസന്തോഷം. പഞ്ചക്ഷതധാരിയാണ്. പീഡിതയാണ്. എങ്കിലും അവൾക്കീ ബൃഹത്കർമ്മത്തിൽ പങ്കുചേരണം.

അവൾ ആത്മതാതനെ കണ്ട് അറിയിച്ചു.

"പിതാവേ, നമ്മുടെ പള്ളിപ്പണിക്കുവേണ്ട ചില്ലറത്തുട്ടുകൾ യാചിച്ചുവാങ്ങാൻ എന്നെയും അനുവദിക്കണം.

"ഇപ്പോഴുള്ള ഉത്തരവാദിത്വങ്ങളുടെ ഭാരം പോരെ നിനക്ക്?"

"എന്നാൽ ആളുകൾ പറയുന്നത് ഞാനൊരു വേലേം കൂലീം ഇല്ലാത്തോളാണെന്നാണ്"

"നീ ആളുകളെ ഗൗനിച്ചുതുടങ്ങിയോ? ദൈവത്തെ അറിയുന്നവർ ആരെങ്കിലും നിന്നെ പഴിക്കുമോ!"

"പിതാവേ, ദൈവതിരുമനസ്സു മാത്രമേ എനിക്കാശയുള്ളു. അവിടുത്തെ ഇഷ്ടം നിറവേറ്റാനായി എനിക്കു കഴിവുണ്ടാകണമേ എന്ന് പിതാവു പ്രാർത്ഥിക്കണമേ".

"നീ ഇതുവരെ ചെയ്തവ പലജന്മങ്ങൾകൊണ്ടു സാധിക്കേണ്ടവയാണ്. എങ്കിലും പള്ളിപ്പണിക്കുവേണ്ടി നീ ഇരന്നെടുത്ത് എന്നെ സഹായിക്കുന്നത് വീണ്ടും ചീത്തപ്പേരിനു കാരണമായാലോ?"

അതുപറയുമ്പോൾ അച്ചന്റെ മുഖത്തു വിഷാദത്തിന്റെ മങ്ങൽ. ത്രേസ്യയും ഒരു നിമിഷം മൗനത്തിലാണ്ടു. ആത്മതാതൻ ഉദ്ദേശിക്കുന്നതെന്താണെന്ന് അവൾക്കറിയാം.

ഇപ്പോൾത്തന്നെ അനേകർക്ക് തങ്ങളുടെ ബന്ധം സംശയകരമാണ്. ദോഷാരോപണങ്ങളുടെ അഗ്നിവലയത്തിലാണിരുവരും. എങ്കിലും ദൈവരക്ഷയുടെ കവചമുണ്ട്. അതിനാൽ ദുഷ്ടർ വീണ്ടും വീണ്ടും പാടുപെടുകയാണ്. ആക്ഷേപാഗ്നിയിൽ ഇരുവരെയും വെണ്ണീറാക്കാൻ.

അത്തരം അനേകം സംഭവങ്ങൾ ഓർമ്മിക്കാനുണ്ട്. ഒന്നിനോടും



പ്രതികരിച്ചിട്ടില്ല. ആരോടും പരാതിപ്പെട്ടില്ല. മെത്രാസനക്കോടതിയിൽ വരെ എത്രയോ ആക്ഷേപങ്ങൾ ചെന്നുകഴിഞ്ഞു.

ദോഷാരോപണങ്ങളുടെ മൂർച്ചനാവുകളെ പക്ഷേ അവൾ ഭയന്നില്ല. അതുകൊണ്ടുതന്നെയാണ് പരസ്യമായി അദ്ദേഹത്തിനൊരു മംഗളപത്രം എഴുതി സമർപ്പിച്ചത്.

ക്രിസ്തുനാഥന്റെ ഉത്ഥാനത്തിനുശേഷമുള്ള മൂന്നാം ഞായറാഴ്ചയിലായിരുന്നു അത്. അന്നായിരുന്നു യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതിരുന്നാൾ. അതേ നാമധാരിയാണല്ലോ ആത്മതാതനും. നല്ല ഭാഷയിൽ, വടിവൊത്ത അക്ഷരത്തിൽ ഒരു മംഗളാശംസ എഴുതി അദ്ദേഹത്തിനു സമർപ്പിക്കാൻ കൊതിച്ചു. പക്ഷേ, അവൾക്കു ഭാഷാപരിചയമില്ല. നന്നായി വായിക്കാൻ പോലും അറിയില്ല. കയ്യക്ഷരം മോശവും. എങ്കിലും എഴുതേണ്ട ആശയം ഉള്ളിലുണ്ട്. പിന്നെ കൂട്ടുകാരികളുടെ സഹായം തേടി. പരിചയമുള്ള ഭാഷാപ്രവീണരുടെ പിൻബലവും സ്വരുക്കൂട്ടി. അങ്ങനെഴുതി. 'വന്ദ്യപിതാവേ', എന്നാണു സംബോധന. അലങ്കാരഭാഷയിലുള്ള കുറിമാനം ഇങ്ങനെ തുടങ്ങി.

ഭൂതലമെങ്ങും ഒളിവിതറി പ്രശോഭിക്കുന്ന സൂര്യബിംബത്തെപോലുള്ള അങ്ങേ വ്യക്തിപ്രഭാവത്തെ മനോമുകുരത്തിൽ ദർശിക്കുന്നതിനും അതു വാക്കുകളിൽ പ്രകടിപ്പിക്കുന്നതിനും അവിടുത്തെ ആത്മീയ മക്കളാൽ സാദ്ധ്യമല്ലായെന്ന് ബോദ്ധ്യമാണല്ലോ. രാജാളിപ്പക്ഷി തന്റെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി തന്റെ ഹൃദയം കുത്തിത്തുറന്നു സ്വന്തം രക്തം തന്നെ ഭക്ഷണമായി കൊടുക്കുന്നതുപോലെ അവിടുത്തെ പരിരക്ഷയിലുള്ള ഏവരെയും, പ്രത്യേകിച്ച് അയോഗ്യമക്കളായ ഞങ്ങളുടെയും ആത്മീയക്ഷേമത്തിനു വേണ്ടി പൈതൃക വാത്സല്യത്തോടെ നിരന്തരം ചെയ്യുന്ന വലിയ ക്ലേശങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയുടെ നേരെയുള്ള നന്ദിയാലും സ്നേഹത്താലും നിറയുകയാണ്. കൃതജ്ഞതാപ്രകാശനമായി അങ്ങേയ്ക്ക് ദീർഘായുസ്സും സുഖവും ആവശ്യമായ എല്ലാ പ്രസാദവരങ്ങളും സമൃദ്ധമായി ലഭിക്കേണ്ടതിന് ഞങ്ങളുടെ എളിയ പ്രാർത്ഥനകളിൽ ധാരാളമായി ഓർക്കുകയും ദിവ്യകാരുണ്യസ്വീകരണം തുടങ്ങിയ ഇന്നത്തെ സൽകൃത്യങ്ങളെല്ലാം ആ നിയോഗാർത്ഥം കാഴ്ചവയ്ക്കുകയും ചെയ്യുന്നു."

മംഗളലേഖനത്തിന്റെ ഒടുവിൽ 'അയോഗ്യമക്കൾ' എന്ന കൂട്ടുകർത്തൃത്വവും , ഈ മംഗളാശംസ അവൾ സമർപ്പിക്കുന്നതു നേരിട്ട

www.malankaralibrary.com

www.malankaralibrary.com



ല്ല. സുഹൃത്തുക്കൾ വശം കൊടുത്തയച്ചാണ്. അതവളുടെ വിവേകത്തിന്റെ സാക്ഷ്യകർമ്മം. ദൈവത്തെയല്ലാതെ മനുഷ്യരെ അവൾ ഭയക്കുന്നില്ല; എങ്കിലും അവരെ ശങ്കിക്കുന്നു. ഇപ്പോൾത്തന്നെ അപവാദങ്ങൾ വളരെയുണ്ട്. അത് ആളിപ്പടർത്താൻ തന്റെ നിർഭയത്വം കാരണമായിക്കൂടാ. അതുകൊണ്ടാണ് മുമ്പൊരിക്കൽ വിതയത്തിലച്ചൻ രോഗിയായിക്കിടന്നപ്പോൾപോലും അവൾ സന്ദർശിക്കാൻ പോകാതിരുന്നത്. ഇടവകജനം അച്ചനെ കാണാൻ എത്തുന്നുണ്ട്. തന്നെ അവിടെ കണ്ടാൽ അവർക്ക് ആക്ഷേപിക്കാനും കയർക്കാനും കാരണമാകും. അതിനാൽ രഹസ്യമായി കുറിപ്പയച്ചു.

"പിതാവേ, ദീനം എങ്ങനെയിരിക്കുന്നു? വല്ല കുറവും ഉണ്ടോ? അവിടെ വന്നു ശുശ്രൂഷിക്കാനാവത്തതിൽ എനിക്കു വലിയ വേദനയുണ്ട്. ഒരു കഷായം വച്ച് പിതാവിന് കൊടുത്തയയ്ക്കുന്നതിന് എനിക്കിഷ്ടമായിരുന്നു. പക്ഷേ, ജനങ്ങളെ വിചാരിച്ച് അതു ചെയ്തില്ല.

# ഇരുപത്തിരണ്ട്

അത്ഭുതം! മുൾപ്പടർപ്പിൽപ്പെട്ടിട്ടും നെടുനാൾ ഈ മനോജ്ഞ പുഷ്പം സുഹാസിതയായി നിന്നു; കൊടുങ്കാറ്റിലും ഇതൾ കൊഴിയാതെ തീച്ചൂടിലും വാടാതെ. മുപ്പത്താറു വത്സരങ്ങളാണ് കടന്നുപോയത്. വിഘ്നങ്ങൾ ഏറെയായിരുന്നു. വീട്ടിലും നാട്ടിലും എന്നിട്ടും തകർന്നടിഞ്ഞില്ല. അഥവാ പരാജിതയാകാൻ തമ്പുരാൻ തിരുമനസ്സായില്ല. എങ്കിലും മനസ്സിൽ താലോലിക്കുന്ന ഒരാഗ്രഹമുണ്ടെപ്പോഴും. ഈ ഗൃഹാന്തരീക്ഷത്തിൽ നിന്നും ഒരേകാന്ത വസതിയിലേക്കു ചുവടുമാറുക. ഈശ്വരഭജനത്തിന് അത് അനിവാര്യമാണെന്നു മനസ്സുപറയുന്നു. നിരന്തരഭജനത്തിലൂടെ ദൈവാത്മാവിൽ അവസാനം വിലയം കൊള്ളണം. മാത്രമല്ല, അതീന്ദ്രീയാനുഭൂതിയുടെ വിളനിലമാണവൾ. വിശകലനങ്ങൾക്കതീതമായ ഇത്തരം അവസ്ഥകൾക്കുമുമ്പിൽ വിഹ്വലരായ കാഴ്ച്ചക്കാർ. ചിലരുടെ പരിഹാസം. പ്രകീർത്തനങ്ങളുടേയും പരിഹാസങ്ങളുടേയും ആരവത്തിൽ മുങ്ങിനിൽക്കുന്ന അനുഭവം. അതിനാൽ നഷ്ടപ്പെടുകയാണ്, സ്വച്ഛമായ ഏകാന്തത.

അത്തരമൊരു വിജനാവസ്ഥയ്ക്കായി ഹൃദയം കൊതിക്കുകയാണ്. പലതവണ ഇക്കാര്യം ആത്മതാതനോട് അപേക്ഷിക്കുകയും ചെയ്തു. അവൾ പറയാതെ തന്നെ ഈ ഏകാന്തവസതിയുടെ അനിവാര്യതയെപ്പറ്റി അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ സ്വയം തീരുമാനിക്കുക വയ്യ. കാരണം, ത്രേസ്യ, ഒരു സാധാരണ യുവതിയല്ല. സഭാന്തരീക്ഷത്തിൽ കീർത്തിമതി. ദീനജനാവലിയുടെ ആരോമൽ. ശരിയെന്നോ തെറ്റെന്നോ തീർപ്പുകല്പിക്കാനാവത്ത ദുരൂഹാനുഭവങ്ങളുടേയും പാരവശ്യാനുഭൂതികളുടെയും വിളനിലം. അതിനാൽ ആഗ്രഹം മേനാച്ചേരി തിരുമേനിയുടെ മുമ്പിൽ സമർപ്പിച്ചു. അദ്ദേഹം പതിവുപോലെ ഇത്തവണയും അമ്പഴക്കാട് എഴുന്നെള്ളിയിരിക്കുന്നു. ത്രേസ്യ, കൂട്ടുകാരിയായ മറിയത്തെയും കൂട്ടി തിരുമേനിയുടെ മുമ്പിലെത്തി. നെഞ്ചിൽ ഏറെക്കാലമായി അമർത്തിവച്ച വിങ്ങൽ സഭാധികാരിയുടെ മുമ്പിൽ അവളർപ്പിച്ചു.

"പിതാവേ, എനിക്കു സ്വസ്ഥമായിരുന്നു തപസ്സുചെയ്യാൻ

www.malankaralibrary.com

www.malankaralibrary.com



ഒരു കൊച്ചുവീട് പണിയിച്ചു തരാൻ തിരുമനസ്സാകണമേ" മറ്റൊരു വീട്ടിലേക്കു മാറാൻ പരിശുദ്ധ മറിയമാണ് എപ്പോഴും പ്രചോദനമേകുന്നത്. അതിനാൽ ഇക്കാര്യം സഭാതലവന്റെ മുമ്പിൽപ്പോലും ധൈര്യപൂർവ്വം ഉണർത്തിക്കാൻ അവൾക്കാവേശം തന്നെ.

"ഒറ്റക്ക് നീ മാറിത്താമസിച്ചാൽ ഇപ്പോഴത്തെതിനേക്കാൾ കൂടുതലായി പല പ്രശ്നങ്ങളും നേരിടേണ്ടിവരും.'

"ദൈവം എല്ലാ അനർത്ഥങ്ങളിൽ നിന്നും കാത്തുകൊള്ളുമെന്ന് എനിക്കു നിശ്ചയമുണ്ട്. പിതാവേ"

"അതിലും നല്ലത്, നീ ഒരു മഠത്തിൽ ചേരുകയാണ്. അതാണു സുരക്ഷിതം.

തിരുവായക്കെതിർവായില്ല. അവൾ മിണ്ടടങ്ങി. മഠത്തിൽ ചേരുന്ന കാര്യം മുമ്പും തിരുമേനി കല്പിച്ചിട്ടുണ്ട്. പക്ഷേ, ദൈവത്തിന്റെ നിശ്ചയപ്രകാരം ജീവിക്കാനാണു ത്രേസ്യയുടെ ആശ. മഠാന്തരീക്ഷത്തിലേക്കുപോകാൻ ദൈവം കല്പിച്ചിട്ടില്ല. അങ്ങനൊരു പ്രേരണ ഇന്നോളം ഉണ്ടായിട്ടുമില്ല. അതിനാൽ മഠത്തിൽ ചേർന്നു ജീവിക്കാൻ ആഗ്രഹിച്ചിട്ടുമില്ല. എങ്കിലും സഭാതലവൻ അതിനുതന്നെ വീണ്ടും വീണ്ടും നിർബന്ധിക്കുന്നു.

ഇനി എന്തുചെയ്യും? അവൾ ധർമ്മസങ്കടത്തിലായി. എങ്കിലും ദൈവത്തിന്റെ പ്രതിപുരുഷന്മാരെ ധിക്കരിക്കുവാൻ ഒരിക്കലുമവൾക്കാവില്ല. അതിനാൽ വിനയപൂർവ്വം പ്രതികരിച്ചു.

"ഞാനെവിടേക്കു പോകണം പിതാവേ?"

ഒല്ലൂരിലുള്ള കർമ്മീലത്താ മഠത്തിലേക്ക്. കുറച്ചുനാൾ അവിടെ നീ താമസിക്ക്. ദൈവഹിതമറിയാൻ ആ ദിവസങ്ങളിൽ നീ പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളണം."

ത്രേസ്യ വീട്ടിൽ പോയി. വീട്ടുകാരെ വിവരമറിയിച്ചു.

"ഹാവു! ഇപ്പോഴെന്റെ കൊച്ചിന് നല്ല ബുദ്ധി തോന്നിയല്ലോ. കർത്താവേ," അപ്പൻ ഉറക്കെപ്പറഞ്ഞ് ആശ്വസിച്ചു.

"അതാ പെങ്ങളേ നല്ലത്, വെറുതെ ആളുകളെക്കൊണ്ട് അതുമിതും പറയിപ്പിക്കണ്ടല്ലോ"

ആങ്ങളയും സന്തോഷിച്ചു.

അമ്മയുടെ തടിപ്പെട്ടി പൊടിതുടച്ചെടുത്തു. ധരിച്ചിരിക്കുന്ന മുണ്ടും



ചട്ടയും തലമുണ്ടുമല്ലാതെ ഒരു ജോഡി കൂടിയേ അവൾക്കുള്ളൂ. അതു മടക്കി പെട്ടിയിലാക്കി.

നാളെത്തന്നെ മഠത്തിൽപോകാൻ നിശ്ചയിച്ചു. അതായത് ആയിരിത്തിതൊള്ളായിരത്തി പന്ത്രണ്ട്, നവമ്പർ ഇരുപത്തൊറിന്. കേട്ടറിഞ്ഞ് നാട്ടുകാരും പള്ളിക്കാരും വീട്ടിലെത്തി. ആശ്വാസത്തിന്റെയും സങ്കടത്തിന്റെയും മിശ്രവികാരങ്ങളോടെ വീട്ടുകാർ ഏങ്ങലടിച്ചു. നിസ്സഹായരായി മദ്ദ്യച്ചുഴിയിൽ താഴ്ന്നുപോകുന്ന അപ്പനെയും ആങ്ങളെയും അവൾ ദൈവതിരുമുമ്പിൽ പ്രാർത്ഥനയോടെ സമർപ്പിച്ചു. മുപ്പത്താറു കൊല്ലം താമസിച്ച വീടിനോടവൾ വിടചൊല്ലി. ആത്മപീഡാനുഭവങ്ങളുടെ ചെറിയ മുറിവിട്ടവൾ തിണ്ണയിലിറങ്ങി. പിന്നെ മുറ്റത്തേക്കും.

തടിപ്പെട്ടി കയ്യിലേറ്റിയപ്പോൾ ഉള്ളംകയ്യിലെ ക്ഷതത്തിൽ നിന്നും ചോര പൊടിഞ്ഞു. ചട്ടയുടെ നീളൻ കൈകളിൽ അതു പടർന്നു. ഉടൻ കൂട്ടുകാരി മറിയം പെട്ടി ഏറ്റുവാങ്ങി നടന്നു. മനം തകർന്നു നോക്കിനിൽക്കുന്ന ജനത്തെ ത്രേസ്യ തിരിഞ്ഞുനോക്കി. അതവർക്ക് അനുഗ്രഹകടാക്ഷമായിരുന്നു.

ഇരുപാദങ്ങളിലും ഉണങ്ങാത്ത ക്ഷതങ്ങളാണ്. അതിനാൽ ദീർഘദൂരം നടക്കാനാവില്ല. പക്ഷേ, നടക്കുകയേ നിവൃത്തിയുള്ളു; തീവെയിലിൽ ആയാൽപ്പോലും. മറ്റു സൗകര്യമാർഗ്ഗങ്ങൾക്കുള്ള പണം വീട്ടുകാർക്കില്ല. എന്നാൽ അവളുടെ ദീനസ്ഥിതി നന്നായറിയാവുന്ന വിതയത്തിലച്ചൻ ഒരു കാളവണ്ടി ക്രമീകരിച്ചിരിക്കുന്നു. അവൾ അതിൽ കയറി. വീടിനോടും നാടിനോടും വിടപറഞ്ഞ് ധന്യതയുടെ ആ ആൾരൂപം അങ്ങനെ അകന്നുപോയി.

ഒല്ലൂർ മഠത്തിലെ കന്യാസ്ത്രീകൾ ആകാംഷയോടെ കാത്തിരുന്നു. കാരണം, ത്രേസ്യയെപ്പറ്റി അവർ ധാരാളം കേട്ടിരുന്നു. പലരും കണ്ടിട്ടുമുണ്ട്. കൂടാതെ അത്യാദരണീയരായ മേനാച്ചേരി തിരുമേനിയും വിതയത്തിൽ ഔസേപ്പച്ചനും ആണ് അവളെ ഇവിടേയ്ക്കയച്ചിരിക്കുന്നത്.

ത്രേസ്യ ഒല്ലൂർ മഠത്തിലെത്തി. മരത്തണലുള്ള വിശാലങ്കണത്തിൽ അവൾ തെല്ലുനിന്നു. പ്രായാധിക്യത്താൽ കിടക്കയിൽ അഭയപ്പെട്ടവർപോലും ഉമ്മറപ്പടിയിൽ അവർക്കു സ്വാഗതമരുളാനെത്തി. ശ്വേതശിരോവസ്ത്രവും പിൻഞ്ഞൊറിവുള്ള മുണ്ടും കൈനീളമുള്ള ചട്ടയും ധരിച്ച് അസാധാരണ ജ്ഞാനതേജസ്സാൽ പുഷ്ടിപ്പെട്ട മുഖശ്രീയോടെ നിൽക്കുന്ന ത്രേസ്യയുടെ പക്കലേക്ക് കന്യാസ്ത്രീ വൃന്ദം ഇറങ്ങിവന്നു. അവളിൽ നിന്നുംഅവർ മരപ്പെട്ടി കയ്യിലേറ്റി. ദീർഘയാനത്താൽ

www.malankaralibrary.com

www.malankaralibrary.com



വേർപ്പിൽകുളിച്ച ത്രേസ്യായെ അവർ അകത്തേക്കാനയിച്ചു; തെക്കേയറ്റത്ത് അവൾക്കായി ഒഴിച്ചിട്ടിരുന്ന മുറിയിലേക്ക്. ചെമന്ന ഓടുപാകിയ തറയിലൂടെ നഗ്നപദങ്ങൾ വലിച്ചുവച്ചവൾ ക്ലേശത്തോടെ നടന്നു. തറയോടുകളിൽ നിണമുദ്രകൾ പതിയാതിരിക്കാൻ അവൾ ശ്രദ്ധയോടെ നടന്നു.

കന്യാസ്ത്രീകൾ അവളെ പൊതിഞ്ഞുനടന്നു. ഒരു ദുരൂഹ ജന്മത്തെയാണവർ അടുത്തുകാണുന്നത്. അത്തരം ഒരുപാടു കഥകൾ അവളെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ട്. അതുകൊണ്ടാവാം ചിലർ അവളെ തൊട്ടുനോക്കി. ആരും ദേഹത്തുതൊടുന്നത് അവൾക്കിഷ്ടമല്ല. ജനവലയത്തിൽ നിന്നും വേഗം മുന്നോട്ടു നടന്നു. നീണ്ട ഇടനാഴി കടന്ന് ഒഴിഞ്ഞ മുറിയുടെ വാതിൽക്കലെത്തി. അനുധാവനം ചെയ്തിരുന്നവർ പിന്മാറി.

മുറിയിൽ ത്രേസ്യയ്ക്കൊപ്പം ഇപ്പോൾ മൂന്നുപേർമാത്രം. എവുപ്രാസ്യ, ഇഗ്നേഷ്യ, മരിയാളൂയീസ എന്നീ കന്യാഗുരുക്കൾ.

മൂവരും അവളേക്കാൾ പ്രായമേറിയവർ. ആത്മാവിൽ വിശുദ്ധിയുടെ കെടാവിളക്കായി വന്ന നവാഗതയെത്തന്നെ അവർ നോക്കിനിന്നു.

കർമ്മീലത്താ സന്യാസിനീ സഭയുടെ പരമോന്നതാധികാരിയായിരുന്ന സിസ്റ്റർ ഇഗ്നേഷ്യ ഈ സമൂഹത്തെപ്പറ്റി അവളോടു പറഞ്ഞുതുടങ്ങി. തൃശ്ശൂരിലെ സർക്കാർ ആശുപത്രിയിൽ കാൽനൂറ്റാണ്ടോളം നേഴ്സ് ആയിരുന്ന സിസ്റ്റർ മരിയാളൂയിസയും സംസാരത്തിൽ പങ്കുകൊണ്ടു.

അപ്പോഴേക്കും പരിചാരിക കടന്നുവന്നു. കയ്യിലെ ഓട്ടുമൊന്തയിൽ മുളകും ഇഞ്ചിയും ചതച്ചിട്ട തണുത്ത സംഭാരം. മറുകയ്യിലെ പാത്രത്തിൽ ചെത്തിപ്പൂളിയ ഓമപ്പഴവും. ആശ്രമമുറിയിലിരുന്നു ഭക്ഷിക്കാൻ പാടില്ല. അതിനു പ്രത്യേകം ഊട്ടുശാലയുണ്ട്. ഭക്ഷണത്തിനു കൃത്യമായ സമയവുമുണ്ട്. എന്നാൽ ഇവ ചിലപ്പോൾ തിരുത്തപ്പെടാം; ചില പ്രത്യേക സാഹചര്യത്തിൽ മാത്രം. ഇവിടെ നവാഗത ക്ഷീണിതയാണ്.

പക്ഷേ, ത്രേസ്യയുടെ ശ്രദ്ധ പഴത്തിലും പാനീയത്തിലുമായിരുന്നില്ല. തടിപ്പെട്ടി തുറുന്നു നിഷ്ഠയോടെ കരുതവച്ചിരുന്നവ ഭക്ത്യാദരവോടെ എടുത്ത് അവൾ മേശമേൽ പ്രതിഷ്ഠിക്കുകയായിരുന്നു, അമ്മയിൽ നിന്നും ആത്മപിതാവിൽ നിന്നും കൈക്കൊണ്ട പൂജ്യവസ്തുക്കൾ. പ്രാർത്ഥനപ്പുസ്തകവും ഈശോ മരിച്ചുകിടിക്കുന്ന കുരിശും ഒരു കൊന്തയും.



ആത്മതാതൻ കല്പിച്ചുതന്ന ദിനചര്യകുറിച്ച കടലാസ് മേശമേൽ നിവർത്തിവച്ചു. പിന്നെ ആ കുരിശിനുമുമ്പിൽ അവൾ താണുപ്രണമിച്ചു. മുട്ടുകുത്തി വില്ലുപോലെ കുനിഞ്ഞ് തറയിൽ ചുംബിച്ചു. ദൈവമാതാവു ചെറുപ്പത്തിൽ പഠിപ്പിച്ച പ്രാർത്ഥന നിറമിഴികളോടെ ഉരുവിട്ടു. പെറ്റമ്മ പാടിപ്പതിപ്പിച്ച പുത്തൻപാനയിലെ ദീനരാഗം അവളുടെ ചുണ്ടുകളിൽ ഉണർന്നു. ഈ ഗൃഹപ്രവേശം തമ്പുരാന്റെ ഹിതപ്രകാരമാകാൻ നെഞ്ചുകലങ്ങി അപേക്ഷിച്ചു. പിന്നെണീറ്റു.

“മോളേ, ഇതു കുടിക്ക്

എവുപ്രാസിയമ്മ പറഞ്ഞു.

അവൾ താഴ്മയോടെ അനുസരിച്ചു.

“സന്യാസാർത്ഥിനികളുടെ ഗുരുവാണ് എവുപ്രാസിയമ്മ. നോവിസ് മിസ്ട്രസ്സെന്നു പറയും”

സിസ്റ്റർ ഇഗ്നേഷ്യ പരിചയപ്പെടുത്തി. ത്രേസ്യ, ഗുരുനാഥയെ കൂപ്പി വണങ്ങി.

അതൊരു ദൃഢചേർച്ചയുടെ ആരംഭമായിരുന്നു കാരണം ഭൗമികർക്കു ദുർഗ്രഹമാകുന്ന ദിവ്യാനുഭവങ്ങളുടെ പൊരുളറിയുന്നവളായിരുന്നു എവുപ്രാസിയമ്മ. ഹൃദയത്തെ സഹനാഗ്നിയലർപ്പിച്ച് കറതീർന്ന തനിത്തങ്കമാക്കി മാറ്റി, സ്രഷ്ടാവിനു കാഴ്ചവയ്ക്കാൻ കൊതിക്കുന്ന ജന്മമായിരുന്നു. അത്. ദിവ്യാനുഭൂതികളും പാരവശ്യാനുഭവങ്ങളും പലതവണ അനുഭവിച്ചവൾ. ആ കന്യാഗുരുവിന് ത്രേസ്യ ഒരു ദുർഗ്രഹമൂർത്തിയല്ല; മണ്ണിൽ വഴി തെറ്റി നിപതിച്ച മാലാഖയല്ല.

മണ്ണിലെ കന്യാംഗനയ്ക്ക് ആത്മപരിത്യാഗത്തിലൂടെ കൈവന്ന ജ്ഞാനരൂപമാണിത്, ആത്മീയ മണവാളനായ ഈശോയിലേക്കുള്ള ദാഹാർത്ത പ്രയാണത്തിന്റെ ഗതിവേഗമാണിത്. ലോകം ഗണിക്കുന്നതുപോലെ ഇവൾ ഒരു പ്രഹേളികയല്ല. ദൈവൈക്യത്തിനായി ഭൗമവാസനകളെ പരിത്യജിക്കാൻ ഒരുക്കമുള്ള ഏതൊരാൾക്കും കൈവരാവുന്ന അതുല്യാനന്ദപദമാണിത്.

എന്താണിവളെ പഠിപ്പിക്കേണ്ടതെന്നായിരുന്നു എവുപ്രാസിയമ്മയുടെ ചിന്ത. തലച്ചോറിൽ തിരുകിക്കയറ്റാനുള്ളതല്ല ജ്ഞാനം. അതു പ്രാർത്ഥനാ നിറവുള്ള ആത്മാവിന്റെ സാഫല്യമാകുന്നു. നിറഞ്ഞുപതഞ്ഞു തുളമ്പുന്ന വീര്യമുള്ള ധ്യാനാനുഭവത്തിന്റെ ഉറവയായ ഈ നവാർത്ഥിനി ജ്ഞാനസമ്പുഷ്ടയാണെന്നറിയാം. എങ്കിലും മേനാച്ചേരി

www.malankaralibrary.com

www.malankaralibrary.com



തിരുമേനിയുടെ കല്പനകൾ അനുസരിക്കേണ്ടതുണ്ട്.

തൈച്ചെടികളുടെ നടുവിൽ നെടിയ തണൽ മരം പോലെ അർത്ഥിനികളുടെ ഗണത്തിൽ ത്രേസ്യയുടെ നില ഉന്നതമായിരുന്നു.

ആകർഷണീയവും മാതൃകാമൂർത്തിയുമായ ത്രേസ്യയെ കിട്ടിയതിൽ ഏവർക്കും പരമാഹ്ലാദം. അവളുടെ ആത്മാവിൽ എരിയുന്ന പ്രാർത്ഥനാത്തീനാളങ്ങളുടെ താപം ചുരുങ്ങിയ നാളുകളിൽക്കുള്ളിൽ ഓരോരുത്തരിലേക്കും സംക്രമിക്കുകയായിരുന്നു. പ്രായാധിക്യമുള്ള കന്യാസ്ത്രീകൾപോലും ഇത്രമേൽ ദൈവാഭിനിവേശിതയായ ഒരത്ഭുതാംഗനയെ കണ്ടിട്ടില്ല. അതിനാൽ മഠാധിപ എല്ലാ അന്തേവാസികളുടെയും പേരിൽ തൃശ്ശൂർ അരമനയിലേക്കെഴുതി.

ഒരു കാശുപോലും ലഭിക്കാതെ തന്നെ അവളെ മഠത്തിലേക്കു സ്വീകരിക്കാൻ ഒരുക്കമാണെന്നാണെഴുതിയത്. ത്യാഗാധിഷ്ഠിതവും പുണ്യാവേശിതവുമായ അവളുടെ വ്യക്തിപ്രഭാവത്തിന്റെ പ്രകീർത്തനങ്ങളായിരുന്നു എഴുത്തിലെ ഓരോ വാക്യവും, മേനാച്ചേരി തിരുമേനി അതു ശ്രദ്ധയോടെ വായിച്ചു. പണ്ടവൾ അദ്ദേഹത്തിന് ഒരു ചതുർത്ഥിയായിരുന്നു. അവളെപ്പറ്റി ഓർക്കുന്നതും പറയുന്നതും അസഹിഷ്ണുതയോടെയായിരുന്നു. എന്നാൽ അവളെക്കണ്ട നിമിഷത്തിൽ തന്റെ മനോഗതിയിലും മാറ്റങ്ങൾ ഉണ്ടാവുകയായിരുന്നു. സംസാരിക്കാൻ ലഭിച്ച അവസരത്തിലൂടെ ആ മാറ്റം കൂടുതലറിഞ്ഞു.

പൂർണ്ണമായി ഉൾക്കൊള്ളാനാവുന്നില്ലെങ്കിലും ഇന്നവൾ തന്റെ ചിന്തയിൽ ഭൂതാവേശിതയല്ല; കപടയല്ല; നിഗളിയല്ല. എന്തൊക്കെയോ പ്രത്യേകതകൾ നിറഞ്ഞ ഒരത്ഭുതാംഗന. ഒരു പക്ഷേ, ഈ ചിന്തയിലേക്കു തന്നെ വഴി തെളിച്ചത് പരിശുദ്ധ കന്യാമറിയമായിരിക്കാം. ത്രേസ്യയെപ്പറ്റിയുള്ള സത്യമായ വെളിപ്പെടുത്തലുകൾക്കായി അന്നുമുതൽ ദൈവമാതാവിനോട് താൻ അപേക്ഷിക്കുകയായിരുന്നല്ലോ. അനുക്രമം വികസ്വരമായിരിക്കുന്ന ഈ വെളിപ്പെടുത്തൽമൂലം ചിലപ്പോൾ ഭാവിയിൽ താനും അവളുടെ പ്രകീർത്തകനായിത്തീർന്നേക്കാം. എന്നാൽ അതുവരെ മൗനമായിരുന്നേ മതിയാകൂ. സമീപനത്തിൽ ഗൗരവചിന്ത ലേശവും കൈവിടാതെയും കഴിയണം. അതിനാൽ ഉടൻ മറുപടി എഴുതി മഠത്തിലേക്കയച്ചു.

"എല്ലാം സാവകാശം മതി. അവൾക്കു മഠത്തിൽ തുടരാനുള്ള ദൈവവിളിയുണ്ടോ എന്നറിയാനായി നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിച്ചു കൊള്ളണം. എങ്കിലും മഠത്തിനുയോജിച്ച വിധത്തിലുള്ള വസ്ത്രങ്ങൾ



അവൾക്കു നൽകണം. കൂടാതെ സങ്കീർത്തനങ്ങളും കാനോന നമസ്ക്കാരങ്ങളും അവളെ പഠിപ്പിക്കണം."

ആ കത്തിന്റെ അടിസ്ഥാനത്തിൽ മഠാധിപ അവൾക്ക് പ്രത്യേക വേഷം നിർദ്ദേശിച്ചു. സന്യാസിനിക്ക് അനുയോജ്യമായ ഒരുടുപ്പ്. ഇടക്കെട്ടിൽ കൊന്ത, ചെരുപ്പ്. തലമുണ്ട് പണ്ടേയുണ്ടല്ലോ.

എന്തുകൊണ്ടോ, മഠാന്തരവാസത്തിൽ ത്രേസ്യയ്ക്ക് അതൃപ്തി! ഉള്ളുരുകി പ്രാർത്ഥിച്ചിട്ടും പൊരുത്തപ്പെടാനാവാത്ത അവസ്ഥ! ഈ പുതിയ വേഷം പോലും ഒരു ഭാരമായി തോന്നി. സാധുസേവനത്തിൽ നിന്നും പിന്തിരിഞ്ഞ് ആശ്രമത്തിലെ പരിമിതാന്തരീക്ഷത്തിൽ ഒതുക്കപ്പെട്ടുപോകുന്നതാവാം. ഈ സന്ദിഗ്ദ്ധാവസ്ഥയുടെ കാരണം. അഥാവാ ഇത്തരമൊരു രൂപമാറ്റത്തിനും ഭാവാന്തരത്തിനും നേരമാകത്തതുമാകാം. ഇവിടെ ഈ തടവറയിൽ കിടക്കുമ്പോൾ കാതുകളിൽ അലയടിക്കുന്നത് ആരുവോരുമില്ലാത്ത ദീന ജനസഞ്ചയത്തിന്റെ അശരണനിലവിളികളാണ്. ആ വിപ്രലാപങ്ങൾക്കു നേരെ കൊട്ടിയടക്കപ്പെട്ട തന്റെ കാതുകൾ എന്തിനുകൊള്ളാം! ഒന്നും ചെയ്യാനാവാത്ത ഈ ദുരവസ്ഥ ദൈവത്തിനിഷ്ടപ്പെടുമോ? പണിയും ആരാധനയും ധ്യാനവും എല്ലാം തന്റെ പ്രാണഹേതുക്കളാണ്.

എന്നാൽ ഇവിടുത്തേതുപോലെ, അത് അനുഷ്ഠാനപരമല്ല താനും. തന്റെ പ്രാർത്ഥന, സേവനാധിഷ്ഠിതമാണല്ലോ.

എന്നാൽ യാതൊരനിഷ്ടവും പ്രകടിപ്പിക്കാതെ മിണ്ടടങ്ങി. അധികാരികളുടെ കല്പനകൾക്കു മുമ്പിൽ തലവണങ്ങി. നിർദ്ദേശങ്ങളെല്ലാം പാലിച്ചു.

എന്തുപഠിപ്പിക്കണെന്നാശങ്കപ്പെട്ടിരുന്ന എവുപ്രാസിയമ്മക്കും മെത്രാച്ചന്റെ കത്തു സഹായകമായി. നിർദ്ദേശങ്ങൾ അതിലുണ്ടല്ലോ. അരുമശിഷ്യയെ സവിശേഷമായ പരിഗണനയോടെ എവുപ്രാസിയമ്മ പഠിപ്പിച്ചു തുടങ്ങി. സങ്കീർത്തനങ്ങളായിരുന്നു പ്രാരംഭ പഠനഭാഗങ്ങൾ. അൻപത്തൊന്ന്, നൂറ്റിരുപത്തൊമ്പത്, നൂറ്റിമുപ്പത് എന്നീ സങ്കീർത്തനങ്ങൾ.

ശിഷ്യയുടെ ഭാഷാബോധത്തെപ്പറ്റി ഗുരുവിനറിയാം; കേവലം കളരി വിദ്യാഭ്യാസം മാത്രം. നന്നായി എഴുതാനറിയില്ല; വായിക്കാൻ പോലും. അതിനാൽ ഗുരനാഥ തന്നെ സങ്കീർത്തനങ്ങൾ കുറിച്ചുകൊടുത്തു; സ്വയം തുന്നിക്കൂട്ടിയ ഒരു പുസ്തകത്തിൽ. പ്രിയ ശിഷ്യയോടുള്ള, സ്നേഹാധിക്യത്താൽ നെഞ്ചുരുക്കുന്ന ആത്മ പ്രേരിത പ്രാർത്ഥന

www.malankaralibrary.com

www.malankaralibrary.com



കളും അതിൽ എഴുതി നൽകി.

ശിഷ്യയെപ്പോലെ ഗുരുനാഥയും ജപമാല ഭക്തയിൽ ആഴ്ന്നിറങ്ങിയിരുന്നു. കൊന്തയുടെ ആവർത്തനജപങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ആത്മീയശക്തി ശിഷ്യയിലേക്കു പകരുകയായിരുന്നു ആ മഹതി. വിശ്വാസവും ശരണവും സ്നേഹവും അലയടിക്കുന്ന സുകൃതമന്ത്രങ്ങളാണ് കൊന്തയിലൂടെ ഉരുക്കഴിക്കേണ്ടതെന്ന ജ്ഞാനം ശിഷ്യയിലേക്കു പകർന്നു. കൊന്തയുടെ ചെറുമുത്തുകളിൽ തൊടുമ്പോൾ എന്തു പ്രാർത്ഥിക്കണമെന്നഭ്യസിപ്പിച്ചു; "കർത്താവേ, നിന്നെ ഞാൻ സ്നേഹിക്കുന്നു."

"വലിയ മുത്തിൽ തൊടുമ്പോൾ എന്തുപ്രാർത്ഥിക്കണം അമ്മേ?" ത്രേസ്യ ജിജ്ഞാസയോടെ ആരാഞ്ഞു.

"കർത്താവേ നിന്നെ ഞാൻ വളരെയധികമായി സ്നേഹിക്കാൻ ഇടയാക്കണമെ എന്നു പ്രാർത്ഥിക്കണം."

അതു കേട്ടവൾ കോരിത്തരിച്ചു. കർത്താവിനെ അധികമധികം സ്നേഹക്കാനാണവൾ പിറന്നതുതന്നെ.

ഈ പ്രാർത്ഥനകൾ ശ്വസനതാളംപോലെ ജീവാന്ത്യത്തോളം കൊണ്ടുനടക്കാനാണവൾക്കഭിനിവേശം.

കുറിപ്പു പുസ്തകത്തിന്റെ അവസാനതാളിലും എവുപ്രാസ്യയമ്മ എഴുതി. തനിക്കുവേണ്ടി ത്രേസ്യയോട് ഒരു പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ടുള്ള എഴുത്ത്. നല്ലൊരു മരണം തനിക്കു ലഭിക്കാൻ വേണ്ടി പ്രിയ അർത്ഥിനിയിൽനിന്നും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്ത്. ക്ഷമയുടെ പരകോടിയിൽ അവസാനശ്വാസത്തോളം ജീവിക്കാനുള്ള കൃപയും ഈ പ്രാർത്ഥനാപേക്ഷയിലുണ്ടായിരുന്നു.

# ഇരുപത്തിമൂന്ന്

ശാന്ത ജലാശയത്തിൽ എടുത്തെറിയപ്പെട്ട കൽക്കഷണമായിരുന്നു, ത്രേസ്യാ. സൗമ്യശീലയും സാധുവമാണവൾ, പക്ഷേ, എവിടെ ചെന്നാലും സംസാരവിഷയമാകും. സമൂഹത്തിന്റെ മന്ദതയ്ക്ക ഇളക്കമുണ്ടാക്കും. ലോലതരംഗം പോലും ജീവിതത്തിൽ ആഗ്രഹിക്കാത്തവർക്ക് ഈ ചലനം അസഹ്യമാണ്.

ഒല്ലൂർ മഠത്തിലും ഇതാണനുഭവം. സമയനിഷ്ഠപ്രകാരം മാത്രമുള്ള പ്രാർത്ഥനയല്ലവളുടേത്. ദൈവം ഒരദൃശ്യശക്തിയല്ലവൾക്ക്. അതിനാൽ പ്രാർത്ഥന അവൾക്കൊരു സ്വകാര്യസംഭാഷണമാണ്; തീഷ്ണ ഭാവത്തോടെയുള്ള ആത്മഭാഷണം. പലർക്കുമിതുകിറുക്കാണ്. ഇവിടെ വന്നിട്ടിപ്പോൾ ഏതാണ്ടൊരു മാസമായി. ഇതുവരെയും കാര്യമായൊന്നും അവൾ ഭക്ഷിച്ചു കണ്ടില്ല. പ്രാണൻ പിരിയാതിരിക്കാൻ എന്തെങ്കിലും കൊറിച്ചെങ്കിലായി, കുടിച്ചെങ്കിലായി! ഊണിലും ഉറക്കത്തിലുമൊന്നും തീരെ ശ്രദ്ധയില്ല. എന്നിട്ടും ഇവൾ എന്നും കുർബ്ബാനയ്ക്കു പോകുന്നു. ഭക്ത്യനുഷ്ഠാനങ്ങളിൽ മുഴുകുന്നു. അതാണത്ഭുതം! മാലാഖമാർ അപ്പവുംപാലും അവളുടെ മുറിയിലെത്തിക്കുന്നുണ്ടുപോലും. ഇതൊക്കെ ആരു വിശ്വസിക്കും!

കഴിഞ്ഞ ദിവസം അവളെ കാണാതായി. തെരയാൻ മഠത്തിൽ ഇടം ബാക്കിയില്ലാതായി. അവസാനം കണ്ടെത്തി. നെൽപ്പുരയിൽ, കഴുത്തുവരെ നെൽക്കൂനയിൽ താഴ്ന്ന നിലയിൽ.

"ഇതെന്തു ഭ്രാന്താ?" ചിലർ കയർത്തു.

"ഞാനെന്തു പിഴച്ചു? പിശാചുക്കൾ ഇവിടെയും എനിക്കു സ്വൈരം തരുന്നില്ല". ത്രേസ്യ വിഷമത്തോടെ പറഞ്ഞു.

പിശാചുക്കൾ പോലും! നാശം! എന്നിട്ടിവിടെ? മറ്റാരെയും പിശാചുക്കൾ ഉപദ്രവിക്കുന്നില്ലല്ലോ.

നിറഞ്ഞ നെൽക്കുമ്പാരത്തിൽ നിന്നും പിഴുതെടുക്കുന്നതിടിയിൽ കുശിനിപ്പെണ്ണുങ്ങൾ പിറുപിറുത്തു.

ത്രേസ്യ മുറിയിലേക്കു മടങ്ങി.

www.malankaralibrary.com

www.malankaralibrary.com



കുടുതൽ ശകാരങ്ങളിൽ നിന്നും അവൾക്കു രക്ഷയായി എവുപ്രാസിയമ്മ ഉണ്ടായിരുന്നു. പിശാചിന്റെ പരീക്ഷണങ്ങളെന്താണെന്ന് ആ പുണ്യചരിതയ്ക്കറിയാം. അത് അനവധിതവണ അനുഭവിച്ചവളുമാണ്. തനിക്കുണ്ടായിട്ടുള്ള പല അവർണ്ണ്യാനുഭവങ്ങളുടേയും ഉടമയായ ഈ നവശിഷ്യയുടെ അവസ്ഥയെപ്പറ്റിയും ഗുരനാഥയ്ക്കറിയാം. പക്ഷേ, ആരോടും ഒന്നും പറഞ്ഞില്ല. അവളെ സമാശ്വസിപ്പിക്കുക മാത്രം ചെയ്തു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ആരോ ഇടനാഴിയിൽ വിളിച്ചു കൂവി.

"ത്രേസ്യയുടെ മുറിയിലേക്ക് ഓടിവായോ!"

നവാർത്ഥിനിയായ ബൊനവെഞ്ചറയുമായി സംസാരിച്ചിരുന്ന എവുപ്രാസിയമ്മ അതുകേട്ടു തിടുക്കത്തിൽ നടന്നു. ത്രേസ്യയുടെ മുറിയിലേക്ക് മഠാംഗങ്ങളെല്ലാം ഓടിക്കൊണ്ടിരുന്നു. ബദ്ധപ്പെട്ട് എത്തിനോക്കുമ്പോൾ ആ കാഴ്ച കണ്ടു. സകല കണ്ണുകളിലും വിസ്മയപ്പെരുമയുണർത്തുന്ന കാഴ്ച!

ത്രേസ്യയുടെ അർദ്ധഗാത്രം കട്ടിലിൽ. മുകൾഭാഗം കട്ടിലിനു പിന്നിലെ ഭിത്തിയിൽ അമർന്നിരിക്കുന്നു. കരങ്ങൾ ഇരുവശങ്ങളിലേക്കും വലിച്ചുതറച്ചമാതിരി. കൺപോൾകൾ ചേർന്നടിഞ്ഞിരുന്നു.

"ത്രേസ്യാ... ത്രേസ്യാ...." പലരും സങ്കടപ്പെട്ടു വിളിക്കുന്നുണ്ട്. യാതൊരു പ്രതികരണവുമില്ലാതെ അവൾ തൂങ്ങികിടന്നു.

"ഇതൊക്കെ അവളുടെ വെറും തന്ത്രങ്ങളാ" ചിലർ അടക്കം പറഞ്ഞു.

"മിണ്ടാതിരിക്ക്. സ്വമേധയാ ഇത്രയും നേരം നിങ്ങൾക്കൊന്നുകിടന്നു കാണിക്കാമോ?" അതു കേട്ട് ചിലർ ശാസിച്ചു.

പ്രജ്ഞയറ്റുകിടന്ന ത്രേസ്യയുടെ ചുണ്ടുകൾ ഉടൻ പരീക്ഷകർക്കു നേരെ ശബ്ദിച്ചു.

"സംശയമുണ്ടോ? എങ്കിൽ എന്റെ കൈകൾ പിടിച്ചു വലിച്ചുനോക്കിക്കൊള്ളു."

രണ്ടു കന്യാസ്ത്രീകൾ മുന്നോട്ടു വന്നു ഇരുവശങ്ങളിലും നിന്നു. പിന്നെ ഓരോ കയ്യിലും പിടിമുറുക്കി. ആഞ്ഞുവലിച്ചു. കൈകൾ അനങ്ങിയില്ല. ഭിത്തിയിൽ അനേകം ആണികളാൽ തറച്ചുറപ്പിച്ചതുപോലെ. യത്നം പലതവണ തുടർന്നു. പക്ഷേ വിഫലം. കിതച്ചു പിൻതിരിഞ്ഞപ്പോൾ അബോധാവസ്ഥയിൽ കിടന്ന ത്രേസ്യയുടെ ശബ്ദം ഇഴഞ്ഞു.



"എന്താ? കൈകൾ പറിച്ചുമാറ്റാൻ പറ്റുന്നില്ലേ?"

ആ വഴി വന്ന ചിറമേൽ അന്തോണി തരകന്റെ കാതുകളിലും ഈ വാർത്ത നിറഞ്ഞു. സുപ്രസിദ്ധ വൈദ്യനാണ്. ആളെ നോക്കി രോഗനിർണ്ണയം നടത്താൻ സിദ്ധിയുള്ളവൻ. കേട്ടറിഞ്ഞിടത്തോളം നവാർത്ഥിനിക്ക് മനോരോഗമാകാം; മോഹാത്സ്യമാവാം; ആത്മാവിന്റെ പരകായ പ്രവേശമാകാം. മരുന്നും മന്ത്രവും മൂലം ഇതിനെല്ലാം പോംവഴിയുണ്ട്.

പക്ഷേ, ത്രേസ്യയുടെ നില വന്നുകണ്ട ഭിഷഗ്വരശിരോമണിയുടെ ഭാവം മാറി.

"ഇതു ദീനമല്ല. ഭൂമിയിൽ കുറച്ചാളുൾക്കു മാത്രം വല്ലപ്പോഴും കിട്ടുന്ന ആത്മാവിന്റെ സ്വർഗ്ഗക്കാഴ്ചയാണ്."

ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു, തൊട്ടറിഞ്ഞശേഷമുള്ള അനുഭവസമ്പന്നന്റെ നിഗമനത്തിനുമുമ്പിൽ പിന്നാരും ഒരക്ഷരംപോലും പ്രതികരിച്ചില്ല. ത്രേസ്യ സാധാരണ നിലയിലാകുന്നതുവരെ അവർ പ്രാർത്ഥനാപൂർവ്വം വീർപ്പടക്കി കാത്തുനിന്നു.

ത്രേസ്യ ഉണർന്നു. യാതൊന്നും സംഭവിക്കാത്തമട്ടിൽ അവൾ കർമ്മതലങ്ങളിലേക്കു കടന്നു.

വിവരങ്ങൾ യഥാസമയം മെത്രാച്ചനെ അറിയിക്കാൻ ഉത്സുകരാണു കന്യാസ്ത്രീകൾ. അദ്ദേഹത്തിന്റെ സജീവ ചിന്തയിൽ അവൾ അങ്കുരിച്ചിട്ട് വർഷങ്ങളേറെയായി. ഇപ്പോൾ അതൊരു ഗഹനവിഷയമായി ഉള്ളിൽ വളരുകയാണ്.

അതോടെ അവളെപ്പറ്റി പലരോടും പറയുകയും ചെയ്തു.

അവരുടെ അഭിപ്രായം സമാഹരിക്കാമല്ലോ. തൃശ്ശൂർ തിരുഹൃദയമഠത്തിൽ ചെന്നപ്പോഴും മെത്രാച്ചൻ അവളെപ്പറ്റി പുതുക്കന്യാസ്ത്രീകളോടു വളരെ താല്പര്യത്തോടെ പറഞ്ഞു.

"നിങ്ങൾക്കൊരു പഞ്ചക്ഷതയെ കാണിച്ചുതരാം. ഒല്ലൂർ മഠത്തിൽ വരെ പോയാൽ മതി. നിങ്ങളെല്ലാവരും അവളെ അറിയും. മങ്കിടിയാൽ ത്രേസ്യയാണ്. അവളുടെ മുറിവുകൾ സൂക്ഷിച്ചു നോക്കി, എന്നോടഭിപ്രായം പറയണം. എന്താ?"

ഏവർക്കും ജിജ്ഞാസ, അവർ ഉടൻ പുറപ്പെടുകയും ചെയ്തു;

www.malankaralibrary.com

www.malankaralibrary.com



നടന്നും കാളവണ്ടിയിലും.

കാഴ്ചശാലയിലെ വിചിത്ര ജീവിയെയെന്ന വിധം ഇത്തരക്കാർ അവളുടെ മുറിയുടെ വിടവിലൂടെ കൗതുകത്തോടെ കണ്ടുനീങ്ങി. ഒരു പരീക്ഷണ ജീവിയായി കഴിയേണ്ടി വരുന്നതിൽ ത്രേസ്യ വിലപിച്ചു. കരയിൽപ്പെട്ട മീൻപോലെ അവൾ പിടഞ്ഞു. ദിനംതോറുമുള്ള ദിവ്യാനുഭവങ്ങളുടെ പൊരുളുകൾ എന്തെന്നറിയാൻ കഴിയുന്നില്ല. പറഞ്ഞുതരാനാരുമില്ല. ദൈവം കാട്ടിത്തന്ന ആത്മീയ പിതാവ് അരികിലില്ല. അദ്ദേഹം വിദൂരതയിലാണ്. ആ മുഖമൊന്നുകാണാൻ നെഞ്ചുതുടിക്കുകയാണ്. സാന്ത്വനസ്പർശത്തിനായി ആത്മാവു ദാഹിക്കുകയാണ്. ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെയും ശങ്കകളുടെയും കൂമ്പാരം മനസ്സിനെ ഭാരപ്പെടുത്തുന്നു. എല്ലാം അദ്ദേഹത്തിന്റെ പേർക്കു കുറിച്ചയ്ക്കാൻ എത്രയേറെ താളുകൾ വേണ്ടിവരും! അതിനുള്ള കടലാസ്സുകൾ പോലും അദ്ദേഹമാണു തന്നിരുന്നത്. എല്ലാം തീർന്നിരിക്കുന്നു. ഇനിയുള്ള കുറിമാനത്തിനായി ഏവുപ്രാസിയമ്മയിൽ നിന്നും കടംകൊണ്ട കടലാസ്സുകൾ മാത്രം.

കണ്ണീർത്തുള്ളികൾ വീണുപടർന്ന താളിൽ അവൾ ഹൃദയവേദനകൾ പകർത്തി.

"എത്രയും സ്നേഹപിതാവേ,

ഈ മഠത്തിൽ പോരണമെന്നു പിതാവിനോടു ഞാൻ പറഞ്ഞോ? ഇല്ല. പിതാവ് എന്നോട് എന്തുകല്പിക്കുന്നുവോ അതുപോലെ എല്ലാറ്റിനും ഞാൻ കീഴ്വഴങ്ങിയിരുന്നു എന്നാണ് എന്റെ വിശ്വാസം.

എന്റെ സ്നേഹആങ്ങളേ, ഞാനവിടം വിട്ടു പോന്നിട്ട് ഒന്നരമാസത്തോളമായല്ലോ. എനിക്ക് മഠത്തിന്റെ ക്രമം എങ്ങനെയാണെന്ന് ഇപ്പോഴും ഒരു വിവരവുമില്ല. ഒന്നുകൊണ്ടും വ്യസനിക്കേണ്ടായെന്ന് എന്നോടു പറഞ്ഞിരുന്ന പ്രകാരം ഉറപ്പായി കരുതിയിരിക്കുന്നു. എനിക്കു പിതാവിനെ ഒന്നു കണ്ടാൽ മതി. എഴുതുന്നതിനു പലതുമുണ്ട്. ദുഃഖം കൊണ്ടുവശമാകുന്നില്ല.

പിതാവിനോട് ഗുണദോഷവും വാഴ്വും അപേക്ഷിച്ചു കൊണ്ടു നിർത്തുന്നു.

എന്ന് അങ്ങേ ജ്ഞാനമകളായ ത്രേസ്യ"

ആത്മാവിന്റെ ഇരുണ്ട രാത്രികളിലൂടെ ഒറ്റയ്ക്കു നടക്കുമ്പോൾ വഴികാട്ടിയാണാ ധ്രുവനക്ഷത്രം. ആ വെളിച്ചം തന്നിൽനിന്നും അകലെയാണിന്ന്. അതെന്നേക്കുമായി തനിക്കു നഷ്ടപ്പെടുമോ! എങ്കിൽ ഈ താപസാഗരവാസം, ആത്മാവിന്റെ നിത്യരാത്രികൾ നിറഞ്ഞതായിരിക്കില്ലേ! ഓർക്കാൻപോലും വയ്യാത്ത ദുർഭഗാവസ്ഥയിലേക്ക് അതു തന്നെ വലിച്ചെറിയില്ലേ? എന്നാൽ അതിനു ദൈവം ഇടവരുത്തുമോ? അതാണു തന്റെ വിധിയെങ്കിൽ എന്നേ അദ്ദേഹത്തിനു സ്ഥലംമാറ്റം ലഭിക്കുമായിരുന്നു. വളരെ അപൂർവ്വമായൊരു സംഭവമല്ലേ ഒരാത്മീയാചാര്യൻ പത്തുകൊല്ലങ്ങളായിട്ടും സ്ഥലം മാറാതെ തുടരുന്നത്! ദൈവത്തിന്റെ ഈ പദ്ധതികളെല്ലാം തന്റെ ക്ഷേമത്തിനുവേണ്ടിയല്ലേ? അതുവഴി ലോകത്തിനു നന്മകൈവരാൻ വേണ്ടിയല്ലേ?



തന്റെ മനോവേദനയറിഞ്ഞ് ആ താപസഹൃദയവും പിടയുന്നുണ്ടാവും. ജ്ഞാനപ്രകാശത്തിന്റെ നേർവഴിവെട്ടം ഇ ആത്മസുതയ്ക്കു നൽകാൻ അദ്ദേഹവും ആശിക്കുന്നുണ്ടാവും. ആ കൂടിക്കാഴ്ചയ്ക്കു മുന്നോടിയായി ഈ കത്തയ്ക്കാം. ഹൃദ്രക്തത്തിൽ മുക്കി ആരചിച്ച ഒരാത്മവിലാപം. ഒപ്പം തന്റെ കൈകളാൽ മെനഞ്ഞ എന്തെങ്കിലുമൊന്നുകൂടി അയച്ചുകൊടുക്കണം. അതെന്താവണം? ഈ പരിമിതമായ അന്തരീക്ഷത്തിൽ എന്തുനിർമ്മിച്ചുകൊടുക്കാൻ കഴിയും?

നല്ലൊരാശയം ഉള്ളിൽ പ്രകാശിച്ചു. രണ്ടുവെള്ളത്തുവാലകളിൽ നിണമൂറുന്ന തിരുഹൃദയത്തിന്റെ നൂൽചിത്രങ്ങൽ തുന്നാം. രക്തനിറമുള്ള നൂൽ എവുപ്രാസിയമ്മയിൽ നിന്നു കിട്ടി. മേശമേലുള്ള തിരുഹൃദയം നോക്കി ആവുംവിധം നന്നായി അവൾ അതിൽ വരച്ചു. വരപ്പിനുമുകളിൽ നൂൽചിത്രം തുന്നി. എന്നിട്ടൊരു കുറിപ്പും വച്ചു. പിതാവേ, ഇതു ഗോഗുൽത്താ മലയിൽപോകുമ്പോൾ ഉപയോഗിക്കാനുള്ളതാണ്. ത്രേസ്യയെ സംബന്ധിച്ച് ബലിയർപ്പകൻ നിത്യവും ഗോഗുൽത്താമല കയറുന്നവനാണ്. കർത്താവിന്റെ തിരുശരീര രക്തങ്ങളാണിവിടെ ബലിവസ്തുക്കൾ. അവസൂക്ഷിക്കുന്ന പൂജാപാത്രങ്ങളായ കാസയും പീലാസയും മൂടുവാനാണീ തൂവാലകൾ.

ആൾവശം കത്തും തുവാലയും കൊടുത്തുവിട്ടു. ദൂതന്റെ കഷ്ടപ്പാടിനു പ്രതിഫലമായി കാശുനൽകണേ എന്ന് ആത്മതാതനോടപേക്ഷിക്കുന്ന മറ്റൊരു കുറിപ്പും വച്ചിരുന്നു.

പിതാവിന്റെ കയ്യിൽ കത്തുകിട്ടി. പള്ളിപ്പണിയുടെ ബദ്ധപ്പാടിൽ ക്ഷീണാർത്തനായിരുന്നു അദ്ദേഹം. എന്നിട്ടും ത്രേസ്യയുടെ കൈപ്പട കണ്ട് വേഗം തുറുന്നു വായിച്ചു. നാളെ തിരക്കാർന്ന ജോലികളുണ്ട്. കല്ലും മണ്ണും കുമ്മായവും മരവും ഇനിയും വേണം. പത്തിരുപതു

www.malankaralibrary.com

www.malankaralibrary.com



പണിക്കാർ ദിനം തോറുമുണ്ട്. അവർക്കുള്ള കുലിക്കു ബദ്ധപ്പെടുകയാണ്. ത്രേസ്യ സമ്പന്നഭവനങ്ങളിൽ ഏൽപ്പിച്ച മൺകുടുക്കകളിൽ കാശുനിറച്ച് പലരും തിരികെതന്നുകൊണ്ടിരിക്കുന്നു. ഓരോ മൺകുടുക്ക ഉടച്ച് പണമെടുക്കുമ്പോഴും അച്ചന്റെ ഉള്ളിൽ വിദൂരസ്ഥയായ ത്രേസ്യയായിരുന്നു.

നാളത്തെ ജോലികളെല്ലാം മാറ്റിവച്ച് ഒല്ലൂരിലേക്ക് പോകാൻ തീരുമാനിച്ചു. ത്രേസ്യയുടെ കൈപ്പടയിലൂടെ അച്ചന്റെ മിഴികൾ ഒരിക്കൽ കൂടി സഞ്ചരിച്ചു. അവളുടെ മനസ്സിന്റെ വിങ്ങലും വിതുമ്പലും അതിലൂടെ അനുഭവമാകുന്നു.

ഈ ആത്മബന്ധം ആരാണൊരുക്കിതന്നത്? ദൈവമല്ലേ? ലോകത്തിനത് അഗ്രാഹ്യമാവാം. പലരും ഇതിന്റെ മാനുഷികഭാവം മാത്രമേ കാണുന്നുള്ളു. അതിന്റെ ആത്മീയ തലത്തിലേക്കിറങ്ങിച്ചെല്ലാനോ പൊരുൾ ആസ്വദിക്കാനോ ലോകത്തിനു കഴിയുകയില്ല. പാവനമായ ഈ ആത്മൈക്യത്തിന്റെ മനോജ്ഞനിഗൂഢതകളിലേക്ക് ഹൃദയമർപ്പിച്ചിരുന്ന ജ്ഞാനതാതനിൽ അപ്പോൾ ഇതുപോലൊരു പുരാതന ബന്ധത്തിന്റെ മധുരിമ തികട്ടുകയായിരുന്നു.

അത് അസീസിയിലെ ഫ്രാൻസീസ് പുണ്യവാളന്റേയും ക്ലാരപുണ്യവതിയുടെയും ഐക്യം. ഇരുവരും വിദൂരങ്ങളിലകപ്പെട്ടുപോയി. ഫ്രാൻസീസ് പേർഷ്യാങ്കളയിലാണ്. ക്ലാര പക്ഷേ, ദമിയാനോസിലും, ഈ ദമിയാനോസിൽ വച്ചാണ് ഫ്രാൻസീസിനു പണ്ട് ദൈവവിളിയുണ്ടായതെന്ന ഓർമ്മയിൽ അവളദ്ദേഹത്തിന്റെ അദൃശ്യസാന്നിദ്ധ്യം അനുഭവിക്കുകയാണിവിടെ. എങ്കിലും നേരിട്ടൊന്നുകാണാൻ കൊതിക്കുകയാണിരുവരും. ഒന്നിച്ചിരുന്നാഹരിക്കാൻ എരിപൊരികൊള്ളുകയാണ്. അവസാനം അവൾ ആത്മദാഹത്തോടെ പേർഷ്യാങ്കുളയിൽ തന്റെ പ്രിയപ്പെട്ടവന്റെ സവിധത്തിലെത്തി. ഒന്നിച്ചിരുന്നാഹരിക്കാൻ പക്ഷേ, അവിടവശേഷിച്ചത് ഒരു കഷണം ഉണക്കറൊട്ടി. അതു മുറിച്ച് ഇരുകഷണങ്ങളാക്കി ചവച്ചിരിക്കുമ്പോൾ ദൂരവാസികൾ പോലും ഭയാനകമായ ഒരു കാഴ്ച കണ്ടു. പേർഷ്യാങ്കുല മുഴുവനം കത്തിയെരിയുന്ന കാഴ്ച! തീ കെടുത്താനായി ജനം ഓടിക്കൂടി. പക്ഷേ, അതു സംഹാരാഗ്നിയല്ലെന്നവർ തിരിച്ചറിഞ്ഞു മടങ്ങിപ്പോയി. അത് അദ്ധ്യാത്മതീജ്ജ്വാലയായിരുന്നെന്ന തിരിച്ചറിവ് അവരിൽ എത്രപേർക്കുണ്ടായി എന്നറിയില്ല.

പക്ഷേ, ആ കൂടിക്കാഴ്ച ദീർഘിച്ചില്ല.



ഫ്രാൻസീസ് അവളോടു വിടചൊല്ലി.

“സഹോദരിയായ ക്ലാരേ, നമുക്കിനി നമ്മുടെ പള്ളികളിലേക്കു മടങ്ങിപ്പോകാം. ലോകം തെറ്റിദ്ധരിക്കാനിടിയുണ്ട്. ഇനി നിനക്കെന്റെ സാമീപ്യം വേണ്ടല്ലോ. ഇനി നിന്നെ ഭരിക്കുവാൻ നീ തന്നെ മതി.”

അവൾ നിറകണ്ണുകളോടെ പരിതപിച്ചു.

“അങ്ങയെക്കൂടാതെ ഞാനെങ്ങനെ മുന്നോട്ടുപോകും അങ്ങെന്റെ മാർഗ്ഗദർശിയും സഹായിയുമല്ലേ?” നിസ്സംഗതാമൂർത്തി വിദൂരതയിലേക്ക് നോക്കി പറഞ്ഞു.

“നമ്മുടെ കർത്താവു നിന്നെ നോക്കിക്കൊള്ളും”. അതുകേട്ട് അമ്പരപ്പോടെ ക്ലാര കേണു

അപ്പോൾ നാമിനി പരസ്പരം കാണില്ലേ...”

ഫ്രാൻസീസിന്റെ കണ്ണുകൾ മഞ്ഞിൽ പൂണ്ടുനിന്ന പനിനീർച്ചെടികളിലേക്കു പതിഞ്ഞു. ആ ചെടികൾ ചൂണ്ടി അദ്ദേഹം പ്രവചനാത്മകമായി പറഞ്ഞു.

“ഈ പനിനീർച്ചെടികൾ വീണ്ടും പുഷ്പിക്കുമ്പോൾ നമുക്കു വീണ്ടു കാണാം.”

അവൾ അതുകേട്ട് ഏങ്ങലടിച്ചു.

കാരണം ഹേമന്തം തുടങ്ങിയിട്ടേയുള്ളു. പുഷ്പങ്ങളുടെ വസന്തകാലത്തിനായി ഇനി പല ഋതുക്കൾ കാത്തിരിക്കണം. അതവൾക്കസാദ്ധ്യമാണ്.

അവൾ മുഖംപൊത്തിക്കരഞ്ഞു. ഫ്രാൻസിസ് മുന്നോട്ടുനീങ്ങി. ആ പേലവകരങ്ങൾ മുഖത്തുനിന്നടർത്തി മാറ്റി. അവൾ നിറമിഴികളോടെ അതിദീനയായി ആ റോസാച്ചെടികളിലേക്കു നോക്കി. അത്ഭുതം. അത്യത്ഭുതം! പൂക്കൾ അന്യം നിന്ന ഈ മരവിച്ച ഹേമന്തത്തിൽ ഒരൊറ്റ മൊട്ടുപോലുമില്ലാതിരുന്ന പനിനീർച്ചെടി അടിമുടിപൂത്തുനിൽക്കുന്നു. ഈർപ്പകാറ്റിൽ ആ പനിനീർപ്പൂക്കളുടെ വാസനപരന്ന് അവരെ തഴുകി നിന്നു.

ഈ സാക്ഷ്യത്തിലൂടെ അവരുടെ ഹൃദയബന്ധത്തെ സ്വർഗ്ഗം ശരിവയ്ക്കുകയായിരുന്നില്ലേ!

പിന്നൊരു നിമിഷം പോലും ഫ്രാൻസിസ് അവിടെ നിന്നില്ല. ഒരു പുല്ലാങ്കുഴൽപ്പാട്ടുപോലെ മുന്നോട്ടു പോയി, ഒരോർമ്മയായി അവ

www.malankaralibrary.com

www.malankaralibrary.com



ശേഷിക്കുകയായിരുന്നു.

ക്ലാരയോ, ആമുൾച്ചെടിയിൽ നിന്നിറുത്തെടുത്ത പ്രണയപുഷ്പങ്ങളുമായി ക്രൂശിത രൂപത്തിന്റെ മുമ്പിലേക്കും പദം വച്ചു.

ഓർമ്മകളിൽ നിന്നും വിതയത്തിലച്ചൻ ഉണർന്നു. വേഗം ഒല്ലൂരിലേക്കു യാത്രയായി. മഠത്തിലെത്തി. സന്ദർശകമുറിയിൽ എത്തിയ വിവരം ത്രേസ്യയെ അറിയിച്ചു. അവൾ ഇരുകരങ്ങളും സ്വമുഖത്തമർത്തി പൊട്ടിക്കരഞ്ഞു.

"പിതാവെന്നെ മറന്നുപോയോ!" അവൾക്കറിയാം. അദ്ദേഹത്തിനവളെ ഒരിക്കലും മറക്കാനാവില്ലെന്ന്. എങ്കിലും വേദനയുടെ മൂർദ്ധന്യത്തിലെത്തിയപ്പോൾ അങ്ങനെ സങ്കടപ്പെട്ടുപോയാതാണ്.

"മറക്കുകകയോ? നിന്നെ ഞാൻ കൂടുതലായി ഓർക്കുകയായിരുന്നു."

"പിതാവേ, എനിക്കിവിടെ കഴിയാൻ വയ്യ" അവൾ തുറുന്നു പറഞ്ഞു. ഹൃദയത്തിൽ യാതൊന്നും ഒളിച്ചുവയ്ക്കാൻ അവൾക്കറിയില്ല. സത്യത്തിന്റെ കറ തീർന്ന പ്രകാശനമായിരുന്നു ആ ജീവിതം. അതിൽ നിന്നുയുർക്കൊണ്ട ധീരതയുടെയും, നിഷ്ക്കളങ്കസൗമ്യതയുടെ പൊൻപ്രഭ ചൂഴ്ന്ന ഹൃദയമായിരുന്നു അത്.

അവളുടെ വാക്കുകൾ അടുത്തു നിന്നിരുന്ന കന്യാസ്ത്രീകളെ അമ്പരിപ്പിക്കുക തന്നെ ചെയ്തു. വന്നനാൾ മുതൽ അവർ അവളെ പരമാവധി സ്നേഹിച്ചു. അനുകൂല സാഹചര്യങ്ങളെല്ലാം ഒരുക്കി ഒരു ചില്ലിക്കാശുപോലും തരാതെ മഠത്തിൽ സ്വീകരിക്കാൻ തീരുമാനിച്ചു. മെത്രാച്ചനും വിതയത്തിലച്ചനും നേരിട്ടയച്ചവളെന്ന പരിഗണനകൾ നൽകി. എന്നിട്ടും അവൾക്കിവിടം ഇഷ്ടമല്ലപോലും!

"എന്താ നിനക്കങ്ങനെ തോന്നാൻ"

"കാരണം എനിക്കറിയില്ല പിതാവേ"

അവൾക്കൊരുപാടുപറയാനുണ്ടായിരുന്നു. അതെല്ലാം കേൾക്കാൻ അച്ചൻ ചെവി ചായ്ച്ചിരുന്നു. അവളിലെ ദുഃഖമേഘങ്ങൾ വ്യസനവാക്കുകളുടെ പെരുമഴപെയ്തു.

അവസാനം ജ്ഞാനതാതൻ ആശ്വസിപ്പിച്ചു.

"വിഷമിക്കരുത്. ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. ദൈവം വഴി തെളിച്ചുതരും. അതുവരെ മടുത്തുപോകരുത്."



"പിതാവിന്റെ കൂടെ ഇപ്പോൾത്തന്നെ ഞാനിറങ്ങി വന്നോട്ടെ..."

"ധൃതി പാടില്ല ത്രേസ്യ. നിന്നെ കാണാതെ ഒരു വലിയ സമൂഹം ദുഃഖിക്കുന്നുണ്ട്. നിന്നെ വിട്ടുകിട്ടാൻ പുത്തൻചിറയിലുള്ളവർ എന്റെ അടുത്തുവന്ന് എന്നും അപേക്ഷിക്കുന്നുമുണ്ട്. നിനക്കവരെയും കാണാതിരിക്കാനാവില്ലെന്നറിയാം. എങ്കിലും കുറച്ചുനാൾ കൂടി നീ ഇവിടെ കഴിയണം.

"അതെന്തിനാണു പിതാവേ?"

"നിന്നെ ഇവിടാക്കിയത് മെത്രാച്ചനല്ലേ? അപ്പോൾ തിരികെ വിടാനും അദ്ദേഹത്തിന്റെ കല്പന കൂടിയേ തീരൂ."

"അദ്ദേഹം അനുവദിച്ചില്ലെങ്കിലോ?"

ത്രേസ്യ, ഭയത്തോടെ ആരാഞ്ഞു. മെത്രാച്ചൻ അനുവദിക്കാത്ത പക്ഷം താൻ ഈ കന്യാസ്ത്രീമഠത്തിൽ തന്നെ തുടരേണ്ടിവരും, ഒരു പക്ഷേ, മരണം വരെയും അതോർത്തപ്പോൾത്തന്നെ നടുങ്ങിപ്പോയി.

വിതയത്തിലച്ചൻ ആശ്വസിപ്പിച്ചു.

ഞാൻ നേരെ തൃശ്ശൂർ അരമനയിലേക്കു പോവുകയാണ്. വിവരങ്ങളെല്ലാം തിരുമേനിയെ അറിയിക്കാം. അദ്ദേഹം തീരുമാനിക്കട്ടെ"

യാത്രമൊഴി ചൊല്ലി ജ്ഞാനതാതൻ മടങ്ങി.

തൃശ്ശൂർ മെത്രാസന വസതിയിലെത്തി മേനാച്ചേരി തിരുമേനിയെ കണ്ടു. കാര്യങ്ങൾ വിശദമാക്കി. എല്ലാം കേട്ടശേഷം മെത്രാച്ചൻ പ്രതികരിച്ചു.

"ഓഹോ! സഭയ്ക്കും സമൂഹത്തിനും അവളൊരു പ്രശ്നമാകാതിരിക്കാൻ ഇനി എന്താണു ചെയ്യുക?"

വിതയത്തിലച്ചൻ ഒരു വഴിചൂണ്ടിക്കാട്ടി.

പിതാവേ, അവൾ ആർക്കും ഒരിക്കലും പ്രശ്നക്കാരിയാകത്തില്ല. മറിച്ച് , അവൾ മൂലം സമൂഹത്തിനു നന്മയേ വരൂ. അവൾക്കു പ്രത്യേകമായി ഒരു വീടുപണിതുകൊടുത്താൽ മാത്രം മതി. വളരെക്കാലമായി അവളുടെ ആഗ്രഹമാണത്. വന്ദ്യപിതാവ് ഇനിയെങ്കിലും അതിനനുമതിതരണം"

"അങ്ങനെയാവട്ടെ. എങ്കിലും ഒല്ലൂരിൽ ചെന്ന് ഞാനവളോട് നേരിൽ ഒന്നുകൂടി സംസാരിക്കട്ടെ"

ഏറെ വൈകാതെ സഭാധികാരി ഒല്ലൂർ മഠത്തിലെത്തി. ത്രേസ്യ

www.malankaralibrary.com

www.malankaralibrary.com



ഓടിച്ചെന്ന് ആദരവോടെ നിന്നു. മെത്രാച്ചൻ അവളെ നോക്കി. പണ്ടു കണ്ടപ്പോൾ ചെരിപ്പവൾക്കില്ലായിരുന്നു. ഇപ്പോഴുണ്ട്, ധരിച്ചിരിക്കുന്നതു നല്ല വെടിപ്പുള്ള വസ്ത്രം. പരിചരിക്കാൻ ആളുകൾ. സുരക്ഷിതത്വ മുള്ള മഠാന്തരീക്ഷം ഭക്ഷണത്തിനും മരുന്നിനും പഞ്ഞമില്ല.

തിരുമേനി അവളോടാരാഞ്ഞു.

"ഇവിടെയെത്തിയിട്ട് കൃത്യം രണ്ടുമാസമായില്ലേ? നീ എന്തു തീരുമാനിക്കുന്നു. ഇവിടെത്തന്നെ തുടരാനല്ലേ?"

പിതാവേ, എനിക്കതിനു കഴിയുന്നില്ല. നീചപാപിയായ എന്നോടു പൊറുക്കണമേ. ഇത്രനാളും മുട്ടിപ്പായി ഞാൻ പ്രാർത്ഥിക്കുകയായിരുന്നു പക്ഷേ, യാതൊരു പ്രേരണയും കിട്ടുന്നില്ല"

അവളുടെ ആവലാതിക്ക് അടിസ്ഥാനം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇതൊരുതരം ശാഠ്യമല്ലേ എന്നാണദ്ദേഹത്തിന്റെ ചിന്ത. അതിനാൽ ശാസനയോടെ പറഞ്ഞു.

"നീ ഇങ്ങോട്ടുപോന്നപ്പോൾ രണ്ടുപുത്തന്റെ സമാനങ്ങൾ മാത്രമല്ലേ നിനക്കുണ്ടായിരുന്നുള്ളു. നിന്റെ അമ്മയുടെ വീട്ടിൽ നിന്നും കിട്ടിയതായിരുന്നില്ലേ. അവ."

എന്നാൽ ഇവിടെ നിനക്കെന്തിന്റെ കുറവാ ഉള്ളത്? നീ ഇങ്ങോട്ടു പോന്നപ്പോൾ ആരെങ്കിലും നിന്നെ അതിൽനിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചുവോ?ഇല്ലല്ലോ. പിന്നെന്തിനാണു ശരണക്കേടു വിചാരിക്കുന്നത്?

തന്റെ മനോഗതി എങ്ങനെ തുറന്നറിയിക്കണമെന്നറിയാതെ അവൾ വിഷമിച്ചു. കരച്ചിലിന്റെ വക്കോളമെത്തി. തറയിൽ വീണുചിതറുന്ന, അവളുടെ കണ്ണീർ മുത്തുകൾ കണ്ട് തിരുമേനിയുടെ ഉള്ളലിഞ്ഞു.

ഇതുവരെ താനവളെ വഴിതെളിക്കുകയായിരുന്നു. എന്നാൽ ആ പാത അവൾക്കു ദുർഘടമായിരിക്കുന്നു. അതിനാൽ ഇനിമുതൽ അവൾ ആഗ്രഹിക്കുന്ന വഴിയിലൂടെതന്നെ അവളെ തെളിക്കാം.

"നിനക്കിവിടെ തുടരാൻ ഇഷ്ടമില്ലെങ്കിൽ നാട്ടിലേക്കുതിരിച്ചു പോകാം. സ്ഥിരവാസത്തിന് നീ ഇച്ഛിക്കുന്നതുപോലെ നിന്റെ ആദ്ധ്യാത്മപിതാവ് നിനക്കൊരു വീടുപണിയിച്ചു തരും".

# ഇരുപത്തിനാല്

പോയതുപോലവൾ തിരിച്ചുവന്നു. കുപ്പായം മഠത്തിൽ ഊരിക്കൊടുത്ത് പഴയ ചട്ടയും മുണ്ടും ധരിച്ചാണു വരവ്. ചിലർക്കത് ആഹ്ലാദ വാർത്ത. മറ്റുചിലർക്ക് മ്ലാനകാരണവും. വീട്ടുകാരുടെ നെഞ്ചിൽ തീയാളിക്കുകയാണ്. പെട്ടിയും തൂക്കിയുള്ള ആ വരവു കണ്ട് അവർ കയർത്തില്ല. ഇടിവെട്ടേറ്റപോലെ നിന്നുപോയി. പ്രതികരണശേഷിയുടെ അവസാന മുളയും കരിഞ്ഞ മരുഭൂമിയായിത്തീർന്നിരുന്നു അവരുടെ നിരാശാമനസ്സുകൾ.

ഈ ആഗമനം സ്ഥിരവാസത്തിനല്ലെന്നറിഞ്ഞപ്പോൾ മാത്രമാണ് അവർക്കാശ്വാസമായത്. മഠത്തിൽനിന്നും തിരിച്ചുവരില്ലെന്നായിരുന്നു അവരുടെ പ്രതീക്ഷ. പനമ്പുചെറ്റ മറച്ച അവളുടെ ചെറിയ മുറിയിൽ കൃഷിവസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നു. അപ്പന്റെ കിടപ്പു പണ്ടേ തിണ്ണയിലാണ്. ഒസേപ്പും റോസയും മക്കളും രണ്ടുമുറികളിലായി കിടക്കും. അപ്പോൾ ത്രേസ്യയുടെ മുറി വെറുതെ കിടക്കുകയായിരുന്നു. അതിൽ ഇപ്പോൾ പണിയായുധങ്ങളും ഫലമൂലാദികളും.

അതിന്റെ ഒരു മൂലയിൽ അവൾ ഒതുങ്ങി. പകൽനേരത്ത് അതിൽ കഴിയാൻ അവൾക്കു നേരമുണ്ടാവില്ല. രണ്ടുമാസത്തെ സേവനം കടമുണ്ട്. അവളുടെ വരവു കാത്തുകിടന്ന മരണാസന്നരുടെ ഇടയിലേക്കവൾ ചെന്നു. കൂട്ടുകാരികൾ മൂവരും ഒപ്പമുണ്ട്. ത്രേസ്യ മഠത്തിൽപ്പോയ നാൾ മുതൽ അവർ കടുത്ത ദുഃഖത്തിലായിരുന്നു. അവളെ മാതൃകയാക്കിയാണ് വിവാഹം പോലും അവർ ഉപേക്ഷിച്ചത്. ദൈവത്തെയല്ലാതെ മറ്റൊന്നിനേയും ആഗ്രഹിക്കാത്ത ഈ ആത്മീയ ദാഹാർത്തയെ അവർ അത്രമാത്രം സ്നേഹിച്ചിരുന്നു. അവളുടെ നിഴൽ പറ്റി ജീവാന്ത്യത്തോളം സഞ്ചരിക്കാനായിരുന്നു അവരുടെ കൊതി.

ഈ വെള്ളരിപ്രാവിന്റെ ചിറകടികേട്ട് പുത്തൻചിറ ഗ്രാമത്തിന് വീണ്ടും ഉണർവ്വ്. അവളുടെ നനുത്തപദസ്പർശത്താൽ നാടുകുളിരണിഞ്ഞു. ഉഷസ്സുമുതൽ പ്രദോഷം വരെ അവൾ നാടെങ്ങും പാറിനടന്നു. ഒടുങ്ങാത്ത പരസ്നേഹാവേശിതയായി.

രണ്ടുമാസത്തെ പ്രവാസം കഴിഞ്ഞ് പുത്തൻചിറയുടെ പ്രിയങ്കരി

www.malankaralibrary.com

www.malankaralibrary.com



യായ ദിവ്യകുമാരി തിരിച്ചെത്തിയിരിക്കുന്നു. ഈ സദ്വാർത്ത വായ്ത്താരിയായി പടർന്നു. പരിത്യക്തജനാവലി അതറിഞ്ഞുണർന്നു. ഗ്രാമീണരുടെ തളർന്നകണ്ണുകൾക്ക് അവൾ ഒരു പൊൻകണി. പുരോഹിതർ പോലും അവളുടെ ദിവ്യാനുഭവദർശനങ്ങൾക്കായി വന്നുകൊണ്ടിരുന്നു. ഒരച്ചൻ കഴിഞ്ഞ ദിവസം വന്നപ്പോൾ അവൾ പാരവശ്യത്തിലായിരുന്നു. ഉള്ളംകയ്യിലെ മുറിവിലൂടെ നിണത്തുള്ളികൾ ഇറ്റിറങ്ങുന്നുണ്ടായിരുന്നു. ഒരു തുണിക്കീറിൽ വേഗം അദ്ദേഹം അതു തുടച്ചെടുത്തു. അനർഘദ്രവ്യമായിക്കരുതി അതുകൊണ്ടുപോകുകയും ചെയ്തു.

മൃതിപ്പെട്ട വൈദികരുടെ ആത്മാക്കൾ അവൾക്കുമുമ്പിൽ വെളിപ്പെട്ടുകൊണ്ടിരുന്നു. അവരിലൊരാൾ ത്രേസ്യയോടപേക്ഷിച്ചു. ശുദ്ധീകരണസ്ഥലത്ത് അകപ്പെട്ടുപോയ ആത്മാവിന്റെ മോക്ഷത്തിനായി ഭൂവാസികളുടെ പ്രാർത്ഥനകൾ സഫലമാകുമെന്ന് അച്ചനറിയാം. ശിക്ഷകൾ പൂർണ്ണമായും ഇളയ്ക്കപ്പെടുവോളം ത്രേസ്യ പരിഹാരക്രിയകളോടെ പ്രാർത്ഥിച്ചു. രക്ഷാകവാടത്തിലേക്ക് അദ്ദേഹത്തിന്റെ ദേഹി പറന്നുയരുന്ന അത്യപൂർവ്വമായ കാഴ്ച അവൾക്കുണ്ടാവുകതന്നെ ചെയ്തു.

പള്ളിപ്പണിയുടെ തിരക്കിലാണു വിതയത്തിലച്ചൻ. എന്നാൽ അതിനേക്കാൾ തിരക്കാണദ്ദേഹത്തിന് ത്രേസ്യയുടെ കാര്യത്തിൽ. പള്ളിപ്പണിക്കൊപ്പം തന്നെ അവൾക്കത്യാവശ്യമുള്ള ഒരേകാന്ത ഭവനവും പണിതുകൊടുക്കണം. പതിനൊന്നാണ്ടുകൾക്കുമുമ്പുതന്നെ ദൈവമാതാവു വെളിപ്പെട്ടു നിർദ്ദേശിച്ച കാര്യമാണത്. ഇത്രനാൾ അമാന്തിക്കാൻ കാരണം താനല്ല. മെത്രാച്ചന്റെ എതിർപ്പായിരുന്നു. എന്നാൽ അദ്ദേഹം ഇപ്പോൾ അനുവദിച്ചിരിക്കുന്നു. ഇനിവേഗം പണിയാരംഭിക്കണം.

വലിയ പള്ളിയുടെ പണി പുരോഗമിക്കുകയാണ്. മേൽക്കൂര കൂടി തീർത്താൽ പഴയ പള്ളി പൊളിക്കാം. അതിന്റെ മരക്കൂട്ടും ഓടും ഏകാന്തഭവനത്തിന്റെ പണിക്കുപയോഗിക്കാം. എന്നാൽ വീടെവിടെ പണിയും?

മങ്കിടിയാൻ പറമ്പിന്റെ അതിർത്തിയിലെ ഒരു തുണ്ടു മണ്ണിലായാലോ? പക്ഷേ, ത്രേസ്യയ്ക്കതിൽ താല്പര്യമില്ല. സ്വന്തമെന്നുപറയാൻ യാതൊന്നുമില്ലാത്ത അവസ്ഥയാണവൾക്കഭിമതം. ലോകത്തിന്റെ സമസ്തഭാവവും ഉപേക്ഷിച്ച് ദൈവരാജ്യത്തിലായിരിക്കുവാനാണ്



ദാഹം.

പിന്നെന്തുചെയ്യും? അതിനുത്തരം തേടി ത്രേസ്യ അൾത്താരയുടെ മുമ്പിൽ അഭയപ്പെട്ടു. വിജനദേവാലയാന്തരത്തിൽ നെഞ്ചുലഞ്ഞു പ്രാർത്ഥിച്ചു.

എത്രയും വല്ലഭനായ വിശുദ്ധ യൗസേപ്പ് പിതാവേ, അങ്ങയുടെ ഏറ്റവും പരിശുദ്ധയായ ഭാര്യയെ പിരിയുവാൻ ആലോചിച്ച സന്ദർഭത്തിൽ അങ്ങനുഭവിച്ച മനോവ്യാകുലതയേയും, ദൈവവചനത്തിന്റെ മനുഷ്യാവതാര രഹസ്യം മലാഖ അറിയിച്ചപ്പോൾ അങ്ങനുഭവിച്ച സന്തോഷത്തെക്കുറിച്ചും ധ്യാനിച്ച് ഞാനപേക്ഷിക്കുന്നു. ഈ നന്മ തമ്പുരാനിൽ നിന്നും വാങ്ങിത്തരണമേ"

ആത്മപിതാവും ഈ ആഗ്രഹം സമർപ്പിച്ചു പ്രാർത്ഥന നിരതനായി.

ഭാഗ്യം!

പിറ്റേന്നതിരാവിലെ ഒരാൾ വിതയത്തിലച്ചനെ മുട്ടിവിളിച്ചു. അച്ചൻ വാതിൽ തുറന്നു.

"എന്താ കുഞ്ഞു വറീതേ അതികാലത്തെ?" മാളിയേക്കൽ കുഞ്ഞുവറീത് ഇട്ടൂപ്പിനെക്കണ്ട് അച്ചൻ ആരാഞ്ഞു. അനവധി ശ്രേഷ്ഠവൈദികരുടെ പിറവിത്തറവാട്ടിലെ ഒരു കണ്ണിയാണദ്ദേഹം. തീഷ്ണനായ ഉദാരഹൃദയൻ. ത്രേസ്യയുടെ ഉറ്റസഹചാരിണിയായ താണ്ടയുടെ പിതാവ്.

അദ്ദേഹം വിനയത്തോടെ അറിയിച്ചു.

"മങ്കിടിയാൻ അമ്മയ്ക്ക് ഒരു വീടുപണിയാൻ സ്ഥലമില്ലാതെ അച്ചൻ വിഷമിക്കുകയല്ലേ?"

"അതെ"

"ഇന്നലെ രാത്രിയിൽ എനിക്കൊരു ഉൾപ്രേരണയുണ്ടായി അച്ചോ. കുറച്ചുസ്ഥലം ഈ പുണ്യകാര്യത്തിനായി കൊടുക്കണമെന്ന്"

അച്ചൻ ജിജ്ഞാസയോടെ കേൾക്കുകയാണ്.

"അച്ചോ, എന്റെ കൊച്ചുപറമ്പ് ഇക്കാര്യത്തിനായി ഞാൻ സംഭാവന തരാം.

അച്ചന് ആ പറമ്പ് നന്നായറിയാം. കാരണം, മാളിയേക്കൽ കൂനൻ കുടുംബസ്ഥരായ പുരോഹിതന്മാരുടെ മാളികയുടെ അരികിലാണത് ഈ മാളികയുടെ പടിഞ്ഞാറുഭാഗത്തുള്ള മതിൽ വാതിൽ വഴി ഇത്തിരി

www.malankaralibrary.com

www.malankaralibrary.com



നടന്നാൽ നേരെ ചെല്ലുന്നത് പുത്തൻചിറ പള്ളിയുടെ മുമ്പിലാണ്. നല്ല സൗകര്യമുള്ള പറമ്പാണ്. അതിന്റെ തെക്കും കിഴക്കും പഞ്ചായത്തു വഴികൾ.

"ആ ഭൂമി സാമാന്യം നല്ല വിസ്തീർണ്ണമുള്ളതാണല്ലോ വറീതേ"

"മുപ്പത്തേഴു സെന്റുണ്ടച്ചോ."

വലിയൊരു പുണ്യപ്രവൃത്തി തന്നെയാണു വറീതേ ഇത്. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

അങ്ങനെ അടിസ്ഥാനവാശ്യം നിറവേറി. ഏകാന്തഭവനത്തിന്റെ ഒരു പദ്ധതി അച്ചൻ വരച്ചു. പള്ളിയുടെ വാസ്തുശില്പിയെത്തന്നെ അതു കാണിച്ചു. അദ്ദേഹം ആശ്ചര്യത്തോടെ തെരക്കി.

ഒരാളുടെ സ്വൈരജീവിതത്തിനുള്ള വീടെന്നല്ലേ പറഞ്ഞിരുന്നത്. എന്നാലിത് വലിയൊരു സമുച്ചയമാണല്ലോ. ശില്പിയുടെ ശങ്ക അസ്ഥാനത്തല്ല. കാരണം അത് ഇരുനിലകളായി വരയ്ക്കപ്പെട്ടിരുന്നു. താഴത്തെ നിലയിൽ മുന്നു പാർപ്പുമുറികൾ കൂടാതെ തെക്കുവശത്ത് നെടിയ ഒരു വരാന്തയും മേൽനിലയിൽ വിശാലമായൊരു അകത്തളം. ഏതാണ്ടൊരു ജനസമ്മേളനത്തിനുവേണ്ട വിസ്തൃതി.

ശില്പിയുടെ നേരെ കടലാസ്സുനീട്ടി അച്ചൻ പറഞ്ഞു.

"ഇതു കൂടാതെ അടുക്കളെയും കുളിപ്പുരയും കൂടി വരച്ചുചേർക്കണം".

"ഇതു കണ്ടിട്ട് പത്തുപേർക്കെങ്കിലും കഴിയാനുള്ള സൗകര്യമുണ്ടല്ലോ" ശില്പി പ്രതികരിച്ചു.

"അതെ. അതുതന്നെയാണെന്റെ ലക്ഷ്യം"

വിദൂരതയിലേക്കു ധ്യാനമിഴികൾ പായിച്ച് ഔസേപ്പച്ചൻ പ്രവചന ഭാവത്തോടെ സ്ഥിരീകരിച്ചു.

ത്രേസ്യ ഇന്ന് ഏകയാണ്. എന്നാൽ നാളെ അവളൊരു സമൂഹമായി പരിണമിക്കുകയില്ലെന്ന് ആരറിഞ്ഞു!

നാല്പത്തേഴുകോൽ ചുറ്റളവുള്ള ഈ സമുച്ചയത്തിന്റെ പണി ഇനി തുടങ്ങാം. പക്ഷേ, എങ്ങനെ തുടങ്ങും?

വീണ്ടും പ്രതിസന്ധികൾ!...

ലോകത്തിലാദ്യമായി ഒരു മഹായുദ്ധം ആരംഭിച്ചു കഴിഞ്ഞു. ബ്രിട്ടൻ അതിലൊരു മുഖ്യശക്തിയാണ്. അവരാണ് ഇന്ത്യയുടെ ഭരണാധികാ



രികൾ. ആവും വിധം ധനം ശേഖരിച്ച് രണവേദിയിൽ തങ്ങളുടെ കരുത്തു കാട്ടാനുള്ള വ്യഗ്രതയിലാണവർ. അതിനാൽ സാമ്പത്തിക ഞെരുക്കത്തിലാണു നാടുകൾ. ധനികർപോലും വിഷമത്തിലായ ദുർദിനങ്ങൾ.

എന്നാൽ ഏകാന്തവസതിയുടെ പണിതുടങ്ങാതെ വയ്യ. അതു ദൈവ നിയോഗമാണ്. അതിനാൽ ദൈവം തന്നെ വഴി കാണിച്ചു തരും.

ആത്മതാതൻ സ്വന്തം മിച്ച നിക്ഷേപം മുഴുൻ ചെലവാക്കി അടിത്തറയൊരുക്കി. നാട്ടുകാർ പണി ഏറ്റെടുത്തു. അവർക്ക് അവളൊരു ദിവ്യാവതാരമായിരുന്നു. ആ അവതാര മൂർത്തിക്ക് ഒരു ധ്യാനവസതി ഒരുക്കാൻ അവർക്കാവേശമാണ്.

മരം മുറിച്ചെടുക്കാനും കല്ലുവെട്ടാനും കുമ്മായം ഇടിച്ചു കൂട്ടാനും മണൽ അരിക്കാനും എല്ലാം അവർ മത്സരിക്കുക തന്നെയായിരുന്നു. അങ്ങനെ പണി കട്ടിളപ്പടിവരെയെത്തി. അതോടെ പണം തീർന്നു. പണിയും വഴിമുട്ടി.

എന്നാൽ പ്രാർത്ഥനയുടെ വഴിയിലൂടെ ത്രേസ്യ പാഞ്ഞുകൊണ്ടിരുന്നു. യൗസേപ്പുപിതാവിനോടാണവൾ അപേക്ഷിക്കുന്നത്. തച്ചുവേലയുടെ അദ്ധ്വാനഭാരത്താൽ ചില്ലറ ദെനേറാകൾ നേടി വീടുപുലർത്തിയ മഹർഷിയാണദ്ദേഹം. സത്യം സത്യമായി അദ്ദേഹം ത്രേസ്യയ്ക്കു പണം നൽകി!

ചിലപ്പോൾ അതു കിടക്കപ്പായയുടെ അടിയിൽ നിന്നാവും കിട്ടുക. മറ്റുചിലപ്പോൾ ഉറക്കമുണരുമ്പോൾ കൈകളിൽ വയ്ക്കപ്പെട്ട സഞ്ചികളിൽ നിന്നും തടിപ്പെട്ടിക്കുള്ളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. പണം കളഞ്ഞുകിട്ടിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

മണ്ണിലാണു വാസമെങ്കിലും ഇത്തരം അനന്യാനുഭവങ്ങളാൽ അവൾ വിണ്ണോളം ഉയർത്തപ്പെടുകയാണ്. അവളുടെ ചിന്തകൾ അപ്രമേയങ്ങളാണ്. മൊഴികൾ അനുഭൂതിദായകം. നിനവുകൾ അഗ്രാഹ്യം. ചെയ്തികൾ സ്വർഗ്ഗീയം. ഇങ്ങനെയൊരുവൾ ദേശത്തിനത്ഭുതാവഹമാണ്. വിണ്ണിൽ നിന്നറ്റു മണ്ണിൽ പതിച്ച താരകം പോലെ അത്യുയരത്തിലെ വാമ്പാടി അധഃസ്ഥിതർക്കും തന്റെ സംഗീതം പകർന്നുകൊടുക്കാൻ താണുപറക്കും പോലെ.

പണികളിൽ പകൽമുഴുവൻ ത്രേസ്യയും മുഴുകും. തളർന്ന മെയ്യോടെയാവും അന്തിയിൽ വീട്ടിലെത്തുക. പിന്നീടാദ്യകർമ്മം ശുദ്ധജല

www.malankaralibrary.com

www.malankaralibrary.com



ത്തിലൊരുകുളി.

"ഇന്നു തണുത്ത വെള്ളത്തിൽ കുളിക്കാൻ വയ്യ കൊച്ചുമറിയേ"

ക്ഷീണാധിക്യത്താൽ വേലക്കാരിയോടു ത്രേസ്യ പറഞ്ഞു.

ഭവനം ദരിദ്രമെങ്കിലും വേലക്കാരികൾ പണ്ടേ അവിടുണ്ട്. ഒരു പകൽ നീണ്ട അദ്ധ്വാനഫലമായി ഒരു നേരത്തെ അന്നം മതി ഈ പാവങ്ങൾക്ക്. അങ്ങനെ രണ്ടു പെണ്ണുങ്ങൾ മങ്കിടിയാൻ തോമ്മായുടെ വീട്ടിൽ വേലചെയ്തു. അവരിൽ ആദ്യം നിന്നവൾ വള്ളോത്തി. ഇരുപതുകൊല്ലങ്ങൾ അവിടവൾ വേല ചെയ്തു. ത്രേസ്യയുടെ ശൈശവ കൗമാരങ്ങളിലെല്ലാം തുണയായത് അവൾ. തന്റെ നേരെ നോക്കി 'തമ്പാട്ടീ' എന്ന് ആദരവോടെ വിളിച്ചിരുന്നു. വള്ളോത്തിയെ ത്രേസ്യ കൂടെക്കൂടെ ഓർക്കും. രണ്ടുകാരണങ്ങളാലാണവർ പണി നിർത്തി പോയത്. വേലകൂലികൊടുക്കാനുള്ള വക അവിടില്ലാതായി. പിന്നെ വള്ളോത്തിയുടെ ആരോഗ്യവും കെട്ടുതുടങ്ങി.

കുറേക്കാലം പണിക്കാർ ആരും ഇല്ലാതായി. എങ്കിലും പിന്നീടൊരു സഹായി അത്യാവശ്യമായി വന്നു. റോസയുടെ പ്രസവശുശ്രൂഷകൾക്കു വേണ്ടിയായിരുന്നു അത്. അങ്ങനെ വന്നവളാണു കൊച്ചുമറിയം.

"അതിനെന്താ അമ്മേ, ഇപ്പം വെള്ളം ചൂടാക്കിത്തരാമേ" കൊച്ചുമറിയയേക്കാൾ ഇളപ്പമാണു ത്രേസ്യ. എങ്കിലും സംബോധന അമ്മേ എന്നാണ്. എല്ലാവരും ഇപ്പോൾ അങ്ങനെയാണല്ലോ വിളിക്കാറ്. അതിനാൽ ത്രേസ്യാ തിരുത്തിയില്ല.

വേഗം വെള്ളം ചൂടാക്കി. കുളിപ്പുരയിൽ വച്ചു. അയയിൽ നിന്നും അലക്കി ഉണങ്ങിയ ചട്ടയും മുണ്ടും എടുത്ത് ത്രേസ്യ കുളിമുറിയിലേക്കു നടന്നു. നനഞ്ഞ ചപ്പിനിടയിൽ ഒരിളക്കം. സംഭീതമായ ചീറ്റലോടെ ഒരു വിഷപ്പാമ്പ് അതിനുള്ളിൽ നിന്നും ഇഴഞ്ഞു പുളഞ്ഞു. കരിനാഗം ഞൊടിയിടയ്ക്കുള്ളിൽ ചാടിക്കയറിയത് ത്രേസ്യയുടെ വലതു പാദത്തിൽ.

"അയ്യോ!"

അലറിക്കരഞ്ഞത് കൊച്ചുമറിയം. അതുകേട്ട് വീട്ടുകാരും ഓടിവന്നു. അവരും വിളിച്ചു കൂവി. വഴിപോക്കരും പാഞ്ഞെത്തി.

ഉൽകണ്ഠാകുല നിമിഷങ്ങൾ.

പക്ഷേ, ത്രേസ്യയ്ക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല. സാന്ധ്യപ്രകാശത്തിൽ അവളുടെ നിർമ്മലമുഖം സൗമാർദ്രമായിരുന്നു. പ്രശാന്തസുന്ദരമായിരുന്നു.



ദൈവം തിരുമസ്സാകാതെ ഒരു സർപ്പത്തിനും തന്നെ കടിക്കാനാവില്ലെന്നവൾക്കറിയാം. മറിച്ച്, സർപ്പദംശനം മൂലമാവണം തന്റെ മരണമെന്നാണു ദൈവനിശ്ചയമെങ്കിൽ എന്തിനു താൻ ഭയക്കണം. ദൈവേഷ്ടത്തിനുമുമ്പിൽ സന്തോഷപൂർവ്വം വഴങ്ങുകയല്ലേ വേണ്ടത്?

കരിനാഗം വലിഞ്ഞിഴഞ്ഞ് ചുറ്റിക്കയറുകയാണു മുകളിലേക്ക്. പണി ചെയ്തു മുഷിഞ്ഞ ഞൊറിവുമുണ്ടിൽ സർപ്പത്തിന്റെ മൺവഴിയും തെളിഞ്ഞു. അത് അരക്കെട്ടിൽ ചുറ്റിക്കിടന്നു. മുള്ളരഞ്ഞാണത്തിനോടു ചേർന്ന്, ഉരഗത്തിന്റെ മിനുത്ത അടിവശം അരയിൽ പിണഞ്ഞപ്പോൾ ത്രേസ്യയ്ക്ക് കുളിരുതോന്നി.

വാരിയിൽ നിന്നും വലിച്ചൂരിയ വടിയുമായി ഒരാൾ ചാടിവന്നു.

"വേണ്ടാ. ഒന്നും ചെയ്യേണ്ടാ ഈ പാവം ഇപ്പോൾത്തന്നെ സ്ഥലം വിട്ടുകൊള്ളും."

ത്രേസ്യ പറഞ്ഞു

ഉടൻ ഉരഗം ചുറ്റഴിച്ചു. വന്നവഴിയിലൂടെ താഴേക്കിഴഞ്ഞു. സംഹാരോദ്യുക്തരുടെ മുമ്പിലൂടെ മിന്നൽപ്പിണർപോലെ അതു ചീറിമറഞ്ഞു.

അവൾക്കത്ഭുതമൊന്നും തോന്നിയില്ല. ദൈവം അവൾക്കന്യനല്ല. അദൃശ്യനല്ല. ആത്മാവിൽ ലയിച്ചുചേർന്ന നിത്യസത്യമാണ്. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥം പേറുന്ന 'ഇമ്മാനുവേൽ' ആണ്. ചിരിക്കുകയും കരയുകയും ചെയ്യുന്നവാണ്. കൊടുക്കുകയും എടുക്കുകയും ചെയ്യുന്നവനാണ്. എത്രയോ തവണ ഈശോയെ നേരിൽ കണ്ടിട്ടുണ്ട്. ഈശോയോടൊപ്പം ചതുരംഗംകളിക്കുകയും അദ്ധ്യാത്മപ്രണയഗാനം പാടി ഉല്ലസിക്കുകയും ചെയ്തിട്ടുണ്ട്. നിത്യസത്യപ്പൊരുളായ ആ ആത്മമണവാളനെ ഉപാസിക്കാനുള്ള ഈ ദാസിയുടെ പുറപ്പാടിൽ അദ്ദേഹം അടങ്ങിയിരിക്കുമോ.

അതിനാലാണ് പണക്ഷാമത്തിൽ നിന്നും സർപ്പക്കടിയിൽ നിന്നും രക്ഷിച്ചു നടത്തുന്നത്.

ത്രേസ്യയ്ക്ക് പിന്നീടൊരാലോചന തോന്നി. നാടിന്റെ നാനാദിക്കുകളിലേക്കും എന്നും ചെല്ലുന്നുണ്ട്. ദരിദ്രചാളകളിൽ മാത്രമല്ല ചെല്ലുന്നത്. ധനികഗൃഹങ്ങളിലും. അക്കൂട്ടത്തിൽ, ഈ ഏകാന്ത ഭവനത്തിന്റെ നിർമ്മാണകാര്യം കൂടി പറഞ്ഞാലോ? അവർ സഹായിക്കാതിരിക്കില്ല.

ഇക്കാര്യങ്ങൾ അച്ചനുമായി ആലോചിച്ചു.

www.malankaralibrary.com

www.malankaralibrary.com



"ഭിക്ഷാടനത്തോടു നിനക്കിത്ര സ്നേഹമാണ് അല്ലേ?"

അദ്ദേഹത്തിന്റെ നേർത്ത മന്ദഹാസം.

പക്ഷേ, ഇതുവരെയും അതിനെന്നെ പിതാവ് അനുവദിച്ചിട്ടില്ലല്ലോ.

ദിവ്യമായ പരിവേഷത്തോടെ ത്രേസ്യ മൊഴിഞ്ഞു.

"നിനക്കു ഞാൻ അസീസിയിലെ ഫ്രാൻസീസ് പുണ്യവാളന്റെ കഥ പറഞ്ഞു തന്നതാണോ ഈ ഭിക്ഷാടനപ്രേമത്തിന്റെ കാരണം? അതോ ക്ലാരയുടെ കഥയോ?

വിശുദ്ധരുടെ ജീവിതങ്ങളെല്ലാം അവളറിഞ്ഞത് ജ്ഞാനതാതന്റെ അധരത്തിൽ നിന്നുമാണ്.

ശരിയാണു പിതാവേ, വലിയ പ്രഭുക്കളായിരുന്നല്ലോ അവർ രണ്ടു പേരും. പീറ്റർ ബർണാഡെന്നെ കോടീശ്വരന്റെ മകനായിരുന്നില്ലേ ഫ്രാൻസീസ് പുണ്യവാളൻ. പക്ഷേ, ദൈവത്തെ സ്വന്തമാക്കാനായി എല്ലാം ഉപേക്ഷിച്ചില്ലേ അദ്ദേഹം. എന്നിട്ടിരന്നു. തെരുവു തോറും ഇരന്നുനിരങ്ങി. അതുകൊണ്ടല്ലേ ഇന്നദ്ദേഹം 'രണ്ടാമത്തെ ക്രിസ്തു' എന്നുവിളിക്കപ്പെടുന്നത്.

പ്രാണനാഥനുവേണ്ടി അവസാനസ്വത്വവും എറിഞ്ഞുടയ്ക്കാനും ഒരു തെരുവുതെണ്ടിയാകാനും ഒരുങ്ങിയെത്തിയ തന്റെ ജ്ഞാനസുതയെ നോക്കി അദ്ദേഹം ആനന്ദാശ്രുക്കളോടെ തുടർന്നു.

"...അന്നത് അനുവദിക്കാതിരുന്നത് ഞാനല്ല. ദൈവമാണ്. അന്നു നീ ഭിക്ഷാടനം ചെയ്തിരുന്നെങ്കിൽ എന്തുസംഭവിക്കുമായിരുന്നു. നീ ആ തുക കൊടുത്ത് മഠത്തിൽ ചേരുമായിരുന്നു. എന്നാൽ നിന്റെ ദൈവവിളി അതല്ലെന്ന് എത്രയോ തവണ വെളിപ്പെട്ടുകഴിഞ്ഞു."

അതിലോല സ്വരത്തിൽ അവൾ പറഞ്ഞു.

"അതേ, പിതാവേ, ദൈവത്തിന്റെ പദ്ധതികൾ വിവേചിച്ചറിഞ്ഞ് ഈ അറിവുകെട്ടവളെ വഴിനടത്തുകയാണല്ലോ അങ്ങയുടെ കടമ.

"ശരി. എങ്കിൽ ഇത്തവണ ഭിക്ഷാടനത്തിന് അനുവാദമുണ്ട്. കേൾക്കട്ടെ, എവിടെയെല്ലാം പോയി ഭിക്ഷതെണ്ടുവാനാണ് ആലോചിക്കുന്നത്.

"നമ്മുടെ അടുത്ത സ്ഥലങ്ങളിലൊക്കെ. ഞാറയ്ക്കലിലും പള്ളിപ്പുറത്തും ചക്കരക്കടവിലും. കൂട്ടുകാരികളും കൂടെ ഉണ്ടാവും."

ഗുരു അനുഗ്രഹിച്ചു. അവൾ സഹായാർത്ഥിനിയായി നാടുചുറ്റി.



നാട്ടുകാർ സാമ്പത്തിക വരൾച്ചയുടെ ഭീകരത മറന്നു. കരുതൽ നിക്ഷേപത്തിന്റെ ഒരംശം പ്രിയപ്പെട്ടവളുടെ കൈക്കുടന്നയിലർപ്പിച്ചു. അതുവരെ മാന്ദ്യമായിരുന്ന ഭവനനിർമ്മാണം ഇതോടെ ദ്രുതപ്പെട്ടു. കടലാസ്സിൽ കോറിയിട്ട പദ്ധതിയുടെ സാക്ഷാത്ക്കാരം അങ്ങനെ ആ മണ്ണിലുയർന്നു.

ആറുമുറികളുടെ മനോഹരമായൊരു ഇരുനിലക്കെട്ടിടം കൊച്ചുപറമ്പിൽ ശിരസ്സുയർത്തിനിന്നു. മിനുക്കു വേലകളെല്ലാം വേഗം തീർത്തു. ദരിദ്രരിൽ ദരിദ്രയായ ത്രേസ്യ വാസ്തുശില്പസമുച്ചയം കണ്ടു മിഴി നീരണിഞ്ഞു.

ഇനി അതു ദൈവത്തിനു സമർപ്പിക്കണം. അതായത് കുദാശ ചെയ്യണം. ഇപ്പോൾ സെപ്തംബർ മാസം തീരാറായിരിക്കുന്നു. വരാൻ പോകുന്നത് ഒക്ടോബറാണ്. പരിശുദ്ധമാതാവിന്റെ കൊന്തനമസ്കാരത്തിനായി സമർപ്പിക്കപ്പെട്ട മാസമാണത്. അന്നത്തേക്കു താമസം മാറണമെന്നാണ് ആശ. എന്നാൽ അതിനുള്ളിൽ കുദാശ ചെയ്യണമല്ലോ.

അക്കാര്യങ്ങൾക്കായി വേഗം തൃശ്ശൂർ അരമനയിലേക്കു പോകണം. മെത്രാച്ചനെ കാണണം. ഭവനം ആശീർവദിക്കാൻ അപേക്ഷിക്കണം. വിതയത്തിലച്ചൻ ഒരുങ്ങി. പോകാനുള്ള ദിവസവും നിശ്ചയിച്ചു. ത്രേസ്യ, വീട്ടിലിരുന്നു പ്രാർത്ഥിക്കുകയാണ് മുപ്പത്തേഴുകൊല്ലം ദീർഘിച്ച ജന്മഗൃഹവാസത്തിനു തിരശ്ശീല വീഴാൻ പോവുകയാണ്. മനസ്സൊരിക്കലും രക്തമാംസബന്ധിതമല്ലായിരുന്നു. എങ്കിലും ഈ അറുത്തുമാറ്റൽ ദുസ്സഹമാണ്. പിറന്ന ഭവനത്തോടാണ് വിടപറയേണ്ടത്. ജന്മം തന്ന പിതാവിനോടും കൂടപിറപ്പായ ആങ്ങളയോടും മറ്റുമാണ് യാത്ര മൊഴിയേണ്ടത്. എങ്കിലും ദൈവരാജ്യ പ്രാപ്തിക്കുവേണ്ടിയാണല്ലോ ഈ ത്യജിക്കലും വിടവാങ്ങലും.

ദൈവാത്മാവിൽ ഹൃദയം വിലയംകൊള്ളുന്ന സ്വർഗ്ഗീയാനുഭൂതിയിലേക്കുള്ള പ്രയാണപൂർണ്ണതയിലാണവളുടെ ഏകാഗ്രത. മരണശേഷം പ്രാപിക്കാനുള്ള പരമപദമല്ല ത്രേസ്യയെ സംബന്ധിച്ച് സ്വർഗ്ഗം. അതിവിടെ വച്ചുതന്നെ അനുഭവവേദ്യമാകുകയാണ്. അതിനുവേണ്ടി സമസ്തബന്ധങ്ങളും അറുത്തുമാറ്റാൻ അവൾക്കല്പം പോലും മടിയില്ല.

ധ്യാനനിമിഷങ്ങളിൽ കൂട്ടുകാരികൾ ഓടിവന്നു അറിയിച്ചു.

"പിതാവു പറഞ്ഞു, വേഗം പള്ളിയിലേക്കു ചെല്ലാൻ."

www.malankaralibrary.com

www.malankaralibrary.com



ത്രേസ്യ ഓടിയെത്തുമ്പോൾ വിതയത്തിലച്ചൻ ക്ഷീണാർത്തനായി കിടക്കയിൽ.

ജിജ്ഞാസയും വേദനയും കലർന്ന നോട്ടത്തോടെ ഓടിയെത്തി ത്രേസ്യയോട് അച്ചൻ പറഞ്ഞു.

"തൃശ്ശൂരിൽ പോകാനുള്ള ശേഷി എനിക്കില്ല. നീ തന്നെ പോകണം. ദൈവേഷ്ടം അതാണെന്നു കരുതിയാൽ മതി."

പച്ചമരുന്നിന്റെ ചില കൂട്ടുകൾ കപ്യാർലോനപ്പനോടു പറഞ്ഞേല്പിച്ച് അവൾ വേഗം യാത്രയായി.

അവളുടെ ആനന്ദത്തിന് അതിരുകളില്ല. തന്റെ സ്വതന്ത്രഗൃഹം ആശീർവദിക്കപ്പെടാൻ പോകുന്നു. അതു മേനാച്ചേരി തിരുമേനിയുടെ കാർമ്മികത്വത്തിലാകുന്നതിൽ വളരെ ആഹ്ലാദം.

ദീർഘയാത്ര തൃശ്ശൂരിലെത്തി. മെത്രാസനവസതിയിൽ ചെന്നു കാര്യമുണർത്തിച്ചു.

ഉൾമുറിയിൽ നിന്നും പണ്ഡിതാഗ്രനായ മേനാച്ചേരി യോഹന്നാൻ മെത്രാച്ചൻ സന്ദർശകത്തളത്തിലേക്ക് കടന്നുവന്നു. തിരുമേനിയുടെ സ്ഥാനമോതിരത്തിൽ അവൾ താണുമുത്തി. പ്രസന്നചിത്തയായി വിവരങ്ങൾ അറിയിച്ചു. പിന്നെ അപേക്ഷിച്ചു.

"പിതാവ് എഴുന്നള്ളിവന്ന് ഭവനം വെഞ്ചിരിപ്പു തരുമാറാകണം."

പക്ഷേ, അദ്ദേഹത്തിന്റെ മുഖം ഗൗരവപൂർണ്ണം. പരുക്കൻ ശബ്ദത്തിൽ പ്രതികരിച്ചു.

"എവിടെ നിന്റെ ആത്മീയോപദേഷ്ടാവ്? അദ്ദേഹമല്ലേ ഇവിടെ വരേണ്ടത്."

"അങ്ങനെയാണു പിതാവേ തീരുമാനിച്ചത്. എന്നാൽ അദ്ദേഹത്തിനു പെട്ടെന്നൊരു ദീനം....."

ബാക്കി പറയാനുവദിക്കാതെ മെത്രാച്ചൻ ശബ്ദിച്ചു.

"സുഖക്കേടുതീരുന്നതുവരെ കാത്തിരിക്കരുതാരുന്നോ? എല്ലാറ്റിനും ഒരു പെണ്ണുമാത്രം ഒരുമ്പിട്ടിറങ്ങുക നമ്മുടെ പാരമ്പര്യത്തിനു ചേർന്നതാണോ? മാത്രമല്ല നീ ഒറ്റയ്ക്ക് ആ വീട്ടിൽ എങ്ങനെ സുരക്ഷിതയായി കഴിയും?

കനത്ത മൗനത്തിൽ പൊതിഞ്ഞ് അവൾ നിന്നു. അല്പം കഴിഞ്ഞ് അദ്ദേഹം തുടർന്നു.



"ധൃതിയോടെ വെഞ്ചരിക്കേണ്ടാ. സാവകാശം മതി. നാം സൗകര്യംപോലെ അവിടെ വന്ന് എല്ലാം ഒന്നു നേരിൽ കാണട്ടെ."

ഇത്രയും പറഞ്ഞ് അദ്ദേഹം എഴുന്നേറ്റുപോയി.

അവളുടെ ഇടറിയ കാലുകൾ അരമനപ്പടികളിലൂടെ തിരിച്ചു ചവിട്ടി. കണ്ണുകൾ നനഞ്ഞൊഴുകുന്നുണ്ടായിരുന്നു. എങ്കിലും മനസ്സു പതറിയില്ല. നിരാശയുടെ കൂരിരുൾ ഹൃദയത്തിൽ കനത്തില്ല. കണ്ണീർ തുടച്ച് മുഖപ്രകാശത്തോടെ നടന്നു. നിത്യപ്രാർത്ഥനാശകലം അപ്പോഴും ഹൃദയത്തിൽ ഓളം വെട്ടുന്നുണ്ടായിരുന്നു.

"എന്റെ ദൈവമേ, അവിടുത്തേ ഇഷ്ടം എന്തോ

അതുമാത്രം നിറവേറട്ടെ"

www.malankaralibrary.com

www.malankaralibrary.com

# ഇരുപത്തഞ്ച്

അപ്രതീക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ വരവ്. തൃശ്ശൂർ അരമനയിൽ നിന്നും മെത്രാന്റെ കാര്യനിർവ്വഹകനായ യോഹന്നാൻ ഊക്കനച്ചനാണ് പുത്തൻചിറപ്പള്ളിയിൽ എത്തിയിരിക്കുന്നത്. മുന്നറിയിപ്പില്ലാതെ ഇത്തരം മേൽസ്ഥാനികൾ സന്ദർശനത്തിനു വരിക പതിവില്ല. അതിനാൽ വികാരിയായ വിതയത്തിലച്ചൻ ആകംക്ഷയോടെ ചോദിച്ചു.

"എന്താണച്ചോ പെട്ടെന്ന്.....?"

പള്ളിപ്പണിപൂർത്തിയായിട്ടില്ല. അതിനാൽ ഈ തിരിക്കിനിടയിൽ വരവിന്റെ പൊരുൾ ഇടവക സന്ദർശനമായിരിക്കില്ല എന്നറിയാം.

ഊക്കനച്ചൻ വർദ്ധിതാഹ്ലാദത്തോടെ കാര്യം പറഞ്ഞു.

"മങ്കിടിയിൻ ത്രേസ്യയുടെ ഏകാന്തവസതി ആശീർവദിക്കാനായി മെത്രാച്ചൻ എന്നെ പറഞ്ഞയച്ചിരിക്കുകയാണ്."

"ദൈവത്തിനു മഹത്വം" വിതയത്തിലച്ചൻ ഇരുകരങ്ങളും മുന്നോട്ടുയർത്തി ആകാശത്തിലേക്കു മിഴികൾ നട്ട് വികാരാവേശത്തോടെ സ്തുതിച്ചു.


പിന്നൊട്ടും വൈകിയില്ല. പള്ളി മണി മുഴക്കി ആളുകളെ കൂട്ടി. വന്നവരിൽ പലരെയും നാലുപാടും അയച്ചു. അവർ ഓടിച്ചെന്നു വിവരം ചുറ്റുപാടും അറിയിച്ചു.

ത്രേസ്യയും കൂട്ടുകാരികളും പ്രാർത്ഥനയിലായിരുന്നു. വാർത്ത കേട്ട് അവരും വേഗമെത്തി, വെഞ്ചരിപ്പിനുവേണ്ട ഒരുക്കങ്ങളിൽ മുഴുകി.

"വന്ദ്യതിരുമേനി ത്രേസ്യയോട് നീരസത്തോടെയാണ് സംസാരിച്ചത്. കൂദാശയെപ്പറ്റിയൊന്നും പറഞ്ഞുമില്ല. പിന്നെങ്ങനെ ഈ മനം മാറ്റമുണ്ടായി?" വിതയത്തിലച്ചൻ ഊക്കനെച്ചനോടാരാഞ്ഞു

"മെത്രാച്ചൻ വലിയ കണിശക്കാരനാണെന്ന് അച്ചനറിയാമല്ലോ. നൂറു ശതമാനം ബോദ്ധ്യപ്പെടാതെ യാതൊരു തീരുമാനവും കൈക്കൊള്ളുകയില്ല. ത്രേസ്യയുടെ കാര്യത്തിൽ ഇത്രനാളും തിരുമേനി പ്രാർത്ഥിക്കുകയായിരുന്നു.





ഏകാന്ത ഭവനം

www.malankaralibrary.com

www.malankaralibrary.com



എന്നോടും പലതവണ പിതാവ് ത്രേസ്യയെപ്പറ്റി ചർച്ചചെയ്തിട്ടുണ്ട്. ഇപ്പോൾ പരിശുദ്ധ ദൈവമാതാവ് ബോദ്ധ്യപ്പെടുത്തിക്കൊടുത്തുകാണും."

അന്ന് ആയിരത്തിത്തൊള്ളായിരിത്തി പതിമുന്ന്, ഒക്ടോബർ മാസം ഏഴാം തീയതി.

അയൽപള്ളികളിൽ നിന്നും വികാരയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകജനം എത്തികൊണ്ടിരുന്നു. അമ്പഴക്കാട്ടുനിന്നും ഒരു കാളവണ്ടി നിറയെ കന്യാസ്ത്രീകളും എത്തികഴിഞ്ഞു.

ഊക്കനെച്ചനും വൈദികരും തൊട്ടടുത്തുള്ള പുത്തൻ ഗൃഹത്തിലെത്തി. ജനം അതിനുള്ളിൽ തിങ്ങി. പിന്നീടുവന്നവർ വിശാലമായ മുറ്റത്തും നിരന്നു.

പ്രാർത്ഥനാപ്പുസ്തകം തുറന്നു. എല്ലാവർക്കും കേൾക്കത്തക്കവിധം ഊക്കനച്ചൻ ഉറക്കെ പ്രാർത്ഥിച്ചു തുടങ്ങി. വിതയത്തിലച്ചനും മറ്റു വൈദികരും അതിൽ പങ്കുചേർന്നു. ഹൃദയാർവർജ്ജകമായ പ്രാർത്ഥനകൾ ദൈവത്തിന്റെ ശക്തിദായകമായ കൃപാഭിഷേകത്തിനായുള്ള അർത്ഥനകൾ.

വികാരഭരിതയായ ത്രേസ്യ നിറമിഴികളോടെ നിന്നു വിതയത്തിലച്ചന്റെ കണ്ണുകളിലും ആനന്ദത്തിന്റെ സ്നിഗ്ദ്ധത.

ഹൃദയഭേദകാന്തരീക്ഷം!

പഴയ തടിപ്പെട്ടിയിൽ ത്രേസ്യയുടെ അത്യാവശ്യ സാധനങ്ങളുമായി അവളുടെ വീട്ടുകാരും വന്നിട്ടുണ്ട്.

കുടംബവീടിനടുത്താണീ ഏകാന്ത ഭവനമെങ്കിലും ഈ വേർപാട് വീട്ടുകാർക്കും സഹിക്കാനാവുന്നില്ല.

പലപ്പോഴും അവൾ അവർക്കൊരു ദുശ്ശകുനമായിരുന്നു. എന്നാൽ ഈ ആക്ഷേപങ്ങളൊന്നും മനഃപൂർവ്വമായിരുന്നില്ല. കുടുംബത്തിലെ ദാരിദ്ര്യദുരിതത്തിൽ അടിയിളകി നിന്നപ്പോൾ പറഞ്ഞുപോയതാണ്. മദ്യസത്വത്തിന്റെ ദുഷ്പ്രേരണയ്ക്ക് അടിപ്പെട്ടുപോയപ്പോൾ പരിഹസിച്ചുപോയതാണ്.

പ്രാർത്ഥനാശുശ്രൂഷകൾ തീർന്നു. ഭവനം കൗദാശീകാനുഗ്രഹങ്ങളിൽ ചൂഴ്ന്നുനിന്നു. ഊക്കനെച്ചൻ, ത്രേസ്യയെ അടുത്തേക്കു വിളിച്ചു. ഭവനത്തിന്റെ താക്കോൽ അവളുടെ നേരെ അദ്ദേഹം നീട്ടി. രക്തത്തിന്റെ ഉറവയുള്ള ഉള്ളം കയ്യിൽ അവളുതേറ്റുവാങ്ങി, നമിച്ചു.

പിരിയും മുമ്പ് ജനാവലിയിൽ നിന്നും പലരും ത്രേസ്യയെക്കണ്ടു



പറഞ്ഞു:

"ബുദ്ധിമുട്ടുകൾ എന്തുണ്ടായാലും അറിയിക്കാൻ മടിക്കരുത്. കഴിവുള്ളതുപോലെ ഞങ്ങൾ സഹായിച്ചുകൊള്ളാം."

അപ്പന്റെ യാത്രമൊഴിയായിരുന്നു അതിദൈന്യം. അവളുടെ ക്ഷത ഹസ്തങ്ങൾ വിറയ്ക്കുന്ന സ്വകരങ്ങളാൽ കൂട്ടിപ്പിടിച്ച് നാലഞ്ചുതവണ നെറ്റിയിൽത്തൊട്ട് അദ്ദേഹം ഏങ്ങലടിച്ചു. പിന്നെ വികാരഭരിതനായി പറഞ്ഞു.

"മാപ്പ് ..... മാപ്പ്,...... ന്റെ മോളെ വെഷമിപ്പിച്ചിതിനെല്ലാം ഈ അപ്പന്റെ മാപ്പ്!"

സകലരും പിരിഞ്ഞുപോയി. ഇനി അവൾക്കൊപ്പമുള്ളത് ആത്മതാതനും കൂട്ടുകാരികളും . കൂട്ടുകാരികൾ മൂവരും മ്ലാനമുഖരാണ്. തങ്ങളുടെ ഭാവി ഇനി എന്താകും എന്നാണവരുടെ ആശങ്ക. ത്രേസ്യായായിരുന്നു അവരുടെ മാർഗ്ഗപ്രഭ. അവൾ മഠത്തിൽ ചേർന്നിരുന്നെങ്കിൽ അവരും ആ വഴി പിന്തുടരാമായിരുന്നു. എന്നാൽ വളരെ അപൂർവ്വമായൊരു വഴിത്തിരിവിലാണു ത്രേസ്യ. ഈ അവസ്ഥയിൽ എന്തുചെയ്യമെന്നവർക്കറിഞ്ഞുകൂടാ.

അവർ കൂടിയാലോചിച്ചു. ഒരു ധാരണയിലെത്തി. വേഗം അക്കാര്യം വിതയത്തിലച്ചനോട് പറഞ്ഞു.

"പിതാവേ, ആരും ഞങ്ങളുടെ കാര്യം ഗൗനിക്കുന്നില്ല. ഞങ്ങൾ സകലതും ഉപേക്ഷിച്ച് ത്രേസ്യയുടെ കൂടെ ഇത്രയും നാളും നടന്നു. ഇനി ഞങ്ങളെന്തുചെയ്യും?"

"ഇനിയും നിങ്ങൾ അവൾക്കൊപ്പമുണ്ടാകണം. പകൽ നേരത്ത് നിങ്ങൾ മൂന്നുപേരും ഇവിടെക്കാണുല്ലോ. രാത്രിയിലും നിങ്ങളിൽ ഓരോരുത്തർ വീതം ത്രേസ്യയുടെ കൂടെ ഇവിടെ ഉണ്ടാകണം."

"അങ്ങനെത്രനാൾ ഞങ്ങൾ കഴിയും പിതാവേ?"

ദൈവം സർവ്വശക്തനാണ്. അവിടുന്നു വഴികാട്ടിത്തരും നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം."

അച്ചൻ പള്ളിയിലേക്കു മടങ്ങി.

അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അവർ പാലിച്ചുതുടങ്ങി. അങ്ങനെ ഒരു വെള്ളിയാഴ്ചയിൽ അവർ അവിടെ ഒരുമിച്ചിരുന്നു. ഓരോ വെള്ളിയും ത്രേസ്യക്ക് വളരെ പ്രധാനമാണ്. പ്രത്യേകിച്ച് കൊന്തനമസ്കാരത്തിന്റെ ഈ മാസത്തിലെ ഒരോ വെള്ളിയും.

www.malankaralibrary.com

www.malankaralibrary.com



ത്രേസ്യ കൂട്ടുകാരികളോട് അപേക്ഷിച്ചു.

"ആവിലായിയിലെ പരിശുദ്ധയായ അമ്മ ത്രേസ്യയാണല്ലോ എന്റെ നാമാധാരണി. ആ അമ്മയുടെ തിരുനാളിനുള്ള നൊവേന നടത്തണമെന്ന് എനിക്കു വലിയ ആശയുണ്ട്. നിങ്ങൾ ആ ജപങ്ങൾ മുടങ്ങാതെ ചൊല്ലാമോ? വിശുദ്ധ ത്രേസ്യയിൽ നിന്നും എനിക്കു കിട്ടിയിട്ടുള്ള അനുഗ്രഹങ്ങൾ ഒത്തിരിഒത്തിരിയാണ്."

"ഞങ്ങൾ അതു ചൊല്ലിക്കൊള്ളാം"

സഹകാരിണികളുടെ മറുപടിയിൽ ത്രേസ്യ ആനന്ദിച്ചു. അമ്മ ത്രേസ്യയുടെ ദിവ്യപരിവേഷം ചൂഴ്ന്ന ജീവിതത്തിലേക്ക് ഈ മങ്കിടിയാൻ ത്രേസ്യയുടെ നിനവുകൾ കടന്നു ചെന്നു. അതൊരാനന്ദമൂർച്ഛയുടെ ദിവ്യാനുഭൂതി അവൾക്കേകി. അപ്പോൾ അവളുടെ അധരങ്ങളിൽ ഒരു മധുരാലാപം പൊടുന്നനെ ഉണർന്നു. പണ്ടൊരിക്കൽ പള്ളിയിൽ വച്ചുണ്ടായതുപോലെ, സ്വർഗ്ഗീയ മധുരം കിനിയുന്നൊരു ദിവ്യസംഗീതം ആ ചൊടികളിൽ നിന്നനർഗ്ഗളം ഒഴുകി.

കൂട്ടുകാരികൾ ആ ഗാനപീയൂഷത്തിൽ സ്വയം മറന്നു മുങ്ങിനിന്നു. ത്രേസ്യ ഒരു ഗായികയെല്ലന്നവർക്കറിയാം. പക്ഷേ, വല്ലപ്പോഴും വഴിയുന്ന കൃപാവേളകളിൽ അവളൊരു ഗാനദേവതയായിത്തീരുന്നു. ആ ചൊടികളിൽ നിന്നൂറിവീഴുന്നത് ദൈവാത്മതരംഗമാണ്. അതാരുടെ മിഴികളിലാണ്, അനുതാപത്തിന്റെ ചെറുതടാകങ്ങൾ തീർക്കാത്തത്. പക്ഷേ, ആ പാട്ട് അവൾക്കു മുഴുമിക്കാൻ കഴിഞ്ഞില്ല. ജ്ഞാനപരവശയായി അവൾ അപ്പോഴേക്കും ഭാവാന്തരപ്പെട്ടിരുന്നു.

തൽക്ഷണം ഒരുജ്ജ്വലഭാവം അവളിൽ ആവസിച്ച് കഴിഞ്ഞു. കൂട്ടുകാരികൾ മിഴിച്ചു നിന്നു. ഇതു സാക്ഷാൽ ത്രേസ്യയല്ലെന്നു നിശ്ചയം. ഭിത്തിയിലേക്കു ചാഞ്ഞ് ചലനമറ്റ നിലയിലാണിപ്പോൾ. പ്രവചനോക്തികൾക്കായി അവളുടെ ചുണ്ടുകൾ പതുക്കെ വിറച്ചു തുടങ്ങി.

അവർക്കതു കണ്ടു നിൽക്കാൻ കഴിവില്ല. അവർ വേഗം പള്ളിയിലേക്കോടി. വിതയത്തിലച്ചൻ അതീവജാഗ്രതയോടെ എന്തോ കുറിച്ചുകൊണ്ടിരിക്കുന്നു. ഒരു കരം മേശമേലുള്ള ക്രൂശിതരൂപത്തിൽ മുറുകെപിടിച്ചിട്ടുണ്ട്. അച്ചൻ എഴുതിക്കൊണ്ടിരുന്നത് തന്റെ ജ്ഞാനപുത്രിക്കുവേണ്ടിത്തന്നെ. അവൾ ഇന്നുമുതൽ പുതിയൊരു അസാധാരണ കർമ്മകാണ്ഡത്തിലേക്കു കടക്കുകയാണ്. അതിനാൽ അവൾക്കു പുതിയ ദിനചര്യകൾ നൽകണം. പത്തുകൊല്ലങ്ങൾക്കു മുമ്പു കൊടുത്തവയേക്കാൾ കുറച്ചുകൂടി തീക്ഷ്ണമായ ദിനചര്യങ്ങൾ അക്കമിട്ടെഴുതുകയാണ്.



പുതുക്കിയ ദിനചര്യയിൽ ഉറക്കംവെറും രണ്ടുമണിക്കൂർ. രാത്രി പത്തു മുതൽ പന്ത്രണ്ടുവരെ മാത്രം ബാക്കിയുള്ള ഇരുപത്തിരണ്ടുമണിക്കൂറുകളും കർമ്മനിരതമാകണം. ഇതിനുള്ളിൽ ആത്മീയോത്കർഷത്തിന് അനിവാര്യമായവയെല്ലാം ഉണ്ടാകണം. പീഡാനുഭവധ്യാനവും, ആത്മപരിശോധനയും സാമൂഹ്യസേവനവും ജ്ഞാനപരായണവും ആത്മീയോല്ലാസവും എഴുത്തുകുത്തുകളും എല്ലാം.

1. ആത്മതാതന്റെ അനുമതി കൂടാതെ മഠത്തിൽനിന്നു പുറത്തുപോവുകയോ ഇടവകാതിർത്തി വിടുകയോ അരുത്.
2. അനുവാദം കൂടാതെ യാതൊരു സമ്മാനവും വാങ്ങാനോ കൊടുക്കാനോ പാടില്ല.
3. അത്യാവശ്യമെങ്കിൽ രോഗിയുടെ വീട്ടിൽ താമസിക്കാം. എന്നാൽ അനുവാദത്തോടെ മാത്രമേ പാടുള്ളൂ.
4. അന്യവീടുകളിൽ പോകുമ്പോൾ കൂടെ ഒരാളെങ്കിലും ഉണ്ടാവണം.
5. അനുവാദമില്ലാതെ എഴുത്തയ്ക്കരുത്. വരുന്ന എഴുത്തുകൾ സ്വയം തുറന്നു വായിക്കയുമരുത്.
6. എല്ലാവരോടും സംസാരിക്കരുത്.
7. ആരേയും അനുവാദമില്ലാതെ അകത്തു കടത്തരുത്.

ഇത്രയും മാത്രമേ എഴുതിയുള്ളു. അപ്പോഴേക്കും ജനാലയ്ക്കരികിൽ കൂട്ടുകാരികളുടെ ഉൽക്കണ്ഠാകുലമുഖങ്ങൾ.

"അച്ചോ ഓടിവരണേ, ത്രേസ്യയ്ക്ക് വല്ലാത്ത അവസ്ഥ...."

അച്ചൻ എഴുത്തു നിർത്തി.വേഗം എഴുന്നേറ്റ് ഓടി. കിതപ്പോടെ പുതിയ ഭവനത്തിലേക്കു ചാടിക്കയറി. അബോധത്തിൽ നിൽക്കുന്ന ജ്ഞാനപുത്രിയുടെ മുമ്പിൽ പ്രാർത്ഥനാപൂർവ്വം നിന്നു.

ഭാവമാറ്റത്തോടെ നിൽക്കുന്ന ത്രേസ്യയുടെ ചൊടികളിൽ പ്രവചനദ്ധ്വനിയുള്ള ഒരതുല്യസ്വരം തുടിച്ചു.

"ദൈവനാമത്തിൽ ശ്രദ്ധിച്ചുകൊള്ളുക. ഞാൻ കന്യാമറിയമാണ്. എല്ലാ വെള്ളിയാഴ്ചകളിലും ഈ മുറി പൂക്കളാൽ അലങ്കരിക്കണം. തിരുക്കുടുംബത്തിന്റെ സാന്നിദ്ധ്യം അപ്പോൾ ഇവിടെ ഉണ്ടാകും. അന്നേരം ഇവിടെ കൊന്ത ചൊല്ലുന്നവർക്ക് എല്ലാ വിശിഷ്ടാനുഗ്രഹങ്ങളും കിട്ടും."

www.malankaralibrary.com

www.malankaralibrary.com

## ഇരുപത്താറ്

ഏകാന്തയുടെ ഏഴുമാസങ്ങളാണു കടന്നുപോയത്. പ്രാണരക്തം ഊറ്റി ഈശോ വിലയ്ക്കു വാങ്ങിയ ഗ്രാമ്യകന്യകയാണു താനെന്ന വൾക്കറിയാം. അതിനാൽ ദൈവകുമാരന്റെ തിരുമാറിൽ സ്വജീവനെ സമർപ്പിച്ച് പ്രിതിനന്ദികാട്ടാൻ അവൾക്കാവേശമായിരുന്നു. അതിനു രാവെന്നോ പകലെന്നോ ഭേദമില്ല. ഒരു നിമിഷത്തരിപോലും പാഴാക്കാതെയുള്ള ലയന സായൂജ്യമഹോദ്യമമാണ്, രാത്രിമുഴുവൻ. പരമപിതാവിൽ ഇഴുകി ചേരാൻ പർവ്വതാഗ്രങ്ങളിലേക്കു കയറിപ്പോയ ഈശോ തന്നെയായിരുന്നു മാതൃക. അയച്ചവനുമായി പ്രാർത്ഥനയിൽ ഒന്നു ചേർന്നതിനാലാണ് ഈശോയ്ക്ക് ശിഷ്യരെ തെരഞ്ഞെടുക്കാനായതും. അവരെ സുവിശേഷദൗത്യവുമായി പറഞ്ഞയക്കാനായതും. അതുകൊണ്ടാണ് ജനാവലിയുടെ മുമ്പിൽ സദ്വാർത്തയുടെ അതിശക്ത ഭാഷണമായി അവിടുന്നു ജ്വലിച്ചെരിഞ്ഞത് അനുകമ്പയോടെ ദീനജനപദങ്ങളിലേക്ക് രക്ഷാകര വിസ്മയസ്പർശമായി ഇറങ്ങിച്ചെന്നത്.

ഈ ധീരമാതൃകയായിരുന്നു, ത്രേസ്യയ്ക്കും ആസ്വാദ്യം. കാരണം അവളുടെ ഹൃദയവും അനുകമ്പാർദ്രമായിരുന്നു. ഒരു മണിച്ചോറു കഴിക്കുമ്പോഴും വിശന്നു വലയുന്ന സഹജരെപ്പറ്റിയായിരുന്നു ഓർമ്മ. പര വീടുകളിൽ കടക്കുന്നത് നിഷിദ്ധമാണിന്ന്, പ്രത്യേകിച്ച് സ്ത്രീകൾ. അങ്ങനാരും പുറപ്പെട്ട കഥ കേട്ടുകേൾവിയിൽപ്പോലുമില്ല; അവളുടേ തൊഴികെ. ഇക്കാര്യത്തിൽ നാട്ടുകാർ ഇരുതട്ടുകളിൽ, അവളുടെ സേവനസ്പർശനമേറ്റവർ സ്വീകാര്യരുടെ തട്ടിൽ. ക്രുദ്ധഫണങ്ങളുമായി മേലാളന്മാർ മറുതട്ടിലും. അവരുടെ കണ്ണിൽ ത്രേസ്യ പാരമ്പര്യ നിഷേധിയാണ്. വീട്ടിലും നാട്ടിലും പതിയിരിക്കുന്ന എതിർപ്പുകൾ. ജീവാപായസൂചനകൾപോലും. എന്നിട്ടും സേവനത്തിന്റെ ദീർഘവർഷങ്ങളാണു പിന്നിട്ടുകൊണ്ടിരിക്കുന്നത്. ഇതെങ്ങനെസാധിക്കുന്നു, എന്ന് അതിശയത്തോടെ ആത്മാവിലേക്കുറ്റുനോക്കി പലതവണ സ്വയം ചോദിച്ചിട്ടുണ്ട്.

എല്ലാത്തിനും ഉത്തരം ഈശോയിലുള്ള ഈ ഹൃദയൈക്യം!

ഇവിടെ വെള്ളിയാഴ്ചതോറും ജാഗ്രത്തായി ജപമാല പ്രാർത്ഥന



യുണ്ട്. മുടക്കം കൂടാതെ ആത്മതാതനും അതിൽ പങ്കെടുക്കും.

അന്നും കൊന്ത ജപത്തിൽ മുഴുകിക്കഴിയുകയായിരുന്നു അവർ; ആത്മപിതാവും ത്രേസ്യയും സതീർത്ഥ്യരും. അതിരാവിലെ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് ഉപവാസത്തോടെയുള്ള കൂട്ടായ്മയാണിത്. കന്യാമറിയത്തിന്റെ തിരുമുമ്പിൽ കരഞ്ഞപേക്ഷിച്ച ഒരാൾപോലും ഉപേക്ഷിക്കപ്പെട്ടതായി വിശ്വചരിത്രത്തിലില്ലെന്നവർക്കറിയാം. ആ ഉറപ്പിലാണു പ്രാർത്ഥന. കൊന്തജപം മുഴുകാറായി. ഉടൻ മുറ്റത്ത് കുതിരകുളമ്പടിയും കുതിരക്കഴുത്തിലെ മണിക്കുലയുടെ ഝിൽ ഝിൽനാദവും

ജനാല വഴി അവർ അങ്കണത്തിലേക്കു മിഴികളയച്ചു. അലംകൃതമായൊരു വില്ലുവണ്ടി. തെളിക്കാരൻ തുറന്നുകൊടുത്ത വാതിലിലൂടെ ചുവന്ന പട്ടിന്റെ തലപ്പാവും കുരിശുമാലയും ചുവന്ന ഇടക്കെട്ടുള്ള വെള്ളക്കുപ്പായവും ധരിച്ച ഒരു ഗൗരവക്കാരൻ പടിയിറങ്ങുന്നു!

"മേനാച്ചേരി പിതാവ്!!" അവർ അത്ഭുതത്തോടെ സ്വയം പറഞ്ഞു.

വേഗം എഴുന്നേറ്റ് മുറ്റത്തേക്ക് പാഞ്ഞ് എല്ലാവരും കൈമുത്തി.

തന്റെ ഏകാന്ത വീടുതേടി രൂപതാ തലവൻ എത്തിയതിൽ ത്രേസ്യയുടെ ആനന്ദനം സീമാതീതമായിരുന്നു. അവൾ നിറകണ്ണുകളോടെ ദൈവത്തെ സ്തുതിച്ചു.

തിരുമേനി ചുറ്റും കണ്ണോടിച്ചു. ശ്രദ്ധയോടെ നട്ടു നനച്ചു പോറ്റുന്ന സസ്യജാലങ്ങളാണ് അങ്കണം നിറയെ. അവയിൽ പലതിന്റേയും ശിരസ്സിൽ വാസനപ്പൂക്കൾ. ഏഴുമാസം മുൻപ് ത്രേസ്യ നട്ട തൈമുല്ല വളർന്നു പടർന്നു. പ്രവേശന കവാടത്തിൽ പൂത്ത് ഇളംകാറ്റിൽ ഇളകിയാടുന്നു.

പറമ്പിൽ പച്ചക്കറികളുടേയും കഴിങ്ങുവിളകളുടേയും ഹരിതസമൃദ്ധി. അദ്ധ്വാനത്തിലൂടെ സ്വയക്ഷേമത്തിന്റെ മാതൃകയായി മുന്നിൽ പ്രശോഭിച്ചു നിൽക്കുന്ന ത്രേസ്യയെ അദ്ദേഹം സന്തോഷത്തോടെ നോക്കി. പിന്നെ വിതയത്തിലച്ചന്റെ കൂടെ ഇരുനിലകളിലും കയറിയിറങ്ങി. നിശിത ദൃഷ്ടികൾ എല്ലായിടത്തും കടന്നുചെന്നു.

അവസാനം മുൻമുറിയിലെ ചൂരൽക്കസേരയിൽ ചെന്നിരുന്നു.

അല്പം ദീർഘിച്ച കനത്ത മൗനം.

പിന്നെ, കണ്ണടക്കണ്ണുകൾ വിതയത്തിലച്ചനുനേരെ തിരിച്ച് പറഞ്ഞു.

"അച്ചാ, ത്രേസ്യയുടെ ഈ ഭവനം ഒരാശ്രമമാക്കി മാറ്റിയാലോ? എനിക്കങ്ങനൊരാഗ്രഹം. അച്ചനെന്തു തോന്നുന്നു.

www.malankaralibrary.com

www.malankaralibrary.com



അച്ചന്റെ അന്തരംഗത്തിൽ നിന്നൊരാശ്വസ നിശ്വാസമുയർന്നു.

"അതാണെന്റെയും........" മുഴുമിക്കാനായില്ല. അത്രമാത്രമായിരുന്നു ആനന്ദത്തിന്റെ വേലിയേറ്റം.

"എങ്കിൽ ഏതുസഭ ആരംഭിക്കണം?"

അതിനെപ്പറ്റി വിതയത്തിലച്ചന് കൂടുതലൊന്നും ആലോചിക്കാനില്ല. അതിനാൽ മറുപടി വേഗത്തിലായിരുന്നു.

"പരിശുദ്ധ കന്യാമറിയത്തിന്റെ പേരിലുള്ള സഭയായാൽ കൊള്ളാം."

കാരണം, ത്രേസ്യയുടെ ജീവിതം ആ ദിവ്യജനനിയുടെ കരങ്ങളാൽ അർപ്പിതമായിരുന്നു.

"ആ പേരിൽ മഠങ്ങൾ പലതുമുണ്ടല്ലോ. നമ്മുടെ രൂപതയിൽ.

"അതിനാൽ ഇതിനു തിരുക്കുടുംബസന്ന്യാസിനീ സമൂഹം എന്നു പേരുകൊടുത്താലോ?

"വളരെ നല്ലതുതന്നെ. ദൈവത്തിന്റെ ഇഷ്ടമാണ്. പിതാവിലൂടെ നിർദ്ദേശിക്കപ്പെട്ടത്."

ത്രേസ്യയും വിതയത്തിലച്ചനും ആശ്ചര്യത്തോടെ നോക്കിനിന്നു. തിരുക്കുടുംബദർശനങ്ങളാൽ സമൃദ്ധമായിരുന്നു, അവളുടെ ജന്മം. മഠത്തിനു വളരെ അപൂർവ്വമായൊരു പേരു തന്നെയാണിത്. എങ്കിലും പരപ്രേരണയില്ലാതെ മേനാച്ചേരി തിരുമേനി അതുതന്നെ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ഇടപെടലിന് ഇതിലേറെ തെളിവുവേണ്ടാ.

"നാളെത്തന്നെ ഈ പുതിയ മഠത്തിന്റെ സ്ഥാപനകർമ്മം നടത്താം. ത്രേസ്യ ശ്രേഷ്ഠത്തിയും കൂടെയുള്ള മൂന്നുപേരും സഹമഠാംഗങ്ങളുമായിരിക്കട്ടെ.

ത്രേസ്യയ്ക്കൊപ്പം മുന്നു പതിറ്റാണ്ടോളം സകലഭാവങ്ങളിലും പങ്കുചേർന്നു കഴിഞ്ഞവരാണീ കൂട്ടുകാരികൾ. തിരുമേനിയുടെ വാക്കുകൾക്കു മുമ്പിൽ അവരുടെ ആനന്ദം ഒന്നുകാണേണ്ടതുതന്നെയായിരുന്നു.

"ഇപ്പോൾ മുതൽ നാളെത്തേക്കുള്ള ഒരുക്കങ്ങൾ തുടങ്ങിക്കൊള്ളുക." മെത്രാച്ചൻ ഓർമ്മപ്പെടുത്തി.

"പക്ഷേ, പിതാവേ, വേഷത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമായില്ലല്ലോ." വിതയത്തിലച്ചൻ ചോദിച്ചു.



"ഇക്കാര്യത്തിൽ ത്രേസ്യ എന്തുപറയുന്നു?"

"കർമ്മലീത്താക്കാരുടെ വേഷം തന്നെ തൽക്കാലം സ്വീകരിക്കാൻ വന്ദ്യപിതാവ് അനുവദിച്ചാൽ നന്നായിരുന്നു. കറുത്ത തലമുണ്ടും മുഖവട്ടം മാത്രം കാണത്തക്കവിധം ദേഹം മുഴുവൻ മറയ്ക്കുന്ന വെള്ളക്കുപ്പായവുമാണല്ലോ അവരുടെ വേഷം"

"ശരി. അനുവദിച്ചിരിക്കുന്നു. എങ്കിൽ ഉടൻ അമ്പഴക്കാട്ടു മഠത്തിൽച്ചെന്ന് വേണ്ട ക്രമീകരണങ്ങൾക്കായി രണ്ടു കന്യാസ്ത്രീകളെ കൂട്ടിക്കൊണ്ടുവരൂ.

അതുപറഞ്ഞ് വിതയത്തിലച്ചനൊപ്പം മേനാച്ചേരി തിരുമേനി പുറത്തേക്കിറങ്ങി. ഇന്നദ്ദേഹത്തിനു വിശ്രമം പുത്തൻചിറ വൈദിക വസതയിലാണ്. ഇരുവരും വില്ലുവണ്ടിയിൽ കയറി പള്ളിയിലേക്കു പോയി.

മേനാച്ചേരി തിരുമേനിയുടെ ആഗമനവാർത്ത പുത്തൻചിറയിലും അയൽനാടുകളിലും അറിഞ്ഞു. വരവിന്റെ കാരണമാരാഞ്ഞു. വാർത്തയറിഞ്ഞ് നാടുണർന്നു. ത്രേസ്യ എന്ന ഒരു വ്യക്തിയുടെ സന്തോഷമല്ലിത്. ഒരു ജനതയുടേതാണ്. ഒരു പ്രസ്ഥാനത്തിന്റേതാണ്. സകലരും അടുത്ത പ്രത്യൂഷത്തിനായി കാത്തിരുന്നു. അതായത് ആയിരത്തിത്തൊള്ളായിരിത്തി പതിനാല്, മെയ് പതിനാലിന്റെ സുവർണ്ണാദോയത്തിനായി.

പള്ളിപ്പരിസരത്ത് അതികാലത്തുതന്നെ ജനം തിങ്ങി. വലിയ പള്ളിയുടെ പണിതീരാറായി. അടുത്തള്ള താൽക്കാലിക ശാലയിലാണ് ആരാധന കർമ്മങ്ങൾ.

രൂപതാദ്ധ്യക്ഷൻ തിളങ്ങുന്ന സ്ഥാന വസ്ത്രധാരിയായി പ്രാർത്ഥനാശാലയുടെ മദ്ബഹായിൽ നിന്നു. ചുററും എട്ടുവൈദികർ. മഠത്തിൽ നിന്നെത്തിയ പതിനാലു കന്യാസ്ത്രീകൾ തൊട്ടുതാഴെ ഇരുവരികളിലായി നിരന്നു. അവർ വിവിധ സമൂഹങ്ങളിൽ നിന്നുള്ളവർ, കർമ്മലീത്ത, ക്ലാര, വിസിറ്റേഷൻ തുടങ്ങിയ സമുഹങ്ങളിൽ നിന്നും.

മുൻനിരയിൽ നാലുപേർ മുട്ടുകുത്തി നിന്നു. ഒരാൾ മുമ്പിലും മറ്റുള്ളവർ തൊട്ടുപിന്നിലും. ചട്ടയും മുണ്ടുമാണവരുടെ വേഷം. മുന്നിലുള്ളവൾക്കുമാത്രം ശിരോവസ്ത്രം. എല്ലാ നോട്ടവും അവളിൽതന്നെ. അവളുടേയും മൂന്നുസഹകാരികളുടേയും നീട്ടിയ കരങ്ങളിൽ വിശുദ്ധിയുടെ സഭാവസ്ത്രം. മാമോദീസായിലൂടെ വെണ്മയാക്കപ്പെട്ട ഹൃദയംപോലെ അവ വെടിപ്പായിരുന്നു. കാമക്രോധലോഭമോഹമദമാത്സ

www.malankaralibrary.com

www.malankaralibrary.com



ര്യങ്ങളുടെ ഒരു തുള്ളി ചളിപോലും ഈ മനോവെൺമയിൽ വീഴാൻ ഇന്നോളം അനുവദിച്ചിട്ടില്ല. അത്രമേൽ ജാഗ്രതയായിരുന്നു ദേഹദേഹീവിഷയങ്ങളിൽ. ഈ സഭാവസ്ത്രത്തിന്റെ കാര്യത്തിലും അതേ നിഷ്ഠ തന്നെ.

ഒരിക്കലും മുഷിയാൻ പാടില്ലാത്ത ആത്മാവിന്റെ പ്രതീകമാണീ വസനം. മഠവും മഠാധിപത്യവും സുഖജീവിതത്തിന്റെ മൃദുശയ്യയാവരുരത്. അത് ആത്മമണവാളനായ ഈശോയുടെ മണവറയിലെ അതുല്യാന്ദത്തിലേക്കുള്ള യാനപാത്രം മാത്രമായിരിക്കണം. മുപ്പത്താറു കൊല്ലം താൻ അനുഭവിച്ച ആനന്ദം അതാണ്. ഇന്ന്, ഈശോയുടെ മൗതിക ദേഹമായ തിരുസ്സഭ അതിപ്രധാനമായൊരു ആത്മീയതലത്തിലേക്ക് തന്നെ കൈപിടിച്ചുയുർത്തുകയാണ്. ഇതുവരെകഴിഞ്ഞതിൽ നിന്നൊരുപാടുയരത്തിലേക്കു കടക്കാനുള്ള അതിസാഹസികമായ ദൈവവിളിയാണിത്.

മെഴുകുതിരികളെരിഞ്ഞുണർന്നു. മുഖ്യകാർമ്മികൻ പ്രാർത്ഥനയാരംഭിച്ചു. വൈദികരും കന്യാസ്ത്രീകളും ജനാവലിയും അതേറ്റുചൊല്ലി.

ത്രേസ്യയിൽ നിന്നും സഭാവസ്ത്രം വാങ്ങി കാർമ്മികൻ ആശീർവ്വദിച്ചു. അതു തിരികെ കയ്യിലേല്പിച്ച് അവൾക്കു സന്യാസനാമം നൽകി.

"മറിയം ത്രേസ്യ."

ആ വിളി മുൻകൂട്ടി നിശ്ചയിച്ചതായിരുന്നില്ല!

പരിശുദ്ധ മറിയത്തിന്റെ ത്രേസ്യ എന്നുവിളിക്കാനാണ് മേനാച്ചേരി തിരുമേനിക്ക് അപ്പോൾ പ്രേരണയായത്. അതുകേട്ട് വിതയത്തിലച്ചൻ കോരിത്തരിച്ചു. ത്രേസ്യയും കാരണം പത്തുവർഷം മുമ്പ് മാതാവു ദർശനത്തിലൂടെ വെളിപ്പെടുത്തിയ പേരാണത്. കൃത്യമായി പറഞ്ഞാൽ 1904 ഡിസംബർ എട്ട് വ്യാഴാഴ്ച. അന്ന് പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവ പ്രഖ്യാപനത്തിന്റെ കനനകജൂബിലയാഘോഷവേള. പരമരഹസ്യമായി ആ പേരു സൂക്ഷിച്ചു വച്ചിരിക്കുകയായിരുന്നു. ആത്മീയപിതാവ് എന്നാൽ ഈ ധന്യനിമിഷത്തിലതു പരസ്യമാക്കപ്പെട്ടിരിക്കുന്നു. പരപ്രേരണ കൂടാതെ മേനാച്ചേരി തിരുമേനി ആ പേരുതന്നെ ഉച്ചരിച്ചിരിക്കുന്നു!

ത്രേസ്യയ്ക്കറിയാം ഈ ദിവ്യമുഹൂർത്തത്തിൽ സ്വർഗ്ഗം ആനന്ദിക്കുന്നുണ്ട്. ഈശോയുടെ പാർശ്വദ്വയങ്ങളിൽ അവിടുത്തെ മാതാപി



താക്കൾ ചേർന്നുനിന്നാഹ്ലാദിക്കുന്നുണ്ട്. തന്റെ പേരിനോടുചേർത്ത് ഈ ജ്ഞാനപുത്രിയും വിളിക്കപ്പെടാൻ പരിശുദ്ധ കന്യാമറിയം അനുഗ്രഹപ്രേരണ നൽകിയിട്ടുണ്ട്.

ത്രേസ്യ തല നമിച്ചു നിന്നു. അവളുടെ നെറുകയിൽ വലതുകൈയിൽ തള്ളവിരലാൽ കുരിശുവരച്ച് മേനാച്ചേരി തിരുമേനി പ്രാർത്ഥിച്ചു.

തൽക്ഷണം ത്രേസ്യ പരിസരം മറന്നു. അവളിലെ ഭൗമബോധം ഇരുണ്ടു. ആത്മപ്രജ്ഞ ജ്വലിച്ചുണർന്നു. ആ വെളിച്ചത്തിലവൾ സ്വർഗ്ഗക്കാഴ്ച കണ്ടു. സാക്ഷാൽ തിരുക്കുടുംബത്തിന്റെ മഹാദർശനം അടിമുടി അവൾ വിറക്കൊള്ളുകയായിരുന്നു. കാറ്റിൽ തരളിതഗാത്രയായ പുൽക്കൊടിപോലെ. ക്രമേണ കാറ്റകന്നു. പുൽക്കൊടി ഇപ്പോൾ നിശ്ചേഷ്ടം. അവൾ വർത്തമാന മുഹൂർത്തത്തിലേക്ക് കുടുതൽ തീഷ്ണതയോടെ മടങ്ങിയെത്തുകയാണ്.

ഇത് നിത്യവ്രതവാഗ്ദാന മുഹൂർത്തം. മരണം വരെയുള്ള അനുഷ്ഠാനങ്ങളുടെ പരസ്യമായ സത്യപ്രതിജ്ഞ. സഭാതലവൻ പറഞ്ഞു കൊടുത്ത പദാവലികൾ അവൾ ശാന്തമധുരമായി ഏറ്റുചൊല്ലി.

"കരയേറ്റ കന്യാമാതാവിന്റെ മറിയം ത്രേസ്യയായ ഞാൻ വ്രതവാഗ്ദാനം ചെയ്യുന്നു. ദൈവത്തിന്റെ സ്തുതിക്കും തിരുക്കുടുംബത്തിന്റെ മഹത്വത്തിനുമായി ഞങ്ങളുടെ സഭയുടെ അതിശ്രേഷ്ഠനായ അങ്ങയുടെ സന്നിധിയിൽ ഈ തിരുക്കുടുംബ കന്യകാസഭയുടെ ന്യായപ്രമാണത്തിനൊത്തവിധം കീഴ്വഴക്കവും കന്യാവ്രതവും അഗതിത്വവും മരണം വരെ പാലിച്ചുകൊള്ളാമെന്ന് അത്യുന്നതനായ ദൈവത്തോട് ഞാൻ പറഞ്ഞൊക്കുന്നു. ഈ മൂന്നു വ്രതങ്ങളെ എന്നാൽ കഴിയുന്നിടത്തോളം പൂർണ്ണമായ വിധത്തിൽ പാലിക്കുവാൻ ഞാൻ മനസ്സായിരിക്കുകയും ചെയ്യുന്നു."

പിന്നീട് പിന്നിൽ നിരക്കുന്ന കൂട്ടുകാരികളുടെ അരികിലേക്ക് മേനാച്ചേരി തിരുമേനി നീങ്ങി. അവർക്കും സഭാവസ്ത്രം നൽകി. സന്യാസനാമങ്ങളും.

കരുമാലിക്കലെ മറിയത്തിനു വേറോനിക്കാ, മാളിയേക്കലെ കൊച്ചുമറിയത്തിനു ആഗ്നസ്, മാളിയേക്കലെ താണ്ടയ്ക്കു ക്ലാര.

പ്രാർത്ഥനാകർമ്മങ്ങൾക്കുശേഷം സന്തോഷവാനായ തിരുമേനി സഭാമദ്ധ്യേ നിന്നു. സകലരോടും ഇരിക്കാൻ കൈകൊണ്ട് ആംഗ്യം കാട്ടി. അദ്ദേഹം ഒരു പ്രസംഗത്തിനുള്ള ഉത്സാഹത്തിലാണ്.

www.malankaralibrary.com

www.malankaralibrary.com



ഇങ്ങനെ പറഞ്ഞുതുടങ്ങി:

"പുഷ്പങ്ങളിൽ വച്ചേറ്റവും സൗരഭ്യവും ഭംഗിയുമുള്ള പനിനീർപുഷ്പം ഉണ്ടാകുന്നത് മുള്ളുകൾ നിറഞ്ഞ തണ്ടിൽ നിന്നാണല്ലോ. ഇതുപോലെയാണ് മറിയം ത്രേസ്യയുടെ കാര്യവും കഷ്ടതകളുടെയും പരീക്ഷണങ്ങളുടെയും പാതയിൽക്കൂടി ദൈവം അവളെ ഇത്രനാൾ നയിച്ചു. ഇത് ഈ നാട്ടിൽ തിരുക്കുടുംബനാമത്തിൽ നവമായ ഒരു സന്യാസിനീ സഭ സ്ഥാപിക്കാനാണെന്ന ബോദ്ധ്യം ഇന്നലെ ഇവിടെ വന്നു കണ്ടപ്പോൾത്തന്നെ എനിക്കു ബോദ്ധ്യപ്പെട്ടിരുന്നു. ഇനി ഇതിന്റെ രൂപീകരണത്തിനു വിളംബം വരുത്തുന്നപക്ഷം അതെന്റെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായിരിക്കുമെന്ന വിശ്വാസത്താലാണ് ഇത്ര തിടുക്കത്തിൽ ഈ മഹത്കർമ്മം ചെയാൻ ഞാൻ ആഗ്രഹിച്ചത്.

"ഇന്ന് ആഗോള തിരുസ്സഭയ്ക്കുതന്നെ പ്രധാനപ്പെട്ട ദിവസമാണ്. ഒരു പുതിയ സന്യാസിനീ സമൂഹം ഇന്നു പിറവിക്കൊണ്ടിരിക്കുന്നു. തൃശ്ശൂർ രൂപതയിൽ ഇന്നു മുതൽ ഈ സമൂഹം, 'കോൺഗ്രിഗേഷൻ ഓഫ് ഹോളി ഫാമിലി' എന്നറിയപ്പെടും. അതായത് 'തിരുക്കുടുംബ സന്ന്യാസിനീ സമൂഹം.' ഇതിന്റെ ശ്രേഷ്ഠത്തിയായി മറിയം ത്രേസ്യയെ നാം നിയമിച്ചാക്കുകയും ഈ മൂന്നുപേരെയും അർത്ഥിനികളായി അംഗീകരിച്ചു സ്വീകരിക്കുകയും ചെയ്യുന്നു. ഈ സമൂഹത്തിന്റെ കപ്ലോനച്ചനായി എത്രയും ബഹുമാനപ്പെട്ട വിതയത്തിൽ ജോസഫച്ചനെ നിയമിക്കുകയും ചെയ്തിരിക്കുന്നു."

# ഇരുപത്തേഴ്

ഈ അനന്യാനുഭവം ആഗോള തിരുസഭയിൽത്തന്നെ ഒരു പക്ഷേ, ആദ്യത്തേതാകാം! മഠത്തിന്റെ സ്ഥാപന ദിനത്തിൽ തന്നെ അർത്ഥിനികളുടെ നിത്യവ്രതവാഗ്ദാനവും നടത്തപ്പെടുക! അവരിൽനിന്നൊരാൾ അന്നുതന്നെ മഠാധിപയായി അവരോധിക്കപ്പെടുക! ഈ ശ്രേഷ്ഠത്തി മുപ്പത്തേഴുകൊല്ലം ജന്മഗൃഹത്തിൽ കഴിഞ്ഞവൾ! എഴുത്തും വായനയും പോലും ശരിക്കറിയാത്തവൾ. ഒരു കന്യാലയത്തിലെ നിയതശിക്ഷണം തീണ്ടാതെ നേരെ മഠാധിപയാകാൻ വരം ലഭിച്ചവൾ! മഠാംഗം ആകും മുമ്പേ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കപ്പെട്ടവൾ! മഠാംഗങ്ങളെല്ലാം ഒരിടവകയിൽ നിന്നുള്ളവർ! അതെ ഇടവക വികാരിതന്നെ ആദ്ധ്യാത്മിക നിയന്താവായി അവരോധിതനാവുക! ഒരേ ഒരു കന്യാസ്ത്രീയുള്ള ഒരു സന്യാസിനീ സഭ.

ഈ പ്രത്യേകതകളോർത്ത് ത്രേസ്യ പ്രാർത്ഥിച്ചു, സങ്കീർത്തനത്തിലെ സ്തോത്രഗീതം. പരിശുദ്ധ കന്യകാമാതാവിന്റെ ഇഷ്ടഗീതം.

അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു.

ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.

എത്രയോ തവണ മഠത്തിൽ ചേരുവാൻ കൊതിച്ചിട്ടുണ്ട്; കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. പക്ഷേ, അപ്പോഴെല്ലാം തടസ്സങ്ങളുടെ മുൾപ്പടർപ്പായിരുന്നു മുമ്പിൽ. മഠത്തിലേക്കുള്ള ദൈവവിളി തനിക്കില്ലെന്നു പോലും അന്നു ബോദ്ധ്യപ്പെട്ടു. എന്നിട്ടും ഭാവിയെപ്പറ്റി ഉത്ക്കണ്ഠപ്പെട്ടില്ല. എല്ലാം ഈ ധന്യനിയോഗത്തിനു വേണ്ടിയായിരുന്നല്ലോ. ത്രേസ്യ നന്ദിയോടെ നമിച്ചു; ശക്തനും നിത്യനുമായ വിധാതാവിന്റെ തിരുമുമ്പിൽ.

വിശ്വസഭയിൽ ആത്മീയതയുടെ കരുത്തുറ്റൊരു മുള! നാടിനാകമാനം പരിശുദ്ധിയുടെ ഉണർവ്വ്! പുത്തൻചിറവാസികൾക്ക് അഭിമാനത്തിന്റെ പൗർണ്ണമി. അവർക്ക് അവൾ പണ്ടേ അമ്മയാണ്. അവതാരമൂർത്തിയാണ്. ഇപ്പോൾ അവർ വിളിക്കുന്നത് മങ്കിടിയാൻ കന്യസ്ത്രീയമ്മ. കുറച്ചുകൂടി പഠിപ്പുള്ളവർ ഇങ്ങനെയും, മദർ മറിയം ത്രേസ്യ!

രണ്ടുമാസത്തിനുള്ളിൽ ഔദ്യോഗിക നിയമാവലി കിട്ടി. വളരെ

www.malankaralibrary.com

www.malankaralibrary.com



ശുഷ്കാന്തിയോടെ മെത്രാച്ചൻ ഇടപ്പെട്ടതുകൊണ്ടാണ് ഇത്രവേഗം അതുകിട്ടിയത്. മിക്കവാറും എല്ലാ മഠങ്ങളുടെയും നിയമസംഹിത ഏതാണ്ടൊന്നു തന്നെ. ദാരിദ്ര്യം. ബ്രഹ്മചര്യം, അനുസരണം എന്നീ സുകൃതങ്ങളിലാണിവയുടെ ഉദ്ധാരണം. എന്നാൽ തിരുക്കുടുംബത്തോടു പ്രത്യേകാഭിമുഖ്യമുള്ള സമൂഹത്തിന്റെ നിയമാവലിയാണ് ഇവിടെ അഭികാമ്യം. ദൈവമാതാവിനോട് അതിരറ്റ ആശ്രയത്വമുള്ള സഭയുടെ ചിട്ടവട്ടങ്ങളാണ് സ്വീകാര്യം. അങ്ങനൊരു സമൂഹം എവിടെയുണ്ട്? മേനാച്ചേരി തിരുമേനി നിരീക്ഷിച്ചു. അവസാനം കണ്ടെത്തി; ശ്രീലങ്കയിലെ ജാഫ്നയിലുള്ള ഒരു സന്യാസിനീസമൂഹത്തെ. അതിന്റെ സ്വീകാര്യവാക്യം തന്നെ വളരെ ആകർഷകമായിത്തോന്നി.

'മറിയംവഴി എല്ലാ സ്തുതിയും ദൈവത്തിന്'

പൗരസ്ത്യ ആരാധനയുടെ ഉൾത്തുടിപ്പുള്ള വാക്യം. അവിടെനിന്നും നിയമാവലി അയച്ചുതന്നത് ജാഫ്നായിലെ പിതാവ്. പക്ഷേ, അതു തമിഴിലുള്ളവ. അതിനാൽ മലയാളത്തിലേക്കുള്ള മൊഴിമാറ്റം അനിവാര്യം. അതിനായി തൃശ്ശൂർ കർമ്മലീത്താ മഠത്തിൽ അതേല്പിച്ചു. വേഗം ഭാഷാന്തരം ചെയ്തു തിരിച്ചുകിട്ടി; 'തിരുക്കുടുംബസഭയും അതിന്റെ കുറിമാനവും' എന്ന തലക്കെട്ടിൽ.

കയ്യെഴുത്തിലുള്ള ആ നിയമാവലി വിതയത്തിലച്ചനെ ഏൽപിച്ച് തിരുമേനി പറഞ്ഞു.

"ഇത് ജാഫ്നയിലുള്ള ഒരു മഠത്തിന്റെ ക്രമങ്ങളാണ്. ഇതിൽപ്പറയുന്നത് പൊതുവായ സന്യാസനിഷ്ഠകളാണ്. ഇതിനോടുകൂടി തിരുക്കുടുംബസഭയുടെ പ്രത്യേക ദൗത്യങ്ങൾ എഴുതിച്ചേർക്കാൻ അനുവാദമുണ്ട്. ആ ഉത്തരവാദിത്വം അച്ചനെ ഭരമേൽപ്പിക്കുകയാണ്.

ആ ദൗത്യങ്ങൾ എന്തെല്ലാമാണെന്ന് പിതാവിന് അറിയാമല്ലോ. മറിയം ത്രേസ്യയുമായി ഞാനിക്കാര്യം ചർച്ചചെയ്തിട്ടുണ്ട്.

എന്തൊക്കെയാണവ?

"പ്രധാനപ്പെട്ടവ ഒന്നു ചുരുക്കിപ്പറയാമോ?"

"നമ്മുടെ നാട്ടിൽ വിദ്യാഭ്യാസസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ത്രേസ്യാ വളരെ ദുഃഖിതയാണ്. പെൺകുട്ടികൾക്കും സ്ത്രീകൾക്കും പുരോഗതി നിഷേധിക്കുന്നതിലും അവർക്കപ്രീതിയുണ്ട്. ഇതിനൊരു പരിഹാരത്തിനായി ശ്രമിക്കുവാൻ വലിയ ആഗ്രഹമാണവൾക്ക്"

"വളരെ നല്ലത്; അതിനെന്തൊക്കെ ചെയ്യാനാണഗ്രഹിക്കുന്നത്?"



"ഈ ഗ്രാമത്തിൽത്തന്നെ ഒരു സ്കൂൾ. പിന്നെ, തയ്യലും മറ്റുകൈപ്പണികളും പഠിപ്പിക്കുന്ന ഒരു കേന്ദ്രം."

"പിന്നെ?

"ആരുവോരുമില്ലാത്ത കുരുന്നുമക്കളെ എടുത്തുവളർത്തുന്ന ഒരനാഥശാല നടത്തണമെന്നും ആശയുണ്ട്"

"ശ്രമിച്ചാൽ അതും നടക്കാതിരിക്കില്ല. പിന്നെ?

"പിന്നെ...... ഇതുവരെ അവർ ചെയ്തുകൊണ്ടിരുന്ന ഭവനസന്ദർശനം കൂടുതൽ തുണയാളുകളെ കൂട്ടി കുറെക്കൂടി കാര്യക്ഷമമാക്കുക."

പക്ഷേ, അതുകേട്ട് തിരുമേനിയുടെ മുഖം ഇരുണ്ടു. അനിഷ്ടത്തോടെ പറഞ്ഞു.

"അതുവേണോ? കന്യാസ്ത്രീകൾ അന്തസ്സുള്ള കൂട്ടരാണ്. അവർ അന്യവീടുകളിൽ കയറിയിറങ്ങുന്നത് ചീത്തപ്പേരിനു കാരണമാകും. കപ്ലോനായ അച്ചനേയും ആളുകൾ ഇക്കാരണത്താൽ പഴിക്കും. അതിനാൽ ഇത്തരം പരിപാടികൾ ഉപേക്ഷിക്കുന്നതല്ലേ നല്ലത്?"

കല്പിക്കുന്നതു സഭാധികാരിയാണ്. എന്നാൽ തിരുക്കുടുംബസമൂഹത്തിന്റെ നിയന്താവാണു വിതയത്തിലച്ചൻ. തിരുക്കുടുംബ സമൂഹത്തിന്റെ ഹൃദയതാളമെന്തെന്ന് അദ്ദേഹത്തിനറിയാം. അതു രോഗികൾക്കും മരണാസന്നർക്കും സമാശ്വാസതാളമാണ്. അതു നിരോധിക്കാൻ ഒരുമ്പെടുന്നത് അഭിവന്ദ്യനായ മാർ മേനാച്ചേരി തിരുമേനിയാണെങ്കിൽപ്പോലും 'അരുതു പിതാവേ എന്നു പറഞ്ഞേ തീരു. അതിനാൽ വിതയത്തിലച്ചൻ ധീരതയോടെ പറഞ്ഞു.

"പിതാവങ്ങനെ പറയരുത്. തിരുക്കുടുംബസഭയുടെ അടിസ്ഥാന ധർമ്മമാണിവ. ഇവ നിരോധിക്കുമെങ്കിൽ തിരുക്കുടുംബസഭയെത്തന്നെ നിരോധിക്കുകയാണ് വേണ്ടത്."

തിരുമേനി പിന്നെതിർത്തില്ല. അരമനയിലേക്കു തിരിച്ചു പോവുകയും ചെയ്തു

'അമ്മ'യുടെ ക്ഷതഹസ്തങ്ങളിൽ ആത്മതാതൻ നിയമാവലി അർപ്പിച്ചു. ത്രേസ്യ അതു ജാഗ്രതയോടെ വായിച്ചു ഗ്രഹിച്ചു. വലിയൊരു ഉത്തരവാദിത്വമാണ് ദൈവം തന്നെ ഭരമേൽപ്പിച്ചിരിക്കുന്നതെന്നറിയാം. അതു പാലിക്കുന്നതിൽ ലേശംപോലും വിട്ടുവീഴ്ച പാടില്ല. ഇപ്പോൾ കൂടെയുള്ളവർ തന്റെ ബാല്യകാലസുഹൃത്തുക്കളാവാം;

www.malankaralibrary.com

www.malankaralibrary.com



അയൽക്കാരാകാം; സഹായികളാകാം. പക്ഷേ, അതിലുപരി അവർ ഈ സമൂഹത്തിലെ ആദ്യത്തെ സന്യാസാർത്ഥിനികളാണ്. അതായത് നാളത്തെ സന്യാസിനികൾ. ജനത്തെ നേർവഴി നടത്തേണ്ടവരാണു സന്യാസികൾ. ക്രിസ്തുവിന്റെ സ്നേഹാഗ്നിയാൽ കത്തിയെരിയേണ്ട വരാണ്. ഒഴുക്കിനെതിരെ തുഴയേണ്ടിവരും. ഇന്നിവർ മൂന്നുപേർ മാത്രം. എന്നാൽ നാളെയോ? അവരുടെ എണ്ണം പെരുകാം. അതിനാൽ കർക്ക ശമായ സമീപനം തന്നെയാണാവശ്യം. ശ്രേഷ്ഠത്തിയുടെ ദൗത്യബോ ധത്തോടെ അമ്മ അവരോടു പറഞ്ഞു.

കന്യകാജീവിതം വളരെ മഹത്തായ ഒന്നാണ് . കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണമെന്നുണ്ടെങ്കിൽ കന്യകാത്വം പലിച്ചു ജീവിച്ചുകൊള്ളണം. നമ്മുടെ ബോധവും ഹൃദയവും എപ്പോഴും കർത്താവിലായിരിക്കണം. അതിനാൽ ഇന്നുമുതൽ എല്ലാ രാത്രിക ളിലും നമ്മുടെ കന്യാസ്ത്രീകൾ അരമണിക്കൂർ വീതം ഓരോരുത്ത രായി ആരാധന നടത്തണം.

ദൈവത്തിനേറ്റവും ഇഷ്ടമുള്ളതു ധ്യാനമാണ്. പുറത്തുള്ളവർപോലും പതിനഞ്ചു മിനിറ്റുധ്യാനിക്കുന്നുണ്ടെങ്കിൽ നാം എന്തുചെയ്യണം? ധ്യാനാസ്ഥപ്പാടും ധ്യാനവും നന്നായി കഴിക്കണം. സമുദ്രത്തിൽ മുങ്ങിയ ഉപ്പുപാവപോലെ ധ്യാനി ദിവ്യത്വത്തിൽ ലയിച്ചുചേരണം.

തെളിവെള്ളത്തിൽ മാത്രമേ ദൃശ്യങ്ങൾ നന്നായി പ്രതിഫലിക്കൂ. അതുപോലെ, ഹൃദയം കണ്ണാടിപോലെ സൂക്ഷിച്ചാൽ മാത്രമേ, ദൈവം അവിടെ പ്രതിഫലിക്കൂ. നിശ്ശബ്ദ ഹൃദയങ്ങളോടു സംസാരിക്കാനാണ് ദൈവത്തിനേറെ ഇഷ്ടം. ഈശോ മരുഭൂമിയിലേക്കും വിജനതകളി ലേക്കും മലമുകളിലേക്കും വനപ്രദേശത്തേക്കുമൊക്കെ പോയില്ലേ? താബോർമലയിൽ വച്ച് ആ ധ്യാനം പിതൃപുത്രലയനമായിത്തീർന്നില്ലേ?

ധ്യാനമെന്നു പറയുന്നത് നാവിന്റെ മൗനം മാത്രമായിരിക്കരുത്. ആത്മാവിന്റേതുമായിരിക്കണം. ധ്യാനിച്ചിരുന്ന് ഉറങ്ങിപ്പോകരുത്. തീക്ഷ്ണതയോടെ അത്യുയരങ്ങളിലേക്ക് കയറിപ്പോണം.

അതു കേട്ടിരുന്നവരുടെ ഉള്ളിൽ വിസ്മയം. വിദ്യാവിഹീനയായ ഒരു കുഗ്രാമകന്യകയുടെ അധരങ്ങളിൽ ഇത്രവലിയ ജ്ഞാനശേഖരം ആരു നിറച്ചു വച്ചു! ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുക. അതിനാൽ ഈ അമ്മയുടെ ഹൃദയം ദിവ്യബോധങ്ങ ളുടെ നിറകുടമാണെന്നു തീർച്ച.

വീണ്ടും ഉപദേശവാണികൾ അമ്മയിൽ നിന്നൂറി വീഴുകയായിരു



ന്നു. തിരുക്കുടുംബസന്യാസിനികൾ പ്രത്യേകമായി അനുവർത്തി ക്കേണ്ട ധർമ്മങ്ങളായിരുന്നു ഈ അമൃതവാണികൾ.

"........ കന്യാസ്ത്രീകൾ പുറത്തുപോകുമ്പോൾ വീട്ടുകാരെയോ പരി ചയക്കാരെയോ കണ്ടുമുട്ടിയാൽ അവരോടു സംസാരിക്കരുത്. ഒരു സ്നേഹഉപചാരം മാത്രം കാട്ടി കടന്നു പൊയ്ക്കൊള്ളണം. അച്ചന്മാ രോടുപോലും സംസാരിക്കാൻ നിശ്ചിതസ്ഥലങ്ങളുണ്ടായിരിക്കണം. കഴിയുന്നതും ഒറ്റയ്ക്കു സംസാരിക്കുകയും അരുത്.

പള്ളിയിൽ പോകാത്ത കുട്ടികളുടെ കാര്യം പ്രത്യേകം അന്വേഷി ക്കണം. എന്നാൽ അവരെ തെരക്കി ഓരോ വീട്ടിലും കയറിയിറങ്ങരു ത്. മുറ്റത്തോ വരാന്തയിലോ ചെന്നു കാര്യം തെരക്കി ഗുണദോഷി ക്കുകയേ ആകാവൂ. ഇത്തരം യാത്രകളൊന്നും ഒറ്റയക്കു നടത്തരുത്. മൂന്നുപേരെങ്കിലും ഉണ്ടായിരിക്കണം. എന്തിനുവേണ്ടി പോകുന്നുവോ അക്കാര്യത്തിന്റെ ഫലപ്രാപ്തിക്കായി വഴിനടത്തയിലുടനീളം അൻപ ത്തിമൂന്നുമണിയുടെ കൊന്ത ജപിച്ചുകൊള്ളണം."

ഈ നിർദ്ദേശങ്ങൾ അനുവർത്തിക്കാൻ അർത്ഥിനകൾക്കുത്സാഹ മായിരുന്നു. കാരണം ആത്മപ്രഭാവം ചൂഴ്ന്നെറിയുന്ന മാതൃകാമൂർത്തി യായിരുന്നു അമ്മ. എങ്കിലും അവർ പരിതപിക്കാതിരുന്നില്ല; ഒരേ പ്രായക്കാരും ബ്രഹ്മചാരികളുമായ തങ്ങളെ കേവലം അർത്ഥിനികളും മറിയം ത്രേസ്യയെ ശ്രേഷ്ഠത്തിയുമാക്കിയതിൽ. പക്ഷേ, അതൊരു നീരസമല്ല. ആത്മീയ വഴിയിലെ കൂട്ടഓട്ടത്തിൽ തോന്നിപ്പോയ ഒരു മാത്സര്യഭാവം. എന്നാലവർക്കറിയാം തങ്ങളുടെ നിനവിന്റെ സാംഗ ത്യരാഹിത്യം. അതിനാൽ മിക്കപ്പോഴും അവരിലുണരുന്ന ഈ മനോ ഗതിയെ അടിച്ചമർത്തി ശ്രേഷ്ഠത്തിയുടെ അദ്ധ്യാത്മപ്പൂന്തണലിൽ ആ നാരീത്രയങ്ങൾ അഭയവല്ലികളായി പടർന്നു.

ദിനചര്യകൾ ഇപ്പോൾ നിയതമായൊരു ക്രമത്തിലായിക്കഴിഞ്ഞു. സൗകര്യങ്ങൾ പലതും ഇനിയും ക്രമീകരിച്ചൊരുക്കാനുണ്ട്. തപോ നിലയവും സന്ദർശകമുറിയും ഭോജനശാലയും വിശ്രമതലങ്ങളും വേർതിരിക്കപ്പെട്ടു. പക്ഷേ, ഭക്ഷണത്തിനുള്ള വകയില്ല. അതിൽ ഉത്ക ണ്ഠയുമില്ല. നാളെയെപ്പറ്റി ആകുലപ്പെടാത്ത കിളികളെപ്പറ്റി ഓർത്തു. വിതയ്ക്കുകയോ കൊയ്യുകയോ കളപ്പുരകളിൽ ശേഖരിക്കുകയോ അവ ചെയ്യുന്നില്ല. പക്ഷേ, അവ ദൈവത്തിന്റെ കൈകളിൽ എത്രയോ സുര ക്ഷിതർ.

ഭക്ഷണത്തിനായി ഇരക്കേണ്ടിവന്നില്ല. വിഷമഘട്ടങ്ങളിൽ ഇടവി

www.malankaralibrary.com

www.malankaralibrary.com



ടാതെ പ്രാർത്ഥനയിൽ മുഴുകി. പലപ്പോഴും അതിൽ നിന്നുണരുന്നത് ചരടിളക്കി സന്ദർശകൻ ആരോ മുഴക്കുന്ന മണിനാദം കേട്ടുകൊണ്ടാണ്. അടുത്തെത്തുമ്പോഴാണറിയുന്നത്, സന്ദർശകരുടെ വരവ് വെറും കയ്യോടെയല്ല. തലച്ചുമടായ കുട്ടയിൽ വെള്ളയപ്പമാകാം, നെല്ലോ അരിയോ ആകാം; ഏത്തക്കുലയോ ഫലമൂലാദികളോ ആകാം!

നെല്ലാണെങ്കിൽ അതു പുഴുങ്ങിക്കുത്തുകയേ വേണ്ടൂ. അതൊരദ്ധ്യാനമേ അല്ല അമ്മയ്ക്ക്. കൈപ്പത്തികളിൽ നിത്യക്ഷതങ്ങളാണ്. ചോര ഉണങ്ങാറേ ഇല്ല. തീരാ വേദനയുമാണ്. എങ്കിലും അതാരെയും അറിയിക്കില്ല. മഠത്തിലെ വേലകൾക്ക് തോഴിമാർ വേണ്ടെന്നു ശഠിച്ചതും അമ്മ തന്നെ. ഭക്ഷണത്തിനു ദാനം കിട്ടുന്നതു നെല്ലാണെങ്കിൽ

പിന്നെന്തു ചെയ്യും? അമ്മയുടെ മനസ്സിൽ വഴിയുണ്ട്. അർത്ഥിനികളെക്കൊണ്ട് പണിയെടുപ്പിക്കുകയല്ല ആ വഴി. അവർ ഉറങ്ങുമ്പോൾ അമ്മ എഴുന്നേൽക്കും. ഒച്ചയുണ്ടാക്കാതെ വലിയ പാത്രത്തിൽ നെല്ലു പുഴുങ്ങും. ക്ലേശത്തോടെ ആ ഭാരം അടുപ്പിൽ നിന്നൊറ്റയ്ക്കിറക്കി വയ്ക്കും. പിന്നെ വറുത്തുണക്കും. മുറ്റത്തു നിലാവെളിച്ചത്തിൽ അതുരലിലിട്ടു കുത്തി പോള വേർപെടുത്തും. അപ്പോൾ പുലർച്ചക്കോഴി കൂവുന്നുണ്ടാവും. രാവിലെ എഴുന്നേറ്റു വിഷമത്തോടെ 'അമ്മേ, ഇന്നു കാലത്തു കഞ്ഞിക്ക് അരിയില്ലല്ലോ' എന്നു പരിതപിക്കുന്ന അർത്ഥിനികൾക്ക് ഇതാ അരി എന്നു പറഞ്ഞ് അമ്മ ചൂണ്ടിക്കാട്ടും. അവരതു കഞ്ഞിയാക്കി ചൂടോടെ വിളമ്പി വിളിക്കുമ്പോൾ അമ്മ പറയും.

"മക്കളേ, നിങ്ങൾ കഴിക്ക്. ഇന്നെനിക്കുപവാസമാണ് ഉപവസിച്ചു വിശ്രമശയ്യയിലമരാനല്ല പക്ഷേ, ശ്രമം. പകൽ മുഴുവൻ നീളുന്ന വീടു സന്ദർശനം. ദാനം കിട്ടിയവ സഞ്ചിയിൽ കരുതിയെടുത്തുകൊണ്ടാവാം സഞ്ചാരം. പട്ടിണിപ്പാവങ്ങളുടെ മൺകുടിലുകൾക്കു മുമ്പിലെത്തി സഞ്ചി നീട്ടിവിളിക്കും.

"വാ കുഞ്ഞുങ്ങളേ, ഇതു വന്നു വാങ്ങിക്ക്".

# ഇരുപത്തെട്ട്

അച്ചനില്ലാത്ത തക്കംനോക്കി അവർ രാത്രിയിലെത്തി. പള്ളിക്കൂദാശയ്ക്കിനി അധികകാലമില്ല. അതിന്റെ കാര്യങ്ങൽക്കായി വിതയത്തിലച്ചൻ എറണാകുളത്തിനു പോയിരുക്കുന്നു. കപ്യാർ ലോനപ്പനും അവന്റെ വീട്ടിലേക്കു തിരിച്ചു. അതിനാൽ അച്ചന്റെ രഹസ്യബന്ധങ്ങളുടെ ചുരുളഴിക്കാൻ ഇതുതന്നെ അവസരം. അച്ചന്റെ ചാർച്ചയിൽപ്പെട്ട വർക്കിലോനപ്പന്റെ നേതൃത്വത്തിലാണീ രഹസ്യാന്വേഷണം. പേരും പെരുമയുമുള്ള കുടുംബത്തിൽപ്പെട്ടവനാണ് വിതയത്തിലച്ചൻ.

ജ്ഞാനിയും ധ്യാനഗുരുവുമാണ്. പക്ഷേ, മനുഷ്യരെ ശങ്കയില്ലല്ലോ. അതുകൊണ്ടല്ലേ ആ മങ്കിടിയാൻ അമ്മയെച്ചേർത്ത് ആളുകൾ അച്ചനെപ്പറ്റി അതുമിതും പറയുന്നത്.

അദ്ദേഹത്തിന് ആ ത്രേസ്യയോട് ഇന്നോ ഇന്നലെയോ തുടങ്ങിയ അടുപ്പമല്ല. പന്ത്രണ്ടുകൊല്ലത്തോളം ദൈർഘ്യമുണ്ടതിന്.

കപ്യാർ ലോനപ്പനോടു പലതും ചികഞ്ഞു ചോദിച്ചു. പക്ഷേ, വ്യക്തമായൊന്നും കിട്ടിയില്ല. എങ്കിലും ഒരു കാര്യം അവന്റെ നാവിൽ നിന്നും വീണു. അച്ചനും ത്രേസ്യയും തമ്മിലുള്ള അടുപ്പത്തിന്റെ സകല വിവരവും അച്ചന്റെ കുറിപ്പുപുസ്തകത്തിൽ എഴുതി വച്ചിട്ടുണ്ട്!

അതുകൈക്കലാക്കുവാൻ അന്നുമുതൽ ആശിക്കുകയാണ്. എന്നാൽ അതിഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന അതെങ്ങനെ കിട്ടും? ഇപ്പോൾ അതെടുക്കാൻ നല്ലൊരവസരം ഒത്തുകിട്ടിയിരിക്കുന്നു.

ഏണിചാരി പഴയ കെട്ടിടത്തിന്റെ മുകളിൽ കയറി പനയോല പാകിയ മേൽക്കുരയിൽ ഒരാൾക്കിറങ്ങാനുള്ള പഴുതുണ്ടാക്കി. എന്നിട്ട് ഉത്തരത്തിലും കഴുക്കോലുകളിലും പിടിച്ചു തൂങ്ങിക്കിടന്നു. പിന്നെ താഴേക്കൊരു ചാട്ടം. കരുതിയെടുത്ത മൺചെരാതിന്റെ തിരിയിൽ ചൂട്ടുകറ്റയിലെ തീ ഊതിപ്പകർന്നു. മുറിയിൽ വെളിച്ചം പരന്നു. തടിപ്പെട്ടി കണ്ടെത്തി. അതിന്റെ പൂട്ട് കല്ലുകൊണ്ടിടിച്ചു പൊളിച്ചു. ഹാവൂ! പ്രതീക്ഷിച്ച കുറിപ്പുപുസ്തകം അതിലിരിക്കുന്നു. ലോനപ്പൻ പെട്ടെന്നതു കരസ്ഥമാക്കി. വീട്ടിൽ കൊണ്ടുപോയി വായിക്കാനുള്ള സാവകാശമില്ല. ആകാംക്ഷയോടെ അതിന്റെ താളുകൾ ആരംഭം മുതൽ മറിച്ചു

www.malankaralibrary.com

www.malankaralibrary.com



തുടങ്ങി. ത്രേസ്യ എഴുതി അയച്ച കത്തുകളും ക്രമസംഖ്യയിട്ട് അടുക്കിക്കെട്ടിവച്ചിരിക്കുന്നു. മൂലം പത്തൊൻപതു മുതലുള്ള കത്തുകൾ. അതും അഴിച്ചു. ഓരോന്നായി നിവർത്തിവായിച്ചു. കുനുകുനെയുള്ള കൈപ്പടയാണു ത്രേസ്യയുടേത്. വെളിച്ചത്തോട് ഏറെ അടുത്തുപിടിച്ച് ക്ലേശത്തോടെ അവ വായിച്ചു തുടങ്ങി.

അവയിലെ ആരംഭം സംബോധനയാണ്. അതിങ്ങനെയെല്ലാമായിരുന്നു.

"എന്റെ അപ്പാ, എന്റെ സമാധാനത്തിന്റെ നിക്ഷേപമേ,

എന്റെ ആത്മഗുരോ......"

തുടർന്നു വായിച്ചു.

"................ ദൈവം കഴിഞ്ഞാൽ പിതാവിനോടല്ലാതെ എന്റെ സങ്കടവും ആവലാതിയും ഞാനാരോടുപറയും? പിതാവിനു ദൈവം നൽകിയ കുരിശാണു ഞാൻ എന്നു കരുതി സന്മനസ്സോടെ ചുമക്കണമേ. ഞാൻ മൂലം പിതാവിനു വളരെയധികം ബുദ്ധിമുട്ടാകുന്നു. ബുദ്ധിമുട്ടിക്കുന്നതിനു തീരെ മനസ്സില്ലെങ്കിലും സമാധാനത്തിനുവേണ്ടി പിതാവിന്റെ അടുക്കൽ വരാതെ മറ്റുയാതൊരു മാർഗ്ഗവും കാണുന്നില്ല. പിതാവിന്റെ ബുദ്ധിമുട്ടിന് ദൈവം സമാധാനം തരും. ആരുവോരുമില്ലാത്തവരെ സഹായിച്ചാൽ ദൈവം തരുന്ന പ്രതിഫലം എന്തുമാത്രമെന്ന് തിട്ടപ്പെടുത്താവുന്നതല്ല...."

വേഗം അതുമടക്കി, മറ്റൊന്നു തുറുന്നു. കൂടെയുള്ളവരും കേൾക്കത്തക്കവിധം ലോനപ്പൻ വായിച്ചു.

"...... എന്റെ വേദന കുറെ കഠിനമാണ്. കടൽ ഇളകിയാൽ എങ്ങനെയോ അതുപോലെയാണെന്റെ വേദന. ഒരാശ്വാസവും ലഭിക്കാതെ വേദന തിന്നുകിടക്കുകയാണ്. വേദന സഹിക്കാനാവാതെ ചിലപ്പോൾ വാവിട്ടു കരഞ്ഞുപോകുന്നു. ദൈവം എന്നെ കൈവിട്ടോ എന്നുപോലും എനിക്കു സംശയം തോന്നുന്നു. നോക്കിയാൽ കണ്ണെത്താത്ത ഒരു കുഴിയിൽ എന്നെ താഴ്ത്തുന്നതുപോലെ തോന്നുന്നു. പിതാവിനു വിരോധമില്ലെങ്കിൽ ഇവിടെവരെ ഒന്നുവരണമെന്ന് അപേക്ഷിക്കുന്നു."

പല എഴുത്തു കടലാസ്സിലും ചോരപടർന്ന പാടുകൾ. കണ്ണീർ വീണു കുതിർന്നുണങ്ങിയ ചുളിവുകളും. വായനക്കാരുടെ കണ്ണിലും നനവുറന്നു. നിർദ്ദോഷികളെ അവഹേളിച്ചതിൽ കനത്ത കുറ്റബോധം. ഈ കത്തുകൂടി വായിച്ചപ്പോൾ അതിരട്ടിച്ചു.



"എന്റെ ആങ്ങളേ, ആങ്ങള ഇവിടെ വരുന്ന നേരത്തുള്ള എന്റെ പെരുമാറ്റം ആങ്ങളപെങ്ങന്മാരു പെരുമാറുന്നതുപോലെ തന്നെയാണ്. ആത്മപിതാവാണ് എന്നുള്ള വിചാരം അല്പംപോലും എനിക്കില്ല. എന്റെ സ്വന്തം ആങ്ങളയായിട്ടു തന്നെയാണ് ഞാൻ കണക്കാക്കുന്നത്. നീചപാപിയായ ഞാൻ കാരണം പിതാവിനെതിരെ പലരും പലതും പറഞ്ഞു നടക്കുന്നു. അതറിഞ്ഞ് എന്റെ ഹൃദയം പിളരുന്നതുപോലെ തോന്നുന്നു. എന്റെ മനസ്സറിഞ്ഞ് തെറ്റൊന്നും ചെയ്തതായി എനിക്കറിവില്ല."

മറ്റൊരുകത്തിൽ ത്രേസ്യ അമൂല്യമായൊരു ധർമ്മനീതി ആത്മപിതാവുമായി പങ്കുവെയ്ക്കുകയാണ്. അത് അത്യഗാധമായ ഹൃദയബന്ധത്തിന്റെ ബഹിർസ്ഫുരണം.

"എന്റെ ബഹുമാനപ്പെട്ട പിതാവേ, നാം ഈ ലോകത്തിലായിരിക്കുന്നത് താല്ക്കാലികമായ വെറുമൊരു ആശ്വാസത്തിനുവേണ്ടി മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പിന്നെ നാം ഈ ഭൗതികകാര്യങ്ങളെപ്പറ്റി പ്രയാസപ്പെടുന്നത്, ഭ്രാന്തല്ലയോ പിതാവേ? എത്ര പണം സൂക്ഷിച്ചുവച്ചാലും അതെല്ലാം ഉപേക്ഷിച്ചുപോകണം. എന്നാൽ നമ്മുടെ ഹൃദയം കണ്ണാടിപോലെയായിരുന്നാൽ അതാരും കൊണ്ടുപോകുന്നില്ല. അവസാനം നാം ദൈവത്തിന്റെ പക്കൽ ദീപം പോലെ പ്രകാശിക്കും."

ഇനിയൊന്നും വായിക്കാൻ വയ്യ. പശ്ചാത്താപത്താൽ നെഞ്ചുപൊള്ളുകയാണ്. കത്തുകളെല്ലാം യഥാക്രമം അടുക്കിക്കെട്ടി വന്നവഴി തന്നെ തിരിച്ചിറങ്ങി. തലതാഴ്ത്തി. അവരവരുടെ വീടുകളിലേക്കു മടങ്ങി.

രൗദ്ര ഭീകരനായ സാത്താന്റെ ചെയ്തികളാണിവയെല്ലാം. ചാർച്ചക്കാരും കൂടെപ്പിറപ്പുകളും സതീർത്ഥ്യരും മറ്റുമാണവന്റെ ക്രിയാതലങ്ങൾ. അവരിലെ നന്മയെ അവൻ തല്ലിക്കെടുത്തുന്നു. പകരം ദുഷ്പ്രേരണകൾ ആളിക്കത്തിക്കുന്നു.

മൂന്നര ദശാബ്ദങ്ങൾ കൂടെ നടന്ന ശിഷ്യകളായ മൂവരേയും സാത്താൻ ആയുധമാക്കി. ശ്രേഷ്ഠത്തിസ്ഥാനം അവളിൽ നിന്നെടുത്തു മാറ്റണം. അതായിരുന്നു അവരുടെ ഹൃദയവിചാരം. ഇക്കാര്യം ആത്മപിതാവിനോടറിയിക്കത്തക്ക തരത്തിൽ അവർ ദുർമൂർത്തിക്ക് അടിപ്പെട്ടുപോയിരുന്നു. അതിനാൽ അമ്മയുടെ പീഡാനുഭവവേളകളിൽ ഇവർ പരിചരിക്കാതായി. ദുരിതമനുഭവിക്കുന്ന ശ്രേഷ്ഠത്തിയെക്കണ്ട്

www.malankaralibrary.com

www.malankaralibrary.com


അവർക്കലിവു തോന്നിയില്ല.

പക്ഷേ, അമ്മ പതറിയില്ല. കാരണം ശക്തനായവൻ കൂടെയുണ്ട്. അവിടുന്നു തെളിച്ചു തരുന്ന പഥങ്ങളിലൂടെയാണവളുടെ ഗമനം. പ്രതിസന്ധികളിൽപോലും വൈരികൾക്കുവേണ്ടി അവൾ തിരുസ്വരൂപത്തിനുമുമ്പിൽ നിന്ന് കരളുരുകി പ്രാർത്ഥിക്കുകയായിരുന്നു.

ഇതു സഹിക്കുമോ പിശാചിന്!! അവൻ വർദ്ധിത വീര്യത്തോടെ അലറിയടുത്തു. നഖമെഴുന്ന കരം അവളുടെ കഴുത്തിൽ മുറുക്കി. മറുകയ്യിൽ ഓങ്ങിനിൽക്കുന്ന മൂർച്ചവാൾ. രുധിരം നുണയാൻ കൊതിയോടെ നാവുനീട്ടിത്തുള്ളുകയാണവൻ.

അന്ന് അമലോത്ഭവമാതാവിന്റെ തിരുനാൾ അന്തേവാസികളെല്ലാം തപോനിലയത്തിൽ. മേശമേൽ നിന്നും കൊന്തയെടുത്ത് അവിടേക്കു പോകാൻ തുടങ്ങുകയായിരുന്ന അമ്മ. കൊന്ത കയ്യിൽ ചുറ്റിയെടുത്തതുമാത്രം ഓർമ്മയുണ്ട്. ഉടൻ വാൾത്തല കഴുത്തിനുനേരെ ആഞ്ഞമർന്നു. ധ്യാനമുറിയുടെ നാലുചുമരുകളിലും ചോര ചീറ്റിത്തെറിച്ചു. തല ഉടലിൽ നിന്നറ്റ് നിലത്തു വീണുരുണ്ടു. കബന്ധം ചോര തിളച്ചൊഴുകുന്ന നിലയിൽ ചുമരിൽ ചാഞ്ഞുനിന്നു. പിടയുന്ന തല അവൻ വേഗം എടുത്തു. അതുരുളാതിരിക്കാൻ തൊട്ടുമുമ്പിൽക്കണ്ട ഓട്ടുകോളാമ്പിയുടെ വായ്ഭാഗത്തു വച്ചു.

ഇതോടെ ഇവളുടെ ശല്യം തീർന്നു. എന്ന ആശ്വാസത്തോടെ അവൻ അലറി! എന്നിട്ടു കൊടുങ്കാറ്റുപോലെ നിഷ്ക്രമിച്ചു.

പക്ഷേ, അമ്മയുടെ പ്രാണൻ വേർപെടണമെങ്കിൽ തമ്പുരാൻ നിനയ്ക്കണം. അതിനാൽ അവിടുന്ന് തൽക്ഷണം സ്വർഗ്ഗത്തിന്റെ അമ്മയെ അവിടേക്കയച്ചു. കുനിഞ്ഞ് തന്റെ പൊന്നോമനയുടെ തല ദൈവമാതാവ് വേഗം കയ്യിലേറ്റി. ഭിത്തിയിൽ ചാഞ്ഞുനിൽക്കുന്ന കബന്ധത്തിൽ അതു ചേർത്തുവച്ചു. അവൾ സാധാരണനിലയിലായി. പക്ഷേ, അവൾക്കറിഞ്ഞുകൂടാ എന്തുസംഭവിച്ചെന്ന്. കഴുത്തുവെട്ടുന്നതുവരെ ഓർമ്മയുണ്ട്. പിന്നീടെന്താണുണ്ടായത്? അതെല്ലാം ഗ്രഹിച്ചത് ദൈവമാതാവിന്റെ നാവിൽ നിന്നും.

കടുത്ത ദാഹമായിരുന്നു പിന്നെ. കിണ്ടിയിൽ ജലം നിറച്ച് പൊതുസ്ഥലത്തു വച്ചിട്ടുണ്ട്. അതിന്റെ വാൽദ്വാരത്തിലൂടെ ഒരു തുടം വെള്ളം കവിൾക്കൊണ്ടു. എന്നാൽ ഇറക്കാൻ വയ്യ! തലയും കഴുത്തും പുനർബന്ധിച്ചിടത്ത് തടസ്സം. അപ്പോഴും മരുന്ന് പ്രാർത്ഥന തന്നെ.



കയ്യിലെപ്പോഴും സൂക്ഷിച്ചുപോരുന്ന ചെറിയ കുരിശെടുത്ത് കിണ്ടിയിലിടാൻ നെഞ്ചിലിരുന്ന ആരോ അരുളുന്നതുപോലെ. ഉടൻ അങ്ങനെ ചെയ്തു. ജലം യഥേഷ്ടം അന്നനാളത്തിലൂടെ ഇറങ്ങുകയും ചെയ്തു.

'ദൈവമേ, ഈ ജീവൽ പ്രയാണത്തിൽ ഇനിയും പിശാചിന്റെ ഞെരുക്കങ്ങളോ! അവൾ നെടുവീർപ്പിട്ടു. പക്ഷേ, പൊരുതാൻ ശക്തമായ ആയുധം കയ്യിലുണ്ട്. ഇരവും പകലും ഒരുപോലെ ഉണർന്നിരുന്നുള്ള ജാഗരണ പ്രാർത്ഥനയുടെയും ഉപവാസത്തിന്റേയും പടവാൾ.

ആ പോരാട്ടത്തിൽ അവൾ തളർന്നില്ല. പകരം കരുത്തിന്റെ അവതാരമായി വളരുകയായിരുന്നു. ഒരതുല്യപ്രശോഭയാൽ ജ്വലിക്കുകയായിരുന്നു അത്യാകർഷണേതിഹാസമായി ചരിക്കുകയായിരുന്നു. ഈ തേജസ്വിയെ നേരിൽക്കാണാൻ അവിടെത്തിക്കൊണ്ടിരുന്നവർ വളരെ വളരെ! അവരിൽ പലർക്കും പിന്നെവീട്ടിലേക്കു മടങ്ങാൻ വയ്യെന്നായി. അവരിലേറെയും പതിനഞ്ചു വയസ്സിൽ താഴെയുള്ള പെൺകിടാങ്ങൾ. കുരിശ്ശേരിയിൽ നിന്നും പെറ്റമ്മയുടെ കൈപിടിച്ച് അങ്ങനെത്തിയവളാണ് പതിനൊന്നുകാരി റോസ. മങ്കിടിയാൻ അമ്മയെ കണ്ടപ്പോൾ അവൾ പെറ്റമ്മയെ മറന്നു. സ്വഭവനം മറന്നു. വശ്യമധുരമായ ആ മൊഴിമുത്തുകൾ ശേഖരിക്കുവാൻ അവൾക്കാവേശമായിരുന്നു.

'ഇനി ഞാനിവിടെക്കഴിഞ്ഞോളാം' എന്നു ശഠിച്ച് പെറ്റമ്മയെ പറഞ്ഞുവിട്ടു. അവൾക്കു കൂട്ടിന് അനാഥക്കുഞ്ഞുങ്ങൾ പലരുണ്ടായിരുന്നു. കൊച്ചാനി എന്ന അഞ്ചുവയസ്സുകാരി അവരിലൊരുവൾ. ഞാറയ്ക്കൽ ശങ്കുരിക്കൽ പൗലോസിന്റെ മകൾ മാർഗരീത്തായും അർത്ഥിനിയാകാൻ എത്തിയിട്ടുണ്ട്. വിദ്യാസമ്പന്നയായ മിടുമിടുക്കി.

ഇപ്പോൾ ഏകാന്തമഠം പെൺകിടാങ്ങളാൽ സജീവം. അമ്മയുടെ ചിന്ത അവരിലേക്കു തിരിഞ്ഞു. തന്നെപ്പോലെ ഇവരും നിരക്ഷരർ. ബുദ്ധിയില്ലാത്തതല്ല കാരണം. വിദ്യ വിളമ്പിക്കൊടുക്കാൻ പള്ളിക്കൂടമില്ല. പണക്കാരായ ആൺപിള്ളേർക്ക് തൃശ്ശൂർ പട്ടണത്തിലോ മറ്റോ പോയി പഠിക്കാം. എന്നാൽ പെൺകുഞ്ഞുങ്ങളുടെ കാര്യമാണു കഷ്ടം. അവർ എല്ലായിടത്തും തഴയപ്പെട്ടവർ. പിന്നെങ്ങനെ വീടുനന്നാകും? പിന്നെങ്ങനെ നാടുണരും?

അതിനാൽ ഒരു പള്ളിക്കൂടം തുടങ്ങണം. എത്രയും വേഗം പുത്തൻചിറയുടെ ഈ കുഗ്രാമ മണ്ണിൽത്തന്നെ. പക്ഷേ, ഈ മഠത്തിൽ തുടങ്ങാൻ ഇടം പോരാ. മറ്റൊരു കെട്ടിടം പണിയാൻ പണവും ഇല്ല.

www.malankaralibrary.com

www.malankaralibrary.com



പഴയതുപോലെ സന്മനുസ്സുകളുടെ സഹായം തേടിയാലോ? ലോകമഹായുദ്ധം തുറന്നുവിട്ട ദാരിദ്ര്യദുർഭൂതത്തിന്റെ പിടിയിലാണു പക്ഷേ, ദേശം. എങ്കിലും പലരും പ്രോത്സാഹിപ്പിച്ചു.

“ഞങ്ങൾ അമ്മയുടെ കൂടെയുണ്ട്. ഇവിടൊരു പള്ളിക്കൂടം വന്നാൽ ഞങ്ങടെ പിള്ളേരാ രക്ഷപ്പെടുന്നത്.

അമ്മയുടെ ഭിക്ഷാടന ഹസ്തങ്ങളിൽ അനേകരുടെ ചില്ലിക്കാശു നിറഞ്ഞു. പള്ളിപ്പണി തീർന്നെങ്കിലും പണക്കടത്തിലാണു വിതയത്തിലച്ചൻ. എങ്കിലും തന്റെ ജ്ഞാനമകളുടെ ധീരമായ ഓരോ കാൽവയ്പിലും സഹായിക്കാൻ ആഗ്രഹിച്ചു. കാരണം അവളുടെ ലക്ഷ്യമെന്താണെന്നറിയാം. ലോകവിജ്ഞാനം പകരുക മാത്രമല്ല ലക്ഷ്യം. സനാതന ധർമ്മത്തിന്റെ അലൗകിക തലങ്ങളിലേക്ക് ബാലചേതനകളെ ഉയർത്തുകയാണു പദ്ധതി.

പക്ഷേ, കാശൊന്നുമില്ല. ഈ സാഹചര്യത്തിൽ എന്തുചെയ്യും? പുതിയ പള്ളിയുടെ പുറകിൽ തെക്കുവടക്കായി തീർത്ത താൽക്കാലിക പള്ളി ഇനി ആവശ്യമില്ല. അതുടൻ പൊളിക്കണം. അതിന്റെ ചട്ടക്കൂട് പള്ളികൂടത്തിനിരിക്കട്ടെ.

മഠത്തിനോടുചേർന്നുള്ള പറമ്പുകൂടി കിട്ടിയാൽ വളരെ സൗകര്യമായി. ഇപ്പോൾ ചെറിയ തരത്തിൽ ഉദ്ദേശിക്കുന്ന വിദ്യാലയത്തിന്റെ ഭാവി വിപുലീകരണത്തിന് അതു സഹായകമാകും. ഭാഗ്യം! അതു തീറെഴുതിത്തരാമെന്ന് ഉടമ അറിയിച്ചു കഴിഞ്ഞു. എന്നാൽ അതു വാങ്ങാനുള്ള പണം എങ്ങനെ കണ്ടെത്തും?

അവൾ നേരെ തുറവൂരിലേക്കുപോയി. അർത്ഥശേഷിയുള്ള മാത്യു ഗൃഹസ്ഥരുടെ ഔദാര്യഗുണം അപ്പോഴും അനുഭവിച്ചറിഞ്ഞു. അങ്ങനെ മഠത്തിനു തെക്കോട്ടും വടക്കോട്ടും നെടുങ്കൻ കെട്ടിടം നീട്ടിപ്പണിതു; ഇരുപത്തിനാലു കോൽ നീളത്തിൽ.

പള്ളിക്കൂടം തുടങ്ങാൻ കാര്യങ്ങൾ ഇത്രയും പോരല്ലോ. അദ്ധ്യാപികമാർ വേണം. തൽക്കാലം രണ്ടുക്ലാസ്സെങ്കിലും തുടങ്ങണ്ടേ..? അതിനു രണ്ട് അദ്ധ്യാപികമാരെങ്കിലും വേണ്ടേ?

അപേക്ഷ ജ്ഞാനതാതനിലൂടെ മേനാച്ചേരി തിരുമേനിയുടെ മുമ്പിലെത്തി.

“നല്ല കാര്യം തന്നെ. ഞാൻ രണ്ടു കർമ്മലീത്താ സഹോദരിമാരെ അയച്ചുതരാം”



അങ്ങനെ അയയ്ക്കപ്പെട്ടവർ പ്രസില്ല, സർസീല എന്നീ സന്യാസിനികൾ. ശങ്കുരിക്കൽ മാർഗരീത്തായും സഹാദ്ധ്യാപികയായി.

ജ്ഞാനോദയത്തിന്റെ വിളക്കുമരം അങ്ങനുയർത്തപ്പെട്ടു. ‘ഹോളി ഫാമിലി പ്രൈമറി സ്കൂൾ’ എന്ന നാമത്തിൽ നാടിനതൊരാവേശമായിരുന്നു. രണ്ടു ദിവസങ്ങൾക്കുള്ളിൽ പേരുചേർക്കപ്പെട്ട കുട്ടികളുടെ എണ്ണം നൂറ്റൻപതോളം. സർക്കാർ അംഗീകാരമില്ലാതെ ഇതു നടത്തുക ദുഷ്ക്കരമാണ്. അംഗീകാരം കിട്ടാൻ ഒരു വർഷമെങ്കിലും വേണ്ടിവരും. കോട്ടയം രൂപതാദ്ധ്യക്ഷൻ ചൂളപ്പറമ്പിൽ അലക്സാണ്ടർ തിരുമേനി ഇക്കാര്യത്തിൽ ശ്രമിക്കുന്നുണ്ട്. എന്നാൽ അത്രയും കാലം അദ്ധ്യാപികമാരുടെ വേതനമുൾപ്പെടെയുള്ള ചെലവുകൾ മാസംതോറും സ്വയം വഹിക്കണം. അത് മഠാധിപക്ക് വലിയൊരു ഭാരം തന്നെ. എങ്കിലും അതുപേറാൻ മടിയില്ല. പരജീവൽ ശ്രേയസ്സിനായി തന്നെത്തന്നെ മുറിച്ചു വിളമ്പാനായിരുന്നു ആ കരുണാർദ്രമാനസയുടെ ആഗ്രഹം.

വീണ്ടും വീണ്ടും പുത്തൻചിറയുടെ നെറുകയിൽ അനുഗ്രഹവർഷം. തിരുക്കുടുംബസന്യാസിനീ സമൂഹപ്രതിഷ്ഠയും തിരുക്കുടുംബനാമത്തിലുള്ള പ്രാഥമിക വിദ്യാലയാരംഭവും സാക്ഷാൽക്കരിക്കപ്പെട്ടു. ഇനിയുള്ളത് പരിശുദ്ധ കന്യാമറിയത്തിന്റെ പേരിൽ പൂർത്തീകരിച്ച ഗംഭീരോദാത്ത ദേവാലയത്തിന്റെ അഭിഷേകകർമ്മം.

അതിനായി എഴുന്നെള്ളിയിരിക്കുന്നത് മൂന്നു വിഖ്യാത സഭാതനയർ. തൃശ്ശൂർ രൂപതയിൽ നിന്നുള്ള മാർ യോഹന്നാൻ മേനാച്ചേരി, കോട്ടയം രൂപതാധികാരി അലക്സാണ്ടർ ചൂളപ്പറമ്പിൽ, ചങ്ങാനശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ തോമസ് കുര്യാളശ്ശേരി എന്നി അഭിവന്ദ്യ മെത്രാന്മാർ.

ആറു വർഷത്തെ സംഘാതവും ഏകാഗ്രവുമായ മുന്നേറ്റങ്ങളുടെ ആകെത്തുകയാണ് ഉദ്ധതശീർഷനായി നിവർന്നു നിൽക്കുന്ന ഈ പ്രൗഢ ദേവാലയം! വിതയത്തിൽ ഔസേപ്പച്ചൻ നെറ്റിയിൽ വേർപ്പു തുടയ്ക്കുന്ന സാഫല്യ നിമിഷമാണിത്. നാനാവിധത്തിൽ അദ്ദേഹത്തോടപ്പം നിന്നു സഹായിച്ച മങ്കിടിയൻ കന്യാസ്ത്രീയമ്മയ്ക്കും ഇതാനന്ദവേള.

നാനാദേശങ്ങളിൽ നിന്നും ആളുകൾ ഇളകിയെത്തിക്കൊണ്ടിരിക്കുകയാണ്. ഇത്ര വലിയൊരു പള്ളി അവർ ആദ്യമായി കാണുകയാണ്. മൂന്നുമെത്രാന്മാരുടെ സമ്മേളനം തന്നെ അവർക്ക് അത്യാനന്ദത്തിന്റെ

www.malankaralibrary.com

www.malankaralibrary.com



ആദ്യാനുഭവം. മാത്രമല്ല. ഇത്ര സുപ്രധാനമായൊരു സഭാചരിത്രമുഹൂർത്തം അതിവിരളമാണ്. സാധാരണമായ കൗദാശികാനുഷ്ഠാനം അല്ല ഇവിടെ നടക്കുന്നത്; അഭിഷേകകർമ്മമാണ്, തൃശ്ശൂർ രൂപതയിൽ ഒരു ദേവാലയത്തിനു ലഭിക്കുന്ന ആദ്യത്തെ അഭിഷേകകർമ്മം!

അന്യാദൃശ്യമായ ഈ അഭിഷേകകർമ്മത്തിനു സാക്ഷികളാകാൻ ജനാവലി അതികാലത്തുതന്നെ പള്ളിപ്പരിസരത്തു നിരന്നു കഴിഞ്ഞു. അവരുടെ ഉള്ളിൽ ഒരാശകൂടിയുണ്ടായിരുന്നു. പുണ്യവതിയെന്നു പേരുകേട്ട മങ്കിടിയൻ കന്യാസ്ത്രീയമ്മയെ ഒന്നു നേരിൽകാണുക! അവരുടെ കണ്ണുകൾ അതിനായി നാലുപാടും പരതി ഓടുകയായിരുന്നു.

മുൻനിരയിലായിരുന്നു ത്രേസ്യയുടെ ഇരിപ്പിടം. പക്ഷേ, അവിടവൾ ഇരുന്നില്ല. പിൻനിരയിൽ ആരുടേയും കണ്ണിൽപ്പെടാതെ മറഞ്ഞിരിക്കാനാണവൾക്കെന്നും താല്പര്യം.

മാത്രമല്ല, പാരവശ്യാനുഭവം എപ്പോളാരംഭിക്കുമെന്നറിയില്ല. അതിനാൽ വലതുവശത്തെ വാതിലിനോടു ചേർന്നവൾ നിന്നു. ചുറ്റു അർത്ഥിനികളും അനാഥക്കുരുന്നുകളും അവരുടെ നടുവിൽ നിന്ന് അമ്മ കരളുരുകി പ്രാർത്ഥിച്ചു. പുത്തൻച്ചിറപ്പള്ളിയുടെ മണ്ണിൽ അവളുടെ ചുടുനീർക്കണങ്ങൾ അടർന്നുവീണു. വരണ്ട മണ്ണിൽ അതിനു ആവേശകരമായ സ്വീകാര്യത അതീമണ്ണിനു പുണ്യവർഷമാണ്. അവളുടെ ചുടുനെടുവീർപ്പുകൾ ഈ അന്തരീക്ഷത്തിനു പ്രാണവായുവാണ്.

ദീർഘകർമ്മങ്ങൾ! പ്രാർത്ഥനാവരങ്ങൾ! അനുഗ്രഹാശംസകൾ! എല്ലാം സമാപിക്കുകയാണ്. പിൻവഴി തേടുന്ന ജനസഹസ്രങ്ങളുടെ തിക്കിൽപ്പെടാതെ അവൾവേഗം മഠത്തിലേക്കു നടന്നു. ഒപ്പം അന്തേവാസികളും.

വൈകിയില്ല. അമ്മയുടെ കാതുകളിൽ വില്ലുവണ്ടിയുടെ മണിനാദം. തിണ്ണയിൽ നിന്നു പുറത്തേക്ക് നോക്കി. മനോഹരമായ വില്ലുവണ്ടിയിൽ നിന്നും ഇറങ്ങിവരുന്നവരെക്കണ്ട് അമ്മയ്ക്ക് ഹർഷോന്മാദം! ദേവാലയാഭിഷേകത്തിനെത്തിയ പിതാക്കന്മാർ മൂവരും വിതയത്തിലച്ചനും!

ഞൊടിയിടക്കുള്ളിൽ അവൾ ഉള്ളിലേക്കു പാഞ്ഞു. ക്രൂശിതന്റെ തിരുരൂപത്തെ നോക്കി അടക്കാനാവാത്ത വികാരത്തോടെ പറഞ്ഞു.

“എന്റെ കർത്താവേ, ഇത്ര വലിയ അംഗീകാരങ്ങൾക്ക് എന്നെ നീ പാത്രമാക്കിയല്ലോ”



വേഗം അന്തേവാസികളെക്കൂട്ടി അമ്മ വാതിൽക്കലെത്തി. അപ്പോഴെക്കും മെത്രാന്മാർ മഠത്തിന്റെ ചാവടിയിൽ കയറിക്കഴിഞ്ഞിരുന്നു. അവരുടെ മുദ്രമോതിരങ്ങളിൽ ത്രേസ്യ താണു ചുംബിച്ചു. പിന്നെ ഒരുവശത്തേക്കൊതുങ്ങി തൊഴുതുനിന്നു.

അവർ ഇരിപ്പിടങ്ങളിലമർന്നു. അവിടേക്കു ചരിഞ്ഞു പതിച്ച സന്ധ്യാർക്ക രശ്മികളേറ്റ് അവരുടെ ചുവന്ന പട്ടുതൊപ്പികളും കുപ്പായവും ജ്വലിക്കുകയായിരുന്നു. ത്രേസ്യ ഓരോരുത്തരേയും ആദരവോടെ നോക്കി.

മേനാച്ചേരി തിരുമേനിയാണു നടുവിൽ. മുറുകിനിന്ന കാർക്കശ്യഭാവത്തിന് തെല്ല് അയവുവന്നെന്നു പ്രഖ്യാപിക്കുന്ന പ്രശാന്തമുഖം.

വലതുവശത്ത് മാർ തോമസ് കുര്യാളശ്ശേരിത്തിരുമേനി ആദ്യമായി കാണുകയാണദ്ദേഹത്തെ. എന്നാൽ ആത്മപിതാവിലൂടെ ധാരാളം കേട്ടിട്ടുണ്ട്. സുകൃതികളോട് ആത്മതാതനുള്ള ആഭിമുഖ്യം വളരെ വലുതായിരുന്നല്ലോ. അദ്ദേഹത്തെപ്പറ്റി വിതയത്തിലച്ചൻ പറഞ്ഞുതന്ന കാര്യങ്ങൾ അവളോർത്തു.

നാലുവർഷംമുമ്പാണ് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി അഭിഷിക്തനായത്; വെറും മുപ്പത്തെട്ടാം വയസ്സിൽ! കരുണാഹൃദയന്റെ എല്ലാ ഗുണങ്ങളും പ്രതിബിംബിക്കുന്ന മുഖം. ആ മുഖം നോക്കവേ ആത്മതാതൻ പറഞ്ഞ ഒന്നുരണ്ടനുഭവം ഓർക്കുകയായിരുന്നു ത്രേസ്യ.

എടത്വായിൽ ഒരിക്കൽ കോളറാ പടർന്നു. തീപോലെ അതിദ്രുതം പടരുന്ന മാരകരോഗമാണ്. എന്നിട്ടും രാപകൽ അവരെ ഓടിനടന്നു ശുശ്രൂഷിക്കാൻ ഒരാളുണ്ടായി. കുര്യാളശ്ശേരിത്തിരുമേനി. അദ്ദേഹത്തിന്റെ സകലസമ്പാദ്യവും അവർക്കുവേണ്ടി അന്നു ചെലവഴിച്ച പരസ്നേഹി!

തീർന്നില്ല. തൊണ്ണൂറ്റൊൻപതിലെ ഭയാനകജലപ്രളയത്തിൽ സർവ്വതും വെള്ളത്തിലായ കുട്ടനാട്ടുകാർക്ക് അഭയം കൊടുത്തതും മറ്റാരുമായിരുന്നില്ല.

പരിശുദ്ധ കുർബ്ബാനയുടെ അതിരറ്റ ഭക്ത്യോപാസകൻ, ലാളിത്യത്തിന്റെ കൂട്ടുകാരൻ, സ്ത്രീജന മുന്നേറ്റത്തിന്റെ പടനായകൻ, സമത്വത്തിന്റെ വക്താവ്. ഇങ്ങനനവധി വിശേഷണങ്ങളുടെ വിളനിലമാണീ പുണ്യദേഹം!

ഇടതുവശത്ത് ഇരിക്കുന്നത് ചൂളപ്പറമ്പിൽ തിരുമേനി. തിരുക്കുടും

www.malankaralibrary.com

www.malankaralibrary.com



ബവിദ്യാലയത്തിനുവേണ്ട സർക്കാർ അംഗീകാരത്തിനായി പരിശ്രമിക്കുന്ന വന്ദ്യദേഹം.

ത്രേസ്യയെ നേരിക്കണ്ട് അവർ തുഷ്ടരായി. കാര്യങ്ങൾ ചോദിക്കുന്തോറും അവർക്കാനന്ദപ്പെരുമ. മഠവും വിദ്യാലയവും നടന്നുകണ്ടു. ദൈവകൃപയുടെ അപാരത അവളിൽ സഫലമാകുന്നതിൽ ആനന്ദിച്ചു.

അവസാനം അനുഗ്രഹയാചനയുടെ കരങ്ങൾ നീട്ടി മുട്ടുകുത്തി കുനിഞ്ഞു നിൽക്കുന്ന അവളുടെ മൂർദ്ധാവിൽ മൂവരുടേയും സ്നേഹ സ്പർശം ഒരതുല്യാനുഭൂതിയായി പതിഞ്ഞു.

അപ്പോൾ അവളുടെ ആത്മാവിൽ ഒരന്വേഷണ ചിന്തയുണർന്നു. 'ഈ പിതാക്കന്മാരുടെ ആഗമനം എന്തിനുവേണ്ടി? അക്കാണുന്ന ഭൗമ ശില്പത്തിന്റെ അഭിഷേകകർമ്മത്തിനുവേണ്ടിയോ, ഈ പരമസാധ്വിയെതൊട്ട് ദൈവാത്മാവിന്റെ അഭിഷേകം നൽകാനോ!

# ഇരുപത്തൊൻപത്

അന്നൊരവധി ദിനം. പള്ളിക്കൂടം നിശ്ശബ്ദ ധ്യാനത്തിൽ. അദ്ധ്യാപികമാർ മഠത്തിൽ തന്നെയുണ്ട്. കൈപ്പുഴ, മാഞ്ഞൂർ, നീണ്ടൂർ എന്നീ ദേശങ്ങളിൽ നിന്നുള്ളവർ. മഠം സന്ദർശിച്ച സഭാധികാരികളാണ് ഇവരെ ഇവിടേയ്ക്കയച്ചത്. അവർക്കൊപ്പം കുറെ സന്യാസാർത്ഥിനികളെയും വിദ്യാർത്ഥിനികളെയും ഇവിടേക്കുപറഞ്ഞുവിട്ടു. അവരെല്ലാവരുടെയും വാസം മഠത്തിൽത്തന്നെ.

ആദ്യാദ്ധ്യാപികമാരായ കർമ്മലീത്താ സന്യാസിനികൾക്കു തിരിച്ചുപോകേണ്ടിവന്നു. പകരമെത്തിയവരാണ് കോഴിക്കോട്ടുകാരി ട്രീസാമെൻസൂസയും കോട്ടയത്തു നിന്നുള്ള പി.റ്റി. എലിശ്വായും. ശങ്കൂരിക്കൽ മർഗരീത്താ തന്റെ സേവനം തുടരുകയുമാണ്. പിന്നെ ഒരു കന്യാസ്ത്രീ. വിദ്യാലയകാര്യങ്ങൾക്കായി വല്ലപ്പോഴും വന്നുപോകാറുണ്ട്. സിസ്റ്റർ ഫ്രാൻസിസ്ക്കാ, പരിയാരം മൗണ്ടുകാർമ്മൽ മഠാംഗമാണ്. കൂടാതെ കോട്ടയത്തുള്ള കൈപ്പുഴയിലെ സെന്റ് ജോസഫ്സ് മഠത്തിൽ നിന്നും ഒരു കന്യാസത്രീയെ ചുളപ്പറമ്പിൽ തിരുമേനി ഇവിടേക്കയച്ചിരുന്നു; സിസ്റ്റർ ജോസഫീനയെ. തിരുക്കുടുംബവിദ്യാലത്തിലെ ഗുരുവാണവരും.

അമ്മയും ശിഷ്യകളും നന്മയുടെ കർമ്മഹസ്തങ്ങളുമായി ദേശാന്തരങ്ങളിൽ ചുറ്റിസഞ്ചിരിക്കുകയാണ്. അവധി എന്നത് അമ്മയുടെ ജീവൽ നിഘണ്ടുവിൽ അന്യംനിന്ന പദം. അഗ്നിച്ചിറകണിഞ്ഞ മാലാഖയാണവൾ, ദേശവാസികൾക്കെല്ലാം ഭിക്ഷാടനനിക്ഷേപം അന്നന്നവൾ പാവങ്ങൾക്കുമുമ്പിൽ വീതിച്ചു തീർക്കുന്നു. എങ്കിലും വെറുംകയ്യോടെയാവില്ല. അന്തിയിൽ മഠത്തിലെത്തുക. അനാഥക്കുഞ്ഞുങ്ങൾ കാണും.

ഇക്കഴിഞ്ഞ ആഴ്ചയിൽതന്നെ അങ്ങനെ ഇവിടെത്തിയവർ ഒരു പുലയക്കിടാവും ആശാരിപൈതലും. യാത്രയ്ക്കിടയിലാണ് ഇടമുറിയാത്ത ശിശുരോദനം കേട്ടത്. വഴിയോരത്ത് പുലയക്കുടിലിൽ നിന്നാണ്. ഓടിക്കയറിനോക്കി. വിശന്നുവലഞ്ഞ കൈക്കുഞ്ഞ്. ഒരു തുള്ളിപ്പാലിനുവേണ്ടി മൺനിലത്തു ചുരുണ്ടുകിടന്ന പുലയിത്തള്ളയുടെ നഗ്ന

www.malankaralibrary.com

www.malankaralibrary.com


മായ മാറിൽ കരഞ്ഞുപരതുകയാണ്. മഴക്കാലത്തണുപ്പകറ്റാൻ തള്ളയിൽ മെയ്ച്ചൂടു തേടുകയാണ്. പക്ഷേ, ത്രേസ്യയ്ക്കറിയാം ഈ ശരീരത്തിന് ഇനി ചൂടുപകരാനാവില്ല. മരിച്ചുമരവിച്ച ശവശീരത്തിന് ഈ കുഞ്ഞിനെ ആശ്വസിപ്പിക്കാനാവില്ല.

പെറ്റമ്മയുടെ ശവത്തിൽ അള്ളിപ്പിടിച്ചിരുന്ന കുഞ്ഞിനെ ത്രേസ്യ കുനിഞ്ഞെടുത്തു. പിന്നൊരു നിമിഷവും പാഴാക്കാതെ മൃതദേഹം വെടിപ്പാക്കി മറവുചെയ്യാൻ മുന്നിട്ടിറങ്ങി.

ആ കുഞ്ഞിപ്പോൾ മഠത്തിലെ മുറിയിൽ പോറ്റമ്മയുടെ പരിലാളനകളേറ്റ്, പൂങ്കിനാക്കളുണ്ട് സുഖമായുറങ്ങുന്നു, ആനി എന്ന മാമ്മോദീസാപ്പേരിൽ.

അതിനുശേഷമാണ് തൊട്ടടുത്തുറങ്ങുന്ന ഈ ആശാരിക്കുഞ്ഞിന്റെ വരവ്. അതൊരു ജാരപുത്രി. വീട്ടിൽ നിന്നവളുടെ അമ്മയെ അടിച്ചിറക്കി. പെറ്റചൂടുമാറാത്ത കുഞ്ഞുമായി അവൾ തെണ്ടിനടന്നു. കുഞ്ഞിനെ ഉപേക്ഷിക്കുക. പക്ഷേ, അവളുടെ മുമ്പിൽ മറിയം ത്രേസ്യയുടെ കരങ്ങൾ നീട്ടപ്പെട്ടു.

ഇതുപോലൊരു അനാഥയാണു കൊച്ചാനി. മറ്റനാഥരേക്കാൾ തെല്ലു മുതിർന്നവൾ. അഞ്ചുവയസ്സുകാരി. പെറ്റമ്മയുടെ വാത്സല്യമാണവൾ നുകർന്നത്; മറിയം ത്രേസ്യയിൽ നിന്നും. അവളെ അമ്മ പള്ളിക്കൂടത്തിലാക്കി. പുണ്യവാന്മാരുടെ കഥകൾ പറഞ്ഞുകൊടുത്തു. മുടിചീകിക്കെട്ടി. കൂടെ നിർത്തി വിശുദ്ധ കുർബ്ബാനയിൽ പങ്കുചേർക്കും. കിടത്തിയിരുന്നതുപോലും അമ്മയുടെ മുറിയിൽ.

ഇന്നും അന്തിയിൽ കൂടണയുമ്പോൾ ഇതുപോലരനാഥപ്പൈതൽ കൂടെയുണ്ടാകാം. അഥാവാ, തലചായ്ക്കാൻ ഇടമില്ലാത്തൊരാളെ പാർപ്പിടം കാട്ടി കൂട്ടിക്കൊണ്ടുവന്നേക്കാം. അല്ലെങ്കിൽ ഒരു പിടിച്ചോറിനായി കരഞ്ഞാശിക്കുന്നവർക്ക് വയറുനിറച്ചൂണുകൊടുക്കാൻവിളിച്ചുകൊണ്ടുവന്നേക്കാം. അതുമല്ലെങ്കിൽ ഹൃദയം തകർന്നോരെ, നിരാശരെ, ക്രൂദ്ധരെ, മൃത്യോപാസകരെ ശാന്തിയുടെ ധ്യാനപ്പുരയിലേക്ക് ആനയിച്ചേക്കാം.

അദ്ധ്യാപികമാർ ഒന്നിച്ചിരിക്കുകയാണ്. ഫ്രാൻസിസ്കാ സിസ്റ്ററും അവർക്കൊപ്പമുണ്ട്. വിദ്യാലയ വിഷയങ്ങളല്ല. അവരുടെ നാവിലുണരുന്നത്. അമ്മയുടെ പുണ്യചരിതം; അതിശയചരിതം.

പറഞ്ഞുതുടങ്ങിയതു ഫ്രാൻസിസ്കാതന്നെ.



"............അന്നു രാത്രി ഏഴുമണിയായിക്കാണും. ആരൊക്കെയോ മുകളിൽ നിന്നും തടിപ്പടികൾ ചവുട്ടി അമ്മയുടെ മുറിയിലേക്ക് ഓടുന്നതുകണ്ടു. വാ! അമ്മയെക്കാണാൻ...... എന്നുപറഞ്ഞ് അവർ എന്നെയും തിടുക്കത്തിൽ വിളിച്ചു. ഞാനും ഓടിച്ചെന്നു ആ കാഴ്ച കണ്ടു ഞാൻ പേടിച്ചുപോയി. അമ്മയ്ക്കു യാതൊരു വെളിവും ഇല്ലായിരുന്നു. തലമുണ്ടഴിഞ്ഞ് താഴെക്കിടപ്പുണ്ടായിരുന്നു. ദേഹം ഒരു പുതപ്പിനുള്ളിലായിരുന്നു. ഇടയ്ക്കൊരു പിടച്ചിൽ! ആ പുതപ്പ് ഊർന്നുമാറി. അപ്പോൾ കുപ്പായം നിറയെ ചോര! നെഞ്ചിലും കയ്യുടെ ഉൾത്തലങ്ങളിലും കാൽപ്പാദങ്ങളിലും ചോര ഒലിച്ചിറങ്ങുന്നതുകണ്ടു. ഉടനെ തലയിൽ നിന്നു ചോരയും വെള്ളവും തുള്ളിത്തുള്ളിയായി വീഴാൻ തുടങ്ങി. മുൾമുടിതറച്ചശേഷം ഊരിയെടുത്താലെന്നപോലെ തലയുടെ ചുറ്റും ദ്വാരങ്ങളായിരുന്നു. അതിലൂടെയാണ് ചോര ഊറിയത്"

എന്നിട്ട്! ശ്രോതാക്കളുടെ നേത്രങ്ങളിൽ ആശ്ചര്യത്തിന്റെ വികാസം.

"... ഇതെല്ലാം കണ്ട് വിതയത്തിലച്ചൻ അവിടിരുപ്പുണ്ടായിരുന്നു. അച്ചനു പക്ഷേ, യാതൊരു ഭയവും ഉണ്ടായിരുന്നില്ല. ഒരഞ്ചുമിനിറ്റ് അങ്ങനെകഴിഞ്ഞുകാണും. ഉടൻ തലയിലെ ദ്വാരങ്ങൾ പയ്യെപയ്യെ അടഞ്ഞു. ചോര ഒഴുക്കു നിലച്ചു. അമ്മയ്ക്കു ബോധം കിട്ടി. കണ്ണുതുറുന്നെഴുന്നേറ്റിരുന്നു. എല്ലാവരേയും കണ്ടുസാകൂതം ആരാഞ്ഞു.

"എന്താ എല്ലാരും ഇവിടെ കൂടിനിക്കുന്നേ?"

പിന്നെഴുന്നേറ്റ് അച്ചന്റെ മുമ്പിൽ മുട്ടുകുത്തി അനുഗ്രഹം യാചിച്ചു.

ജോസഫീനായ്ക്കും പറയാനുള്ളത് ഇതുപോലൊരു സാക്ഷ്യം.

"....കഴിഞ്ഞ മദ്ധ്യവേനലിലെ അവധിക്കാലത്താണു സംഭവം. അദ്ധ്യാപകരെല്ലാം അവരവരുടെ വീടുകളിലേക്കു പോയി. ഞാൻ പക്ഷേ, പോയില്ല. മനഃപൂർവ്വമാണു പോകാതിരുന്നത്. വല്യനോമ്പിന്റെ വെള്ളിയാഴ്ചകളിൽ അമ്മയ്ക്ക് രക്തപ്രവാഹം ഉണ്ടാകുമെന്നു കേട്ടിരുന്നു. അതൊന്നു നേരിൽകാണാൻ വേണ്ടിയാണ് പോകാതിരുന്നത്""

കഥ ഒന്നു നിർത്തി ജോസഫീന ചോദിച്ചു.

"നിങ്ങൾ ഡോക്ടർ ഡിസൂസയെപ്പറ്റി കേട്ടിട്ടുണ്ടോ?"

"ഉണ്ട്. ഇംഗ്ലണ്ടുകാരിയല്ലേ?"

"അതെ അവരെ മേനാച്ചേരി തിരുമേനി ഇവിടേക്ക് അയച്ചിരുന്നു. അമ്മയുടെ മുറിവുകൾ തന്നെയാണോ; ഒഴുകുന്നതു ചോര തന്നെ

www.malankaralibrary.com

www.malankaralibrary.com



യാണോ എന്നു പരിശോധിക്കാൻവേണ്ടിയാണ് ഡോക്ടറെ അമ്മയുടെ കൂടെ താമസിപ്പിച്ചത്."

എല്ലാവരും ശ്വാസം അടക്കിപ്പിടിച്ചിരുന്നു കേൾക്കുകയാണ്. സിസ്റ്റർ തുടർന്നു.

"അന്ന് നോമ്പിലെ ആറാമത്തെ വെള്ളിയാഴ്ചയായിരുന്നു. ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ അമ്മയുടെ മുറിയിൽ ഡോക്ടർ ഡിസൂസാ കടന്നു. ഞാനും രണ്ടുമൂന്നു സിസ്റ്റേഴ്സും ഒപ്പം നുഴഞ്ഞുകയറി. വിതയത്തിലച്ചനും മുറിയിലുണ്ടായിരുന്നു. അമ്മ അപ്പോൾ കട്ടിലിൽ കിടക്കുകയായിരുന്നു. ഒരിക്കലും കാണാത്തതുപോലെ ഒരു കാൽ മറ്റേ കാലിൽ കയറ്റിവച്ചിരുന്നു. വടിപോലെ കൈകൾ മുന്നോട്ടു നീട്ടിയാണു കിടപ്പ്. കണ്ണുകളിലൂടെ ചോര ചാടുന്നുണ്ടായിരുന്നു നെഞ്ചിൽ നിന്നും പർപ്പടവട്ടത്തിൽ ചോര തിളച്ചു പൊങ്ങുന്നത് കുപ്പായിത്തിനു മുകളിലൂടെ കാണാമായിരുന്നു. തലയിലും മുൾമുടി തറച്ചതുപോലെ ചോര ഇറ്റിച്ചു. മരണവേദനയാലെന്നപോലെ പിടയുകയായിരുന്നു."

"അപ്പോൾ ഡോക്ടർ ഡിസൂസാ എന്തുചെയ്യുകയായിരുന്നു?"

"അവർ വളരെ വേഗത്തിൽ വളരെ ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരുന്നു. തലയിലേയും കൈകളിലേയും നെഞ്ചിലേയും മുറിവുകൾ അവർ വ്യക്തമായി പരിശോധിച്ചു. ചോരത്തുള്ളികൾ ഒരു കൊച്ചുകുപ്പിയിൽ ശേഖരിച്ചുകൊണ്ടുപോവുകയും ചെയ്തു. അപ്പോൾ അവർ അതിശയത്തോടെ ഇങ്ങനെ മന്ത്രിക്കുന്നതു കേട്ടു;

"താങ്ക് ഗോഡ് ഫോർദിസ് ഹോളി എക്സ്പീര്യൻസ്

ഈ ദിവ്യകഥകൾ കേൾവിക്കാരെ ധന്യരാക്കുകയാണ്. ഈ ദൃശ്യസാക്ഷാത്ക്കാരത്തിനായി ദിനം തോറും തീർത്ഥാടനം ചെയ്യുവന്നരുടെ എണ്ണം പെരുകുകയാണ്. പലരും അവരവരുടെ വീടുകളിലേക്ക് മടങ്ങാതായി. ഏകാന്തമഠം അവരുടെ അഭയതലമായിത്തീരുകയായിരുന്നു. മഠാധിപ അവരുടെ അമ്മയും.

പക്ഷേ, ഇപ്പോഴുള്ള അന്തേവാസികൾക്കുപോലും മതിയായ ഇടം ഇവിടില്ല. എങ്കിലും സ്ഥലപരിമിതിയുടെ പേരിൽ അർത്ഥിനികളെ നിരാശരായി തിരിച്ചയ്ക്കാൻ അമ്മയ്ക്കാവില്ല. നിലവിളികേട്ടുത്തരമരുളുന്ന ദൈവത്തോടവൾ അപേക്ഷിച്ചു. ദൈവം അയച്ചുകൊടുത്ത ജ്ഞാനതാതന്റെ മുമ്പിൽ വഴിയറിയാൻ കാത്തുനിന്നു.

കെട്ടിടത്തിന്റെ വലിപ്പം പരമാവധി കൂട്ടിക്കഴിഞ്ഞു. മുപ്പത്തേഴു



സെന്റിൽ ഇനി ഒരു മുറിക്കുപോലുമുള്ള ഇടമില്ല. അതിനാൽ ജ്ഞാനതാതൻ ആലോചിച്ചു പറഞ്ഞു.

"കെട്ടിടം ഉണ്ടായേ പറ്റു. എന്നാൽ അതു പണിയണമെങ്കിൽ അടുത്തെവിടെയെങ്കിലും കുറച്ചു പറമ്പുകൂടിവാങ്ങാതെ നിവൃത്തിയില്ല."

"അതിനുപണം വേണ്ടേ പിതാവേ! കഴിഞ്ഞ തവണ പിതാവുകൂടി സഹായിച്ചതുകൊണ്ടാണ് പണിതീർന്നത് ഇപ്പോൾ പിതാവും കടത്തിലാണല്ലോ."

"കുറിച്ചിട്ടി നടത്തുന്ന ഒരാളെ എനിക്കറിയാം. അതിൽ ഒരു കുറിക്കു നീയും ചേരണം. നാനൂറുരൂപാ ഒത്തുകിട്ടിയാൽ കാര്യങ്ങൾ നടക്കും.

"പിതാവുതന്നെ ചിട്ടിക്കാരനെക്കണ്ട് എല്ലാം ഏർപ്പാടാക്കിത്തരണമേ. കണക്കും കാര്യങ്ങളുമൊന്നും എനിക്കത്ര വശമില്ലെന്നു പിതാവിനറിയാമല്ലോ"

അന്നുമുതൽ വിതയത്തിലച്ചന്റെ ചിന്ത മഠത്തിന്റെ വിപുലീകരണത്തിനു വഴി തിരിഞ്ഞു.

പലരുടെയും തുണയോടെ കുറച്ചു കാശു സ്വരൂപിച്ചു. പിന്നെ സ്ഥലത്തിന് അന്വേഷണമായി.

ഭാഗ്യം! മഠത്തിനോടടുത്തുതന്നെ നല്ലൊരു പുരയിടം വിൽക്കാനുണ്ടെന്നറിഞ്ഞു. ഒരു ബ്രാഹ്മണമന നിൽക്കുന്ന ആറേക്കർ മണ്ണ്! കടം കയറി അവർ മുടിഞ്ഞു. കിട്ടുന്നതിനു വിറ്റ് പലായനം ചെയ്യാനാണാലോചന. അതുകിട്ടിയാൽ നന്ന്. വിതയത്തിലച്ചൻ ചിന്തിച്ചു. എന്നാൽ അതിനു വേണ്ട പണം കയ്യിലില്ല. ചിട്ടിയുടെ കുറി വീഴും വരെ കാത്തിരിക്കാനും ആവില്ല. രൊക്കം തുക വേഗം കണ്ടെത്തണം. അതിനൊരു മാർഗ്ഗമേയുള്ളു. സ്വന്തമായുള്ളതെല്ലാം പണയപ്പെടുത്തുക. കഴിയുന്നിടത്തോളം കടം വാങ്ങുക.

അമ്മയും ഉത്സാഹിച്ചുകൊണ്ടിരുന്നു. അനാഥക്കുഞ്ഞുങ്ങൾക്കു പാലുകൊടുക്കാനായി വാങ്ങിയ നല്ല രണ്ടുപശുക്കളുണ്ടായിരുന്നു. അതിലൊന്നിനെ വിറ്റു. കിട്ടിയ രൂപാ പിതാവിനെ ഏൽപിച്ചു.

ദ്രുതഗതിയിൽ നീക്കങ്ങളാരംഭിച്ചു. ഭൂവുടമ പരിചിതനാണ്. അതിനാൽ മറ്റാർക്കും വിൽക്കില്ലെന്നും വാക്കുനൽകി. പണം ഒരു വിധത്തിൽ തികച്ചു. അടുത്തറിയുന്ന രണ്ടുപേരാണ് ഈ പണം സൂക്ഷിച്ചു വയ്ക്കാനും കണക്കെഴുതാനും സഹായിച്ചു പോന്നത്. വസ്തു എഴുതിക്കാനും അവർ തന്നെ മുന്നിട്ടിറങ്ങി. അച്ചനത് ആശ്വാസമായിരു

www.malankaralibrary.com

www.malankaralibrary.com



ന്നു. കാരണം അന്ന് അച്ചന് വളരെ അത്യാവശ്യമായി തൃശ്ശൂരിലേക്കു പോണം. പണി സംബന്ധമായ കാര്യങ്ങൾക്കായി അരമനയിലേക്ക് പണം പിരിക്കാൻ ഉത്സാഹിച്ചവർ തന്നെ ഭൂമി ഇടപാടിനു തയ്യാറുള്ള തിനാൽ കൂടുതലൊന്നും അച്ചന് ആലോചിക്കേണ്ടിവന്നില്ല. കാരണം അവർ പ്രമാണിമാരാണ്. വളരെ അടുപ്പമുള്ളവരാണ്. പള്ളിക്കാരും.

സഞ്ചിയിൽ നിറച്ച പണവുമായി രാവിലെ തന്നെ പറവൂർ രജിസ്റ്റർ ആപ്പീസിലിലേക്കു തിരിച്ച അവരോട് ഒരിക്കൽക്കൂടി അച്ചൻ ഓർമ്മ പ്പെടുത്തി.

മറക്കല്ലേ, പറമ്പു രജിസ്ത്രാക്കേണ്ടത് മഠത്തിന്റെ പേരിലാണ്.

"അതു പിന്നെ പ്രത്യേകിച്ചു പറയണോ?" പ്രമാണിമാർ കുടവയറി ളക്കി ആഹ്ലാദവിക്ഷേപങ്ങളോടെ ചിരിച്ചു പടിയിറങ്ങി.

അച്ചൻ പ്രതീക്ഷകളോടെ അവരുടെ വരവു കാത്തിരുന്നു. ജല പ്രള യകാലത്ത് പെട്ടകത്തിൽ നിന്നും തുറന്ന വിട്ട മലങ്കാക്കയുടെ തിരി ച്ചുവരവുകാത്തിരുന്ന നോഹയെപ്പോലെ. സഹനപുത്രിയും കൂടെയു ണ്ടായിരുന്നു. എന്നാൽ മൂന്നുനാലു ചെറുപ്പക്കാർ ഓടിവന്നറിയിച്ചു.

"അച്ചോ! ആ നീചന്മാർ നമ്മെ ചതിച്ചു.

അച്ചനും ത്രേസ്യയും എന്തും കേൾക്കാനുള്ള ഉൾക്കരുത്തിനായി പ്രാർത്ഥിക്കുകയായിരുന്നു.

വന്നവർ അരിശത്തോടെ തുടർന്നു.

"ആ പറമ്പിൽ അവർ വേലിക്കെട്ടുന്നച്ചോ. ദുഷ്ടന്മാർ അതു വാങ്ങി ച്ചത് മഠത്തിനുവേണ്ടിയല്ല! അവരുടെ പേരിലാണ്!!"

ഉള്ളിൽ ഒരായിരം വെള്ളിടിവെട്ടേണ്ട ദുരന്തമുഹൂർത്തമാണത്. പക്ഷേ, അമ്മയുടെ നെഞ്ചിൽ ഉരുകിത്തെളിഞ്ഞത് 'നിന്റെ രാജ്യം വരണമേ, നിന്റെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഇവിടെയും ആക ണമെ' എന്ന പ്രാർത്ഥന. മരണത്തിന്റെ താഴ്‌വരയിലൂടെ ഒറ്റയ്ക്കല ഞ്ഞപ്പോഴും പേടി അറിയാത്തവളാണ്. കരുത്തനായ ദുഷ്ട പിശാചിന്റെ ദ്രോഹപരമ്പരകൾക്കുമുമ്പിലും അടിപതറാത്തവളാണ്. അതിനാൽ ഈ വെള്ളിടിക്ക് അവളെ ഏശാനുള്ള ശേഷിയില്ല.

"അവരെ വെറുതെ വിടരുതമ്മേ. അനുവദിച്ചാൽ മതി. ഞങ്ങൾ കൈകാര്യം ചെയ്തോളാം.

"പാടില്ല മക്കളേ. മുകളിൽ നമ്മുടെ ദൈവമുണ്ട്. ആ ദൈവം ദൈവ മല്ലയോ?"



ജ്ഞാനപിതാവും സഹിക്കാൻ ശ്രമിച്ചു. എങ്കിലും അദ്ദേഹത്തിന്റെ നെഞ്ചു വല്ലാതെ കലങ്ങിപ്പോയി. പാടുപെട്ട് നെയ്തെടുത്ത പട്ടു വസ്ത്രം കത്തിക്കരിഞ്ഞ ദുരന്താനുഭവം സാരമില്ലെന്നു കരുതാനാവി ല്ല. അത്രമാത്രം കഷ്ടപ്പെട്ടാണു പണമുണ്ടാക്കിയത്. ലോകമഹായുദ്ധ ക്കെടുതികളിലാണു നാട്. ഈ അവസ്ഥയിൽ ഒരു ചക്രത്തിന്റെ വില പോലും വളരെ വലുതാണ്.

തന്റെ വേദനകൾ മറക്കാം. പക്ഷേ, വലിയൊരു പ്രസ്ഥാനത്തിനു വേണ്ടി സ്വയം ഉരുകിത്തീരുന്ന തന്റെ ജ്ഞാനപുത്രിയുടെ സഹനം എത്രയോ അധികമാണ്. നാടിനുവേണ്ടിയാണവൾ പാടുപെടുന്നത്. അവൾക്കൊരു മൺതരിയും വേണ്ട. തലചായ്ക്കാനിടമില്ലാതെ നസ്റേ ത്തുമുതൽ യരുശേലം വരെ അലഞ്ഞു നടന്ന ത്യാഗകാണ്ഡമാണവ ളുടെ സർവ്വേശ്വരൻ. അവൾക്കൊരു മഠത്തിന്റെ ഭദ്രതയും വേണ്ടാ. ഭക്ഷണം പോലും അവൾക്കാവശ്യമില്ല. ഇലച്ചാറുമാത്രം കുടിച്ച് എത്രയോ ദിനങ്ങൾ അവൾ കഴിഞ്ഞിട്ടുണ്ട്. അഥവാ ഇശോയുടെ വചനം മുഖ്യമായി ആഹരിച്ച് ഒരായുസ്സു പുലരാനുള്ള വരം ലഭിച്ച കന്യകയാണിവൾ. എല്ലാം ഈ നാടിനുവേണ്ടിയായിരുന്നു. മനം തകർന്ന് ആത്മഹത്യാ മുനമ്പിലെത്തിയ നാട്ടാർക്കുവേണ്ടിയായിരു ന്നു. പുത്തൻചിറ ഗ്രാമത്തിലാരംഭിച്ച് ക്രമേണ പന്തലിച്ച് ലോകമാസ കലം പൂന്തണൽ പടർത്താനുള്ള ധീരസാഹസികോദ്യമമായിരുന്നു. എന്നാൽ ഇവൾ ചിന്തുന്ന വേർപ്പുമണികളുടെ അമൂല്യത അറിയാത്ത ഹൃദയശൂന്യരും ഇവിടുണ്ടല്ലോ. കഷ്ടം!

ആത്മതാതന്റെ മുഖം ചുവന്നെരിയുകയായിരുന്നു. ആ സാത്വികവദ നത്തിന്റെ ഭാവമാറ്റം ത്രേസ്യയെ അമ്പരപ്പിച്ചു. കോപത്തിന്റെ പദങ്ങൾ അദ്ദേഹത്തിൽ നിന്നും അവൾ ആദ്യമായി കേൾക്കേണ്ടി വന്നു.

"ഈ നാട്ടിൽ ഇനി യാതൊരു നന്മയും ചെയ്യരുത്. നിന്റെ ഏകാ ന്തഭവനവും പള്ളിക്കൂടവും ഒന്നും ഇനി തുടരേണ്ടാ. ആർക്കെങ്കിലും ഇതെല്ലാം വിറ്റ് മറ്റെവിടെയെങ്കിലും പോകുന്നതാ ഭേദം"

"എന്റെ പിതാവേ, അങ്ങനെ പറയരുതേ"

അവൾ ഉറക്കെ കരഞ്ഞുപോയി.

'അരുതേ' എന്നു ജ്ഞാനതാതനോട് അവൾ അപേക്ഷിക്കുന്ന ആദ്യത്തെ അവസരമാണത്. അതിലവൾ വേദനിച്ചു.

"അരുതെന്നൊരു വാക്ക് പിതാവിനോടു ഞാൻ ആദ്യമായി പറയു

www.malankaralibrary.com

www.malankaralibrary.com



കയാണ്. പിതാവെന്നോടു ക്ഷമിക്കണേ. ഈ ഏകാന്തഭവനം ദൈവമല്ലേ പിതാവേ നമുക്കു തന്നത്. ഇതു വിട്ടുകളഞ്ഞാൽ അതു ദൈവത്തിനു സഹിക്കുമോ."

അച്ചന്റെ കണ്ണുകൾ നിറഞ്ഞു. അറിയാതെ ഒരു നിമിഷം ക്ഷുഭിതനായിപ്പോയി. അടുത്ത നിമിഷം സൗമ്യതയോടെ അദ്ദേഹം പറഞ്ഞു.

"ശരിയാണ്. ദൈവമറിയാതെ യാതൊന്നും സംഭവിക്കുകയില്ല."

അവർ പിരിഞ്ഞു.

പക്ഷേ, വിശ്രമാലയത്തിലും അച്ചന്റെ ഹൃദയം ചിന്താക്രാന്തമായിരുന്നു. ലോനപ്പൻ വന്നു വിളിച്ചിട്ടും അത്താഴമുണ്ണാൻ തോന്നിയില്ല. അങ്ങനെ കിടക്കുമ്പോഴാണ് മറ്റൊരിടവക വികാരിയുടെ വരവ്. ധനാഢ്യനാണ്. ഉദാരമനസ്കനും എല്ലാറ്റിനുമുപരി പുത്തൻചിറ ഇടവകാംഗവും. തറവാട് വീട് അടുത്തുണ്ട്. എങ്കിലും യോഹന്നാൻ അമ്പൂക്കൻ അച്ചൻ. പള്ളിക്കാര്യത്തിനായി എത്തിയതാണ്. വൈകിപ്പോയി. കുളിച്ച് ഊണുകഴിച്ച് അവിടെ തങ്ങുകയേ തരമുള്ളു. അത്താഴനേരത്ത് അമ്പൂക്കനച്ചനോടു തന്റെ ഹൃദയവ്യഥ തുറന്നറിയിക്കാൻ വിതയത്തിലച്ചൻ മടിച്ചില്ല. മഠത്തെപ്പറ്റിയും അതിന്റെ അരിഷ്ടതകളെപ്പറ്റിയും അദ്ദേഹം ശ്രദ്ധയോടെ കേട്ടു. കിടക്കാൻ മുറിയിലേക്കു കടന്നപ്പോഴാണ് മുറ്റത്ത് ആരുടെയെല്ലാമോ ഒച്ചയും വിളിയും.

വിതയത്തിലച്ചൻ ഓടിച്ചെന്നു വാതിൽ തുറന്നു.

"അച്ചോ വേഗം മഠത്തിലോട്ടുവരേണ. അമ്മയ്ക്ക പഴയതുപോലെ ഭയങ്കര...."

അത്രയും കേട്ടപ്പോഴേക്കും അച്ചൻ കാര്യം ഗ്രഹിച്ചു.

"ഇതാ ഉടനിറങ്ങുന്നു. അയയിൽ നിന്നും കുപ്പായം എടുത്ത് അവരുടെ കുടെ ഓടിയിറങ്ങുന്നതിനിടയിൽ അതു തലയിലൂടെ കടത്തി. കുടുക്കുകൾ ഇട്ടു.

"അച്ചോ ഞാനും വരികയാണ്."

അമ്പൂക്കനച്ചനും കൂടെയിറങ്ങി. അമ്മയെപ്പറ്റി അനേകരുടെ സാക്ഷ്യം ശ്രവിച്ചിട്ടുണ്ട്. പഞ്ചക്ഷതാനുഭവങ്ങളെപ്പറ്റി ആവേശകരമായ പ്രസ്താവങ്ങൾ കേട്ടിട്ടുണ്ട്. ഇപ്പറഞ്ഞതിന്റെ വാസ്തവികതയെപ്പറ്റി പലപ്പോഴും ശങ്കിച്ചിട്ടുണ്ട്. അതടുത്തു കണ്ട് സ്ഥിരീകരിക്കാൻ ആശിച്ചിട്ടുമുണ്ട്. അതിനുള്ള അസുലഭാവസരമാണിത്.

ഒരു കുതിപ്പിന് തൊട്ടടുത്തുള്ള മഠത്തിലെത്തി. ഇടതുവശത്തുള്ള



ആദ്യത്തെ മുറിയാണ് അമ്മയുടേത്. എണ്ണ വിളക്കിന്റെ അരണ്ട പ്രകാശവൃത്തത്തിൽ അന്തേവാസികളുടെ ഉൽകണ്ഠാമുഖങ്ങൾ.

ഇടതുഭിത്തിയിൽ ക്രൂശിതയെപ്പോലെ കരങ്ങൾ ഇരുവശങ്ങളിലേക്കും നീട്ടിവിരിച്ച് തറയിൽ നിന്നുയർന്ന് ബോധം മറഞ്ഞു കിടക്കുകയാണമ്മ.

'ഇതെങ്ങനെയാ ചവിട്ടാൻ താങ്ങില്ലാതെ ഉയർന്നു നിൽക്കുന്നത് അമ്പൂക്കനച്ചൻ മനസ്സിൽ ആശ്ചര്യപ്പെട്ടു.

അമ്മയുടെ ദേഹമാസകലം ചോരച്ചാലുകൾ നിറഞ്ഞിരിക്കുന്നു. ജനങ്ങളെ ആകർഷിക്കാനുള്ള അഭിനയമാണോ ഇത്? ഒഴുകിവീഴുന്നതു ചോര തന്നെയാണോ? അമ്പൂക്കനച്ചന്റെ സംശയങ്ങൾ.

കുനിഞ്ഞും ചരിഞ്ഞും നിന്ന് സൂക്ഷിച്ചുനോക്കുകയാണദ്ദേഹം. സംശയങ്ങളുടെ ആവരങ്ങൾക്കുള്ളിലും അദ്ദേഹത്തിന്റെ ഹൃദയം വിസ്മയസ്തബ്ധമായിരുന്നു.

അമ്മ വേഗം കണ്ണുതുറന്നു. നോട്ടം ആദ്യം തറച്ചത് അമ്പൂക്കനച്ചന്റെ മുഖത്ത് എന്നിട്ട് അതിശക്തമായ ശബ്ദത്തിൽ ഒരു ചെറുവാക്യം പറഞ്ഞു.

"പരിശുദ്ധ രാജ്ഞീ, സ്വർഗ്ഗത്തിൽ ചെന്നുചേരുന്നതുവരെ എന്നെ നീ കൈവിടല്ലേ എന്ന് മരണം വരെ എല്ലാദിവസവും ചൊല്ലണം."

ആ സ്വരം അവളുടെ സ്വന്തമല്ലെന്ന് അമ്പൂക്കനച്ചനറിയാം. ആയിരുന്നെങ്കിൽ തന്റെ ഹൃദയത്തെ അതിത്രത്തോളം പിടിച്ചുലയ്ക്കുയില്ലായിരുന്നു. തീത്തൈലം പോലെ അതുള്ളിൽ വീണ് പൊള്ളിക്കുകയില്ലായിരുന്നു. അത് ആരാദ്ധ്യയായ കന്യാമറിയത്തിന്റെ സ്വരം തന്നെയാണെന്നദ്ദേഹം നിശ്ചയിച്ചു.

ക്രൂശിതരൂപിണിയുടെ മുമ്പിൽ അദ്ദേഹം മുട്ടുകളിൽ വീണു. ആ വൃദ്ധവൈദികൻ തൊഴുതറിയിച്ചു.

"അമ്മേ, എന്റെ സംശയങ്ങൾക്കു മാപ്പുതരണമെ. ഇതിനു പരിഹാരമായി കുഴിക്കാട്ടുശ്ശേരിയിലുള്ള എന്റെ എട്ട് ഏക്കർ പറമ്പ് അമ്മയ്ക്കു ഞാൻ സൗജന്യമായി തരുന്നു. അവിടെ മഠംപണിയാനായി ആയിരം രൂപായും തന്നുകൊള്ളാം. ഇവ സദയം സ്വീകരിക്കണമേ.

www.malankaralibrary.com

www.malankaralibrary.com

## മുപ്പത്

ഇവിടെ നിന്നും ഒരു നാഴിക ദൂരമേയുള്ളൂ കുഴിക്കാട്ടുശ്ശേരയിലേക്ക്. പക്ഷേ, മറ്റൊരു രാജ്യത്തിലാണത്. തിരുവിതാംകൂർ രാജ്യത്തിന്റെ അതിർത്തിയാണു പുത്തൻചിറ ഗ്രാമം. കുഴിക്കാട്ടുശ്ശേരിയാകട്ടെ കൊച്ചീ രാജ്യത്തിന്റെ അതിരും.

ദൈവസ്തുതിയുടെ അധരങ്ങളോടെ അമ്മ അന്നുറങ്ങാൻ കിടന്നു പാതിരാവിൽ ഒരപൂർവ്വ സ്വപ്നം അമ്മയുടെ നിദ്രയിൽ പ്രകാശിച്ചു. സ്വപ്നത്തിൽ ദീർഘചതുരത്തിലുള്ള വിശാലമായ പുരയിടം. പൊതുവേ, കാടുപടർന്നുകിടക്കുന്നു. ഒരരുകിൽ നടപ്പാത. പറമ്പിന്റെ ഏതാണ്ടു നടുവിലായി മിന്നിത്തിളങ്ങുന്ന ഒരു ദേവദൂതൻ പറന്നിറങ്ങുന്നു കയ്യിലൊരു തൂമ്പാ. അതുയർത്തി മണ്ണിൽ ആഞ്ഞുകൊത്തി. മുന്നു തവണ അതാവർത്തിച്ചു. മണ്ണിളകിയ സ്ഥലം തന്നെ വിളിച്ചു കാണിക്കുന്നതായി തോന്നി. ഇങ്ങനെ പറയുന്നതായും; ഇവിടെയാണു മഠം പണിയേണ്ടത്.

അമ്മ ഉടൻ സ്വപ്നത്തിൽ നിന്നുണർന്നു. ഉഷസ്സോളം ദൈവതിരുമുഖം നോക്കിയിരുന്നു. പിന്നെല്ലാവരും ചേർന്ന് ദേവാലയത്തിലേക്ക്. ബലിയർപ്പിച്ച് പിതാവായ ദൈവത്തെ ആരാധിച്ചു. പുത്രനായ ഈശോയുടെ സ്നേഹാധിക്യത്തെ ആസ്വദിച്ചു. ദൈവാത്മാവിന്റെ ശക്തിവർഷത്തിൽ മുങ്ങിക്കുളിച്ചു. അദൃശ്യരായ ദിവ്യാത്മാക്കളുടെ മദ്ധ്യസ്ഥപ്രാർത്ഥനകളാൽ ഉൾപ്പുളകിതയായി. പിന്നെ കുഴിക്കാട്ടുശ്ശേരിയിലേക്ക് കന്നിയാത്ര കാളവണ്ടിയിലായിരുന്നു. അമ്പൂക്കനെച്ചനും വിതയത്തിലച്ചനും കൂടെയുണ്ടായിരുന്നു.

കാടും പടർപ്പും നിറഞ്ഞ വിശാലതലങ്ങൾ കടന്ന് അവിടെത്തി.

"ഇതാണു നമ്മുടെ പറമ്പ് 'കുന്നുപറമ്പ്' എന്നാണിത് അറിയപ്പെടുന്നത്

അമ്പൂക്കനെച്ചൻ കൈചൂണ്ടി കാണിച്ചു.

പാഴ്മരങ്ങൾ അതിരുകാക്കുന്ന വിശാലമായ ഭൂമി. നിറയെ കുറ്റിച്ചെടികളും വള്ളിപ്പടർപ്പും.



അമ്മ ജിജ്ഞാസയോടെ വേഗം കാളവണ്ടിയിൽ നിന്നിറങ്ങി പറമ്പിലേക്കു കടന്നു. സ്വപ്നത്തിൽ മാലാഖ തൂമ്പാ ഉയർത്തി നിന്ന പറമ്പു തന്നെ! കാടുപടർന്ന പറമ്പിൽ ഒരിടത്തു മാത്രം പുതമണ്ണിളക്കിയിട്ടിരിക്കുന്നതുകണ്ട് അമ്മ ആവേശഭരിതയായി. ഉടൻ എല്ലാവരേയും വിളിച്ചടുപ്പിച്ചു.

"ഈ മണ്ണിളക്കിയത് ആരാണെന്നറിയാമോ?

മലാഖയാ! ഇവിടെയാണടിസ്ഥാനമിടേണ്ടത്."

ചുറ്റും നിന്നവർക്കൊന്നും മനസ്സിലായില്ല. സ്വപ്നനിർദ്ദേശം അമ്മ വ്യക്തമാക്കി. അതു കേട്ടു വിനയത്തോടെ അവർ ദൈവത്തെ സ്തുതിച്ചു. അനുനിമിഷം വഴികാട്ടി നടത്തുന്ന ജീവനുള്ള ദൈവത്തെ.

വിതയത്തിലച്ചൻ ആ ഭാഗം നന്നായി നിരീക്ഷിച്ചു. പൊതുവഴിയുടെ കിഴിക്കുഭാഗത്താണത്. മഠവും പള്ളിയും പണിയാൻ അനുയോജ്യ സ്ഥാനം തന്നെ.

"എല്ലാം ദൈവനിശ്ചയം പോലെ നടക്കട്ടെ" വിതയത്തിലച്ചൻ ശരിവച്ചു. വയസ്സനായ അമ്പൂക്കനെച്ചൻ അതു കേട്ട് ചെറുചിരിയോടെ പറഞ്ഞു.

"അങ്ങനെ നമ്മുടെ വിതയത്തിലച്ചൻ ഒരു വാസ്തുനിർമ്മാണ പുരോഹിതനായിത്തീരുകയാണ്. കൂടെ നിന്നവരും ചിരിച്ചു. അപ്പറഞ്ഞതിൽ കാര്യമുണ്ട്. ഗംഭീരമായൊരു ദേവാലയം പുത്തൻചിറയിൽ അദ്ദേഹം പടുത്തുയർത്തി. അതിനടുത്തുതന്നെ പ്രൗഢമായൊരു ഇരുനിലമഠവും തീർത്തു. ഇനി ഈ കുഴിക്കാട്ടുശ്ശേരിയിലും വലിയൊരു മഠവും പള്ളിയും മണിമേടയും പണിയാൻ നിയുക്തനായിരിക്കുന്നു.

ഇതു വലിയൊരു ത്യാഗകർമ്മം തന്നെ. പണത്തിന്റെ ഞെരുക്കം അതിരൂക്ഷമാണ്. അതിനാൽ പണിതീരാൻ വളരെക്കാലം വേണ്ടിവരും. അത്രയും നാൾ പുത്തൻ ചിറയിൽ നിന്നും ഇത്രദൂരത്തിൽ നടന്നുവരണം. പണിക്കാരുടെ കൂടെനിന്ന് അപ്പപ്പോൾ അവശ്യനിർദ്ദേശങ്ങൾ നൽകണം. അന്തിയിൽ അവർക്കു കൂലികൊടുക്കണം. ആയിരക്കണക്കിന് അംഗങ്ങളുള്ള പുത്തൻചിറപ്പള്ളിയിലെ ആത്മീയ പ്രവർത്തനങ്ങൾക്കിടയിലാണ് ഇവയും നടക്കേണ്ടത്. ചുരുക്കത്തിൽ എല്ലുനുറുങ്ങിയുള്ള ജീവിതം. എങ്കിലും അമ്പത്തിമൂന്നാം വയസ്സിലും ഈ നിർമ്മാണ ഭാരം കൂടി ചുമക്കാൻ അച്ചനു പ്രയാസമില്ല. കാരണം തിരുക്കുടുംബത്തിന്റെ സ്ഥാപകയോടൊപ്പം സഹസ്ഥാപകനായ താനും കഷ്ടപ്പെടുകതന്നെ വേണം. അപൂർവ്വവും വിശിഷ്ടതമവുമായ ഒരു ചന്ദ

www.malankaralibrary.com

www.malankaralibrary.com

നതൈയാണിത്. വളവും വെള്ളവും പരിചരണവും ഈ ശൈശവദശയിൽ അതിനനിവാര്യമാണ്. അതിനാൽ ദിവസങ്ങൾക്കുള്ളിൽ കെട്ടിട സമുച്ചയത്തിന്റെ പദ്ധതി കടലാസ്സിൽ മെനഞ്ഞു.

അത്ഭുതം അതല്ല, ആരോഗ്യം കുറവായിട്ടുപോലും മേനാച്ചേരി തിരുമേനി തൃശ്ശൂരിൽ നിന്നും ഇവിടെത്തി. 1917 സെപ്തംബർ രണ്ടാം തിയതിയിൽ മാലാഖകൊത്തിക്കിളച്ച സ്ഥാനം കേന്ദ്രമാകത്തക്കവിധം അവിടെത്തന്നെ അദ്ദേഹം കുരിശുമുദ്ര ആലേഖനം ചെയ്ത ചതുരക്കരിങ്കല്ല് പ്രാർത്ഥനാപൂർവ്വം താഴ്ത്തിവച്ച് ശിലാസ്ഥാപനം നടത്തി.

ക്ഷാമകാലമാണ്. ആദ്യലോകമഹായുദ്ധം കെട്ടടങ്ങിയിട്ടില്ല. തൃശ്ശൂരിലെ ചിട്ടിക്കാരൻ തുക തരാമെന്നേറ്റിട്ടുണ്ട്. പക്ഷേ, കുറി വീഴേണ്ടേ? അതിനാൽ ഇരക്കാവുന്നിടത്തോളം ഇരന്നു. ഇരവാകുംവരെ അമ്മ സ്വയം പണിചെയ്തു. രാവിലെ പള്ളിയിൽ നിന്നും ഒരു കന്യാസ്ത്രീയുമായി നേരെ കുഴിക്കാട്ടുശ്ശേരിയിലേക്കാവും അമ്മയുടെ പ്രയാണം. രണ്ടുമൈൽ ദൂരമുണ്ട്. ഇരുപുറവും കാടുപിടിച്ച വീതികുറഞ്ഞ മൺവഴി. മഴക്കാലത്ത് ചെളിയുടെ വഴുക്കലിൽ പലതവണ തെറ്റിവീണു. പെരുമഴയിൽ വാഴയില ചൂടി നടന്നു. ഒൻപതു മണിയെങ്കിലുമാകും. പറമ്പിലെത്തുമ്പോൾ പണിക്കാരും അപ്പോൾ എത്തുന്നതേയുണ്ടാവുകയുള്ളു. പറമ്പിലെ കാടുമുഴുവൻ ചെത്തി വൃത്തിയാക്കാൻ ചേരിനിവാസികളുണ്ട്. പാഴ്മരങ്ങൾ വെട്ടിത്തെളിച്ചപ്പോൾ പറമ്പു പ്രകാശിതമായി.

അവിടെചെന്നാലുടൻ കുപ്പായക്കൈ രണ്ടും തെല്ലുതെറുത്തുകയറ്റി അമ്മയും വേലയിൽ മുഴുകും. കൈപ്പത്തികളിലെ ക്ഷതങ്ങൾ മറയത്തക്കവിധം അധികം നീളമുള്ള കുപ്പായ കൈകളാണ്. ഈ അവസരം നോക്കി പലരും മുറിവുകൾ കാണാൻ അടുത്തുകൂടും. പക്ഷേ, പരഹൃദയജ്ഞാനിയാണമ്മ! അതിനാൽ ഉടൻ കൈപ്പത്തികൾ ചുരുട്ടുകയോ കുപ്പായകൈകൾ വേഗം വലിച്ചു താഴ്ത്തുകയോ ഇരുവശവുമുള്ള കുപ്പായക്കീശകളിൽ കരങ്ങൾ പൂഴ്ത്തുകയോ ചെയ്തുകളയും.

അങ്ങനെ അന്നും ചൂലുമായി പറമ്പിലിറങ്ങി. കാൽമുട്ടുവരെ ആഴ്ന്നുപോകത്തക്കകനത്തിൽ കരിയില പൊഴിഞ്ഞുകിടക്കുന്നു ഒരു മൂലയിൽ അതു തൂത്തുകൂട്ടി അയൽപ്പക്കത്തുനിന്നും പകർന്നെടുത്ത തീക്കനലുകൾ കരിയിലക്കൂനയുടെ നടുവിൽ പൂഴ്ത്തി. കുറെനേരം പുകഞ്ഞുനിന്നു. അമ്മ കുനിഞ്ഞുനിന്നൂതി. ഝടുതിയിലാണതു സംഭവിച്ചത്. തീ ആളിയുയർന്നു! കുനിഞ്ഞു നിന്ന അമ്മയുടെ മുഖത്ത് ജ്വാല ആഞ്ഞടിച്ചു. ഒരു വശം പൊള്ളിപ്പോയി. അമ്മ പുറകോട്ടു വീണു. കണ്ടുനി



ന്നവർ ഓടിക്കൂടി. അടുത്ത വീട്ടിൽ കൊണ്ടുപോയി പുൽപ്പായയിൽ കിടത്തി.

ദേഹം പൊള്ളി വിരൂപമായാലെന്ത്? ദൈവപുത്രനായ അരചന്റെ മുമ്പിൽ അഴകുറ്റവളാകാനുള്ള ഒരുക്കത്തിലാണവൾ. ഇക്കാര്യത്തിൽ മാത്രമാണു മാത്സര്യം. സ്വയംവരപ്പന്തലാണീ ഉലകം! ഒരുങ്ങാനുള്ള അണിയറയും.

കാപ്പിപോലും കഴിക്കാതെയാണീ പണിയെടുക്കൽ! ഇതറിയാവുന്നവരാണു കുഴിക്കാട്ടുശ്ശേരി വാസികൾ. അമ്മയുടെ കരുണാർദ്ര സാമീപ്യം അവർക്കനുഗ്രഹമാണ്. പുതിയ മഠം വരുന്നതോടെ ആ നാടുണരുമെന്നാണവരുടെ പ്രതീക്ഷ. പുത്തൻചിറ ദേശസ്ഥർക്കു കിട്ടിപ്പോന്ന അനുഗ്രഹക്കുളിർമഴ ഈ നാട്ടിലും പെയ്യുമെന്നാണവരുടെ പ്രത്യാശ. അതിനാൽ അവരും അമ്മയ്ക്കൊപ്പം പാടുപെടുന്നുണ്ട്.; പ്രതിഫലേച്ഛയില്ലാതെ തന്നെ. പട്ടിണിയോടെത്തുന്ന അമ്മയ്ക്കു മുമ്പിൽ അവർ ഭക്ഷണവുമായി എത്തും. കപ്പയും കാച്ചിലും, ചേമ്പും ചേനയും ചെത്തിപുഴുങ്ങിയതാവാം ചിലപ്പോൾ. കാട്ടുമുളയുടെ അരി ഉരലിൽ കുത്തി തൊലികളഞ്ഞ് തേനിൽ കുഴച്ച് മുളങ്കുറ്റിയിൽ നിറച്ച് കനലിൽ ചുട്ടെടുക്കുന്ന സ്വാദേറിയ പുട്ടാവാം ചിലപ്പോൾ. തണുത്ത ഒന്നാന്തരം പഴങ്കഞ്ഞിയും ചമ്മന്തിയും കിട്ടിയ ദിവസങ്ങളുമുണ്ട്, പക്ഷേ, എന്തുകിട്ടിയാലും അമ്മ അതു ആദ്യം കഴിക്കില്ല. ചിന്ത എപ്പോഴും മറ്റുള്ളവരെ പറ്റിയാണ്. കിട്ടുന്നതുമായി ഉടൻ പണിക്കാരുടെ പക്കലെത്തും. അവർക്കതു പങ്കിടും. ശേഷിക്കുന്ന അവസാന തരി മാത്രം. അമ്മ രുചിക്കും.

ആത്മതാതനും വിശ്രമിച്ചില്ല. തന്റെ ജ്ഞാനമകൾ എരിയുന്ന പൊരിവെയിലിലും കോരിച്ചൊരിയുന്ന പേമാരിയിലും വിശക്കുന്ന വയറുമായി പാടുപെടുകയാണ്. പള്ളിയും മണിഗോപുരവും അടങ്ങുന്ന ശില്പസമുച്ചയം അദ്ദേഹം സ്വയം വരച്ചു. മണിഗോപുരം കരിങ്കൽ തറമേൽ മേലോട്ടുയരുകയാണ്. അസാധാരണ വലിപ്പത്തിൽ വളരെ ഉയരത്തിലേക്കതു നിവർന്നുനിൽക്കുകയാണ്.

അതിന്റെ ഗാംഭീര്യവും തലയെടുപ്പും കണ്ട് പലരും അന്തം വിട്ട് വിതയത്തിലച്ചനോടാരാഞ്ഞു.

“ഈ കാട്ടുപ്രദേശത്ത് ഇത്ര വലിയൊരു മണിമേട എന്തിനാണച്ചോ. നമ്മുടെ പുത്തൻചിറ വലിയപള്ളിക്കുപോലുമില്ലല്ലോ ഇത്ര വലിപ്പത്തിലുള്ള മണിമേട!

www.malankaralibrary.com

www.malankaralibrary.com



വിദൂരതയിലേക്കു മിഴികൾ പായിച്ച് ആഴമായ ആലോചനയോടെ പ്രവചനാത്മകവചസ്സുകൾ അദ്ദേഹത്തിൽ നിന്നുണർന്നു.

“ഈ മണിമേടയുടെ മുകളിൽ നിന്നുയരുന്ന മണിനാദം ഈ നാട്ടുകാർക്കോ അയൽ നാട്ടുകാർക്കോ മാത്രം കേട്ടാൽ പോരാ; അതിവിദൂരതകളിലേക്ക് അതിന്റെ മുഴക്കം പ്രതിദ്ധ്വനിക്കണം. ഉറക്കത്തിൽ നിന്നൊരു മഹാജനതയെ അതു വിളിച്ചുണർത്തണം.”

അങ്ങനെ പണി കട്ടിളപ്പടിവരെയെത്തി. ഇനി തുടരാനാവില്ല. പണത്തിന് യാതൊരു വഴിയുമില്ല. പ്രതീക്ഷകളുടെ പല വാതിലുകളും അടഞ്ഞു പോയിരിക്കുന്നു. അതു തുറക്കാൻ ഒരിക്കലും തുരുമ്പിക്കാത്ത പ്രാർത്ഥനയുടെ താക്കോൽ അവൾക്കുണ്ട്. മരുഭൂമിയിലകപ്പെട്ടാലും കാക്കളുടെ ചുണ്ടിൽ വച്ച് അപ്പം കൊടുത്തുവിടുന്ന സർവ്വാധിപനായ ദൈവമാണാ താക്കോൽ അവൾക്കു നൽകിയത്. അവൾ നിരന്തരം അതുപയോഗിച്ചുകൊണ്ടിരുന്നു. അങ്ങനാ മണിവാതിൽ തുറക്കാറായി. വിളങ്ങാടൻ ചാക്കോച്ചനാണതിനു കാരണക്കാരൻ. കൊച്ചി മഹാരാജാവിന്റെ കാര്യസ്ഥനാണദ്ദേഹം.

“അമ്മയെപ്പറ്റി വളരെയേറെ ഞാൻ കേട്ടിട്ടുണ്ട്. ഒന്നുകണ്ട്, അനുഗ്രഹം വാങ്ങാൻ വന്നതാ. അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ അറിയാനൊത്തല്ലോ. അമ്മ ഒരു കാര്യം ചെയ്താട്ടെ. താമസിയാതെ കൊട്ടാരത്തിലേക്കു വരു. രാജാവിനോടു ഞാനിവിടുത്തെ കാര്യങ്ങളൊക്കെ ഉണർത്തിക്കാം. മഹാരാജാവ് വലിയ ഉദാരമതിയാണ്. സഹായിക്കും. തീർച്ച”. ചാക്കോച്ചൻ പറഞ്ഞു. അമ്മ അതനുസരിച്ചു യാത്രയിൽ മർഗരീത്താ സഹോദരിയേയും കൂട്ടി കാളവണ്ടിയിൽ തൃപ്പൂണിത്തുറയിലേക്കു നീങ്ങി. കൊച്ചമാഹരാജാവിന്റെ കൊട്ടാരം അവിടെയാണ്.

ഒരു കണക്കിൽ മൂന്നുരാജ്യങ്ങളുടേയും സംഗമ ബിന്ദുവാണ്. പുത്തൻചിറഗ്രാമം. കോഴിക്കോട്ടു സാമൂതിരിക്കും തിരുവിതാംകൂർ കൊച്ചി എന്നീ രാജ്യങ്ങളിലെ അധിപൻമാർക്കും വളരെ പരിചിതമാണ് പുത്തൻചിറ. വളരെ പണ്ട് ഈ നാട് കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ അധീനതയിലായിരുന്നു. അതായത് കോഴിക്കോട്ടു സാമൂതിരിയുടെ സർവ്വാധിപത്യത്തിൻ കീഴിൽ.

എന്നാൽ 18-ാം നൂറ്റാണ്ടിൽ സാമൂതിരിയിൽ നിന്നും പുത്തൻചിറയെ കൊച്ചിരാജാവ് കൈക്കലാക്കി. ശക്തനായ സാമൂതിരി അടങ്ങിയിക്കുമോ1 ഉടൻ കൊച്ചിയുടെ മേൽയുദ്ധസന്നാഹങ്ങളോടെ ചാടിവീണു. സാമൂതിരിയുടെ ആക്രമണകരുത്തിനെ എതിരിടാനുള്ള ബലം ഒറ്റയ്ക്കില്ലെന്നു കൊച്ചിരാജാവിനറിയാം. അതിനാലൊരുപായം



തോന്നി. തിരുവിതാംകൂർ മഹാരാജാവിന്റെ സഹായം അഭ്യർത്ഥിക്കാം. രാമവർമ്മയാണ് അന്ന് തിരുവിതാംകൂർ മഹാരാജാവ്. അങ്ങനെ തിരുവിതാംകൂറും കൊച്ചിയും ഒറ്റക്കെട്ടായി നിന്ന് സാമൂതിരിയെ തുരത്തി. കൊച്ചി രാജാവ് വിജയനൃത്തം ചവിട്ടി. സഹായിച്ചതിന് തിരുവിതാംകൂറിനോട് പ്രിതനന്ദികാട്ടാനദ്ദേഹം ഉത്സാഹിച്ചു. അമൂല്യവും ആകർഷണീയവുമായൊരു പാരിതോഷികം കൊടുക്കാനാശിച്ചു. ഇരുരാജ്യങ്ങളുടെയും അതിർമണ്ണും വളക്കൂറിന്റെ ഹരിതത്തഴപ്പാർന്ന അനുഗൃഹീത ഗ്രാമവുമായ പുത്തൻചിറയെ സമ്മാനമായി വച്ചുനീട്ടി. അങ്ങനെ കൊച്ചി രാജ്യത്താൽ ചുറ്റപ്പെട്ട കിടക്കുന്ന ഒരേയൊരു ഗ്രാമമായി പുത്തൻചിറ മാറിക്കഴിഞ്ഞു. അന്നുമുതൽ പുത്തൻചിറയുടെ കരവും തീരുവയും പിരിച്ചെടുക്കുന്നത് തിരുവിതാംകൂർ മഹാരാജാവ്. അതോടെ ഒരു വിലക്കും വന്നു. ‘തിരുവിതാംകൂർ രാജ്യത്തിൽപ്പെട്ടവർ കൊച്ചിരാജ്യത്തിൽ കടന്നുപോകരുത്.

ഈ നിയമമാണിവിടെ തിരുത്തിക്കുറിക്കപ്പെടുന്നത്. കുഴിക്കാട്ടുശ്ശേരിയിലേക്കുള്ള പ്രയാണം. ഈ നിരോധനത്തിന്റെ അറിഞ്ഞോ അറിയാതെയോ ഉള്ള ലംഘനമായിരുന്നു. എങ്കിലും ആ മാലാഖയുടെ ഗതിവേഗങ്ങളിൽ വിലക്കുകളെല്ലാം അഴിച്ചുമാറ്റപ്പെട്ടിരുന്നു. അതിനാൽ തൃപ്പൂണിത്തുറയിലേക്കുള്ള ഈ യാത്രയും വിഘ്നരഹിതം തന്നെ.

കോവിലകത്തിന്റെ കൂറ്റൻ പ്രവേശന ദ്വാരത്തിൽ കാളവണ്ടി നിന്നു. വണ്ടിയുടെ പിൻവാതിലിലൂടെ പുറത്തേക്കിറങ്ങിയ അമ്മയെക്കണ്ട് തലപ്പാവുവച്ച പാറാവുകാർ കാര്യമാരാഞ്ഞു.

“മഹാരാജാവിനെ ഒന്നുമുഖം കാണിക്കണം

അതുകേട്ട് പാറാവുകാരുടെ മുഖം മങ്ങി. അവൻ ദുഃഖത്തോടെ ആ വാർത്ത അറിയിച്ചു.

“അയ്യോ! അതിനുകഴിയുമെന്നു തോന്നുന്നില്ല. തിരുമേനിക്ക് ദീനം കൂടുതലാണ്.”

“ദീനമോ! എന്തു ദീനം? എന്നിട്ട് വിളങ്ങോടൻ ചാക്കോച്ചൻ ഇക്കാര്യം പറഞ്ഞില്ലല്ലോ.

“ഓഹാ! കാര്യസ്ഥന്റെ പരിചയക്കാരാണോ! എങ്കിൽ പൂമുഖത്തേക്കു ചെല്ലുക.

“തമ്പുരാന്റെ ദീനം എന്താണെന്നു പറഞ്ഞില്ലല്ലോ” അമ്മ തിരക്കിയ ആ അരമനരഹസ്യം ദ്വാരപാലകൻ പതിഞ്ഞ സ്വരത്തിൽ അറിയിച്ചു.

“രാജകുരുവാണ്.

www.malankaralibrary.com

www.malankaralibrary.com



അതുവന്നാൽ ഇരിക്കാനോ കിടക്കാനോ പ്രയാസം, പുളയുന്ന വേദനയുണ്ടാവും

കാവൽക്കാർ തുറുന്നുകൊടുത്ത വാതിലിലൂടെ അമ്മയും മർഗ്ഗരീത്തായും കൊട്ടാരമുറ്റത്തെത്തി. സേവകർ വേഗം മുന്നോട്ടാഞ്ഞ് കൊട്ടാരത്തിനുള്ളിലെത്തി വിവരമറിയിച്ചു.

അകത്തുനിന്നും ആഢ്യയായ മദ്ധ്യവയ്സ്ക ഇറങ്ങിവന്നു.

"മഹാറാണിയാണ്"! കാവൽക്കാർ അമ്മയുടെ കാതിൽ അടക്കം പറഞ്ഞ് വേഗം അവർ പ്രവേശന വാതിലിൽ കുന്തവും പിടിച്ചു നില്പായി.

"വന്നിരിക്കൂ". മണി മുഴങ്ങുംപോലുള്ള രാജ്ഞീസ്വരം, പക്ഷേ, അവരുടെ മുഖം ദുഃഖാകുലം.

അമ്മ സ്വയം പരിചയപ്പെടുത്തി. അപ്പോഴേക്കും വിളങ്ങോടാൻ ചാക്കോച്ചനും വേഗമെത്തി. അദ്ദേഹവും വിഷണ്ണനായി പറഞ്ഞു.

"ഞാൻ നാട്ടിൽ നിന്നും ഇന്നാണിവിടെ മടങ്ങിവന്നത് അപ്പോഴാണ് മഹാരാജാവിന്റെ സ്ഥിതി അറിഞ്ഞത് വളരെ കുടുതലാണ്."

"മരുന്നുകൊടുക്കുന്നില്ലേ?

"ഒക്കെ ഉണ്ട് പക്ഷേ, യാതൊരു വിശേഷവുമില്ല. കൊട്ടാരം വൈദ്യൻ ഇവിടെയുള്ള അപൂർവ്വതാളിയോലകളിലെ ഭിഷഗ്വരവിധികളൊക്കെ പരീക്ഷിച്ചു നോക്കി. ഫലമൊന്നും കാണുന്നില്ല. പേരുകേട്ട പല വൈദ്യന്മാരും കൈയൊഴിഞ്ഞു തിരിച്ചുപോയി. ഇനി ഇങ്ങനെ കുറച്ചുകാലം കിടന്ന്......"

അതു മുഴുമിക്കും മുമ്പ് തമ്പുരാട്ടി വിങ്ങിപ്പൊട്ടി. അവരുടെ അഞ്ജനമിഴികൾ രണ്ടുനീലത്തടാകങ്ങളായി. ചുണ്ടുകൾ ദുഃഖത്താൽ വിറപൂണ്ടു.

അമ്മ ഇരിപ്പിടം വിട്ടെഴുന്നേറ്റു. മിഴികളടച്ച് ഒരു നിമിഷം പ്രാർത്ഥിച്ചു. മരിച്ച സുഹൃത്തിന്റെ അഴുകിയ ദേഹത്തിൽ പ്രാണൻ തിരികെക്കൊടുത്ത് പുനർജ്ജീവിപ്പിച്ച ഈശോയിൽ സമന്വയിക്കപ്പെട്ട പ്രാർത്ഥന.

തീവ്രമായൊരു ഉൾപ്രേരണയുടെ തിരത്തള്ളലായിരുന്നു ആത്മാവിൽ. സ്ഫടികം പോലെ മിനുത്ത പടികൾ ചവുട്ടി അമ്മ മുറ്റത്തേക്കിറങ്ങി. അങ്കണത്തിനപ്പുറത്തുള്ള തൊടിയിലാകെ മിഴികൾ പരതി. ഒന്നുരണ്ടു ചെടികളിൽ നോട്ടം തറച്ചു. ഓടിച്ചെന്ന് അതിന്റെ തളിരിലകൾ



പറിച്ചു. ഈശോ, മറിയം, ഔസേപ്പേ എന്ന മന്ത്രാക്ഷരങ്ങളുടെ ലോലസ്വരധാരയോടെ അവ ഉള്ളംകയ്യിലിട്ടു തിരുമ്മിക്കൊണ്ടിരുന്നു. മർദ്ദനത്തിൽ ഉൾക്കരത്തിലെ ക്ഷതവൃത്തത്തിൽ നിന്നു നിണബിന്ദുക്കൾ ഉറവയെടുത്തു. പച്ചിലയിൽ നിന്നൂറിവന്ന ചാറിൽ അതു ശോണഛവി കലർത്തി. കൈക്കുടന്നയിലെ ഇലച്ചാറുമായി അമ്മ വേഗം രാജ്ഞിത്തമ്പുരാട്ടിയുടെ പക്കൽ തിരിച്ചെത്തി.

"ഇതൊരു പാത്രത്തിലെടുത്ത് ആ കുരുവിൽ ഒന്നു പുരട്ടുക."

പ്രഖ്യാത ഭിഷഗ്വരന്മാർ തോറ്റു പിന്മാറിയ സ്ഥാനത്താണ്, അതിലളിതമായ ഈ പച്ചിലപ്രയോഗം. എങ്കിലും കുരിശുരൂപം കഴുത്തിലണിഞ്ഞ കന്യാസ്ത്രീയമ്മയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ അവർ കീഴടങ്ങുക തന്നെ ചെയ്തു.

രാജ്ഞിയും വിളങ്ങോടനും പാത്രത്തിൽ പകർന്ന പച്ചിലച്ചാറുമായി ഉൾമുറിയിലേക്കു വലിഞ്ഞു.

അമ്മയും സോദരിയും വേഗം പുറത്തേക്കും.

കാര്യം സാധിക്കാത്തതിൽ അമ്മയ്ക്ക് ഇച്ഛാഭംഗം തീരെയില്ല. കല്ലും കുഴിയും നിറഞ്ഞ ദുർഘടവഴിയിലൂടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ദീർഘയാത്രകളോർത്തു പരിതപിച്ചുമില്ല. അതും ദൈവേഷ്ടമെന്നു തന്നെ കരുതി. അങ്ങനെ മഠത്തിൽ തിരിച്ചെത്തി.

ദിനങ്ങൾ അധികമായില്ല.

ആറേഴു മുട്ടാളന്മാർ രാജപല്ലക്കുമായി പുത്തൻചിറ മഠത്തിലെത്തി. കുതിരപ്പുറത്ത് ഒരുരാജഭൃത്യനും വന്ന ഉടൻ ഭൃത്യൻ അറിയിച്ചു.

"ഇവിടെ നിന്നും ഒരമ്മ കഴിഞ്ഞാഴ്ചയിൽ തൃപ്പൂണിത്തുറ കൊട്ടാരത്തിൽ വന്നിരുന്നല്ലോ. ആ അമ്മയെ ഉടൻ കാണണമെന്ന് മഹാരാജാവു കല്പിച്ചിരിക്കുന്നു. കൊണ്ടുചെല്ലാൻ പല്ലക്കും അയച്ചിട്ടുണ്ട്.

"എന്താ!.... എന്താ? മഠത്തിലെ അന്തേവാസികൾ സംഭ്രമത്തോടെ തെരക്കി.


പക്ഷേ, അമ്മ യാതൊന്നും ആരാഞ്ഞില്ല. വേല ചെയ്തു മുഷിഞ്ഞ കുപ്പായം മാറ്റി വേഗം വന്നു പല്ലക്കിലേറി. എന്തുണ്ടായെന്ന് പരഹൃദയജ്ഞാനിയായ അമ്മയ്ക്കറിയാം. സ്ഥലകലാങ്ങൾക്കതീതമായി കടന്നുചെന്നു ഗ്രഹിക്കുന്ന ബോധജ്ഞാനമാണ്. അരുതാത്തൊന്നും സംഭവിക്കില്ലെന്ന് അതിനാൽ ഉറപ്പുണ്ട്.

അങ്ങനെ ഒരാഴ്ചയ്ക്കുള്ളിൽ രണ്ടാം തവണയും കൊട്ടാരത്തിലെത്തി.

www.malankaralibrary.com

www.malankaralibrary.com





കുഴിക്കാട്ടുശ്ശേരി മഠം

തച്ചുവേലയുടെ നിപുണത തുടിച്ച പൂമുഖത്തു തന്നെ ഒരാഢ്യൻ മുറുക്കിച്ചുവന്ന ചുണ്ടുകളുമായി കരിവീട്ടിയുടെ ഗംഭീരാസനത്തിൽ സുഖമായി അങ്ങനമരുന്നു. മധുരമായ ഒരു കർണ്ണാടക രാഗത്തിന്റെ ശ്രുതി ആ ചുണ്ടുകളിൽ കിനിയുണ്ടുന്നുണ്ടായിരുന്നു. അതിന്റെ മധുരമുണ്ട് തല ആട്ടി സിംഹാസനക്കയ്യിൽ വിരൽത്താളമിട്ട് ഇരിക്കുമ്പോഴായിരുന്നു പ്രതീക്ഷയോടെ കാത്തിരുന്ന സന്യാസിനിയുടെ വരവ്.

ഭവ്യതയോടെ പടികൾ ചവുട്ടി സ്വീകരണാലയത്തിലേക്ക് ആനയിക്കപ്പെട്ട ആ ത്യാഗിനിയുടെ മുമ്പിൽ കരംകൂപ്പി നമിച്ചു. കൊട്ടാരാവാസികൾ സകലരും അക്കാഴ്ചയിൽ അമ്പരന്നുനിന്നു. ഒരു പ്രജയുടെ മുമ്പിൽ മഹാരാജവെഴുന്നേൽക്കുകയോ! കൂപ്പുകയ്യോടെ വന്ദിക്കുകയോ!! അവർ ആശ്ചര്യം കൂറി.

മുഖവുര കൂടാതെ രാജാവു കല്പിച്ചു.

"അമ്മേ, അങ്ങാണു നമ്മുടെ പ്രാണൻ കാത്തത്. സകല വൈദ്യന്മാരും കയ്യൊഴിഞ്ഞ നമ്മുടെ ദീനം ഭേദമാക്കിയത് അമ്മയാണ്"

"ഞാനല്ല തിരുമേനി. ഈ കുരിശിൽ തുങ്ങപ്പെട്ടുകിടക്കുന്ന ദൈവമാണ്", കഴുത്തിലണിഞ്ഞ മാലയിലെ കുരിശുയർത്തി അമ്മ പറഞ്ഞു

"അമ്മയെപ്പറ്റിയും അവിടുത്തെ പ്രവർത്തനങ്ങെപ്പറ്റിയും നമ്മുടെ



കാര്യസ്ഥനിൽ നിന്നും ധാരാളം നാം കേട്ടു. ഇപ്പോൾ നമ്മുടെ രാജ്യാതിർത്തിയായ കുഴിക്കാട്ടുശ്ശേരിയിൽ കെട്ടിടങ്ങൾ പണിയുന്നതായും അറിഞ്ഞു. അതിന്റെ പണി, പണമില്ലാത്തതിനാൽ നിർത്തിവച്ചതായി കേട്ടല്ലോ."

"അതെ, തിരുമേനി. കെട്ടിടപ്പണി കട്ടിളപ്പടി വരെ മാത്രമേ എത്തിയിട്ടുള്ളു. ഇനി മച്ചിനും കതകിനും ജനലിനുമൊക്കെയായി തടി ധാരാളം വേണം. ആ പറമ്പിൽ പാഴ്മരങ്ങൾ മാത്രമേയുള്ളു. ഈ സ്ഥിതിയിൽ സഹായം അപേക്ഷിക്കാനാണ്. കഴിഞ്ഞാഴ്ചയിൽ ഇവിടെ ഞങ്ങൾ വന്നത്. അപ്പോൾ... തിരുമേനി....

"അതെ, നാം അപ്പോൾ എല്ലാ ആശയും നശിച്ച് മരണാസന്നനായി കിടക്കുകയായിരുന്നു. ആ മരുന്നു പുരട്ടിയ നിമിഷം മുതൽ നീറ്റൽ കുറഞ്ഞു. പിറ്റേന്നായപ്പോഴേക്കും വ്രണം വാടിത്തുടങ്ങി. ഇപ്പോൾ നിശേഷം കരിഞ്ഞു!

അവിടെ നിന്ന സകലരുടേയും ദൃഷ്ടികൾ ദിവ്യാവതാരത്തിൽ ആദരവോടെ തറച്ചുനിന്നു. തെല്ലുമൗനത്തിനുശേഷം കാര്യസ്ഥൻ ചാക്കോച്ചനെ നോക്കി രാജാവു തുടർന്നു.

"മൂപ്പൊത്ത ഒന്നാന്തരം തേക്കുമരങ്ങൾ കൊട്ടാരവളപ്പിൽ തന്നെയുണ്ടല്ലോ. ആവശ്യംപോലെ അതുമുറിച്ച് പുത്തൻ ചിറക്കടവിൽ അടുക്കത്തക്കവിധം ചങ്ങാടത്തിൽ അയച്ചുകൊടുക്കണം."

എന്തോ കണക്കുകൾകൂട്ടി രാജാവു വീണ്ടും പറഞ്ഞു,

"ചാക്കോച്ചാ, ആ കെട്ടിടം നിങ്ങൾ കണ്ടതാണല്ലോ. എത്ര കണ്ടി തടിയുണ്ടെങ്കിൽ ആ പണി പൂർത്തീകരിക്കാം? ചാക്കോച്ചൻ ആലോചിച്ചു പറഞ്ഞു.

ഒരു എൺപതു കണ്ടി തടിയുണ്ടെങ്കിൽ തീർന്നേക്കാം

എങ്കിൽ അത്രയും ഉടൻ മുറിച്ചയക്കണം.

അമ്മയുടെ ആത്മാവു ദൈവത്തിൽ ആനന്ദിച്ചു. ഈ ദാസിയുടെ താഴ്മയെ തൃക്കൺപാർക്കുന്ന ദൈവത്തിന്റെ കരുത്തുറ്റ കരങ്ങളിൽ അവൾ ആത്മാവിനെ സമർപ്പിച്ചു. അനുദിനം വലിയ കാര്യങ്ങൾക്കായി തന്നെ നിയുക്തയാക്കുന്ന പരമപിതാവിന്റെ മുമ്പിലുള്ള സമ്പൂർണ്ണ സമർപ്പണം.

www.malankaralibrary.com

www.malankaralibrary.com

# മുപ്പത്തൊന്ന്

നിശ്ശബ്ദമായ ധ്യാനയാമം. വേനൽത്തീയിൽ പക്ഷമൊ തൂക്കി പക്ഷികൾ പോലും വൃക്ഷക്കൊമ്പുകളിൽ പാട്ടുമറന്നമരുന്ന മദ്ധ്യാഹ്നം. ആത്മാവുചുട്ടുപഴുത്തെരിയുകയാണ്. ഉള്ളിന്റെ ആഴത്തിലേക്ക് ഉൾക്കണ്ണുകളയ്ക്കുന്ന അതീന്ദ്രീയാനുഭവം. യോഗിനിയുടെ ആത്മാവിൽ പുതിയൊരു ദർശനലോകം തുറക്കപ്പെടുകയാണ്. കണ്ണീരിലിട്ട് തന്റെ ആത്മാവിനെ ചവിട്ടിക്കുഴയ്ക്കുകയാണ്. സഹനത്തിന്റെ തീച്ചൂളയിലെറിഞ്ഞ് ചുട്ടെടുക്കുവാൻ വേദനയുടെ അഗ്നികുണ്ഠത്തിലേക്കെറിയപ്പെട്ട ഹോമദ്രവ്യമായി അമ്മ മാറുകയാണ്.

ധ്യാനമാതാവിന്റെ അരികിൽ ഒരു നവസന്ന്യാസാർത്ഥിനിയുമുണ്ട്. അവൾ മറ്റ് അർത്ഥിനികളിൽ നിന്നും വ്യത്യസ്ത. ഏകാഗ്രത തീരെയില്ലാത്തവൾ. സ്വസ്ഥതയറിയാത്ത മരഞ്ചാടിയെപ്പോലെയാണുള്ളം എത്ര ശ്രമിച്ചിട്ടും ചിന്തയെ നാരായവേരുപോലെ ഏകാഗ്രമാക്കി ധ്യാനവിഷയങ്ങളിലേക്കാഴ്ത്താൻ അവൾക്കു കെല്പില്ല. വല്ലാത്ത ചാഞ്ചാട്ട ഹൃദയം. എന്നാൽ ഇവൾക്കു മഠത്തിൽ ചേരണം. കന്യാസ്ത്രീയാകണം. ഇങ്ങനൊരുത്തി എങ്ങനെ കന്യാസ്ത്രീയാകും! അവളുടെ നിർബന്ധത്തിലാണ് വീട്ടുകാർ അവളെയും കൂട്ടി മഠത്തിലെത്തിയത്. അമ്മയുടെ കരങ്ങളിൽ സാധുവായ അവളെ ഏൽപ്പിച്ചു പറഞ്ഞു.

"ഇവളൊരു ചാഞ്ചാട്ടക്കാരിയാ. അതുകൊണ്ട് ഒന്നുരണ്ടു കൊല്ലം കഴിഞ്ഞിവളെ മഠത്തിൽ ചേർത്താൽ മതി. അതുവരെ ഇവളിവിടെ എന്തെങ്കിലമൊക്കെ സഹായിച്ചു കഴിഞ്ഞോളും"

പക്ഷേ, ഇവളെ ഉപേക്ഷിക്കാൻ അമ്മയ്ക്കാവില്ല. പരിമിതികൾക്കുള്ളിലാണെങ്കിലും സന്യാസം കൊതിക്കുന്ന അർത്ഥിനിയുടെ തീവ്രാഭിലാഷം അമ്മയ്ക്കറിയാം. അതിനാൽ മനസ്സിൽ ഇങ്ങനെ തീരുമാനിച്ചു.

'ഇവളെ ഉടൻ സഭയിൽ ചേർക്കണം. ഒട്ടും വൈകാതെ, ഈ ഉയിർപ്പുതിരുനാളിൽത്തന്നെ'

അതിനാൽ അവളോടുപദേശിച്ചു.

"എന്റെ മകളേ, ലോകതലങ്ങളിൽ നിന്നും ബോധത്തെ പിഴുതെടുത്ത് അതീതങ്ങളിൽ നട്ടുകൊള്ളുക. ഏകാഗ്രതയ്ക്കായി എപ്പോഴും ഒന്നുമാത്രം ദർശിക്കുക; തിരുഹൃദയം കുത്തിത്തുറന്ന കുരിശിൽ പിടയുന്ന നമ്മുടെ ഈശോയ; ആ ഹൃദരക്തം കിട്ടിയിരുന്നെങ്കിൽ ഹാ! എത്ര വലിയ സന്തോഷത്തോടെ ഞാനതു കുടിക്കുമായിരുന്നു! ഞാനീ പറയുന്നതൊന്നും വെറും ഭ്രാന്തല്ല, മോളേ; ദൈവസ്നേഹഭ്രാന്താണ്. അതേ, ദൈവസ്നേഹഭ്രാന്ത്!



ലോലസ്വരവീചികൾ പോലും മിണ്ടടങ്ങിയ ധ്യാനപരകോടിയിൽ ഒരു മൂളിപ്പാട്ടിന്റെ അലോസരതരംഗം ചെവികളിലേക്കിഴഞ്ഞെത്തി. ഏകാന്തമുറിയുടെ മുമ്പിലൂടെയുള്ള ഇടനാഴിയിൽ നിന്നാണത്. അതുവഴി കടന്നുപോയ ഒരു നവസന്യാസിനിയുടെ ചുണ്ടുകളാണതിന്റെ ഉറവിടം. അമ്മ തൽക്ഷണം കുരണ്ടി വിട്ടെഴുന്നേറ്റു. മുറിയുടെ പുറത്തു നിന്ന് പാട്ടുമൂളിയുടെ പിൻഭാഗം കണ്ടു.

"നിൽക്കൂ." അമ്മയുടെ ആജ്ഞയ്ക്ക് അപ്പോൾ അസാധാരണ ഗാംഭീര്യം. പിൻതിരിഞ്ഞുനോക്കി. അമ്മയുടെ ഗൗരവമുഖം കണ്ടു നടുങ്ങി.

"ഇവിടെ വരൂ. അടുത്ത കല്പന.

വിറയ്ക്കുന്ന കാലടികളോടെ കന്യാസ്ത്രീ അടുത്തുവന്നു. അപ്പോഴേക്കും ഗാനതരംഗിണി ആ ചുണ്ടുകളിൽ വറ്റിപ്പോയിരുന്നു.

"എന്താ അമ്മേ?" കാര്യം അറിയാതെ അവർ തെരക്കി.

"എന്തിനാ സിസ്റ്റർ മൂളപ്പാട്ടു പാടിയത്?"

"അത്..... അത്..... ഉയിർപ്പുതിരുന്നാളിൽ പള്ളിയിൽ പാടാനുള്ള സുറിയാനിപ്പാട്ടാ. ഇന്നു കാലത്തു പള്ളിയിൽ ചെന്നപ്പോൾ കുട്ടികൾ ഇതു പാടിപഠിക്കുന്നതു കേട്ടു."

രണ്ടുനേരം പ്രാർത്ഥിക്കുന്നതിനു സമമാണ് ഒരു തവണത്തെ പാട്ട്. എന്നാൽ മിണ്ടടക്കം കൂടാതെ പാട്ടുമൂളി അലസമായി നടക്കുകയെന്നു പറഞ്ഞാൽ അതൊരു കന്യാസ്ത്രീക്കു ചേർന്നതാണോ?

യാതൊന്നും പ്രതികരിക്കാതെ കുറ്റബോധത്തോടെ അവർ കുനിഞ്ഞു നിന്നു.

ശ്രേഷ്ഠത്തി ഗുണദോഷിച്ചു.

"നിശ്ശബ്ദതയും ഏകാന്തതയും ഇല്ലാതെ ദൈവവുമായി സായൂജ്യപ്പെടാൻ ഒരിക്കലും കഴിയില്ല. നാം നിശ്ശബ്ദരായാൽ മാത്രമേ ദൈവം നമ്മോടു സംസാരിക്കുകയുള്ളൂ.

www.malankaralibrary.com

www.malankaralibrary.com



ഈ വാക്കുകൾക്ക് കടുപ്പവും എരിവും രൂക്ഷം. പതിവുള്ള സാത്വികതയും ആർദ്രതയും തൽക്കാലത്തേക്ക് ഒതുക്കി വച്ചു. ആ ശാസന കേട്ട് സമീപ മുറികളിൽ നിന്നും കന്യാസ്ത്രീകൾ ഇറങ്ങി ഇടനാഴിയിൽ നിന്നു.

"എല്ലാവരും കേൾക്കാനാണിതു പറയുന്നത്" അതുകേട്ട് അവർ അമ്മയുടെ അരികിലെത്തി. മുറിയിലെ കുരണ്ടിയിൽ അമ്മ വീണ്ടുമിരുന്നു. നിലത്ത് സന്യാസിനികളും അർത്ഥിനികളും അർദ്ധവൃത്താകൃതിയിലും.

ഇങ്ങനെ കിട്ടുന്ന സന്ദർഭങ്ങളിലാണ് അമ്മയുടെ പ്രബോധനക്കളരികൾ ഉണരുന്നത്. പഠിപ്പിക്കുവാൻ ശാസ്ത്രീയമായ വിദ്യാഭ്യാസമില്ലാത്തവൾ. പഠിക്കുന്നവരോ, ഉന്നതകുലജാതകളും അഭ്യസ്തവിദ്യരും! അവരിലൊരാളാണ് തൊട്ടരികിലിരിക്കുന്ന ഒരു ധീരവനിത. സിസ്റ്റർ അൽബർത്താ എന്നാണു സന്യാസ നാമം. കുറച്ചുനാൾ മുമ്പുവരെ ഇവൾ ഇറ്റ്യാനമായിരുന്നു. തൃശ്ശൂരിലെ ഖ്യാതികേട്ട ചാക്കോ ഉത്തറവാട്ടിലെ പ്രഭുകുമാരി. കീർത്തിമാനായ ചാക്കോളാ, പൗലൂസിന്റേയും മറിയത്തിന്റേയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ പാരിജാതം. സുന്ദരിയെന്നു പറഞ്ഞാൽ പോരാ; ലാവണ്യത്തിന്റെ പൂർണ്ണകുംഭം എന്നു തന്നെ പറയണം! സ്വഭാവമഹിമയുടെ തികവും.

അവൾക്കൊരു യോഗ്യനായ വരനുണ്ടാവണം. അപ്പനും ആങ്ങളയും അതിനുത്സാഹിച്ചു. ധനവും പ്രതാപവും സമ്മേളിക്കുന്ന ഒരു യുവകോമളനിൽ അവരുടെ അന്വേഷണം ചെന്നു നിന്നു. അവൻ വന്നു. ഇറ്റ്യാനത്തെകണ്ടു. നന്നേ ബോധിച്ചു. ആശ അറിയിച്ചു.

'നാളെ തൃശ്ശൂർ ലൂർദ്ദുപള്ളിയിൽ വച്ച് മനസമ്മതം! പക്ഷേ, സമ്മതം നൽകാൻ അവൾക്കു മനസ്സില്ല. വിവാഹം അവൾ പണ്ടേ വേണ്ടെന്നു വച്ചവൾ. ഈശോ എന്ന ആത്മമണവാളനെ വരിക്കാൻ സർവ്വതും വലിച്ചെറിഞ്ഞു പായുന്ന മങ്കിടിയാൻ ക്യാസ്ത്രീയമ്മയുടെ മാതൃകയയിരുന്നു ആ പ്രേരണയ്ക്കു പിന്നിൽ.

എന്നാൽ ഇക്കാര്യമറിഞ്ഞാൽ ഗൗരവക്കാരനായ അപ്പനും ശൂരനായ ആങ്ങളയും അടങ്ങിയിരിക്കില്ല. അതിനാൽ അമ്മയോടു മാത്രം പറഞ്ഞു.

"നാളെ മനസമ്മതത്തിന് ഞാൻ പള്ളിയിൽ വരില്ലമ്മേ. പകരം പുത്തൻചിറയിലെ തിരുക്കുടുംബമഠത്തിലേക്കു പോകും. അമ്മ എന്നെ അനുഗ്രഹിച്ചയയ്ക്കണം. അനുവദിക്കണം". അവൾ അമ്മയുടെ മാറിൽ തലചായ്ച്ചു കരഞ്ഞു.



കുലീനയായ ആ നല്ല അമ്മയ്ക്ക് മകളുടെ കണ്ണീരിന്റെ മൂല്യം ഗണിക്കാനുള്ള വിവേകമുണ്ടായിരുന്നു.

പിറ്റേന്നു മൂന്നുമണി പുലർച്ചയിൽ മാളികയുടെ പിൻവാതിൽ ഇറ്റ്യാനം പയ്യെത്തുറന്നു. പൊന്നും പണ്ടവും പെറ്റമ്മയുടെ കയ്യിൽ ഊരിക്കൊടുത്തു.

കുതിരവണ്ടി കാത്തുകിടപ്പുണ്ടായിരുന്നു. അതിൽകയറി വേഗം അതു പുത്തൻചിറ തിരുക്കുടുംബമഠത്തിലേക്കു പാഞ്ഞു. അതേ, അവളുടെ ആത്മമണവാളന്റെ തിരുമുമ്പിൽ മനസ്സമ്മതം നൽകാൻ.

അമ്മയുടെ ആധികാരികപ്രബോധനവാണികൾ വീണ്ടുമുയർന്നു.

"എന്റെ മക്കളേ, നിങ്ങൾ നല്ലവരായിത്തീരുന്നതിന് നിങ്ങളുടെ ഹൃദയത്തെ കർത്താവിനു കൊടുക്കുക. കർത്താവിന്റെ ഹൃദയം തരണേ എന്നു കരഞ്ഞുയാചിക്കുക. ഹാ! എന്റെ ഹൃദയം മുഴുവനം എന്റെ കർത്താവിനായി ഞാൻ സമർപ്പിച്ചിരിക്കുന്നു. എനിക്കു കർത്താവല്ലാതെ ലോകത്തിൽ യാതൊന്നും വേണ്ടാ. കർത്താവിന്റെ മഹാപീഡകൾ ഓർത്ത് ഹൃദയം ഉരുകി പാപപ്പൊറുതി യാചിക്കുകയും ഇന്ദ്രിയങ്ങളെ അടക്കുവാൻ ഉത്സാഹിക്കുകയും വേണം.

അതുപറയുമ്പോൾ അമ്മയുടെ ഹൃദയം വിങ്ങുകയായിരുന്നു, മിഴികൾ തുളുമ്പുകയായിരുന്നു. കഴുത്തിടറുകയായിരുന്നു. എങ്കിലും പറഞ്ഞു.

"നിങ്ങൾക്ക് ഏകാഗ്രതയയില്ല. അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ആചാരക്കേടു കാട്ടുകയും ചെയ്യുന്നു. വലിയ പ്രായശ്ചിത്തമൊന്നും നിങ്ങൾ ചെയ്യേണ്ട. ആശയടക്കം, മിണ്ടടക്കം, ബോധയടക്കം എന്നീ നിയന്ത്രണങ്ങൾ അനുഷ്ഠിച്ചാൽ മാത്രം മതി. അതാണേറ്റവും വലിയ പ്രായ്ശിചത്തം."

മാലാഖമാരുടെ പണിപ്പുരയാണു കന്യാസ്ത്രീമഠം. പക്ഷേ, പിശാചുക്കൾ എങ്ങനെയെങ്കിലും അവിടെ നുഴഞ്ഞുകയറാൻ തിക്കിതിരക്കുകയാണ്. പ്രാർത്ഥനകളും പരിത്യാഗങ്ങളുമാണവർക്കതിനു തടസ്സം. പ്രാർത്ഥനയിൽ മടുത്തുപോകാൻ പ്രയത്നിക്കുകയാണവർ. ഇക്കഴിഞ്ഞ ദിവസം അവർക്കനുകൂല സാഹചര്യം ഒത്തുകിട്ടി. ശരീരം ദുർബ്ബലമാക്കുകയാണുലക്ഷ്യം. പുതിയ അർത്ഥിനികളേയും നവസന്യാസിനികളേയും വലയിലാക്കാൻ കഴിയുമെന്നാണവന്റെ പ്രത്യാശ. അമ്മയുടെ ആത്മജ്ഞാന നേത്രങ്ങളിൽ ഇതെല്ലാം സുവ്യക്തം. പക്ഷേ,

www.malankaralibrary.com

www.malankaralibrary.com



ആരോടും തുറന്നു പറഞ്ഞില്ല.

മൗനത്തിലമർന്ന് ദുഷ്ടാരൂപിയെ തുരത്താനുള്ള ജാഗരൂകതയിലാണ് അമ്മ എപ്പോഴും.

കർത്താവിന്റെ പീഡാനുഭവകാലമാകയാൽ ഇപ്പോൾ ഉഷഃകാലജപത്തിനായി ഉണരുന്നത് പതിവിലും നേരത്തെ. ഇന്നും അതുപോലെ അതികാലത്തെഴുന്നേറ്റു പ്രാർത്ഥനയ്ക്കായി കാൽമുട്ടുകളിൽ നിന്നു. പ്രാർത്ഥിച്ചു തുടങ്ങി. വായ്കൾ വലിച്ചു തുറന്ന് കോട്ടുയാവ് ഇടുന്നതിനിടയിലായിരുന്നു പല നവാർത്ഥിനികളുടെയും തുടർപ്രാർത്ഥന! അവരുടെ ഉറക്കക്കണ്ണുകളിൽ ആലസ്യം പതിയിരുന്നു. അമ്മ പെട്ടെന്നെഴുന്നേറ്റു. ആരെയോ തെരയുന്ന മട്ടിൽ പുറത്തേക്കു പാഞ്ഞു. അന്തേവാസികൾ കാര്യമറിയാതെ അവിടെത്തന്നെയിരുന്നു. ഉടൻ ആരോ നിലവിളിച്ചോടുന്ന ശബ്ദവും കേട്ടു. തെല്ലുകഴിഞ്ഞ് അമ്മ മടങ്ങിവന്നു പ്രാർത്ഥന തുടർന്നു. ഉഷജപം അവസാനിപ്പിച്ചു. മൗനഭഞ്ജനത്തിനുള്ള നേരമായി. അപ്പോൾ അവർ ആരാഞ്ഞു.

"അമ്മ എന്തിനാ പ്രാർത്ഥനയ്ക്കിടയിൽ പുറത്തേക്കോടിയത്?"

"മക്കളേ, നിങ്ങളെ ഉറക്കത്തിൽ വീഴ്ത്താൻ ഒരു ഭയങ്കര പിശാചു വന്നു. അതാ, ആ പുറംതുണിൽ അവൻ പറ്റിച്ചേർന്നു നിൽക്കുകയായിരുന്നു. ഞാൻ കർത്താവിന്റെ നാമം വിളിച്ച് അവന്റെ നേർക്കു വിരൽ ചൂണ്ടി. നിങ്ങൾ അപ്പോൾ ഒരു ഭയങ്കര ശബ്ദം കേട്ടില്ലേ? അവൻ പല്ലിറുമ്മി അലറിവിളിച്ച് ഓടിപ്പോയി"

ഈ മദ്ധ്യാഹ്ന ഉപദേശങ്ങളെല്ലാം പിശാചിനോടെതിർക്കാനുള്ള കരുത്തിനുവേണ്ടിയായിരുന്നു. മൂളലും പാട്ടും വ്യർത്ഥപദങ്ങളും നാവിൽ നിന്നൊഴിഞ്ഞുപോകുമ്പോഴാണ് ആത്മാവു കരുത്താർജ്ജിക്കുക.

നിരക്ഷരയുടെ ജ്ഞാനോക്തികൾ വശ്യമധുരമായിരുന്നു. അത്യാകർഷണീയമായിരുന്നു. ശിഷ്യകൾ അതാസ്വദിച്ചുവരുമ്പോൾ മണൽമുറ്റത്ത് ആരുടെയോ കാൽപ്പെരുമാറ്റം. ചരടിളക്കിയുള്ള ഓട്ടുമണിസ്വരവും.

ഒരാൾ ഇറങ്ങിച്ചെന്നു.

ചിറ്റാട്ടുകരയിലുള്ള പേരുകേട്ട വൈദ്യൻ ചിറ്റിലപ്പിള്ളി കുട്ടുപ്പൈലിയും മകളും നേർച്ച കഴിക്കാൻ അർത്തുങ്കൽ തീർത്ഥാടനപള്ളിയിൽ പോയി മടങ്ങുന്ന വഴിയാണ്. ദീർഘയാത്രയിൽ നന്നേ അവശരായിരിക്കുന്നു. എങ്കിലും അമ്മയെക്കാണാൻ ഒരാവേശം. ഏറെ



നാളുകളായുള്ള ആശയമാണത്. അമ്മയുടെ ഉൾമുറിയിലേക്കവർ നടന്നു.

പെട്ടെന്നാണതുണ്ടായത്! കുരണ്ടിയിലിരുന്നു മൊഴിയുന്നതിനിടയിൽ അമ്മ ഭിത്തിയിലേക്കു ചാഞ്ഞു. ഭൗമബോധമറ്റു കഴിഞ്ഞു. അതീന്ദ്രീയാനുഭൂതിയുടെ പ്രഭാകവാടം മലർക്കെ തുറന്നു കിടക്കുന്നു. അതിനുള്ളിലെ രത്ന നിക്ഷേപത്തിന്റെ ഭാസുര പ്രഭയിൽ അമ്മയുടെ ഉൾത്തടം വെട്ടിത്തിളങ്ങി. ദേഹം നിശ്ചലം!

എല്ലാവരും വാതിലിൽ കൂടിനിന്നു. ചിലർ നിലത്തിരുന്ന് വീശുപാളയാൽ അമ്മയെ തുണിപ്പിക്കുന്നു. സിസ്റ്റർ ക്ലാരയും സിസ്റ്റർ ആനിയും ചോരയിൽ കുതിർന്ന വെള്ളത്തുണിയുമായി ആ തിരക്കിൽ നിന്നും പുറത്തേക്കോടുന്നതു വൈദ്യനും മകളും സംഭ്രമത്തോടെ നോക്കി നിന്നു.

വൈദ്യൻ മുറിയിലേക്കോടിക്കയറി. നിറയെ ചോരപടർന്ന ഭിത്തിയിൽ ചാഞ്ഞുകിടക്കുന്ന അമ്മയുടെ അരികിൽ വൈദ്യൻ ഇരുന്നു. തലയിലും കൈകാലുകളിലും ചോര ഒഴുകിക്കൊണ്ടിരുന്നു. അമ്മയുടെ കൈത്തണ്ടയിൽ വൈദ്യൻ പിടിച്ചു. ശ്രദ്ധയോടെ നാഡിമിടിപ്പു ശ്രദ്ധിച്ചു. ശങ്കിക്കാനൊന്നുമില്ല.

പിന്നെ സുബോധത്തിലേക്കുള്ള പ്രത്യാഗമം. കനത്ത മൗനാന്തരീക്ഷത്തിൽ ആദ്യം ആശ്ചര്യത്തോടെ ചൂണ്ടിളക്കിയത് വൈദ്യൻതന്നെ.

"എന്താ അമ്മേ ഇങ്ങനെ.....?"

"........ ചിലപ്പോൾ ഉണ്ടാകും". യാതൊന്നും സംഭവിക്കാത്തമട്ടിലുള്ള നിസംഗ പ്രതികരണം. ഭാവമാറ്റത്തെപ്പറ്റി കൂടുതലൊന്നും പറയാനാശിക്കാത്തപോലെ മറ്റുവിഷയത്തിലേക്കു നേരെ കടന്നു ചോദിച്ചു.

"വൈദ്യനും മോളും എന്താ ഈ വഴിയൊക്കെ?"

"അമ്മയെ ഒന്നുകാണാൻ വന്നതാ. പിന്നെ, ഈ നിൽക്കുന്ന 'അച്ചായി' എന്റെ ഒരേ ഒരു മോളാ. ഏഴ് ആൺമക്കൾക്കിടയിൽ ദൈവം എനിക്കു തന്ന ഏകപുത്രി"

തെല്ലുനിർത്തി വൈദ്യൻ തുടർന്നു.

"ഇവൾക്കു മഠത്തിൽ ചേരണമെന്നാ ആഗ്രഹം. കർമ്മലീത്താ മഠത്തിൽ ചേരാനുള്ള ക്രമീകരണങ്ങളൊക്കെ ചെയ്തുകഴിഞ്ഞു. ഉടനെ ഇവളെ അവിടെ കൊണ്ടാക്കും. അതിനുമുമ്പേ, അമ്മയുടെ അനുഗ്രഹം വാങ്ങാൻ വന്നതാ."

www.malankaralibrary.com

www.malankaralibrary.com



അച്ചായി ഉടൻ പറഞ്ഞു.

"അപ്പച്ചാ, എനിക്കിനിയും മറ്റൊരു മഠത്തിലും പോകണ്ടാ. ഈ അമ്മയുടെ കൂടെ ഇവിടെ താമസിച്ചാൽ മതി"

അമ്മയുടെ അലിവാർന്ന മിഴികൾ അവളെ തഴുകി.

എന്നിട്ടുപറഞ്ഞു.

"കുഞ്ഞു വീട്ടിൽപോയി നന്നായി പ്രാർത്ഥിക്ക്. അപ്പോൾ ദൈവം മനസ്സിൽ പറയുന്നതു കേൾക്കാം. ഇവിടെ വരാനാണു തോന്നുന്നതെങ്കിൽ നേരെ ഇങ്ങോട്ടു വന്നോളു.

അവർ മടങ്ങിപ്പോയി.

പിന്നെ എല്ലാവരേയും കൂട്ടി അമ്മ പുറത്തേക്കിറങ്ങി. പണിയെടുക്കാനല്ല. ഉല്ലസിക്കാൻ. അതിനുനേതൃത്വമേകുന്നതും മറ്റാരുമല്ല. അമ്മ തന്നെ. ഭൂമിയിലേക്കു സ്വർഗ്ഗ സന്തോഷം വിളിച്ചു വരുത്തുന്ന ഉല്ലാസമാണത്. അവിടാർക്കും നിയന്ത്രണങ്ങളില്ല. പൂത്തുമ്പികളെപ്പോലെ സ്വതന്ത്രമായി മഠത്തിന്റെ അതിരുകൾക്കുള്ളിൽ പാറി നടക്കാനുള്ള അസുലഭാവസരം. മുറ്റത്തും തൊടികളിലും ഓടി നടക്കാം. പാടാം. ആടാം. നർമോക്തികൾ വിതറാം. ചിരിക്കാം. അല്പം ഉറക്കെ വർത്തമാനം പറയാം. കളിക്കാം.

അതുവരെക്കണ്ട കർക്കശക്കാരിയല്ലിപ്പോൾ അമ്മ! തൊടിയിൽ സന്യാസിനികൾക്ക് വേലകൾക്കിറങ്ങാൻ വേറെ സമയമുണ്ട്. ജോലികൾ ഓരോരുത്തർക്കും വീതിച്ചുകൊടുക്കും. വേലയിൽ അനുസരണക്കേടോ ഉദാസീനതയോ കാട്ടിയാൽ അമ്മയുടെ ഭാവം മാറും. കർശന ശിക്ഷകളാണു പിന്നെ. തന്റെ കുഞ്ഞുങ്ങൾ ഇവിടീശിക്ഷകൾ അനുഭവിച്ചുകൊള്ളട്ടെ. അതുവഴി സ്വർഗ്ഗത്തിൽ അവർക്കാശ്വസിക്കാല്ലോ. ഇതാണമ്മയുടെ ഭാവം.

ശിക്ഷകൾ പലതരത്തിലാവും. കഴുത്തിൽ ചൂലുകെട്ടിത്തൂക്കി പറമ്പിൽ കുറെ നേരം നിർത്തും. മറ്റുചിലപ്പോൾ കഴുത്തിലണിയിക്കുന്നത് ചാണകം നിറച്ച കുട്ടയായിരിക്കും. ചിലരെ നിലത്തു നാവുകൊണ്ടു കുരിശുവരപ്പിക്കും. ഒന്നോ രണ്ടോ തവണയല്ല. മുപ്പത്തിമൂന്നു പ്രാവശ്യം. മറ്റുചിലപ്പോൾ ഭക്ഷണത്തിൽ ഉപ്പിനുപകരം ചേർക്കുന്നത് ചെന്നിനായകം. മൂന്നുദിവസം പൊടിയരിക്കഞ്ഞി കുടിപ്പിക്കും. കടുത്ത ശിക്ഷയായി ഇന്നു വിശുദ്ധ കുർബ്ബാന അനുഭവിക്കരുത് എന്ന വിലക്കും.

എന്നാൽ ഉല്ലാസവേളയിൽ ശാസനയില്ല. ചെറുപിഴകൾ ഗോചരമായാൽപ്പോലും സാരമില്ലെന്നു കരുതും. തിരുത്തണമെങ്കിൽത്തന്നെ നർമ്മബോധത്തോടെയേ അതു ചെയ്യൂ.



മുറ്റം നിറയെ ചെടികളാണ്. ധാരാളം മുല്ലകൾ തഴച്ചു പടർന്നു നിൽക്കുന്നു. അവ നട്ടുനനച്ചത് അമ്മതന്നെ. അവയുടെ പുഞ്ചിരിപ്പൂക്കൾ ഇറുത്ത് വാഴനാരിൽ കൊരുത്ത് ദൈവമാതാവിന്റെ ശില്പകണ്ഠത്തിൽ ചാർത്തുവാൻ അമ്മയ്ക്കാഹ്ലാദമാണ്. കൂടാതെ, വെള്ളിയാഴ്ചതോറും പൂക്കളാൽ മുറി അലങ്കരിച്ച് കൊന്ത ജപിക്കണന്നാണല്ലോ ദിവ്യമാതാവിന്റെ കല്പന. ഈ മുല്ലയും പിച്ചിയും റോസയും ചെത്തിയും ചെമ്പരത്തിയുമൊക്കെയാണ് അതിനാവശ്യമായ പൂക്കൾ നിവേദിക്കുക.

പറമ്പെന്നു പറയാൻ ഏറെയില്ല. നീണ്ട കെട്ടിടത്തിനു പിന്നിലുള്ള ഇത്തിരി മണ്ണുമാത്രം. അവിടെ പാവലും പയറും മറ്റും കായ്ചുപടർന്നു കിടക്കുന്നു.

നിലത്തിഴയുന്ന കുപ്പായം തെല്ലുയർത്തിക്കുത്തി അമ്മ, വിനോദത്തിന് തയ്യാറാക്കികഴിഞ്ഞു. ഉല്ലാസനേരത്ത് അമ്മയ്ക്കിഷ്ടമുള്ളകളി. 'കിളികിളി' യാണ്. തുറസായ തറയിൽ കമ്പുകൊണ്ടു കളംവരച്ച് ഒറ്റക്കാലിൽ ചാടിയുള്ള കളി. മറ്റുള്ളവരെ തൊടാനായുള്ള ചാട്ടമാണ്. സ്പർശമേൽക്കാതെ അവർ വഴുതിമാറും. അപ്പോൾ അമ്മ ചിരിക്കും. ഏവരും കാത്തിരിക്കുന്ന മനോഹരമായ ചിരി! ആ മുൾത്തണ്ടിൽ അത്യപൂർവ്വമായി മാത്രം പൂക്കുന്ന അതുല്യമായ പുഞ്ചിരിപ്പൂവ് മറ്റുനേരത്തൊന്നും അമ്മയ്ക്ക് ചിരിക്കാനാവില്ല. കാരണം, പാടുപീഢകളനുഭവിക്കുന്ന ഈശോയും കുരിശുമരണംവരെ ആ പുത്രനോടുകൂടി നിന്ന് വ്യാകുലമനുഭവിച്ച അമ്മയുമാണുള്ളിൽ.

വ്യക്തിപരമായി അമ്മയ്ക്കീ കളിവിനോദങ്ങൾ പഥ്യമല്ല. ചെറുപ്പത്തിൽ പെറ്റമ്മ നിർബന്ധിച്ചപ്പോൾപോലും കൂട്ടുകാർക്കൊപ്പം കളിക്കാൻ കൂട്ടാക്കിയില്ല. 'ഈശോ ഉല്ലസിച്ചിരുന്നോ' എന്നു ചോദിച്ചു അമ്മയെ പിന്തിരിപ്പിക്കുകയായിരുന്നു. എന്നാലിപ്പോൾ കളിക്കാനിറങ്ങുന്നു. എന്തിനുവേണ്ടി? മറ്റുള്ളവർക്കുവേണ്ടി ഇന്നു താനൊരു വ്യക്തിയല്ല. സമൂഹമാണ്. സമൂഹത്തിന്റെ നിലനിൽപ്പിനു ഇത്തരം ലഘുവിനോദങ്ങൾ അനിവാര്യമാണ്.

കളികഴിഞ്ഞ് അമ്മ എല്ലാവരേയും പിടിച്ച് പുൽപ്പുറത്തിരുത്തി.

"ഇനി ഓരോരുത്തരും അറിയാവുന്ന പാട്ടുകൾ പാട്". ഒരറ്റത്തുനിന്നും അമ്മ ചൂണ്ടി. സ്വരശുദ്ധികനിയാത്ത തൊണ്ടയുടെ ഉടമ. അതിനാൽ തെല്ലുമടിച്ചു. അപ്പോൾ അമ്മയുടെ പ്രോത്സാഹനം.

www.malankaralibrary.com

www.malankaralibrary.com



"ധൈര്യമായി പാടൂ മോളേ. ഇതാ ഇതുപോലെ.."

അമ്മ തുടക്കമിട്ടു.

പണ്ടുദേവാലയാന്തരത്തിൽ വച്ച് പാടിയ മധുരഗീതമല്ല. അന്ന് തൽക്കാലത്തേക്കു തന്റെ നാവിൽ കുടിയേറിയ സ്വർഗ്ഗ സംഗീതമായിരുന്നു അത്.

പക്ഷേ, ഈ പാട്ടിൽ സ്വന്തം സ്വരം. പൂങ്കുയിലിന്റെ കുളിർനാദമല്ല. പുല്ലാങ്കുഴലിന്റെ സ്നിഗ്ദ്ധരാഗവുമല്ല. എന്നാൽ അപ്പാട്ടിൽ സ്വർഗ്ഗം കോരിത്തരിക്കുന്നുണ്ടാവും. കാരണം, അമ്മയുടെ മടിത്തട്ടിൽ കിടന്ന് മുപ്പത്തഞ്ചുവർഷം മുമ്പു കേട്ടു പഠിച്ച പാട്ടാണത്; പുത്തൻപാനയിലെ പാട്ട്.

പിന്നെപ്പിന്നെ ഓരോരുത്തർ പാടിത്തുടങ്ങി. പറമ്പിൽ അങ്ങനൊരു കൂട്ടപ്പാട്ടുയർന്നു. താളവും ശ്രുതിയും അറിയാത്ത കന്യകമാരുടെ സ്വതന്ത്രസ്തുതിഗീതികൾ

പാട്ടിന്റെ ആരവം തീർന്നപ്പോൾ അമ്മയുടെ ശ്രദ്ധ സിസ്റ്റർ അഗസ്സായിൽ കേന്ദ്രീകരിച്ചു. പുതിയ സന്യാസാർത്ഥിനിയാണവൾ. എന്നിട്ടു ചോദിച്ചു.

"എന്താ അഗസ്സാ, ഇവിടുത്തെ ഭക്ഷണം തീരെ ഇഷ്ടപ്പെടുന്നില്ല. അല്ലേ?"

അവൾ നടുങ്ങിപ്പോയി.

കാര്യം ശരിതന്നെ. ഇവിടത്തേ ആഹാരം തീരെ രുചിക്കുന്നില്ല. പക്ഷേ, ഈ പരാതി ആരോടും താൻ പറഞ്ഞിട്ടില്ല!

പരഹൃദയജ്ഞാനിയായ അമ്മയുടെ മുമ്പിൽ അവൾ കുറ്റബോധത്തോടെ നിന്നു.

അമ്മ അവൾക്കൊരു ഉപദേശം നൽകി.

"മോളെ, ഭക്ഷണനേരം വിലപ്പെട്ടതാണ്. അപ്പോൾ മൂന്നു പ്രാർത്ഥനകൾ കഴിക്കണം. പാപികൾക്കുവേണ്ടി, ശുദ്ധീകരണാത്മക്കൾക്കു വേണ്ടി, അവനവനുവേണ്ടി. കർത്താവിന്റെ പീഡാനുഭവങ്ങളെ ഓർത്തു വേണം ഭക്ഷിക്കാനും ഉല്ലസിക്കാനും. ഭക്ഷണത്തിന്റെ രുചി നോക്കേണ്ടതില്ല. എന്തു വന്നാലും പിറുപിറുക്കരുത്. എപ്പോഴും കർത്താവിൽ സന്തോഷിക്കുക."

# മുപ്പത്തിരണ്ട്

ഒരു കുരിശു താഴെ വച്ചശേഷം മറ്റൊന്നു തോളിലേറ്റുക; പക്ഷേ, അതല്ല അമ്മയുടെ ശൈലി. കൂടുതൽ കുരിശുകൾ ഒരേനേരം ചുമക്കുക. അല്ലെങ്കിൽ പണത്തിന് കൊടുംക്ഷാമമുള്ള ഇക്കാലത്ത് വീണ്ടുമൊരു പ്രസ്ഥാനം കൂടി കെട്ടിപ്പൊക്കാൻ മുതിരുമായിരുന്നോ!

പുത്തൻചിറയിൽ തുടങ്ങി കുഴിക്കാട്ടുശ്ശേരിയിലൂടെ പുരോഗതിയുടെ പ്രകാശപ്പൊലിമ ഇപ്പോൾ പടരുന്നത് തൃശൂർ നഗരത്തിലേക്ക്. നഗര സൗകര്യങ്ങൾ ആസ്വദിക്കാനുള്ള പുറപ്പാടായിരുന്നില്ല അത്. എണ്ണം ഗണ്യമായിപ്പെരുകുന്ന തന്റെ സമൂഹാംഗങ്ങളുടെ വളർച്ചയിൽ നഗര സൗകര്യങ്ങൾ വളമാക്കി തീർക്കുകയാണ് ലക്ഷ്യം.

പാവപ്പെട്ട ഗ്രാമീണർക്ക് വിദ്യാഭ്യാസമൊരു കിട്ടാക്കനിയാണ്. ഈ ദുഃസ്ഥിതി മാറാതെ നാടുണരില്ല. പ്രത്യേകിച്ച് പെൺകിടാങ്ങൾക്ക് അറിവുണ്ടാകണം. അല്ലാതെ കുടുംബത്തിന്റെ വിളക്കാകാൻ അവർക്കാവില്ല. ഇതായിരുന്നു പുത്തൻചിറ പള്ളിക്കൂടത്തിന്റെ സ്ഥാപനലക്ഷ്യം.

താമസിയാതെ മറ്റൊരു വിദ്യാലയം കൂടി അമ്മയുടെ വരുതിയിലാവുകയാണ്. അത് കുഴിക്കാട്ടുശ്ശേരി മഠത്തിനോടു ചേർന്നു തന്നെ. പുത്തൻചിറ ഇടവകാംഗമായ പഴയാറ്റിൽ പത്രോസച്ചനാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. കുഴിക്കാട്ടുശ്ശേരിയിൽ അമ്മയുടെ മഠം വരുന്നെന്നറിഞ്ഞ് സ്വപ്രയത്നത്താൽ കെട്ടിഉയർത്തിയ പ്രാഥമിക വിദ്യാലയം അമ്മയുടെ മഠത്തിനു നൽകാമെന്ന് അദ്ദേഹം അറിയിച്ചു കഴിഞ്ഞു. അങ്ങനെ വിദ്യാലയങ്ങൾ രണ്ടെണ്ണമായി. പക്ഷേ, കുട്ടികളുടെ എണ്ണത്തിനൊപ്പിച്ചുള്ള അദ്ധ്യാപകരില്ല. പുത്തൻചിറയിലെ അദ്ധ്യാപകർ പലരും ദൂരസ്ഥരാണ്. ദൂരക്കൂടുതലാകയാൽ അവരിൽ പലരും പിരിഞ്ഞുപോകുന്നു. അദ്ധ്യാപകരില്ലാതെ വന്നാൽ വിദ്യാലയവളർച്ചയ്ക്കു തടസ്സമാകും. അപ്പോൾ പിന്നെ പാടുപെട്ടുണ്ടാക്കിയതൊക്കെ പാഴാകും. ഇതിനെന്തു പരിഹാരം? അമ്മയുടെ ചിന്തയിൽ ദൈവം തോന്നിച്ചു കൊടുത്തപദ്ധതിയാണിപ്പോൾ തൃശൂരിൽ പൂവണിയാൻ പോകുന്നത്. കൃത്യമായിപ്പറഞ്ഞാൽ ചെമ്പൂക്കാവിൽ അതായത് മാതൃഭവനത്തിൽ നിന്നും ഇരുപത് മൈൽ ദൂരെ. തടിപ്പണിയുള്ള

www.malankaralibrary.com

www.malankaralibrary.com



ഇരുനില കെട്ടിടം അവിടെ വാടകയ്ക്കൊത്തു കിട്ടി. കിഴക്കേകോട്ട യ്ക്കടുത്തുള്ള തോട്ടാന്റെ വീടാണത്. തരുക്കുടുംബ മഠത്തിലെ ഏതാനും സന്യാസിനികളെ ആംഗലഭാഷാപഠനത്തിനവിടാക്കി. സിസ്റ്റർ ആഗസ്സിന്റെ നേതൃത്വത്തിൽ മർത്തീനായും തെക്ക്ലയും ഇസ ബേലും തുടങ്ങി പതിനഞ്ചിൽപരം കന്യാസ്ത്രീകളുടെ പഠനത്താ വളം അതായിതീർന്നു, 1918 മെയ് മുതൽ.

നിത്യച്ചെലവുകൾ അതോടെ ഏറുകയാണ്. നഗരത്തിലെ കെട്ടിട ത്തിനു വലിയ വാടക. പഠനചെലവുകൾ പുറമേയും. കുഴിക്കാട്ടുശ്ശേരി മഠത്തിന്റെ പണിയും തീർന്നിട്ടില്ല. അതിനാൽ എല്ലാവരേയും അരി കിൽ നിർത്തി പറഞ്ഞു.

ഇംഗ്ലീഷും മറ്റും പഠിക്കുന്നതോടൊപ്പം ദാരിദ്ര്യവും അഭ്യസിക്കാ നുള്ള സാഹചര്യം നിങ്ങൾക്കൊരുക്കി തരാം. ഉള്ളതുകൊണ്ടു തൃപ്തി യോടെ കഴിഞ്ഞുകൊള്ളണം.

അങ്ങനെ പറഞ്ഞെങ്കിലും തന്റെ കുഞ്ഞുങ്ങളുടെ പട്ടിണി കാണാൻ ആ കരുണാർദ്രയ്ക്കാവില്ല. ഓരോ ആഴ്ചയുടേയും അവസാനത്തിൽ പുത്തൻചിറയിൽ നിന്നും അമ്മ മക്കളെ തേടിയിറങ്ങും. കാളവണ്ടിയി ലാണ് യാത്ര. പണത്തിന്റെ ലഭ്യതയനുസരിച്ച് അതിൽ സാധനങ്ങളു മുണ്ടാവും - അരിയും പയറും നിലക്കടലയും മുതിരയും ഏത്തക്കുല കളും കിഴങ്ങുവിളകളും മറ്റും.

ആ വരവ് അർത്ഥിനികൾക്കാവേശമാണ്. രാവിലെ മുതൽ കണ്ണി ലെണ്ണയൊഴിച്ച് സ്നേഹമാതാവിനുവേണ്ടി അവർ കാത്തിരിക്കുകയാ വും. കാളവണ്ടി ചക്രങ്ങളുടെ ഘടഘടാരവം കേട്ടാൽ പഠനഗ്രന്ഥങ്ങൾ മടക്കി അവരോടി വരും. ചാക്കുകെട്ടും വാഴക്കുലകളും അവർ തല യിലേറ്റും. അമ്മയുടെ പിന്നിൽ നിരന്ന് അങ്ങനെ വാടകകെട്ടിടത്തി ലേക്ക് ഒരു സവാരിയാണ്. ആഴ്ചയിലെ വിവിരങ്ങളോരോന്നും ആ സവാരിയിൽ അമ്മ സവിസ്തരം ആരായും. മുറിയിൽ കടന്ന് എല്ലാ വരും ചേർന്ന് ആഹരിക്കും. അപ്പോഴും ദിവ്യപരിവേഷമുള്ള പദാവ ലികൾ അമ്മയുടെ നാവിൽ നിന്നും ഇറ്റു വീഴുന്നുണ്ടാവും. അതവർക്ക് തേനിനേക്കാൾ മധുരതരം. നിർന്നിമേഷരായി അവരാ ദിവ്യാംബികയെ നോക്കിയിരിക്കും. ജീവൽപ്രയാണത്തിൽ കരുത്തു പകരുന്ന നിർദ്ദേ ശങ്ങൾ കൊത്തിവിഴുങ്ങും. ആ പ്രബോധനങ്ങൾ തീരരുതേ എന്നാ ഗ്രഹിച്ചിരിക്കുന്നവരുടെ മുമ്പിൽ അമ്മ തുടർന്നു.

"സ്കൂളിലേക്കിറങ്ങുമ്പോൾ നിങ്ങളെന്നും പ്രാർത്ഥിക്കണം.



നന്നായി പഠിക്കണം. ഓരോ വേലയും പൂർണ്ണതയിൽ ചെയ്യാനുള്ള ശിക്ഷണം നേടിക്കൊള്ളണം. മറ്റുള്ളവർക്കു നിങ്ങൾ നല്ല മാതൃകയാ യിരിക്കണം. പരസ്പരം സ്നേഹിക്കണം. ഈ തൃശൂർ ഒരു പട്ടണ മാണ് പരിഷ്കാരത്തിന്റെ ഒരുപാട് ഭാവങ്ങൾ നിങ്ങളിവിടെ കണ്ടെ ന്നിരിക്കും. പക്ഷേ, അതുമിതും കാണാനുള്ളതല്ല കന്യാസ്ത്രീകളുടെ കണ്ണുകൾ. തനിച്ചാണ് പോകുന്നതെങ്കിൽ ദൈവഭയത്തോടെ പ്രാർത്ഥി ക്കുകയോ കൊന്ത ചൊല്ലുകയോ വേണം. മറ്റുള്ളവർ ചെയ്യുന്ന നിസ്സാരനന്മകൾക്കുപോലും നിങ്ങൾ നന്ദിയുള്ളവരായിരിക്കണം. സ്കൂളിൽ വച്ചും ഭക്ഷണത്തിനു മുമ്പും പിമ്പും നന്നായി പ്രാർത്ഥിക്ക ണം. എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം."

ശനിയാഴ്ച രാവിലെ വന്നാൽ അന്നുച്ചയോടെ മടങ്ങുകയാണ് പതിവ്. ഒരു ശനിയാഴ്ച ഇതുപോലെ കാളവണ്ടിയിൽ പലചരക്കു മായി അമ്മ എത്തി. അപ്പോൾ ആഗസ് ഓടിച്ചെന്നു പറഞ്ഞു.

"അമ്മ ഇവിടെ വന്നാലുടൻ അരമനയിലേക്കു ചെല്ലണമെന്ന് മേനാ ച്ചേരി പിതാവ് ഒരാളെ വിട്ട് കൽപ്പിച്ചു."

കാളവണ്ടിയിൽ നിന്നും സാധനങ്ങൾ വേഗമിറക്കിവച്ചു. എന്നിട്ടു ടൻ അരമനയിലേക്കു തിരിച്ചു.

മെത്രാച്ചൻ അവിടുണ്ട്. അദ്ദേഹം ഇപ്പോൾ യാത്രകൾ കുറച്ച് മിക്ക പ്പോഴും അരമനയിൽ തന്നെ ഉണ്ടാവും. അമ്മ അദ്ദേഹത്തിന്റെ മുമ്പിൽ ഭക്തിയോടെ നിന്നു. പക്ഷേ, മെത്രാച്ചന്റെ മുഖത്ത് അനിഷ്ടഭാവം. കാര്യമറിയാൻ ത്രേസ്യ കാതോർത്തു. തിരുമേനിയുടെ പരുക്കൻ സ്വര മുയർന്നു.

"സിസ്റ്റർ മേലാൽ പുത്തൻചിറ ഇടവകയുടെ അതിർത്തിവിട്ടിനി സഞ്ചരിക്കരുത്."

അടിയേറ്റ പോലെ അമ്മ നിന്നുപോയി. എങ്കിലും ദൈവമറിയാതെ യാതൊന്നും സംഭവിക്കില്ലെന്നുറപ്പുണ്ട്. അപ്പോഴും കർക്കശഭാഷ്യം തുടർന്നു.

"ഗ്രാമത്തിലെ സ്വച്ഛത പട്ടണത്തിൽ കിട്ടുകയില്ല. ഇതുപോലുള്ള പട്ടണത്തിലെത്തുന്നതുകൊണ്ടാണ് ഫോട്ടോ എടുക്കാനും മുള്ളും കത്തിയും ഉപയോഗിക്കാനും ഒക്കെ പ്രേരണകളുണ്ടാകുന്നത്."

അമ്മയക്കു കാര്യം ബോധ്യമായി. മെത്രാച്ചൻ സ്വമേധയാ പറയു ന്നതല്ല ഇത്. ആരോക്കെയോ തന്നെപ്പറ്റി ദോഷാരോപണങ്ങൾ ഉന്ന

www.malankaralibrary.com

www.malankaralibrary.com



യിച്ചിരിക്കുന്നു. ഫോട്ടോ എടുക്കാൻ നിന്നു എന്നതാണ് ഒന്ന്. അതു ശരിയാണ്. പക്ഷേ, തീരെ ഇഷ്ടമില്ലായിരുന്നു. പ്രശസ്തിയോട് ചെറുപ്പം മുതൽ വെറുപ്പായിരുന്നു. തന്റെ ചിത്രം വരയ്ക്കാനും ഫോട്ടോ എടുക്കാനും പലരും മുന്നോട്ടു വന്നിട്ടുണ്ട്. അതൊന്നും 'വേണ്ടാ' എന്നു പറഞ്ഞ് അവരെ എല്ലാം മടക്കി. എന്നാൽ ഒരു ഫോട്ടോക്കാരന്റെ നിരന്തര യാചനയുടെ മുമ്പിൽ അവസാനം അനുവദിക്കേണ്ടി വന്നു. അയാൾ പടമെടുക്കാൻ ഒരു നിമിഷം ബാക്കിയുള്ളപ്പോഴാണ് വേണ്ടാ യിരുന്നു എന്ന തോന്നൽ വീണ്ടുമുണ്ടായത്. അപ്പോൾ കഴുത്തിൽ കിടന്ന കുരിശു രൂപമുയർത്തി സ്വന്തം മുഖം മറയ്ക്കാൻ ഒരു ശ്രമം നടത്തി പറഞ്ഞു.

"എന്നെയല്ല പടത്തിൽ കിട്ടേണ്ടത്. എന്റെ ഈശോയെയാണ്."

പക്ഷേ, അതുയർത്തി തുടങ്ങിയതേയുള്ളൂ. അയാളുടെ ഉപകരണം അപ്പോഴേക്കും പ്രവർത്തിച്ചിരുന്നു. അതിനാലാണ് തെല്ലുയർത്തിപ്പി ടിച്ച കുരിശോടുകൂടി ആ ചിത്രം പുറത്തായത്.

എന്നാൽ അതൊരാരോപണമായി സഭാധികാരിയുടെ സവിധത്തിൽ ദുർബുദ്ധികൾ ബോധിപ്പിക്കുമെന്ന് ചിന്തിച്ചില്ല.

ഇതുപോലെ തന്നെയാണ് മുള്ളും കരണ്ടിയും ഉപയോഗിക്കുന്ന തിനെ പറ്റിയും. അതും വളരെ അപൂർവ്വമായേ ഉപയോഗിച്ചിട്ടുള്ളൂ. കയ്യിലെ മുറിവിലൂടെ നിലയ്ക്കാത്ത ചോരപ്രവാഹം ഉണ്ടായ ഒന്നു രണ്ടു വെള്ളിയാഴ്ചകളിൽ മാത്രം.

പക്ഷേ, സഭാതലവന്റെ ശാസനയക്കു മുമ്പിൽ അമ്മ മൗനം പൂണ്ടു. അദ്ദേഹത്തിന്റെ ധാരണകൾ തിരുത്താൻ യാതൊരു ന്യായവാദങ്ങളും നിരത്തിയുമില്ല. അപ്പോഴുള്ളിൽ തന്റെ നാമഹേതുകയായ ആവിലാ യിലെ അമ്മ ത്രേസ്യ ആയിരുന്നു. അവളും മുദ്രിതയായത് ധിക്കാരി, തന്റേടി, അഹങ്കാരി എന്നീ പേരുകളിൽ.

"ഉവ്വ് പിതാവേ, അവിടുന്നെന്റെ കർത്താവിന്റെ പ്രതിനിധിയാണ്. ഞാനനുസരിച്ചു കൊള്ളാം." അതു പറഞ്ഞമ്മ പടിയിറങ്ങിപ്പോയത് നേരെ പുത്തൻചിറയിലേക്ക്. കൂട്ടിൽപ്പെടുത്തിയ വാനമ്പാടിയെപ്പോലെ അവൾ മഠത്തിന്റെ അതിരുകളിൽ ഒതുങ്ങി. നാനാദേശത്തും തിരുക്കു ടുംബമഠത്തിന്റെ സേവനഹസ്തങ്ങൾ നീട്ടപ്പെട്ടിരുന്നു. അതിപ്പോൾ പിൻവലിക്കാൻ നിർബന്ധിതയായിരിക്കുന്നു. ചെമ്പൂക്കാവിൽ പോകേണ്ട അനിവാര്യത പല തവണയുണ്ടായിരുന്നു. പക്ഷേ, അനു സരണത്തിന്റെ നല്ല മകളാകാനായിരുന്നു ശ്രമം. അവരുടെ അർത്ഥന



കൾ ആത്മകർണ്ണങ്ങളിൽ മുഴങ്ങുന്നുണ്ടായിരുന്നു. അപ്പോഴെല്ലാം ക്രൂശി തരൂപത്തിൽ കെട്ടിപ്പിടിച്ച് പ്രാർത്ഥിക്കുകയായിരുന്നു.

"പെങ്ങളേ! പെങ്ങളേ!"

പൊടുന്നനെ ആ വിളി മുറ്റത്തു നിന്നുയർന്നു. നിറമിഴികളോടെ പിൻതിരുയുമ്പോൾ ആങ്ങളയുടെ വിഷാദമുഖം.

അമ്മ അറിഞ്ഞു; അപ്പനു സുഖക്കേടു കൂടിയിരിക്കുന്നു. കുറച്ചു കാലമായി ശയ്യാവലംബിയായിരുന്നല്ലോ. കന്യാസ്ത്രീകളെയും കൂട്ടി പല തവണ പോയി. അപ്പന്റെ അടുത്തിരുന്ന് വളരെ നേരം ശുശ്രൂഷി ച്ചു.

തളർവാതമാണ്. അരനൂറ്റാണ്ടിലേറെ ദീർഘിച്ച മദ്യസേവയുടെ പരി ണിതഫലം. പക്ഷേ, ഒരിക്കലും അപ്പനെ എതിർത്തിട്ടില്ല. എങ്കിലും വേദനയുണ്ടായിരുന്നു; ചങ്കു പൊട്ടുന്നത്ര വേദന. അപ്പന്റെ ശീലം ആങ്ങളയും തുടർന്നു. അവനെ പക്ഷേ, ഉപദേശിച്ചിട്ടുണ്ട്.

എങ്കിലും എല്ലാം നെഞ്ചിലമർത്തി സഹിച്ചു. ആത്മപിതാവിനയച്ച അമ്പത്തിയഞ്ചു കത്തുകളിൽ സ്വന്തം രക്തമായ ഇവർക്കുവേണ്ടി എഴു തിയതു ഒരു കത്തു മാത്രമാണെങ്കിലും ഉള്ളിൽ എപ്പോഴും അവരു ണ്ടായിരുന്നു. അവരുടെ മാനസാന്തരത്തിനുവേണ്ടിയുള്ള പ്രാർത്ഥന യുണ്ടായിരുന്നു.

അനേകം മദ്യപരെ നന്മയിലേക്കു തിരിച്ചുകൊണ്ടുവന്നിട്ടുണ്ട്. പക്ഷേ, ഇവരുടെ കാര്യത്തിൽ മാത്രം...! അമ്മ വിതുമ്പി. കന്യാസ്ത്രീ കളുമായി വേഗം തൊട്ടടുത്ത വീട്ടിലേക്കിറങ്ങി. അനുജത്തി, ഇറ്റ്യാന ത്തിന്റെ മകൾ സിസ്റ്റർ കൊച്ചുത്രേസ്യയും കൂടെയുണ്ട്.

അപ്പൻ മരണാസന്നനാണ്. പക്ഷേ, ബോധം മറഞ്ഞിട്ടില്ല. ഉറ്റവ രാണ് ചുറ്റും. എല്ലാവരേയും അമ്മ ഒന്നു നോക്കി. പിന്നെ അപ്പന്റെ കിടക്കയ്ക്കരികിൽ ഒരു കുരണ്ടിയിലിരുന്നു. എല്ലാക്കണ്ണുകളും ഈ അപൂർവ്വപുത്രിയിൽ.

മകൾ പതുക്കെ വിളിച്ചു.

"അപ്പച്ചാ...." ആദരവും സ്നേഹവും ആ പദത്തിൽ തുടിച്ചു.

"ങേ...!" ഒന്നു ഞരങ്ങി.

നരച്ച കണ്ണുകളിൽ മകൾ. വേഗം അതു തുളുമ്പിയൊഴുകി. തല ഇരുവശത്തേക്കും ആട്ടി.

www.malankaralibrary.com

www.malankaralibrary.com



മനസ്സു പ്രക്ഷുബ്ധമായിരുന്നു. പരിശുദ്ധമായ മകളുടെ ഹൃദയം ഇത്ര നാളും നോവിച്ചതോർത്തുള്ള ആത്മവിഭ്രമം. നിരാശക്കയത്തിലേക്ക് ആത്മാവ് താണുപോകുന്ന അനുഭവം.

"അപ്പച്ചാ ഒന്നും ഓർത്തു വിഷമിക്കേണ്ടാ. നമ്മളെല്ലാം ദൈവത്തിന്റെ തൃക്കൈകളിലെ ഓരോ ഉപകരണങ്ങൾ. നാമെല്ലാം ദൈവത്തിനു പ്രിയപ്പെട്ടവരാണപ്പച്ചാ."

ആശിച്ചതാണദ്ദേഹം കേട്ടത്. ഏതു ദുർവൃത്തിക്കാരനേയും സ്നേഹിക്കുന്നവനാണ് ദൈവം എന്ന സമാധാനവാക്യം. ഇരുട്ടു തിങ്ങിയ ആത്മാവിൽ അതൊരു പുതുതിരി തെളിച്ചു.

"ചിറി വരളുന്നു മോളേ... കുറച്ചു വെള്ളം..."

അമ്മ ഒരു കരണ്ടിയിൽ ജലമെടുത്തു. മറുകൈ താങ്ങി തല തെല്ലുയർത്തി. ജലം നാവിലിറ്റിച്ചു. അതു കുടിച്ചു. മകളുടെ കൈത്താങ്ങലിൽ തന്നെ ശിരസ്സൊരു വശത്തേക്കു ചരിഞ്ഞു. നിത്യസുഷുപ്തിയിലേക്കു ശരീരം വീണമർന്നു. ഒരു പുതിയ യാത്രയ്ക്കായി ആത്മാവ് സജ്ജമായി. അന്ന് 1919 ജൂൺ പതിനാറ്.

ഇപ്പോൾ മെത്രാച്ചന്റെ ഊരുവിലക്കിന് ഒന്നര കൊല്ലം തികഞ്ഞിരിക്കുന്നു. പീഡിതജനാവലി ഇപ്പോൾ അമ്മയെ കാണാൻ കൊതിച്ചു ഇവിടേക്കെത്തുകയാണ്. അമ്മ ദത്തെടുത്തിട്ടുള്ള അധഃകൃതചേരികൾ നിരവധിയുണ്ട്. അവിടെ നിന്നുയരുന്ന നിരാംലംബരുടെ നിലവിളികൾ അമ്മയ്ക്ക് കേൾക്കാം. പക്ഷേ, അമ്മയ്ക്കിവിടം വിട്ടുപോകാനാവില്ല.

വീണ്ടും ഒരു ദുഃഖവാർത്ത മഠത്തിലെത്തി.

'മേനാച്ചേരി തിരുമേനി മരണാസന്നൻ.' തൃശൂർ അരമനയിലാണദ്ദേഹം. അതിനാൽ പോയിക്കാണാൻ പറ്റുമോ? പുത്തൻചിറയുടെ അതിർത്തി ഭേദിച്ച് പോകരുതെന്നല്ലേ ആജ്ഞ!

പക്ഷേ, അങ്ങനെ ശങ്കിക്കാൻ ജ്ഞാനസമ്പുഷ്ടയായ അമ്മയ്ക്കാവില്ല. വിവേകം വിളഞ്ഞുകിടക്കുന്ന ബോധമാണത്. അതിനാൽ പോകാൻ തന്നെ തീരുമാനിച്ചു. ഒന്നരക്കൊല്ലങ്ങൾക്കുശേഷം അമ്മ ആദ്യമായി തൃശൂരിലേക്കു പോവുകയാണ്. കൂടെ സിസ്റ്റർ മെറ്റിൽഡായും.

അരമനയിലെത്തി. കിടക്കയിലമർന്ന ക്ഷീണപിതാവിനെ നോക്കി. ചുറ്റും പുരോഹിതന്മാരും കന്യാസ്ത്രീകളും കൂടി നിൽക്കുന്നു. പക്ഷേ,



അമ്മയെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖമുണർന്നു.

'ഇങ്ങടുത്തു വരൂ' എന്ന അർത്ഥത്തിൽ കൈ ഇളക്കി ചെറുതായി ആംഗ്യം കാട്ടി.

അമ്മ കിടക്കയ്ക്കു താഴെ മുട്ടുകളിലൂന്നി തൊഴുതു പറഞ്ഞു.

"പിതാവേ, ഞാൻ ഏതെങ്കിലും വിധത്തിൽ അങ്ങയെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കണമേ."

ആ വാക്കുകളിൽ ഒരു കുഞ്ഞിന്റെ നിഷ്കളങ്കത. അതുകേട്ടു മെത്രാച്ചന്റെ കണ്ണുകൾ നിറഞ്ഞു. അങ്ങനൊരു ദൃശ്യം ഈ ഗംഭീരനിൽ ആദ്യമായി കാണുകയാണേവരും. എന്നിട്ടു ക്ലേശത്തോടെ വലതുകരം ഉയർത്തി തിരുക്കുടുംബസ്ഥാപകയെ അനുഗ്രഹിച്ചു. ആ അനുഗ്രഹത്തിൽ മുമ്പു മുറുക്കിയ വിലക്കുകൾ അഴിച്ചുമാറ്റുകയായിരുന്നില്ലേ.

അമ്മയുടെ വിടവാങ്ങൽ ഹൃദയഭേദകമായിരുന്നു. നേരെ പോയത് ചെമ്പുക്കാവിലേക്ക്. അവിടെയും ഒന്നരക്കൊല്ലത്തിനു ശേഷമുള്ള ആദ്യസംഗമം. പക്ഷേ, അമ്മ നേരെ ചെന്നു കയറിയത് അവിടുത്തെ പ്രാർത്ഥനാലയത്തിൽ. അവിടെയുള്ള എല്ലാവരേയും പ്രാർത്ഥിക്കാൻ വിളിച്ചുകൂട്ടി. ദീർഘയാത്രയുടെ ക്ഷീണവും പൈദാഹവും ആ ധ്യാനത്തിനു തടസ്സമായില്ല. മുട്ടുകുത്തി ഇരുകരങ്ങളും നീട്ടിവിരിച്ചുള്ള പ്രാർത്ഥന. യാമങ്ങൾ പലതുകടന്നു. ഉടൻ അമ്മയുടെ ഉള്ളിൽ ഒരുറച്ച തോന്നൽ. വേഗം കണ്ണുകൾ തുറന്നു. പ്രാർത്ഥനാനിരതരായ അർത്ഥിനികളുടെ മുമ്പിൽ നിന്ന് ആ തോന്നൽ അമ്മ സധൈര്യം ഉറക്കെപ്പറഞ്ഞു.

"മക്കളേ, നമ്മുടെ പിതാവ് മരിച്ചു."

അവർ ആശ്ചര്യഭരിതരായി. ചിലർ പക്ഷേ, ശങ്കിച്ചു. നിമിഷങ്ങൾ അഞ്ചുമാത്രം കടന്നതേയുള്ളൂ. ഉടൻ തുടരെയുള്ള ആചാരവെടികളുടെ ഗംഭീരസ്വരം ഉയർന്നു. ഓട്ടുമണികളുടെ നിരന്തരമായ മുഴക്കമുള്ള തേങ്ങലും. എല്ലാവരും പുറത്തേക്കു പാഞ്ഞു. അവയുടെ ഉൽഭവസ്ഥാനത്തിനു കാതോർത്തു.

അത്ഭുതം...!

മണിയടി തൃശൂർ അരമനയിൽ നിന്നും തന്നെ! ഉടൻ അരമനയിൽ നിന്നും ആളുകൾ മഠത്തിലേക്ക് ഓടിയെത്തി. അവരുടെ ഗദ്ഗദങ്ങളുയർന്നു.

"മേനാച്ചേരി പിതാവ് കാലം ചെയ്തു."

www.malankaralibrary.com

www.malankaralibrary.com

# മുപ്പത്തിമൂന്ന്

ഹൃദയം അറുത്തു മാറ്റുന്നതു പോലുള്ള നോവായിരുന്നു അപ്പോൾ. ദീർഘകാലത്തെ അപേക്ഷകൾക്കുശേഷം അനുവദിച്ചു കിട്ടിയ ഏകാന്തഭവനത്തോടാണ് വിട പറയുന്നത്. അതിന്റെ ഓരോ കല്ലും ബലപ്പെട്ടിരിക്കുന്നത് കുമ്മായപ്പശയാലല്ല. തന്റെ അദ്ധ്വാനവേർപ്പും ത്യാഗരക്തവും കൊണ്ടാണ്.

എന്നാൽ ആത്മതാതന്റെ നിർദ്ദേശമാണത്.

എങ്കിലും പലരും വന്നു ചോദിച്ചു.

"പുത്തൻചിറ മഠം അടച്ചു പൂട്ടുന്നതെന്തിനാ?" അവരോടു വളരെ ലളിതമായി പറഞ്ഞു.

"ഇവിടെ സൗകര്യം പോരാ. കുഴിക്കാട്ടുശ്ശേരിയിൽ കൂടുതൽ പേർക്കു കഴിയാനുള്ള സൗകര്യങ്ങളുണ്ട്."

"ഈ രണ്ടു മഠങ്ങളും ഒരുപോലെ നടത്തിക്കൊണ്ടുപോകുന്നതല്ലേ അമ്മേ, നല്ലത്. അപ്പോൾ രണ്ടു ദേശക്കാർക്കും അതിന്റെ നന്മകൾ കിട്ടുമല്ലോ."

അതിനെന്തുത്തരം കൊടുക്കും. അവരുടെ വാദം ശരിയല്ലേ. പക്ഷേ, തനിക്കും ജ്ഞാനതാതനും മാത്രമറിയാവുന്ന ഒരു രഹസ്യമുണ്ട്. പുത്തൻചിറമഠം തന്റെ ഏകാന്തഭവനമാണ്. പ്രാണബന്ധിതമാണ്. പക്ഷേ, അതടച്ചുപൂട്ടാൻ വിതയത്തിലച്ചൻ ശഠിക്കുന്നു. അതിനു വ്യക്തമായ കാരണമുണ്ടു താനും.

പുത്തൻചിറ വാസികളോട് കടുത്ത നീരസത്തിനു കാരണമായ രണ്ടു സംഭവങ്ങൾ അദ്ദേഹത്തിനനുഭവമുണ്ട്. പുത്തൻചിറ മഠത്തിന്റെ വിപുലീകരണത്തിനു കിട്ടിയ സ്ഥലം രണ്ടു ദുഷ്ടന്മാർ അവരുടെ പേരിൽ എഴുതി സ്വന്തമാക്കിയതാണ് ഒരു സംഭവം. എല്ലാം വിറ്റു തുലച്ച് ഇവിടെനിന്നും ദൂരെപ്പോകാൻ അന്നേ അദ്ദേഹം തുനിഞ്ഞതാണ്. എങ്കിലും തന്റെ അപേക്ഷകളുടെ മുമ്പിൽ അദ്ദേഹം തീരുമാനം മാറ്റുകയായിരുന്നു.

ഇപ്പോൾ മറ്റൊരു 'മാന്യൻ' മഠത്തിൽ കയറി വന്നു നിരന്തരം ശണ്ഠ



യുണ്ടാക്കുന്നു. നാട്ടാരുടെ മുമ്പിൽ ദുഷ്പ്രചരണം അഴിച്ചുവിടുന്നു. കാരണം തൈരി എന്ന പകർച്ചദീനക്കാരിയെ മഠത്തിൽ പാർപ്പിച്ചതാണ്. അതയാളുടെ ബന്ധുക്കളായ സന്യാസിനികളിലേക്കു പകരുമത്രേ. അതനാൽ ആ പുലയിയെ അവിടുന്നിറക്കി വിടുന്നതുവരെ അയാൾ വഴക്കുണ്ടാക്കുമത്രേ.

പക്ഷേ, ആ പുലയിയുടെ ദൈന്യത കണ്ടാൽ അവരെ അവിടെ നിന്നിറക്കി വിടാൻ തോന്നുമോ. ചോർന്നൊലിക്കുന്ന കുടിലിൽ അവൾ ഒറ്റയ്ക്കായിരുന്നു. കൂടെപ്പിറപ്പുകൾ പോലും അവളെ ഉപേക്ഷിച്ചു പോയി. അത്ര ഭയാനകമായിരുന്നു അവളുടെ ദീനം. ഇരു കാലുകളിലും പഴുത്തുപൊട്ടിയ വ്രണം. പുഴുക്കൾ നുരയ്ക്കുന്ന ചീഞ്ഞളിഞ്ഞ വ്രണങ്ങൾക്ക് ദുസ്സഹനാറ്റം.

കുടിലിന്റെ മുറ്റത്തെത്തിയപ്പോഴേക്കും അമ്മ അതനുഭവിച്ചു. മൂക്കു പൊത്തിപ്പോയി. എങ്കിലും ചാളയ്ക്കുള്ളിലേക്കു കയറാൻ തന്നെയായിരുന്നു അമ്മയുടെ ഭാവം. അതറിഞ്ഞു തൈരി പിടഞ്ഞെണീറ്റു. നിൽക്കാൻപോലും വയ്യാത്ത തൈരി ഓടാൻ വെമ്പി. അപ്പോഴേക്കും അമ്മയുടെ കരവള്ളികൾ അവളെ ചുറ്റിപ്പിടിച്ചു.

"യ്യോ! യ്യോ!" തൈരിയുടെ പരിഭ്രമാക്രന്ദനം.

"ഇവിടെ വന്നിരിക്ക്. തൈരിയെകാണാനാണ് ഞങ്ങൾ വന്നത്."

ത്രേസ്യായുടെ വാക്കുകൾ, പക്ഷേ, അവളെ സ്വസ്ഥയാക്കിയില്ല.അവൾ ഇരുകൈകളും മുന്നോട്ടു നീട്ടി ആംഗ്യം കാട്ടി വിലക്കി.

"വേണ്ടാ തമ്പാട്ടീ... അട്യന്റെ അടുത്തോട്ടു വര്ല്ലേ അട്യനെ നാറും. ഇതു പകരുന്ന ദീനമാണേ..."

എന്നാൽ അവൾ അമ്മയുടെ മുമ്പിൽ പുനരവതരിച്ച ഈശോയായിരുന്നു. തൈരിയുടെ പുൽമാടം ഈശോ പിറന്ന കാലിത്തൊഴുത്തായിരുന്നു. തൈരിയുടെ രോദനം കാൽവരിയിൽ മുഴങ്ങിയ വിലാപമായിരുന്നു. ചാട്ടയടിയേറ്റു മാംസം പറിഞ്ഞ് തകർന്ന ദിവ്യനാഥന്റെ തിരുശരീരമായിരുന്നു അമ്മയ്ക്ക് ആ പുലയിയുടെ വ്രണിതദേഹം.

തൈരിയുടെ കണ്ണുനീർ അമ്മ തുടച്ചു. നിരാശയുടെ ചെളിക്കുണ്ടിൽ വീണുകിടന്ന തൈരി അപ്പോഴും പ്രാകിക്കരഞ്ഞു.

"ഏനൊന്നു ചത്താമതി തമ്പാട്ടീ... ഏനീ തുരിതം തകിക്കാൻ മേലായേ...."

തൈരിയുടെ ദുരിതജീവിതത്തെപ്പറ്റി അമ്മ ആരാഞ്ഞു. ഇതു പക

www.malankaralibrary.com

www.malankaralibrary.com



രുന്ന കുഷ്ഠമാണത്രേ. ഉറ്റവർ പോലും അവളെ ഒറ്റയ്ക്കാക്കി പലായനം ചെയ്തത്രേ. തുള്ളി വെള്ളം ഇറ്റിക്കാൻപോലും ആരുമില്ല. ജീവിതം അവൾക്കിന്ന് വെറുക്കാനും പ്രാകാനുമുള്ളതാണ്. കാരണം ഈ പ്രാണവേദനയും ഏകാന്തതയും പട്ടിണിയും സഹനപരിധിക്കും അപ്പുറമായിരുന്നു.

കറുത്തുണങ്ങിയ അവളുടെ വിറയാർന്ന കൈകൾ ചേർത്തുപിടിച്ച് അമ്മ ആശ്വസിപ്പിച്ചു.

"അങ്ങനെ പറയല്ലേ തൈരീ. നീ ദൈവത്തിന്റെ പൊന്നുമോളാണ്. നിന്നെ എനിക്കു വേണം."

തൈരിയുടെ കരച്ചിൽ അപ്പോഴും അലയടിച്ചു. ആഹ്ലാദസമൃദ്ധിയുടെ വികാരതരംഗമായ കരിച്ചിൽ.

"കുറച്ചു വെള്ളം വേണം." കൂടെയുള്ള കന്യാസ്ത്രീകളോട് അമ്മ നിർദ്ദേശിച്ചു.

ജലം കോരുന്ന പാളയുമായി അവർ കുളത്തിനരികിലേക്കു പോയി.

മുറ്റത്തു വച്ച് കുരണ്ടിമേൽ തൈരിയെ അമ്മ ഇരുത്തി. കുളിർജലം അവളുടെ അഴുക്കുമെയ്യിലൂടെ പതുക്കെ ഒഴിച്ചു. ചെളിപൂണ്ട അവളുടെ ദേഹം അമ്മ തിരുമ്മിക്കഴുകി. വ്രണിതഭാഗങ്ങളിൽ നോവറിയാത്ത വിധം ജലം പകർന്നു. ചീഞ്ഞുനാറുന്ന കാലുകൾ മുന്നോട്ടു നീട്ടി വച്ചു. സ്വന്തം തൂവാലയാൽ ഒലിച്ചിറങ്ങുന്ന ചലവും ചോരയും തുടച്ചു. അതിസൂക്ഷ്മതയോടെ വ്രണങ്ങൾ ഒപ്പി. വ്രണക്കുഴികളിൽ നുരയ്ക്കുന്ന പുഴുക്കളെ തോണ്ടിയെറിഞ്ഞു. കാലുകൾ ഉണങ്ങാനായി കുറേ നേരം വീശി.

കരുണയുടെ തലോടലിൽ പുലയി വേദനയെല്ലാം മറന്നു. നിർവൃതിയോടെ അവൾ തെരക്കി.

"തമ്പാട്ടീ... തമ്പാട്ടീ ഏതാ? എവ്ടുന്നു വരുവാ?" വിണ്ണിൽ നിന്നും അവശരുടെ നടുവിലേക്ക് ദൈവം അയച്ച മാലാഖാണ് എന്ന മറുമൊഴിയാവും അവളുടെ പ്രതീക്ഷ. എന്നാൽ കേട്ടതിങ്ങനെ.

"ഞാൻ തൈരിയുടെ സഹോദരിയാണ്. തൈരിയെ മഠത്തിലേക്കു കൂട്ടിക്കൊണ്ടു പോകാൻ വന്ന സഹോദരി."

ഇവളെയാണിപ്പോൾ അടിച്ചിറക്കണമെന്ന് പ്രമാണി ആജ്ഞാപിക്കുന്നത്. അതിനാൽ വിതയത്തിലച്ചനു കടുത്ത തീരുമാനം കൈക്കൊള്ളേണ്ടി വന്നു.



ഇത്തവണ ആത്മതാതനോട് അരുതേ എന്നപേക്ഷിച്ചില്ല. പകരം അദ്ദേഹത്തോടൊപ്പം ഉറച്ചു നിന്നു. ദൈവം ഇച്ഛിക്കുമെങ്കിൽ പുത്തൻചിറ മഠത്തിൽ എന്നെങ്കിലും പുനഃപ്രവേശം നടത്താമെന്ന പ്രതീക്ഷയോടെ അമ്മ പടിയിറങ്ങി. മുപ്പത്തിമൂന്നു കന്യാസ്ത്രീകളും പത്ത് അനാഥക്കുഞ്ഞുങ്ങളുമായി.

കുഴിക്കാട്ടുശ്ശേരി മഠം ആശീർവ്വദിച്ചത് ആത്മതാതൻ തന്നെ. ഉറങ്ങിക്കിടന്ന കുഗ്രാമത്തിൽ അതൊരു ദീപസ്തംഭമായി എരിഞ്ഞുതുടങ്ങി. ബാലാരിഷ്ടതകളിൽ നിന്നും ദൈവം തമ്പുരാൻ ഈ സഭയെ ഒരു നവോന്മേഷത്തിലേക്ക് ആനയിക്കുകയാണ്. ഇപ്പോൾ തൃശൂരിലും ഒരു മഠത്തിനാവശ്യമായ ഭൂമി സ്വായത്തമായിരിക്കുന്നു ചെമ്പൂക്കാവിൽത്തന്നെ. അതോടെ അവിടുത്തെ വാടകക്കെട്ടിടം വേണ്ടെന്നു വച്ചു.

മറ്റൊരനുഗ്രഹം കൂടിയുണ്ടായി. ആത്മപിതാവിന്റെ സന്തതസാമീപ്യം. പുത്തൻചിറയോടു വിടപറഞ്ഞപ്പോൾ അമ്മയെ വേദനിപ്പിച്ചത് ആത്മതാതിനൽ നിന്നുള്ള അകൽച്ചയായിരുന്നു വെറും രണ്ടു പറമ്പിന്റെ ദൂരത്തിലാണിരുവരും. ഇരുപത് വത്സരങ്ങൾ കഴിഞ്ഞത്. പെട്ടെന്നതു പുത്തൻചിറയിലും കുഴിക്കാട്ടുശ്ശേരിയിലുമായി അകറ്റപ്പെടുന്നത് എത്രമേൽ സങ്കടകരം. പക്ഷേ, ദൈവം കരുണാമയനല്ലയോ!

പുത്തൻചിറപള്ളിയിലെ ഇരുപതു വർഷങ്ങളുടെ വികാരിസ്ഥാനത്തുനിന്നും അമ്പത്തെട്ടാം വയസ്സിൽ അദ്ദേഹം വിരമിച്ചിരിക്കുന്നു. പകരം മറ്റൊരു ദേവാലയത്തിലേക്കു സ്വാഭാവികമായും അദ്ദേഹം നിയമിതനാകാം. പക്ഷേ, അപൂർവ്വാനുഭവങ്ങളുടെ ആ പുരുഷായുസ്സിൽ അതുണ്ടായില്ല. പുതിയ രൂപതാദ്ധ്യക്ഷൻ ഫ്രാൻസിസ് വാഴപ്പിള്ളിത്തിരുമേനി ദൈവാത്മപ്രേരിതനായി കല്പിച്ചത് മറ്റൊന്ന്, 'കുഴിക്കാട്ടുശ്ശേരി മഠാങ്കണത്തിലെ വസതിയിൽ' കപ്ലോൻ അച്ചനായി താമസിച്ചു സേവനം ചെയ്യുക.

സഹ വൈദികരെപ്പോലും ഭ്രമിപ്പിച്ച ഒരു ഉത്തരവായിരുന്നു ഇത്. തിരുക്കുടുംബസന്യാസിനി സഭയുടെ വ്യതിരിക്തമായ വ്യക്തിത്വം സഭ മുഴുവൻ അംഗീകരിച്ചാദരിക്കുകയായിരുന്നു, ഈ നിയമനം വഴി.

എന്നാൽ സേവനത്തിന്റെ ഈ മാലാഖമാർ പുത്തൻചിറിയലും കുഴിക്കാട്ടുശ്ശേരിയിലും ചെമ്പൂക്കാവിലും മാത്രം തത്തിപ്പറന്നാൽ മതിയോ? അയൽദേശത്തുള്ള പലരും അങ്ങനെ ചിന്തിച്ചു. ചിറകുവിരിച്ചു പറന്ന് ദേശാന്തരയാത്ര ചെയ്യാൻ അവർക്കനുകൂലസാഹചര്യം ഒരുക്കിക്കൊ

www.malankaralibrary.com

www.malankaralibrary.com


ടുക്കുക. അതിലായിരുന്നു അവരുടെ ഉത്സാഹം.

അങ്ങനൊരാൾ തുമ്പൂരിൽ നിന്നെത്തി. വെളിയനാടു ഇടവകയിൽപ്പെട്ട തെക്കേക്കര പറോക്കാരൻ കുഞ്ഞുവറീത്. അദ്ദേഹത്തിനു തുമ്പൂരിൽ നാലേക്കർ ഭൂമിയുണ്ട്. അമ്മയ്ക്കതു ദാനം ചെയ്യാനാണദ്ദേഹത്തിന്റെ ആഗ്രഹം. മറ്റു പല സന്യാസസഭകളും പറോക്കാരനെ കണ്ട് ആ പറമ്പ് ആവശ്യപ്പെട്ടതാണ്. പക്ഷേ, അവരോടെല്ലാം പറോക്കാരൻ വിനീതനായിപ്പറഞ്ഞു.

"ഇതു ഞാൻ മനസ്സുകൊണ്ടു തിരുക്കുടുംബമഠത്തിനു പണ്ടേ കൊടുത്തുകഴിഞ്ഞു."

ശരിയാണോ പറഞ്ഞത്. ഈ ദാനവാർത്തയുമായി അഞ്ചു വർഷം മുമ്പ് അദ്ദേഹം അമ്മയെ വന്നു കണ്ടിരുന്നു. പക്ഷേ, അന്ന് കുഴിക്കാട്ടുശ്ശേരിയിലെ നിർമ്മാണപ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുകയായിരുന്നു അമ്മ. "ദൈവം അവസരം തരട്ടെ. അപ്പോൾ സ്വീകരിക്കാം." അന്ന് അമ്മ പറഞ്ഞു.

അതു കഴിഞ്ഞാണ് മറ്റു പലരും ആ ഭൂമി ആവശ്യപ്പെട്ടു ചെന്നത്.

എന്നാലിപ്പോൾ ഈ ദാനം സസന്തോഷം സ്വീകരിക്കുകയാണ് അമ്മയും വിതയത്തിലച്ചനും. നിർമ്മാണച്ചെലവായി നാലായിരം രൂപയും പറോക്കാരൻ മഠത്തിലേൽപ്പിച്ചു.

ഇനി പണി തുടങ്ങണം. അതിനുള്ള അനുവാദം അരമനയിൽ നിന്നു കിട്ടി. ഇതു വരെ സ്ഥാപിച്ച എല്ലാ തിരുക്കുടുംബമഠങ്ങളോടനുബന്ധിച്ചും പള്ളിക്കൂടം ഉണ്ട്. അതിനാൽ തുമ്പൂർ മഠത്തിനോടു ചേർന്നും ഒരു വിദ്യാലയം ഉണ്ടാവണം. ഈ ലക്ഷ്യത്തോടെ പണിയാരംഭിച്ചു. പണിയിൽ പറോക്കാരന്റെ ഇടപെടൽ വളരെ സഹായകമായി. എങ്കിലും അമ്മ എന്നും കുഴിക്കാട്ടുശ്ശേരിയിൽ നിന്നും ഇവിടെത്തും. കൂടെ കൊച്ചുത്രേസ്യയെയാണ് മിക്കവാറും കൊണ്ടുവരാറ്. സ്വന്തം അനുജത്തിയായ ഇറ്റ്യാനത്തിന്റെ മകളല്ലേ.

അത്യദ്ധ്വാനത്തിന്റെ രണ്ടുകൊല്ലങ്ങൾ വീണ്ടും പിന്നിടുകയാണ്. മഠവും പള്ളിക്കൂടവും അവസാനമിനുക്കു വേലകളിലാണ്. പണിക്കാരോടുകൂടി എന്നും വേല ചെയ്യുകയാണമ്മ. പൊരിയുന്ന വെയിലാണ്. കലശലായ ദാഹവും അരികിൽ നിന്ന കൊച്ചു ത്രേസ്യയോട് അമ്മ പറഞ്ഞു.

"കുടിക്കാൻ കുറച്ചു വെള്ളം താ കൊച്ചുപെണ്ണേ." അങ്ങനെയൊണ്



കൊച്ചുത്രേസ്യയെ വിളിക്കുക. ഉടൻ കൊച്ചുത്രേസ്യ കയറുകെട്ടിയ പാളയുമായി കിണറ്റരികിലേക്കോടി. വെള്ളം വലിച്ചു കരപ്പറ്റിക്കാൻ ഇത്തിരി വൈകി. പക്ഷേ, കാത്തിരിക്കാൻ അമ്മയ്ക്കു കഴിഞ്ഞില്ല. അമ്മ ചുറ്റും പരതി. പറമ്പിലൊരു പാത്രത്തിൽ കുറച്ചു വെള്ളം കണ്ടു. കലങ്ങിയ മട്ടുണ്ട്. ചളിവെള്ളമാണോ അല്ലയോ എന്നൊന്നും വിവേചിച്ചില്ല. വേഗം കുനിഞ്ഞ് കൈക്കുമ്പിളിൽ മൂന്നുവട്ടം കോരിക്കുടിച്ചു.

അപ്പോഴേക്കും നല്ല തെളിവെള്ളവുമായി കൊച്ചുത്രേസ്യ മുമ്പിലെത്തി. അവൾ ചോദിച്ചു.

"എന്തിനാ ചേട്ടത്തീ ഈ അഴുക്കുവെള്ളം കുടിച്ചത്. !"

അനുജത്തി ഇറ്റ്യാനം മരിക്കുംവരെ അമ്മയെ വിളിച്ചിരുന്നതു ചേട്ടത്തീ എന്നാണ്. അതേ പേരു തന്നെയാണ് ഇറ്റ്യാനത്തിന്റെ ഈ മകളും വിളിക്കുന്നത്.

"വയറ്റിൽ ഭയങ്കര വേദനയും എരിച്ചിലുമായിരുന്നു. കാത്തിരിക്കാൻ തീരെ വയ്യാതായിപ്പോയി മോളെ."

"വയറ്റിൽ വേദന വരാൻ എന്താ ചേട്ടത്തി കാരണം?" അമ്മ ആ രഹസ്യം പറഞ്ഞു.

"എന്റെ മുള്ളരഞ്ഞാണം കാണാനാവാത്തവിധം വർഷങ്ങളായി മാംസത്തിൽ പൂണ്ടുകിടക്കുകയായിരുന്നു. ഇപ്പോഴതു പുറത്തു കാണത്തക്കവിധം മാംസത്തിനു വെളിയിലേക്കു വരുന്നു. അതുകൊണ്ട് മാംസം തുളഞ്ഞുകീറി ഭയങ്കര വേദനയാ?"

ചെറുപ്പം മുതൽ അരയിൽക്കെട്ടിയ മുള്ളരഞ്ഞാണമാണ്. അത് അരയിൽ തുളഞ്ഞു കയറി. ചുറ്റും പഴുത്തു കാണാനാവാത്തവിധം അതുള്ളിൽ പുതഞ്ഞുപോയി. അമ്മയെ കുളിപ്പിച്ചിരുന്ന കരാഞ്ചിറയിൽ നിന്നുള്ള വേലക്കാരി ഈ രഹസ്യം പരസ്യമാക്കിയിട്ടുണ്ട്. എന്നാൽ അതിപ്പോൾ മാംസത്തിനു പുറത്തേക്ക് തെളിഞ്ഞു വരുന്നുവത്രേ.

വേദനയിൽ പുളഞ്ഞ് പരമരഹസ്യമായി അമ്മ പറഞ്ഞു.

"എനിക്കിനി അധികദിവസമൊന്നും ഉണ്ടാവില്ല മോളേ." കൊച്ചുത്രേസ്യ ഇടിവെട്ടേറ്റപോലെ നിന്നുപോയി. അവളുടെ ഉള്ളിൽ കൂരിരുൾ തിങ്ങി. സ്വന്തം അമ്മ മരിച്ചതിനുശേഷം അവളുടെ സർവ്വസ്വവും ഈ ചേട്ടത്തിയമ്മയാണ്. അകാലത്തിൽ മരിച്ചുപോയ പെറ്റമ്മയുടെ ആത്മാവ് മൂന്നു ദിവസം മാത്രം ശുദ്ധീകരണസ്ഥലത്തു തങ്ങിയശേഷം സ്വർഗ്ഗത്തിലേക്കു കരേറി എന്ന് പറഞ്ഞുതന്നതും ഈ അമ്മ!

www.malankaralibrary.com

www.malankaralibrary.com



നിറകണ്ണുകളോടെ അവൾ ചോദിച്ചു.

"എന്താ അമ്മേ ഇങ്ങനെ.....?"

"ഈ മുള്ളരഞ്ഞാണം അനേകവർഷങ്ങൾക്കുശേഷം ഇപ്പോൾ പുറത്തു വന്നത് അതിന്റെ സൂചനയാണെന്നു തോന്നുന്നു."

അമ്മയുടെ പ്രവചനങ്ങളൊന്നും പിഴച്ചിട്ടില്ല. അതിനാൽ കൊച്ചുത്രേസ്യ ഭയന്നു. സായാഹ്നത്തിലെ സൂര്യാസ്തമനം അവൾക്കു സഹിക്കാം. പക്ഷേ, അതു മദ്ധ്യാഹ്നത്തിലായാലോ. 'ദൈവമേ, അമ്മയ്ക്കൊരാപത്തും വരുത്തല്ലേ,' അവൾ ഒരായിരം വട്ടം പ്രാർത്ഥിച്ചു.

ദിവസങ്ങൾക്കുള്ളിൽ പണി പൂർത്തിയായി. ഇനി വേണ്ടത് മഠത്തിന്റെ കൂദാശയ്ക്കു വേണ്ടിയുള്ള മെത്രാച്ചന്റെ അനുമതി. അതിനു തൃശൂരിലേക്കു തിരിക്കുംമുമ്പ് ജ്ഞാനതാതനോട് അമ്മ ഒരു പ്രധാന കാര്യം ഉണർത്തിച്ചു.

"പിതാവേ, ഇനിയെങ്കിലും എനിക്ക് ഈ ശ്രേഷ്ഠത്തിസ്ഥാനത്തു നിന്നും വിടുതൽ തരണേ."

ഈ ആവശ്യം അദ്ദേഹത്തിന്റെ മുമ്പിൽ അമ്മ ആദ്യമായല്ല സമർപ്പിക്കുന്നത്. ശ്രേഷ്ഠത്തിയായി ഒന്നു രണ്ടു കൊല്ലം പിന്നിട്ടപ്പോൾ മുതൽ തുടങ്ങിയ അപേക്ഷയാണ്.

ഒരു വ്യാഴവട്ടക്കാലം ശ്രേഷ്ഠത്തിയായിക്കഴിഞ്ഞു. ദേഹപീഡകളുടെ ആധിക്യത്തിലാണെങ്കിലും സഭയുടെ കരുത്തുറ്റ അമരക്കാരിയായി വർത്തിച്ചു. പക്ഷേ, സ്ഥാനമാനങ്ങളോട് കടുത്ത വെറുപ്പായിരുന്നു. ചെറുപ്പം മുതൽ എല്ലാവരേയും മുന്നിൽ നിർത്തി പിൻനിരയിലേക്കു മാറി ഒരു കരുണ്ടിയിൽ താണിരുന്ന് ഭജനം നോക്കാനാണിനി ആഗ്രഹം.

വയസ് അമ്പതേ ആയിട്ടുള്ളൂ. ഇനിയും ഈ പദത്തിൽ എത്ര കാലം വേണമെങ്കിലും തുടരാൻ നിയമതടസ്സങ്ങളൊന്നുമില്ല. എങ്കിലും മതി, മതി എന്ന് ഉള്ളിൽ നിരന്തരമായ സ്വരം.

ഈ മനോഗതിയുടെ പൊരുൾ കപ്ലോനച്ചനറിയാം. അതിനാൽ ഇത്തവണ എതിർത്തില്ല.

"ഞാനിക്കാര്യവും മെത്രാച്ചനെ ബോധിപ്പിക്കാം. അനുവദിച്ചാൽ തുമ്പൂർ മഠത്തിന്റെ കൂദാശയും നമ്മുടെ സഭയുടെ തെരഞ്ഞെടുപ്പും ഒരു ദിവസം നടത്താം. എന്താ? "

"എല്ലാം പിതാവിന്റെ ആലോചന പോലെയാവട്ടെ."

# മുപ്പത്തിനാല്

തുമ്പൂർ തിരുഹൃദയമഠാങ്കണത്തിലെ പള്ളിയിൽ ജനം നിറഞ്ഞു. ദിവ്യബലിക്കിടയിൽ നടത്തപ്പെടുന്നതു രണ്ടു പ്രധാനകർമ്മങ്ങൾ. പുതിയ മഠത്തിന്റെ കൂദാശയും നിത്യവ്രതവാഗ്ദാനവും. സഭാവസ്ത്രം കൈക്കൊള്ളാനുള്ള ഏഴു നവസന്യാസിനികൾ മുൻനിരയിലുണ്ട്. തലമുണ്ടു സ്വീകരിക്കാനുള്ള ആറ് അർത്ഥിനികളും.

കാർമ്മികൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളി. അദ്ദേഹം വില്ലുവണ്ടിയിലെത്തി, ജനാവലിയുടെ നടുവിലൂടെ ഞെരിഞ്ഞു നടന്ന് സ്ഥാനവസ്ത്രഭൂഷിതനായി മദ്ബഹായിൽ നിന്നു. എന്നാൽ എല്ലാവരുടേയും കണ്ണുകൾ അമ്മയിലാണ്. ദിവ്യാത്ഭുതങ്ങളുടെ വിളനിലമായ അമ്മയിൽ. ഇരുളിൽ വെളിച്ചമായി സ്വയം ഉരുകിത്തീരുന്ന മെഴുകുതിരിയാണവർക്ക് അമ്മ. മദ്ബഹായുടെ താഴെയാണ് അമ്മ നിൽക്കുന്നത്. പുരോഹിതരും കന്യാസ്ത്രീകളും അവിടെ നിരന്നു. അതായത് ഹൈക്കലായിൽ. ആരുടേയും കണ്ണിൽപ്പെടാതിരിക്കാൻ കഴിയുന്നിടത്തോളം ഒതുങ്ങി ഭിത്തിയ്ക്കരികിലേക്കു നീങ്ങിനിൽക്കുകയാണമ്മ. തൊട്ടുപിന്നിൽ തടിയിൽ തീർത്ത കനത്തവേലി. പൊതുസ്ഥലവും ഹൈക്കലായും തമ്മിലുള്ള വേർതിരിവ്. ജനത്തിന്റെ തള്ളിൽ നിന്നും രക്ഷപ്പെടാൻ അതുപകാരമായി. അപൂർവ്വ കർമ്മങ്ങൽ അടുത്തു കാണാനാണാളുകൾക്കുത്സാഹം. മുറ്റത്തുള്ളവർ കൂടി തള്ളിക്കയറിയതോടെ പള്ളിയിൽ ബഹളം. കന്യാസ്ത്രീകളുടെ ആലാപനത്തിനും മീതെ ജനാരവം ഉയർന്നു. ശക്തമായ തള്ളലിൽ കനത്ത മരത്തിന്റെ അതിർവേലിപോലും ഇളകിയാടി. പിന്നിലെ മുട്ടാളന്മാരുടെ ശക്തമായ തള്ളലിൽ കനത്ത വേലിയുടെ ഒരു ഭാഗം ഭയങ്കരഭേരിയോടെ ഒടിഞ്ഞു. നിലതെറ്റിയ മുൻനിരക്കാർ ഹൈക്കലായിലെ കന്യാസ്ത്രീകളിലേക്കു മറിഞ്ഞു. നാലഞ്ചു കന്യാസ്ത്രീകൾ നിലംപറ്റി. അവരിൽ സിസ്റ്റർ പീയൂസാ വേലിത്തടിയുമായി നിപതിച്ചത് അമ്മയുടെ ചുമലിൽ. ഒടിഞ്ഞു കീറിയ തടിയുടെ കൂർപ്പ് അമ്മയുടെ കാലിൽ കുത്തിക്കയറി. കൂടെ നിന്നവർ ആർത്തലച്ചു.

"യ്യോ! അമ്മ!!"

www.malankaralibrary.com

www.malankaralibrary.com



ഉടൻ പ്രാർത്ഥന നിലച്ചു. ഭക്തിഗീതം നിന്നു. മെത്രാച്ചൻ പോലും സ്തബ്ധനായി. കന്യാസ്ത്രീകൾ ഓടിക്കൂടി. നിലത്തുനിന്നും അമ്മയെ താങ്ങിയെടുത്തു കസേരയിലിരുത്തി. ചോര അവരിൽ പടർന്നു. അമ്മയുടെ കുപ്പായത്തിലും, ബോധം മറഞ്ഞിട്ടില്ല. എങ്കിലും ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു. വേഗം തുണിക്കീറി അവർ മുറിവുകെട്ടി. കാൽ തെല്ലുയർത്തി ഒരു നാൽക്കാലിമേൽ വച്ചു. കുറച്ചു ജലം കുടിപ്പിച്ചു.

"സാരമില്ല. ഞാനിവിടിരുന്നോളാം." അസഹ്യവേദന കടിച്ചമർത്തി അമ്മ പറഞ്ഞു. തീരാവ്യഥകളുടെ രണഭൂമിയിലൂടെ മുറിവേറ്റു വന്ന പോരാളിക്ക് ഈ നൊമ്പരവും സഹിക്കാം. ചങ്കുപോലും കുത്തിക്കീറി വേദനയുടെ പരകോടിയിലെത്തിച്ച സ്വന്തം പ്രാണനാഥന്റെ തിരുമുമ്പിൽ ഈ വേദനയും സമർപ്പിക്കുകയായിരുന്നു.

പ്രാർത്ഥനാകർമ്മങ്ങൾ തുടർന്നു.

തൊട്ടുപിന്നിൽ പീയൂസാകുറ്റചിന്തയാൽ തകരുകയായിരുന്നു. താനാണല്ലോ അമ്മയുടെ വീഴ്ചയ്ക്കും വേദനയ്ക്കും കാരണക്കാരി എന്നോർത്ത് അവൾ വിങ്ങിപ്പൊട്ടി.

താങ്ങാനാവാത്ത ഹൃദയഭാരത്തോടെ അവൾ കുനിഞ്ഞ് അമ്മയുടെ കാതിൽ യാചിച്ചു.

"എന്നോടു ക്ഷമിക്കണേ അമ്മേ."

അമ്മ അതു കേട്ടു.

"സാരമില്ല മോളെ." മഹാകാരുണ്യത്തിന്റെ സാന്ത്വനം.

പീയൂസായുടെ ഈ ക്ഷമായാചനം ആദ്യത്തേതല്ല. അതിനു മറുപടിയായുള്ള ഈ സാന്ത്വനവും രണ്ടാമത്തേതു തന്നെ. ആ സംഭവം അമ്മയക്കും പീയൂസായ്ക്കും മാത്രമല്ല, സമൂഹത്തിലാർക്കും തന്നെ ഒരിക്കലും മറക്കാനാവില്ല.

അന്നു കുറ്റക്കാരി പീയൂസാ മാത്രമായിരുന്നില്ല, സിസ്റ്റർ ഫ്രാൻസിസ്ക്കായും. മാഞ്ഞൂരു ഇടവകയിൽപ്പെട്ട മഴുവഞ്ചേരിൽ വീട്ടിൽപ്പെട്ട ഫ്രാൻസിസ്ക്കായെ വളരെ പ്രതീക്ഷകളോടെയാണ് അമ്മ സ്വീകരിച്ചത്. എന്നാൽ അവളുടെ ഹൃദയം കുറച്ചുനേരത്തേക്കു പിശാചു കടം വാങ്ങി. പരിശുദ്ധരെ പോലും വഴിതെറ്റിക്കുന്ന പിശാച് ഫ്രാൻസിസ്ക്കായോടു പറഞ്ഞു.

"നിങ്ങളുടെ അമ്മയും ആ വിതയത്തിൽ കത്തനാരും അവളുടെ മുറിയിൽ മണിക്കൂറുകളോളം കഴിയാറില്ലേ? എന്തിനാണ്?"



ആ ചോദ്യം പല കന്യാസ്ത്രീകൾക്കുമുണ്ടായിരുന്നു. അയൽവാസികൾക്കുണ്ടായിരുന്നു. പൊതുജനത്തിനുണ്ടായിരുന്നു. കാരണം അത് ഏവർക്കും അജ്ഞാതമായിരുന്നു. എന്നാൽ ഈ ചോദ്യത്തിന്റെ ജിജ്ഞാസയിലേക്ക് വളർത്തപ്പെട്ടത് ഫ്രാൻസിസ്ക്കായും പീയൂസായും.

മിക്ക ദിവസങ്ങളിലും ജ്ഞാനതാതൻ അവളുടെ ഏകാന്തമുറിയിൽ കടക്കും. വാതിൽ ഉടൻ അടയും. തുറക്കപ്പെടാൻ ചിലപ്പോൾ മണിക്കൂറുകൾ കഴിയും.

അതിനാൽ വിതയത്തിലച്ചൻ വരുന്നതിനു തൊട്ടുമുമ്പേ ഫ്രാൻസിസ്ക്കാ മുറിക്കുള്ളിൽ കടന്നു. എതിർദിശയിലേക്കു തിരിഞ്ഞ് മറിയം ത്രേസ്യ അപ്പോൾ ധ്യാനസായൂജ്യത്തിലായിരുന്നു. പരിസരബോധം തീരെയില്ല. കണ്ണു തുറന്നിരുന്നാൽ പോലും യാതൊന്നും കാണാനാവാത്ത നിർവ്വാണാവസ്ഥ! പ്രതിമപോലമരുന്ന നിശ്ചലാവസ്ഥ!

പക്ഷേ മുറിയിൽ കടന്ന് ഫ്രാൻസിസ്ക്കാ ഒളിസ്ഥലം തേടി. വേഗം കട്ടിലിന്റെ കീഴിൽ നുഴഞ്ഞുകയറിക്കിടന്നു. കട്ടിൽ കവിഞ്ഞ് താഴേക്കു കിടന്ന വിരിപ്പ് പരനേത്രങ്ങളിൽ നിന്നവൾക്ക് സംരക്ഷയായി.

വിതയത്തിലച്ചൻ എത്തി. അടഞ്ഞവാതിൽ തുറന്ന് ഏകാന്തമുറിയിൽ കടന്നു. പകലാണെങ്കിലും ജനൽപ്പാളികൾ അടച്ചിരുന്നതിനാൽ ഇരുട്ട്.

വന്ന ഉടൻ ജ്ഞാനതാതൻ മുറിയുടെ തറയിൽ മുട്ടുകുത്തി. ജപമാലയിൽ വിരൽ തൊട്ട് അതിലോലസ്വരത്തിൽ പ്രാർത്ഥന തുടങ്ങി. ഓരോ പ്രാർത്ഥനയ്ക്കും ഓരോ നിയോഗമുണ്ടായിരുന്നു. പലതിലും, തന്റെ ജ്ഞാനമകളുടെ ആത്മീയപരിപോഷണാർത്ഥമുള്ള കരച്ചിൽ. തിരുക്കുടുംബസഭയിലെ എല്ലാ അംഗങ്ങളേയും പേരുച്ചരിച്ചുള്ള സമർപ്പിതാർത്ഥന. ഇടയ്ക്കിടയ്ക്ക് നെഞ്ചിൽ ആഞ്ഞടിച്ചുള്ള പ്രാർത്ഥന. ഇതെല്ലാം കേട്ട് കുറ്റബോധത്താൽ നീറിപ്പുകയുകയായിരുന്നു ഫ്രാൻസിസ്ക്കാ.

തൽക്ഷണം അമ്മയിൽ പാരവശ്യത്തിന്റെ ഭാവമാറ്റം. ആ നാവിൽ ദൈവമാതാവിന്റെ സ്വരം ആവേശിച്ചു. അഥവാ, അമ്മയിലൂടെ മണിമുഴക്കത്തിന്റെ ഗംഭീരസ്വരത്തിൽ കന്യാമറിയം ശബ്ദിച്ചു.

"പിച്ചി ഇതാ കട്ടിലിന്റെ കീഴിൽ ഒളിച്ചിരിക്കുന്നു." ഫ്രാൻസി

www.malankaralibrary.com

www.malankaralibrary.com



സ്ക്കായെ അമ്മ സ്നേഹപൂർവ്വം വിളിച്ചിരുന്ന പേരാണ് പിച്ചി.

പിന്നൊരു നിമിഷംപോലും പാഴാക്കാൻ ഫ്രാൻസിസ്ക്കായ്ക്കു കഴിഞ്ഞില്ല. അവൾ കട്ടിലിന്റെ കീഴിൽ നിന്നും ഇഴഞ്ഞ് മുന്നോട്ടു വന്ന് തൊഴുകയ്യോടെ ഇരുവരുടേയും മുമ്പിൽ മുട്ടുകുത്തി പൊട്ടിക്കരഞ്ഞു.

രഹസ്യങ്ങളുടെ ചുരുൾ നിവരുന്നതും കാത്ത് മുറിയുടെ പുറത്ത് ആകാംക്ഷയോടെ കാത്തുനിന്ന പീയൂസ്സയും പശ്ചാത്താപത്താൽ വിങ്ങിപ്പൊട്ടി.

ഇരുവർക്കും അന്നുമാപ്പുനൽകിയ വാത്സല്യധാമം വീണ്ടും ക്ഷമയുടെ മഹാമൂർത്തിയായി ഇതാ നിലകൊള്ളുന്നു.

കർമ്മങ്ങളെല്ലാം അവസാനിച്ചു. ജനം പിരിഞ്ഞു തുടങ്ങി. തിരക്കാണെങ്കിലും പലരും മുറിവേറ്റ് അമ്മയെ ദുഃഖത്തോടെ ചെന്നു കണ്ടു. ഒന്നു തൊട്ടനുഗ്രഹം നേടാനവർ കൊതിച്ചു.

ഇനിയുള്ളതും നിർണ്ണായക സംഭവങ്ങൾ. സഭയുടെ പന്ത്രണ്ടു വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യത്തെ തെരഞ്ഞെടുപ്പ്. സമൂഹാംഗങ്ങളെല്ലാം ഒത്തുകൂടിയിട്ടുണ്ട്. എല്ലാവരും മഠത്തിനുള്ളിലെ തറയിൽ വിരിച്ച പുൽപ്പായകളിലിരുന്നു. ഫ്രാൻസിസ് വാഴപ്പിള്ളിത്തിരുമേനി അദ്ധ്യക്ഷപീഠത്തിൽ ഉപവിഷ്ഠനായി. വിതയത്തിലച്ചൻ അടുത്തുള്ള കസേരയിലും. മറ്റൊരു കസേര പക്ഷേ, ഒഴിഞ്ഞു കിടക്കുന്നു. അതു സമൂഹാദ്ധ്യക്ഷയ്ക്കുള്ളതാണ്. പക്ഷേ, അമ്മയെ അവിടെങ്ങും കാണാനില്ല.

ഫ്രാൻസിസ്ക്കായും പീയൂസ്സായും മുറ്റത്തു തെരഞ്ഞു. അവിടില്ല. കൊച്ചുത്രേസ്യയും റോസാലിയായും അകത്തളങ്ങളിൽ തേടി. അവിടെയും കാണാനില്ല. അടഞ്ഞ ഒരു മുറി കൊച്ചുത്രേസ്യയുടെ കണ്ണിൽപ്പെട്ടു. അപ്പോഴേക്കും സിസ്റ്റർ മെറ്റിൽഡായും ഓടിയെത്തി. അവർ വാതിൽ തുറന്നുനോക്കി. ഹൃദയഭേദകമായിരുന്നു ആ കാഴ്ച. മുറിക്കുള്ളിലെ തിരുഹൃദയപ്രതിമയിൽ ഇരുകൈകളും കെട്ടിപ്പിടിച്ച് അമ്മ കരയുന്നു.

എല്ലാവരും വന്നു വിളിച്ചപ്പോഴാണ് പാരവശ്യത്തിൽ നിന്നുണർന്നത്. അവർക്കൊപ്പം യോഗവേദിയിലേക്ക് അമ്മ മുടന്തുകയായിരുന്നു.

ഈ അപകടം ദൈവം തന്നതാണെന്ന് അമ്മയ്ക്കറിയാം. ശ്രേഷ്ഠസ്ഥാനം ഒഴിയാനുള്ള തന്റെ തീരുമാനത്തിനു ദൈവം നൽകിയ അംഗീകാരമാണിത്. തന്റെ ഇഷ്ടവും ദൈവത്തിന്റെ ഇഷ്ടവും ഒന്നാകുവാനുള്ള ആഗ്രഹത്തിന്റെ ഫലം!



ഈ പന്ത്രണ്ടാണ്ടുകൾക്കുള്ളിൽ അമ്പത്തഞ്ചു സന്യാസിനികളെ ദൈവം തന്നു. നാലു മഠങ്ങളും മൂന്നു വിദ്യാലയങ്ങളും തന്നു. ഇനി ഈ അംഗക്ഷതാംഗന പതുക്കെ പിൻവാങ്ങിക്കൊള്ളട്ടെ.

അങ്ങനെ ഉത്തരാവദിത്വങ്ങൾ മറ്റുള്ളവരിലേക്കു പകർന്നുകൊടുത്തു. നിലവിലുള്ള മാതൃമഠം കുഴിക്കാട്ടുശ്ശേരിയിലേത്. അതിന്റെ മുഖ്യനേതൃത്വം സിസ്റ്റർ ആലീസിന്. സഹഭരണം സിസ്റ്റർ അന്നയ്ക്കും. ഈ തുമ്പൂർ മഠത്തിന്റെ ആധിപത്യം സിസ്റ്റർ അൽബർത്തായ്ക്ക്. സഹാധിപത്യം ക്രിസ്റ്റീനായ്ക്കും, തൃശൂരുള്ളതിന്റെ ശ്രേഷ്ഠത്തി സിസ്റ്റർ ജൽത്രുദും.

"ഞങ്ങളുടെ സർവ്വസ്വവുമായ അമ്മ എന്തെങ്കിലും സ്ഥാനം വഹിച്ചേ മതിയാകൂ."

എല്ലാവരുടേയും നിർബ്ബന്ധാപേക്ഷ.

അതിലോല സ്വരത്തിൽ അമ്മ പറഞ്ഞു.

"ഞാനിനി വിശ്രമിച്ചുകൊള്ളട്ടെ. എന്റെ കാലം കഴിയാറായി."

സകലരും ഞെട്ടിപ്പോയി.

'കാലിലൊരു മുറിവല്ലേ ഉണ്ടായിരുന്നുള്ളൂ. അതുമൂലം അമ്മ വിരമിക്കുകയോ' അവർ ചിന്തിച്ചു.

അമ്മയ്ക്ക് അമ്പതു വയസ്സേ ആയിട്ടുള്ളൂ. മാരകരോഗങ്ങളൊന്നും അമ്മയക്കില്ല. വിശുദ്ധ കുർബ്ബാന മാത്രം ഭക്ഷിച്ച് ദിവസങ്ങളോളം പാരവശ്യത്തിലാണ്ടു കിടന്നിട്ടും യാതൊരു ക്ഷീണവും ഉണ്ടായിട്ടുമില്ല. പിന്നെന്തിനാണ് അമ്മ ഇങ്ങനെ പറയുന്നത്! അവർ ശങ്കിച്ചു.

എങ്കിലും അവരുടെ നിർബ്ബന്ധത്തിനു കീഴ്വഴങ്ങി സന്യാസാർത്ഥിനികളുടെ ഗുരുവായി തുടരാമെന്നേറ്റു.

അതു കഴിഞ്ഞ് അമ്മ എഴുന്നേറ്റു. വേദനിക്കുന്ന പാദം വലിച്ചിഴച്ച് മെത്രാച്ചന്റെ മുമ്പിലെത്തി കരം മുത്തി. പിന്നെ, തന്റെ അദ്ധ്യാത്മിക ജീവിതത്തിന്റെ കാവൽക്കാരനും ജീവൽപ്രയാണത്തിലുടനീളം വഴികാട്ടിയും സമൂഹത്തിന്റെ സഹസ്ഥാപകനുമായ ജ്ഞാനപിതാവിന്റെ മുമ്പിലെത്തി മുട്ടുകുത്തി. കൈനീട്ടി അദ്ദേഹത്തിന്റെ രണ്ടുകൈകളിലും പിടിച്ചു. അവ എടുത്ത് നമിക്കപ്പെട്ട സ്വശിരസ്സിൽ അർപ്പിച്ച് പറഞ്ഞു.

"എന്നെ അനുഗ്രഹിക്കണം പിതാവേ."

www.malankaralibrary.com

www.malankaralibrary.com



അദ്ദേഹത്തിന്റെ മുഖം അനന്യമായൊരു അദ്ധ്യാത്മപ്രകാശത്തിൽ ചൂഴ്ന്നു നിന്നു. മിഴികളടച്ച് അദ്ദേഹം പ്രാർത്ഥനയിലാണ്ടു. സ്വർഗ്ഗത്തിൽ നിന്നും വാരിയെടുത്ത അനുഗ്രഹമലരുകൾ ആ ധന്യശീർഷത്തിൽ ആവോളം അർപ്പിച്ചു.

അപ്പോൾ വീണ്ടും അമ്മയുടെ ചുണ്ടുകൾ മന്ത്രിച്ചു.

"തിരുക്കുടുംബസഭയേയും അതിലെ ഓരോ അംഗത്തേയും അങ്ങയുടെ കയ്യിൽ ഞാനേല്പിച്ചുകൊള്ളുന്നു."

അമ്മയുടെ തുടർപദം ഓരോന്നും അവർക്കു ഹൃദയഭേദകമായിരുന്നു. പ്രവചനാർത്ഥം ഗ്രഹിക്കാനാവാത്ത വിഷമാവസ്ഥയിലായിരുന്നു അവർ. അമ്മയുടെ സ്ഥാനത്യാഗം തന്നെ അവർക്കതിവേദനാജനകം. അമ്മയുടെ മൊഴികളിൽ നിറയുന്നത് ദുസ്സഹമായ വിയോഗദ്ധ്വനി. ആ മുഖത്തു നിഴലിക്കുന്നത് ദീർഘയാത്രയുടെ സമുദ്യുക്തഭാവം! പക്ഷേ, അത് ദുഃഖപൂർണ്ണമല്ല. ഭയാത്മകവുമല്ല. എന്തോ ഒരസാധാരണത്വത്തിന്റെ തീക്ഷ്ണഭാവം. എല്ലാം വിട്ടൊഴിയുന്ന നിസ്സംഗത. അതിദുരൂഹവും നിഗൂഢവുമായൊരു ആനന്ദപാരവശ്യം.

# മുപ്പത്തഞ്ച്

തുമ്പൂർ പറമ്പിലൂടെ നടക്കുകയാണമ്മ, കിളച്ച മൺകട്ടകൾക്കിടയിലൂടെ വ്രണിതപാദങ്ങൾ ബദ്ധപ്പെട്ടിഴച്ചിഴച്ച് പശ്ചിമാകാശത്തിൽ അതിവിദൂരതയിൽ എരിഞ്ഞമരുന്ന സൂര്യൻ. അതിന്റെ അന്ത്യകിരണങ്ങൾ മണ്ണിൽ ചോരപ്രളയം തീർത്തു. ചെടികൾ കുങ്കുമപ്രഭാവത്തിലമർന്നു. ഇരുട്ടാൻ ഇനി നേരം തീരെയില്ല. അതിനുള്ളിൽ സ്വയം നട്ടു നനച്ച് കമ്പുകുത്തിപ്പടർത്തി വളമിട്ടുവളർത്തിയ ചെടിപ്പടർപ്പു കാണണം. പയറും പാവലും പടവലവും മാത്രമല്ല മുല്ലയും. അവയെ തൊട്ടനുഗ്രഹിക്കണം. അവയോടു സല്ലപിക്കണം. നേരം തീരാറായിരിക്കുന്നു.

അരികിൽ സിസ്റ്റർ മെറ്റിൽഡാ. നവസന്യാസിനി. അമ്മയോടടുത്തിടപെടാൻ ഭാഗ്യമുണ്ടായവൾ. അങ്ങനൊരിക്കൽ മുടി മുറിക്കുകയായിരുന്നു. അമ്മയുടെ തലയിൽ എന്തോ തടഞ്ഞു. ശിരോമുറിവിലൂടെ ഒലിച്ചിറങ്ങിയ ചോര കട്ടചേർന്നു കിടക്കുകയാണ്. അവൾ അതു സവിസ്തരം പരിശോധിച്ചു തുടങ്ങി. ഉടൻ ഘനമുള്ളശബ്ദം അമ്മയിൽ നിന്നുയർന്നു.

"അതുമിതും തപ്പിത്തടഞ്ഞ് നേരം കളയാതെ ചെയ്യേണ്ട ജോലി വേഗം ചെയ്തു തീർക്ക്."

അതനുസരിച്ചു. അറ്റുവീണ മുടിനാരുകൾ കാറ്റിൽ പറന്നലഞ്ഞ് മണ്ണിലടിയാൻ അവൾ അനുവദിക്കുകയില്ല. നരയും കറുപ്പും ഇടകലർന്ന അവ അവൾക്കു തിരുശേഷിപ്പാണ്. ഒരു സഞ്ചിയിൽ അവ അവളുടെ മുറിയിൽ ഭദ്രം. കത്രിച്ച മുടിയിഴകൾ മാത്രമല്ല. വായിൽ നിന്നും കോളാമ്പിയിലേക്കു ഈയിടെ തെറിച്ചു വീണ ഒരു പല്ലുപോലും.

മറ്റൊരത്ഭുതത്തിനും സാക്ഷ്യമാണവളുടെ കണ്ണുകൾ. അക്കഥ ഒരു വണ്ടിക്കാളയെ സംബന്ധിച്ചത്. വഴിയിലതു തളർന്നു വീണു. നിമിത്തം, ഭാരമല്ല. രോഗം തന്നെ. ഒറ്റമൂലിയുടെ നാട്ടറിവുകൾ പരീക്ഷിച്ചു മൃഗവൈദ്യന്മാർ പിൻവാങ്ങി. വണ്ടിക്കാരൻ ഗതികെട്ടു. തൃശൂരിലേക്കു പോകേണ്ട വണ്ടിയാണ്. അപ്പോഴാണതു വഴി അമ്മയുടെ വരവ്, അന്നും സഹചാരിണി ഈ മെറ്റിൽഡ. പുണ്യചരിതയുടെ മുമ്പിൽ വണ്ടിക്കാരൻ കരഞ്ഞു.

www.malankaralibrary.com

www.malankaralibrary.com



നിലത്തു മലർന്നു കിടന്ന കാളയുടെ മുമ്പിൽ അമ്മ നിന്നു. ആ ദൈന്യജന്തുവിന്റെ വേദനയ്ക്കുമുമ്പിൽ പ്രാർത്ഥിച്ചു. അനക്കമറ്റുകിടന്ന അവൻ കൈകാലുകളിളക്കി. സ്വയം കുതറിയെഴുന്നേറ്റു. കാലുകൾക്കിപ്പോൾ ബലമുണ്ട്. വണ്ടിവലിക്കാൻ കെല്പുണ്ട്. അവൻ തലയാട്ടി ഉന്മേഷം പ്രകടമാക്കി. നീളൻ ചെവിക്കുടകൾ അപ്പോൾ ഇരുചുമലുകളിലും തട്ടി ഓട്ടുമണിക്കിലുക്കത്തോടൊപ്പം ശബ്ദിച്ചു. ദുർഘടനിരത്തിലൂടെ അവൻ പായുന്നതുനോക്കി ആശ്ചര്യപ്പെട്ടവളാണീ മെറ്റിൽഡാ.

പറമ്പിലൂടെ മൗനപ്പെട്ടു നടന്ന അമ്മയുടെ നാവുണർന്നു.

"ഞാനിനി അധികകാലം നിങ്ങളോടു കൂടി ജീവിച്ചിരിക്കുകയില്ല. കാലിലെ ഈ അസുഖം നിങ്ങളിൽ നിന്നും എന്നെ കൊണ്ടുപോകും. അതു ദൈവനിശ്ചയമാണ്."

മെറ്റിൽഡാ നടുങ്ങിപ്പോയി. ദേഹം മരവിച്ചതുപോലെ. എങ്കിലും അമ്മയ്ക്കൊപ്പം നടന്നുകൊണ്ട് വിറയലോടെ പറഞ്ഞു.

"അങ്ങനെയൊന്നും സംഭവിക്കില്ലമ്മേ."

"അല്ല മകളേ, ഞാൻ അടുത്തു തന്നെ കടന്നു പോകും. അതിനകം എല്ലാം നോക്കി പഠിച്ചോളു. കൊച്ചാണെന്നൊന്നും വിചാരിക്കേണ്ടാ."

മെറ്റിൽഡായ്ക്കു ചലനമറ്റുപോയി. മുന്നോട്ടുവയ്ക്കാൻ തെല്ലുയർത്തിയ വലതുപാദത്തോടെ ഒരു പ്രതിമപോലെ നിന്നുപോയി.

പക്ഷേ, പ്രതിമകളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. വരണ്ട മൺകട്ടകൾ അവ മോന്തിക്കുടിച്ചു. കൈത്തലങ്ങൾ മുഖത്തു ചേർത്തവൾ ഏങ്ങലടിച്ചു. അതുകേട്ട് അമ്മ പിൻതിരിഞ്ഞു. തകർന്ന നെഞ്ചോടെ വിതുമ്പുന്ന പ്രിയശിഷ്യയുടെ അരികിൽ അമ്മയെത്തി. അവളുടെ മുഖത്തുനിന്നും കണ്ണീരിൽ കുതിർന്ന കൈത്തലങ്ങൾ അടർത്തിമാറ്റി. തോളിൽ ആശ്വാസത്തിന്റെ തലോടൽ.

"ദൈവനിശ്ചയം സന്തോഷത്തോടെ സ്വീകരിക്കേണ്ടേ ? അമ്മയുടെ വേദനകളെല്ലാം തീരാൻ പോവുകയല്ലേ? മണവാളൻ മഹാസന്തോഷത്തിന്റെ മണവറയിലിരുന്ന് എന്നെ വിളിക്കുകയാണു മോളെ. "

അല്പം കഴിഞ്ഞ് അമ്മ നിർദ്ദേശിച്ചു.

"മോളേ, ഒരു പ്രധാന കാര്യം കൂടിയുണ്ട്. അതുപ്രത്യേകം ഓർത്തു കൊള്ളണം. മരിച്ചു കഴിഞ്ഞാൽ എന്റെ ദേഹം കുളിപ്പിക്കരുത്."



അമ്മയുടെ പ്രവചനം മെറ്റിൽഡായുടെ ഹൃദയത്തെ പൊളിച്ചു, എരിയുന്ന ചിന്തകൾ അവൾ പിന്നെ മറ്റുള്ളവരുമായി പങ്കിട്ടു, എല്ലാവരും അതിൽ ദഹിക്കുകയായിരുന്നു.

അമ്മയുടെ പ്രവചനം ഇന്നാദ്യമായി പരാജയപ്പെടണമേ എന്നാണവരുടെ പ്രാർത്ഥന.

അവർ നാലുപാടും പാഞ്ഞ് പ്രഖ്യാതഭിഷഗ്വരന്മാരെ കൊണ്ടുവന്നു. ചികിത്സയാരംഭിച്ചു. പക്ഷേ, മുറിവു കരിയുന്നില്ല. പകരം പഴുത്തു. ഭയാനക വേദന. എങ്കിലും നിലവിളിച്ചില്ല. മറ്റുള്ളവരുടെ പരിചരണത്തിനു കാത്തു കിടന്നുമില്ല. ഒരു നിമിഷംപോലും നഷ്ടമാക്കാതെ ജോലിയിൽ മുഴുകി.

നവശിഷ്യകളുടെ ഗുരുനാഥയാണ് താൻ. അവരുടെ ശാരീരികവും ആത്മീകവുമായ എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കണം. അതിനാൽ രോഗക്കിടക്കയിലമർന്നും അവർക്കു വേണ്ടവ പറഞ്ഞുകൊടുത്തു. പലതും തന്റെ ഗുരുനാഥയായിരുന്ന എവുപ്രാസിയമ്മയിൽ നിന്നും കടം കൊണ്ടവ. ആ പുണ്യചരിത സ്വയം തുന്നിക്കെട്ടിയ പുസ്തകത്തിൽ സ്വന്തം കൈപ്പടയിൽ എഴുതിത്തന്ന പ്രാർത്ഥനകളും ഉപദേശങ്ങളും ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്. പൂജ്യനിധിപോലെ.

നവസന്യാസിനികളെ ഉപരിപഠനത്തിനായി തൃശൂർ മഠത്തിലേയ്ക്കയയ്ക്കുകയാണ്. വേദനയിൽ പുളയുന്ന അമ്മയെ വിട്ടുപിരിയാനുള്ള വ്യഥയോടെ നിൽക്കുന്ന അവരെ ഓരോരുത്തരെയായി അരികിൽ വിളിച്ചു. അവർ ആത്മനൊമ്പരത്തോടെ അടുത്തുചെന്നു. ജെമ്മ, റോസാലിയാ, ഇസബേൽ, സൂസന്നാ തുടങ്ങിയവർ. ഇവരെ അരികിലിരുത്തുമ്പോഴെ ഓരോരുത്തരത്തരെപ്പറ്റിയും ഓർക്കാൻ അമ്മയ്ക്കൊത്തിരിയുണ്ട്.

ജെമ്മയെ അമ്മ കരുണയോടെ നോക്കി. അവളുടെ പെറ്റമ്മ മരിച്ചിട്ട് രണ്ടാഴ്ച തികഞ്ഞിട്ടില്ല. തന്റെ സമാധാനവാക്കുകളാൽ അവൾ ഒരുവിധം ആശ്വസിച്ചു വരികയായിരുന്നു. എന്നാൽ പെറ്റമ്മയേക്കാൾ ആത്മബന്ധിതയായ ഈ മാതാവിന്റെ അതിവേദനയിൽ കരളുരുകിക്കഴിയുകയാണവൾ.

അമ്മയുടെ അപകടദിനം റോസാലിയായുടെ കൺമുമ്പിൽ എപ്പോഴുമുണ്ട്. അന്നാണവൾക്കു തലമുണ്ടു കിട്ടിയത്.

സൂസന്നായോടും അമ്മയ്ക്കുള്ള വാത്സല്യം അധികമായിരുന്നു. അവധിയായാൽപ്പോലും അടുത്തുള്ള വീട്ടിലേക്കു പറഞ്ഞുവിടാതെ

www.malankaralibrary.com

www.malankaralibrary.com



തൃശൂർ മഠത്തിൽ ത്തന്നെ അവളെ അമ്മ പാർപ്പിച്ചിരുന്നത് ഈ സ്നേഹത്തിന്റെ തെളിവാണ്.

ഇവർക്കു തീവണ്ടി കയറി വേണം തൃശൂരിലേക്കു പോകാൻ. കുപ്പായവും കടലാസും മറ്റും അടുക്കിയ സഞ്ചിയുണ്ട് എല്ലാവരുടേയും കയ്യിൽ. അവരെ അനുഗ്രഹിച്ച് ഓരോരുത്തരുടേയും കയ്യിൽ ഓരോ ഇലപ്പൊതി അമ്മ കൊടുത്തു. അടുക്കളയിൽ കയറി സ്വയം പൊതിഞ്ഞെടുത്തതാണ്. ഒരു കഷണം റൊട്ടിയും രണ്ടു കഷണം ശർക്കരയുമാണോരോ പൊതിയിലും. എന്നിട്ട് പറഞ്ഞു.

"മക്കളിത് ആളൂർ ഗേറ്റിന്റെ അടുത്തുള്ള കശുമാവിൻ തോട്ടത്തിലിരുന്ന് തിന്നണം. എന്നിട്ട് റെയിൽവേ സ്റ്റേഷനിലേക്കു പോയാൽ മതി. അല്ലെങ്കിൽ എന്റെ മക്കളു ക്ഷീണിക്കും."

വിഷാദക്കുട്ടികൾ ഗുരുനാഥയിൽ നിന്നും വിറയ്ക്കുന്ന കൈകളിൽ ഇലപ്പൊതികൾ ഏറ്റു വാങ്ങി, തൃശൂരിലേക്കു പോയി.

പഴുപ്പ്, വിഷപ്പാമ്പിനെപ്പോലെ മുകളിലേക്ക് ഇഴഞ്ഞു കയറുകയാണ്. സഹനപരിധിക്കും ഏറെ അപ്പുറത്തായിരുന്നു വേദന. ദുസ്സഹം, എന്ന പദം അതിന്റെ വിശേഷണത്തിനപര്യാപ്തം. എങ്കിലും 'അയ്യോ' എന്ന ഒരു ഞരക്കമോ നിരാശയുടെ ഒരു മൂളലോ അമ്മയിൽ നിന്നുയർന്നില്ല.

"ഇനി ഇങ്ങനെ നോക്കിയിരുന്നാൽ പറ്റില്ല. ഉടൻ ഇവിടെ നിന്നും കുഴിക്കാട്ടുശ്ശേരിയിലേക്കു മാറ്റണം."

ജ്ഞാനപിതാവിന്റെ നിർദ്ദേശമാണത്. എല്ലാ ജോലികളും അദ്ദേഹം മാറ്റി വച്ചിരിക്കുന്നു. കുഴിക്കാട്ടുശ്ശേരി മഠത്തിനോടു ചേർന്നുള്ള വസതിയിലാണദ്ദേഹം. പ്രിയമകളെ അവിടാക്കിയാൽ കൂടുതൽ പരിചരിക്കാമല്ലോ എന്നാണദ്ദേഹത്തിന്റെ ചിന്ത.

അങ്ങനെ, തുമ്പൂരിൽ നിന്നും കുഴിക്കാട്ടുശ്ശേരിയിലെ മാതൃമഠത്തിലേക്കു അവിടെയും അതീവ ജാഗ്രതയോടെയുള്ള ചികിത്സ. പക്ഷേ, ഫലം തീരെക്കാണുന്നില്ല. എന്നിട്ടും അടങ്ങിയിരിക്കാൻ വിതയത്തിലച്ചനു സാദ്ധ്യമല്ല. രോഗക്കിടക്കയിൽ ഇരുകൈകളും ഊന്നി താഴേക്കു കുനിഞ്ഞ് ആ യതീന്ദ്രൻ തന്റെ ആത്മപുത്രിയോടു പറഞ്ഞു.

"ഇനി ഇംഗ്ലീഷ് മരുന്നു കൂടി ചെയ്തുനോക്കാം. ഇന്നു തന്നെ ചാലക്കുടിയിലെ സർക്കാർ ആശുപത്രിയിലേക്കു നമുക്കു പോകണം."

മന്ദസ്വരത്തിൽ അമ്മ പറഞ്ഞു.



"പിതാവേ, എന്നെ ഒരിടത്തും കൊണ്ടുപോകണമെന്നില്ല. എന്റെ ലോകവാസം തീരാറായിക്കഴിഞ്ഞു."

ഇതുകേട്ട് നിവരുവാൻ പോലുമാവാതെ അച്ചൻ കുറേനേരം അങ്ങനെ കുനിഞ്ഞു നിന്നുപോയി. ആത്മീയപഥങ്ങൾ നന്നായി നിശ്ചയമുള്ള മനസ്സാണ്. ഈ ജ്ഞാനസുതയുടെ നാളെകളും ആ സ്ഫടികഹൃത്തിൽ ദുർഗ്രഹമല്ല. പക്ഷേ, അതുകേട്ട് കണ്ണുനിറഞ്ഞുപോയി, നെഞ്ചുപിടഞ്ഞുപോയി.

രണ്ടു വ്യാഴവട്ടക്കാലത്തിന്റെ സുദീർഘമായ പിതൃപുത്രീ ബന്ധമാണിത്. തന്റെ ജന്മനിയോഗം തന്നെ ഈ മഹതിയുടെ ആത്മീയപരിപാലനമല്ലേ എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. അതുകൊണ്ടല്ലേ, താൻ അത്ഭുതകരമായി പുത്തൻചിറയുടെ വികാരിയായത്. ഇരുപതു വർഷക്കാലം ആ നില തുടർന്നതും അവളെ കാത്തുപരിപാലിക്കാനായിരുന്നില്ലേ. ഇപ്പോൾ കുഴിക്കാട്ടുശ്ശേരി മഠാങ്കണത്തിൽത്തന്നെ കപ്ലോനച്ചനായി തുടരുന്നതും ഈ സഹനപുത്രിയുടെ സമാശ്വാസത്തിനു വേണ്ടി മാത്രമല്ലേ! അതായത് ഈ ബന്ധത്തിനു പിന്നിൽ ദൈവത്തിന്റെ ഇച്ഛയാണ്, പദ്ധതിയാണ് ശക്തിപ്പെടുന്നത്.

അതിനാൽ അവളുടെ അവസാനനിശ്വാസത്തോളം താൻ അരികിലുണ്ടായിരിക്കണം. വേണ്ടതെല്ലാം സാധിച്ചുകൊടുക്കണം. അങ്ങനെ ചാലക്കുടിയിലേക്കുള്ള യാത്രയ്ക്കൊരുങ്ങി. ആശുപത്രിയിലേക്കു വേണ്ടവ അടുക്കി വയ്ക്കുന്ന തിരക്കിലാണ് മഠാധിപ സിസ്റ്റർ ആലീസ്. കിടക്കയുടെ ചുറ്റും മനംതകർന്ന കന്യാസ്ത്രീകളുടെ വിഷാദവ്യത്തം. അവരോട് എന്തോ പറയാൻ അമ്മയുടെ വരണ്ട ചുണ്ടുകൾ ദാഹിച്ചു. അവർ അതു കേൾക്കാൻ കാതോർത്ത് ചുറ്റും കുനിഞ്ഞുനിന്നു.

"സ്നേഹമുള്ള എന്റെ മക്കളേ. നിങ്ങളുടെ ഹൃദയം കലങ്ങരുത്. നിങ്ങൾ അല്പവിശ്വാസികളെപ്പോലെയാകരുത്. ഈ രോഗത്തിൽ നിന്നും ഞാൻ സുഖപ്പെടുകയില്ല. അതാണ് ദൈവഹിതം."

നിത്യവിരുന്നൊരുക്കി എന്റെ ദിവ്യമണവാളൻ വന്നു വിളിക്കുകയാണു മക്കളേ. ഞാനാ ക്ഷണം സ്വീകരിക്കേണ്ടതല്ലേ ദൈവതിരുമനസ്സ് നിറവേറ്റേണ്ടതല്ലേ. അതുകൊണ്ടു നിങ്ങൾ ചഞ്ചലചിത്തരാകരുത്.

അത്രയും പറഞ്ഞപ്പോഴേക്കും കിതച്ചു തുടങ്ങി. എങ്കിലും അല്പം കഴിഞ്ഞു തുടർന്നു.

www.malankaralibrary.com

www.malankaralibrary.com



"....ഒരു കാര്യം നിങ്ങളെ ഞാനോർമ്മിപ്പിക്കുന്നു. നമ്മുടെ സഭ ഒരു ശിശുവാണ്. അതിനെ ശ്രദ്ധിച്ചു വളർത്തണം. അതു നിങ്ങളുടെ കടമയാണ്. മറന്നുപോകരുത്.

എല്ലാവരും അധികാരികളെ അനുസരിക്കുക. പരമാർത്ഥതയോടെ പെരുമാറുക. പരസ്പരം ആത്മാർത്ഥമായി സ്നേഹിച്ചും സേവിച്ചും ജീവിക്കുക. മറ്റൊന്നും എനിക്കു പറയുവാനില്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ."

സകലരും ഏങ്ങലടിക്കുകയായിരുന്നു.

അരികിൽ നിശ്ചലനായി നിലകൊള്ളുന്ന ജ്ഞാനപിതാവിന്റെ നേരെ മിഴികളയച്ച് വീണ്ടും പറഞ്ഞു.

"പിതാവേ, എന്റെ ഈ സഭയേയും സഹോദരിമാരേയും ഞാനങ്ങയെ ഭരമേൽപ്പിക്കുന്നു."

കാളവണ്ടി മുറ്റത്തു കാത്തുകിടക്കുന്നു. എല്ലാവരും ചേർന്ന് അമ്മയെ താങ്ങിയെടുത്തു. കാളവണ്ടിക്കുള്ളിലെ പുൽപ്പായിൽ കിടത്തി. വളരെ സാവധാനം അത് ചാലക്കുടിയിലേക്കു നീങ്ങി.

ആശുപത്രിയിലെത്തിയപ്പോഴേക്കും കലശലായ വേദന. ആധുനിക ഭിഷഗ്വരസംഘം പരിശോധിച്ചു. എല്ലാവരുടേയും അഭിമതം ഒന്നുതന്നെ. 'ഉടൻ ശസ്ത്രക്രിയ നടത്തണം.'

കാലിലെ പഴുപ്പ് നീക്കാനാണ്. പക്ഷേ, ബോധം കെടുത്താൻ മാർഗ്ഗമില്ല. എങ്കിലും അമ്മ വിധേയപ്പെട്ടു.

അസ്ഥി തെളിയും വരെ ആഴത്തിൽ കാലിലെ മാംസം കീറി. അതിവേദനയുടെ നിമിഷങ്ങൾ സഹിക്കാൻ പാടുപെടുകയായിരുന്നു. അപ്പോഴും ഉയിരിൽ കാൽവരിയിലെ വിലാപപ്രതിധ്വനികളായിരുന്നു. ഈ ശസ്ത്രക്രിയയിലൂടെ, ഈശോ കുരിശിൽ സഹിച്ച തീരാവേദനയുടെ ഒരംശമെങ്കിലും നുകരാനായല്ലോ എന്നാണാശ്വാസം.

പിളർത്തിയ മാംസക്കഷണങ്ങൾ ചേർത്തുവച്ചു. സൂചിമുന അനേക തവണ തുളഞ്ഞിറങ്ങി. അവ ചേർത്തു തയ്ച്ചു. ക്രൂശിതനെ നോക്കി എല്ലാം സഹിക്കുകയായിരുന്നു.

വൈദ്യന്മാർ ദുഃഖത്തോടെ വിതയത്തിലച്ചനോടു പറഞ്ഞു.

"കടുത്ത പ്രമേഹമാണമ്മയ്ക്ക്. രക്തത്തിൽ മുഴുവൻ അതിന്റെ രൂക്ഷത പടർന്നു കഴിഞ്ഞു. ഇനി യാതൊന്നും ചെയ്യാനില്ല. കാൽമുറിച്ചുമാറ്റിയാലും ഫലമുണ്ടാവില്ല. പഴുപ്പ് വളരെ മുകളിലെത്തിക്കഴിഞ്ഞു.



കരൾ വരെ."

ജ്ഞാനപിതാവിനൊപ്പം ഇപ്പോൾ ഒരച്ചൻ കൂടിയുണ്ട്. ആശുപത്രിയിൽ. ജോർജ്ജ് ചിറമേൽ അച്ചൻ. ചാലക്കുടി പള്ളിയിലെ സഹവൈദികനാണ്. അമ്മയെക്കാണാൻ എല്ലാ ദിവസവും രാവിലെയും വൈകിട്ടും അച്ചൻ ആശുപത്രിയിൽ വരും. രാവിലെ വരുമ്പോൾ അമ്മയ്ക്കുവേണ്ടി പരിശുദ്ധ കുർബ്ബാനയും കുരതിയിട്ടുണ്ടാവും.

ഇരുവരും ആലോചിച്ചു. തീരുമാനത്തിലെത്തി.

'ആശുപത്രിയിൽ തുടരുന്നതുകൊണ്ട് അർത്ഥമില്ല.'

ശസ്ത്രക്രിയ കഴിഞ്ഞതേയുള്ളൂ. ഈ അവസ്ഥയിൽ ദീർഘയാത്ര പ്രയാസമാണ്. അടുത്തെവിടെയെങ്കിലും ഒരു വിശ്രമാലയം കിട്ടിയിരുന്നെങ്കിൽ എന്നവർ പ്രതീക്ഷിച്ചു. അത്തരമൊരു വിശ്രമവസതിയെപ്പറ്റി പെട്ടെന്നവർക്കോർമ്മ വന്നു. ആശുപത്രിയുടെ അടുത്തു തന്നെയുള്ള ഒരു വേനൽക്കാല വസതി. അതു തൃശൂർ രൂപതയുടെ സ്വന്തവും.

പിന്നൊട്ടും അമാന്തിച്ചില്ല. അമ്മയെ അവിടേക്കു സംവഹിച്ചു.

അന്നു ജൂൺമാസം ആറാം തിയ്യതി. നട്ടുച്ചനേരം. പക്ഷേ, അമ്മയുടെ തുറന്നിരുന്ന മിഴികളിൽ തിങ്ങിയത് കൂരിരുട്ട്. അർദ്ധരാത്രിയായതുപോലെ. അബോധാവസ്ഥയിലെ തോന്നലല്ല. സുബോധത്തിലെ അനുഭവം. എന്താണിതിന്റെ അർത്ഥമെന്ന് അമ്മയ്ക്കാലോചിക്കേണ്ടി വന്നില്ല. അതും മരണസൂചന തന്നെ. പ്രിയനാഥന്റെ ക്രൂശുമരണത്തിനു തൊട്ടുമുമ്പു മദ്ധ്യാഹ്നത്തിൽ വിശ്വമാകെപ്പടർന്ന അന്ധകാരത്തിന്റെ ചെറുപതിപ്പ്.

ഇനി ഒരുക്കങ്ങളുടെ ആക്കം കൂട്ടണം. അമ്മയ്ക്ക് അതു മാത്രമായിരുന്നു ചിന്ത. വലിയൊരു യാത്രയ്ക്കുള്ള പുറപ്പാടാണ്. പാഥേയം കരുതണം. അല്ലെങ്കിൽ നിത്യകവാടത്തിലെത്തും മുമ്പേ തളർന്നുപോയാലോ. ആ പാഥേയം തൈലാഭിഷേകമാണ്. ആശ്വാസമരണത്തിനു വേണ്ടി ഒരുക്കുന്ന കൂദാശ.

അതിനായി ആത്മതാതനോടപേക്ഷിച്ചു. കേട്ടറിഞ്ഞവർ ഓടിയെത്തി. വൈദികരും കന്യാസ്ത്രീകളും അൽമായരും വിശ്രമവസതിയിൽ നിറഞ്ഞു. വിതയത്തിലച്ചനും ജോർജ്ജ് ചിറമ്മേൽ അച്ചനും കാർമ്മികരായി. ഇടയ്ക്കിടയ്ക്ക് ബോധം മറയുന്നുണ്ട്. സുബോധത്തിന്റെ ഇടവേളയിൽ തൈലാഭിഷേകം നൽകി.

www.malankaralibrary.com

www.malankaralibrary.com



വീണ്ടും കാളവണ്ടിയിൽ കുഴിക്കാട്ടുശ്ശേരി മഠത്തിലേക്ക് യാത്ര തീരാറായി. വഴിയോരത്തുള്ള വീടുകളേറെയും അമ്മയ്ക്ക് പരിചിതം. എങ്കിലും ഒരു വീടിന്റെ വാതില്ക്കൽ എത്തിയപ്പോൾ അമ്മ പറഞ്ഞു.

"ഒന്നു നിർത്തിത്തരണേ."

കരുണയുടെ ഒഴിയാക്കരങ്ങളുമായി ഈ വഴികളിലൂടെ എത്രയോ നാൾ നടന്നിട്ടുണ്ട്. ഈ സായന്തനത്തിലും സ്നേഹത്തിന്റെ ശേഷിക്കുന്ന ശേഖരം, ദുഃഖാർത്തരിലേക്കു വർഷിക്കുവാനാണമ്മയ്ക്കു കൊതി.

മാളിയേയ്ക്കൽ ലോനപ്പൻ നമ്പാടന്റെ വീട്ടുവാതില്ക്കലെത്തിയപ്പോഴാണ് അമ്മയുടെ ഈ ആവശ്യം.

കാളവണ്ടി അവിടെ നിന്നു. എന്നാൽ നമ്പാടൻ ഇപ്പോഴില്ല. മരണാസന്നനായിക്കിടന്ന് "മങ്കിടിയാൻ അമ്മയെ വേഗം വിളിച്ചോണ്ടു വാ; എനിക്കാശ്വാസത്തോടെ മരിക്കണം" എന്നദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ, ആരും അതു ഗൗനിച്ചില്ല. എങ്കിലും ആരും അറിയിക്കാതെ തന്നെ അമ്മയുടെ പരജ്ഞാനഹൃദയത്തിൽ ഇക്കാര്യം വ്യക്തമായി. ഉടൻ ആത്മീയപിതാവിനെയും കൂട്ടി ആ മാലാഖ പറന്നെത്തി. നമ്പാടൻ കൂദാശകൾ കൈക്കൊണ്ടു. ആശ്വാസത്തോടെ മരണത്തിലേക്ക് ഒഴുകിയിറങ്ങി.

പക്ഷേ, ഇപ്പോൾ വണ്ടി നിർത്താൻ പറഞ്ഞത് മറ്റൊരു കാരണത്താൽ. നമ്പാടന്റെ മരുമകൻ അകാലത്തിൽ മരിച്ചുപോയി. വീട്ടുകാരുടെ മനോവേദന എത്ര അധികമാണെന്ന് അമ്മയക്ക്റിയാം. ഈ വിഷമസ്ഥിതിയിൽ അവർക്കിത്തിരി ആശ്വാസം പകരാതെ ഈ വഴി കടന്നു പോകാൻ അമ്മയ്ക്കാവില്ല.

സ്വയം നടന്നുകയറാനുള്ള ശേഷിയില്ല. നിവർന്നു നിൽക്കാൻപോലും വയ്യ. എങ്കിലും സഹോദരികളുടെ താങ്ങലിൽ വീട്ടിലെത്തി. വീട്ടുകാരുടെ നീർമിഴികളിൽ ആ കാരുണ്യദേവത ആശ്വാസത്തിന്റെ കണിമലരായി. അമ്മയെപ്പറ്റി ഓർക്കാൻ അവർക്കൊരുപാടുണ്ട്.

ഒരിക്കൽ അവരുടെ പറമ്പിൽ നിന്നും കുമ്പളച്ചെടിയുടെ ഉണങ്ങിയ തണ്ടിൽ നിന്നും അവസാനത്തെ കുമ്പളങ്ങാ അമ്മ പറിച്ചുകൊണ്ടു പോയി. അതു വിത്തിനിട്ടിരുന്ന കുമ്പളങ്ങായായിരുന്നു. അമ്മയ്ക്ക് എന്തു നൽകാനും ആശയായിരുന്നു ലോനപ്പൻ നമ്പാടന്. എന്നാൽ ഭാര്യ മറിയത്തിന് ഇതിൽ അമർഷം.



പിറ്റേദിവസവും അമ്മ എത്തി.

മറിയത്തെ കണ്ട ഉടൻ ചോദിച്ചു.

"ഇന്നലെ ഞാനാ കുമ്പളങ്ങാ കൊണ്ടുപോയതിൽ വിഷമമുണ്ട്, അല്ലേ?"

മറിയം ഇളിഭ്യയായി നിന്നു അമ്മ തുടർന്നു.

"വിഷമിക്കേണ്ടാ, ഇനി അതിൽ മൂന്നു കുമ്പളങ്ങാ കൂടി ഉണ്ടാകും."

മറിയത്തിൽ അത് ഒരു പരിഹാസച്ചിരി പടർത്തി. കാരണം ഇനി ഒരു ഫലവും തരാനാവാത്തവിധം കുമ്പളത്തണ്ടുകൾ പഴുത്തുണങ്ങിത്തുടങ്ങിയിരിക്കുന്നു.

പക്ഷേ, അമ്മയുടെ പ്രവചനം പാഴായിട്ടില്ല. പിറ്റേന്നു മുതൽ ഉണങ്ങിയ കുമ്പളത്തണ്ട് തളിർത്തു തുടങ്ങി. ആ പുനർജ്ജന്മത്തണ്ടിൽ വിടർന്നത് മൂന്നു പൂക്കൾ. അവ കായ്കളായി. മുഴുപ്പൊത്ത മൂന്നു കുമ്പളക്കായ്കൾ.

അരക്ഷണത്തിൽ അവരുടെ സ്മൃതിയിൽ ഇങ്ങനുണർന്നെണീറ്റത് വിസ്മയാനുഭവങ്ങൾ. പ്രാർത്ഥനയുടെ ശീതളബിന്ദുക്കൾ അവരുടെ തപ്തഹൃദയങ്ങളിലിറ്റിച്ച് അമ്മ മുടന്തിവലിഞ്ഞ്, ഇഴഞ്ഞു നിരങ്ങി വീണ്ടും കാളവണ്ടിയിലേക്ക്.

പോയതിനേക്കാൾ ദൈന്യതയോടെ കുഴിക്കാട്ടുശ്ശേരിയിൽ തിരിച്ചെത്തി.

വാർത്ത കാട്ടുതീപോലെപടർന്നെരിഞ്ഞു. തുമ്പൂർ മഠം പൂട്ടി എല്ലാവരും വന്നുകഴിഞ്ഞു.

തൃശൂരിൽ നിന്നും സകലരും എട്ടാം തിയ്യതി രാവിലെ തന്നെ വന്നു. കഴിഞ്ഞ ആഴ്ചയിൽ അവരെ അനുഗ്രഹിച്ച് യാത്രയാക്കിയതാണ്. ബദ്ധപ്പെട്ടുള്ള അവരുടെ ക്ലേശയാത്രയിൽ മനംനൊന്ത് അമ്മ ചോദിച്ചു.

"മക്കളേ, നിങ്ങൾ വല്ലതും കഴിച്ചോ. ഇല്ലെങ്കിൽ പോയി കഴിച്ചിട്ടു വാ."

അവർക്കൊന്നും കഴിക്കാൻ കഴിയുകയില്ല. അമ്മയുടെ പുണ്യഗാത്രം നോക്കി നിൽക്കണമെന്നേയുള്ളൂ. അമ്മ പോവുകയാണെന്നവർക്കറിയാം. വിശപ്പും ദാഹവും തളർച്ചയുമില്ലാത്ത വിദൂരതയിലേക്ക്.

എങ്കിലും അമ്മയെ അനുസരിക്കാതിരിക്കാൻ വയ്യല്ലോ. വേഗം ചെന്ന്

www.malankaralibrary.com

www.malankaralibrary.com



ഇത്തിരി എന്തോ എടുത്തു കഴിച്ചു. കണ്ണീരിന്റെ ഉപ്പു ചേർത്ത്.

വീണ്ടും അമ്മയുടെ അരികിൽ ചെന്നു നിരന്നു. ആ കരുണാർദ്രമിഴികൾ അപ്പോഴും തന്റെ നവ ശിഷ്യകളിൽ നിത്യവ്രതവാഗ്ദാനത്തോളം അവരെ പരിശീലിപ്പിക്കണമെന്ന ആഗ്രഹമുണ്ട്. പക്ഷേ, കാലം കാത്തുനിൽക്കുമോ കാലത്തിന്റെ നാഥൻ അതിനനുവദിക്കുമോ എങ്കിലും ദിവസങ്ങളല്ലേ ബാക്കിയില്ലാതുള്ളൂ, നിമിഷങ്ങളുണ്ടല്ലോ. അതിനാൽ ഒരിക്കൽകൂടി അമ്മ അവരുടെ നടുവിൽ അനുഗ്രഹത്തിന്റെ കുളിരുറവയായി.

"മക്കളേ, നിങ്ങൾ കൂടുതൽ കൂടുതൽ ദൈവസ്നേഹത്തിൽ വളർന്നു വരണം. കൂടപ്പിറപ്പു സ്നേഹത്തിൽ വളർന്നു വരണം. തമ്മിൽത്തമ്മിൽ യോജിപ്പോടും സമാധാനത്തോടും കൂടെ ജീവിക്കണം.

നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിക്കുക. നിങ്ങൾക്കുവേണ്ടി തീർച്ചയായും ഞാനപേക്ഷിക്കും. മക്കളേ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

ആളുകൾ നാനാദേശത്തു നിന്നും ഒഴുകിയെത്തുകയാണ്. പക്ഷേ, അവർക്കാർക്കും അമ്മയെ കാണാൻ തരമില്ല. കാരണം, മഠത്തിനുള്ളിലെ സ്വകാര്യമുറിയിലാണമ്മ. പുറത്തുള്ളവർക്ക് അവിടെ പ്രവേശനമില്ല. അതിനാൽ അമ്മ പറഞ്ഞു.

"എല്ലാവരും കാണട്ടെ. എന്നെ ഇവിടെ നിന്നും എടുത്തു സങ്കീർത്തിയിലൊന്നു കിടത്താമോ?"

അമ്മയുടെ മുറിക്കപ്പുറം ഒരിടനഴി. അതു കഴിഞ്ഞ് ആരാധാനാലയം. അതിന്റെ മദ്ബഹായ്ക്കിപ്പുറത്തുള്ള ഇടമാണ് സങ്കീർത്തി.

വേഗം അവർ അവിടെ കട്ടിലൊരുക്കി. പക്ഷേ, അമ്മ വിലക്കി.

"കട്ടിലൊന്നും വേണ്ടാ മക്കളേ, നിലത്തൊരു പായ വിരിച്ചു തന്നാൽ മതി."

അമ്മയ്ക്കതാണിഷ്ടം. ചരലും സ്ഫടികച്ചീളുകളും വിതറിയ പായയായിരുന്നല്ലോ അമ്മയുടെ ശയ്യ. തലയണ ഞെരിഞ്ഞിൽ മുള്ളുകൾ കുത്തിനിറച്ചവയും. ഈ സഹനപാരമ്യത്തേക്കാൾ അധികമായ ഞെരുക്കങ്ങളിലേക്ക് താഴ്ന്നിറങ്ങാനാണ് അമ്മയ്ക്കുത്സാഹം.

അങ്ങനെ, തറയോടിനു മുകളിൽ വിരിച്ച പായയിൽ അമ്മ കിടന്നു.

നേരം ഇരുളുകയാണ്. ജനത്തിന്റെ വരവ് അപ്പോഴും തുടർന്നുകൊണ്ടിരുന്നു. വന്നുകൂടിയവർ മടങ്ങിപ്പോയതുമില്ല.



മലയാളനാടു കണ്ട ആദ്യത്തെ പഞ്ചക്ഷതധാരിയാണമ്മ. ലോകചരിത്രത്തിൽത്തന്നെ ഈശോയുടെ തിരുമുറിവുകൾ ലഭിച്ച ചുരുക്കം ചിലരിൽ ഒരാൾ. ജീവിച്ചിരിക്കേ തന്നെ പുണ്യവതിയെന്നു പ്രചുരിമയാർന്നവൾ. അത്തരമൊരു കർമ്മതേജസ്സിന്റെ അന്ത്യശ്വാസത്തിലേക്കാണ് തങ്ങൾ വിളിച്ചടുപ്പിക്കപ്പെട്ടത്. അതിനാൽ പുലരുവോളം അവിടിരിക്കാനാണവരുടെ ഭാവം.

സങ്കീർത്തിയുടെ രണ്ടു വാതിലുകളും ജനാലകളും തുറക്കപ്പെട്ടിരുന്നു. അതുവഴി ആളുകൾ വീർപ്പടക്കി നോക്കിനിന്നു.

ആത്മതാതൻ തറയിൽ താണിരുന്നു. തന്റെ വളർത്തുമകളുടെ തലയ്ക്കരികിൽ. കുനിഞ്ഞ് ആ കാതുകളിൽ അദ്ദേഹം മന്ത്രിച്ചുകൊണ്ടിരുന്നു സുകൃതജപങ്ങളുടെ അമൃതധാര. അതുകേട്ട് അമ്മ ഏറ്റുചൊല്ലി.

"എന്റീശോയ, എന്റെ മാതവേ, ന്റെ, യൗസേപ്പിതാവേ...."

ഇടയ്ക്ക് ബോധം ക്ഷയിക്കും. പിന്നെ വീണ്ടു കിട്ടും. അപ്പോൾ പാടുപെട്ട് എല്ലാവരേയും ഒന്നുനോക്കും.

ആ നോട്ടത്തിൽ കണ്ണിൽപ്പെടുന്നവർ ധാരാളം വൈദികർ, അതിലേറെ സന്യാസിനികൾ, വളരെയേറെ നാട്ടുകാർ.

തിരുകുടുംബസഭയിൽത്തന്നെയുള്ളവർ നൂറോളം.

അമ്പത്തഞ്ചു കന്യാസ്ത്രീകൾ, മുപ്പത് അർത്ഥിനികൾ, പത്ത് അനാഥർ. ഇവരെല്ലാം നിറമിഴികളോടെ പ്രാർത്ഥിക്കുകയാണ്. അതിന്റെ ആരവം കാതുകളിൽ നേർത്തു കേൾക്കാം.

ഈ ഭാഗ്യം തന്റെ കർമ്മഫലമാണെന്നമ്മയ്ക്കറിയാം. മരണാസന്നരായ ആയിരങ്ങളുടെ അരികിൽ രാവെന്നോ പകലെന്നോ ഭേദമില്ലാതെ പ്രാർത്ഥിച്ചിരുന്നവളാണിവൾ. എത്രയോ നിരീശ്വരരുടെ ആത്മാക്കൾപോലും അങ്ങനെ അന്ത്യനാഴികയിലെങ്കിലും അനുതപിച്ച് നേരെ സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു. താൻ വിതച്ചതു കണ്ണീരോടെയാണ്. എന്നാൽ ഇന്നിതാ സന്തോഷത്തോടെ കൊയ്തു കൂട്ടുകയാണ്. പത്തു മേനിയല്ല, അമ്പതു മേനിയല്ല, നൂറുമേനിയിലുമേറെ.

"ന്റെ.... യീ....ശോ...യേ."

ശേഷിച്ച ബലം സ്വരുക്കൂട്ടി കുരിശിൽ പിടിച്ചു. പാടുപെട്ട് അതുയർത്തി ചുണ്ടിലർപ്പിച്ചു ചുംബിച്ചു.

www.malankaralibrary.com

www.malankaralibrary.com



ആശീർവാദത്തോടൊപ്പം അപ്പോഴും ആത്മതാതന്റെ സുകൃതമൊഴികൾ കാതിൽ പൊഴിഞ്ഞുകൊണ്ടിരുന്നു. എന്നാൽ അതേറ്റു ചൊല്ലാനാവാതെ നാവു കുഴഞ്ഞു തുടങ്ങി. എങ്കിലും വലിഞ്ഞിഴഞ്ഞ പദാവലികളാൽ മൊഴിഞ്ഞു.

''ഈശോ...മറിയം... യൗസേപ്പേ എന്റെ....

ആത്മാവിനേയും.....ശരീരത്തേയും....നിങ്ങളെ....ഏൽപ്പച്ചിരിക്കുന്നു.''

തൽക്ഷണം ഒരനന്യദർശനം അവളുടെ ബോധത്തിൽ പൂത്തുലഞ്ഞു.

കൂറ്റൻ സ്വർണ്ണവാതായനം മലർക്കെ തുറക്കപ്പെട്ടിരിക്കുന്നു. അതിനുള്ളിലെ തീവ്രപ്രകാശത്തിൽ കണ്ണുകളഞ്ചിപ്പോവുന്നു!

പിതാവായ ദൈവത്തിന്റെ, സിംഹാസനം അവിടെക്കണ്ടു. മൂന്നു പേരെ താഴേക്കു പറഞ്ഞയയ്ക്കുകയാണവിടുന്ന്. പ്രിയപുത്രനേയും ദിവ്യമാതാവിനേയും വിശുദ്ധയൗസേപ്പിനേയും. മാലാഖകളുടെ എണ്ണമില്ലാത്ത അകമ്പടിയോടെയാണ് വരവ്. വാദ്യഘോഷത്തിന്റെ അലൗകികപ്രകമ്പനത്തിൽ ദേഹത്തിൽ നിന്നും ദേഹി അടർന്നു മാറുന്നു.

അപ്പോൾ നേരം രാത്രി എട്ടുമണി. പെട്ടെന്നൊരു പ്രകാശപ്രളയം സങ്കീർത്തിയിൽ നിറഞ്ഞുകവിഞ്ഞു. വിടരാൻ വെമ്പിനിന്ന ഒരായിരം മൊട്ടുകൾ മുറ്റത്തെ മുല്ലപ്പടർപ്പിൽ തൽക്ഷണം ഞെട്ടിയുണർന്നു.

അമ്മ നട്ട കുടമുല്ലകളിലെ ആ കന്നിപ്പൂക്കളുടെ വാസന സങ്കീർത്തിയിൽ പരന്നൊഴുകി. അതവസാനശ്വാസത്തിൽ അലിഞ്ഞുചേർന്നു. ഉച്ഛ്വസിക്കാനാവാതെ അതുള്ളിൽ അമർന്നുപോയി. ഉടൻ, തല ഒരു വശത്തേക്കു ചരിഞ്ഞു. ദേഹം നിശ്ചലമായി. ചരിഞ്ഞുപോയ തല ആത്മപിതാവ് നേരെയാക്കി. അപ്പോഴും കണ്ണുകൾ പൂർണ്ണമായും അടഞ്ഞിരുന്നില്ല. സ്വർഗ്ഗോന്മുഖമായ ആ ശാന്തമിഴികൾ പയ്യെപ്പയ്യെ അടഞ്ഞു തുടങ്ങി. ആ കൺപോളകളിൽ രണ്ടുതുള്ളി ചുടുമിഴിനീർ അടർന്നു വീണു ആത്മപിതാവിന്റെ തുളുമ്പിയ അതിവേദനയിൽ നിന്നും.

എന്നാൽ അതിവിദൂരതയിൽ നിന്നും ആ വാനമ്പാടിയുടെ പരിചിതശബ്ദം അദ്ദേഹത്തിനു കേൾക്കാമായിരുന്നു.

''പ്രേമത്തിന്റെ പതാകയുമായി വന്ന് അവൻ വിളിച്ചുകൊണ്ടു പോവുകയാണെന്നെ;

കൊതിയോടെ ഞാൻ കാത്തിരുന്ന എന്റെ രാജകുമാരന്റെ മധുരപൂർണ്ണമായ വിരുന്നുശാലയിലേക്കും മണവറയിലേക്കും.'' □

www.malankaralibrary.com